# കേവല നീതി
# കാരുണ്യം
# ബന്ധുത്വം

## മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ



മിർസാ ത്വാഹിർ അഹ്മദ്

# കേവലനീതി, കാരുണ്യം ബന്ധുത്വം

## മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ

**മിർസാ ത്വാഹിർ അഹ്മദ്**

**നാല് പ്രഭാഷണങ്ങൾ**

**വിവർത്തനം: ഏ. എം മുഹമ്മദ് സലീം**

പ്രസാധകർ

**മജ്‌ലിസ് അൻസാറുല്ലാഹ്, എറണാകുളം ജില്ല**

(അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ
ആഗോള വയോജന സംഘടനയുടെ എറണാകുളം ജില്ലാ ചാപ്റ്റർ)

**KEVALANEETHI KAARUNNYAM BANDUTHUAM**
**MOONU KRIYATMAKA THATWANGAL**
Malayalam Translation of
**Absolute Justice, Kindness and Kinship- The Three Creative Principles**
by: Hazrat Mirza Tahir Ahmad(rh)
The Fourth Successor of the Promised Messiah(as)

Translator: A.M.Mohammed Salim, Calicut

Layout : Hashim Ashraf

Cover Design : Ashraf, Calicut

Published by : Majlis Ansarullah, Ernakulam District

Distribution by: Islam International Publications- Kerala
Fort Road, Kannur-670001

1st Edition: 2025

Copies: 1000

Price : 300/-

Printed at:Fazl-E-Umar Printing Press Qadian, 143516, Punjab, India

اِنَّ اللّٰهَ يَاۡمُرُ بِالۡعَدۡلِ وَالۡاِحۡسَانِ وَاِيۡتَآئِ
ذِى الۡقُرۡبٰى وَيَنۡهٰى عَنِ الۡفَحۡشَآءِ
وَالۡمُنۡكَرِ وَالۡبَغۡىِ ۚ يَعِظُكُمۡ لَعَلَّكُمۡ
تَذَكَّرُوۡنَ ○

*തീർച്ചയായും നീതി പുലർത്തുന്നതിനും നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്ന പോലെ സഹായം ചെയ്യുന്നതിനും അല്ലാഹു കൽപ്പിക്കുന്നു. നീചവൃത്തിയും നിഷിദ്ധ കർമ്മവും നിയമ ലംഘനവും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിന് വേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു.*

**(സൂറ: അന്നഹ്ൽ 16: 91)**

# വിഷയവിവരം


- പ്രസാധകക്കുറിപ്പ്
- വിവർത്തകക്കുറിപ്പ്
- ഗ്രന്ഥകാരനെ കുറിച്ച്
- ആമുഖം
- പദാവലി

## ഒന്നാം ഭാഗം

- ഒന്നാം ഭാഗം മുഖവുര
- പ്രസ്താവന

**1. മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ നിർവചിക്കപ്പെടുന്നു............11**

▪മനുഷ്യബന്ധങ്ങളുടെ മൂന്ന് അവസ്ഥകൾ................................11

▪ഖുർആനിലെ ഏറ്റവും വിശദീകരിക്കപ്പെട്ട വചനം................14

▪കേവലനീതിയും ജീവിലോകവും..............................................16

▪സന്തുലനത്തിന്റേയും തുലമാനത്തിന്റേയും സൃഷ്ടിക്ക് കാരണഭൂതമായ നിയമതത്ത്വം....................................................17

**2. പ്രപഞ്ച സൃഷ്ടിപ്പ്..................................................................28**

▪സാർവ്വത്രിക ഗുരുത്വ നിയമം.......................................................34

**3. പരിസ്ഥിതിവ്യൂഹം...............................................................40**

▪ഭൂമിയും ആകാശഗോളങ്ങളും തമ്മിലുള്ള സന്തുലനം..........40

▪ഭൂമിയുടെ അന്തരീക്ഷം.................................................................40

▪ട്രോപ്പോസ്ഫിയർ (ക്ഷോഭമണ്ഡലം)........................................42

▪സ്റ്റ്റാറ്റോസ്ഫിയർ (സമതാപന മണ്ഡലം)..............................43

▪മാഗ്നറ്റോസ്ഫിയർ (കാന്തിക മണ്ഡലം).................................45

▪ ഭൂമി......................................................................49

▪ പർവ്വതങ്ങൾ..............................................................51

▪അന്തരീക്ഷ വായുവിലെ സന്തുലനം..........................................56

▪സസ്യ ജീവിലോകത്തിലെ സന്തുലനം.....................................57

**4. ജീവിലോകം.........................................................................59**

▪അദ്ൽ, ഇഹ്സാൻ, ഈതാഇദിൽ ഖുർബ എന്നിവയുമായി ബന്ധപ്പെട്ട് സംവേദനത്വത്തിന്റെയും ബോധത്തിന്റെയും പങ്ക്......................................................................71

**5. മനുഷ്യന്റെ പരിണാമ മുന്നേറ്റം..........................................73**
- മനുഷ്യനിലെ സൂക്ഷ്മലോകത്തെപറ്റി ഒരു പഠനം................73
- ജീവന്റെ അടിസ്ഥാന ഘടകങ്ങൾ.................................................76
- സന്തുലനവും ബോധവും.................................................................78

**6. മനുഷ്യശരീരത്തിനകത്തെ വിവിധ സന്തുലനങ്ങൾ............81**
- ശരിതെറ്റുകളുടെ ആന്തരനിർമ്മിത മാനകം.............................81
- കായിക വളർച്ച.................................................................................85
- രോഗത്തിൽനിന്നുള്ള സംരക്ഷണം............................................92
- ഇൻസുലിൻ ഉദ്പാദനത്തിൽ ഔദാര്യത്തിന്റെ പങ്ക്.................94
- കാൽസ്യം...........................................................................................97
- സോഡിയവും പൊട്ടാസ്യവും.......................................................101
- കോശ വിഭജനം.................................................................................102
- പ്രാണിലോകത്തേക്ക് ഒരു ഉൾക്കാഴ്ച്ച..........................................103
- രോഗവും അസന്തുലിതത്വവും.......................................................105
- കാവൽക്കാരായ മാലാഖമാർ.........................................................107
- മനുഷ്യന്റെ അതിലംഘനങ്ങൾ.......................................................108

**7. നീതിയുടെ ലംഘനം.............................................................110**
- ത്രിത്വ സിദ്ധാന്തം.............................................................................111
- നീതിലംഘനത്തിന്റെ മുന്നറിയിപ്പ് സംവിധാനം..................115

**8. മതരൂപീകരണത്തിൽ മൂന്ന് ക്രിയാത്മക തത്ത്വങ്ങൾക്കുള്ള പങ്ക്...........................................................121**
- ആദ(അ)മിന്റെ കാലം........................................................................122
- ആദ(അ)മിന്റെ സ്വർഗ്ഗം.....................................................................126
- പ്രവാചകത്വ സ്ഥാപനത്തിന്റെ വികാസം.............................130
- കേവലനീതി: അദ്ധ്യാപനങ്ങളുടെ വികാസം........................137

**9. ഇസ്ലാം: മതാദ്ധ്യാപനങ്ങളുടെ അന്തിമ ലക്ഷ്യം.............140**
- ഇസ്ലാമും പ്രവാചകൻ മുഹമ്മദി(സ)ന്റെ വികസിത കാലഘട്ടവും..............................................................140
- മധ്യമമാർഗ്ഗം...................................................................................143
- ഋജുവായ മാർഗ്ഗം............................................................................145
- ഇസ്ലാമും മനുഷ്യ പ്രകൃതിയും.......................................................150
- ഉത്തരവാദിത്വവും പരമ്പരാഗത പാലനവും..........................156
- മനുഷ്യരാശിക്ക് മാർഗ്ഗദർശനം.....................................................162

## രണ്ടാം ഭാഗം


**10. വിശ്വാസകാര്യത്തിലെ മന:സാക്ഷി സ്വാതന്ത്ര്യം...............171**
**11. തെറ്റിദ്ധരിക്കപ്പെട്ട ഇസ്‌ലാമിക ജിഹാദ്.............................184**
**12. പ്രാർത്ഥനയിലെ നീതി (അദ്ൽ), ഔദാര്യം (ഇഹ്സാൻ),**
**ബന്ധുത്വം (ഈതാഇദിൽ ഖുർബാ)....................................197**
▪പ്രാർത്ഥനയുടെ തത്ത്വശാസ്ത്രം..............................................205
▪പള്ളികളുടെ സാർവ്വത്രികത.....................................................223
▪പ്രാർത്ഥനയിലെ മിതത്വം.........................................................224
▪വിവിധ തരം പ്രാർത്ഥനകൾ......................................................226
**13. കേവല നീതി ഒരിക്കലും തടയപ്പെടുന്നില്ല........................229**
**14. വിശ്വസ്തതയും ഉത്തരവാദിത്തവും....................................231**
**15. മുസ്‌ലിംകളും അമുസ്‌ലിംകളും പരസ്പരമുള്ള**
**എതിർസാക്ഷ്യങ്ങൾ..................................................................242**


## മൂന്നാം ഭാഗം


**16. സാമ്പത്തിക കാര്യങ്ങളിലുള്ള തെളിവ്...............................259**
**17. ദൈവാസ്തികതൃത്തിന്റെ തെളിവുകൾ..................................265**
▪ദൈവം, മാലാഖമാർ, ജ്ഞാനികൾ
എന്നിവരുടെ സാക്ഷ്യങ്ങൾ.........................................................265
▪ദൈവാസ്തിത്വം: നാസ്തികന്ന്
വേണ്ടിയുള്ള തെളിവ്..................................................................268
▪പ്രപഞ്ചത്തിന്റെ തെളിവ്............................................................273
**18. ഒരു പുതിയ തരം സാക്ഷ്യം...................................................277**
▪പ്രവാചകന്മാർ പരസ്പരം സത്യപ്പെടുത്തുന്ന
തെളിവുകൾ..............................................................................280
▪സാക്ഷ്യം സ്വീകരിക്കപ്പെട്ടാലും ഇല്ലെങ്കിലും
അംഗീകരിക്കപ്പെടാവുന്ന ഒരു സാർവ്വത്രിക തത്ത്വം..............284

▪പരിശുദ്ധ പ്രവാചക(സ)ന്ന് അനുകൂലമായി പല സത്യ സാക്ഷ്യങ്ങളും ഭൂതകാലത്ത് പുലർന്നതു പോലെ ചിലത് ഭാവിയിലും പുലരേണ്ടതുണ്ട്......................................287
▪പരിശുദ്ധ പ്രവാചകൻ(സ)ന്റെ പ്രവാചകത്വ പ്രഖ്യാപനം: കാലവുമായി ബന്ധപ്പെട്ട മറ്റു തരത്തിലുള്ള തെളിവുകൾ..................................................................................290

**19. പ്രപഞ്ചം മുഴുക്കെ പ്രവർത്തിക്കുന്ന അഭിലേഖന വ്യവസ്ഥ......................................................................295**

**20. ഉടമ്പടികൾ, അതിന്റെ വൈവിധ്യങ്ങൾ, ശിക്ഷകൾ, പ്രതിഫലങ്ങൾ.........................................................................303**

▪പ്രവാചകന്മാരുടെ ഉടമ്പടി.......................................................308
▪ഗ്രന്ഥം നൽകപ്പെട്ടവരുടെ ഉടമ്പടി........................................313
▪ഉടമ്പടി ലംഘനം, ശിക്ഷ മുഴുവൻ ജനതക്കും ബാധകം.......................................................................................317
▪കുറ്റവും ശിക്ഷയും തമ്മിലുള്ള പരസ്പര സന്തുലനം....................................................................................321
▪ഉടമ്പടി ലംഘനത്തെ തുടർന്നുള്ള കുറച്ചു കൂടി ശിക്ഷകൾ.......................................................................................323
▪ഉടമ്പടി പാലനത്തിന്റെ പ്രതിഫലം........................................326
▪മനുഷ്യന് നൽകിയത് പോലെയുള്ള ധർമ്മ സംഹിത അല്ലാഹുവും സ്വയം പാലിക്കുന്നു...........................................328
▪വ്യക്തിപരമായ ഉടമ്പടികളും കരാറുകളും..........................330
▪വ്യക്തിപരമായ കരാറുകളുടെ ലംഘനവും ശിക്ഷയും................................................................................333

**21. അമുസ്ലിംകളുമായുള്ള ഉടമ്പടികൾ, സന്ധികൾ, കരാറുകൾ........................................................................337**

▪അമുസ്ലിംകളുമായി രണ്ടു തരത്തിലുള്ള ഉടമ്പടി............339
▪മദീനാ ഉടമ്പടി...........................................................................342
▪ഉടമ്പടി പാലനം: പരിശുദ്ധ പ്രവാചക(സ)ന്റെ വ്യക്തിപരമായ മാതൃക.............................................................345

▪മുസ്‌ലിം രാഷ്ട്രീയ നേതാക്കന്മാരുടെ ധാർമിക
അപചയം ഒരു പ്രവചനം........................................................348
▪കരാർ പാലനത്തിന്റെ ചില ഉദാഹരണങ്ങൾ....................350

## നാലാം ഭാഗം

**22. സംസാരത്തിലെ നീതി..........................................................357**
▪സംസാരത്തിലെ നീതിയുടെ ഒരു പ്രത്യേക വശം...............360
▪കേവല നീതി:
ഇസ്‌ലാമിലെ പരിശുദ്ധ പ്രവാചക(സ)ന്റെ മാതൃക................363
▪സംസാരത്തിലെ നീതി: ഒന്നാമത്തെ സവിശേഷത.............364
▪സംസാരത്തിലെ നീതി: രണ്ടാമത്തെ സവിശേഷത..............366
▪സംസാരത്തിലെ നീതി: മൂന്നാമത്തെ സവിശേഷത.............367
▪വീട്ടുകാര്യങ്ങളിൽ സംസാരിക്കുമ്പോഴുള്ള നീതി................368
**23. ആദം സന്തതികളിലെ സമത്വ സ്ഥാപനം
അടിസ്ഥാന ആദർശതത്ത്വങ്ങൾ.........................................370**
▪വംശീയമായ സമത്വം: പരിശുദ്ധ പ്രവാചക(സ)ന്റെ
മഹത്തായ ഒരു പ്രഖ്യാപനം.......................................................372
▪വംശീയ രോഗത്തിന്റെ മൂല കാരണം.....................................373
▪നീതിയുടെ അഭാവത്തിൽ യുദ്ധം വന്നുകൂടുന്നു..................375
▪ഖുർആനിക കല്പനകൾ അവഗണിക്കുമ്പോഴുള്ള
യുദ്ധാപകടം..................................................................................377
▪മനുഷ്യ വംശത്തിന്റെ സാത്വികത
ഖുർആന്റെ അദ്ധ്യാപനങ്ങൾ......................................................379
**24. ബന്ധുക്കളോടുള്ള നീതിയുടെയും കാരുണ്യത്തിന്റെയും
അദ്ധ്യാപനങ്ങൾ.....................................................................381**
▪മാതാപിതാക്കൾക്ക് സന്താനങ്ങളുടെ മേലുള്ള
അവകാശങ്ങൾ...................................................................381
▪മാതാപിതാക്കളുടെ മരണശേഷവും അവർക്ക്
നന്മ ചെയ്യുന്ന മനോഹരമായ അദ്ധ്യാപനങ്ങൾ.....................392

▪മരിച്ചു പോയ മാതാപിതാക്കൾക്ക് പൊറുതി
തേടുക.....394
▪സന്താനങ്ങൾക്ക് മാതാപിതാക്കളുടെ മേലുള്ള
അവകാശം.....394
▪ഖുർആനികാദ്ധ്യാപനങ്ങളിലെ വിവേകജ്ഞാനം.....397
▪സ്വന്തം സന്താനങ്ങൾക്കിടയിൽ നീതിയോട് ചേർന്നു
നിൽക്കാനുള്ള അദ്ധ്യാപനങ്ങൾ.....399
▪മക്കളോട് നീതിയോടെയുള്ള പെരുമാറ്റത്തിന്
പ്രതിഫലം.....401
▪മക്കളെ സംബന്ധിച്ച് നീതിയിൽ കവിഞ്ഞ് ഔദാര്യത്തെ
കുറിച്ചുള്ള അദ്ധ്യാപനം.....404
▪കുഞ്ഞിന്റെ സമ്മതം കൂടാതെ നേർച്ച
സമർപ്പണം പാടില്ല.....406
▪സന്താനങ്ങളെ ബഹുമാനത്തോടെ വളർത്താനുള്ള
അദ്ധ്യാപനങ്ങൾ.....408
▪അനാഥകളുടെ അവകാശങ്ങൾ.....409
▪അനാഥകളെ സംബന്ധിച്ച ഔദാര്യത്തിന്റെ
പാഠങ്ങൾ.....411
▪അനാഥകളോട് പരിശുദ്ധ പ്രവാചക(സ)ന്റെ
ഉന്നതമായ പെരുമാറ്റം.....412
▪അടുത്ത ബന്ധുക്കളുടെ അവകാശങ്ങൾ.....413
▪അടുത്ത രക്തബന്ധുക്കളോടുള്ള ഔദാര്യത്തിന്റെ
മഹിത പാഠങ്ങൾ.....415
▪മാതാവിന്റെ ഗർഭപാത്രം വഴിയുള്ള ബന്ധവും
അല്ലാഹുവിന്റെ റഹ്മാൻ എന്ന ഗുണവും.....416
▪ഉപസംഹാരം.....420

# പ്രസാധകക്കുറിപ്പ്

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ്, ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്), 1982-ൽ ഖിലാഫത്ത് സ്ഥാനമേറ്റതിന് ശേഷം പാകിസ്ഥാനിലെ റബ്‌വയിൽ വെച്ച് നടന്ന ജൽസയിലാണ് കേവല നീതി, കാരുണ്യം, ബന്ധുത്വം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള പ്രഭാഷണ പരമ്പരയ്ക്ക് തുടക്കം കുറിച്ചത്. അദ്ദേഹം ലണ്ടനിലേക്ക് ഹിജ്റത്ത് ചെയ്ത ശേഷവും ഈ പ്രഭാഷണ പരമ്പര തുടർന്നു പോകുകയും. 1988-ൽ ഈ പ്രഭാഷണ പരമ്പരയ്ക്ക് വിരാമമിടുകയും ചെയ്തു.

വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്ന കേവലനീതി, കാരുണ്യം, ബന്ധുത്വം തുടങ്ങിയ സുവർണ്ണ തത്വങ്ങൾ, ദൈവസൃഷ്ടികളുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളെയും അതിന്റെ സമ്പൂർണതയുടെ അടിസ്ഥാനത്തിൽ വലയം ചെയ്തിരിക്കുന്നുവെന്നതാണ് ഈ പ്രഭാഷണങ്ങളുടെ കേന്ദ്രസാരം. യഥാർത്ഥത്തിൽ ഒരു അവസ്ഥയും തന്നെ ഈ സുവർണ്ണതത്വങ്ങളുടെ പരിധിക്ക് പുറത്ത് പോകില്ല. എല്ലാ പ്രവൃത്തികളെയും അതായത് ശാരീരികവും ധാർമ്മികവും ആത്മീയവും സാമൂഹികവുമായ എല്ലാ പ്രക്രിയകളെയും നിയന്ത്രിക്കുന്ന നിയമങ്ങളാണിവ. ഈ തത്ത്വങ്ങളുടെ അഭാവത്തിൽ, പ്രപഞ്ചത്തിന്റെ വ്യവസ്ഥിതി തന്നെ താറുമാറാകുകയും ഒപ്പം മനുഷ്യ ബന്ധങ്ങളിൽ വിള്ളലുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നതാണ്. അങ്ങനെ സന്തുലിതാവസ്ഥയും അച്ചടക്കവും യോജിപ്പും മാറിമറിഞ്ഞ് ആ സമൂഹം അരാജകത്വത്തിനും സംഘർഷങ്ങൾക്കും ഇരകളായി തീരുന്നതാണ്. ഇത് മൂലം മനുഷ്യ സമൂഹത്തിന്റെ ഘടന ശിഥിലമാകുക മാത്രമല്ല, ജീവന്റെ ഏറ്റവും താഴ്ന്ന രൂപവും, അതായത് അജൈവ ദ്രവ്യം പോലും ഇല്ലാതാകും. കൂടാതെ ശാസ്ത്രീയ തത്വങ്ങളും നിയമങ്ങളും താൽക്കാലികമായി നിർത്തിലാക്കപ്പെടുകയും ചെയ്യുന്നതാണ്.

മേൽ പറഞ്ഞ മൂന്ന് അടിസ്ഥാന തത്വങ്ങളിൽ ഏറ്റവും മൗലികമായത് കേവല നീതിയാണെന്നും മറ്റ് രണ്ട് തത്വങ്ങൾ അതിന് പൂരകമാണെന്നും നീതിയില്ലാതെ അവയ്ക്ക് പ്രവർത്തിക്കാൻ കഴിയില്ലെന്നും ഹുസൂർ ഈ ഗ്രന്ഥത്തിൽ ചർച്ച ചെയ്യുന്നു.

മജ്ലിസ് അൻസാറുല്ലാഹ്, എറണാകുളം ജില്ലക്ക് ഈ പുസ്തകം മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിൽ വളരെ ചാരിതാർഥ്യമുണ്ട്. അതിനുള്ള സൗഭാഗ്യം

തന്നരുളിയ അല്ലാഹുവിന് സർവ്വസ്തുതിയും അർപ്പിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ നിർവഹിച്ചിരിക്കുന്നത് സത്യദൂതൻ മാസികയുടെ പത്രാധിപരും ഗ്രന്ഥകാരനും പരിഭാഷകനുമായ എ എം മുഹമ്മദ് സലീം സാഹിബാണ്. ഏറ്റവും ഹൃദ്യമായ രീതിയിലാണ് അദ്ദേഹം തന്റെ കർത്തവ്യം നിർവഹിച്ചിരിക്കുന്നത്. അല്ലാഹു അദ്ദേഹത്തിന് മഹത്തായ പ്രതിഫലം നൽകുമാറാകട്ടെ.

ഈ ഗ്രന്ഥത്തിന് പ്രസിദ്ധീകരണാനുമതി നൽകിയ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത് സദർ മൗലാനാ അതാവുൽ മുജീബ് ലോൺ സാഹിബിനും പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട എല്ലാ വിധ പിന്തുണയും നൽകിയ മജ്‌ലിസ് അൻസാറുല്ലാഹ് നാഇബ് സദർ(സൗത്ത് ഇന്ത്യ) ജനാബ് താജുദ്ദീൻ സാഹിബിനും അതിയായ കൃതജ്ഞത രേഖപ്പെടുത്തുന്നു. പുസ്തകപ്രസിദ്ധീകരണം യാഥാർത്ഥ്യമാക്കുന്നതിന് എല്ലാ സാമ്പത്തിക സഹായവും നൽകിയ ജനാബ് മുഹമ്മദ് ഇസ്മായീൽ സാഹിബിനെ ഏറെ നന്ദിയോടെ സ്മരിക്കുന്നു. കൂടാതെ പുസ്തകത്തിന്റെ ശ്രമകരമായ ലേഔട്ട് ജോലികൾ നിർവഹിച്ച ഹാശിം അശ്റഫ് സാഹിബ് (ആലപ്പുഴ), പ്രൂഫ് റീഡിങ് ചെയ്ത ജനാബ് കെ.വി.ഹസ്സൻ കോയ സാഹിബ് (കോഴിക്കോട്), ജനാബ് പി.എം.സലീം സാഹിബ് (കുവൈറ്റ്), ജനാബ് മുഹമ്മദ് ശരീഫ് സാഹിബ്(ചാവക്കാട്), ജനാബ് ബി.എ. മുഹമ്മദ് നജീബ് സാഹിബ് (എറണാകുളം) എന്നിവരുടെ സേവനങ്ങളും വിലമതിക്കാനാകാത്തതാണ്.

പുസ്തകപ്രസിദ്ധീകരണത്തിന് സഹായ സഹകരണങ്ങളേകിയ എല്ലാ സുമനസ്സുകൾക്കും അല്ലാഹു മഹത്തായ അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. ഈ ഗ്രന്ഥത്തിലെ ജ്ഞാനങ്ങൾ തലമുറകൾക്ക് വെളിച്ചമേകട്ടെ.

എന്ന്
വിനീതൻ
**അഹ്മദ് ഷാഫി. എച്ച്**
നാസിം, മജ്‌ലിസ് അൻസാറുല്ലാഹ്
എറണാകുളം ജില്ല

# വിവർത്തകക്കുറിപ്പ്

കേവല നീതി, കാരുണ്യം, ബന്ധുത്വം - മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ എന്ന ഈ കൃതി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്) രചിച്ച Absolute Justice, Kindness and Kinship - Three Creative Principles എന്ന ഇംഗ്ലീഷ് പുസ്തകത്തിന്റെ മലയാള വിവർത്തനമാണ്. 1982, 1984, 1987, 1988 വർഷങ്ങളിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വാർഷിക സമ്മേളനങ്ങളിൽ ഖലീഫാ തിരുമനസ്സ് നിർവ്വഹിച്ച പ്രഭാഷണങ്ങളുടെ ഗ്രന്ഥരൂപമാണ് ഈ കൃതി.

വിശുദ്ധ ഖുർആനിൽ സൂറാ അന്നഹ്ൽ 91-ാം വചനത്തിലെ അതിവിപുലമായ അർത്ഥധ്വനികളുള്ള അദ്ൽ, ഇഹ്സാൻ, ഈതാഇ ദിൽ ഖുർബാ എന്നീ മൂന്നു പദങ്ങളുടെ വിശദീകരണവും വ്യാഖ്യാനവുമാണ് ഈ കൃതി. ദൈവം സൃഷ്ടിച്ച അജീവി ലോകത്തും ജീവിലോകത്തുമടക്കം പ്രപഞ്ച സാകല്യത്തിലാകെ പ്രതിബിംബിക്കുന്ന ഈ പദങ്ങളുടെ അർത്ഥതലങ്ങൾ മനുഷ്യന്റെ സ്വഭാവത്തിലും പെരുമാറ്റത്തിലും മാനവീയമായ എല്ലാ പ്രവർത്തനങ്ങളിലും പ്രതിഫലിക്കേണ്ടതുണ്ട്. അസാമാന്യമായ ദൈവിക ഉൾക്കാഴ്ചയോടെയാണ് ഗ്രന്ഥകർത്താവ് അസാധാരണ രീതിയിൽ ഈ ഗ്രന്ഥത്തിലെ ഓരോ പ്രമേയവും വിശദീകരിച്ചിട്ടുള്ളത്. അനുവാചകന്റെ ആത്മീയബോധത്തെ ദൈവോന്മുഖമാക്കുകയും വിജ്ഞാന കൗതുകത്തെ പ്രചോദിപ്പിക്കുകയും ചെയ്യുന്ന സവിശേഷ ശൈലിയിലാണ് ഈ മഹദ് കൃതി രചിച്ചിട്ടുള്ളത്. ദൈവിക വചനമായ വിശുദ്ധ ഖുർആനിലൂടെ പ്രപഞ്ച സൃഷ്ടിപ്പിലും അതിലെ പ്രതിഭാസങ്ങളിലും ദൈവികമുദ്രകൾ കാണാനാഗ്രഹിക്കുന്ന ഏതൊരു വായനക്കാരനും വായിച്ചിരിക്കേണ്ട കൃതിയാണിത്.

മഹിതമായ ഒരു ആദ്ധ്യാത്മിക പദവിയുടെ പരമോന്നത സ്ഥാനത്തിരുന്ന ഒരു മഹാത്മാവിന്റെ ദിവ്യാധരങ്ങളിൽ നിന്നും വചിക്കപ്പെട്ട പ്രഭാഷണത്തിന്റെ ഗ്രന്ഥ രൂപമാണ് ഈ മഹിഷ്ഠകൃതി. ഈ പുസ്തകം വിവർത്തനം ചെയ്യാൻ ഭാഗ്യം ലഭിച്ചതിൽ അല്ലാഹുവിനോട് ആദ്യമായി ഞാൻ നന്ദി രേഖപ്പെടുത്തുന്നു. അതുപോലെ വിവർത്തനത്തിന് അനുമതി നൽകിയ ഖലീഫത്തുൽ മസീഹ് മിർസാ മസ്‌റൂർ അഹ്മദി(അയ്യദഹു)നോടുള്ള അഗാധമായ കൃതജ്ഞതയും ഇവിടെ പ്രകാശിപ്പിക്കട്ടെ. ഖലീഫത്തുൽ മസീഹ് റാബി(റഹ്)യുടെ തന്നെ വെളിപാട്, യുക്തി, ജ്ഞാനം, സത്യം, മതത്തിന്റെ പേരിൽ മനുഷ്യഹത്യ, ഇസ്‌ലാമും

സമകാലീന പ്രശ്നങ്ങളും, ക്രിസ്തുമതം യാഥാർത്ഥ്യത്തിൽ നിന്നും കെട്ടുക ഥയിലേക്ക് എന്നീ പുസ്തകങ്ങൾ കൂടി മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ എനിക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്.

ഈ കൃതി നസാറത്ത് നശ്റോ ഇശാഅത്ത് ഭാരതിന്റെ ആഭിമുഖ്യത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള വയോജന സംഘടനയായ മജ്‌ലിസ് അൻസാറുല്ലായുടെ എറണാകുളം ജില്ലാഘടകമാണ് പ്രസിദ്ധീക രിക്കുന്നത്. ഈ വിവർത്തനത്തിന്റെ സംശോധന നിർവ്വഹിച്ചത് നശ്റോ ഇശാഅത്ത് ഭാരത് നിയമിച്ച ഒരു റിവ്യൂ കമ്മിറ്റിയാണ്. അത് പോലെ ഈ കൃതി യുടെ പ്രസിദ്ധീകരണത്തിന് വേണ്ട ഒരുക്കങ്ങളെല്ലാം നിർവ്വഹിച്ചത് മലയാളം റിവ്യൂ കമ്മിറ്റി സെക്രട്ടറി മൗലവി ശംസുദ്ദീൻ സാഹിബാണ്. പുസ്തകത്തിന്റെ കവർ പേജ് ഡിസൈൻ ചെയ്തത് അഷ്റഫ് സാഹിബ് കോഴിക്കോട് ആണ്. പ്രൂഫ് നോക്കിയത് കെ. വി ഹസ്സൻ കോയാ സാഹിബ് (കോഴിക്കോട്), പി. എം സലീം സാഹിബ് (കുവൈത്ത്), മുഹമ്മദ് ശരീഫ് സാഹിബ് (ചാവക്കാട്) ജനാബ് ബി.ബി. മുഹമ്മദ് നജീബ് (എറണാകുളം) എന്നിവരാണ്. ഈ കൃതി യുടെ ലേ ഔട്ട് നിർവ്വഹിച്ച് മൗലവി ഹാശിം അഷ്റഫ് സാഹിബാണ്. ഇവരുടെ യെല്ലാം ശ്രമഫലമാണ് ഈ കൃതിയുടെ പ്രസിദ്ധീകരണം സാദ്ധ്യമാക്കിയത്. ഈ ഗ്ര ന്ഥം പ്രസിദ്ധീകരിക്കുന്നത് എറണാകുളം ജില്ലാ അൻസാറുല്ലാഹ് കമ്മിറ്റിയാണ്. ജില്ലാ നാസിം എച്ച്.അഹ്മദ് ശാഫി സാഹിബിനോടും കമ്മറ്റിയോടുമുള്ള എന്റെ അഗാതമായ നന്ദി ഇവിടെ രേഖപ്പെടുത്തുന്നു. എറണാകുളം ജമാഅത്ത് പ്രസിഡന്റും എന്റെ ആത്മ സുഹൃത്തുമായ ബി. എ. അഹ്മദ് കബീർ സാഹിബും, നായിബ് സദർ, മജ്‌ലിസ് അൻസാറുല്ലാഹ് ഫോർ സൗത്ത് ഇന്ത്യ, താജുദ്ദീൻ സാഹിബും ഈയൊരു സംരംഭം സാക്ഷാത്ക്കരിക്കാൻ വേണ്ടി ചെ യ്ത ആത്മാർത്ഥമായ ശ്രമങ്ങൾക്ക് നന്ദി എന്ന ചെറുവാക്കിലൊതുക്കിയാൽ മതിയാവില്ല. ഈ മലയാള വിവർത്തനത്തിന്റെ പുസ്തക സാക്ഷാത്ക്കാരം സാദ്ധ്യമാക്കിയ അവർക്കെല്ലാം അല്ലാഹു മതിയായ പ്രതിഫലം നൽകുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വായനക്കാർ, അവർക്കെല്ലാവർക്കും ഈ വിനീതനു വേണ്ടിയും പ്രാർത്ഥിക്കാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

13 മെയ് 2023
കോഴിക്കോട്

എ. എം. മുഹമ്മദ് സലീം
ദാറുസ്സലാം, പാവങ്ങാട്
കോഴിക്കോട്-
ഫോൺ: 8907182933

# ഗ്രന്ഥകാരനെക്കുറിച്ച്

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) (1928 - 2003) കാലഘട്ടത്തിന്നാവശ്യമായ വാക്കുകൾ സ്പഷ്ടമായി വചിച്ച ഉജ്ജ്വലനായ പ്രഭാഷകനും ഒരു ദിവ്യാത്മാവുമായിരുന്നു. അവിശ്വസനീയമാം വിധം ധിഷണാശേഷിയുള്ള ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് വിഷയങ്ങളെപ്പറ്റി അഗാധമായ പഠനം നടത്തുന്ന മഹാപണ്ഡിതനായിരുന്നു. നിശിത ബുദ്ധിയുള്ള മതതാരതമ്യ പഠിതാവായ അദ്ദേഹം നാനാ വിഷയങ്ങളെപ്പറ്റി ധാരാളം എഴുതി. പത്ത് ദശലക്ഷത്തിലധികം വരുന്ന ലോകമെങ്ങുമുള്ള അഹ്മദി അനുയായികൾ സ്നേഹപൂർവ്വം പിന്തുടരുന്ന ആത്മീയ നേതാവായിരുന്ന അദ്ദേഹം വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ നാലാമത്തെ പ്രതിപുരുഷനാണ്. ഈ അത്യുന്നത പദവിയിൽ 1982 ലാണ് അദ്ദേഹം അവരോധിതനായത്.

1984 ഏപ്രിൽ 26 ന് ജനറൽ സിയാ ഉൽ ഹഖിന്റെ അഹ്മദിയ്യാ വിരുദ്ധ ഓർഡിനൻസിനെ തുടർന്ന് അദ്ദേഹം തന്റെ പ്രിയപ്പെട്ട രാജ്യമായ പാകിസ്താനിൽ നിന്നും പലായനം ചെയ്ത് ഇംഗ്ലണ്ടിലേക്ക് കുടിയേറി പ്രവാസ ജീവിതം നയിച്ചു. അവിടെ അദ്ദേഹം മറ്റു പല ദൗത്യങ്ങളും നിർവ്വഹിക്കുകയുണ്ടായി. ഭൂമിയുടെ നാനാ കോണുകളിലേക്കും ഇരുപത്തിനാല് മണിക്കൂറും സംപ്രേഷണം ചെയ്യുന്ന മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ (MTA) എന്ന ആഗോള സംപ്രേഷണ ചാനൽ അദ്ദേഹം ആരംഭിച്ചു. ഒരു മതനേതാവ് എന്നതിന് പുറമേ ഭുവനപ്രശസ്തനായ ഹോമിയോ ചികിത്സകനും അനുഗ്യഹീതനായ കവിയും സ്പോർട്സ്മാനുമായിരുന്നു അദ്ദേഹം.

തന്റെ സ്കൂൾ പഠനകാലം ഇന്ത്യയിലെ ഖാദിയാനിലാണ് അദ്ദേഹം പൂർത്തിയാക്കിയത്. പിന്നീട് പാകിസ്താനിലെ ലാഹോറിൽ ഗവൺമെന്റ് കോളേജിൽ ചേരുകയുണ്ടായി. അതിന് ശേഷം പാകിസ്താനിലെ റബ്വയിലുള്ള ജാമിയാ അഹ്മദിയ്യായിൽ നിന്നും ഡിസ്റ്റിങ്ങ്ഷനോടെ ബിരുദം കരസ്ഥമാക്കിയതിന് ശേഷം പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്നും അറബിക്കിൽ ഓണേഴ്സ് ഡിഗ്രി പൂർത്തിയാക്കി. അതിന് ശേഷം, 1955 മുതൽ 1957 വരെ ലണ്ടനിലെ ഓറിയന്റൽ ആൻഡ് ആഫ്രിക്കൻ സ്റ്റഡീസ് യൂണിവേഴ്സിറ്റിയിൽ പഠനം നടത്തുകയും ചെയ്തു.

ഉറുദുവിലേക്ക് ഖുർആൻ വിവർത്തനം ചെയ്ത അഗാധ പാണ്ഡിത്യമുള്ള ദിവ്യ പ്രചോദിതനായ പരിഭാഷകനായിരുന്നു അദ്ദേഹം. പിന്നീട് മൗലവി ശേർ

അലി സാഹിബിന്റെ Holy Quran എന്ന ഇംഗ്ലീഷ് വിവർത്തനം ഭാഗികമായി സംശോധന നിർവ്വഹിച്ച് ചില വിശദീകരണക്കുറിപ്പുകൾ ചേർക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രകൃഷ്ട കൃതിയാണ് Revelation Rationality Knowledge and Truth (വെളിപാട് യുക്തി ജ്ഞാനം സത്യം) ★

അദ്ദേഹത്തിന് തത്ത്വശാസ്ത്രത്തിലും ശാസ്ത്രത്തിലും ഔപചാരിക വിദ്യാഭ്യാസമൊന്നുമില്ല. അദ്ദേഹത്തിന് ഒരു തത്ത്വശാസ്ത്ര മനസ്സ് ഉണ്ടായിരുന്നു. തത്ത്വശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ ദുർഗ്രഹവും കഠിനവുമായ വിഷയങ്ങൾക്ക് അദ്ദേഹം പരിഹാരം കണ്ടെത്തുമായിരുന്നു. അതീവ സൂക്ഷ്മതയോടെയും അനായാസകരവുമായിട്ടായിരുന്നു അദ്ദേഹം അത് നിർവ്വഹിച്ചത്. അദ്ദേഹത്തിന്റെ ധൈഷണിക സമീപനം എപ്പോഴും യുക്തിസഹവും ശാസ്ത്രീയവുമായിരുന്നു. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ശാസ്ത്രത്തെ സംബന്ധിച്ചുള്ള അറിവ് വിസ്മയകരമാം വിധം ആഴമേറിയതായിരുന്നു. പ്രത്യേകിച്ച് തന്നെ കൂടുതൽ ആകർഷിച്ച ജീവശാസ്ത്രത്തിൽ അദ്ദേഹം അഗാധജ്ഞാനിയായിരുന്നു. മനുഷ്യമനഃശാസ്ത്രത്തെ പറ്റിയും അദ്ദേഹത്തിന് ഗഹനമായ ജ്ഞാനമുണ്ടായിരുന്നു. ഉന്നത പ്രതിഭാശേഷിയുണ്ടായിരുന്ന ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ്(റഹ്) വിശകലന പാടവം കൊണ്ട് അനുഗൃഹീതനായിരുന്നു. കെട്ടുപിണഞ്ഞ വിഷയങ്ങൾ എളുപ്പത്തിൽ കുരുക്കഴിക്കുന്ന മിന്നൽപിണർ പോലെയുള്ള അദ്ദേഹത്തിന്റെ പ്രതിഭാവിലാസം ശ്രോതാക്കളെയും വായനക്കാരെയും അത്ഭുതസ്തബ്ധരാക്കിയിരുന്നു.

---

★ ഈ കൃതി മലയാളത്തിലേക്ക് *'വെളിപാട് യുക്തി ജ്ഞാനം സത്യം'* എന്ന പേരിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവ: എ.എം.മുഹമ്മദ് സലീം

# ആമുഖം

1982 മുതൽ 2003 വരെ അഹ്മദിയ്യാ മുസ്ലിം സമൂഹത്തിന്റെ (ജമാഅത്ത്) ആഗോള സാരഥിയായിരുന്നു ഹദ്റത്ത് സാഹിബ് സാദാ മിർസാ ത്വാഹിർ അഹ്മദ്(റഹ്) (1928-2003). 1982 ൽ അദ്ദേഹം ഖലീഫത്തുൽ മസീഹായി തിരഞ്ഞെടുക്കപ്പെട്ടതു മുതൽ പാകിസ്താനിലെ റബ്വയിലെ ജൽസാ സാലാനാകളിൽ (അഹ്മദിയ്യാ സമൂഹത്തിന്റെ വാർഷിക സംഗമം) '**കേവലനീതി, കാരുണ്യം, ബന്ധുത്വം, മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ**' എന്ന വിഷയത്തെ അധികരിച്ച് ഉറുദുവിൽ വാർഷിക പ്രസംഗ പരമ്പരകൾ നടത്താനാരംഭിച്ചു. രണ്ടാമത്തെ പ്രഭാഷണം തൊട്ടടുത്ത് വർഷം 1983 ഡിസംബറിൽ റബ്വയിലാണ് നടത്തിയത്. 1984 ൽ ഹുസൂർ തിരുമനസ്സ് ഇംഗ്ലണ്ടിലേക്ക് കുടിയേറുകയുണ്ടായി. പ്രസ്തുത വിഷയത്തിലുള്ള ബാക്കി രണ്ട് പ്രഭാഷണങ്ങൾ ഇംഗ്ലണ്ടിലെ ജൽസാ സാലാനകളിലാണ് നിർവ്വഹിച്ചത്.  ഇംഗ്ലണ്ടിൽ ഒന്നാമത്തെ പ്രഭാഷണം (അതായത് ഈ പരമ്പരയിലെ മൂന്നാമത്തെ പ്രഭാഷണം) 2 ആഗസ്ത് 1987 ലാണ് നിർവ്വഹിച്ചത്. രണ്ടാമത്തെ പ്രഭാഷണം (ഈ പരമ്പരയിലെ നാലാമത്തെതും അവസാനത്തെതും) 24 ജൂലായ് 1988 ലാണ് നിർവ്വഹിച്ചത്. 1996 ലാണ് ആദ്യത്തെ പ്രഭാഷണം ഇസ്ലാം ഇന്റർ നാഷണൽ പബ്ലിക്കേഷൻസ് ലിമിറ്റഡ്

Absolute, Justice, Kindness and Kinship - Three Creative Principles

എന്ന പേരിൽ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചത്. പിന്നീട് ഈ നാല് പ്രഭാഷണങ്ങളുടെയും സംശോധന നിർവ്വഹിച്ച് പലതും കൂട്ടിച്ചേർത്തും മാറ്റം വരുത്തിയും ഭേദഗതി വരുത്തുകയുണ്ടായി. പ്രഭാഷണ പരമ്പരകൾക്കിടയിലുണ്ടായ ദീർഘമായ കാലവിളംബംമൂലം സ്വാഭാവികമായും ധാരാളം ആവർത്തനങ്ങളുണ്ടായിരുന്നു. വായനക്കാരന് അനാവശ്യമായ ആവർത്തനം ഒഴിവാക്കാനും വിഷയത്തിന്റെ ഒഴുക്കിന് ഭംഗമില്ലാതിരിക്കാനും മാനുസ്ക്രിപ്റ്റ് ഗ്രന്ഥകാരൻ തന്നെ വിശദമായ സംശോധനക്ക് വിധേയമാക്കി. മുഴുവനും തിരുത്തി എഴുതി. പല പേജുകളും സംഗ്രഹിച്ചു, പല ഭാഗങ്ങളും ഒഴിവാക്കി.

മുനീർ അഹ്മദ് ജാവേദ് (പ്രൈവറ്റ് സെക്രട്ടറി), മർഹൂം പീർ മുഹമ്മദ് ആലം, സാലിഹാ ശാഫി സാഹിബ്, ഫൗസിയാ ബജ്വ സാഹിബ എന്നിവർ  ഹുസൂർ തിരുമനസ്സിന്റെ ഈ സംരംഭത്തിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ ഭാഗ്യം ലഭിച്ചവരാണ്.

ഇംഗ്ലീഷ് പതിപ്പിനു വേണ്ടിയുള്ള ആദ്യത്തെ രണ്ട് പ്രഭാഷണങ്ങൾ ഹുസൂർ തിരുമനസ്സ് സ്വന്തമായി പുതുതായി പറഞ്ഞുകൊടുത്തത് ഫറിനാ ഖുറൈഷിയും ഫരിദാ അഹ്മദ് സാഹിബയും കേട്ടെഴുതിയതാണ്. മൂന്നും നാലും പ്രഭാഷണങ്ങളുടെ പരിശോധന നിർവ്വഹിച്ചത് അവർ തന്നെയാണ്. ഉറുദു

പ്രഭാഷണങ്ങളുടെ സംശോധനയും ഈ ഘട്ടത്തിൽ തന്നെ ഒരേ സമയം നടക്കുന്നുണ്ടായിരുന്നു. ഈ ഉദ്യമത്തിന്റെ അവസാനംവരെ മാസങ്ങളോളം ഹുസൂർ തിരുമനസ്സിന്റെ ചരണങ്ങൾക്കരികെ ദിവസവും മണിക്കൂറുകളോളം ഇരിക്കാനുള്ള സൗഭാഗ്യം എനിക്കുണ്ടായി. ഈ അനുഗൃഹീത സന്ദർഭങ്ങളിൽ പ്രസ്തുത പ്രഭാഷണങ്ങളുടെ നാല് ഉറുദു കയ്യെഴുത്ത് പ്രതികളും ഹുസൂർ പരിശോധിക്കുകയുണ്ടായി. ഹുസൂർ തിരുമനസ്സ് അസുഖബാധിതനായതിനാൽ പ്രഭാഷണങ്ങൾ ഞാൻ വായിച്ചു കേൾപ്പിക്കുകയും അദ്ദേഹം ആവശ്യമായ തിരുത്തുകൾ, മാറ്റിയെഴുത്തുകൾ, ഭേദഗതികൾ മുതലായവ നിർദ്ദേശിക്കുമായിരുന്നു. അതിനോടനുബന്ധിച്ചുള്ള മറ്റുകാര്യങ്ങളും വേണ്ട നിർദ്ദേശങ്ങളും ഹുസൂർ തിരുമനസ്സ് എനിക്ക് നൽകിയിരുന്നു. ഫരീനാ ഖുറൈഷി സാഹിബക്കും ഫരീദാ അഹ്മദ് സാഹിബക്കും മാനുസ്ക്രിപറ്റ് തയ്യാറാക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശത്തിനായി ഹുസൂറിന്റെ തിരുസന്നിധിയിൽ മാസങ്ങളോളം പല മണിക്കൂറുകൾ ചെലവഴിക്കാനുള്ള സൗഭാഗ്യം ലഭിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടുന്ന് ദിവംഗതാനാകുന്നതിന് ഏതാനും ആഴ്ച്ചകൾക്ക് അൽപം മുമ്പ്വരെ അവസാനത്തെ തിരുത്തലുകളും ഹുസൂർ നിർവ്വഹിച്ചിരുന്നു.

റഫറൻസിനായി ഉപയോഗിച്ച പ്രമാണ ഗ്രന്ഥങ്ങൾ പാകിസ്താനിലെ വക്കീലുൽ ഇശാഅത്ത്, മിർസാ അനസ് അഹ്മദ് എം എ എം ലിറ്റിന്റെ (ഓക്സൻ) നേതൃത്വത്തിലുള്ള ഒരു സംഘമാണ് പരിശോധിച്ചത്. പുസ്തക പ്രസിദ്ധീകരണത്തിനായി ശൈഖ് നസീർ അഹ്മദ് മാനുസ്ക്രിപ്റ്റ് ടൈപ്പ് ചെയ്യുകയും മഹ്മൂദ് അഹ്മദ് മാലിക്ക് (ഇൻചാർജ് സെട്രൽ കമ്പ്യൂട്ടർ ഡിപാർട്ട്മെന്റ്, ലണ്ടൻ) അവസാന തിരുത്തലുകളും ഡിസൈനിങ്ങും നിർവ്വഹിക്കുകയും ചെയ്തു. ഈ പ്രസിദ്ധീകരണ സംരംഭത്തിൽ എതെങ്കിലും വിധത്തിൽ പങ്കെടുത്തവരെയെല്ലാം ദയവ് ചെയ്ത് വായനക്കാരായ നിങ്ങളുടെ പ്രാർത്ഥനകളിൽ ഓർക്കുക.

ഒഴിവാക്കാൻ പറ്റാത്ത ചില സാഹചര്യങ്ങൾ മൂലം ഹുസൂർ തിരുമനസ്സിന്റെ ജീവിതകാലത്ത് ഇതിന്റെ മാനുസ്ക്രിപ്റ്റ് അവസാന ഘട്ടത്തിലായിരുന്നു. ഇത് അദ്ദേഹത്തിന്റെ ജീവിതകാലത്ത് പ്രസിദ്ധീകരിച്ചുകാണാൻ കഴിയാത്തത് ഒരു സങ്കടമായി അവശേഷിക്കുന്നു. അവസാനമായി ഇപ്പോൾ സന്താപത്തിന്റേയും സന്തോഷത്തിന്റെയും സമ്മിശ്ര വികാരത്തോടെ ഖലീഫത്തുൽ മസീഹ് V ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാനൊരുങ്ങുകയാണ്.

നാലു ഭാഗങ്ങളുള്ള ഈ പ്രഭാഷണങ്ങൾ ഒരു വാല്യമായി ആദ്യമായാണ് പ്രസിദ്ധീകരിക്കുന്നത്. ഓരോ ഭാഗത്തിലും ഓരോ പ്രഭാഷണമാണ് ഉള്ളടങ്ങിയിരിക്കുന്നത്. എല്ലാ ഭാഗത്തിന്റെയും ഉള്ളടക്കവും ശബ്ദാവലിയും പുസ്തകത്തിന്റെ തുടക്കത്തിൽ കൊടുത്തിട്ടുണ്ട്. ഒരോ വിഭാഗത്തിനും അതിന്റെ വിഷയത്തിന്റെ തലവാചകവും നൽകിയിട്ടുണ്ട്.

ഏപ്രിൽ 2008

**മുനീറുദ്ദീൻ ശംസ്**
അഡീഷനൽ വക്കീൽ - ഉ - തസ്നിഫ്
ലണ്ടൻ

# പദാവലി

**ഭാഗം 1**

*അബ്ദ് :* അടിമ, സേവകൻ
*അദ്ൽ :* കേവല നീതി
*അഹ്സനി തഖ്‌വീം :* സന്തുലാനാത്മകവും ഋജുമാർഗ്ഗത്തിലുള്ളതും സൂക്ഷ്മമായതും കൃത്യതയാർന്നതുമായ സൃഷ്ടി ഉണ്ടാവുന്ന ഏറ്റവും നല്ല സൃഷ്ടിപ്രക്രിയ. .
*അദലക്ക :* ശരിയായ രീതിയിൽ നീ അനുപാതപ്പെടുത്തുകയും സമ്പൂർണ്ണമായി സന്തുലനമാക്കുകയും ചെയ്തു.
*അജ്റുൻ ഖൈറു മംമ്നൂൻ*: അവസാനിക്കാത്ത പ്രതിഫലം.
*അംബത്ന:* നാം വളർത്തി.
*അസ്ഫല സാഫിലീൻ:* എറ്റവും എളിമയിൽ.
*അസീസ്:* ആദരണീയനായ പ്രതാപശാലി, ബഹുമാനിതമായ മേധാശക്തി.
*ദറൂദ്:* പരിശുദ്ധ പ്രവാചക(സ)ന് മേൽ അനുഗ്രഹസ്തുതി ചൊല്ലാനും അവിടുത്തെ മേൽ സമാധാനാശംസകൾ നേരാനും വിശുദ്ധ ഖുർആൻ (33:57) മുസ്‌ലിംകളോട് ആജ്ഞാപിക്കുന്നു. ഈ കർമ്മത്തെയാണ് ദറൂദ് എന്ന് പറയുന്നത്.
*ദിക്ർ:* സ്മരണ, അനുശാസനം.
*ദീനി ഖയ്യിമ:* ശരിയായ മതം.
*ഫുജൂർ:* പാപം, തെറ്റ്, ദുഷ്ടത, പാളിച്ച
*ഫ സവ്വാക്ക ഫ അദലക:* നിങ്ങളെ തികവുറ്റ സന്തുലബിന്ദുവരെ സമ്പൂർണ്ണമാക്കുകയും തോത് നിർണ്ണയിക്കുകയും ചെയ്തു, നിങ്ങളെ തികവുറ്റതാക്കി, (ആന്തര ഗുണങ്ങൾ ആധാരമാക്കി) നിങ്ങളുടെ പ്രകൃതിയിൽ തികച്ചും സന്തുലനമാക്കി.
*ഗഫൂർ:* ഏറ്റവും പൊറുക്കുന്നവൻ.
*ഗുരു:* ദൈവം, അവതാരം, സിദ്ധൻ, മതഗുരു. ഇവിടെ സിദ്ധൻ എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചത്.
*ഹദീസ്:* തിരുനബി(സ)യുടെ വചനങ്ങൾ കർമ്മ വൃത്താന്തങ്ങൾ
*ഹദ്റത്ത്:* ഉന്നത മത വ്യക്തിത്വങ്ങളെ അഭിസംബോധന ചെയ്യുന്ന അഭിധാനം.

*ഹൂറ്:* പരലോകത്ത് വാഗ്ദാനം ചെയ്യപ്പെട്ട ഇണകൾ.
*ഇഹ്സാൻ:* ഒരാൾക്ക് അയാൾ അർഹതപ്പെട്ടതിനേക്കാൾ നൽകൽ, ഒരാൾ ജോലി ചെയ്തതിനേക്കാൾ പ്രതിഫലം നൽകൽ
*ഈതാഇദിൽ ഖുർബാ:* ബന്ധുജനത്തോടെന്നപോലെ മഹിതമായും ഔദാര്യത്തോടെയും പെരുമാറൽ, അദ്ധ്വാനത്തിനനുസൃതമായ പ്രതിഫലം എന്ന നിലക്കല്ല. സ്വാഭാവികമായുള്ള ആവശ്യത്തിന്നനുസൃതമായി ഔദാര്യത്തോടെ നൽകൽ.
*ഇസ്തഖാമ:* സ്ഥൈര്യം.
*കുനൂ ഖിറദത്തൻ,* ഖാസിയീൻ: നിന്ദ്യരായ കുരങ്ങന്മാരായിത്തീരുക
*മൗസുൻ :* തികഞ്ഞ നിലയിൽ സന്തുലനമാക്കപ്പെട്ടത്, നല്ലത് പോലെ സന്തുലനമാക്കപ്പെട്ടത്.
*മീസാൻ:* സന്തുലനം, അളവ്, തൂക്കം.
*മില്ല:* മതം, വിശ്വാസ പ്രമാണം, ഒരു മതവിശ്വാസത്തിൽ ഉൾപ്പെടുന്ന ജനങ്ങൾ:
*നബാതാത്:* സസ്യലോകം, പച്ചിലപ്പടർപ്പ്, അമ്പത്നാ എന്നത് അതേ ധാതുവിൽ നിന്നുതന്നെയുള്ള ക്രിയാ പദമാണ്. വളർച്ചക്ക് കാരണമാകുക.
*നഫ്കെ റൂഹ് :* അല്ലാഹു ഒരു ജീവിക്ക് ജീവൻ നൽകുന്ന പ്രവൃത്തി, ആത്മാവിനെ ഊതൽ, അല്ലാഹുവിൽ നിന്നുള്ള വെളിപാട്, ദൈവത്തിന്റെ വചനം.
*നഫ്സ്:* ജീവൻ.
*ഖാമ:* എഴുന്ന് നിൽക്കൽ.
*ഖവ്വാം:* രക്ഷകർത്താവ്.
*കിസ്ത്:* നീതി, സമത്വം.
*റവാസിയ:* അഗാധമായും ദൃഢമായും രൂഢമൂലമായത്.
*റൂഹ്:* ആത്മാവ്, ചൈതന്യം, ദൈവത്തിന്റെ വാക്ക്.
*സത് ശ്രീ - അകാൽ:* സിക്കുകാരുടെ ആശംസ, അഭിസംബോധന
*സിറാത്വൽ മുസ്തഖീം:* ഋജുവും ഹ്രസ്വവുമായ മാർഗ്ഗം.
*സൂറ:* ഖുർആന്റെ അദ്ധ്യായം. ഖുർആനിൽ 114 അദ്ധ്യായങ്ങളുണ്ട്.
*തഅദിൽ:* കേവലനീതിയുടെ തത്വങ്ങൾ പ്രവർത്തിപഥത്തിലാക്കുക.
*തമീദബിക്കും:* പോഷണം നൽകുക, ജീവനത്തിനും ജീവനും ആവശ്യമായത് നൽകൽ.
*തഖ്വീം:* കേവലനീതിയുടെ തത്ത്വങ്ങൾ ജീവനുള്ളവയിലും ജീവനില്ലാത്തവയിലും പ്രാവർത്തികമാക്കൽ.
*തഖ്വ:* അല്ലാഹുവിനെക്കുറിച്ചുള്ള ഭയം. തഖ്വ എന്ന പദം യഥാർത്ഥത്തിൽ സൂചിപ്പിക്കുന്നത് അല്ലാഹു വിലക്കിയ കാര്യങ്ങളിൽ നിന്നും

എല്ലായ്പ്പോഴും ഒഴിഞ്ഞു നിൽക്കുകയും സദാ ജാഗരൂഗമായി നിൽക്കു കയും ചെയ്യുന്ന ഒരവസ്ഥയെയാണ്.
*തസ്‌വിയ്യ:* ഒരാളെ സമ്പൂർണ്ണനാക്കുന്ന പ്രവൃത്തി.
*ഉമ്മ:* ജനത, സമൂഹം.
*ഉമ്മതൻ വസതൻ:* ഉന്നതമായ സമൂഹം, ഉത്തമ സമൂദായം, എപ്പോഴും മധ്യമാവസ്ഥ പാലിക്കുന്ന സമുദായം.
*വസൻ:* തൂക്കം

## ഭാഗം 2

*അദാൻ:* ഇസ്‌ലാമിക പ്രാർത്ഥനക്കായുള്ള വിളി.
*അജ്ർ:* പ്രതിഫലം.
*ദീൻ:* വിശ്വാസം, മതം, ആചാരം, ദൈവികത.
*ഫജ്ർ:* അഞ്ച് നേര പ്രാർത്ഥനയിൽ ആദ്യത്തേത്, സൂര്യോദയത്തിനും സൂര്യൻ വെള്ളകീറുന്നതിനുമിടയിലുള്ള ഏതാനും മിനുട്ടുകൾ.
*ഇഖ്റ:* ശക്തിപൂർവ്വം തടയുക.
*ജഹദ:* ഒരാൾക്കെതിരെയുള്ള സമരം (സ്വന്തത്തിനെതിരെയുള്ളതും ഉൾപ്പെടെ).
*ജിഹാദ്:* സമരം, സ്വയം പ്രതിരോധത്തിനുള്ള യുദ്ധം, ജിഹാദും ഖിതാലും തമ്മിലുള്ള വ്യത്യാസം പേ. 174 ൽ കാണുക.
*കലിമ:* ഇസ്‌ലാമിന്റെ വിശ്വാസ പ്രമാണവാക്യം. ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കൽ.
*കലിമ-ഐ-തൗഹീദ്:* ദൈവത്തിന്റെ ഏകത്വം.
*ഖതല:* അയാൾ യുദ്ധം ചെയ്തു.
*ഖിതാൽ:* യുദ്ധം ചെയ്യൽ. വിശദീകരണത്തിന് പേജ് 174 കാണുക.
*തഹജ്ജുദ്:* രാത്രിയുടെ അന്ത്യയാമങ്ങളിൽ നിർവ്വഹിക്കുന്ന വമ്പിച്ച പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ട ഐച്ഛിക നമസ്ക്കാരം.
*തയമ്മം:* ജലമുപയോഗിച്ച് വുളു എടുക്കുന്നതിന് ജലം ലഭിക്കാതെ വന്നാൽ ശുദ്ധിയുള്ള നിലത്ത് കൈ അടിച്ച് പുറം കൈയ്യ് രണ്ടും മുട്ടി പൊടികളഞ്ഞ് മുഖവും കൈയും തടവി വുളു നിർവ്വഹിക്കൽ.
*ളുഹ്ർ:* നിർബന്ധമായ അഞ്ച് നേരനമസ്ക്കാരത്തിലെ മദ്ധ്യത്തിലെ നമസ്ക്കാരം. സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്നും തെറ്റി നിഴൽ ഇരട്ടിയാവുന്ന സമയം വരെ ളുഹറിന്റെ സമയമാണ്.

## ഭാഗം 3

*ബി ഇൽമിഹി:* അവന്റെ ജ്ഞാനത്തിലധിഷ്ഠിതം.
*ദിമ്മതുൻ:* പരിരക്ഷ.
*ദിമ്മി:* മുസ്‌ലിം നിയമത്തിന് കീഴിൽ ജീവിക്കുന്ന ക്രിസ്ത്യാനികളും ജൂതന്മാരും മറ്റു അമുസ്‌ലിംകളുമാണ് ദിമ്മികൾ. ഒരു ദിമ്മി സകാത്ത് നൽകേണ്ടതില്ല. അവരുടെ സുരക്ഷക്കും ക്ഷേമത്തിനും വേണ്ടി പ്രത്യേകം നികുതി ചുമത്തപ്പെടുന്നു.
*ഹിക്മത്:* വിവേകം.
*ഖലീഫത്തുല്ലാഹ്:* അല്ലാഹുവിന്റെ പ്രതിനിധി
*1.ഖാതമുന്നബിയ്യീൻ:* പ്രവാചക മുദ്ര.
*2.ഖതമുന്നുബുവ്വത്ത്:* പ്രവാചകന്മാരുടെ മുദ്ര.
*മലായിക:* മാലാഖമാരുടെ ബഹുവചനം.
*ഖായ്മം ബിൽ കിസ്ത്വി:* നീതി അനുസരിച്ച്, നീതി പാലനം
*സവ്വാ:* പരിപൂർണ്ണമാക്കുക.
*സവ്വയ്തുഹു:* അവനെ സംമ്പൂർണ്ണനാക്കി.
*സുദ്ദാർ:* ദുരിതപൂർണ്ണമായ സ്ഥലം.
*തദ്കിയ:* ശുദ്ധീകരണം.

## ഭാഗം 4

*അർറഹ്മാൻ:* അല്ലാഹുവിന്റെ ഒരു ഗുണം. അർത്ഥം പരമ കാരുണികൻ.
*ഔലാദ്:* സന്താനങ്ങൾ
*ഖൗലൻ സദീദ:* ഋജുവായ പ്രസ്താവന (വാക്കുകൾ മറ്റൊരുഭാഗത്തേക്കും വ്യതിയാനം വരുത്താതെ സത്യത്തിന്റെ ദിശയിലേക്ക് മാത്രം പറയൽ).
*റഹ്മാൻ:* കരുണാനിധി (അല്ലാഹുവിന്റെ ഗുണം).
*റിഹം:* ഗർഭപാത്രം.
*സദീദ്:* ശരി, നീതി, യഥാർത്ഥ ദിശയിലേക്ക് ചരിക്കുന്ന.
*ശരീക:* സൗഹൃദം, നിങ്ങളുടെ ബന്ധുക്കളും ഗോത്രവുമായും വംശമായുമുള്ള ഐക്യദാർഢ്യം.
*വലദ്:* സന്താനം, പുത്രൻ, പുത്രി, കുട്ടികൾ. ഈ വാക്ക് ഏകവചനത്തിലും ബഹുവചനത്തിലും ഉപയോഗിക്കും.(ലെയ്ൻ)
*വഖ്ഫെ നൗ:* രക്ഷിതാക്കന്മാർ നവജാതരായ അവരുടെ സന്താനങ്ങളെയോ ജനിക്കുമെന്ന് പ്രതീക്ഷിക്കുന്ന കുട്ടികളെയോ യഥാർത്ഥ ഇസ്ലാമിനെ പ്രതിനിധാനം ചെയ്യുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാ അത്തിന്റെ സേവനത്തിന് വേണ്ടി സമർപ്പിക്കുന്ന ഖലീഫത്തുൽ മസീഹ് നാലാ

മന്റെ കാലത്ത് ആരംഭിച്ച ഒരു പദ്ധതി. വഖ്ഫെ നൗ എന്നതിന്റെ അക്ഷരാർത്ഥം 'നവ സമർപ്പണം' എന്നാണ്.

# കേവലനീതി, കാരുണ്യം, ബന്ധുത്വം

## മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)
(ഖലീഫത്തുൽ മസീഹ് IV)

### ഒന്നാം ഭാഗം

പാകിസ്താനിലെ റബ്വയിൽ 1982 ഡിസംബറിൽ ചേർന്ന
അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ
വാർഷികയോഗത്തിൽ നടത്തിയ പ്രഭാഷണം.

## അദ്ധ്യായങ്ങൾ- ഭാഗം ഒന്ന്


- മുഖവുര
- പ്രസ്താവന

1. മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ നിർവചിക്കപ്പെടുന്നു
2. പ്രപഞ്ച സൃഷ്ടിപ്പ്
3. പരിസ്ഥിതിവ്യൂഹം
4. ജീവിലോകം
5. മനുഷ്യന്റെ പരിണാമ മുന്നേറ്റം
6. മനുഷ്യശരീരത്തിനകത്തെ വിവിധ സന്തുലനങ്ങൾ.
7. നീതിയുടെ ലംഘനം
8. മതരൂപീകരണത്തിൽ മൂന്ന് സക്രിയ തത്ത്വങ്ങൾക്കുള്ള പങ്ക്
9. ഇസ്ലാം: മതാദ്ധ്യാപനങ്ങളുടെ അന്തിമ ലക്ഷ്യം

# മുഖവുര
## (ആദ്യത്തെ പതിപ്പിന്റെ പ്രഥമ അദ്ധ്യായത്തിന്റെ)

അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ രൂപീകരണത്തിന് ശേഷം നൂറ് വർഷമായി വാർഷിക യോഗങ്ങൾ സ്ഥിരമായി നടന്നുവരികയാണ്. അതിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കാറുണ്ട്. 1982 ൽ പാകിസ്താനിലെ റബ്വയിലായിരുന്നു വാർഷിക യോഗം ചേർന്നത്. ആ അവസരത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്) 'അദ്ൽ ഇഹ്സാൻ ഈതാഇ ദിൽ ഖുർബാ' എന്ന ശീർഷകത്തിൽ ഒരു പ്രഭാഷണം നിർവ്വഹിക്കുകയുണ്ടായി.

ആ പ്രഭാഷണമാണ് ഇങ്ങനെയൊരു ഗ്രന്ഥമായി വികസിച്ചത്. പ്രസ്തുത ഉറുദു പ്രഭാഷണം ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തതിന് പുറമെ അതിൽ അന്ന് ഇല്ലാതിരുന്ന പല പ്രമേയങ്ങളും വിപുലീകരിക്കേണ്ടി വന്നു. ഈ പുസ്തകത്തിൽ വ്യാപകമായി വിശുദ്ധ ഖുർആൻ വചനങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. പല അറബി വാക്കുകളും അതേപടി നിലനിർത്തിയിട്ടുമുണ്ട്. അറബി ഭാഷയിലുള്ള സാങ്കേതിക പദങ്ങളുടെ ഇംഗ്ലീഷ് വിവർത്തനവും ഈ പുസ്തകത്തിൽ (പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷയിൽ)★ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രസാധകർ
(ഇംഗ്ലീഷ് പരിഭാഷയുടെ)

---

★ഈ മലയാള പരിഭാഷയിലും സാങ്കേതിക പദങ്ങളുടെ വിവർത്തനം ചേർത്തിട്ടുണ്ട്. (വിവ:)

# പ്രസ്താവന

ഇന്ന് രാവിലെ ഉണർന്നെഴുന്നേറ്റു പ്രാർത്ഥനക്ക് പള്ളിയിലേക്ക് പുറപ്പെട്ടപ്പോൾ മഴയുടെ ഭീഷണി മുഴക്കിക്കൊണ്ട് മാനം ഇരുണ്ടിരിക്കുന്നതായി ഞാൻ കണ്ടു. അപ്പോൾ എന്റെ ഉള്ളിലെ ചിന്തകൾ ഞാൻ ഒന്ന് ചികഞ്ഞു നോക്കി. അനവസരത്തിൽ ഇത്തരം ഒരു മഴ ഞങ്ങളുടെ മേൽ കൊണ്ടു വന്നതിന് ദൈവത്തോട് നന്ദികേടിന്റെ എന്തെങ്കിലും ഒരു സൂചന എനിക്ക് കാണാൻ കഴിഞ്ഞില്ല. അത് വാർഷിക സമ്മേളനത്തിന്റെ (ജൽസ) ഒരു ദിനമായിരുന്നു. അന്ന് ശക്തമായ മഴ പെയ്യുകയാണെങ്കിൽ ജൽസാ പരിപാടികൾ മുഴുവനും തടസപ്പെടുമായിരുന്നു.

'സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു' എന്റെ ഹൃദയത്തിൽ സ്വയം തന്നെ ഉറവെടുത്ത പ്രതികരണമിതായിരുന്നു. കാരണം നന്ദികേടിന്റെ ഒരു ലാഞ്ചനപോലും എന്റെ ഹൃദയകോണുകളിലൊരിടത്തും കണ്ടില്ല. ഈ സന്ദർഭത്തിൽ ഞാൻ മനുഷ്യവംശത്തിന്റെ ഏറ്റവും വലിയ അഭ്യുദയകാംക്ഷിയായ മുഹമ്മദ് നബി[സ]യുടെ മേൽ ദറൂദ് (നബിയുടെ പേരിലുള്ള സ്വലാത്ത്) ചൊല്ലാനാരംഭിച്ചു. ഖുർആൻ നമ്മിൽ അങ്കുരിപ്പിക്കുന്നത് ദൈവേച്ഛക്ക് സമ്പൂർണ്ണമായും കീഴടങ്ങേണ്ടതിന്റെ സമീപനമാണ്. ഇതിന് പ്രതികരണമായി ദൈവം അത്തരം ദാസന്മാരുടെ അർപ്പണങ്ങൾ മറ്റുള്ളവരെക്കാൾ കൂടുതലായി ശ്രദ്ധിക്കുന്നു. മാത്രമല്ല ഈ സൽപ്രവൃത്തിക്ക് പ്രതികരിച്ചുകൊണ്ട് അവൻ എണ്ണമറ്റ അനുഗ്രഹങ്ങൾ ചൊരിയുകയും ചെയ്യുന്നു. ഇക്കാര്യം മനോഹരമായ ഒരു കവിതയിൽ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് രണ്ടാമൻ[റ] പ്രകടിപ്പിക്കുന്നുണ്ട്.

ہو فضل تیرا یارب یا کوئی ابتلا ہو
راضی ہیں ہم اسی میں جس میں تیری رضا ہو

*അല്ലയോ നാഥാ, നിന്റെ അനുഗ്രഹങ്ങൾ വർഷിച്ചാലും,*
*അല്ലെങ്കിൽ  പ്രയാസങ്ങൾ നൽകി ഞങ്ങളെ പരീക്ഷിച്ചാലും.*
*നിന്റെ ഇച്ഛ എവിടെയാണോ അവിടെ ഞങ്ങൾ*
*സംതൃപ്തരും ശാന്തരുമായിരിക്കും.*

ഖുർആനിൽ ഈ വിഷയം പ്രതിപാദിക്കുന്ന ഒരു വചനം കാണാം.

أَلَآ إِنَّ أَوْلِيَآءَ ٱللَّهِ لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٦٣﴾

*'അറിയുക, തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങൾ, അവർക്ക് ഒരു ഭയവും ഉണ്ടായിരിക്കുകയില്ല. അവർ വ്യസനിക്കുകയുമില്ല.' (സൂറ: യൂനുസ് 10: 63)*

അഹ്മദിയ്യാ സമൂഹത്തിൽ അംഗമായിരിക്കുക എന്നത് നമ്മെ സംബന്ധിച്ചേടത്തോളം അല്ലാഹുവിന്റെ അപരിമേയമായ അനുഗ്രഹമാണ്. അവർ അല്ലാഹുവിന്റെ ഇച്ഛയിൽ തൃപ്തികണ്ടെത്തുന്നവരാണ്. കാരണം ഇതാണ് അല്ലാഹുവിന്റെ വിനീത ദാസന്മാരിൽ എത്തിനിൽക്കുന്ന സംരക്ഷണ തത്ത്വത്തിന്റെ കാതൽ. അല്ലാഹുവിന്റെ ഇച്ഛയുടെ എല്ലാ പ്രകടനങ്ങളിലും പൂർണ്ണ സംതൃപ്തി കണ്ടെത്തുന്നവരാണെങ്കിൽ അവർ അല്ലാഹുവിന്റെ കൽപ്പനയുടെ ജീവിക്കുന്ന ചിഹ്നങ്ങളായിരിക്കും. അത് അങ്ങനെ ആയിരിക്കുവോളം അവർ കീഴടക്കപ്പെട്ടവരായോ നശിപ്പിക്കപ്പെട്ടവരായോ ആയി അവൻ കാണുകയില്ല.

അപ്പോൾ അല്ലാഹുവിനോടുള്ള സ്തുതികളോടൊപ്പം മറ്റു ചില ചിന്തകൾ കൂടി എന്റെ ഹൃദയത്തിൽ നിറയുവാൻ തുടങ്ങി. അത് ഞങ്ങളുടെ സമൂഹത്തിന്റെ ത്യാഗം ചെയ്യാനുള്ള അഭിനിവേശമായിരുന്നു. വാഗ്ദത്ത മസീഹി(അ)ന്റെ സമൂഹത്തിന് ത്യാഗം ചെയ്യാനുള്ള അത്തരം സന്നദ്ധതയെ ഞാൻ പൂർണ്ണമനസ്സോടെ പ്രകീർത്തിക്കുന്നു. അവരുടെ ഖലീഫ മഴയത്ത് പോയിരിക്കാൻ കൽപ്പിച്ചാൽ ഒരു മിനുട്ട്പോലും സംശയിക്കാതെ അവർ അദ്ദേഹത്തെ അനുസരിക്കും. അവർ അനുസരിക്കാനായി ഓടിവരും. ഇതാണ് വാഗ്ദത്ത മസീഹിന്റെ സമൂഹത്തിന്റെ അടയാളം. എങ്കിലും അവരോട് ഇത് ആവശ്യപ്പെടാൻ ഞാൻ സന്ദേഹിക്കുന്നു. എനിക്കറിയാം അവരിൽ ചിലർ പാവപ്പെട്ടവരാണ്, ചിലർ രോഗികളാണ്, ചിലരാകട്ടെ ദുർബ്ബലരുമാണ്. എന്നാൽ ത്യാഗത്തിന്റെ കാര്യം വരുമ്പോൾ അവരെപ്പറ്റി ആരോ നടത്തിയ അഭിപ്രായ പ്രകടനമാണ് എന്റെ ശ്രദ്ധയിൽ ഇന്ന് വന്നത്. 'ത്യാഗം ചെയ്യാനുള്ള ഈ സമൂഹത്തിന്റെ ആവേശം ആരെയും ഞെട്ടിക്കും'

ഞങ്ങൾ തീർച്ചയായും താഴെ പറയുന്ന തമാശകഥയിലെ കഥാപാത്രത്തെ പോലെയല്ല. ഒരിക്കൽ ഒരു സംഘം അമുസ്ലിംകളുടെ കാളവണ്ടി ചളിയിൽ പൂണ്ടു നിശ്ചലമായി എന്നാണ് പറയപ്പെടുന്നത്. അവർ കാളവണ്ടി നീങ്ങാൻ സത്-സിറി-അകാൽ. (സിക്കുകാ

രുടെ ഒരു പ്രാർത്ഥന) ചൊല്ലി. വണ്ടിയുടെ നീക്കം ഫലപ്രദമാകാൻ അവർ മറ്റു ഗുരുക്കന്മാരുടെയും നാമങ്ങൾ ഉരുവിട്ടു. പക്ഷേ യാതൊന്നും ഫലിച്ചില്ല. അങ്ങനെ നിൽക്കുമ്പോൾ ഒരു സംഘം മുസ്‌ലിംകൾ ആ വഴി വന്നു. അവർ സഹായിക്കാമെന്ന് പറഞ്ഞു. ചില പ്രത്യേക ദിവ്യശക്തികൾ ഉണ്ടെന്ന് വ്യാപകമായി വിശ്വസിക്കപ്പെടുന്ന അലിയുടെ പേരിൽ വണ്ടിക്ക് ശക്തമായ ഒരു തള്ള് വെച്ചുകൊടുത്തു. ഈ സമയമാവുമ്പോഴേക്കും തീർച്ചയായും കൂടുതൽ പേർ എത്തിയിരുന്നു. അതിനാൽ അവർക്കെല്ലാവർക്കും കൂടി കാളവണ്ടി ചളിക്കുണ്ടിൽ നിന്നും നീക്കാൻ സാധിച്ചു. എന്നാൽ മുസ്‌ലിം ഗുരുവിനാണ് കൂടുതൽ ശക്തി എന്ന് പരസ്യപ്പെടുന്നതിൽ അമുസ്‌ലിംകളായവർ വളരെ അസ്വസ്ഥരായി. സ്വഭാവികമായും അവർ മുസ്‌ലിംകൾക്ക് ആദരം കൊടുക്കുന്നതിൽ താൽപര്യം കാണിച്ചില്ല. അത് അവരുടെ വിശ്വാസത്തിനും എതിരായിരുന്നു. അവരുടെ ഗുരുവിനേക്കാൾ മുസ്‌ലിം ഗുരുവിനാണ് ശക്തി എന്ന് നേരെ ചൊവ്വേ സമ്മതിക്കുന്നതിന് പകരം അവർ പറഞ്ഞു: 'മുസ്‌ലിം ഗുരു ചളിയുള്ള അവസരത്തിൽ മാത്രമാണ് ശക്തൻ' അവർ മുസ്‌ലിം ഗുരുവിന്റെ അധീശത്വം അംഗീകരിക്കുന്നില്ല എന്നായിരുന്നു ധ്വനി. ഞങ്ങൾ പഞ്ചാബിയിൽ പറയും:

مُسلے دا گرو کھوبے دا تگڑا اے

'മുസ്‌ലെയ് ദാ ഗുരു കോബെയ് ദാ തഗ്‌റാഹെ'
*(തീർച്ചയായും ചളിയുള്ള അവസരത്തിൽ*
*മുസ്‌ലിം ഗുരു ശക്തനാണ്).*

ഒരു പ്രത്യേക സ്ഥലത്ത് മാത്രം ശക്തിയുള്ള അത്തരം ഒരു ഗുരുവിന്റെ അനുയായികളല്ല ഞങ്ങൾ. എല്ലാ അവസരത്തിലും യജമാനനായിട്ടുള്ള ഒരു ഗുരുവിന്റെ അനുയായികളാണ് ഞങ്ങൾ. അവന്റെ കഴിവുകളുടെ മേൽകോയ്മ എല്ലാറ്റിനേയും അതിവർത്തിക്കുന്നതാണ്. അവൻ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് നമ്മെ നയിക്കുന്നു. അവന്റെ അനുയായികൾ ഇരുട്ടിന് കീഴടങ്ങുകയോ അധീനപ്പെടുകയോ ചെയ്യില്ല. അവർ എല്ലാ സന്ദർഭങ്ങളിലും നടക്കും അവർ വിശുദ്ധ ഖുർആൻ പ്രതിപാദിച്ച ഒരുവനെ പോലെയല്ല.

وَإِذَآ أَظۡلَمَ عَلَيۡهِمۡ قَامُواْۚ

*'അവരിൽ ഇരുട്ടു വീഴുമ്പോൾ അവർ നിശ്ചലരായി നിൽക്കുന്നു.' (സൂറ: ബഖറ 2:21)*

ഇതിന് വിപരീതമായി വെളിച്ചത്തിലും ഇരുട്ടിലും മഴ വരുമ്പോഴും വെയിലത്തും അവർ നടക്കുന്നു. ഈ വിഷയത്തെ പറ്റി ചിന്തിക്കുമ്പോൾ പോലും എന്റെ ഹൃദയം അല്ലാഹുവിന് ഏറ്റവും വലിയ സ്തുതിയാൽ പൂരിതമാവുകയാണ്.

അധ്യായം 1

# മൂന്ന് ക്രിയാത്മക തത്ത്വങ്ങൾ നിർവചിക്കപ്പെടുന്നു

## മനുഷ്യബന്ധങ്ങളുടെ മൂന്ന് അവസ്ഥകൾ

- *അദ്‌ൽ* (കേവലനീതി)
- *ഇഹ്സാൻ* (ഒരാൾക്ക് അർഹിക്കുന്നതിനേക്കാൾ നൽകൽ)
- *ഈതാഇ ദിൽ ഖുർബാ* (ബന്ധുക്കളോടെന്നപോലെ മറ്റുള്ളവരോട് അത്യധികമായ അനുകമ്പയോടെയുള്ള പെരുമാറ്റം.)

ഇന്നത്തെ പ്രഭാഷണത്തിന് ഞാൻ തിരഞ്ഞെടുത്തത് അത്യന്തം വിശാലവും മറ്റെല്ലാറ്റിനേയും പര്യാവരണം ചെയ്തിരിക്കുന്നതുമായ ഒരു ഖുർആനിക വചനമാണ്.

إِنَّ اللَّهَ يَأْمُرُ بِالْعَدْلِ وَالْإِحْسَانِ وَإِيتَاءِ ذِي الْقُرْبَىٰ

*തീർച്ചയായും നീതി പുലർത്തുന്നതിനും നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ സഹായം ചെയ്യുന്നതിനും അല്ലാഹു കൽപ്പിക്കുന്നു.........*

*(സൂറ: അന്നഹ്ൽ 16:91)*

അല്ലാഹു നമ്മോട് നീതി (*അദ്‌ൽ*) നിർവഹിക്കാൻ മാത്രമല്ല പറയുന്നത്. നീതി നിർവ്വഹണത്തോടൊപ്പം തന്നെ സ്വമനസ്സാലെ നന്മ (*ഇഹ്സാൻ*) പ്രവർത്തിക്കാനും അതിന്ന് ശേഷം മനുഷ്യബന്ധങ്ങളുടെ ഉദാത്തമായ മൂന്നാം ഘട്ടത്തിലേക്ക് പ്രവേശിക്കാനും ഉപദേശിക്കുന്നു. അതായത് -*ഈതാഇ ദിൽ ഖുർബാ*- ഒരു മാതാവിന് തന്റെ ശിശുവിനോടുള്ള നൈസർഗ്ഗികമായ സ്നേഹപ്രകടനവും പരിചരണവും പോലെ ആയിരിക്കണമത് എന്ന് അല്ലാഹു അഭിലഷിക്കുന്നു. ഒരു മാതാവ് തന്റെ ശിശുവിനെ സ്നേഹിക്കുമ്പോൾ അതിൽ ഒരിക്കലും മുൻകൂട്ടിയുള്ള ചിന്തിച്ചുറപ്പിക്കലോ പ്രകടനപരതയോ ഉണ്ടാകില്ല. അത് സഹജമായ

ഒരു പ്രവാഹമാണ്. ഒരിക്കലും അത് മാതാവിൽ കൃത്രിമമായി സൃഷ്ടിക്കപ്പെടുന്നതല്ല. അവളിൽ സ്വാഭാവികമായും സംഭവിക്കുന്നതാണ്. അവളുടെ ഏറ്റവും പ്രിയപ്പെട്ട ഒന്നിനോടുള്ള സ്നേഹപ്രകടനത്തിന്റെ കാതലായ വശം എപ്പോഴുമുള്ള അതിന്റെ സ്വാഭാവികമായ ഉറവ് കൊള്ളലാണ്. മേൽ ഉദാഹരണത്തിൽ *ഈതാഇ ദിൽ ഖുർബാ*– എന്നതിന്റെ ചൈതന്യം പൂർണ്ണമായും വർണ്ണിച്ചിരിക്കുന്നു.

ഒരു ഹ്രസ്വാവലോകനം നടത്തുകയാണെങ്കിൽ ഈ വചനത്തിലെ ആദ്യഭാഗം മനുഷ്യബന്ധങ്ങളുടെ മൂന്നവസ്ഥകളെ കുറിച്ച് പ്രതിപാദിക്കുന്നു. അല്ലാഹു വിശ്വാസികളോട് ഏറ്റവും പരിമിതമായ തോതിൽ ആവശ്യപ്പെടുന്നതും അതേ സമയം ഏറ്റവും പ്രധാനപ്പെട്ടതുമായ കാര്യം കേവല നീതിയുടെതാണ്. എങ്ങനെയെന്നാൽ അവർ നീതിപാലനത്തിൽ മാത്രം മതിയാക്കാമെന്ന് പ്രതീക്ഷിക്കരുത്. ഔദാര്യത്തിന്റെ മേഖലയിലേക്ക് കൂടി അവർ പ്രവേശിക്കണം. മനുഷ്യ വംശത്തോട് നീതികാട്ടിയാൽ മാത്രം പോര, മനുഷ്യർക്ക് അവർ അർഹതപ്പെട്ടതിനേക്കാൾ കൂടുതൽ നൽകുന്ന കല കൂടി അഭ്യസിക്കേണ്ടതുണ്ട്. വിശ്വാസികളുടെ ഔദാര്യം യാതൊരു തടസ്സവും കൂടാതെ ജനങ്ങൾക്ക് അനുഭവവേദ്യമാകണം.

*ഇഹ്സാൻ* എന്നത് ഒരു വിഷയത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന കാര്യമല്ലെന്ന് ഓർക്കണം അതിന്ന് അനേകം ആന്തരാർത്ഥങ്ങളുണ്ട്. *ഇഹ്സാൻ* എന്ന ഈ പദം ദൈവവുമായും അവന്റെ സൃഷ്ടിയായ ദാസനുമായും ബന്ധപ്പെടുത്തി പ്രയോഗിക്കുകയാണെങ്കിൽ തദനുസൃതമായി അതിന്റെ അർത്ഥവിന്യാസത്തിലും വ്യത്യാസങ്ങളുണ്ടാവും. ഉചിതമായ സന്ദർഭത്തിൽ ഞാനിക്കാര്യം പിന്നീട് വിശദീകരിക്കുന്നതാണ്.

ഈ വചനത്തിൽ ഉപയോഗിച്ച മൂന്നാമത്തെ പദം *ഈതാഇ ദിൽ ഖുർബാ*– എന്നതാണ്. അതായത് ഒരാളുടെ ബന്ധുജനത്തിന്ന് നൽകുന്ന അനുകമ്പ. ഇത് പ്രകാരം ബന്ധുജനത്തിന്ന് നൽകുന്നത് പോലെ അഹങ്കാരലേശമെന്യേ നമ്മുടെ ഔദാര്യം മറ്റുള്ളവരിലേക്കും പകരണമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. നമ്മുടെ ഔദാര്യം ആവിധത്തിലായിരിക്കണം അതായത് മറ്റുള്ളവരോടുള്ള ഇഷ്ടം കൊണ്ടായിരിക്കരുത് അത്. നമ്മുടെ ബാധ്യത

യെന്നോ ചുമതലയെന്നോ കരുതിയായിരിക്കണം നമ്മുടെ ഔദാര്യങ്ങൾ നൽകേണ്ടത്.

ഈ വചനത്തിന്റെ മറ്റൊരു ഭാഗം ഒരു വിശ്വാസി വർജ്ജിക്കേണ്ട ഗുണങ്ങളെ കുറിച്ചുള്ളതാണ്. വർജ്ജനീയമായ ഈ ഗുണങ്ങൾ, വിശ്വാസികളിൽ ദൈവം വളർത്തിയെടുക്കാൻ ഉദ്ദേശിക്കുന്ന സദ്ഗുണങ്ങൾക്ക് വിപരീതമായിട്ടുള്ളതാണ്. അല്ലാഹു പറയുന്നു:

وَيَنْهَىٰ عَنِ الْفَحْشَاءِ وَالْمُنكَرِ وَالْبَغْيِ ۚ يَعِظُكُمْ لَعَلَّكُمْ تَذَكَّرُونَ

*നീചപ്രവൃത്തിയും നിഷിദ്ധ കർമ്മവും നിയമലംഘനവും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിന് വേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു.*

*(വിശുദ്ധ ഖുർആൻ 16:91)*

നീതിക്കും ഔദാര്യത്തിനും ബന്ധുജനങ്ങളോട് കാണിക്കുന്ന അനുകമ്പയ്ക്കും വിപരീതമായി ഖുർആൻ ഉപയോഗിച്ച നിഷേധാത്മക പദങ്ങളാണ് നീചപ്രവൃത്തിയും നിഷിദ്ധ കർമ്മവും നിയമലംഘനവും. ആദ്യമായി ഈ വചനത്തിന്റെ ആദ്യ പകുതി വിവരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇന്നത്തെ പ്രഭാഷണത്തിന്റെ സമയം അതിന്ന് തികയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പക്ഷേ ഞാൻ എന്റെ പ്രവർത്തനം ആരംഭിച്ചപ്പോൾ ഈ വചനം ഉൾക്കൊള്ളുന്ന വിഷയത്തിന്റെ ആഴവും പരപ്പും എന്നെ വിസ്മയഭരിതനാക്കുന്നു. വ്യത്യസ്ത വീഥികളിലേക്കുള്ള വാതായാനങ്ങൾ എനിക്ക് മുമ്പിൽ തുറക്കപ്പെടുന്നതായി കാണുന്നു. അവ ഓരോന്നും ജ്ഞാനവിജ്ഞാനങ്ങളുടെ ഒരു അത്ഭുത പ്രപഞ്ചമായി എന്റെ മുന്നിൽ പ്രത്യക്ഷീഭവിക്കുന്നു. അത്കൊണ്ട് ഈ വചനം പര്യാവരണം ചെയ്യുന്ന വിഷയത്തിന്റെ ഒരു ഭാഗം പോലും പ്രതിപാദിക്കാമെന്ന ഉദ്ദേശ്യം ഞാൻ ഉപേക്ഷിച്ചു. അതിനുശേഷം നീതി എന്ന വിഷയത്തിൽ മാത്രം ഞാൻ എന്റെ ശ്രദ്ധ കേന്ദ്രീകരിക്കുകയുണ്ടായി. എന്നാൽ വിഷയത്തിന്റെ ഉള്ളിലേക്ക് പ്രവേശിച്ചപ്പോൾ അതിവിശാലമായിട്ടാണ് അത് എനിക്ക് കാണാൻ കഴിഞ്ഞത്. അതായത് ദൈവത്തിന്റെ സൃഷ്ടി സാകല്യം മുഴുക്കെ വിശ്വൈക നീതിയുടെ തത്ത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഭരിക്കപ്പെടേണ്ടത് എന്ന ദർശനമാണ്

എനിക്ക് ലഭിച്ചത്. ഇതൊരിക്കലും തന്നെ ഒരു ആത്മപ്രശംസാപരമായ ഒരു അവകാശവാദമല്ല. വാസ്തവത്തിൽ ഞാൻ പറയുന്ന ഓരോ വാക്കും വ്യക്തമായ വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. നീതി എന്നത് അതിന്റെ പ്രയോഗതലത്തിൽ വിശാലമാണെന്ന് മാത്രമല്ല അതിന്റെ അർത്ഥവും അത്യഗാധമാണ്. അത് അതീവ നിഗൂഢവും വിശുദ്ധവുമാണ്. അത് നമ്മെ പ്രകൃതിയുടെ അടരുകൾക്കുള്ളിൽ അടരുകളായി നിൽക്കുന്ന രഹസ്യങ്ങളിലേക്ക് ആനയിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കേവലനീതിയുടെ തത്ത്വത്തെ സംബന്ധിച്ച് ഞാൻ മനസ്സിലാക്കിത്തരുവാൻ ശ്രമിക്കുന്നതായിരിക്കും.

കേവലനീതി എന്ന ഈ വിശ്വജനീന തത്ത്വത്തിന്റെ പ്രയോഗത്തിന്ന് മാനവത അത്യുൽക്കടമായി ആഗ്രഹിക്കുന്നു. മനുഷ്യ ബന്ധങ്ങളെ മലിനമാക്കുന്നതും ദുഷിപ്പിക്കുന്നതുമായ മനുഷ്യത്വത്തിന്റെ എല്ലാ ആതുരാവസ്ഥക്കും കാരണം കേവല നീതിയുടെ പ്രയോഗത്തിന്റെ അഭാവത്തിൽ നിന്നും നേരിട്ട് ജനിക്കുന്നു. മനുഷ്യരാശി നീതിക്ക് വേണ്ടി ദാരുണമാം വിധം ദാഹിക്കുകയാണ്. നാം അതിന്റെ പ്രായോഗികത ഖുർആന്റെ വെളിച്ചത്തിൽ ജനങ്ങൾക്ക് പഠിപ്പിക്കുന്നില്ലെങ്കിൽ അവരുടെ അപഥസഞ്ചാരം തുടർന്നുപോകും. അജ്ഞതയുടെ ഊരാക്കുടുക്കിൽ അവരുടെ വഴി നഷ്ടപ്പെടുകയും ചെയ്യും. മനുഷ്യൻ മനുഷ്യന്റെ കരങ്ങൾകൊണ്ടു തന്നെ കനത്ത തോതിൽ സഹിക്കേണ്ടി വരും. അതുകൊണ്ട് കേവലനീതിയുടെ ഖുർആനിക അധ്യാപനങ്ങൾകൊണ്ട് ലോകത്തെ ബോധവാന്മാരാക്കുക എന്നത് നമ്മുടെ പരമപ്രധാനമായ കർത്തവ്യമാണ്.

## ഖുർആനിലെ ഏറ്റവും വിശദീകരിക്കപ്പെട്ട വചനം

ഹദ്റത്ത് അബ്ദുല്ലാ ഇബ്നു മസ്ഊദ്(റ) മേൽ പറഞ്ഞ വചനത്തെ കുറിച്ച് ആലോചിച്ചപ്പോൾ അദ്ദേഹം സ്വയം തന്നെ ഖുർആനിലെ ഏറ്റവും സാരസമഗ്രമായ വചനമാണിതെന്ന് അത്ഭുതം കൂറുകയുണ്ടായി. മഹാന്മാരായ ഖുർആൻ വ്യാഖ്യാതാക്കളിൽ ഒരാളായ അബ്ദുല്ലാ ഇബ്നുമസ്ഊദി(റ)ന്റെ ഈ നിരീക്ഷണം തീർച്ചയായും വൻ പ്രാധാന്യമുള്ളതാണ്. ജീവിതം മുഴുവൻ

ഖുർആൻ പഠനത്തിന്ന് വേണ്ടി സമർപ്പിച്ച വ്യക്തിയായിരുന്നു അദ്ദേഹം. ഖുർആന്റെ അധ്യാപനസാകല്യം മുഴുക്കെ ഈ വചനത്തിന്റെ സാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു എന്ന വസ്തുതയിലേക്ക് അദ്ദേഹം നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

അബ്ദുല്ലാ ഇബ്നു മസ്ഊദി(റ)ന് പുറമെ ഹദ്റത്ത് ഉമർ ഇബ്നു അബ്ദിൽ അസീസും(റഹ്) ഈ വചനത്തിന്ന് സവിശേഷ പ്രാധാന്യം നൽകുകയുണ്ടായി. വെള്ളിയാഴ്ച്ച പ്രാർത്ഥനയിൽ ജുമുഅ ഖുത്ബയുടെ രണ്ടാം പാദത്തിൽ ഈ വചനം ഓതുന്ന സമ്പ്രദായം അദ്ദേഹമാണ് ആരംഭിച്ചത്. ഈ അർത്ഥത്തിൽ അദ്ദേഹം മുസ്ലിംകളുടെയെല്ലാം ഒരു അഭ്യുദയകാംക്ഷിയായി മാറുകയുണ്ടായി. ഈ വചനം മുസ്ലിംകളിൽ ഉണ്ടാക്കിയ സ്വാധീനം പരിഗണിക്കുമ്പോൾ ഞാൻ മുകളിൽ പരാമർശിച്ച രണ്ട് ഉദാഹരണങ്ങളിലൂടെ അക്കാര്യം വ്യക്തമാകും. അതിന്റെ സ്വാധീനം മുസ്ലിംകളിൽ മാത്രം ഒതുങ്ങി നിന്നില്ല. റസൂൽ തിരുമേനി(സ)യുടെ കാലത്ത് ഇസ്ലാമിന്റെ കടുത്ത ശത്രുക്കളിൽ പോലും ഈ വചനത്തിലെ അഗാധമായ ജ്ഞാനത്തിൽ അപ്രതിരോധ്യമാംവിധം ആകൃഷ്ടരായിരുന്നു. ഒരിക്കൽ മക്കയിലെ ഖുറൈശി പ്രമുഖരിൽ ഒരാളായ നേതാവ് വലീദ് ഈ വചനം കേട്ടപ്പോൾ 'തീർച്ചയായും ഇത് വല്ലാത്തൊരു വചനം തന്നെ, വസന്തം പുഷ്ക്കലമായത് പോലെ എന്തൊരു പുതുമ! എന്തൊരു പ്രസന്നത!' എന്ന് അത്ഭുതപ്പെട്ടതായി നിവേദനം ചെയ്യപ്പെടുന്നു.

പ്രപഞ്ചസൃഷ്ടിയിൽ നീതിയുടെ തത്ത്വങ്ങൾ അതിവിശാലമായ രീതിയിൽ പ്രാവർത്തികമാവുന്നത് ഈ വചനത്തിൽ നാം ദർശിക്കുന്നു. അതായത് ഒരു നവ്യമായ അർത്ഥപ്രപഞ്ചം തന്നെ അതിൽ നിന്നും ജനനം കൊള്ളുന്നതായി കാണുന്നു. അതിന്ന് ശേഷം *ഇഹ്സാൻ* എന്ന പദത്തിലെ രണ്ടാമത്തേതും അത്യുന്നതവുമായ സൗന്ദര്യാവസ്ഥയുടെ സരണി നാം കാണുന്നു. സൗന്ദര്യത്തിന്റെ ഈ വീഥിയിൽ നിന്നും അവസാനത്തേതും തികവാർന്നതുമായ *ഈതാഇ ദിൽ ഖുർബാ*- എന്ന സ്ഥാനത്തേക്ക് നയിക്കുന്ന നിരവധി വീഥികൾ ഉരുവം കൊള്ളുന്നതായും നമുക്ക് കാണാം.

## കേവലനീതിയും ജീവിലോകവും

സസ്യലോകവും ജീവിലോകവും ഒരു പോലെ *അദ്ൽ, ഇഹ്സാൻ, ഈതാഇ ദിൽ ഖുർബാ* എന്നീ തത്ത്വങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. താഴ്ന്ന ജീവിക്രമത്തിൽ നിന്നും ഉയർന്നതും പൂർണവുമായ ഒരു ജീവിശ്രേണിയിലേക്കുള്ള എല്ലാ ജീവികളുടെയും പരിണാമ പ്രക്രിയ മനുഷ്യനിൽ വരെ എത്തുമ്പോൾ അത് വിശാലമായ ഒരു തലം ആർജിക്കുന്നു.

ഈ തത്ത്വത്തിന്റെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ സൃഷ്ടികളെ മൂന്നു വിഭാഗങ്ങളായി വർഗ്ഗീകരിക്കാം. ഒന്നാമത്തേത് അജീവി (Inanimate) രൂപങ്ങളുടെ സൃഷ്ടിയാണ്. രണ്ടാമത്തെ വിഭാഗത്തിൽ ജീവന്റെ ഉത്ഭവം മുതൽ ആരംഭിച്ചതും പരിണാമത്തിന്റെ പരിപൂർണ്ണ ഉത്പന്നമായ മനുഷ്യന്റെ ആവിർഭാവം വരെയുള്ള കാലഘട്ടത്തിലെ ജീവികളാണ്. അങ്ങനെയാണ് ആ വിഭാഗം സൃഷ്ടിക്കപ്പെടുന്നത്. മൂന്നാമത്തെയും അന്തിമവുമായ ഘട്ടം മനുഷ്യൻ മാത്രമുള്ള വിഭാഗമാണ്. ഈ എല്ലാ വിഭാഗങ്ങളും ഭരിക്കപ്പെടുന്നത് ഒരേ നിയമപ്രകാരമാണ്. എന്നാൽ ആദ്യത്തെ രണ്ട് വിഭാഗങ്ങളായ അജീവി ലോകവും താഴ്ന്ന ജീവികളും അടങ്ങുന്ന വിഭാഗങ്ങൾക്കിടയിൽ ഒരു തത്ത്വം എന്ന നിലക്ക് ഈ നിയമം ബോധസഹിതം വ്യക്തമായും ഒരു പ്രവർത്തനവും നടത്തുന്നില്ല. എന്നാൽ അതിന്റെ എല്ലാ സൃഷ്ടി പ്രക്രിയകളിലും ഈ തത്ത്വം ഒരു നദീ പ്രവാഹം പോലെ അയത്നലളിതമായി ഒഴുകിക്കൊണ്ടിരിക്കുന്നു. അവ മറ്റൊരു മാർഗ്ഗവും സ്വീകരിക്കാതെ പ്രകൃതി നിയമമെന്താണോ അനുശാസിക്കുന്നത് അതനുസരിച്ച് പ്രവർത്തിക്കുന്നു. എന്നാൽ താരതമ്യേന ഉയർന്ന ജീവിവിഭാഗങ്ങളിൽ പെട്ടതും മനുഷ്യന്ന് കീഴെയുള്ളതുമായ ജീവികളുടെ കാര്യത്തിൽ അവ തങ്ങളുടെ അഭിപ്രായങ്ങൾ (ഇച്ഛകൾ) അജീവികളെപ്പോലെ (ജീവനില്ലാത്ത വസ്തുക്കളെപ്പോലെ) അബോധാത്മകമായി (Unconsciously) രൂപീകരിക്കുന്നില്ല. മറിച്ച് ആ ജീവികളുടെ സഹജാവബോധം (Intuition) അനുസരിച്ചായിരിക്കും അഭിപ്രായങ്ങൾ എടുക്കുക. സഹജാവബോധം മനു

ഷ്യനിലെത്തുമ്പോൾ അബോധത്തിന്നും പൂർണ്ണ ബോധത്തിന്നും ഇടയിലുള്ള ഒരവസ്ഥയിലാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. തിരഞ്ഞെടുക്കാനുള്ള അവസരം നൽകപ്പെട്ട ഒരു ജീവിയായി ആദ്യമായിട്ടാണ് നാം മനുഷ്യനെ കാണുന്നത്. മനുഷ്യന്ന് തിരഞ്ഞെടുക്കാനുള്ള ശേഷി നൽകപ്പെട്ടതിൽ പിന്നെ സഹജാവബോധത്തിന്റെ പാത ദീർഘനാൾ അവൻ നിർബന്ധപൂർവ്വം പിന്തുടർന്നില്ല. എല്ലാ ജീവികളുടേയും കൂട്ടത്തിൽ മനുഷ്യന്ന് മാത്രമാണ് ബോധപൂർവ്വം അഭിപ്രായം (Conscious Decisions) രൂപീകരിക്കാനുള്ള കഴിവ് നൽകപ്പെട്ടത്. മനുഷ്യന്ന് കേവല നീതിയുടെ പാത പിന്തുടരണമോ അതല്ല മാർഗ്ഗഭ്രംശത്തിന്റെയോ അനീതിയുടേയോ പാത സ്വീകരിക്കണമോ എന്ന് സ്വതന്ത്രമായി തീരുമാനിക്കാവുന്നതാണ്.

## സന്തുലനത്തിന്റേയും തുലമാനത്തിന്റേയും സൃഷ്ടിക്ക് കാരണഭൂതമായ നിയമതത്ത്വം

കേവല നീതിയുടെ തത്ത്വം മനുഷ്യ ജീവിയുടെ ലോകത്ത് നടപ്പാക്കുമ്പോൾ സ്വതന്ത്ര ഇച്ഛ (തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം) എന്ന പുതിയ ഒരു ഘടകം കൂടി ചേർക്കപ്പെടുന്നു. മനുഷ്യന്ന് ദൈവം നൽകിയ സ്വതന്ത്ര ഇച്ഛയെ ദുഷിച്ച മാർഗ്ഗം അവലംബിച്ചുകൊണ്ട് അവൻ ദുരുപയോഗം ചെയ്താൽ മനുഷ്യന്ന് തന്റെ ജീവിതയാത്രയിൽ ഉയർന്ന നേട്ടങ്ങൾ കൈവരിക്കാൻ സാധ്യമല്ല. അങ്ങനെ വന്നാൽ അവൻ തന്റെ പ്രയാണം പിറകോട്ടടിക്കുകയും അവന്റെ പ്രഭവസ്ഥാനമായ താഴ്ന്ന സ്ഥാനത്തേക്ക് കൂപ്പ്കുത്തുകയും ചെയ്യുന്നു. പ്രകൃതിപരമായ ഈ പരിണാമ പ്രക്രിയയാണ് ഈ ഖുർആൻ വചനങ്ങളിൽ ആവിഷ്ക്കരിക്കപ്പെടുന്നത്.

لَقَدْ خَلَقْنَا الْإِنْسَانَ فِيْٓ اَحْسَنِ تَقْوِيْمٍ ۝٥ ثُمَّ رَدَدْنٰهُ
اَسْفَلَ سٰفِلِيْنَ ۝٦ اِلَّا الَّذِيْنَ اٰمَنُوْا وَعَمِلُوا الصّٰلِحٰتِ
فَلَهُمْ اَجْرٌ غَيْرُ مَمْنُوْنٍ ۝٧

*നാം മനുഷ്യനെ ഏറ്റവും അനുയോജ്യമായ സ്ഥിതിയിൽ സൃഷ്ടിച്ചിരിക്കുന്നു. പിന്നെ നാം അവനെ അധമനിൽ അധമനാക്കി മാറ്റുന്നു. സത്യത്തിൽ വിശ്വ*

*സിക്കുകയും സുകൃതങ്ങളനുഷ്ഠിക്കുകയും ചെയ്തവരൊഴികെ. അവർക്ക് അവസാനിക്കാത്ത പ്രതിഫലം ലഭിക്കുന്നതാണ്.*
*(വിശുദ്ധ ഖുർആൻ 95: 5–7)*

'അവസാനിക്കാത്ത പ്രതിഫലം' എന്നത് കൊണ്ട് അർത്ഥമാക്കുന്നത് അഖണ്ഡമായ, അനുസ്യൂതം തുടരുന്ന ആത്മീയവും ധാർമികവുമായ ഒരു തരം പരിണാമത്തെ കുറിച്ചാണ്. *തഖ്‌വീം* (تَقْوِيمٍ) എന്ന പദത്തിന്റെ അർത്ഥം എന്തിനെയെങ്കിലും തുടർച്ചയായി ശരിയായ പുരോഗമ രീതിയിലേക്ക് കൊണ്ടുവരിക എന്നതാണ്. *അൽ മുൻജദ്* (ഒരു അറബി നിഘണ്ടു) പ്രകാരം *തഅ്ദിൽ* എന്നും അർത്ഥമുണ്ട്. ആ പദം 'നീതിയുടെ പ്രയോഗം' എന്നും പരാവർത്തനം ചെയ്യാവുന്നതാണ്.

ഖുർആനിലെ ഈ വചനങ്ങൾ മനുഷ്യനിലേക്ക് നയിക്കുന്ന ജീവികളുടെ പരിണാമ പൂർത്തീകരണ പ്രക്രിയയിലേക്ക് സൂചന നൽകുന്നു. ഈ വചനങ്ങൾ മനുഷ്യന്റെ ധൈഷണികവും ധാർമികവുമായ പരിണാമത്തെയും ഉൾക്കൊള്ളുന്നു. താഴ്ന്ന ധിഷണയുള്ള ജീവികൾ അവയുടെ പരിണാമ വികാസത്തിന്നനുസരിച്ച് കൂടുതൽ ധിഷണാശേഷിയുള്ള ജീവികളായി പരിണമിക്കുന്നു. ഈ ഒരു പരിണാമ പ്രക്രിയ അനിവാര്യമായും സൃഷ്ടിയുടെ ആരംഭഘട്ടത്തിൽ തന്നെ ദൈവം തുടങ്ങി വെച്ച നീതി എന്ന ഉപാധിയിലൂടെ ആയിരുന്നു. കേവലനീതി എന്ന ഇതേ തത്ത്വത്തിന്റെ പ്രയോഗത്തിലൂടെ തന്നെയാണ് ജീവൻ ആരംഭിച്ച് വികസിക്കാൻ തുടങ്ങിയത്. അങ്ങനെ ആരംഭിച്ച ജീവൻ ഘട്ടംഘട്ടമായ വികാസ പരിണാമത്തിലൂടെ അവസാനത്തെ സ്ഥാനം വരെ എത്തി.

*'അഹ്സനി തഖ്‌വീം'* എന്ന ഖുർആനിക പ്രയോഗം ജീവിപരിണാമം ഏറ്റവും നല്ല രീതിയിലാണ് നിർവ്വഹിക്കപ്പെട്ടത് എന്ന വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. പരിണാമം അതിന്റെ എല്ലാ ഘട്ടത്തിലും മികവിലേക്ക് ചുവട് വെക്കാത്തതായിരുന്നില്ല. സ്പഷ്ടമായും ഖുർആന്റെ ഈ ഒരു പ്രയോഗം അന്ധമായ പരിണാമത്തെ നിരാകരിക്കുകയാണ് ചെയ്യുന്നത്.

ഈ പ്രതിഭാസം മനുഷ്യനിൽ നിരീക്ഷിക്കപ്പെടുമ്പോൾ, മനുഷ്യൻ ബോധപൂർവ്വം സ്വേച്ഛയാൽ എടുക്കുന്ന നീതിപൂർവ്വവും ന്യായ യുക്തവുമായ തീരുമാനങ്ങളെ ഖുർആൻ '*തഅ*

*ദിൽ*' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം 'നീതിയുടെ പ്രയോഗം' എന്നാണ്. ആയതിനാൽ താഴ്ന്ന ജീവികളിൽ നിന്നും ഉയർന്ന ജീവികളിലേക്ക് നയിക്കുന്ന ദൈവത്തിന്റെ സൃഷ്ടിജാലങ്ങളുടെ മുഴുവൻ പരിണാമ പ്രക്രിയയും *തഖ്‌വീം* നെയും *തഅ്ദിൽ* നെയും ആശ്രയിച്ചു നിൽക്കുന്നു.

ദശലക്ഷക്കണക്കിന്ന് വർഷങ്ങളായി അനുശീലനം ചെയ്യപ്പെടുകയും പരിചരിക്കപ്പെടുകയും ചെയ്തതാണ് മനുഷ്യന്റെ പരിണാമം. ഇപ്പോൾ ഉന്നയിക്കപ്പെടുന്ന ചോദ്യമിതാണ്: അതായത് മനുഷ്യന്റെ ഈ പരിണാമയാത്രയിൽ അടുത്ത ഘട്ടം എന്നൊന്നുണ്ടെങ്കിൽ, അത് എന്തായിരിക്കും? മനുഷ്യപരിണാമം അവസാനിച്ചുവോ? അതല്ലെങ്കിൽ അനന്തമായ പരിണാമപ്രയാണത്തിലേക്ക് ഇപ്പോഴും പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയ മാത്രമാണോ ഇപ്പോഴത്തെ അവസ്ഥ?

നീതിയുടെ അനുഗ്രഹത്താൽ വിസ്മയകരമായ അത്തരം പുരോഗതി ഈ കാലഘട്ടത്തിനിടയിൽ മനുഷ്യൻ കൈവരിച്ചെങ്കിൽ അതിന്റെ വിപരീതാവസ്ഥയിൽ അധ:പതനവും ഉണ്ടാവാമെന്ന് സാമാന്യബുദ്ധി ആവശ്യപ്പെടുന്നു. അതായത് നീതിയുടെ നിഷേധം കൊണ്ട് അത് വിപരീതമായ ഫലങ്ങൾക്ക് കാരണമാകും. അതായത് നീതിയുടെ നിഷേധം കൊണ്ട് അവന്റെ പരിണാമ ജീവിതഗതിയിൽ പ്രാക്തനമായ കാലഘട്ടത്തിലെ പ്രാകൃതാവസ്ഥയിലേക്ക് മനുഷ്യൻ തിരിച്ചു പോകേണ്ടി വരും. തീർച്ചയായും മനുഷ്യന്റെ കായിക പരിണാമ വികാസത്തിന് ഒരിക്കലും പിറകോട്ടടിക്കാൻ സാധ്യമല്ല. എന്നാൽ അവന്റെ ധൈഷണികവും ധാർമികവുമായ അവസ്ഥയിലും അവന്റെ പഞ്ചേന്ദ്രിയങ്ങളുടെ പൂർണതയിലും ഈ വിപരീതാവസ്ഥ സംഭവിക്കാം. അവൻ സാധാരണ മാനുഷാവസ്ഥയിൽ നിന്നും അപചയപ്പെട്ട് തലതിരിഞ്ഞ സമീപനങ്ങളിലേക്കും മൃഗസമാനമായ പെരുമാറ്റങ്ങളിലേക്കും രൂപാന്തരപ്പെടാൻ സാധ്യതയുണ്ട്.

രണ്ടാമത്തെ രംഗം പരിണാമത്തിന്റെ ഉച്ചസ്ഥായിയിൽ ഒരിക്കൽ അവരോധിക്കപ്പെട്ട മനുഷ്യൻ അവന് മുമ്പിൽ തുറക്കപ്പെട്ട തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടതാണ്. മനുഷ്യൻ തന്റെ പരിണാമദശകളിൽ നിന്നും അവൻ

പഠിച്ചെടുത്ത വിവേകം പ്രകടിപ്പിക്കുകയാണെങ്കിൽ, ദശലക്ഷ ക്കണക്കിന്ന് വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന പരിണാമ ത്തിൽ അവൻ കേവല നീതിയുടെ സാരസർവ്വസ്വമാണെന്ന് സ്വയം തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിൽ പിന്നീടവൻ തനിക്ക് വേണ്ടി പരിണാമഗതിയുടെ ഒരു പട്ടിക തയ്യാറാക്കട്ടെ. ആ പട്ടികക്ക് ഒരിക്കലും തന്നെ നീതിയുടെ അധീശത്വം അവഗണിക്കാൻ സാദ്ധ്യമല്ല. ഇവിടെ മനുഷ്യന്റെ പരിണാമം നിലക്കാൻ പോ കുന്നില്ല. അത് ഒരിക്കലും നിന്നുപോകാത്തവിധം സ്ഥിരത യോടെ സാവകാശം മുന്നോട്ടു ഗമിച്ചുകൊണ്ടിരിക്കും. അത് താഴ്ന്ന ജീവിക്രമത്തിൽ നിന്നും ഉയർന്ന ജീവിശ്രേണിയിലേക്ക് മനുഷ്യനെ ഉയർത്തിക്കൊണ്ട് പോകും. ഈ പരിണാമവും ഇതിന്ന് മുമ്പത്തെ പരിണാമവും തമ്മിലുള്ള ഒരേയൊരു വ്യത്യാസം മുൻപത്തെ പരിണാമം മുഖ്യമായും കായികവും മാനസികവുമായിരുന്നു. പിന്നീടുള്ള പരിണാമം മാനസികവും ആത്മീയവുമായിരിക്കും എന്ന് മാത്രം. മാനസിക പരിണാമം എന്നത് മനുഷ്യന്റെ അഞ്ച് ഇന്ദ്രിയങ്ങളുടേയും പരിണാമം ഉൾക്കൊള്ളുന്നതാണ്.

ആ അധ്യായത്തിലെ തുടർന്നുള്ള വചനങ്ങൾ ഈ വിഷ യത്തിലേക്ക് കൂടുതൽ വെളിച്ചം പകരുകയും ഈ പ്രശ്ന ത്തിന് പരിഹാരം നിർദ്ദേശിക്കുന്നതുമായിരിക്കും. ഈ അധ്യായ ത്തിൽ ഖുർആൻ ഉയർത്തുന്ന ആദ്യത്തെ ചോദ്യം നാം ചർച്ച ചെയ്തു കഴിഞ്ഞു. മനുഷ്യൻ നീതിയുടെ തത്ത്വം കൈവെടി ഞ്ഞാൽ തന്റെ പ്രാഥമികമായ പ്രാകൃതാവസ്ഥയിലേക്ക് ആപ തിക്കുമെന്ന അപകടത്തെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്.

ثُمَّ رَدَدْنٰهُ اَسْفَلَ سٰفِلِيْنَ ۙ﴿٦﴾

*പിന്നെ നാം അവനെ അധമനിൽ അധമനാക്കി മാറ്റുന്നു.*
*(സൂറ: അത്തീൻ 95:6)*

മേൽ വചനത്തിലെ *അസ്ഫല സാഫിലീൻ* എന്ന അറബി പ്രയോഗം അധമരിൽ അധമൻ എന്ന് വിവർത്തനം ചെയ്യാം. എന്നാൽ ഈ വചനത്തിൽ മനുഷ്യന്റെ കായികമായ അവക്ര മണത്തിലേക്ക് (Devolution. പരിണാമ വികാസത്തിന്റെ നേർവിപ രീത ദിശയിലേക്കുള്ള അധോഗമനം) പോകുമെന്നോ അമീബ

യോ അല്ലെങ്കിൽ അതിനേക്കാൾ ചെറിയ ജീവിരൂപങ്ങളിലേക്കോ തിരിച്ചുപോകുമെന്നോ സൂചനയില്ല.

അതേ സമയം അല്ലാഹുവിൽ വിശ്വസിക്കുകയും സൽക്കർമ്മ ങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് ഒരിക്കലും നില ക്കാത്ത പുരോഗതിയിലേക്ക് നയിക്കുന്ന പ്രതീക്ഷയുടെ ഒരു വാതായനം തുറന്നു കിടപ്പുണ്ട്. അതായത്; ആത്മീയ പരി ണാമത്തിലേക്കുള്ള അവരുടെ പ്രയാണം ഒരിക്കലും തന്നെ അവസാനിക്കുന്നില്ല. നാം ഓർക്കേണ്ട ഒരു സംഗതി, നീതിയുടെ പ്രവർത്തനമാണ് സൽക്കർമ്മങ്ങളുടെ അടിസ്ഥാനം പ്രദാനം ചെയ്യുന്നത് എന്നാണ്. നീതിയുടെ അഭാവത്തിൽ ഒരു കർമ്മവും സൽക്കർമ്മമാണെന്ന് ഗണിക്കാൻ സാധ്യമല്ല. അനശ്വരമായ പുരോഗതിയിലേക്കുള്ള പ്രയാണം ഗുണപ്രദമാകണമെന്ന് ആഗ്ര ഹിക്കുന്നവർക്ക് ഏറ്റവും ചുരുങ്ങിയത് ഈ യോഗ്യതയെ ങ്കിലും ഉണ്ടായിരിക്കണമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. എങ്കിലും അതിലേക്ക് കൂടുതലായ മറ്റു പല വസ്തുതകളുമുണ്ട്. നീതി യുടെ ഗുണം ചേർക്കപ്പെടുമ്പോൾ അത് സൽക്കർമ്മങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ സഹായകമാവുന്നു. അത് സൽക്കർമ്മങ്ങളുടെ സമുന്നത നിലവാരത്തിലേക്ക് ഉയർത്ത പ്പെടുന്നു. അതിന്ന് ശേഷം വരുന്ന '*അജ്റും ഖൈറു മംനൂൻ*' (സൂറ: അത്ത്വീൻ 95:7) എന്ന വചനം സൂചിപ്പിക്കുന്നത് എത്ര ത്തോളം മനുഷ്യൻ സൽക്കർമ്മങ്ങൾ ചെയ്യുന്നുവോ അത്ര ത്തോളം അവന്നുള്ള പ്രതിഫലം നിഷേധിക്കപ്പെടുകയില്ല എ ന്നാണ്. ഉന്നതമായ ലക്ഷ്യങ്ങളിലേക്ക് എത്തിച്ചേരുന്നത് വരെ അത് പുരോഗമിച്ചു കൊണ്ടിരിക്കും എന്നത് അവന്റെ പ്രതി ഫലമായിത്തീരുന്നു.

നാം ചർച്ച ചെയ്യുന്ന വിഷയത്തിന്റെ ഈ വശത്തിന്ന് ഇപ്പോൾ ഒരു പരിധിവരെ വ്യക്തത വന്നിട്ടുണ്ടാവും എന്ന് കരുതുന്നു. എന്നാൽ നാം ഈ വീക്ഷണം അംഗീകരിക്കുമ്പോൾ തന്നെ സ്വഭാവികമായും ഉയരുന്ന ചോദ്യം മനുഷ്യൻ അവന്റെ ഏറ്റവും താഴ്ന്ന പ്രാഥമിക അവസ്ഥയിലേക്ക് തിരിച്ചുപോകും എന്ന തിന്റെ അർത്ഥമെന്താണ്? ചില മധ്യകാല മുസ്‌ലിം പണ്ഡി തന്മാരുടെ അഭിപ്രായപ്രകാരം തീർച്ചയായും മനുഷ്യൻ ചില താഴ്ന്ന ജീവികളായി മാറിയിട്ടുണ്ട് എന്നാണ്. അതിന്നായി

അവർ ചില ഖുർആൻ വചനങ്ങൾ തികച്ചും അക്ഷരാർത്ഥത്തിൽ എടുക്കാറുണ്ട്. നിശ്ചയമായും മനുഷ്യൻ കുരങ്ങിന്റെയും പന്നികളുടെയും മാത്രമല്ല ചിലപ്പോൾ കഴുതകളുടെ പോലും രൂപത്തിൽ മാറിയിട്ടുണ്ടെന്നാണ് അവർ കരുതുന്നത്!

ഈ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ചില വിചിത്ര കഥകൾ പ്രചരിക്കുന്നുണ്ട്. ഉദാഹരണത്തിന്ന് വിശുദ്ധ ഖുർആനിലെയും ഹദീസിലെയും ഏതാനും വചനങ്ങൾ ഇതിന്നായി ദുർവ്യാഖ്യാനിക്കപ്പെടാറുണ്ട്. ഒരു സാങ്കൽപ്പിക പട്ടണത്തിലെ ചില അക്രമികളായ യഹൂദന്മാർ കുരങ്ങുകളായും ചിലർ പന്നികളായും രൂപം മാറിയ കഥയും പറയാറുണ്ട്. തീർച്ചയായും അവർക്ക് ആ പട്ടണത്തിന്റെ പേര് പറയാൻ സാധ്യമല്ല. കാരണം ചരിത്രപരമായി അത് നിലനിൽക്കുന്നില്ല. മാത്രമല്ല, എങ്ങനെയാണ് പ്രകൃതിയിലെ പ്രജനനപ്രത്യുൽപ്പാദനപരമായ ഈ പ്രതിഭാസം അക്രമകാരികളായ ഈ സമൂഹത്തിൽ പ്രവർത്തിച്ചതെന്ന് അവർക്ക് വിവരിക്കാൻ സാധിക്കുന്നില്ല. അവർ പറയുന്നത് ഒരു സുപ്രഭാതത്തിൽ രൂപമാറ്റം വന്ന അവരെല്ലാം പൊടുന്നനെ മരണപ്പെട്ടു എന്നാണ്. ആ നിർഭാഗ്യകരമായ പട്ടണത്തോടൊപ്പം യാതൊന്നും അവശേഷിക്കാത്തവിധം അപ്രത്യക്ഷമാവുകയാണുണ്ടായത്. പാവം പുരാവസ്തു ഗവേഷകർക്ക് പോലും ഖനനം ചെയ്തു നോക്കാൻ യാതൊരു അടയാളവും അവശേഷിക്കാത്ത വിധമാണ് അത് സംഭവിച്ചത്!

പുരാതന പണ്ഡിതന്മാരുടെ കൂട്ടത്തിൽ മുജാഹിദ് എന്ന് പേരുള്ള പണ്ഡിതനാണ് ശരിയായ ഉത്തരം നൽകിയത്. അതായത് ദൈവം ഒരിക്കലും അവരെ യഥാർത്ഥ കുരങ്ങന്മാരായി മാറാനുള്ള കൽപനയല്ല നൽകിയത് എന്നാണ് അദ്ദേഹത്തിന്റെ വിശദീകരണം. വിഡ്ഢികളും ലജ്ജയില്ലാത്തവരുമായ ഈ ജനതയുടെ ഗുണവിശേഷമായാണ് കുരങ്ങന്മാരും പന്നികളും എന്ന് നിന്ദിച്ച് പറഞ്ഞത്.[1] *അസ്ഫല സാഫിലീൻ* എന്നത് അവരുടെ കായികമായ രൂപപരിണാമത്തെ കുറിച്ചല്ല. കുരങ്ങന്മാരും പന്നികളും തീർച്ചയായും ജീവികളിൽ ഏറ്റവും താഴ്ന്ന ശ്രേണിയിലുള്ളവരല്ല. അവർക്ക് താഴെ ദശലക്ഷക്കണക്കിന്ന് താഴ്ന്ന ജീവികളുണ്ട്.

മനുഷ്യന് കേവലനീതി സ്വീകരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കുന്നു. അങ്ങനെ

പറയുമ്പോൾ തന്നെ ഇത് സംബന്ധിച്ച് മനുഷ്യന്ന് പരിധി യില്ലാത്ത സ്വാതന്ത്ര്യം നൽകപ്പെട്ടു എന്ന് നാം തീർച്ചയായും അർത്ഥമാക്കുന്നില്ല. വാസ്തവത്തിൽ മനുഷ്യബോധത്തിന്റെ ചെറിയ നിയന്ത്രണം പോലുമില്ലാതെ കേവല നീതിയുടെ തത്ത്വം പല മേഖലകളിലും സ്വയം പ്രവർത്തനനിരതമാണ്. ആ പ്രകൃതി ശക്തികളുടെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തു വാനുള്ള യാതൊരു ശക്തിയും മനുഷ്യനില്ല. എല്ലാ ജീവരൂപ ങ്ങളും നിർമ്മിച്ചിരിക്കുന്ന ജീവന്റെ അടിസ്ഥാന ഘടകങ്ങളെ പ്രതിപാദിച്ചു കൊണ്ട് ഇത് നന്നായി വിശദീകരിക്കാൻ കഴി യും. ജീവന്റെ ഓരോ അടിസ്ഥാന ഘടകത്തിന്നും വിപുലവും സങ്കീർണ്ണവുമായ സ്വഭാവരൂപീകരണ ഉപാധികളുണ്ട്. ജീവന്റെ അടിസ്ഥാന കോശങ്ങളുടെ സൂക്ഷ്മ ലോകത്ത് മനുഷ്യന്ന് അൽപ്പം മാത്രമേ ഇടപെടാൻ സാധ്യമാവൂ. അതിനാൽ താഴ്ന്ന ജീവികളായി മനുഷ്യൻ അധ:പതിക്കും എന്നതിന്റെ മറ്റൊരർത്ഥം മനുഷ്യനിൽ ഉണ്ടാകാൻ സാധ്യതയുള്ള മാനസിക കഴിവു കളുടെ അപഭ്രംശമാണ്. മനസ്സിന് അത്തരം അപഭ്രംശം സം ഭവിക്കുന്ന മനുഷ്യർക്ക് അവരുടെ മനസ്സിന്മേലുള്ള നിയന്ത്രണം നഷ്ടമാകുന്നു. അത്തരം ആളുകൾ താഴ്ന്ന ജീവികളെപ്പോലെ പെരുമാറുന്നു. ഈ സാമ്യതകൾ കായികം എന്നതിനേക്കാളേറെ മാനസികമാണ്. അതിന്റെ സാധ്യതകൾ ഏറെക്കുറെ പരിധി കളില്ലാത്തതുമാണ്. ഭ്രാന്തനായ മനുഷ്യൻ പട്ടിയെ പോലെയും പന്നിയെ പോലെയും പെരുമാറുകയും ഭാവിക്കുകയും ചെയ്യും. അല്ലെങ്കിൽ അതിനേക്കാൾ താഴ്ന്ന ജീവികളെ അനുകരിക്കു കയും ചെയ്യുമല്ലോ.

മനുഷ്യജീവിതം ഇക്കാലത്ത് പോലും *തഖ്‌വീം* ന്റെ മഹ ത്തായതും വിശാലമായതുമായ വ്യവസ്ഥയാണ് ഭരിച്ചു കൊണ്ടി രിക്കുന്നത്. സൗഭാഗ്യകരമായിട്ടുള്ള കാര്യം എന്താണെന്ന് വെ ച്ചാൽ ഈ ബൃഹത്തായ പദ്ധതിയിൽ ഉപരിതലത്തിലല്ലാതെ മനുഷ്യന്ന് ഈ വ്യവസ്ഥയിൽ ഇടപെടാൻ സാദ്ധ്യമല്ല എ ന്നുള്ളതാണ്. മനുഷ്യൻ അവന്റെ ധാർമിക ജീവിതത്തിൽ ലംഘ നങ്ങൾ നടത്തി താഴ്ന്ന ഗണത്തിലുള്ള ജീവിവർഗ്ഗങ്ങളുടെ സ്വഭാവത്തേക്കാൾ ഹീനമായ നിലയിലേക്ക് പതിക്കുന്നു. അങ്ങനെ മൃഗസ്വഭാവമുള്ള മനുഷ്യൻ ആവിർഭവിക്കുകയും ചെയ്യുന്നു.

വാസ്തവത്തിൽ *അസ്ഫല സാ ഫിലീൻ* എന്ന ഈ ഖുർആനിക തത്ത്വം ആ മേഖലയിൽ മാത്രം നമുക്ക് പൂർണ്ണമായും പ്രയോഗിക്കാൻ സാധിക്കും എന്ന് ഉറപ്പായും പറയാനാവും. മനുഷ്യന് അവന്റെ സഹജീവികളായ മനുഷ്യനെതിരെ അവകാശലംഘനങ്ങളുടെ സകല സീമകളും അതിലംഘിക്കാനാകും. അങ്ങനെ അവന് അതിശയകരമാം വിധം മൃഗത്തേക്കാൾ മൃഗീയനാകാൻ സാധിക്കും.

നമ്മെ സംബന്ധിച്ചിടത്തോളം പ്രധാനമായുള്ളത്, മനുഷ്യന്ന് ഇടപെടാൻ കഴിയുന്ന ജീവിതത്തിന്റെ മേഖല വേർതിരിച്ചറിയുക എന്നതാണ്. *അസ്ഫല സാഫിലീൻ* പ്രവർത്തിക്കാൻ കഴിയുക ആ മേഖലയുടെ അതിരുകൾക്കുള്ളിൽ മാത്രമാണ്. മനുഷ്യനേക്കാൾ താഴ്ന്ന ജീവികളുടെ പെരുമാറ്റം കാണിക്കുന്നത് മൃഗങ്ങളുടെ സ്വഭാവം അധികമായും ഭരിക്കപ്പെടുന്നത് ജന്മവാസനകൊണ്ടാണ് എന്നാണ്. അവയുടെ ദൈനംദിന ജീവിതത്തിൽ മാനസികപ്രവർത്തനത്തിന്നും അഭിപ്രായ രൂപീകരണത്തിന്നും കുറഞ്ഞ പങ്ക് മാത്രമേ ഉള്ളൂ എന്നാണ്. അവയുടെ ജീവിതത്തെ സ്വാധീനിക്കുന്ന ഒരു ജീവിത സംഹിതയും മൃഗങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല. ഏറെക്കുറെ എല്ലാ കാര്യങ്ങളും സഹജാവബോധത്തിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹിക്കപ്പെടുന്നത്. എന്നാൽ അവരുടെ ജീവിതത്തിന്റെ എല്ലാ മേഖലകളും പ്രകൃതി നിയമത്താലാണ് ഭരിക്കപ്പെടുന്നത്. അത് പിന്തുടരാൻ അവർ നിർബന്ധിതരാണ്. ഉദാഹരണത്തിന് മൃഗങ്ങൾക്ക് അവയുടെ നിലനിൽപ്പിന്ന് ഒരു പ്രത്യേകതരം ഭക്ഷണമാണ് ആവശ്യമെങ്കിൽ, ആ ഭക്ഷണം ലഭ്യമാകാൻ ആവശ്യമായ കാര്യങ്ങൾ അത് ചെയ്യും. അവരുടെ വേട്ടരീതിക്ക് ഒരു വിധത്തിലുള്ള സംഹിതയും യാതൊരു വിലക്കുകളോ നിബന്ധനകളോ വെച്ചിട്ടില്ല. അവരോട് ഇന്ന ആഹാരം സമ്പാദിക്കാൻ പാടില്ല ഇന്നത് അനുവദനീയമാണ് എന്ന് ആർക്കും പറയാനാവില്ല. അവരുടെ നിലനിൽപ്പിന്ന് മറ്റൊരു മൃഗത്തെ കൊല്ലുന്നത് ഒരിക്കലും തന്നെ നീതിയുടെ ലംഘനമായി കണക്കാക്കപ്പെടുന്നില്ല. അവയുടെ മിതത്ത്വ ശീലം ഒരിക്കലും തന്നെ നീതിയുടെ പ്രകടനമായി ആരും ഗണിക്കുകയുമില്ല.

അത്പോലെ മൃഗങ്ങളുടെ ജീവിതത്തിൽ യാതൊരു വിധ ഉത്തരവാദിത്വങ്ങളോ ജീവിതസംഹിതകളോ ഇല്ല. അത്കൊണ്ട് മനു

ഷ്യധാരണയുടെ അടിസ്ഥാനത്തിൽ അദ്ൽ എന്ന വിഷയം അപ്രസക്തമായ മേഖലകളിൽ പോലും *ഖവ്വാം, തഖ്‌വീം* എന്നീ സാങ്കേതിക പദങ്ങൾ വിശാലാർത്ഥത്തിൽ പ്രയോഗിക്കാവുന്നതാണ്. മേൽ പ്രസ്താവിച്ച സാങ്കേതിക പദങ്ങളുടെ പ്രയോഗത്തിലുള്ള വ്യത്യാസങ്ങൾ വ്യവഛേദിച്ച് മനസ്സിലാക്കുന്നത് ആ മേഖലയിലുള്ള ആശയക്കുഴപ്പം ഒഴിവാക്കാനും ആ മേഖലകൾ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാനും ഉതകും. .

എവിടെയാണോ മൃഗങ്ങൾ ഇടപെടുമ്പോൾ അവർക്ക് ബോധപൂർവ്വം സന്തുലനത്തിന്റേയും തുലമാനത്തിന്റേയും പ്രാധാന്യം സാക്ഷാത്ക്കരിക്കാൻ കഴിവില്ലാതാവുന്നത് അത്തരം സന്ദർഭങ്ങളിലെല്ലാം സന്തുലനം സ്ഥാപിക്കുന്ന ഒരു പ്രവർത്തിയാണ് *തഖ്‌വീം* എന്ന് നാം ഓർക്കേണ്ടതുണ്ട്. എങ്കിലും മനുഷ്യന്ന് *തഖ്‌വീം* ആവശ്യമുള്ളതാണ്. അതുകൊണ്ട് *തഖ്‌വീം* എന്നത് വിവിധങ്ങളായ പ്രകൃതി നിയമങ്ങളിലൂടെ പ്രകടമാവുന്ന ദൈവത്തിന്റെ ഒരു പ്രവൃത്തിയായി കാണേണ്ടതുണ്ട്. അതായത്, മനുഷ്യന്റെ ജീവിത പുരോഗതിക്ക് വലിയ തോതിൽ കാരണമാകുന്ന മധ്യമാർഗ്ഗത്തിൽ ജീവിതത്തെ ബന്ധിച്ച് നിർത്തിയത് ദൈവത്തിന്റെ ഈ പ്രകൃതി നിയമങ്ങളാണ്.

ജീവന്റെ എല്ലാ പ്രയാണങ്ങളും മനുഷ്യനെ ലക്ഷ്യം വെച്ചുള്ളതാണ്. അതിനാൽ അല്ലാഹുവിന്റെ വിധിക്ക് വിധേയമായിട്ടുള്ള *തഖ്‌വീമി* ന്റെ അന്തിമ സ്ഥാനത്തേക്കുള്ള ചലനഗതി കൃത്യമായി നിർവചിച്ചിട്ടുള്ളതും വ്യക്തമായി സംവിധാനിച്ചിട്ടുള്ളതുമാണ്.

മനുഷ്യന് തന്റെ പരിണാമ ഘട്ടത്തിലേക്ക് പ്രവേശിക്കുന്ന സുദീർഘമായ പരിണാമ പ്രയാണത്തിൽ നിന്നും ലഭിച്ച വാക്കുകൾക്കതീതമായ പാഠങ്ങൾ മനുഷ്യജീവിതത്തിന്റെ ഓരോ ചുവട് വെപ്പിന്നും മാർഗ്ഗദർശകങ്ങളാണ്. അവിടെ നിന്നും പരിസ്ഥിതി കുടുംബം ഗോത്രം മുതലായ സ്വാധീനങ്ങൾ മനുഷ്യനെ മധ്യമാർഗ്ഗത്തിൽ നിന്നും തെറ്റിച്ചു കളയാനാണ് ശ്രമിച്ചത്. ഈ സ്വാധീനങ്ങളെ പ്രതിരോധിക്കാൻ മനുഷ്യന്റെ ഭാഗത്ത് നിന്നുള്ള ബോധപൂർവമായ ശ്രമത്തെയാണ് വിശുദ്ധ ഖുർആൻ *തഅ്ദീൽ* എന്ന് വിശേഷിപ്പിച്ചത്.

മനുഷ്യൻ മധ്യമാർഗ്ഗത്തിൽ ചേർന്ന് നിൽക്കാനോ അല്ലെങ്കിൽ ആ മാർഗ്ഗത്തിൽ നിന്നു വ്യതിചലിക്കാനോ തനിക്ക് ബോധപൂർവ്വം ഒരു തീരുമാനമെടുക്കാനുള്ള ഘട്ടം സമാഗതമായി. എന്നിരുന്നാലും ഒരു വ്യവസ്ഥക്കുള്ളിൽ നിന്നുകൊണ്ട് മനുഷ്യനിൽ എന്താണ് സംഭവിക്കുന്നതെന്ന് അവന്റെ ബോധജ്ഞാനത്തിന്ന് അറിയാതെ *തഖ്‌വീം* അക്ഷോഭ്യമായി പ്രവർത്തനം തുടരുന്നു. ഭാഗ്യവശാൽ ആന്തരഭാഗത്ത് പ്രവർത്തിക്കുന്ന *തഖ്‌വീം* ന്റെ പ്രവർത്തനഗതിയിൽ മനുഷ്യന്ന് ഇടപെടാൻ സാധ്യമല്ല. മനുഷ്യൻ തന്റെ ആരോഗ്യത്തിൽ ആകസ്മികമായോ ബോധപൂർവ്വമായോ നീതി പുലർത്തുന്നതിൽ പരാജയപ്പെട്ട് രോഗിയായാൽ മാത്രമേ അവന്ന് ഉപരിപ്ലവമായി അതിൽ ഇടപെടാൻ സാധിക്കൂ. അവഗണന കൊണ്ടോ അപകടം മൂലമോ അവന്റെ ആന്തരാവയവങ്ങളിൽ ഒന്നിന്റെ ചെറിയ ഒരു ഭാഗത്തിന്ന് ക്ഷതം സംഭവിച്ചാൽ, അക്കാരണം കൊണ്ട് ഒരു തരത്തിലുള്ള സന്തുലന വ്യവസ്ഥയും പ്രതിസന്തുലന വ്യവസ്ഥയും ഉള്ള മൊത്തം ആന്തര ശരീര വ്യവസ്ഥ ഒരു സ്തംഭനാവസ്ഥയിലാവുന്നു. അതിനാൽ ചെറിയ രോഗം പോലും മൊത്തം ശരീരത്തെ ബാധിക്കുകയും ശരീരത്തെ ആകെ ആതുരമാക്കിതീർക്കുകയും ചെയ്യുന്നു. മനുഷ്യന്റെ ആരോഗ്യത്തെയും ശരീരത്തിന്റെ സ്വഭാവ രീതികളേയും പരിരക്ഷിക്കാൻ മനുഷ്യന്നുള്ളിൽ പ്രവർത്തിക്കുന്ന പ്രകൃതിനിയമങ്ങൾ *തഖ്‌വീം* ന്റെ അതിദീർഘമായ പരിണാമകാലഘട്ടത്തിലെ പ്രവർത്തനഫലമായി രൂപപെട്ടതാണ്.

ജീവിലോകത്തിലെ കേവലനീതിയുടെ പിന്നിൽ പ്രവർത്തിക്കുന്ന വിവേകം തിരിച്ചറിയാൻ ഒരു പരിസ്ഥിതി വ്യൂഹത്തിന്റെ പഠനം ഗവേഷകനെ സഹായിക്കുന്നതാണ്. എന്നാൽ കേവലനീതിയുടെ ഈ തത്ത്വം പിന്നീടുള്ള കാലഘട്ടത്തിലും അനുവർത്തിക്കേണ്ടതുണ്ട്.

മനുഷ്യനും മനുഷ്യപൂർവ്വജീവികളും തമ്മിലുള്ള വിഭജന രേഖ ലളിതമായി ഇപ്രകാരമാണ്: മനുഷ്യന്ന് ലഭ്യമായ നിരവധി അവസരങ്ങളിൽ ഒന്ന് തിരഞ്ഞെടുക്കുന്നതിന്നുള്ള സ്ഥാനം പലപ്പോഴും അവന്ന് നൽകപ്പെടുന്നു. എന്നാൽ മൃഗങ്ങൾക്ക്

അത്തരം തിരഞ്ഞെടുപ്പ് സ്വാതന്ത്ര്യങ്ങളൊന്നുമില്ല. മനുഷ്യനെക്കാൾ താഴ്ന്ന ജീവിഗണത്തിൽ പെട്ട മൃഗങ്ങൾക്ക് എന്തു തന്നെ അവസരങ്ങൾ ഉണ്ടായിരുന്നാലും അവർക്ക് സ്വതന്ത്രേച്ഛക്കുള്ള പങ്ക് വളരെ കുറച്ച് മാത്രമേ ഉള്ളൂ. ഇതാണ് താഴ്ന്ന ജീവഗണത്തിൽ നിന്നും മനുഷ്യനെ വേർതിരിച്ചു നിർത്തുന്നത്. അവസരങ്ങളിൽ നിന്നും തിരഞ്ഞെടുക്കാനുള്ള ഈ സ്വാതന്ത്ര്യത്തിന്റെ മേഖല, മൃഗങ്ങളെ അപേക്ഷിച്ച് മനുഷ്യന് സവിശേഷമായ ചില ആനുകൂല്യങ്ങളും അതുപോലെ പ്രതികൂലനങ്ങളും പ്രദാനം ചെയ്യുന്നു. മനുഷ്യൻ ഈ മേഖലയിൽ കേവലനീതിയുടെ തത്ത്വങ്ങൾ സ്വീകരിക്കുകയും അത് പിന്തുടരുകയും ചെയ്താൽ അവന്ന് അറ്റമില്ലാത്ത അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. അവൻ ഈ തത്ത്വം നിരാകരിക്കുകയാണെങ്കിൽ മനുഷ്യൻ തന്റെ പ്രാക്തന ഘട്ടത്തിലേക്ക് *അസ്ഫല സാഫിലീൻ* ലേക്ക് പോകുമെന്നും താക്കീത് ചെയ്യപ്പെട്ടിരിക്കുന്നു.

### അധ്യായം 2

## പ്രപഞ്ച സൃഷ്ടിപ്പ്

താഴെ പ്രതിപാദിച്ച വിശുദ്ധ ഖുർആൻ സൂക്തങ്ങളിൽ പറഞ്ഞ തത്ത്വമനുസരിച്ച് പ്രപഞ്ചത്തിലെ എല്ലാ ഘടകങ്ങളും എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് നമുക്കിപ്പോൾ ദർശിക്കാനാവും.

وَالسَّمَاءَ رَفَعَهَا وَوَضَعَ الْمِيزَانَ ﴿٨﴾ أَلَّا تَطْغَوْا فِي الْمِيزَانِ ﴿٩﴾ وَأَقِيمُوا الْوَزْنَ بِالْقِسْطِ وَلَا تُخْسِرُوا الْمِيزَانَ ﴿١٠﴾

*ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം സ്ഥാപിക്കുകയും ചെയ്തു. നിങ്ങൾ സന്തുലനത്തെ അതിലംഘിക്കരുത്. അതിനാൽ നിങ്ങൾ നീതിപൂർവ്വം തുലമാനം നിലനിർത്തുക. നിങ്ങൾ അളവിൽ കുറവ് കാണിക്കരുത്.*

*(സൂറ: അർറഹ്മാൻ 55: 8–10)*

ഈ വചനങ്ങളിൽ അവൻ ആകാശത്തെ ഉന്നത വിതാനത്തിൽ സൃഷ്ടിച്ചിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് അവൻ സൃഷ്ടിച്ച ആകാശത്തിന്റെ ഔന്നത്യവും അതുപോലെ അതിന്റെ മഹത്വവും ചൂണ്ടിക്കാണിക്കുന്നു. ഈ രണ്ട് ഗുണങ്ങളും പൂർണ്ണമായും സന്തുലനത്തെ ആശ്രയിച്ചുള്ളതാണ്. ഈ വാനലോകം നീതിതത്ത്വത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടു എന്ന് മാത്രമല്ല ആ തത്ത്വത്തിന്റെ ഉരകല്ല് പോലെയാണ് പ്രവർത്തിക്കുന്നത്.

*മീസാൻ* എന്ന വാക്ക് നീതിയുടെ തത്ത്വവും അത് അളക്കാനുള്ള ഉപകരണങ്ങളും കൂടി ഉൾക്കൊണ്ടതാണ്. മനുഷ്യന്നുള്ള സന്ദേശം ഈ വാക്കിൽ അടങ്ങിയിരിക്കുന്നു. അതായത്, ഒരാൾ വാനലോകത്തേക്കും അതിൽ ദൈവം സൃഷ്ടിച്ചതെന്തെല്ലാമാണോ അതിലേക്കും ഒരു വേള കണ്ണയക്കുകയാണെങ്കിൽ അയാൾക്ക് അതിൽ സമ്പൂർണ്ണ സന്തുലനവും അവികലമായ സമമിതിയും (Symmetry) അല്ലാതെ മറ്റൊന്നും ദർശിക്കാൻ സധ്യമല്ല. ദൈവസൃഷ്ടിയുടെ ഈ മഹത്തായ ആസൂത്രണത്തിന്റെ സഹായത്താൽ

ഒരാൾക്ക് കേവല നീതിയുടെ യഥാർത്ഥ സാരം ഗ്രഹിക്കാൻ സാധിക്കുന്നതാണ്.

പ്രപഞ്ചമാസകലം ഐകരൂപ്യമുള്ള ഒരു നിയമത്തിന് വിധേയപ്പെട്ടു നിൽക്കുന്നു. അപ്രകാരം അതിന്റെ ഘടക ഭാഗങ്ങളെല്ലാം രമ്യ മഹിതമായ ഒരു ഘടനക്കും ചലനത്തിന്നും വേണ്ടി ഐക്യപ്പെടുകയും ചെയ്യുന്നു. വ്യത്യസ്ത ഘടകങ്ങൾ തമ്മിലുള്ള ഈ സാമഞ്ജസ്യം അല്ലെങ്കിൽ സന്തുലനം അൽപ്പമൊന്ന് പിഴച്ചെങ്കിൽ സാർവ്വത്രികമായ ക്രമരാഹിത്യമായിരിക്കും ഫലം. എന്നാൽ ലോകം നിയന്ത്രി ക്കുന്ന എല്ലാ നിയമങ്ങളും ദൈവം മനുഷ്യന്റെ കരങ്ങൾക്കതീ തമായി അവന്റെ മാത്രം നിയന്ത്രണത്തിൽ വെച്ചിരിക്കുകയാണ്. പ്രപഞ്ച നിർമിതിയിലെല്ലായിടത്തും ഈ പരമോന്നതത്ത്വം പ്രവർത്തിക്കുകയും അതിൽ സ്വാഭാവികമായിത്തന്നെ അതി ന്റെ ആക്കതൂക്കവും സന്തുലനവും ഉള്ളടങ്ങിയിരിക്കുന്നു. പ്രപഞ്ചത്തിലെവിടെയെങ്കിലും കേവലനീതിയുടെ പ്രവർത്തന ത്തിന്റെ അഭാവം ഉണ്ടാവുകയാണെങ്കിൽ തികഞ്ഞ ക്രമരാഹി ത്യമായിരിക്കും ഫലം.

അജീവി ലോകത്തെ സന്തുലനവും സമമിതിയും കേവല നീതി യുടെയും ധാർമികമായ സമദർശനത്തിന്റെയും രീതിയിലാണ് ഇവിടെ പ്രകാശിപ്പിച്ചിരിക്കുന്നത്. ഇത് പ്രപഞ്ചം സ്രഷ്ടാ വിന്റെ കരങ്ങൾ കൊണ്ടാണ് സൃഷ്ടിക്കപ്പെട്ടത് എന്ന് മാത്ര മല്ല അതേ പരമോന്നത ശക്തി തന്നെയാണ് അതിബൃഹ ത്തായ ഈ പ്രപഞ്ച സൗധത്തിന്റെ പരിപാലനവും നിര ന്തരം നിർവ്വഹിക്കുന്നത് എന്നും വ്യക്തമായ സൂചന നൽ കുന്നു. ഒരു കലാകാരന്റെ മഹിതമായ പ്രതിഭയും നൈപുണ്യ വും കൊണ്ട് മഹിഷ്ടമായ ഒരു കലാസൃഷ്ടി തിരിച്ചറിയുന്നത് പോലെ ഒരു കലാകാരന്റെ കലാസൃഷ്ടി പരിശോധിച്ചു കൊണ്ട് ഈ വസ്തുത കൂടുതൽ വിശദമാക്കാം.

പ്രപഞ്ചത്തെ പറ്റിയുള്ള അഗാധമായ പഠനം വെളിപ്പെടുത്തു ന്ന വിസ്മയകരമായ വസ്തുത എന്തെന്നാൽ, പ്രപഞ്ചത്തിന് ഏറെക്കുറെ അളവറ്റ വിശാലത ഉണ്ടായിരിക്കെ പ്രകൃതി നിയ മവും അത് ഭരിക്കുന്ന നിർമ്മാണ പ്രക്രിയയും തമ്മിൽ എന്തെങ്കിലും വൈരുദ്ധ്യമുള്ളതായി ചെറിയ തെളിവ് പോലു

മില്ല. അവികലമായ ഈ സമ്പൂർണ്ണ സ്വരൈക്യവും രമ്യമനോ ഹാരിതയും പരമോന്നതനും തികവുറ്റവനുമായ ഒരേയൊരു സ്രഷ്ടാവിലേക്കാണ് അനിവാര്യമായും ഒരാളുടെ മനസ്സിനെ നയിക്കുക.

എന്നിരുന്നാലും ദൈവത്തിന്റെ സൃഷ്ടിക്ക്മേൽ ഒരു ബാഹ്യ മാത്രദ്രഷ്ടാവ് ദൃഷ്ടി പായിക്കുമ്പോൾ ചില ക്രമരാഹിത്യങ്ങളും വ്യക്തമായ വൈരുദ്ധ്യങ്ങളും കാണാവുന്നതാണ്. വിവിധങ്ങളായ താൽപര്യങ്ങളാലും വിപരീതങ്ങളായ ലക്ഷ്യങ്ങളാലുമുള്ള സംഘട്ടനങ്ങളായി അവ പ്രത്യക്ഷീഭവിക്കും. എന്നിരുന്നാലും അവസാനിക്കാത്ത ആ സംഘട്ടനത്തിന്റെ അവസ്ഥയിലും നീതിയുടെ അദൃശ്യമായ ഒരു ഹസ്തം നിരന്തരം പ്രവർത്തിക്കുന്നതായി കാണാം. ജീവികളും ജീവികളും തമ്മിലും ജീവിവർഗ്ഗവും ജീവിവർഗ്ഗവും തമ്മിലും നടക്കുന്ന അതിജീവന സമരമുള്ള ഒരു പരിസ്ഥിതി വ്യൂഹത്തിലാണ് (Ecosystem) അത്യന്തം ചേതോഹരവും വിസ്മയകരവുമായ സമമിതിക്ക് വേണ്ടിയുള്ള സന്തുലനം പ്രാവർത്തികമാവുമ്പോൾ സൃഷ്ടിക്കപ്പെടുന്നത്.

സൃഷ്ടിയുടെ അതിബൃഹത്തായ പദ്ധതിയിൽ മൃഗങ്ങളുടെ ജീവിതത്തിനും പ്രവർത്തനത്തിനും നിർവ്വഹണത്തിനും അതിന്റേതായ ഒരു മണ്ഡലമുണ്ട്. പ്രപഞ്ചമാസകലം വ്യാപരിച്ചു നിൽക്കുന്ന നിയമങ്ങൾ ഓരോന്നും പരസ്പരം പൂർണ്ണമായ താളപ്പൊരുത്തത്തോടെ വർത്തിക്കുന്നതായി നാം കാണുന്നു. ജീവിതത്തെ ഭരിക്കുന്ന നിയമങ്ങളുള്ള താരതമ്യേന കൊച്ചു മണ്ഡലത്തിലും ആ പ്രപഞ്ച നിയമങ്ങൾ തന്നെയാണ് അനുകരിക്കപ്പെടുന്നത്. പ്രപഞ്ചത്തിന്റെ ഓരോ വിഭാഗവും ഒരു സവിശേഷ നിയമത്തിനു കീഴിൽ അതിന്നായി ആസൂത്രണം ചെയ്യപ്പെട്ട പ്രത്യേക മണ്ഡലത്തിൽ പ്രവർത്തന നിരതമാവുന്നു. രസതന്ത്രം, ഭൗതിക ശാസ്ത്രം, ആണവ ചലനങ്ങൾ, അവയുടെ പരസ്പര പ്രതിപ്രവർത്തനങ്ങൾ എന്നിവയാണ് ജീവിലോകത്തിന് ജന്മം നൽകുന്നത്. ജീവികളുടെ ആവിർഭാവമുണ്ടാകുന്ന മുറക്ക് പുതിയ ജീവിത നിയമങ്ങൾ പൊടുന്നനെ ഓരോ ജീവികളുടെയും മേഖലയിൽ പ്രത്യക്ഷപ്പെടുന്നു. ചില സവിശേഷ ജീവികൾക്കായുള്ള ചില നിശ്ചിത നിയമങ്ങൾ അവ

യുടെ ജീവിതത്തിന്റെ നിയന്ത്രണമേറ്റെടുക്കുകയും അവക്കുമേൽ മേധാവിത്തം ഉറപ്പിക്കുകയും ചെയ്യുന്നതായി കാണുന്നു.

ഈ പഠനം ശരിയാണെങ്കിൽ അനിവാര്യമായും എത്തിച്ചേരുന്ന നിഗമനം എന്തെന്നാൽ, ഗോവണി രൂപത്തിൽ മുന്നോട്ട് വികസിച്ചു പുരോഗമിച്ചുകൊണ്ടിരിക്കുന്ന സൃഷ്ടിയുടെ അനന്തര ഘട്ടങ്ങളിൽ ആദ്യത്തെ സ്രഷ്ടാവിന്ന് പുറമെ ഏതെങ്കിലുമൊരു ബാഹ്യശക്തിയുടെ പ്രതിനിധി ഇടപെട്ടിരുന്നുവെങ്കിൽ മുഴുവൻ ജീവരാശിയേയും പ്രകമ്പനം കൊള്ളിക്കുമാറ് സൃഷ്ടിപദ്ധതിയിൽ തീർച്ചയായും ക്രമരാഹിത്യവും അരാജകത്വവും ഉണ്ടാകുമായിരുന്നു. ഒരിക്കൽ ഈ സന്തുലന വ്യവസ്ഥ താറുമാറായാൽ അതൊരിക്കലും പുനഃസ്ഥാപിക്കപ്പെടാൻ സാധ്യമല്ല. വാസ്തവത്തിൽ ഇതാകുന്നു അല്ലാഹുവിന്റെ സൃഷ്ടിയിൽ ഒരാൾ നിരീക്ഷിക്കുമ്പോൾ ലഭിക്കുന്ന സമ്പൂർണ്ണമായ സാമഞ്ജസ്യത്തെയും ക്രമത്തെയും സംബന്ധിച്ച ഖുർആനിക പ്രസ്താവനയിൽ ഉള്ളടങ്ങിയിട്ടുള്ളത്.

താഴെകാണുന്ന ഖുർആനിക വചനം വാഗ്മിത്വത്തോടെ ഈ വിഷയത്തെ സംബന്ധിച്ച് സംസാരിക്കുന്നു.

لَوْ كَانَ فِيهِمَآ ءَالِهَةٌ إِلَّا ٱللَّهُ لَفَسَدَتَا ۚ فَسُبْحَـٰنَ ٱللَّهِ رَبِّ ٱلْعَرْشِ عَمَّا يَصِفُونَ ﴿٢٢﴾

*അവയിൽ (ആകാശഭൂമികളിൽ) അല്ലാഹുവല്ലാതെ മറ്റു ദൈവങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ തീർച്ചയായും അത് രണ്ടും നശിച്ചു പോകുമായിരുന്നു.*
*(സൂറ: അമ്പിയ 21:23)*

ഈ വിശാലമായ പ്രപഞ്ചത്തിലെവിടെയും തന്നെ പരസ്പര വൈരുദ്ധ്യത്തിന്റെ നേരിയ അടയാളം പോലും കാണാൻ സാധ്യമല്ല. പാരസ്പര്യത്തോടെ രമ്യസ്നിഗ്ദമായും സമ്പൂർണ്ണ സാമഞ്ജസ്യത്തോടെയും ഓരോന്നും ചലിച്ചുകൊണ്ടിരിക്കുന്നു. മറ്റു ഗോളമണ്ഡലങ്ങളും പരസ്പരം ബന്ധപ്പെട്ട് തന്നെ ചലിച്ചു കൊണ്ടിരിക്കുന്നു.

ഇത്തരത്തിൽ സമ്പൂർണ്ണവും സാർവ്വത്രികവുമായ ഒരു സാമഞ്ജസ്യത്തിന്റെ അഭാവത്തിൽ പരിണാമത്തിന് വേണ്ടിയുള്ള മുന്നോട്ടുള്ള അനശ്വരമായ പ്രയാണത്തെപറ്റി സങ്കൽപ്പിക്കാൻ പോലും സാധ്യമല്ല. ഒന്നിലധികം നിർമ്മാതാക്കൾ പ്രപഞ്ചത്തിനുണ്ടായിരുന്നുവെങ്കിൽ ഒന്നിലധികം നിയമങ്ങളും പ്രപഞ്ചം ഭരിക്കുമായിരുന്നു. ഓരോ ദൈവവും അവരുടേതായ പ്രത്യേകനിയമമനുസരിച്ച് പ്രപഞ്ചസൃഷ്ടി നടത്തൽ ആവശ്യമായി വരികയും അത്മൂലം അരാജകത്വവും ആശയകുഴപ്പവും അനിവാര്യമാകുകയും ചെയ്യുമായിരുന്നു. പ്രപഞ്ച മാസകലം വിശ്ലേഷിതമാവുകയും ചെയ്തിട്ടുണ്ടാവും.

പ്രപഞ്ചത്തിലുള്ളതെല്ലാം നിരന്തരം മാറിക്കൊണ്ടിരിക്കുന്നു എന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. നന്മക്ക് വേണ്ടിയാണ് ആ മാറ്റമെങ്കിൽ നാം അതിനെ പരിണാമം അഥവാ പുരോഗതി എന്ന് വിളിക്കുന്നു. മിക്കവാറും ഒരു സാധനം അതിന്റെ പഴയ അവസ്ഥയേക്കാൾ കൂടുതൽ മേന്മവരുത്തുന്നത് അതിന്റെ ഘടകങ്ങളെ പുനസ്സംഘടിപ്പിച്ചു കൊണ്ടാണ്. അത് ആ വസ്തുവിന്റെ ഗുണവും സൗന്ദര്യവും വർദ്ധിപ്പിക്കുന്നു. ചുരുക്കത്തിൽ ക്രമരാഹിത്യം എന്നത് വൈരൂപ്യവും ക്രമം എന്നത് സൗന്ദര്യവുമാണ്. ഇതാണ് ഭൂമിയിൽ നാം കാണുന്ന പരിണാമത്തിന്റെ സ്വാഭാവികമായ അവസ്ഥ. ജീവിതത്തിന്റെ ഗുണനിലവാരം ക്രമേണ കൂടുതൽ സങ്കീർണ്ണമാകുന്നു. പരിണാമ ശ്രേണിയിലെ ഉയർന്ന പടവുകളിൽ അതിന്റെ ഘടകങ്ങൾ കൂടുതൽ സംഘടിതമായിരിക്കും. ഈയൊരു പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് നോക്കുകയാണെങ്കിൽ നമുക്ക് ഹ്രസ്വമായി പറയാൻ സാധിക്കുക പരിണാമം എന്നത് ക്രമരാഹിത്യത്തിൽനിന്നും ക്രമവ്യവസ്ഥയിലേക്കുള്ള പ്രയാണമാണ് എന്നാണ്. അസംഘടിതമായ അവസ്ഥയിൽ നിന്നും സങ്കീർണതിയിലേക്ക് സദാ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സഞ്ചാരമാണെന്നാണ്. ഇത് തീർച്ചയായും മരണവും ജീവിതവും തമ്മിൽ വേർതിരിക്കുന്ന വിഭജന രേഖയാണ്.

സങ്കീർണ്ണമായ ഒരു ശാസ്ത്രീയ വിഷയം കൂടിയാണിത്. ഉറുദു കവി ബി. നാരായൺ ചക്ബാസ്ത് അതിന്റെ ലാളിത്യവും

ചാരുതയും പ്രകാശിപ്പിച്ചുകൊണ്ട് നമ്മുടെ ഗ്രാഹ്യതയിൽ ഈ വിഷയം കൊണ്ടു വന്നത് ഇപ്രകാരമാണ്

*സിന്ദഗി ക്യാഹെ അനാസിർ കാ സെഹൂറെ തർതീബ്*
*മൗത് ക്യാ ഹെ ഉനീ അജ്സാ കാ പരേശാം ഹോനാ*
*ജീവിതമെന്നത് സംഘടിത മൂലകങ്ങളുടെ അന്തിമ ഉൽപന്നമല്ലാതെ മറ്റെന്താണ്? മരണമെന്നത് അതേ ഉൽപന്നം തന്നെ വീണ്ടും അസംഘടിതമാക്കലല്ലാതെ മറ്റെന്താണ്?*

ദ്രവ്യം രാസപ്രക്രിയകളുടെ ഒരു ശൃംഖലാ പ്രതിപ്രവർത്തനത്തിന് (Chain of Chemical Reaction) വിധേയമാവുമ്പോൾ പുതിയതും സങ്കീർണ്ണവുമായ തന്മാത്രാ സംയുക്തങ്ങൾ ആവിർഭവിക്കുന്നു. അവസാനം ഒരു ഘട്ടത്തിൽ അത്യന്തം വളർച്ച പ്രാപിച്ചതും സങ്കീർണ്ണവുമായ ജൈവ രാസ സംയുക്തങ്ങളുടെ സഹായത്തോടെ DNA എന്ന ജീവന്റെ ആദ്യത്തെ കണികയുടെ നിർമാണം സാധ്യമാവുന്നു. അങ്ങനെ ജീവന്റെ എല്ലാ ഘടകങ്ങളും അടിസ്ഥാന ജീവകണങ്ങളുടെ പുനസ്സംഘടനയോടെ വിവിധ രൂപങ്ങൾ, അർത്ഥങ്ങൾ, ഭാവങ്ങൾ, ആഴങ്ങൾ, ഉയരങ്ങൾ ആർജ്ജിച്ചുകൊണ്ട് പുതിയ പാറ്റേണുകളിൽ ആയിത്തീരുന്നു. അടിസ്ഥാനഘടകങ്ങളെല്ലാം തന്നെ ആഭരണത്തിൽ രത്നങ്ങൾ പതിച്ചത് പോലെ മികച്ച ആസൂത്രണ വൈഭവത്തോടെ ജീവന്റെ തിളക്കം ബഹിർഗമിപ്പിക്കുകയും ജീവൻ സ്ഫുരിക്കാൻ ആരംഭിക്കുകയും ചെയ്യുന്നു. ഈ സംഘാടനം തകർക്കുക, ഈ രത്നങ്ങൾ പൊടിച്ച് അവയുടെ പ്രാഥമികമായ രാസാവസ്ഥയിൽ നിർത്തുക, അതോടെ നിങ്ങൾ നിർജ്ജീവമായ കാർബണേറ്റുകളായി മാത്രം മാറും.

അതിനാൽ വിശുദ്ധ ഖുർആന്റെ പ്രസ്താവന തീർച്ചയായും വാസ്തവമാണ്. അതായത് പ്രപഞ്ചത്തിന്ന് ഒന്നിലധികം യജമാനന്മാർ ഉണ്ടായിരുന്നെങ്കിൽ ഒന്നിനോടൊന്ന് മത്സരിച്ച് സ്ഥാനങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി പൊരുതുകയും പ്രപഞ്ചം ക്രമരാഹിത്യത്തിലും അരാജകത്വത്തിലും ഒടുങ്ങിപ്പോവുകയും ചെയ്യും എന്ന വിശുദ്ധ ഖുർആന്റെ നിഗമനം തീർച്ചയായും ശരിയാണ്. മറ്റു വചനങ്ങളിൽ ജീവിതം എന്നത് സന്തുലനത്തിന്റെയും ആക്കത്തൂക്കത്തിന്റെയും ഫലമാണെന്ന് വിശദീകരി

ക്കാൻ സാധിക്കും. അതിന്റെ അഭാവത്തിൽ നിന്നും ഉണ്ടാകുന്നത് മരണമാണ്. മനുഷ്യവംശം വിശുദ്ധ ഖുർആന്റെ ഈ അത്യ ഗാധമായ സന്ദേശം ഗ്രഹിക്കുകയും ദൈവത്തിന്റെ ഏകത്വം അറി യുകയും അതിനോട് ചേർന്ന് നിൽക്കുകയും ചെയ്തെങ്കിൽ അത് തീർച്ചയായും മറ്റൊരു ലോകമാകുമായിരുന്നു.

## സാർവ്വത്രിക ഗുരുത്വ നിയമം

പ്രപഞ്ച സൃഷ്ടിപ്പിൽ നീതിതത്ത്വങ്ങൾ സുപ്രധാന പങ്ക് വഹി ച്ചിട്ടുണ്ട് എന്ന വാദത്തെ ബലപ്പെടുത്തുന്നതിന്ന് മതിയായ ശാസ് ത്രീയ തെളിവുകളും നിറയെ വസ്തുതകളുമുണ്ട്. എന്നാൽ ഇവിടെ നാം ചർച്ച ചെയ്യുന്ന വിഷയം വിശദീകരിക്കാൻ സാർ വ്വത്രിക ഗുരുത്വാകർഷണ നിയമത്തെ പറ്റയുള്ള പരാമർശം മതിയായിരിക്കും. ഈ നിയമപ്രകാരം പ്രപഞ്ചത്തിലെ രണ്ടു കണങ്ങൾ തമ്മിൽ ബലത്തോടുകൂടി പരസ്പരം ആകർഷിക്കുന്നു. ആ ബലത്തിന്റെ അളവ് (Magnitude) കണത്തിന്റെ ദ്രവ്യമാന ത്തിന്റെ (Mass) ഗുണന ഫലത്തിന്ന് (Product) നേർഅനുപാത ത്തിലും (Directly Proportional) അവ തമ്മിലുള്ള ദൂരത്തിന്റെ വർ ഗ്ഗത്തിന്ന് (Square) വിപരീത അനുപാതത്തിലു(Inversely Proportional)മായിരിക്കും. ഈ പരസ്പര ആകർഷണത്തെയാണ് ഗുരു ത്വാകർഷണം എന്ന് വിളിക്കുന്നത്. പ്രപഞ്ചത്തിൽ അതിന്റെ സമ്പൂർണ്ണ സന്തുലനമാണ് കാണുന്നത്. വിപരീത ബലങ്ങളെ പറ്റി ഒരു സമ്പൂർണ്ണ സമവാക്യമോ സന്തുലനമോ ഇല്ലാതെ പ്രപഞ്ചത്തിന്ന് അതിന്റെ പരമാവധി സന്തുലനത്തിൽ എത്താ നാവില്ല. ഇത് തന്മാത്രകളുടെയും ആറ്റത്തിന്റെയും സ്ഥൂല-സൂക്ഷ്മ ലോകങ്ങൾക്ക് ഒരുപോലെ ബാധകമാണ്.

ഒരു ഭ്രമണപഥത്തിലുള്ളതെല്ലാം ആ ഭ്രമണപഥത്തിൽതന്നെ നില നിർത്തുന്നത് തികഞ്ഞ സന്തുലനത്വമുള്ള അഭികേന്ദ്രബല വും (Centrifugal Forces) അപകേന്ദ്രബലവും (Centripetal Force) പ്രവർ ത്തിക്കുന്നതിന്റെ ഫലമായിട്ടാണ്. അത്യധികം സങ്കീർണ്ണമായ അത്തരം ബലങ്ങളുടെ ഒരു ജാലിക ആകാശ ഗോളങ്ങളെ ബ ന്ധിച്ചു നിർത്തുന്നതിന്റെ ഫലമായാണ് പ്രപഞ്ചത്തിന്റെ സ്ഥൈ ര്യം നിലനിൽക്കുന്നത്.

എല്ലാ ഖഗോള വസ്തുക്കളും ദീർഘ വൃത്തത്തിലുള്ള ഭ്രമ ണപഥത്തിൽ ചരിച്ചുകൊണ്ടിരിക്കുന്നു എന്ന കാര്യം പരാമർശി

ച്ചുകൊണ്ട് ദൈവത്തിന്റെ ഈ സർഗ്ഗാത്മക ധൈഷണികതയെ പറ്റിയാണ് വിശുദ്ധ ഖുർആൻ പറയുന്നത്. ഇത് തന്നെയാണ് എല്ലാ സൗരയൂഥ വ്യവസ്ഥക്കും ഗാലക്സികൾക്കും ഗാലക്സി വ്യൂഹങ്ങൾക്കും ബാധകമാവുന്നത്. സർവ്വവലയിതമായ ഈ നിയമത്തിൽ നിന്നും ഒരു കണിക പോലും മുക്തമല്ല. ഒരു ഭ്രമണ വൃത്തങ്ങളിലൂടെയുള്ള ഗോളചലനങ്ങൾ മുതൽ തന്മാത്രയുടെയും ആറ്റത്തിന്റേയും ഉള്ളിലുള്ള ഏറ്റവും സൂക്ഷ്മമായ ലോകത്തേക്ക് വരെ ഒരാൾ ദൃഷ്ടി പായിക്കുകയാണെങ്കിൽ ഇതേ ഭ്രമണചലനം തന്നെയായിരിക്കും കാണാൻ സാധിക്കുക.

ഗോളങ്ങളുടെ ഭ്രമണവൃത്തത്തിലൂടെയുള്ള ചലനത്തിന് ഗുരുത്വാകർഷണ ബലവും അതിന്റെ എതിർബലവുമായി പൂർണ്ണമായും സന്തുലനപ്പെടുത്തേണ്ടതുണ്ട്. ഗുരുത്വബലം ചലിച്ചു കൊണ്ടിരിക്കുന്ന ഗോളത്തെ നിരന്തരം ഭ്രമണ വൃത്തത്തിന്റെ കേന്ദ്രത്തിലേക്ക് വലിച്ചുകൊണ്ടിരിക്കും. ഇത് പ്രസ്തുത കേന്ദ്രത്തെ ആധാരമാക്കിയുള്ള ഗോളത്തിന്റെ കൃത്യമായ ചലന വേഗതയെ ആശ്രയിച്ചുള്ളതാണ്. ഗോളത്തിന്റെ ഭ്രമണ വേഗതയിൽ ഒരു മൈൽ കൂടുതലോ കുറവോ ഉണ്ടായാൽ ഭ്രമണ പഥത്തിൽ നിന്ന് വ്യതിചനമോ കേന്ദ്രത്തിലേക്കുള്ള പതനമോ സംഭവിക്കും. ഇത്തരത്തിൽ ബലവും എതിർബലവും തമ്മിൽ ഏറ്റവും അനുപൂരകവും രമ്യവുമായ ഈ സന്തുലനത്തിന്റെ ഒരു ഉദാഹരണം മാത്രമല്ല, പ്രപഞ്ചമാകെ അത്തരത്തിൽ കോടാനുകോടി ഗോളവ്യവസ്ഥകളുടെ ഭ്രമണപഥ സംവിധാനങ്ങൾ ഗണിതപരമായി അതീവ കൃത്യതയാർന്ന രീതിയിൽ നടന്നു വരുന്നു. സാധാരണക്കാരന് മനസ്സിലാകാൻ നിലവിലുള്ള പ്രപഞ്ചവും ഗാലക്സികളും എണ്ണമറ്റതാണ് എന്ന് ലളിതമായി പറയാവുന്നതാണ്.

പ്രപഞ്ചത്തിലെ വിസ്മയകരമായ ഈ സാമഞ്ജസ്യത്തെയാണ് വിശുദ്ധ ഖുർആനിൽ *മീസാൻ* (സന്തുലനം) എന്ന് പറയുന്നത്. അതിവിശാലമായ ഈ വിഷയത്തെ സംബന്ധിച്ചുള്ള ഗവേഷണ പഠനത്തിന്റെ ഭാഗമായി നിരവധി പണ്ഡിതന്മാർ വിവിധ വീക്ഷണ കോണുകളിൽ എഴുതുകയും പ്രഭാഷണം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രപഞ്ചത്തിന്റെ ബാഹ്യ

മാത്രമായ രഹസ്യങ്ങളിലേക്ക് പോലും ഗവേഷകന്മാർക്ക് ചൂഴ്ന്ന് നോക്കാൻ കഴിഞ്ഞിട്ടില്ല. പതിനായിരക്കണക്കിന് പഠനങ്ങളും പുസ്തക രചനകളും നടന്നിട്ടുണ്ട്. ഓരോ പഠനവും പ്രപഞ്ചത്തിലെ മഹത്തരമാർന്ന സന്തുലന സംവിധാനത്തെ കൂടുതൽ വെളിച്ചത്തു കൊണ്ടുവരികയാണ് ചെയ്യുന്നത്. ഓരോ പഠനവും പ്രപഞ്ചസാകല്യത്തെ ഭരിക്കുന്ന ആ കേന്ദ്ര തത്വത്തെ സൂചിപ്പിക്കാൻ ഖുർആൻ ഉപയോഗിച്ച ഒരേയൊരു പദത്തിന്റെ യാഥാർത്ഥ്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. അതായത് സമ്പൂർണ്ണമായ സന്തുലനം അഥവാ കേവല നീതി എന്നർത്ഥം വരുന്ന മീസാൻ എന്ന പദത്തെയാണ് സത്യപ്പെടുത്തുന്നത്.

ഖഗോള വസ്തുക്കളുടെ ചലനത്തെ നിയന്ത്രിക്കുന്ന ഗോള ശാസ്ത്ര നിയമങ്ങളെ സംബന്ധിച്ചുള്ള തന്റെ ഗവേഷണപഠനകാലത്ത് ഐൻസ്റ്റീൻ ഈ വിഷയത്തെ പറ്റി ചിന്തിക്കുകയുണ്ടായി. പ്രപഞ്ചത്തിൽ കാണുന്ന അവികലമായ സമമിതിയും (Symmetry) സമീകരണവും (Poise) കണ്ട് അദ്ദേഹം വിസ്മയഭരിതനാവുകയുണ്ടായി. അത്ഭുതപരതന്ത്രനായ അദ്ദേഹം പറഞ്ഞത് ഈ സമ്പൂർണമായ സമതുലിതത്തം പ്രപഞ്ചത്തിന്ന് അത്യുന്നതനായ ഒരു സ്രഷ്ടാവ് ഉണ്ടെന്ന് വിശ്വസിക്കാൻ നമ്മെ നിർബന്ധിക്കുന്നു എന്നാണ്. ഒരു പക്ഷേ അദ്ദേഹം മനുഷ്യനുമായി സംവദിക്കുകയും മതത്തെ വെളിപ്പെടുത്തുകയും ചെയ്ത ഒരു വൈയക്തിക ദൈവത്തിൽ വിശ്വസിച്ചിട്ടുണ്ടാവുകയില്ല. എങ്കിലും ചുരുങ്ങിയ പക്ഷം, ചിന്തിക്കാനും പൂർണ്ണമായി ആസൂത്രണം ചെയ്യാനും അവന്റെ അഭികല്പന നിർവ്വഹിക്കാനും കഴിയുന്ന പരമോന്നതനായ ഒരു സ്രഷ്ടാവിന്റെ അസ്തിത്വം അദ്ദേഹം അംഗീകരിച്ചിട്ടുണ്ടാകും.[2]

താഴെ ഉദ്ധരിച്ച വിശുദ്ധ ഖുർആൻ വചനത്തിൽ അല്ലാഹുവിന്റെ പ്രപഞ്ചത്തെ സംബന്ധിച്ച അത്ഭുതം വർണ്ണിക്കുന്നത് കാണുക.

تَبٰرَكَ الَّذِیْ بِیَدِهِ الْمُلْكُ ؗ وَهُوَ عَلٰى كُلِّ شَیْءٍ قَدِیْرُ ۟ۙ (١) الَّذِیْ خَلَقَ الْمَوْتَ وَالْحَیٰوةَ
لِیَبْلُوَكُمْ اَیُّكُمْ اَحْسَنُ عَمَلًا ؕ وَهُوَ الْعَزِیْزُ الْغَفُوْرُ ۟ۙ (٢) الَّذِیْ خَلَقَ سَبْعَ سَمٰوٰتٍ طِبَاقًا ؕ مَا
تَرٰى فِیْ خَلْقِ الرَّحْمٰنِ مِنْ تَفٰوُتٍ ؕ فَارْجِعِ الْبَصَرَ ۙ هَلْ تَرٰى مِنْ فُطُوْرٍ (٣) ثُمَّ ارْجِعِ الْبَصَرَ
كَرَّتَیْنِ یَنْقَلِبْ اِلَیْكَ الْبَصَرُ خَاسِئًا وَّهُوَ حَسِیْرٌ (٤)

*ആരുടെ കൈകളിലാണോ പരമാധികാരം സ്ഥിതിചെയ്യുന്നത് അവൻ പരിശുദ്ധനാകുന്നു. അവൻ എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായി കഴിവുള്ളവനാകുന്നു. നിങ്ങളിൽ നിന്ന് ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നതെന്ന് നിങ്ങളെ പരീക്ഷിച്ച് അറിയുന്നതിന് വേണ്ടി. മരണവും ജീവിതവും സൃഷ്ടിച്ചവനാണ് അവൻ. അവൻ പ്രതാപവാനും സർവ്വഥാ പൊറുക്കുന്നവനുമാകുന്നു.*
*(സൂറാ അൽ മുൽക്: 67: 2-5)*

അല്ലാഹു ജീവിതവും മരണവും സൃഷ്ടിച്ചവനാണ്. അതിന് രണ്ടിനുമിടയിൽ അവൻ സ്ഥിരമായ സമരവും നിമിത്തമാക്കി. വാസ്തവത്തിൽ അർഹതയുള്ളതിന്റെ അതിജീവനം എന്ന തത്ത്വമാണ് ഇവിടെ വിശുദ്ധ ഖുർആൻ വചനങ്ങൾ മുന്നോട്ട് വെക്കുന്നത്. ഈ അതിജീവന സമരത്തിന്റെ ഫലമായി ഏറ്റവും ഉചിതമായ രീതിയിൽ പ്രവർത്തിക്കുന്ന അവന്റെ ജീവസൃഷ്ടി ഏതാണെന്ന് അവൻ നിർണ്ണയിക്കുന്നു. ശരിയും തെറ്റും തമ്മിലുള്ള അതിജീവനസമരത്തിൽ എന്താണ് സംഭവിക്കുക എന്ന കാര്യമാണ് ഈ വചനത്തിൽ ഉള്ളടങ്ങിയിരിക്കുന്നത്. ശരി വിജയിക്കുകയും തെറ്റ് വിപാടനം ചെയ്യപ്പെടുകയും ചെയ്യും.

താരതമ്യാത്മകമായി പരിണാമ പ്രക്രിയയിലും ഇത് ആരോപിക്കാവുന്നതാണ്. ഒരു ജൈവികാസ്തിത്വത്തിന്റെ ഈ ദിശയാണ് അതിന്റെ വിധി നിർണ്ണയിക്കുന്നത്. ഒരു ജൈവ വസ്തുവിന്റെ ചലനദിശ മരണത്തിന്റെ ഭാഗത്തേക്കാണെങ്കിൽ അതിന്ന് സ്ഥിരമായി ജീവന്റെ ചില ഗുണങ്ങൾ നഷ്ടപ്പെടുന്നു. നേരെ തിരിച്ചാണെങ്കിൽ അതിന്റെ എതിരും സംഭവിക്കുന്നു. ഈ രണ്ട് വിപരീത അവസ്ഥക്കും മധ്യേ ജീവനും മരണത്തിനും ഇടയിൽ ഇവ രണ്ടിനോടും താരതമ്യപ്പെടുത്താവുന്ന നിരവധി അവസ്ഥകളുമുണ്ട്. പ്രപഞ്ചത്തിൽ ജീവനുള്ളവയെല്ലാം ചരിക്കുന്ന, രണ്ടേരണ്ടു ദിശകളാണിത്. മുകളിലേക്ക് പുരോഗമിക്കുമ്പോഴും കീഴ്പ്പോട്ട് അധോഗമിക്കുമ്പോഴും അതിന്റെ അഭിവൃദ്ധിയും ക്ഷയവും നിർണ്ണയിക്കപ്പെടുന്നു.

താരതമ്യേന ഉന്നത ബോധമുള്ള മനുഷ്യന്റെ പരിണാമ ഗതിയിലേക്ക് ചലിക്കുന്ന ജീവിരൂപം മനുഷ്യന്റെ ദിശയിലേക്ക് നീങ്ങുന്നതായി കാണപ്പെടുന്നു. ഉയർന്ന ശ്രേണിയിലുള്ള ജീവി

കളുടെ വീക്ഷണകോണിൽ താഴ്ന്ന പടിയിലുള്ള ജീവികളെ നോക്കുമ്പോൾ ആപേക്ഷികമായി അവ മരണത്തിനോട് അടുത്തതായി കാണും. ജീവന്റെ മാർഗ്ഗത്തിലുള്ള ഓരോ ചുവടുവെപ്പും സമ്പൂർണ്ണതയുടെയും സൗന്ദര്യത്തിന്റേയും ദിശയിലേക്കുള്ള ചുവടുവെപ്പാണ്. അതുപോലെ മരണത്തിന്റെ ദിശയിലേക്ക് ചലിക്കുമ്പോൾ എല്ലാം അവസാനിച്ചതായി കാണാം. ജീവന്റെ പാതയിൽ അവസാനമില്ല; കാരണം അത് അല്ലാഹുവിലേക്കാണ് നയിക്കപ്പെടുന്നത്. അല്ലാഹു അനന്തവുമാണ്.

മേൽ ഉദ്ധരിച്ച 2–3 വചനം അവസാനിക്കുന്നത് *അസീസുൽ ഗഫ്ഫാർ* എന്നീ രണ്ട് ദൈവിക ഗുണങ്ങൾ പരാമർശിച്ചുകൊണ്ടാണ്. അതിന്റെ അർത്ഥം അവൻ ശക്തിശാലിയും ആദരത്തിന് അർഹനുമാണ് എന്നാണ്. കാരണം അവൻ ശക്തിമത്തായ ജ്ഞാനത്തിന് ഉടയവനും *ഗഫ്ഫാർ* ഉം ആണ്. അതായത് അവർ അങ്ങേയറ്റം പൊറുത്തുകൊടുക്കുന്നവനാണ്. ഈ ഗുണങ്ങൾ അർത്ഥമാക്കുന്നത് കൂടുതൽ ജ്ഞാനമുള്ള ജൈവികാസ്തിത്വം; കൂടുതൽ ബഹുമാനത്തിന് അർഹനായിരിക്കും എന്നാണ്. മാത്രമല്ല അവൻ കൂടുതൽ ശക്തി ശാലികളുമായിരിക്കും. രണ്ടാമത്തെ ഗുണം അർത്ഥമാക്കുന്നത് ജീവനുള്ളത് അവയുടെ പുരോഗമനത്തിന്റെ കാലത്ത് ധാരാളം തെറ്റുകൾ വരുത്തിവെക്കും എന്നാണ്. ദൈവം അവരുടെ മിക്കവാറും തെറ്റുകൾ പൊറുത്തുകൊടുക്കുന്നതാണ്. ആ തെറ്റുകളുടെ കാരണത്താൽ അവർക്ക് ഒരു പിന്നോട്ടടിയില്ല.

അവനാണ് ഏഴ് ആകാശങ്ങളെ കൃത്യമായ അനുപാതത്തിൽ സൃഷ്ടിച്ചത്. അവന്റെ സൃഷ്ടിപ്പിൽ ചെറിയ ഒരു വൈകല്യമോ വൈരുധ്യമോ കാണാൻ സാധ്യമല്ല. എന്തെങ്കിലും വൈകല്യം കണ്ടെത്താൻ നാം പ്രപഞ്ചനിരീക്ഷണത്തിന്നായി വെല്ലുവിളിക്കപ്പെട്ടിരിക്കയാണ്. പ്രവാചകനായ മുഹമ്മദ് നബി(സ)യിലൂടെയാണ് മനുഷ്യവംശത്തിന്ന് ഈ വെല്ലുവിളി നൽകപ്പെട്ടിരിക്കുന്നത്. അക്കാലത്ത് ഭൂമിയെ സംബന്ധിച്ചും ആകാശത്തെ സംബന്ധിച്ചുമുള്ള ധാരണകൾ ശൈശവദശയിലുള്ളതും പുരാതന സിദ്ധാന്തങ്ങളെ അവലംബമാക്കിയുള്ളതുമാണ്. ആ കാലഘട്ടത്തിൽ പ്രപഞ്ചത്തെ പറ്റിയോ അതിന്റെ പരിപൂർണ്ണതയെ കുറിച്ചോ സൗന്ദര്യത്തെ സംബന്ധിച്ചോ ഒരു വെല്ലുവിളി നേരി

ടാനുള്ള യാതൊരു സങ്കൽപ്പവും ഉണ്ടായിരുന്നില്ല. പ്രപഞ്ച സൃഷ്ടിയിൽ എന്തെങ്കിലും വൈകല്യം ഉണ്ടോ എന്ന് കണ്ടെത്താൻ മനുഷ്യനോട് പ്രപഞ്ച വിശാലതയിൽ ഗവേഷണം നടത്താനുള്ള ഈ വെല്ലുവിളി വീണ്ടും ആവർത്തിക്കപ്പെടുന്നുണ്ട്. ഈ വെല്ലുവിളിക്കൊപ്പം തന്നെ ഖുർആൻ അതിന്റെ ഉത്തരവും നൽകുന്നു. അതായത് പ്രപഞ്ചസൃഷ്ടിയിൽ മനുഷ്യന് യാതൊരുവിധ വൈകല്യങ്ങളും കണ്ടെത്താൻ സാധ്യമല്ലെന്നും നമ്മുടെ അന്വേഷണ ദൃഷ്ടി നമ്മിലേക്ക് തന്നെ നിഷ്ഫലമായും തളർന്ന നിലയിലും സമ്പൂർണ്ണമായും പരാജിതമായി മടങ്ങുമെന്നുമാണ് ഖുർആന്റെ ആ ഉത്തരം.

## അധ്യായം 3

# പരിസ്ഥിതിവ്യൂഹം

## ഭൂമിയും ആകാശഗോളങ്ങളും തമ്മിലുള്ള സന്തുലനം

ആകാശഭൂമിക്കിടയിലുള്ള അന്തരീക്ഷ പ്രതിഭാസത്തിന്റെ പ്രവർത്തനങ്ങൾ അത്ഭുതകരമാണ്. പതിനാലു നൂറ്റാണ്ടുകൾക്ക് മുമ്പ് പ്രവാചകൻ മുഹമ്മദിന്ന്(സ) അവതരിക്കപ്പെട്ട വിശുദ്ധ ഖുർആനിലെ സങ്കീർണമായ ശാസ്ത്രീയ നിരീക്ഷണങ്ങൾ ശ്രദ്ധിച്ചാൽ ആരും വിസ്മയിച്ചുപോകും. ഇന്നത്തെ ശാസ്ത്രജ്ഞന്മാർ പ്രപഞ്ചത്തിലെ നിഗൂഢാത്മകമായ രഹസ്യങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങളിൽ നിന്നും വിട്ടു നിൽക്കുന്നു. എന്നാൽ വിശുദ്ധ ഖുർആൻ പ്രകൃതി നിയമങ്ങൾ മനസ്സിലാക്കാനും അതിനെ സംബന്ധിച്ച് അഗാധമായ ധാരണകൾ രൂപപ്പെടുത്താനും അതിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കാനും ശാസ്ത്രജ്ഞരെക്കാൾ വളരെ മുന്നിലാണ്. ശാസ്ത്രജ്ഞന്മാരുടെ ശ്രമങ്ങളും അതിന്റെ ഫലങ്ങളും തീർച്ചയായും സ്തുത്യർഹമാണ്. പക്ഷേ അതിന്ന് അതിന്റേതായ പരിമിതിയുണ്ട്.

## ഭൂമിയുടെ അന്തരീക്ഷം

വിശുദ്ധ ഖുർആൻ പറയുന്നു:

فَقَضٰهُنَّ سَبْعَ سَمٰوَاتٍ فِىْ يَوْمَيْنِ وَاَوْحٰى فِىْ كُلِّ سَمَآءٍ اَمْرَهَا ۗ وَزَيَّنَّا السَّمَآءَ
الدُّنْيَا بِمَصَابِيْحَ ۖ وَحِفْظًا ۗ ذٰلِكَ تَقْدِيْرُ الْعَزِيْزِ الْعَلِيْمِ ﴿١٣﴾

*അങ്ങനെ അവൻ അവയെ ഏഴു ആകാശങ്ങളിലായി രണ്ടു ഘട്ടങ്ങളിൽ പൂർത്തീകരിച്ചു. ഓരോ ആകാശത്തിലും അതിന്റെ പ്രവർത്തനങ്ങൾ അവൻ ബോധനം ചെയ്തു. ഏറ്റവും സമീപത്തെ ആകാശത്തെ ദീപങ്ങൾ കൊണ്ട് അവൻ അലങ്കരിച്ചു, (വെളിച്ചത്തിനും) സംരക്ഷണത്തിന്ന്*

*വേണ്ടി. പ്രതാപവാനും സർവ്വജ്ഞനുമായ അല്ലാഹു വിന്റെ ആസൂത്രണമാണിത്.*
*(ഹാ മീം അൽ-സജ്ദ 41:13)*

ദൈവം ആകാശങ്ങളെ പൂർത്തീകരിച്ചു. ഓരോ ആകാശവും അതിനെ സൃഷ്ടിച്ച ലക്ഷ്യത്തിനനുസൃതമായി പ്രവർത്തിക്കുന്നു എന്നാണ് ഖുർആന്റെ പ്രസ്താവന. പിന്നീട് ഭൂമിയിലെ ഏറ്റ വും താഴത്തെ അന്തരീക്ഷ പടലത്തെ സമീപസ്ഥമായ ആകാ ശം എന്ന് ഖുർആൻ പരാമർശിക്കുന്നു. അത് ഭൂമിയുടെ സംരക്ഷണത്തിന്ന് വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു. ആ കാലഘട്ടത്തിൽ ആകാശം ഏതെങ്കിലും വിധത്തിൽ തങ്ങളെ സംരക്ഷിക്കുന്നുണ്ടാകും എന്നായിരിക്കും കൂടുതൽ ആളുകളും മനസ്സിലാക്കിയിട്ടുണ്ടാ കുക. ഒരാൾക്കും തന്നെ അവൻ എന്തിനാണ് സംരക്ഷിക്ക പ്പെട്ടത് എന്നും എന്തുകൊണ്ടാണ് സംരക്ഷിക്കപ്പെട്ടുകൊണ്ടി രിക്കുന്നതെന്നും ഉള്ളതിനെ പറ്റി ഒരു നേരിയ ധാരണ പോലും ഉണ്ടായിരിക്കില്ല.

നീതിയെ പറ്റിയുള്ള ഒരു നിർവ്വചനം പൂർണ്ണമായും ഗ്രഹി ക്കാൻ നാം ഇപ്പോൾ ഒരു കാര്യത്തിലേക്ക് ശ്രദ്ധ തിരിക്കാം. അതായത് ഒരു ഭാഗം മറ്റൊരു ഭാഗത്തിന്റെ കാര്യനിർവ്വ ഹണത്തിലേക്ക് കടന്നുകയറാൻ കേവലനീതി അനുവദിക്കുന്നില്ല എന്ന നിരീക്ഷണം അനിവാര്യമാണ്. ഒരു വ്യവസ്ഥയുടെ അപ കടകരമായ പ്രഭാവങ്ങളെ സംബന്ധിച്ച് പരിഗണിക്കപ്പെടുമ്പോൾ ആ വ്യവസ്ഥയുടെ മറ്റ് എല്ലാ ഭാഗവും ആ വ്യവസ്ഥയുടെ അപകടകരമായ പ്രഭാവങ്ങളുടെ വിനാശകരമായ എല്ലാ സ്വാധീ നങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുകയും പ്രതിരോധിക്കപ്പെ ടുകയും ചെയ്യേണ്ടതുണ്ട്. ഒരു പ്രവർത്തന സംവിധാനത്തിന്റെ ഗുണപരമായ വശങ്ങൾ പരിഗണിക്കുമ്പോൾ വ്യവസ്ഥ യുടെ ഗുണങ്ങൾ മറ്റു ഭാഗങ്ങളിൽ നിന്നും ഒഴുകി പരക്കു ന്നത് തടയപ്പെടുന്നില്ല പകരം ആ ഗുണങ്ങൾ പരമാവ ധി മറ്റു ഭാഗങ്ങളിലേക്ക് എത്തുന്നത് ആ വ്യവസ്ഥയിൽ അനു വദിക്കപ്പെടുകയാണ് ചെയ്യുന്നത്. (ഇത് നീതി സങ്കൽപ്പത്തി ന്ന് വിരുദ്ധമല്ല). ഇത് മനസ്സിലാക്കുമ്പോൾ ഭൗതിക ലോകത്ത് സമീപ സ്ഥമായ ആകാശത്തിന്റെ പ്രവർത്തനങ്ങൾ നീതിയുടെ നിർവ്വഹണമാ

ണ് സാക്ഷാത്ക്കരിക്കുന്നതെന്ന് കാണാം. ഇതാണ് സമ്പൂർണ്ണമായ സന്തുലനവും സാമഞ്ജസ്യവുമായി വിശദീകരിക്കപ്പെടേണ്ടത്.

ഭൂമിയെ ആവരണം ചെയ്തിരിക്കുന്ന അന്തരീക്ഷത്തിലെ വിവിധ പാളികളെ കുറിച്ച് നമുക്ക് പരിശോധിക്കാം. ഒരു ആകാശമായി കാണുന്ന സമീപസ്ഥമായ ആകാശം വാസ്തവത്തിൽ പല അടുക്കുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം നാം ഓർക്കണം. അതിൽ ചില അടരുകളെ കുറിച്ച് പ്രതിപാദിച്ചു കൊണ്ട് നമ്മുടെ പഠനം കൂടുതൽ വിശദമാക്കാം.

## ട്രോപ്പോസ്ഫിയർ (ക്ഷോഭമണ്ഡലം)

ട്രോപ്പോസ്ഫിയറിനെ നിർവ്വചിക്കാൻ വില്ല്യം വാൻ ദേർ ബിജിലിനെ (William Van Der Bijl) ഉദ്ധരിക്കാം.

'അന്തരീക്ഷത്തിന്റെ ആദ്യത്തെ പാളിയെയാണ് ട്രോപ്പോസ്പിയർ (Troposphere) എന്ന് വിളിക്കുന്നത്. ഭൂമിയുടെ ഉപരിതലത്തിൽ നിന്നും 7 മൈൽ (11.26 കിലോമീറ്റർ) വരെ ഉയരത്തിലുള്ള അന്തരീക്ഷ വായുവാണിത്. ട്രോപ്പോസ്ഫിയറിന്ന് ഉയരം കൂടുന്തോറും അന്തരീക്ഷ താപം കുറഞ്ഞു വരും. ട്രോപ്പോസ്ഫിയർ ഭൂമിയുടെ ഉപരിതലത്തിന്റെ തൊട്ട് മുകളിലായതിനാൽ മനുഷ്യസമൂഹത്തിന്റെ അടിയന്തര ശ്രദ്ധ ഈ പാളിക്ക് നേരെ ഉണ്ടാകുന്നു. ഏഴു മൈൽ ഉയരമുള്ള ഈ വാതകാവരണം ഭൂമിയുടെ ഉപരിലത്തെ പൊതിഞ്ഞ് നിൽക്കുന്നത് ഭൂമിയുടെ ഗുരുത്വബലം കൊണ്ടാണ്. അതിന്ന് നിരവധി കാര്യങ്ങൾ നിർവ്വഹിക്കാനുണ്ട്. ഭൂമിയിലെ ജീവമണ്ഡലം മുഴുവൻ ഈ സമീപാകാശത്തെ ആശ്രയിച്ച് നിൽക്കുന്നു. അതിലുപരിയായി ഈ വായുപാളി ഒരു സുരക്ഷാ കവചമായി നിലകൊള്ളുന്നു. ഈ വായുമണ്ഡലത്തിൽ ഖരപദാർത്ഥങ്ങളുടെ എണ്ണമറ്റ സൂക്ഷ്മകണങ്ങൾ അടങ്ങിയിട്ടുണ്ട്. നിർജ്ജീവമായ ഈ ധൂളികളും അതിസൂക്ഷ്മ ജീവികളും നിരന്തരമായുള്ള വായുവിന്റെ ചലനം മൂലം ഭൗമോപരിതലത്തിൽ നിന്നും വായുമണ്ഡലത്തിലേക്ക് പറന്നുയരുന്നു. ബഹിരാകാശത്ത് അലഞ്ഞു തിരിയുന്ന ഖഗോള വസ്തുക്കളുടെ താഴെക്കുള്ള നിരന്തരമായ പതനത്തിൽ നിന്നും ഭൂമിയേയും അതിലെ ജീവരാശിയെയും രക്ഷിക്കുന്നത് വായുവിന്റെ ഈ സുരക്ഷാ മണ്ഡലമാണ്. ഈ സുരക്ഷാകവചമി

ല്ലാതെ യാതൊരു തരം ജീവിക്കും ഭൂമിയിൽ നില നിൽക്കാൻ സാധ്യമാകുമായിരുന്നില്ല. മറ്റൊരു സുപ്രധാന മായ കാര്യം ഈ വായുപാളിയുടെ സാന്ദ്രത അതിന്ന് ആവശ്യമെത്രയാണോ അതനുസരിച്ചുള്ളതും അതിന്റെ വലുപ്പം ഏറ്റവും അനുയോജ്യമായതുമാണ്.'

ഈ വായുമണ്ഡലത്തിന്റെ തുലനാത്മകതക്ക് എന്തെ ങ്കിലും വിധത്തിൽ ഒരു വീഴ്ച്ച സംഭവിച്ചെങ്കിൽ ഭൂമിയിലെ ജീവന് അത് യാതൊരു നേട്ടവും ഉണ്ടാക്കുമായിരുന്നില്ല. മറിച്ച് വിപരീതഫലമായിരിക്കും ഉണ്ടാവുക. ഭൂമിയിൽ പതി ക്കേണ്ടുന്ന സൂര്യരശ്മിയും മറ്റു ഗുണകരമായ രശ്മികളും പുക മൂടികൊണ്ട് തടയപ്പെടുമായിരുന്നു.[3]

## സ്റ്റ്രാറ്റൊസ്ഫിയർ (സമതാപന മണ്ഡലം)

വില്യം വാൻ ദേർബിജിൽ (William Van Der Bijl) സ്ട്രറ്റോസ് ഫിയറിനെ നിർവചിക്കുന്നത് ഇപ്രകാരമാണ്.

'സ്റ്റ്രാറ്റോസ്ഫിയർ എന്നത് നാല് അന്തരീക്ഷ പാളിക ളുള്ള വായു മണ്ഡലത്തിന്റെ ഭൂമിയിൽ നിന്നുള്ള രണ്ടാ മത്തെ മണ്ഡലമാണ്. സ്റ്റ്രാറ്റോസ്ഫിയർ പാളിയുടെ ഏറ്റ വും താഴ്ന്ന ഭാഗം ട്രോപ്പോപോസും (Tropopause) അതിന്റെ മുകൾ ഭാഗം സ്റ്റ്രാടോപോസുമാണ് (Stratopause). താഴെ യുള്ള ട്രോപ്പോസ്ഫിയർ എന്ന പാളിയുടെ സവിശേ ഷത അതിൽ ലംബമായി നിൽക്കുന്ന താപ പാതകളു ണ്ട്. (Verticale Temperature Gradient) ലംബമായ അസ്ഥി ര വായു ഗമനവുമുണ്ട് (കാലാവസ്ഥാ മാറ്റങ്ങൾക്ക് കാര ണമാകുന്ന) അതിന്ന് വിരുദ്ധമായി സ്ട്രാറ്റോസ്ഫിയർ പാളി യിൽ താപം സ്ഥിരമായി നിൽക്കുന്നു. അതിന്റെ ഉയരം കൂടിയാൽ പോലും താപം സ്ഥിരമായി നിൽക്കുന്നു. സ്റ്റ്രാറ്റോസ്ഫിയറിലെ വായു ചലനം മുഖ്യമായും സമാന്ത രമായിട്ടായിരിക്കും (തിരശ്ചീനമായിട്ടായിരിക്കും ലംബമായി ട്ടല്ല.). അൾട്രാവയലറ്റ് ആഗിരണം മൂലം സ്റ്റ്രാറ്റോസ്ഫി യർ മണ്ഡലം കൂടുതൽ ചൂടിന്ന് കാരണമാകും. ഭൂമിയുടെ ഉപരിതലത്തിൽ നിന്നും 48 മുതൽ 53 കിലോമീറ്റർ അഥ വാ 30 മുതൽ 33 മൈൽ വരെയോ ആണ് സ്റ്റ്രാറ്റോ സ്ഫിയർ പാളിയുള്ളത്.'[4]

സമീപസ്ഥമായ ആകാശത്തിലെ ഈ രണ്ട് പാളികളുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള ഹ്രസ്വമായ ഈ പഠനം അവ നിർവ്വഹിക്കുന്ന സങ്കീർണ്ണമായ ചില പ്രവർത്തനങ്ങളെപറ്റി മാത്രമാണ് പ്രതിപാദിക്കുന്നത്. ഈ പ്രാഥമികമായ ജ്ഞാനം തന്നെ മനുഷ്യനെ വിസ്മയഭരിതനാക്കാനും അമ്പരപ്പുകളുടെ മഹാസാഗരത്തിൽ നിമജ്ഞമാക്കുവാനും പര്യാപ്തമാണ്. സമീപസ്ഥമായ ആകാശം എത്ര കണിശമായും ധിഷണാ വൈഭവത്തോടെയുമാണ് സംഘടിപ്പിക്കപ്പെട്ടതും ഓരോ പ്രത്യേക ധർമ്മങ്ങൾ നിർവ്വഹിക്കാനായി വിഭജിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നത്. അതിന്റെ സന്തുലനത്തിൽ എന്തെങ്കിലും നേരിയ തകരാറുകൾ ഉണ്ടായിരുന്നെങ്കിൽ ഭൂമി ജീവന്ന് അനുകൂലമല്ലാതായി തീരുമായിരുന്നു. ഓസോൺ പാളിയിൽ എന്തെങ്കിലും ന്യൂനതകൾ ഉണ്ടായിരുന്നുവെങ്കിൽ തീവ്രമായ കോസ്മിക് രശ്മികളുടെ അപ്രതിരോധ്യമായ വികിരണത്താൽ ജീവന്റെ എല്ലാ രൂപങ്ങളും നശിക്കാൻ അത് പര്യാപ്തമാകുമായിരുന്നു. ഈ പഠനം അദ്ൽ, സന്തുലനം എന്നീ പദങ്ങളുടെ അഗാധമായ അർത്ഥം പ്രപഞ്ചത്തിൽ പ്രതിഫലിക്കുന്നത് പ്രകടിപ്പിക്കാൻ ഉതകുമെന്ന് മാത്രമല്ല, ഈ പഠനം മനുഷ്യനും അവന്റെ സ്രഷ്ടാവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. ഒരാൾ പ്രകൃതിയിലെ പ്രഹേളികകളെപ്പറ്റി അഗാധമായി ചിന്തിക്കുമ്പോൾ മനുഷ്യന് ദൈവം ചെയ്തു വെച്ച കാര്യങ്ങളെ ഓർത്ത് അയാളിൽ നന്ദിയുടെയും ജാഗ്രതാബോധത്തിന്റെയും വിതാനം ഉയരുന്നു. അവസരങ്ങളുടെ പകിടകളികൊണ്ട് ഭൂമിയിൽ ജീവൻ സൃഷ്ടിക്കാനോ ജീവനെ പിന്തുണക്കാനോ സാധ്യമല്ല. മനുഷ്യൻ ഇന്ന് എത്തിനിൽക്കുന്ന തലചുറ്റിക്കുന്ന ഉന്നതാവസ്ഥയിൽ എത്തിച്ചേരാൻ സഹായകരമായി നിൽക്കാനോ അതിന്ന് സാധ്യമാകില്ല. ഭൂമിയെ ജീവന്റെ സുസ്ഥിരമായ നിലനിൽപ്പിന്നുള്ള ഉചിതമായ സ്ഥലമാക്കി ഒരുക്കിയെടുക്കാൻ വിവിധ ശക്തികളെ തുലനപ്പെടുത്തി കോടാനുകോടി ക്രമീകരണങ്ങൾ നടത്തേണ്ടതുണ്ട്.

## മാഗ്നറ്റോസ്ഫിയർ (കാന്തിക മണ്ഡലം)

കാന്തിക മണ്ഡലം (Magnetosphere) എന്നത് അന്തരീക്ഷത്തിലെ കാന്തിക പ്രഭാവമുള്ള ഒരു മണ്ഡലമാണ്. അയോണീകരണം* കാരണമുണ്ടാകുന്ന കാന്തിക പ്രതിഭാസവും ഉയർന്ന അന്തരീക്ഷ ചാലകതയും ചാർജ്ജിത കണങ്ങളുടെ സ്വഭാവം നിർണ്ണയിക്കാൻ അനിവാര്യമായ ഘടകങ്ങളാണ്. അനന്തമായ കോസ്മിക് ഊർ ജ്ജം ആഗിരണം ചെയ്ത് മിക്കവാറും അതിനെ ഭൂമിയിലേക്ക് എത്തുന്നതിനെ തടയുക എന്നതാണ് കാന്തിക മണ്ഡലത്തിന്റെ ധർമ്മം.

അടിസ്ഥാനപരമായി രണ്ടു വിധത്തിലുള്ള കോസ്മിക് രശ് മികളുണ്ട്. ഒന്ന് പ്രാഥമിക രശ്മികളും മറ്റൊന്ന് ദ്വിതീയ രശ് മികളും. പ്രാഥമിക കോസ്മിക് രശ്മികൾ മുഖ്യമായും പ്രോ ട്ടോണുകളും (ഹൈഡ്രജൻ ന്യൂക്ലി) അൽഫാ കണങ്ങളും അടങ്ങിയതാണ് (ഹീലിയം ന്യൂക്ളി). ഭൂരിപക്ഷം പ്രഥമ കോസ് മിക് രശ്മികളുടെ ഊർജ്ജം ഏകദേശം നൂറ് കോടി ഇലക് ട്രോൺ വോൾട്ട്സ് വരും. മാത്രമല്ല ചില പ്രാഥമിക രശ് മികൾ സൂര്യനിൽ നിന്നും ഉദ്ഭവിക്കുന്നതാണ്. ഭൂരിപക്ഷം കോസ്മിക് രശ്മികളും ഭൂമിയിൽ നിന്നും വളരെ അകലെയുള്ള സ്രോതസ്സുകളിൽ നിന്നും വരുന്നവയാണ്. (അതിഭയങ്കരമായി സ്ഫോടനം നടക്കുന്ന സൂപ്പർ നോവ നക്ഷത്രങ്ങളിൽ നിന്നാ ണ് അവ വരാനുള്ള സാധ്യത) കൂടാതെ ആകാശ ഗംഗയുടെ പുറമെ നിന്നും ഉയർന്ന ഊർജ്ജ നിലകളോടെ വരുന്ന വയാണ്. ഭൂമിയിലെ അന്തരീക്ഷത്തിലേക്ക് കടന്നുവരുന്ന ചില പ്രാഥമിക കോസ്മിക് രശ്മികൾ ഓക്സിജൻ, നൈട്രജൻ ന്യൂക്ളികളുമായി കൂട്ടിമുട്ടുകയും ദ്വിതീയ കോസ്മിക് രശ്മി കൾ ഉദ്ഭവിക്കുകയും ചെയ്യുന്നു. ഈ ദിതീയ കോസ്മിക് രശ് മികൾ ഇലക്ട്രോൺ, പോസിട്രോൺ, മെസോൺ, ന്യൂട്രിനോസ്

---

* **അയോണീകരണം**:- ആറ്റത്തിൽ ഒന്നോ അധികമോ ഇലക്ട്രോണുകൾ നഷ്ടപ്പെടുകയോ നേടുകയോ ചെയ്താൽ അത് വൈദ്യുതചാർജ്ജുള്ള അയോൺ ആയിത്തീരുന്നു. ഇങ്ങനെ അയോണുകളാക്കി മാറ്റുന്ന പ്രക്രിയയെയാണ് അയോണീകരണം എന്ന് പറയുന്നത്. അയോ ണുകൾ വൈദ്യുത ചാർജ്ജുള്ള കണങ്ങളാണ്. അതിനാൽ ഇവ വൈദ്യുത ചാലകമായി പ്രവർ ത്തിക്കുന്നു. - (വിവ:)

എന്നീ ഉപകണങ്ങളും(Subatomic) അത്പോലെ ഫോട്ടോണുകളും ഉൾപ്പെട്ടതാണ്. ഉന്നത ഊർജ്ജ നിലകളുള്ള ദിത്വീയ കോസ്മിക് രശ്മികൾ അന്തരീക്ഷത്തിലെ മറ്റു **ന്യൂക്ലിയുമായി (Nuclei) പ്രതി പ്രവർത്തിക്കുകയും കൂടുതൽ ദിത്വീയ കോസ്മിക് രശ്മികൾ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു. അത്തരം തുടർന്നുള്ള കൂട്ടിമുട്ടലുകളുടെ ഫലമായുണ്ടാകുന്ന കോസ്മിക് രശ്മികളുടെ പെരുക്കത്തിനെയാണ് സോപാന വർഷം (കാസ്കേഡ് ഷവർ-Cascade Shower) എന്ന് പറയപ്പെടുന്നത്.

വാസ്തവത്തിൽ കോസ്മിക് വികിരണം ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ ആകർഷിക്കാനുള്ള ലളിതമായ കാരണം ഈ പ്രതിഭാസം അവരുടെ ധാരണാശക്തിക്ക് ഒരു വെല്ലുവിളിയായി തീർന്നതിനാലാണ്. കോസ്മിക് രശ്മികളുടെ വമ്പിച്ച പ്രാധാന്യത്തിന്ന് കാരണം ഭൂമിയിലെ ജീവൻ സംരക്ഷിത വ്യവസ്ഥയുടെ പല മേഖലകളിലും അത് ചെലുത്തുന്ന വൻ സ്വാധീനമാണ്. യഥാർത്ഥത്തിൽ ഭൂമിയിലെ മനുഷ്യ ജീവിതം വലിയ തോതിൽ ആശ്രയിക്കുന്നത് ദിത്വീയ കോസ്മിക് രശ്മികളെയാണ് (Secondary cosmic rays).** ഈ രശ്മികളാണ് സസ്യങ്ങളിൽ പച്ച നിറത്തിന്ന് കാരണമാകുന്ന ഹരിതകം നിർമ്മിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നത്. പ്രകാശസംശ്ലേഷണത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നത് ഹരിതകമാണ്. പ്രകാശ സംശ്ലേഷണത്തിലൂടെ കാർബൺ, ഓക്സിജൻ, ഹൈഡ്രജൻ എന്നീ മൂലകങ്ങളെ സങ്കീർണ്ണമായ ജൈവ വസ്തുക്കളാക്കി മാറ്റിയാണ് എല്ലാവിധ സസ്യവിളവുകളും ഉദ്പാദിപ്പിക്കുന്നത്. വേര്, ഇലകൾ, കാണ്ഡം, പൂവ്, ഫലം തുടങ്ങി അവയുടെ അസ്തിത്വം മുഴുവൻ ഹരിതകത്തിന്റെ പങ്കിനോട് കടപ്പെട്ടിരിക്കുന്നു. സൂര്യകിരണങ്ങളിൽ നിന്നും ദ്വിത്വീയ കോസ്മിക്

* ന്യൂക്ലി :- ന്യൂക്ലിയസ്സിന്റെ ബഹുവചനം - വിവ:

** **ദ്വിതീയ കോസ്മിക് രശ്മികൾ(Secondary cosmic rays).** :- ബഹിരാകാശത്ത് നിന്ന് ഭൂമിയിലെത്തുന്ന ഉയർന്ന ഊർജ്ജമുള്ള അണുകേന്ദ്രീയ കണങ്ങളടങ്ങിയ രശ്മികളും അവ ഭൗമാന്തരീക്ഷത്തിൽ സൃഷ്ടിക്കുന്ന വികിരണങ്ങളുമാണ് കോസ്മിക് രശ്മികൾ. ഭൗമാന്തരീക്ഷത്തിനു പുറത്ത് നിന്നും എത്തുന്നവയെ പ്രാഥമിക (Primary) രശ്മികൾ എന്നും അന്തരീക്ഷത്തിൽ വെച്ചുണ്ടാവുന്നവയെ ദ്വിതീയ (Secondary) രശ്മികൾ എന്നുമാണ് വിളിക്കുന്നത്.. - (വിവ:)

രശ്മികളിൽ നിന്നുമുള്ള ഊർജ്ജം സംയോജിപ്പിച്ച് കാര്യക്ഷമമായ ഒരു ഫാക്റ്ററിയിലെന്നപോലെ പ്രവർത്തിച്ചാണ് ഇവകൾ നിർമ്മിക്കുന്നത്.

ഈ ദ്വിതീയ കോസ്മിക് രശ്മികൾ ഈയ്യത്തിന്റെ വളരെ കട്ടിയുള്ള പാളികൾ പോലും തുളച്ചു കയറാൻ ശേഷിയുള്ളതാണ്. ഖനിയുടെ അഗാധതകളിലേക്കും സമുദ്രങ്ങളുടെ അടിത്തട്ടിലേക്കും അത് ആഴങ്ങളിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നതായി കണ്ടെത്തിയിരിക്കുന്നു. മനുഷ്യന്റെ ശരീരത്തിലൂടെ ഓരോ മിനുട്ടിലും 25,000 മുതൽ 30,000 വരെ കോസ്മിക് രശ്മികളുടെ കണങ്ങൾ കടന്നുപോയിക്കൊണ്ടിരിക്കുന്നു. കോസ്മിക് രശ്മികളെ അതിന്റെ പ്രാഥമികരൂപത്തിൽ ഭൂമിയുടെ ഉപരിതലത്തിൽ പ്രവേശിക്കുന്നതിൽ നിന്നും തടയേണ്ടതായിട്ടുണ്ട്. ഈ കൃത്യം മേൽ വിവരിച്ച ഭൂമിയുടെ സംരക്ഷണ പാളിയിലൂടെ നിർവ്വഹിക്കപ്പെടുന്നു. കോസ്മിക് രശ്മികൾ ഓക്സിജൻ, നൈട്രജൻ ആറ്റങ്ങളുമായി ആവർത്തിച്ച് സംഘട്ടനത്തിലേർപ്പെടുമ്പോഴുണ്ടാവുന്ന ദ്വിതീയ രശ്മികളാണ് അവസാനം ഭൂമിയിലെത്തുന്നത്.

ഇതിന്ന് മുമ്പ് പരാമർശിച്ചത് പോലെ വാനലോകവുമായുള്ള ബന്ധം പറയുമ്പോൾ വിശുദ്ധ ഖുർആൻ *മീസാൻ* എന്ന സാങ്കേതിക പദമാണ് ഉപയോഗിക്കുന്നത്. അതിന്റെ അർത്ഥം സന്തുലനം അല്ലെങ്കിൽ സന്തുലനം സാധ്യമാകാൻ വേണ്ടി ഉപയോഗിക്കുന്ന എന്തെങ്കിലും ഉപാധികൾ എന്നാണ്. ഭൂമിക്കും ഭൂമിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും ഖുർആൻ ഉപയോഗിക്കുന്നത് അതേ കേവല ക്രിയയിൽ നിന്നും നിഷ്പന്നമായ മറ്റൊരു പദമാണ്. *വസൻ*(ഭാരം) എന്ന കേവല ക്രിയയിൽ നിന്നും നിഷപന്നമായതാണ് *മീസാൻ.* മുകളിൽ പ്രതിപാദിച്ചതിന്റെ രണ്ട് അർത്ഥവും മീസാൻ എന്ന പദത്തിന്റെ ലക്ഷ്യാർത്ഥത്തിൽ നിന്നും ലഭിക്കും. അതേ ധാതുവിൽ നിന്നും നിഷ്പന്നമാകുന്ന *മൗസുൻ* എന്ന പദത്തിന്റെ അർത്ഥം എന്തെങ്കിലും ഒന്ന് പൂർണ്ണതോതിൽ സന്തുലനാത്മകമായും അനുപാതത്തിലും നിർമ്മിച്ചത് എന്നാണ്.

ഖുർആൻ ഒഴികെ ലോകത്ത് ഏതെങ്കിലും ഒരു ഗ്രന്ഥം ഇത്തരം സങ്കീർണ്ണമായ വിഷയം ഇത്രയും ലളിതമായി മഹിത

മായ കൽപനാ വൈഭവത്തോടെ അനായാസം ചർച്ച ചെയ്യുന്നുണ്ടോ? അക്കാദമികവും ശാസ്ത്രീയവുമായ അഗാധമായ വിഷയങ്ങൾ വളരെ ഒഴുക്കോടെ സരളമായ ശൈലിയിൽ പ്രതിപാദിക്കുന്നത് തികച്ചും അത്ഭുകരമാണ്. വിശുദ്ധ ഖുർആൻ നമ്മുടെ ഈ കാലഘട്ടത്തിൽ അവതീർണ്ണമായതല്ല. നമ്മുടെ കാലത്തെ വിജ്ഞാനത്തിൽ നിന്നും ധാരണകളിൽനിന്നും തികച്ചും വ്യത്യസ്തമായ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് വെളിപ്പെട്ടതാണ്. എന്നിട്ടും സമകാലീന ലോകത്തെ പ്രശ്നങ്ങളും താൽപര്യങ്ങളും ആ ഗ്രന്ഥം ചർച്ച ചെയ്യുന്നു. പ്രകൃതിയുടെ എല്ലാ സർഗ്ഗാത്മക പ്രക്രിയകളിലുമുള്ള സങ്കീർണ്ണമായ രഹസ്യങ്ങളും ചർച്ചചെയ്ത് വെളിപ്പെടുത്തുന്നു എന്നത് വിസ്മയകരമാണ്.

ദൈവാസ്തിത്വത്തിൽ വിശ്വസിക്കാത്ത ഇസ്‌ലാമിന്റെ ചില വിമർശകന്മാർ വിശുദ്ധ ഖുർആൻ ദൈവത്തിൽ നിന്നും വെളിപ്പെട്ടതല്ലെന്നും അത് മുഹമ്മദിന്റെ(സ) വാക്കുകൾ മാത്രമാണെന്നും ആരോപിക്കുന്നവരാണ്. അങ്ങനെയാണെങ്കിൽ നാം ചർച്ച ചെയ്യുന്ന നിഗൂഢ രഹസ്യങ്ങളേക്കാളും പ്രഹേളികയേക്കാളും വൻതോതിലുള്ള കാര്യങ്ങൾ വിശുദ്ധ ഖുർആൻ സ്വയം അവതരിപ്പിക്കുന്നതായി നാം കാണുന്നു. ഖുർആന്റെ രചയിതാവ് എന്ന് അവർ ആരോപിക്കുന്ന വ്യക്തി ഒരു നിരക്ഷരനായിരുന്നു എന്ന കാര്യം അവർക്ക് എങ്ങനെ അവഗ ണിക്കാൻ കഴിയുന്നു എന്ന കാര്യം ആശ്ചര്യകരമാണ്. അദ്ദേഹം ജനിച്ച ദേശം *'നിരക്ഷരരുടെ നാട്'* എന്ന് നിന്ദാകരമായി പരാമർശിക്കപ്പെടുന്ന ദേശമാണ്. അറേബ്യയുടെ ഒരു ഭാഗത്ത് വളരെയേറെ പുരോഗമിച്ച പേർഷ്യൻ നാഗരികതയായിരുന്നു നിലകൊണ്ടിരുന്നത്. മറുഭാഗത്താകട്ടെ ലോകത്ത് മറ്റൊരിടത്തും ഇല്ലാത്ത വിധം തത്ത്വശാസ്ത്രവും ഭൗതിക ശാസ്ത്രങ്ങളും പുഷ്ക്കലമായ വിജ്ഞാനത്തിന്റെ കളിതൊട്ടിലായ പ്രവിശാലമായ റോമാ സാമ്രാജ്യവും. അക്കാലത്തെ വൻശക്തികളായിരുന്ന ഇവർ രണ്ട് കൂട്ടരും പരിഹാസത്തോടെയും നിന്ദയോടെയും അജ്ഞാനത്തിന്റെ കേദാരം എന്ന നിലക്കാണ് അറേബ്യയെ നോക്കിക്കണ്ടത്. ഇത്തരത്തിലുള്ള ഒരു നാട്ടിൽ നിന്നും ജ്ഞാനത്തിന്റെ മഹത്തായ ഈ സ്രോതസ്സിന്റെ രചനാകർതൃത്വം

പരിശുദ്ധ പ്രവാചകനിൽ ആരോപിക്കുക എന്നത് യാതൊരു വിധത്തിലും സാധ്യമല്ല. അത് ദൈവത്തിന്റെ വചനം മാത്രമായിരുന്നിരിക്കണം.

## ഭൂമി

ഭൂമിയുടെ സൃഷ്ടിപ്പുമായി ബന്ധപ്പെട്ട സന്തുലനത്തിന്റെ തത്ത്വങ്ങൾ വിവരിക്കാനായി വിശുദ്ധ ഖുർആൻ ചില വചനങ്ങൾ പ്രതിപാദിക്കുന്നു. ഉദാഹരണമായി:

وَالْأَرْضَ مَدَدْنَاهَا وَأَلْقَيْنَا فِيهَا رَوَاسِيَ وَأَنْبَتْنَا فِيهَا مِنْ كُلِّ شَيْءٍ مَوْزُونٍ ﴿٢٠﴾

*ഭൂമിയെ നാം വികസിപ്പിക്കുകയും അതിൽ ഉറച്ചു നിൽക്കുന്ന പർവ്വതങ്ങളെ സ്ഥാപിക്കുകയും കൃത്യമായ അളവിൽ എല്ലാ വസ്തുക്കളേയും അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു.*

*(അൽ-ഹിജ്ർ 15: 20)*

വിശുദ്ധ ഖുർആനിലെ ഈ വചനം സൂചിപ്പിക്കുന്നത് ദൈവം ആകാശഭൂമികൾ സൃഷ്ടിച്ചത് സമ്പൂർണ്ണ സന്തുലനം പോലെയുള്ള തത്ത്വത്തിന്റെ മേലെയാണെന്നാണ്. തുടർന്ന് ആകാശഭൂമിക്കിടയിൽ സൃഷ്ടിക്കുന്നതെല്ലാം എന്താണോ അതെല്ലാം നീതിയുടെ തത്ത്വങ്ങൾ പാലിക്കുകയും ചെയ്യുന്നു. ആയതിനാൽ ദൈവം ഏറ്റവും ഉചിതമായി പ്രഖ്യാപിക്കുന്നത് ആകാശം ഒരു *മീസാനും* ഭൂമി *മൗസുൻ* ആയിരിക്കുക എന്നാണ്. ഇത് സൂചിപ്പിക്കുന്നത് ഭൂമി അത് സ്വയംതന്നെ സന്തുലീകരിക്കപ്പെടുകയില്ല. മറിച്ച് പുറമേനിന്നും അത്യുന്നതമായ ഒരു തുലനീകരണശക്തിക്ക് ഭൂമി വിധേയമാവുന്നു എന്നാണ്.

*മീസാൻ* എന്നത് ആകാശീയമായ നീതിയുടെ തത്ത്വങ്ങളുമായിട്ടാണ് ബന്ധപ്പെട്ടു നിൽക്കുന്നത്. മറ്റു വസ്തുക്കളിലും സന്തുലനം സൃഷ്ടിക്കാൻ അത് ഉപാധിയാകുന്നു എന്ന അർത്ഥധ്വനി ആ പദത്തിന്നുണ്ട്. ഭൂമിയിൽ പാലിക്കപ്പെടുന്ന നീതിയുടെ തത്ത്വം ഭൂമിയുടെ തന്നെ ആന്തരികമായ ഗുണത്തിൽ നിന്നും ഉദ്ഭൂതമായതല്ല. അത് ആകാശത്ത് നിന്നും നൽകപ്പെട്ടതാണ്. ഇവിടെ നാം മറ്റൊരു യാഥാർത്ഥ്യത്തിലേക്കാണ് നയിക്കപ്പെടുന്നത്. ഭൂമിയിലെ എല്ലാ ഭൗതിക വസ്തുക്കളുടെയും

അസ്തിത്വത്തിന്റെ മികവ് അതിന്റെ ആകാശീയമായ തത്ത്വങ്ങ ളുടെ സാമഞ്ജസ്യത്തെ ആശ്രയിച്ചാണ് നിൽക്കുന്നത്. അത് പോലെ യഥാർത്ഥത്തിൽ ആകാശീയമായ വ്യക്തിത്വങ്ങളാണ് ലോക ത്തെ എല്ലാ കാര്യത്തിലും നന്നായി നയിക്കാൻ ഏറെ പ്രാപ്ത രായിട്ടുള്ളവർ എന്ന് കരുതലാണ് വിവേകം.

وَاَنْۢبَتْنَا فِيْهَا مِنْ كُلِّ شَيْءٍ مَّوْزُوْنٍ ﴿٢٠﴾

*കൃത്യമായ അളവിൽ നാം എല്ലാ വസ്തുക്കളെയും അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു.*
*(സൂറ: അൽ ഹിജ്ർ:15:20)*

ഭൂമിയിൽ എല്ലാം മുളക്കുന്നത് പ്രകൃതിയിലെ പരമോന്നത കേവല നീതിയുടെ നിയമത്തിന്റെ സ്വാധീനത്തിലാണ്. അതിനെ പിന്തുടരുകയല്ലാതെ മറ്റു വഴികളില്ല. ഭൂമിയിലെ എല്ലാ വളർച്ചയും നിയന്ത്രിക്കുന്നത് പ്രകൃതിയിലെ ദിവ്യനിയമങ്ങളാണ് എന്ന് കാണ പ്പെടുന്നു.

ഈ പശ്ചാത്തലത്തിൽ *'നാം മുളപ്പിക്കുന്നു'* എന്ന് അർത്ഥം വരുന്ന *അമ്പത്നാ* എന്ന അറബി പദം സവിശേഷ ശ്രദ്ധ അർഹിക്കുന്നു. സാധാരണയായി ഈ പദം സസ്യജാലങ്ങൾ വള രുന്ന പ്രതിഭാസത്തെ പരാമർശിക്കാനായി ഉപയോഗിക്കുന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്. ഇത് ശരിയല്ല. മനുഷ്യന്റെ ജനന ത്തെയും വളർച്ചയേയും സംബന്ധിച്ചും പലപ്പോഴും ഈ പദം ഉപ യോഗിക്കാറുണ്ട്.

സൂറ: നൂഹ് 18-ാം വചനം *നബാത്ത്* എന്ന ഇതേ പദം മനുഷ്യ ന്റെ ഭൂമിയിലെ സൃഷ്ടിപ്പിനെ പറ്റിയും അതിന്ന് ശേഷമുള്ള വികാസവളർച്ചയെ പറ്റിയും നേരിട്ട് തന്നെ ഉപയോഗിച്ചിട്ടുണ്ട്. വചനം ഇപ്രകാരമാണ്.

وَاللّٰهُ اَنْۢبَتَكُمْ مِّنَ الْاَرْضِ نَبَاتًا ﴿١٨﴾

*നിങ്ങളെ അല്ലാഹു ഭൂമിയിൽ നിന്ന് നല്ല നിലയിൽ ഉൽപാദി പ്പിച്ചു വളർത്തിയിരിക്കുന്നു.*
*(സൂറ: നൂഹ് 71: 18)*

ഇവിടെ മനുഷ്യനെ അഭിസംബോധന ചെയ്തുകൊണ്ട് ദൈവം അസന്ദിഗ്ദമായി പ്രസ്താവിക്കുന്നത് മനുഷ്യനെ ജനി

പ്പിച്ചു വളർത്തിയ *നബാത്* എന്ന പദം അർത്ഥമാക്കുന്ന അതേ പ്രക്രിയയിലൂടെയാണ് സസ്യത്തെയും മുളപ്പിച്ചു വളർത്തിയത് എന്നാണ്.

## പർവ്വതങ്ങൾ

സൂറ: ലുഖ്മാനിലെ 11,12 വചനത്തോടൊപ്പം നാം സൂറ:ഹിജ്ർ ലെ 20-ാം വചനത്തിലേക്ക് വീണ്ടും പോകുകയാണ്. സൂറ: ലുഖ് മാനിലെ വചനം നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഇതേ പ്രതിഭാസം എത്ര വിശദമായാണ് ചർച്ച ചെയ്യുന്നതെന്ന് കാണാം.

وَ الْاَرْضَ مَدَدْنٰهَا وَ اَلْقَيْنَا فِيْهَا رَوَاسِيَ وَ اَنْۢبَتْنَا فِيْهَا مِنْ كُلِّ
شَيْءٍ مَّوْزُوْنٍ ﴿٢٠﴾

*ഭൂമിയെ നാം വികസിപ്പിക്കുകയും അതിൽ ഉറച്ചു നിൽക്കുന്ന പർവ്വതങ്ങൾ നാം സ്ഥാപിക്കുകയും കൃത്യമായ അളവിൽ എല്ലാ വസ്തുക്കളെയും നാം അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു. (സൂറ അൽ ഹിജ്ർ 15:20)*

خَلَقَ السَّمٰوٰتِ بِغَيْرِ عَمَدٍ تَرَوْنَهَا وَ اَلْقٰى فِي الْاَرْضِ رَوَاسِيَ اَنْ تَمِيْدَ بِكُمْ وَ
بَثَّ فِيْهَا مِنْ كُلِّ دَآبَّةٍ وَ اَنْزَلْنَا مِنَ السَّمَآءِ مَآءً فَاَنْۢبَتْنَا فِيْهَا مِنْ كُلِّ زَوْجٍ
كَرِيْمٍ ﴿١١﴾ هٰذَا خَلْقُ اللّٰهِ فَاَرُوْنِيْ مَاذَا خَلَقَ الَّذِيْنَ مِنْ دُوْنِهٖ بَلِ الظّٰلِمُوْنَ فِيْ
ضَلٰلٍ مُّبِيْنٍ ﴿١٢﴾

*ഭൂമിയിൽ അവൻ ഉറച്ച പർവ്വതങ്ങൾ സ്ഥാപിച്ചിരിക്കുന്നു. (അതായത് നിങ്ങൾക്ക് അത് ഭക്ഷണം നൽകുന്നു.) അവനതിൽ എല്ലാതരം ജീവികളെയും വ്യാപിപ്പിച്ചിരിക്കുന്നു. എന്നിട്ട് നാം ആകാശത്ത് നിന്ന് വെള്ളമിറക്കി, എന്നിട്ട് അതിൽ മെച്ചപ്പെട്ട (എല്ലാ വർഗ്ഗങ്ങളിൽ നിന്നുമുള്ള) മഹിതമായ ഇണകളേയും നാം വളർത്തുന്നു. ഇത് അല്ലാഹുവിന്റെ സൃഷ്ടിയാണ്. അപ്പോൾ അവന് പുറമേയുള്ളവർ എന്താണ് സൃഷ്ടിച്ചതെന്ന് നിങ്ങൾ എനിക്ക് കാണിച്ചു തരിക. പക്ഷേ അക്രമികൾ വ്യക്തമായ വഴികേടിലാണ്.*

*(സൂറ: ലുഖ്മാൻ 31: 11–12)*

ഇവിടെ പർവ്വതങ്ങൾക്ക് ഉപയോഗിച്ച പദം *റവാസിയ* എന്നാണ്. അതിന്നർത്ഥം അഗാധമായും ദൃഢമായും വേരോടിനിൽക്കുന്നത് എന്നാണ്. അറബിഭാഷയിൽ ഈ പദത്തിന്റെ ഈ അർത്ഥധ്വനി കാരണം അറബികൾ പർവ്വതത്തിന്ന് ഇതേ പദമാണ് ഉപയോഗിക്കുക. വിശുദ്ധ ഖുർആന്റെ മിക്ക വിവർത്തനങ്ങളിലും കാണുന്ന പർവ്വതങ്ങളുമായി ബന്ധപ്പെട്ട *തമീദ ബിക്കും* എന്ന പദം അർത്ഥമാക്കുന്നത് പർവ്വതങ്ങൾ ഭൂകമ്പത്തിൽ നിന്നും മനുഷ്യരാശിയെ രക്ഷിക്കാനാണ് സൃഷ്ടിക്കപ്പെട്ടത് എന്നാണ്. ഭൂകമ്പത്തിൽ നിന്നും പർവ്വതങ്ങൾ ഭൂമിയെ രക്ഷിക്കുന്നില്ല എന്ന വസ്തുനിഷ്ഠമായ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഈ വിവർത്തനം സ്വീകരിക്കാൻ സാധ്യമല്ല. ഇതിന്ന് വിരുദ്ധമായി, മിക്ക ഭൂകമ്പങ്ങളുടെയും കേന്ദ്രബിന്ദു ഭൂമിക്ക് മുകളിൽ എഴുന്നു നിൽക്കുന്ന പർവ്വതത്തിലും സ്ഥിതി ചെയ്യുന്നു എന്നതാണ്. അല്ലെങ്കിൽ അത്തരം കേന്ദ്രങ്ങൾ സമുദ്രത്തിന്റെ അഗാധങ്ങളിൽ മറഞ്ഞുകിടക്കുന്ന അഗ്നി പർവ്വതങ്ങളിലും ഉണ്ടാവാറുണ്ട്. ദൈവത്തിന്റെ സൃഷ്ടിപ്രക്രിയക്ക് വിരുദ്ധമായ രീതിയിൽ ദൈവവചനങ്ങൾ വിവർത്തനം ചെയ്യുന്നത് ഉചിതമല്ല.

*മദ്ദ, യമുദ്ദു* എന്നീ പദങ്ങളിൽ നിന്നും സംജാതമായ *തമീദ ബിക്കും* എന്ന പദം ഭക്ഷണത്തിന്നായുള്ള മേശ ഒരുക്കുക എന്ന മറ്റൊരർത്ഥവും സൂചിപ്പിക്കുന്നു. അങ്ങനെയാവുമ്പോൾ വിവർത്തനം ഇങ്ങനെ ആയിരിക്കണം. 'നാം രൂഢമൂലമായ പർവ്വതങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. കാരണം അവ നിങ്ങൾക്ക് ഭക്ഷണം നൽകുന്നതിന്നുള്ള സ്രോതസ്സായി വർത്തിക്കുന്നു.'

ചുരുക്കത്തിൽ ഭൂമികുലുക്കത്തിൽ നിന്ന് മനുഷ്യവംശത്തെ രക്ഷിക്കാനല്ല ദൈവം പർവ്വതങ്ങളെ സൃഷ്ടിച്ചത്. മറിച്ച് ജീവന്റെ നിലനിൽപ്പ് പർവ്വതങ്ങളുടെ അസ്തിത്വത്തെ ആശ്രയിച്ചാണ് എന്നത്കൊണ്ടാണ്. *മൗസുൻ* എന്ന പദത്തിന്റെ അർത്ഥപ്രതീതി സൃഷ്ടിക്കുന്ന വിധം ജീവന് ആവശ്യമായ ഭക്ഷ്യശൃംഖലയുടെ സംവിധാനത്തെ പർവ്വതങ്ങൾ പരിപൂർണ്ണമായും പരിപാലിക്കുകയും പിന്തുണക്കുകയും ചെയ്യുന്നു.

ഭൂമിയുടെ ഉപരിതലത്തിൽ 30 ശതമാനം മാത്രമാണ് കര ഭാഗമുള്ളത്. അത് തന്നെ അഞ്ച് ഭൂഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ബാക്കി 70 ശതമാനം ഭൂമിയുടെ ഉപരിതലം സമുദ്രവും തടാകങ്ങളുമാണ്. പക്ഷേ നാം കാണുന്ന ഈ ജലം മുഴുവനും അവിടെയില്ല. വാസ്തവത്തിൽ 75 ശതമാനം ജലവും ഐസ് രൂപത്തിൽ വടക്കൻ അർദ്ധഗോളത്തിൽ പർവ്വതശിഖരങ്ങളിൽ ശേഖരിക്കപ്പെട്ടിരിക്കുന്നു. പർവ്വതം ഉറഞ്ഞ ഖരജലത്തിന്റെ ഒരു ജലസംഭരണി പോലെ പ്രവർത്തിച്ചിട്ടില്ലായിരുന്നുവെങ്കിൽ, ഐസ് ഉരുകി അത് സമുദ്ര ജലത്തിലേക്ക് തിരിച്ച് ഒഴുകി നിലവിലുള്ള 30 ശതമാനം കരയും പൂർണ്ണമായും മുങ്ങിപ്പോകുമായിരുന്നു. അങ്ങനെ ഭൂമിയുടെ ഉപരിതലം മുഴുവൻ സമുദ്രം കൊണ്ട് ആവരണം ചെയ്യപ്പെടുമായിരുന്നു.

ഭൂമിയിലെ ജലത്തിന്റെ സന്തുലനം നിലനിർത്താൻ പർവ്വതങ്ങൾ നിർണ്ണായക പങ്കാണ് വഹിക്കുന്നത്. മനുഷ്യന്റെ ഉപയോഗത്തിന്നും സസ്യലോകത്തിന്റെ ജീവനത്തിന്നുമായുള്ള ജലശുദ്ധീകരണം പർവ്വതങ്ങളുടെ സുപ്രധാനമായ മറ്റൊരു പ്രവർത്തനമാണ്. സമുദ്രത്തിൽ നിന്നു പർവ്വതങ്ങളിലേക്കും അവിടെ നിന്ന് തിരിച്ച് വീണ്ടും സമുദ്രത്തിലേക്കുമുള്ള ജലത്തിന്റെ പരിവൃത്തി പ്രക്രിയ ഒരു നീണ്ട കഥയാണ്. അതായത് ഈ ജലചക്രത്തിൽ ശുദ്ധജലം ഭൂമിയിലെ സസ്യങ്ങളും ജീവികളും ഉപയോഗിക്കുകയും മലിന ജലം കടലിലേക്ക് തിരികെ ഒഴുകിപ്പോവുകയും ചെയ്യുന്നു.

പർവ്വതങ്ങൾ ഈർപ്പ (Moisture) പാതത്തിന്നും പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. ധ്രുവ പ്രദേശങ്ങളിലും ഉയരമുള്ള പർവ്വതമേഖലകളിലും ജലവർഷം മഴയേക്കാൾ കൂടുതലായി ഹിമപാതരൂപത്തിലാണ് ഉണ്ടാവുക. അവിടെ ഐസ് മഞ്ഞു പാളികളായും ഹിമാനികളായും (Glaciers) ജലം സാന്ദ്രീകരിച്ചു നിൽക്കുകയാണ്.

അവിടെ ഈ മഞ്ഞുമലകളിൽ നിരന്തരം ഭൂഗുരുത്വബലം പ്രയോഗിക്കപ്പെട്ടുകൊണ്ടിരിക്കും. ഈ ഗുരുത്വബലം ഐസിന്റെ ബന്ധനസ്ഥമായ സ്ഥാനികോർജ്ജം (Potential Energy) മോചിപ്പിക്കുന്നതിൽ സുപ്രധാനമായ ഒരു പങ്കു വഹിക്കുന്നു. എവിടെയാണോ ഐസിന്റെ ഉപരിതലത്തിൽ മർദ്ദം കൂടുത

ലായി പ്രയോഗിക്കപ്പെടുന്നത് അവിടെ താപം വർദ്ധിക്കുകയും ഐസ് ഉരുകാൻ തുടങ്ങുകയും ചെയ്യുന്നു എന്നത് പ്രകൃതി നിയമമാണ്. ഇവിടെ താപം -60 ഡിഗ്രി വരെ താഴുന്ന സ്ഥലമുണ്ട്. ഹിമാനികളുടെ അടിഭാഗം എപ്പോഴും ഉരുകികൊണ്ടിരിക്കും. ഉന്നതമായ മർദ്ദത്തിന്റെ ഫലമായി ഒരു ഹിമാനിയുടെ അടിഭാഗം സ്പർശിക്കുന്ന പർവ്വതത്തിന്റെ ഉപരിഭാഗത്തെ താപം ഉയരുകയും ഹിമാനി ഉരുകാൻ ആരംഭിക്കുകയും ചെയ്യും. അങ്ങനെ പർവ്വതത്തിന്ന് മീതെ കിടക്കുന്ന ഹിമാനിയുടെ പർവ്വതവുമായുള്ള മുഴുവൻ പിടിയും വിട്ടു പോവുകയും അത് താഴേക്ക് പതിക്കാൻ ആരംഭിക്കുകയും ചെയ്യും. അത് താഴേക്ക് പതിക്കുന്നതിനനുസരിച്ച് വലിയ കരിങ്കല്ലുകളും പാറക്കഷണങ്ങളും കൂട്ടത്തിൽ താഴെയെത്തുകയും അതിന്റെ താഴെക്കുള്ള കുത്തി ഒഴുക്കിൽ എല്ലാ തടസ്സങ്ങളും തട്ടി നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി കരിങ്കല്ലുകൾ, പാറക്ഷണങ്ങൾ മുതലായവ പൊടിഞ്ഞു ചെറിയ കല്ലുകളും കൽത്തരികളുമായി മാറുന്നു. അവസാനമായി ഉപ്പ്തരികളും സൃഷ്ടിക്കപ്പെടുന്നു.

എന്നാൽ ഈ നിയമ പ്രകാരം സമുദ്രത്തിലെ മുഴുവൻ ജലവും പർവ്വതങ്ങളിലേക്കോ ധ്രുവങ്ങളിലേക്കോ മാറ്റപ്പെടുകയും സകല ജലവും ഹിമസമുദ്രങ്ങളായി രൂപാന്തരപ്പെടുമെന്നതിനാൽ മനുഷ്യസമൂഹത്തിന്റെ അസ്തിത്വം തന്നെ ഇല്ലാതാവുകയും ചെയ്യുമായിരുന്നു.

ജീവന് സഹായകമായി പർവ്വതങ്ങൾ നിർവ്വഹിക്കുന്ന മറ്റൊരു ധർമ്മം അത് ഭൂമിയിലെ മണ്ണിനെ വിവിധ രീതിയിൽ ഫലഭൂയിഷ്ടമാക്കുന്നു എന്നതാണ്. പല വിധത്തിലുള്ള അമോണിയം ലവണങ്ങൾ അടങ്ങിയ കൃത്രിമവളങ്ങൾ ഉപയോഗിച്ചാണ് നാം മണ്ണിനെ ഫലഭൂയിഷ്ടമാക്കുന്നതെന്നോർക്കണം. അത്യധികം വൈദ്യുതപരമായി ചാർജ്ജ് ചെയ്യപ്പെട്ട മഴമേഘങ്ങൾ ശക്തമായ വായൂ പ്രവാഹത്താൽ പർവ്വതങ്ങളിലേക്ക് ചലിപ്പിക്കപ്പെടുമ്പോൾ, അത് ഒരു വിദ്യുത് പ്രവാഹമായും മിന്നൽ പിണരായും ഇടിനാദമായും മാറി മഴകണങ്ങളെയും നൈട്രജൻ വാതകങ്ങളേയും വിഘടിപ്പിച്ച് വിവിധങ്ങളായ അമോണിയം ലവണങ്ങളാക്കി മാറ്റുന്നു. അവ മഴയേയോ മഞ്ഞിനേയോ പോഷക സമ്പുഷ്ടമാക്കുകയും ചെ

യ്യുന്നു. ചില കണക്കുകൾ വ്യക്തമാക്കുന്നത് മനുഷ്യനിർമ്മിതമായിട്ടുള്ള ലോകത്തെ മുഴുവൻ വ്യവസായ ശാലകളിലും ഒരു വർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന വളങ്ങൾക്ക് തുല്യമായ വളം ഈ പ്രക്രിയ മുഖേന ഒരു മണിക്കൂർ കൊണ്ട് നിർമ്മിക്കപ്പെടും എന്നാണ്.

ഇത്തരം പ്രകൃതി പ്രതിഭാസങ്ങളുടെ പ്രവർത്തനങ്ങളെ പറ്റിയുള്ള ഒരു വിശദമായ പഠനം, മനുഷ്യ ജീവിതത്തിൽ പർവ്വതങ്ങളുടെ അനുഗ്രഹങ്ങളെ പ്പറ്റി ഖുർആനിൽ കാണുന്ന ജ്ഞാനസമ്പത്തിന് യഥാർത്ഥത്തിലുള്ള ഒരു വിവരണം നൽകാനാവും. സൂറ: ഹാം മീം അൽ സജദയിൽ നിന്നുള്ള ഒരു വചനം ഉദ്ധരിക്കാം.

وَجَعَلَ فِيهَا رَوَاسِيَ مِن فَوْقِهَا وَبَارَكَ فِيهَا وَقَدَّرَ فِيهَا أَقْوَاتَهَا فِي أَرْبَعَةِ أَيَّامٍ سَوَاءً لِّلسَّائِلِينَ ﴿١١﴾

*അവൻ അതിന്റെ ഉപരിതലത്തിൽ എഴുന്നുനിൽക്കുന്ന മലകൾ സ്ഥാപിച്ചു. അതിൽ അനുഗ്രഹങ്ങൾ നിക്ഷേപിക്കുകയും ചെയ്തു. അവനതിൽ നാലുഘട്ടങ്ങളിലായി അതിലെ വിഭവങ്ങൾ ശരിയായ അളവിൽ തുലനപ്പെടുത്തുകയും എല്ലാ അന്വേഷകന്മാർക്കും നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു.*

*(സൂറ: ഹാ മീം സജ്ദ 41: 11)*

ചുരുക്കത്തിൽ നാം ഭൂമിയുടെ കാര്യങ്ങൾ നിർവ്വഹിക്കപ്പെടുകയും ആകാശങ്ങൾ ഭരിക്കപ്പെടുകയും ചെയ്യുന്ന രീതിയിൽ പ്രകൃതി നിയമങ്ങളുടെ പ്രകടനങ്ങൾ നിരീക്ഷിച്ചാൽ പരിപൂർണ്ണമായ സ്വരൈക്യവും ഏകോപനവും സന്തുലവും കാണാനാവും. പകലിൽ നിന്ന് രാവിലേക്കും രാവിൽ നിന്ന് പകലിലേക്കുമുള്ള മാറ്റങ്ങൾ, വസന്തത്തിൽ നിന്ന് ഗ്രീഷ്മത്തിലേക്കും ഹേമന്തത്തിൽ നിന്ന് ശിശിരത്തിലേക്കുമുള്ള ഋതുക്കളുടെ സംക്രമണങ്ങൾ, ചൂടിൽനിന്ന് തണുപ്പിലേക്കുള്ള പരിവർത്തനങ്ങൾ മുതലായവയെല്ലാം ഭൂമിയിലെ ജീവവ്യവസ്ഥയിൽ അഗാധമായ പ്രഭാവങ്ങളാണ് ഉണ്ടാക്കുന്നത്.

## അന്തരീക്ഷ വായുവിലെ സന്തുലനം

വരവേറ്റാലും ഇല്ലെങ്കിലും ഓരോ ഋതുക്കൾക്കും അതിന്റേതായ പ്രാധാന്യമുണ്ട്. ഭൂമിയിലുള്ള വിവിധ ജീവിരൂപങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ നിലനിർത്താൻ മാത്രമല്ല അതിലെ ഘടകങ്ങൾ തമ്മിലുള്ള ഒരു സന്തുലനം നിലനിർത്താനും ഓരോ ഋതുവും അവ ഒറ്റയാണെങ്കിലും ഒന്നിച്ചാണെങ്കിലും അനിവാര്യമാണ്.

എന്തുകൊണ്ടാണ് വായുവിൽ നൈട്രജൻ, ഓക്സിജൻ, കാർബൺ ഡയോക്സൈഡ് എന്നിവയുടെ നിശ്ചിത അനുപാതങ്ങൾ? എന്തുകൊണ്ട് അപൂർവ്വ വാതകങ്ങളുടെ (Rare Gases) സാന്നിധ്യം? ഇതൊക്കെയാണ് പരിഹരിക്കപ്പെടേണ്ടതും ഉത്തരം കണ്ടെത്തേണ്ടതുമായ ശാസ്ത്രജ്ഞന്മാരുടെ എക്കാലത്തേയും ശ്രദ്ധ ആകർഷിച്ച ചോദ്യങ്ങൾ. ഒരു കാര്യം സുനിശ്ചിതമാണ് ഈ അനുപാതങ്ങൾ യാദൃശ്ച്ഛികമല്ല. സന്തുലനങ്ങളിൽ എന്തെങ്കിലും കുഴപ്പങ്ങൾ സംഭവിച്ചാൽ മൊത്തം ജൈവ ആവാസ വ്യവസ്ഥ താറുമാറാകും. അന്തരീക്ഷത്തിൽ കാർബൺ ഡയോക്സൈഡിന്റെ അളവ് 1 ശതമാനം കൂടിയാൽ അതിന്റെ പ്രത്യാഘാതം സർവ്വനാശമായിരിക്കും. വാർത്തകളിൽ കാണുന്ന ഹരിതഗൃഹ പ്രഭാവത്തിന്റെ* (Green House Effect) സ്വാധീനങ്ങളെപറ്റി സാധാരണ വായനക്കാർക്ക് കുറഞ്ഞ കാര്യങ്ങളെ മനസ്സിലായിട്ടുണ്ടാവൂ. എന്നാൽ ശാസ്ത്രജ്ഞന്മാർ ഹരിതഗൃഹ പ്രഭാവത്തിന്റെ യഥാർത്ഥ പ്രാധാന്യം അറിയിക്കുമ്പോൾ വായനക്കാരൻ ആശങ്കാകുലനാകുന്നു. ഉദാഹരണത്തിന്, കാർബൺ ഡയോക്സൈഡ് 4 മുതൽ 5 ശതമാനം വരെ അന്തരീക്ഷത്തിൽ കൂടുകയാണെങ്കിൽ ഭൗമഗ്രഹം ജീവയോഗ്യമല്ലാതായിതീരും. ഇത് തീർച്ചയായും കേവലം അനുപാത

---

✷ **ഹരിതഗൃഹ പ്രഭാവം** (Green House Effect): ഭൂമിയിൽ പതിക്കുന്ന സൂര്യകിരണങ്ങൾ പ്രതിഫലിച്ച് അത് അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡ്, മീഥൈൻ, നൈട്രസ് ഓക്സൈഡ്, ജലബാഷ്പം ഓസോൺ എന്നീ വാതകങ്ങൾ ആഗിരണം ചെയ്ത് അന്തരീക്ഷത്തിലേക്ക് പുനർ വികിരണം നടത്തി അന്തരീക്ഷ താപം നിലനിർത്തുന്നു. ഈ പ്രതിഭാസത്തെയാണ് ഹരിതഗൃഹപ്രഭാവം എന്ന് പറയുന്നത്. പെട്രോൾ, ഡീസൽ മുതലായ ഫോസിൽ ഇന്ധനങ്ങൾ അധികമായി ഉപയോഗിക്കുമ്പോൾ കാർബൺഡയോക്സൈഡിന്റെ പ്രകൃതിയിലുള്ള അനുപാതം വർദ്ധിച്ച് സന്തുലനം തെറ്റുകയും അന്തരീക്ഷ താപം അധികമാവുകയും ചെയ്യുന്നു. ഇതാണ് ആഗോള താപനം എന്ന് അറിയപ്പെടുന്നത്. (വിവ:)

ത്തിന്റെ ഒരു പ്രശ്നം മാത്രമല്ല. അന്തരീക്ഷത്തിൽ കാണുന്ന ഓരോ മൂലകത്തിന്നും ഒരു ലക്ഷ്യമുണ്ട്. അതിനെല്ലാം തന്നെ കാണപ്പെടുന്നത് പോലെ കൃത്യവും കണിശവുമായ അനുപാതവും ആവശ്യമാണ്. ഭൂമിയുടെ മേലെയുള്ള പാളിക്കും ഇത് ബാധകമാണ്.

സ്റ്റ്രാറ്റോസ്ഫിയറിൽ ഓസോൺ പാളി 18 മുതൽ 30 മൈൽ വരെ കട്ടിയുള്ളതാണ്. എന്തെങ്കിലും അപകടത്താൽ ഈ ഓസോൺ പാളിയുടെ സന്തുലനത്തിന്ന് തകരാറ് സംഭവിച്ചാൽ ഭൂമിക്ക് എല്ലാ വിധ ത്തിലും അത് അപകടകരമായിരിക്കും. ജീവന്ന് അത്യന്തം വിനാശകരമായ ഹ്രസ്വ തരംഗ ദൈർഘ്യമുള്ള കോസ്മിക് രശ്മികളുടെ വർഷമായിരിക്കും അതിന്റെ ഫലം. ഓസോൺ പ്രത്യേകമായി ഹ്രസ്വ തരംഗ ദൈർഘ്യമുള്ള അൾട്രാ വയലറ്റ് രശ്മികളെ നശിപ്പിക്കുന്ന ഒരു സുരക്ഷാകവചമാണ്.

## സസ്യ ജീവിലോകത്തിലെ സന്തുലനം

ജീവിവർഗ്ഗങ്ങൾക്കിടയിൽ ഓരോന്നിന്റേയും പരസ്പര ബന്ധത്തെ അടിസ്ഥാനമാക്കിയുള്ള സന്തുലനവും ജീവിവർഗ്ഗവും സസ്യവർഗ്ഗവും തമ്മിലുള്ള സന്തുലനവും ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ വർദ്ധിച്ച തോതിൽ ആകർഷിക്കുന്നു. ഇത്തരത്തിലുള്ള സന്തുലനം പല രീതിയിലുമുണ്ട്. അതിൽ ചിലത് താഴെ വിവരിക്കാം.

- ജീവിരൂപങ്ങളുടെ അതിന്റെ ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട സന്തുലനം.
- പരഭക്ഷിയും(Predator) അതിന്റെ ഇരയും(Prey) തമ്മിലുള്ള സന്തുലനം.
- ഒരു മത്സ്യം അതിന്റെ പർവ്വത ശിഖരങ്ങളിലെ പ്രജനന കേന്ദ്രത്തിൽ നിന്നും സമുദ്രത്തിലേക്കുള്ള ദേശാടനവും അത് കഴിഞ്ഞ് മത്സ്യത്തിന്റെ പ്രജന കേന്ദ്രത്തിലേക്കുള്ള മടക്ക പ്രയാണവും തമ്മിലുള്ള സന്തുലനം.
- നദികളും തടാകങ്ങളും തമ്മിലുള്ള സന്തുലനപാലനവും അവയിലും സമുദ്രത്തിലും ഉള്ളടങ്ങിയിട്ടുള്ള ജീവിരൂപങ്ങൾ തമ്മിലുള്ള പരസ്പര വിനിമയവും. ശാസ്ത്രജ്ഞന്മാർ ഇത്തരത്തിലുള്ള സന്തുലനാത്മക ബന്ധങ്ങളുടെ പഠനങ്ങളിലും

ഇതുപോലെയുള്ള മറ്റുപഠനങ്ങളിലും മുഴുകിയിരിക്കുകയാണ്. ഓരോ കണ്ടുപിടിത്തവും അടരുകൾക്ക് പിന്നിൽ അടരുകളായി വർത്തിക്കുന്ന സന്തുലനത്തിന്റെ നിഗൂഢതയിലേക്കാണ് അവരെ നയിക്കുന്നത്.

ആവാസ വ്യവസ്ഥയിൽ ആസകലം നിവേശിച്ചു നിൽക്കുന്ന സന്തുലനത്തിന്റെ തത്ത്വം വിശദീകരിക്കുന്ന മുറക്ക്, ജീവിഗണ ത്തേയും അജീവിഗണത്തേയും പ്രതിപാദിക്കേണ്ടതുണ്ട്. അതു പോലെ അവ തമ്മിലുള്ള പരസ്പര ഏകോപനത്തേയും കൂടി പരാ മർശിക്കണം. ഇത് വിവരിക്കാൻ ഒരാൾക്ക് *മഉസുൻ* എന്ന പദ ത്തേക്കാൾ ഉചിതമായ മറ്റൊരു പദം ആവിഷ്ക്കരിക്കാൻ സാധ്യമല്ല.

ചുരുക്കത്തിൽ, വിശുദ്ധ ഖുർആനിൽ കാണുന്ന നീതിയുടെ തത്ത്വം അതിവിശാലമാണ്. പ്രപഞ്ചത്തിലെ ഓരോ കണത്തിലും അത് പ്രവർത്തനനിരതമാണ്. ഈ വിഷയത്തെപ്പറ്റി കുറച്ചധികം പറയുകയും എഴുതുകയും ചെയ്തു കഴിഞ്ഞു. എന്നാൽ ഈ വിഷയം അവസാനിക്കാ ത്തതാണ്. അതിനാൽ, സങ്കീർണ്ണമായ ശാസ്ത്രസാങ്കേതിക ഭാഷയിൽ ഇത് വിവരിക്കാൻ തുനിയുന്നത് അനുചിതമാണ്. ഈ ചർച്ച എത്രതന്നെ കൗതുകകരമായിരുന്നാലും സാധാരണക്കാരന്റെ ധാരണക്കതീതമായ ഒരു വിഷയമാണ്.

## അധ്യായം 4

# ജീവിലോകം

ദാർശനികന്മാരുടെ സമീപനം സംബന്ധിച്ച് പരാമർശിക്കുകയാണെങ്കിൽ അവരിൽ ചിലർ വിശ്വസിക്കുന്നത് പ്രപഞ്ച സൃഷ്ടിപ്പിന്ന് ഒരു സ്രഷ്ടാവിന്റെ ആവശ്യമില്ലെന്നാണ്. അവർ വാദിക്കുന്നത് പ്രപഞ്ച സൃഷ്ടി എന്നത് സ്വയംഭൂവും തുടർന്നു കൊണ്ടിരിക്കുന്നതും അന്ധവും പരിണാമാത്മകവുമായ ഒരു പ്രക്രിയയാണെന്നാണ്. വ്യക്തമായും ഈ അന്ധതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ തന്നെയാണ് അവർ മനുഷ്യപ്രകൃതിയെ മനസ്സിലാക്കാൻ ശ്രമിക്കുന്നതും അത് കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നതും.

അത്തരം ദാർശനികന്മാർ മുന്നോട്ടുവെക്കുന്ന തത്ത്വം മനുഷ്യന്റെ മേൽ പ്രത്യേകമായി നൈതികവും ധാർമികവുമായ യാതൊരുവിധ നിബന്ധനകളും ഉണ്ടാവാൻ പാടില്ല എന്നും മൃഗങ്ങൾ എങ്ങനെയാണോ അത് പോലെ തങ്ങളുടെ ജീവിതം രൂപപ്പെടുത്താൻ മനുഷ്യർക്ക് പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ട് എന്നുമാണ്. ഈ ഒരു പശ്ചാത്തലത്തിൽ മനുഷ്യന് നിയമം നിർമ്മിക്കാൻ ഒരു പരമോന്നത നിയമദാതാവ് എന്ന നിലയിൽ പുറമെനിന്നും ദൈവത്തെ പോലെയുള്ള ഒരു ബാഹ്യ എജൻസിയുടെ പങ്ക് നാം കാണുന്നില്ല എന്നുമാണ്. അവരുടെ അഭിപ്രായത്തിൽ നീതിയുടെ സങ്കൽപ്പം മനുഷ്യന്റെ ധൈഷണിക പ്രവർത്തനങ്ങളിൽ നിന്നുമാത്രം സംജാതമായതാണ്. ചരിത്രാതീതകാലം മുതൽ അവന്റെ സുദീർഘമായ അനുഭവ പരമ്പരകളുടെ വെളിച്ചത്തിൽ മനുഷ്യസമൂഹം വികസിക്കുന്ന മുറക്ക് ക്രമേണ നിയമങ്ങളും ചട്ടങ്ങളും അവൻ രൂപീകരിക്കാൻ ആരംഭിച്ചു. അങ്ങനെ അവൻ നീതിയുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങൾക്കുകൂടി നിയമ നിർമ്മാണം ആരംഭിച്ചു.

മതപരമായ ആദർശങ്ങൾ ഈ സെക്കുലർ സാമൂഹിക സിദ്ധാന്തങ്ങളുമായി നേരിട്ടുള്ള സംഘട്ടനത്തിലേർപ്പെടുന്നു. മതം നമ്മെ പഠിപ്പിക്കുന്നത് ഒരു സവിശേഷ ഉദ്ദേശ്യത്തോടെയാണ് ദൈവം മനുഷ്യന് വിവേചന ബോധം നൽകിയിരിക്കുന്നത് എന്നാണ്.

അതായത് മൃഗത്തെ പോലെ അവന്റെ സഹജ വാസനകൾ പിന്തുടരണമോ അതല്ലെങ്കിൽ ചില അവസരങ്ങളിൽ ചില നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിട്ടുനിൽക്കണമോ എന്ന്.

അവസാനമായി ഈ ഗുണങ്ങൾ മനുഷ്യന്ന് ദൈവം നൽകിയതാണെന്ന് വിശ്വസിക്കാമെങ്കിൽ എന്താണ് മനുഷ്യൻ ചെയ്യേണ്ടതെന്നും എന്താണ് ചെയ്യരുതാത്തതെന്നുമുള്ള മാർഗ്ഗദർശനം വെളിപാട് മുഖേന ദൈവത്തിൽ നിന്ന് തന്നെ വരേണ്ടതാണെന്ന് ന്യായമായും കരുതണം.

എന്തായാലും ഈ വാദമുഖങ്ങൾ ചില മാതൃകകളുടെ സഹായത്തോടെ വിശദീകരിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ഒരു സിംഹത്തിന്റെ സഹജാവബോധം അതിനോട് പറയുക വിശപ്പ് മാറ്റാനായി ഏതെങ്കിലും ഒരു മൃഗത്തെ പോയി കൊല്ലുക എന്നാണ്. എന്നാൽ അതിന്ന് സിംഹത്തിന്റെ ഇരയായ മൃഗത്തിനെ ഏറ്റവും കുറഞ്ഞ അളവിൽ വേദനിപ്പിച്ചുകൊണ്ട് കൊല്ലാൻ തീരുമാനിക്കുക എന്നത് അതിന്റെ നൈസർഗികമായ കഴിവിന്റെ പരിധിക്കപ്പുറത്താണ്. ദൈവം തന്നെയാണ് അതിന്ന് തന്റെ ഇരയെ ഏറ്റവും വേദനാരഹിതമായി കൊല്ലാൻ സഹജാവബോധത്താൽ പഠിപ്പിച്ചിട്ടുള്ളത്. ആ അർത്ഥത്തിൽ ഇര അനാവശ്യമായ വേദന സഹിക്കുന്നത് ഒഴിവാക്കപ്പെടുന്നു.

*തഖ്‌വീം* (കേവല നീതി എന്ന പ്രക്രിയ ജൈവ അജീവ ലോകപ്രവർത്തനം) എന്ന പ്രക്രിയ ദീർഘകാലമായി ക്രമാനുസൃതം പ്രാവർത്തികമാക്കിയതിനാൽ മറ്റുള്ള ജീവികളുടെ യാതനയെയും വേദനയേയും കുറിച്ച് മൃഗങ്ങൾക്ക് ഒരു ബോധം ലഭിച്ചത് വളരെ സാവകാശത്തിലാണ് എന്നാൽ സുനിശ്ചിതവും ലക്ഷ്യോന്മുഖവുമായ ഒരു പരിവർത്തനത്തിലൂടെ മനുഷ്യരിൽ അത് പ്രാഥമിക ചുവട് വെക്കുന്നത്. അടുത്ത ബന്ധുമിത്രാദിളിൽ പ്രവർത്തിച്ചു കൊണ്ടാണ്. പിന്നീട് അത് വിപുലമായ ഒരു കുടുംബവൃത്തത്തിലും പിന്നീട് സഹജീവികളായ എല്ലാ മനുഷ്യരും ഉൾപ്പെടുന്ന അതിവിസ്തൃതമായ ഒരു വൃത്തത്തിലേക്കും പകരുന്നു. അതിന് ശേഷം താഴ്ന്ന ജീവികൾ അനുഭവിക്കുന്ന യാതനാ–വേദനകളുടെ ഊഴം വരുന്നു. ഒരു മൃഗത്തിന്ന് മറ്റൊരു മൃഗത്തോടുള്ള ഈ ഒരു വികാരത്തിൽ നിന്നാണ് ഈ ഗുണം മുഴുവൻ മൃഗലോകത്തും ഉണ്ടായത് എന്ന് നിരീക്ഷി

ക്കപ്പെടുന്നു. പ്രതിസന്ധിയുടെ കാലത്ത് ഒരേ വർഗ്ഗത്തിലുള്ള മൃഗങ്ങൾ കൂട്ടം കൂടുന്നു. ഈ കൂട്ടം കൂടാനുള്ള സഹജാവ ബോധമായിരിക്കും ഒരു പക്ഷേ നായകൾക്കും ചെന്നായ്ക്കൾ ക്കും സംഘ ബോധത്തിന്ന് നിദാനമായി വർത്തിച്ചത്. അവ കൂട്ടമായാണ് വേട്ടക്കിറങ്ങുന്നത്. മറ്റുള്ളവരുടെ വികാരങ്ങളെ പ്പറ്റി വിപുലീകൃതമായ ബോധം ഉണ്ടാകുന്നത് സംബന്ധിച്ച ചില പരിണാമാത്മക പ്രവണതകളുടെ ഉദാഹരണങ്ങളാണ് ഇവ. വിപദ് ഘട്ടങ്ങളിൽ ആനയും കാട്ടുമൃഗങ്ങളും സീബ്രയും മാനുമെല്ലാം ശത്രുവിന്നെതിരെ ഒരുകൂട്ടമായി നിന്നോ വർഗ്ഗമാ യി നിന്നോ പ്രതികരിക്കുന്നു. ഇവിടെ നമുക്ക് ഒരു ജീവിവർ ഗ്ഗത്തിന്റെയോ ഒരു സംഘത്തിന്റേയോ ജാഗ്രതാ ബോധത്തിന്റെ അതിർത്തി കൂടുതൽ വികസിച്ചു വരുന്നതായി കാണാം. മനു ഷ്യൻ പരിണമിച്ച് രൂപപ്പെട്ട് വരുന്നതനുസരിച്ച് മൃഗപരമായ അതേ പ്രവണതകൾ തന്നെയാണ് ശക്തമായും വ്യതിരിക്തമാ യും അവനിലും വളരുന്നത്. അവന്റെ വൈകാരികതയും മറ്റുള്ള വരെ സംരക്ഷിക്കേണ്ട ബോധവും അവന്റെ സ്വന്തം കുടുംബ ത്തിൽ മാത്രമായോ മനുഷ്യവർഗ്ഗത്തിൽ മാത്രമോ ഒതുങ്ങിയില്ല. അത് താഴ്ന്ന ജീവികളുടെ ജീവിലോകത്തേക്ക് കൂടി വ്യാപി ക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ മനുഷ്യരാശിക്ക് ഒരു ജീ വിത സംഹിതയുടെ ആവശ്യം ബോധ്യമാവുന്നു. അവന്റെ മനു ഷ്യരാശിയോടുള്ള സംവേദന ബോധം മനുഷ്യവർഗ്ഗത്തിന്റെ അ തിർത്തികളേയും അതി വർത്തിക്കുന്നു.

അവസാനമായി, ഈ പ്രകൃതി വിദ്യാഭ്യാസത്തിന്റെയും അ ധ്യാപന ങ്ങളുടെയും പദ്ധതി പ്രകാരം ജീവനുള്ള മൃഗങ്ങളുടെ സ്വഭാവ വാഹക ജീനുകളിൽ ഭൗതിക മാറ്റങ്ങൾ ഉണ്ടാവുന്നു. അങ്ങനെ മാറ്റം വന്ന ഈ ജീനുകൾ കണ്ണിമുറിയാതെ അഖണ്ഡ മായി ഒരു വർഗ്ഗത്തിൽ നിന്നും മറ്റ് ഉയർന്ന വർഗ്ഗത്തിലേക്ക് കൈമാറുകയും അത് മനുഷ്യൻ വരെയുള്ള ജീവികളിൽ എത്തി ച്ചേരുകയുയും ചെയ്യുന്നു. അതാത് ജീവികളുടെ പരിസരത്ത് വെച്ച് പരിണമിച്ചു വരുന്ന ഓരോ ജീവിവർഗ്ഗങ്ങളുടെയും ബോധം പ്രകൃതി വികസിപ്പിക്കുന്നതിനനുസരിച്ച് അതിന്റെ സ്വഭാവ വാഹക ജീനുകളിൽ കൊത്തിവെക്കപ്പെടുകയും ചിലത് അതി ന്റെ പെരുമാറ്റരീതികളിൽ മുദ്രിതമാവുകയും ചെയ്യുന്നു. അതു

കൊണ്ടാണ് നാം ഓരോ ജീവികളിൽ നിന്നും വ്യത്യസ്തമായി മറ്റു ജീവികളിൽ വേറിട്ട പെരുമാറ്റരീതികൾ കാണുന്നത്. മനുഷ്യന്റെ സ്ഥാനത്ത് എത്തപ്പെടുന്ന ജീവിയെ നോക്കുമ്പോൾ, ഒരാൾ വിസ്മയിച്ചുപോകും. അതായത് മനുഷ്യനും അവന്റെ പൂർവ്വ ജീവിയും തമ്മിലുള്ള വ്യത്യാസം കേവലം ഒന്നോ രണ്ടോ വ്യതിയാനങ്ങളല്ലെന്നും മറിച്ച് വമ്പിച്ച ഒരു വ്യത്യാസം തന്നെയാണെന്നും കണ്ടെത്തുമ്പോഴാണ് ആ വിസ്മയം. മനുഷ്യൻ അവന് ചുറ്റും കാണുന്നതിൽ മാത്രമല്ല സജീവനാവുന്നത്. അവൻ കാണാനും കേൾക്കാനും നേരിട്ട് അനുഭവിക്കാനും കഴിയാത്ത ചില അസ്തിത്വരൂപങ്ങളെ പറ്റിയും ബോധവനാകുന്നു. അസ്തിത്വം സാധ്യമാകുന്ന വിവിധ തരം രൂപങ്ങളെ സംബന്ധിച്ച് ഭാവന കൊള്ളാനുള്ള കഴിവുകളാണ് മനുഷ്യന് നൽകപ്പെട്ടിരിക്കുന്നത്. ഇത് മനുഷ്യ ഭാവനയെ ഭൗമഗൃഹത്തിന്റെ അതിരുകളെ ഭേദിക്കുന്ന വിധത്തിൽ അറ്റമില്ലാതെ വികസിപ്പിക്കുന്നു. പരിണാമത്തിന്റെ ഉന്നത രൂപത്തിലുള്ള വികാസമാണിത്. ഈയൊരു ബോധം അവന് വിധിക്കപ്പെട്ട അടുത്ത ഉന്നതനിലവാരത്തിലുള്ള കൃത്യനിർവ്വഹണത്തിലേക്ക് തയ്യാറെടുക്കാൻ സജ്ജമാക്കുകയും അത് അവന്ന് അതിരില്ലാത്ത പുരോഗതിയിലേക്കെത്തിക്കാനുള്ള കഴിവ് പ്രദാനം ചെയ്യുകയും ചെയ്യുന്നു. ഈ പുതിയ കഴിവുകൾ സ്രഷ്ടാവും മനുഷ്യന്നും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലം പണിയുകയും ദൈവവുമായി വിനിമയം നടത്താനുള്ള ഒരു ഉപാധിയായിത്തീരുകയും ചെയ്യുന്നു.

മനുഷ്യന്റെ നിലനിൽപ്പിന് ഭക്ഷണം ആവശ്യമായതിനാൽ കഴിവനുസരിച്ച് അവന് മാംസഭുക്കോ സസ്യഭുക്കോ ആകാമായിരുന്നു. ചരിത്രാതീതകാലം മുതൽ മൃഗമാംസം അവന്റെ ഭക്ഷണത്തിന്റെ ഭാഗമായി മാറി. അതേസമയം പൂർണ്ണമായും സസ്യോത്പന്നങ്ങളെ മാത്രം ആശ്രയിച്ച് അവന് ജീവിക്കാനും കഴിയുമായിരുന്നു. ഈ ഭക്ഷണശീലം സ്വയം തന്നെ മനുഷ്യന്റെ പരിണാമാത്മകമായ വികാസദിശ സൂചിപ്പിക്കുന്നു. അതിന്ന് പുറമേ സാമൂഹ്യപരമായും ധാർമികമായും സുപ്രധാനമായ മറ്റൊരു ചോദ്യം ഉയരാം. മനുഷ്യന്റെ ഏറ്റവും വ്യതിരിക്തവും പ്രധാനപ്പെട്ടതുമായ ഒരു സവിശേഷത കണക്കിലെടു

ക്കേണ്ടതുണ്ട്. അതായത് അവന് തന്റെ സഹജമായ ആഗ്രഹങ്ങളെ പിന്തുടരാനോ അതല്ല ആ ആഗ്രഹങ്ങളുടെ കല്പനകളെ തിരസ്ക്കരിക്കാനോ ഉള്ള സ്വാതന്ത്ര്യം നൽകപ്പെടുകയുണ്ടായി എന്നതാണ്.

ഇവിടെ മനുഷ്യന്റെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും അതിന്റെ മുഴുവൻ പ്രയോഗവും പുന:പരിശോധിക്കുമ്പോൾ നിയമ നിർമ്മാണത്തിന്റേയും പെരുമാറ്റ സംഹിതയുടെയും ആവശ്യകത സ്വയം ബോധ്യപ്പെടുന്നതാണ്. മനുഷ്യന്റെ നിലനിൽപ്പിന്നായുള്ള ഭക്ഷണ ഉപഭോഗവുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രശ്നത്തിലേക്ക് തന്നെ തിരിച്ചു വരാം. നമുക്ക് മൃഗമാംസം ഭക്ഷിക്കുന്ന വിഷയത്തിലേക്ക് വരാം. മനുഷ്യന് അവന്റെ നിലനിൽപ്പിന്നായുള്ള അടിസ്ഥാന ആവശ്യം നിവർത്തിക്കാനും വ്യക്തിപരമായ അഭിരുചികൾക്കും ഇഷ്ടങ്ങൾക്കും വേണ്ടി ഏത് മൃഗത്തേയും വേട്ടയാടാനുള്ള സ്വതന്ത്ര്യമുണ്ട്. ഓരോ മനുഷ്യനും മറ്റ് മനുഷ്യരെപ്പോലെ ഒരേ പ്രവണതയും ഒരേ അഭിരുചിയും പ്രാപിച്ചുവെന്ന് കരുതാൻ സാധ്യമല്ല. വിഭിന്നങ്ങളായ അഭിരുചികളുടെ വൈവിധ്യം വളരെ വിസ്തൃതമായി വളരുകയുണ്ടായി. മാത്രമല്ല ഇത് മനുഷ്യന്റെ സഹജാവബോധത്തിന്റെ പ്രത്യേകതകൾ മറ്റു താഴ്ന്ന ജീവികളുടെ ഘട്ടങ്ങളുമായി താരതമ്യം ചെയ്യാനുള്ള ഒരു അവസരം പ്രദാനം ചെയ്യുന്നു.

മൃഗലോകത്തെ ഭക്ഷണശീലം മൊത്തത്തിൽ പ്രത്യേകമായി പ്രോഗ്രാം ചെയ്യപ്പെട്ടതാണ്. വ്യക്തിപരമായ അഭിരുചികളുടേയും മൂല്യങ്ങളുടേയും വൈവിധ്യങ്ങൾക്ക് മൃഗലോകത്ത് വളരെ കുറച്ച് പ്രാധാന്യമേ ഉള്ളൂ. എന്തായിരുന്നാലും മനുഷ്യന്റെ ഭക്ഷണ ശീലങ്ങളിൽ  അവന്റെ തിരഞ്ഞെടുപ്പും അഭിരുചികളും വളരെ വിശാലമാണ്. മനുഷ്യൻ ഇന്ന് ഭക്ഷണശീലത്തിന്റെ ഒരു ഘട്ടത്തിൽ എത്തിചേർന്നിരിക്കയാണ്. അതായത് മറ്റു മൃഗങ്ങളുടെ ഭക്ഷണശീല പ്രവണതകളിൽ നിന്നും വ്യത്യസ്തനായി, മാംസം ഭക്ഷിക്കാനുള്ള വ്യഗ്രത ഉണ്ടായിരിക്കെ വേറെ ഭക്ഷണങ്ങൾ തിരഞ്ഞെടുത്ത് മാംസാഹാരത്തിന്നായുള്ള ആഗ്രഹം നിയന്ത്രിക്കാനും അടക്കി വെക്കാനും അവന് കഴിയും. ഇവിടെ മനുഷ്യന്റെ വികസിതമായ മാനസിക കഴിവുകളും ബോധത്തിന്റെ

അതിവിശാലമായ വൈവിധ്യങ്ങളും ഉന്നതമായ ആദർശങ്ങൾക്ക് വേണ്ടി തന്റെ ആന്തരികമായ ചോദനകളെ നിരാകരിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുകയുണ്ടായി. ഈ ആദർശങ്ങൾ അവന് ഏറ്റവും പ്രധാനപ്പെട്ടതായി തീർന്നു. അവന്റെ പ്രകൃതിപരമായ ആവശ്യങ്ങൾ പോലും ത്യജിച്ച് ആദർശങ്ങൾക്ക് വേണ്ടി മറ്റു ബദലുകളിൽ സംതൃപ്തി കണ്ടെത്താൻ അവന്ന് കഴിഞ്ഞു. മാംസം ഭക്ഷിക്കാനുള്ള സ്വന്തം പ്രലോഭനങ്ങൾ ഉണ്ടായിരിക്കേ അതിന്ന് കീഴടങ്ങാൻ പാടില്ല എന്ന് സ്വന്തം പ്രലോഭനങ്ങളോട് അനുശാസിക്കാൻ അവന് സാധിച്ചു.

മൃഗങ്ങൾ അവയുടെ സഹജാവബോധത്തിനനുസരിച്ച് മാത്രമാണ് നിയന്ത്രിക്കപ്പെടുന്നത്. എന്നാൽ മനുഷ്യൻ ഇച്ഛകൾക്കനുസരിച്ചാണ് പെരുമാറുന്നത്. അവന് ചിലപ്പോൾ മാംസഭുക്കുകളെപ്പോലെയും സസ്യഭുക്കുകളെപ്പോലെയും പെരുമാറാനാകും. അത്ഭുതകരമെന്ന് പറയട്ടെ രണ്ട് ഭക്ഷണശീലങ്ങൾക്കും ഉതകുന്ന രീതിയിലാണ് അവന്റെ ദന്തനിരകൾ രൂപീകരിക്കപ്പെട്ടിരിക്കുന്നത്.

മനുഷ്യനും മൃഗവും തമ്മിൽ മറ്റൊരു വലിയ വ്യത്യാസമുണ്ട്. ചില ഘട്ടങ്ങളിൽ മനുഷ്യൻ മൃഗങ്ങളേക്കാൾ മൃഗീയമായി പെരുമാറുന്നു. മൃഗങ്ങൾക്ക് ഒരിക്കലും തന്നെ സ്വന്തം ജീവിവർഗ്ഗത്തെ ഭക്ഷിക്കുന്ന (Cannibals) ജീവിയായി മാറാൻ സാധ്യമല്ല. എന്നാൽ മനുഷ്യന്ന് അതിന്ന് സാധിക്കും. ഈ കാലഘട്ടത്തിൽ പോലും ആഫ്രിക്കയിൽ ചില കറുത്ത പുള്ളികൾ നമുക്ക് കാണാം. അവിടെ നരഭോജികളായ മനുഷ്യരെ നമുക്ക് കാണാം. അവിടുത്തെ ചില ഗോത്രവർഗ്ഗക്കാർ തങ്ങളുടെ രാഷ്ട്രീയ അതിർത്തിക്കപ്പുറത്ത് താമസിക്കുന്ന ഗോത്രക്കാരിൽപെട്ടവരെ പിടിച്ചുകൊണ്ടു വരുന്നു. എന്നിട്ട് അവരുടെ മാംസത്തിന്ന് വേണ്ടി അവരെ കൊല്ലുന്നു. ഭേരീനാദം മുഴക്കി വാദ്യഘോഷങ്ങൾ നടത്തിയാണ് അവർ ഈ കൃത്യം നിർവ്വഹിക്കുന്നത്. സിംഹമോ ചെന്നായ്ക്കളോ നായയോ അവരുടെ സമജാതിയിൽ പെട്ട സിംഹങ്ങളോടോ ചെന്നായ്ക്കളോടോ നായകളോടോ ഇത്തരത്തിൽ പെരുമാറുമെന്ന് സങ്കൽപ്പിക്കാൻ കൂടി സാധ്യമല്ല. കൊടും പട്ടിണികൊണ്ട് വിശന്നവരായാൽ പോലും മൃഗങ്ങൾ ഒരിക്കലും സ്വവർഗ്ഗത്തിൽ പെട്ട മൃഗങ്ങളെ കൊന്ന് തിന്നാറില്ല.

മനുഷ്യന്റെ സ്വഭാവത്തിൽ പ്രത്യക്ഷമായി പ്രതിഫലിക്കുന്ന ഇക്കാര്യം കൂടുതൽ ആഴത്തിൽ പഠിക്കേണ്ടിയിരിക്കുന്നു. അല്ലാത്ത പക്ഷം നാം തെറ്റായ നിഗമനത്തിൽ എത്തിചേരും. മനുഷ്യൻ അവന്റെ സഹചരനെ കൊന്നു തിന്നാതിരിക്കുന്നതിൽ നിന്നും അവനെ തടയുന്നത് വെറും സഹജാവബോധം മാത്രമല്ല. വാസ്തവത്തിൽ സ്വതന്ത്രമായി തിരഞ്ഞെടുക്കാനുള്ള രണ്ട് വഴികൾ അവന്ന് മുമ്പിൽ ഉള്ളത് കൊണ്ടാണ്. മനുഷ്യന്റെ ഈ ദുഷ്ചെയ്തിക്കും അവനുമിടയിൽ നിൽക്കുന്ന ഒരു പ്രകൃതിനിയമവും ഇല്ല. ഇത്തരം ഹീനപ്രവൃത്തികൾ തടയാൻ മൂല്യങ്ങളിധലധിഷ്ഠിതമായ ഉന്നത നിലയിലുള്ള പരിഷ്ക്കരണം കൊണ്ട് മാത്രമേ സാധ്യമാകൂ.

ഈ വസ്തുത കുറെകൂടി ആഴത്തിൽ മനസ്സിലാക്കാൻ സ്വവർഗ്ഗ ഭോജിത്വ വിരുദ്ധമായ (Non-Cannibalistic) പ്രവണതകളുടെ അടിസ്ഥാനത്തിൽ പറയേണ്ടതുണ്ട്. അങ്ങനെയാവുമ്പോൾ സിംഹം മനുഷ്യനേക്കാൾ കൂടുതൽ പരിഷ്കൃതനായി കാണപ്പെട്ടേക്കാം. പക്ഷേ ഇതൊരിക്കലും ഒരു അവസാനവാക്കല്ല. ഒരു സിംഹം അതിന്ന് പ്രകൃതി പഠിപ്പിച്ചതെന്തോ അതാണ് പ്രവർത്തിക്കുക. ആ നിർദ്ദിഷ്ട രീതികളിൽ നിന്നും അത് വ്യതിചലിക്കുന്നില്ല. മറിച്ച് മനുഷ്യൻ അവന്റെ വഴി അവൻ സ്വയം തിരഞ്ഞെടുക്കുന്നു. ഒരു പുരസ്ക്കാരം നൽകപ്പെടുന്നത് സ്വതന്ത്രമായി തിരഞ്ഞെടുക്കപ്പെടുന്നതിന്ന് അവസരമുള്ളപ്പോൾ മാത്രമാണ്. തിരഞ്ഞെടുപ്പിനുള്ള അവസരമില്ലെങ്കിൽ പുരസ്ക്കാരത്തിന്റെ പ്രശ്നം തന്നെ ഉദിക്കുന്നില്ല. പക്ഷേ എവിടെയാണോ തിരഞ്ഞെടുപ്പിനുള്ള അവസരങ്ങളുണ്ടാകുന്നത് അവിടെയെല്ലാം അവകാശങ്ങൾ, ബാധ്യതകൾ, ഔചിത്യം, അനൗചിത്യം മുതലായ മേഖലകളിൽ ഒരു പെരുമാറ്റസംഹിതയുടെ നിയമനിർമ്മാണം ആവശ്യമായി വരുന്നു. അതുകൊണ്ട് ശരിയായ തീരുമാനമെമെടുക്കാൻ മനുഷ്യന് ദൈവത്തിൽ നിന്നുള്ള മാർഗ്ഗദർശനത്തിന്റെ ആവശ്യമുണ്ട്. കാരണം ലോകത്തിന്റെ പല ഭാഗങ്ങളിലുള്ള വിവിധങ്ങളായ ആചാരങ്ങളും, ശീലങ്ങളും പാരമ്പര്യങ്ങളും മൂല്യങ്ങളും സാമൂഹിക സാഹചര്യങ്ങളും വ്യത്യസ്തമായാണ് നിലകൊള്ളുന്നത്. ഇതാണ് ലോകത്തിലെ മുഖ്യമതങ്ങളെല്ലാം പങ്കുവെക്കുന്ന ദിവ്യമായ അധ്യാപനങ്ങളുടെ തത്ത്വശാസ്ത്രം.

അതിനാൽ സാവകാശം ക്രമികവും സ്ഥിരവും സുദീർഘ വുമായ അദ്ധ്യാപനങ്ങളാൽ മനുഷ്യൻ അവസാനം താഴ്ന്ന വർഗ്ഗത്തിൽപ്പെട്ട മൃഗലോകത്ത് നിന്നും മാനവീയ പെരുമാറ്റ ത്തിലൂടെ തിരിച്ചറിയപ്പെടുന്ന മനുഷ്യന്റെ സ്ഥാനത്തെത്തി. ഈ അധ്യാപനങ്ങൾ *അദ്ൽ*(കേവലനീതി)ന്റെ മേഖലയിൽ നിര ന്തര പ്രബോധനത്തിലൂടെ അനുശാസനം ചെയ്യപ്പെട്ട മൂല്യങ്ങൾ മാത്രമല്ല ഉൾക്കൊള്ളുന്നത്. *ഇഹ്സാൻ* (ഒരാൾക്ക് അർഹി ക്കുന്നതിനേക്കാൾ നൽകൽ) *ഈതാഇ ദിൽ ഖുർബാ* (ബന്ധു ക്കളോടെന്ന പോലെ മറ്റുള്ളവരോട് അത്യധികമായ അനുക മ്പയോടെയുള്ള പെരുമാറ്റം) എന്നീ മേഖലകളിലെ മൂല്യങ്ങൾ കൂടി ഉൾക്കൊള്ളുന്നു.

അതിൽ കൂടുതലായി *അജ്റും ഖൈറു മംമ്നൂൻ* (അവസാ നിക്കാത്ത പ്രതിഫലം) എന്നതിന്റെ അർത്ഥത്തിലേക്ക് കൂടി അത് വെളിച്ചം വീശുന്നു. ഈ വചനം പറയുന്നത് മനുഷ്യൻ കൂടു തൽ പുരോഗമിക്കുന്നതനുസരിച്ച് തന്റെ സ്വഭാവം സ്ഫുടീകൃതമാ വുകയും നേട്ടങ്ങളുടെയും പ്രതിഫലങ്ങളുടേയും അറ്റമില്ലാത്ത ഒരു പ്രയാണത്തെ കുറിച്ചുമാണ്. പക്ഷേ അതെല്ലാം മനു ഷ്യന്റെ ഭാഗത്ത് നിന്നുള്ള ശരിയായ തീരുമാനത്തെ ആശ്രയിച്ചാ ണിരിക്കുന്നത്. മനുഷ്യൻ ശരിയായ തീരുമാനമാണ് തുടരുന്ന തെങ്കിൽ അവൻ ശാശ്വതമായി സ്ഥൈര്യത്തിന്റെ പരിഷ്ക്കര ണപാതയിലായിരിക്കും അടിവെച്ച് മുന്നേറുന്നത്. മനുഷ്യൻ എപ്പോഴാണോ അവന്റെ ആ തിരഞ്ഞെടുക്കാനുള്ള സ്വാത ന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുന്നത് അപ്പോൾ അവൻ അധ: പതിക്കാൻ ആരംഭിക്കുന്നു. *അസ്ഫല സാഫിലീൻ* (പതിത രിൽ ഏറ്റവും പതിതൻ) എന്ന പതിതസ്ഥാനത്ത് എത്തുന്നു. അവനെ സംബന്ധിച്ചിടത്തോളം അവന്റെ സഹചരന്മാരെ കുറിച്ച് ആശങ്കകൾ ഒന്നുമില്ലാത്ത അവസ്ഥയിൽ അവൻ എത്തി ച്ചേരുന്നു. അവൻ തന്റെ പെരുമാറ്റത്തിൽ അത്യധികം ഹൃദ യശൂന്യനും സ്വാർത്ഥനുമായി തീർന്ന് താഴ്ന്ന ജീവിയേക്കാൾ സ്വയം അധമാവസ്ഥ പ്രാപിച്ചേക്കാം.

അതേ പോലെ ബാക്കി ജീവിലോകത്ത് കാണാൻ കഴിയാത്ത വിധത്തിൽ പരിഷ്ക്കരണത്തിന്റെ അസാധാരണ വിതാനത്തി ലേക്ക് ഉയരാനുള്ള കഴിവുകളും മനുഷ്യനുണ്ട്. തന്റെ വ്യക്തിപരമായ

നേട്ടങ്ങളും സുഖങ്ങളും യഥാർത്ഥ ബന്ധുക്കളല്ലാത്ത മറ്റുള്ളവർക്ക് വേണ്ടി ത്യജിച്ചു കൊണ്ടും സൽക്കർമ്മങ്ങളിലൂടെ നീതിയും ന്യായവും മുറുകെ പിടിച്ചുകൊണ്ടും *ഈതാഇ ദിൽ ഖുർബാ* (ബന്ധുക്കളോടെന്ന പോലെ മറ്റുള്ളവരോട് അത്യധികമായ അനുകമ്പയോടെയുള്ള പെരുമാറ്റം.) എന്നതിന്റെ അത്യുന്നതാവസ്ഥയെ പ്രാപിക്കാനും മനുഷ്യന് കഴിയും.

മനുഷ്യന്റെ സ്ഥാനത്തിന് നിരക്കാത്ത കൃത്യങ്ങൾ ചെയ്ത കാര്യങ്ങൾ നാം വിവരിച്ചു. യാതൊരു നിർബന്ധവും കൂടാതെ നിഷ്ക്കളങ്കരായ മനുഷ്യസന്താനങ്ങളെ അവരുടെ മാംസഭോജനത്തിനായി മാത്രം കൊല്ലുന്ന നരാധമന്മാരെ നാം കണ്ടു. അതേ ഗണത്തിൽ പെട്ടതാണ് ബാലപീഡനവും. ഇവിടെയാണ് മനുഷ്യൻ ഏറ്റവും താഴ്ന്ന ജീവിയിലേക്ക് മടങ്ങാനുള്ള അപകടസാധ്യതയെപ്പറ്റി വിശുദ്ധ ഖുർആൻ നൽകിയ താക്കീത് പ്രസക്തമാവുന്നത്.

മനുഷ്യൻ ഒരു സംഘമായി നിന്ന് മതപരവും രാഷ്ട്രീയവുമായ വ്യത്യാസത്തിന്റെ പേരിൽ അവന്റെ സഹചരനെതിരെ നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ നടത്തുന്നു. മതഭ്രാന്തനും ചെറിയ മനസ്സിന്നുടമയുമായ ഒരു മതപുരോഹിതൻ അല്ലെങ്കിൽ സ്വേച്ഛാധിപതിയും അധാർമികനുമായ ഒരു രാഷ്ട്രീയക്കാരൻ അധികാരസ്ഥാനങ്ങളിൽ അവരോധിതനായാൽ അവർക്ക് തങ്ങളുടെ സകല സന്തുലനവും നീതിബോധവും നഷ്ടപ്പെടുന്നു. സ്പാനിഷ് ഇൻക്വിസിഷൻ* അത്തരത്തിലുള്ള ഒരു സംഭവമാണ്.

അതുപോലെ തന്നെ മധ്യകാല മുസ്‌ലിം ചരിത്രം അത്തരത്തിലുള്ള ക്രൂരതകൾ കൊണ്ട് കളങ്കിതമായിരിക്കുന്നു. അക്കാലത്ത് മതപരമായ അഭിപ്രായഭേദത്തിന്റെ പേരിൽ മതതീവ്രവാദികൾ ആളുകളെ വധിക്കുന്നതിൽ നിന്ന് തടയാൻ ഭരണകൂടങ്ങൾ യാതൊരു നടപടികളും എടുത്തിരുന്നില്ല. അത്തരത്തിലുള്ള മൃഗീ

✷ **സ്പാനിഷ് ഇൻക്വിസിഷൻ** –1478 മുതൽ 1884 വരെ ക്രിസ്ത്യാനികൾ ഭരിച്ചിരുന്ന സ്പെയിനിലും അവരുടെ കോളനികളിലും മതവിമർശകർക്കെതിരെ പ്രവർത്തിച്ചിരുന്ന കിരാതവും നീതിരഹിതവുമായ മതവിചാരണ കോടതി. സ്പെയിനിൽ മുസ്‌ലിംകളെ പരാജയപ്പെടുത്തി അധികാരത്തിലെത്തിയ ക്രിസ്ത്യൻ രാജദമ്പതികളായ ആർഗോണിലെ ഫെർഡിനാന്റും കാസിലിയിലെ ഇസബല്ലയുമാണ് കത്തോലിക്കാ സഭയുടെ നിയന്ത്രണത്തിൽ ഇൻക്വിസിഷൻ കോടതികൾ സ്ഥാപിച്ചത്. 1492 ലും 1502 ലും പുറപ്പെടുവിച്ച രാജവിളംബരപ്രകാരം ക്രിസ്തു മതത്തിലേക്ക് നിർബന്ധപൂർവ്വം മതം മാറ്റി പിന്നീട് വിശ്വാസശങ്ക ആരോപിക്കപ്പെട്ട മുസ്‌ലിംകൾ, യഹൂദർ, ശാസ്ത്ര പ്രതിഭകൾ, സ്വതന്ത്ര

യമായ നൃശംസതയുടെ ഘോരകൃത്യങ്ങളിലേക്കുള്ള ഒരു ചെറുനോട്ടം പോലും നമുക്ക് നടുക്കമുണ്ടാക്കും. അഹോ, കഷ്ടം ഈ അധ്യായങ്ങൾ ഒരിക്കലും പൂർണ്ണമായും അടയുന്നില്ല. മനുഷ്യൻ പരിഷ്കൃതനെന്ന് ഇപ്പോഴും ആർക്കും പറയാന ായിട്ടില്ല. അതായത് മനുഷ്യനേക്കാൾ താഴ്ന്ന ജീവികളുടെ സ്വഭാവത്തിലേക്ക് അവൻ തിരിച്ചു വരുമെന്ന അപകടം ഒരി ക്കലും ഉണ്ടാവില്ല എന്നു ആർക്കും ഉറപ്പ് പറയാനായിട്ടില്ല. അഹ്മദിയ്യാ മുസ്ലിം സമൂഹം അത്തരത്തിലുള്ള വളരെ നികൃ ഷ്ടമായ രീതിയിലുള്ള മതപീഡനത്തിന്ന് വളരെക്കാലമായി വിധേയരായിക്കൊണ്ടിരിക്കുന്നു. പണ്ഡിതന്മാർക്ക് ഈ പീഡനം കണ്ടെത്താൻ ചരിത്രതാളുകളിൽ ഗവേഷണം ചെയ്യേണ്ട ആവ ശ്യമില്ല. അത് വർത്തമാനകാലത്തും സംഭ വിച്ചുകൊണ്ടിരിക്കുന്നു.

ഇതിന്ന് വിരുദ്ധമായി മനുഷ്യന്റെ ഭാഗത്ത് നിന്നും *അദ്ൽ* (കേവല നീതി), *ഇഹ്സാൻ* (ഒരാൾക്ക് അർഹിക്കുന്നതിനേക്കാൾ നൽകൽ), *ഈതാഇ ദിൽ ഖുർബാ* (ബന്ധുക്കളോടെന്ന പേ ാലെ മറ്റുള്ളവരോട് അത്യധികമായ അനുകമ്പയോടെയുള്ള പെരുമാറ്റം.) എന്ന ഖുർആൻ അധ്യാപനത്തിന്റെ മാന്യവും സംസ്ക്കാരസമ്പന്നവുമായ പെരുമാറ്റവും മനസ്സിലേക്ക് വരിക യാണ്. മനുഷ്യസമൂഹം മുഴുവനും ധാർമികമായി അധഃപ തനത്തിൽ ആപതിച്ചാലും അത്തരത്തിലുള്ള ഒരൊറ്റ ഉൽകൃഷ്ട മായ ഉദാഹരണം മാത്രം മതി മനുഷ്യന്റെ ഭാവിയെ സംബന്ധിച്ച ആത് മവിശ്വാസം പുനഃസ്ഥാപിക്കപ്പെടാൻ.

ഇവിടെ ഈ മൂന്നു തത്ത്വങ്ങളുമായി ബന്ധപ്പെട്ട താൽപര്യജന കമായ ഒരു കഥയുണ്ട്. അതൊരു കഥയായിരിക്കാം. പക്ഷേ അത് എഴു തിയ ആൾ *അദ്ൽ, ഇഹ്സാൻ, ഇതാഇദിൽ ഖുർബാ* എന്നിവ തമ്മിൽ യഥാക്രമം ഉള്ളടങ്ങിയ സഹബന്ധം മനസ്സിലാക്കാനുള്ള നല്ല ഒരു അവസരമാണ് ഒരുക്കിത്തന്നിരിക്കുന്നത്.

ഒരിക്കൽ ഒരു വിശുദ്ധൻ തുറസ്സായ ഒരു സ്ഥലത്ത് ഇരിക്കുക യായിരുന്നു. പെട്ടെന്നൊരു പ്രാപ്പിടിയനാൽ വേട്ടയാടപ്പെട്ട പരവശ

ചിന്തകർ, സഭക്ക് അഭിമതരല്ലാത്തവർ, ബൈബിളിന്റെ കാനോനിക വ്യാഖ്യാനങ്ങൾക്ക് വ്യത്യ സ്തമായി ചിന്തിച്ചവർ, പ്രൊട്ടസ്റ്റന്റ്കാർ, ദുർമന്ത്രവാദം ആരോപിക്കപ്പെട്ട സ്ത്രീ പുരു ഷന്മാർ എന്നിവരാണ് മതകോടതിയുടെ വിചാരണക്ക് വിധേയരായത്. നാല് നൂറ്റാണ്ടു കൾക്കിടയിൽ 1,50,000 പേർ വിചാരണക്ക് വിധേയരാക്കപ്പെടുകയും 5000 ത്തോളം പേരെ വധിക്കുകയുമുണ്ടായി. (വിവ:)

യായ ഒരു പ്രാവ് അദ്ദേഹത്തിന്റെ മടിയിൽ വന്നു വീണു. ഹതാശ നായപ്രാവിന്ന് ആ വിശുദ്ധൻ അഭയം നൽകി. താൻ അധ്വാനിച്ച് സമ്പാദിച്ച തന്റെ ഇരയെ തനിക്ക് നിഷേധിക്കുന്നത് നീതിയുടെ താൽപര്യങ്ങൾക്ക് നിരക്കുന്നതല്ല എന്ന് പറഞ്ഞ് പ്രാവിനെ വേട്ടയാടാൻ പിന്തുടർന്ന് വന്ന ആ വേട്ടപ്പക്ഷി വിശുദ്ധനോട് രൂക്ഷമായി പ്രതിഷേധിച്ചു. പ്രാപ്പിടിയൻ പറഞ്ഞു: 'എന്റെ ഉപജീവനത്തിന്നായി പ്രകൃതി എനിക്ക് നൽകിയത് ഇതാണ്.' വിശുദ്ധൻ പ്രാപ്പിടിയന്റെ ഈ വാദം അംഗീകരിച്ചു. പക്ഷേ മഹാനായ വിശുദ്ധന്റെ കാരുണ്യം നിസ്സഹായനായ പ്രാവിനെ പ്രാപ്പിടിയന്ന് കൈമാറാൻ അനുവദിച്ചില്ല. കഥയനുസരിച്ച് ആ പരിശുദ്ധൻ പ്രാവിന്റെ അത്രയും തൂക്കം മാംസം തന്റെ ശരീരത്തിൽ നിന്ന് പ്രാപ്പിടിയനു വാഗ്ദാനം ചെയ്തുകൊണ്ട് പറഞ്ഞു: 'പ്രാപ്പിടിയന്ന് നല്ല ഒരു കഷണം മാംസം മാത്രമാണ് ആവശ്യം. പ്രാവിന്റെ ഭക്ഷണം തന്നെ വേണം എന്ന് വാശി പിടിക്കുന്നതിൽ യാതൊരു യുക്തിയുമില്ല. പ്രകൃതിയിലൊരിടത്തും പ്രാവാണ് നിനക്കുള്ള ഭക്ഷണമെന്ന് പ്രത്യേകമായി പറഞ്ഞിട്ടില്ല. നിനക്ക് ആവശ്യമായ മാംസം ഞാൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. അത് മതിയായതാണ്.'

നാം ഇപ്പോൾ ചർച്ച ചെയ്യുന്ന വിഷയം ഉദാഹരിക്കാൻ വിസ്മയമാംവിധം ഉചിതമായ കഥയാണിത്. ഈ കഥ നീതിയുടെ യഥാർത്ഥ അർത്ഥം വെളിപ്പെടുത്തുന്നു. ഒരു ജീവിയുടെ ജീവിതം മറ്റൊന്നിന്റെ മരണവുമായുള്ള ബന്ധത്തിന്റെയും സാഹചര്യത്തിന്റേയും അടിസ്ഥാനത്തിലും ഈ കഥയിലെ തത്ത്വം വിശദീകരിക്കുന്നുണ്ട്.

ഈ കഥയിൽ *തഖ്‌വീം* ന്റെയും നീതിയുടെയും തത്ത്വമനുസരിച്ച് ഓരോ മൃഗത്തിന്നും അതിന്റെ ജീവസന്ധാരണത്തിന്നുള്ള ഭക്ഷണവും അത് തേടാനുള്ള ഉപാധികളും നൽകപ്പെട്ടിരിക്കുന്നു. അതേ സമയം ഓരോ ജീവിയും 'നിലനിൽപ്പിന്ന് വേണ്ടിയുള്ള സമരം' എന്ന ബൃഹദ് പദ്ധതിയുടെ ഭാഗമായി നാശവും അഭിമുഖീകരിക്കുന്നു. അങ്ങനെ നീതിയുടെ അടിസ്ഥാന തത്ത്വത്തിൽ പ്രവർത്തിക്കുന്ന നല്ല രീതിയിൽ സന്തുലിതമായ ആവാസ വ്യവസ്ഥയാണ് സൃഷ്ടിക്ക പ്പെട്ടിരിക്കുന്നത്.

ഈ കഥാചിത്രം നൽകുന്ന രണ്ടാമത്തെ കാര്യം നീതി എന്നത് അടിസ്ഥാനപരവും കേവലവുമാണ്. നീതിയുടെ നിർവ്വഹണവുമായി കാരുണ്യം ഏറ്റുമുട്ടേണ്ടി വരുന്ന സന്ദർഭം സംജാതമായാൽ നീതിക്ക് മുൻഗണന നൽകണം. നീതി പാലിച്ചു കൊണ്ട് തന്നെ കാരുണ്യം പ്രാപിക്കാൻ സാധിക്കും. അത് നീതിയെ ഹനിച്ചു കൊണ്ടായിരിക്കരുത്.

ഈ ചിത്രീകരണത്തിന്റെ കേന്ദ്രപ്രശ്നം നീതി കാരുണ്യവുമായി ഏറ്റു മുട്ടുമ്പോൾ ഈ സമസ്യ നിവർത്തിക്കാനുള്ള മൂന്നാം പരിഹാരമാർഗ്ഗം എന്താണ് എന്നുള്ളതാണ്. കാരുണ്യത്തിന്റെയും നീതിയുടെയും താൽപര്യങ്ങൾ പരിഹരിക്കാൻ കഥയിലെ വിശുദ്ധൻ തന്റെ ശരീരമാംസം തന്നെ വാഗ്ദാനം ചെയ്യുകയുണ്ടായി. ആ വിശുദ്ധന്റെ പ്രവൃത്തിയെ *ഈതാഇ ദിൽ ഖുർബാ* (ബന്ധുക്കളോടെന്ന പോലെ മറ്റുള്ളവരോട് അത്യധികമായ അനുകമ്പയോടെയുള്ള പെരുമാറ്റം.)യുടെ പ്രവൃത്തിയാണെന്ന് പറയാം. കാരണം അത്തരത്തിലുള്ള തീവ്രമായ ഒരു ത്യാഗം തങ്ങളുടെ ബന്ധു മിത്രാദികൾക്ക് വേണ്ടിയല്ലാതെ വാഗ്ദാനം ചെയ്യാൻ സാധ്യമല്ല.

*ഇഹ്സാൻ, അദ്ൽ* എന്നിവയുമായി ബന്ധപ്പെട്ട *ഈതാഇദിൽ ഖുർബാ* എന്നതിന്റെ യഥാർത്ഥ അർത്ഥം ഇതാണ്. വിശുദ്ധ ഖുർആന്റെ പഠനത്തിൽ നിന്നും ലഭിക്കുന്ന ഈ തത്ത്വമാണ് പ്രപഞ്ചം ഭരിക്കുന്നത്. ഒരു കാര്യം നാം ഓർക്കണം. ഈ മൂന്നു തത്ത്വങ്ങളും സൃഷ്ടിപ്പ് മുതൽ ഒരേ സമയമല്ല പ്രവർത്തനം ആരംഭിക്കുന്നത്. വാസ്തവത്തിൽ ഭൗതിക ലോകം (അജീവിലോകം) മുഴുവനും ഭരിക്കപ്പെടുന്നത് കേവല നീതിയുടെ തത്ത്വങ്ങൾക്കനുസരിച്ചാണ്. ജീവൻ ബോധത്തിന്റെ ഒരു ഘടകവുമായാണ് ആരംഭിച്ചിരുന്നത്. ജീവൻ വളരുകയും ശക്തി പ്രാപിക്കുകയും ചെയ്യുകയുണ്ടായി. അങ്ങനെ ജീവൻ ബോധത്തിന്റെ ഉയർന്ന തലം പ്രാപിച്ചു. അതോടൊപ്പം തന്നെ ഇഹ്സാനും ഈതാഇദിൽ ഖുർബായും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ജീവ രൂപത്തിന്ന് മാർഗ്ഗദർശനം നൽകുന്ന ഓരോ ചുവടുവെപ്പിലും അതിന്റെ പങ്ക് വർദ്ധിച്ചു കൊണ്ടേ വന്നു. ആ വളർച്ച മനുഷ്യനിൽ എത്തിച്ചേരുംവരെ സാവകാശം സ്ഥിരതയോടെ ഈ പ്രക്രിയ തുടർന്നുകൊണ്ടി

രുന്നു. മനുഷ്യൻ തന്റെ ആ സ്ഥാനം പ്രാപിച്ചു കഴിഞ്ഞപ്പോൾ മനുഷ്യനും മൃഗവും തമ്മിൽ വലിയൊരു വ്യത്യാസമാണു ണ്ടായത്. ഒരു പുതിയ ജീവി ആവിർഭവിച്ചാലെന്ന പോലെ മനു ഷ്യജീവിതത്തിന്ന് സമൂല പരിവർത്തനമുണ്ടാക്കിയ ഒരു വൻ കുതിച്ചുചാട്ടമായിരുന്നു അതെന്ന് കാണാം.

മേൽപറഞ്ഞ തത്ത്വങ്ങൾ മനുഷ്യൻ സ്വീകരിക്കുകയോ നിരാ കരിക്കു കയോ ചെയ്തുകൊണ്ട് മനുഷ്യ ചരിത്രത്തിൽ വിദൂരമായ ചലനങ്ങൾ സൃഷ്ടിക്കുന്ന യുഗനിർണ്ണായകമായ മാറ്റങ്ങളാണ് സംജാതമായത്.

## അദ്ൽ, ഇഹ്സാൻ, ഈതാഇദിൽ ഖുർബ എന്നിവയുമായി ബന്ധപ്പെട്ട് സംവേദനത്വത്തിന്റെയും ബോധത്തിന്റെയും പങ്ക്.

മൃഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മനുഷ്യന്റെ സംവേ ദന ക്ഷമത എന്തുകൊണ്ട് അർത്ഥപൂർണ്ണമാംവിധം സംസ് ക്കരിക്കപ്പെടുകയും വികസിതമാവുകയും ചെയ്തു എന്നതാണ് പ്രശ്നം. ഇതിന്ന് കാരണം ജീവ പരിണാമത്തോടൊപ്പം സംവേദ നവും ക്രമേണയാണ് രൂപം കൊണ്ടത് എന്നതാണ്. പരി ണാമം മനുഷ്യന്റെ ഘട്ടമെത്തിയപ്പോൾ പിന്നീട് പെട്ടെന്ന് അത്ഭുകരമായ വേഗത്തിൽ കുതിക്കുകയായിരുന്നു. ഈ ഊന്നലിലായിരുന്നു പരിണാമം നടന്നത്. കായികമായി അവൻ മനുഷ്യ സ്ഥിതി പ്രാപിച്ചപ്പോൾ അവന്റെ സംവേദനത്തിലും ആത്മീയതയിലും ഉണ്ടായത്ര വമ്പിച്ച പരിണാമം പിന്നീട് അവ ന്റെ കായികമായ പരിണാമത്തിലുണ്ടായില്ല.

പുരോഗതിയുടെ ചില സുദീർഘ ഘട്ടങ്ങൾ തരണം ചെയ് തപ്പോൾ അതിന്റെ വൃത്തം വിപുലീകരിക്കപ്പെട്ടു. വ്യക്തികൾ അവരുടെ പരിസരത്തെ പറ്റി ബോധവാന്മാരായി. അവരുടെ വർ ഗ്ഗത്തിൽപ്പെട്ട ജീവികളെപ്പറ്റി അറിവും ബോധവും ആർജ്ജിച്ചു. ഇതിനേക്കാൾ ഉന്നതമായി അറിവും ബോധവും ആർജിച്ച ഘട്ട ത്തിൽ മറ്റു ജീവിവർഗ്ഗങ്ങളിൽ കൂടി അവരുടെ ബോധം വിപു ലമായി വികസിച്ചു.

മനുഷ്യനിൽ നിരീക്ഷിക്കപ്പെട്ടത് പോലെ വിവേകജ്ഞാന ത്തിന്റെ സാന്നിധ്യം വിസ്മയകരമാം വിധം വിപുലവും തീക്ഷ്

ണവുമായി. ഇവിടെ ബോധവും വിവേകവും രണ്ടും ഒരു പോലെ പ്രവർത്തിക്കുകയുണ്ടായി. ഈ രണ്ട് പ്രക്രിയകളുടെയും വ്യത്യാസം അവ പ്രവർത്തിക്കുന്ന മേഖലകളിൽ മാത്രമല്ല സംവേദനത്തിന്റെയും വിവേകത്തിന്റെയും ഗുണവുമായി കൂടി ബന്ധപ്പെട്ടതാണ്. അതായത്, എന്തിനെപ്പറ്റിയെങ്കിലുമുള്ള അവ്യക്തമായ ഒരു ബോധമായിരുന്നില്ല അത്. വേദനിക്കുന്നതോ സന്തോഷിക്കുന്നതോ ആയ ഒരു പുഴുവിനെ പോലെ അല്ലായിരുന്നു. അല്ലെങ്കിൽ ഭക്ഷണം കാണുമ്പോൾ ഒരു പ്രാണിക്കുണ്ടാകുന്ന സന്തോഷം പോലെയുമായിരുന്നില്ല. അതിനെക്കാൾ വ്യക്തമായി നിർവ്വചിക്കപ്പെട്ടതും തീക്ഷ്ണവുമായിട്ടായിരുന്നു മനുഷ്യനിൽ അത് പ്രവർത്തിച്ചത്. അത് മനുഷ്യശരീരത്തിന്റെ വിവിധ പ്രവർത്തനങ്ങളും അതിന്റെ ഓർമകളുമായി അതിസങ്കീർണ്ണമായി ബന്ധപ്പെട്ടതാണ്. അങ്ങനെ അത് സങ്കീർണ്ണമായ ഒരു പ്രതിഭാസമായി മാറി.

സംവേദനം, ബോധം എന്നീ രണ്ടു ഗുണങ്ങൾ എല്ലാ രംഗത്തുമുള്ള മനുഷ്യസ്വഭാവം അവനിൽ വളർത്തിയെടുക്കാനും സംസ്ക്കരിച്ചെടുക്കാനും സുപ്രധാനവും സങ്കീർണ്ണവുമായ പങ്കാണ് വഹിച്ചത് എന്ന് വ്യക്തമാണ്.

മനുഷ്യനിൽ സംവേദനവും ബോധവും കൈകോർത്തു പിടിച്ചാണ് *അദ്ൽ, ഇഹ്സാൻ, ഈതാഇദിൽ ഖുർബാ* എന്നിവയോടുകൂടി പ്രവർത്തിക്കുന്നത്. അവ പുതിയ ആശയങ്ങൾക്കും സിദ്ധാന്തങ്ങൾക്കും സങ്കൽപ്പങ്ങൾക്കും വിശ്വാസങ്ങൾക്കും ജന്മം നൽകുന്നു. മനുഷ്യജീവിതം കരുപ്പിടിപ്പിക്കുന്ന നാനാ വർണ്ണ ശബളിമയുടെ ചക്രവാളം വികസിപ്പിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ *അദ്ൽ, ഇഹ്സാൻ, ഈതാഇദിൽ ഖുർബാ* എന്നിവ മനുഷ്യന്റെ അന്തിമ സ്ഥാനവുമായുള്ള ബന്ധം നിർമിക്കുന്നതിന്നും വിച്ഛേദിക്കുന്നതിന്നും പ്രമുഖമായ ഒരു പങ്കാണ് വഹിക്കുന്നത്.

### അധ്യായം 5

# മനുഷ്യന്റെ പരിണാമ മുന്നേറ്റം

## മനുഷ്യനിലെ സൂക്ഷ്മലോകത്തെപറ്റി ഒരു പഠനം

മനുഷ്യൻ സൃഷ്ടിയുടെ മഹിതമായ ഒരു ദിവ്യാത്ഭുതമാണ് അവ തരിപ്പിക്കുന്നത്. ശതകോടി വർഷത്തെ ജൈവപരിണാമം അവനിൽ സാന്ദ്രീകരിക്കപ്പെടുകയും സംഗ്രഹിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇത് യാതൊരർത്ഥത്തിലും ഒരു അതിശയോക്തിയല്ല. ജീവിപരിണാമത്തിന്റെ സമഗ്രമായ ഒരു സമ്പൂർണ്ണ രേഖ ഓരോ മനുഷ്യനിലുമുണ്ട്. മനുഷ്യൻ ഒരു സൂക്ഷ്മ പ്രപഞ്ചമാണ്. തീർച്ചയായും സ്ഥലകാലങ്ങളുടെ സമ്പൂർണ്ണ സംയോജനത്തിന്റെ ജീവൽപ്രതീകമാണ് അവൻ. എന്നാൽ ഇത് കൂടുതൽ ചർച്ചചെയ്യുന്നതിന്ന് മുമ്പായി ഒരു കാര്യം പരാമർശിക്കാതിരിക്കുക സാദ്ധ്യമല്ല. അതായത്, മനുഷ്യസൃഷ്ടിയുടെ പരമ പ്രധാനമായ എല്ലാ പരിണാമ ദശകളും അടിസ്ഥാന സവിശേഷതകളും പ്രസ്താവയോഗ്യമായ എല്ലാ ഘട്ടവും അതുപോലെ പരിണാമ യാത്രയിലെ ഓരോ ചുവടുവെപ്പും വിട്ടുപോകാതെ വിശുദ്ധ ഖുർആൻ പരാമർശിക്കുന്നു എന്നത് വിസ്മയകരമാണ്.

എല്ലാ ജീവിരൂപങ്ങളിലും വെച്ച് മനുഷ്യ സൃഷ്ടിപ്പിനെ സംബന്ധിച്ച ഖുർആൻ പരാമർശം ഏറ്റവും പ്രതീകാത്മകവും പ്രാതിനിധ്യാത്മകവുമായ രീതിയിൽ നീതിയുടെ പങ്ക് തികവുറ്റ രീതിയിൽ പരാമർശിച്ചിരിക്കുന്നു.

يَآأَيُّهَا الْاِنْسَانُ مَا غَرَّكَ بِرَبِّكَ الْكَرِيْمِ ۝٧ الَّذِىْ خَلَقَكَ فَسَوّٰكَ فَعَدَلَكَ ۝٨ فِىْٓ اَيِّ صُوْرَةٍ مَّا شَآءَ رَكَّبَكَ ۝٩

*ഓ മനുഷ്യാ, ഉദാരമതിയായ നിന്റെ നാഥനെ കുറിച്ച് നിന്നെ ഗർവ്വിഷ്ഠനാക്കിയത് എന്ത് കാര്യമാണ്? അവൻ നിന്നെ സൃഷ്ടിക്കുകയും തികവുറ്റ രീതിയിൽ സന്തുലനപ്പെടുത്തുകയും നീതിപൂർവ്വം രൂപപ്പെടുത്തുകയും ചെയ്തു.*

*എല്ലാ ഘട്ടത്തിലും ഇതാണ് അവൻ നിർവ്വഹിച്ചത്. എല്ലാ രൂപങ്ങളിലും അവൻ യോഗാനുസാരം മിശ്രണം ചെയ്യുകയും രൂപപ്പെടുത്തുകയും ചെയ്തു.*
*(സൂറ: അൽ ഇൻഫിതാർ. 82: 7–9)*

നമുക്കിപ്പോൾ മേലെക്കൊടുത്ത വചനം കൂലങ്കശമായി പുനഃപ്പരിശോധിക്കാം. ഈ വചനത്തിൽ ദൈവം മനുഷ്യനെ അഭിസംബോധന ചെയ്ത് പറയുന്നതായി കാണുന്നത് 'ഓ മനുഷ്യാ, എന്ത് അടിസ്ഥാനത്തിലാണ് നീ നിന്നെ സൃഷ്ടിച്ച രക്ഷിതാവിനോട് ഇങ്ങനെ ഗർവ്വിഷ്ഠനായി പെരുമാറുന്നത്? പ്രപഞ്ചത്തിലെ അപരിമേയമായ അത്ഭുതങ്ങളും മഹിതപ്രതാപവും നിന്റെ ഗ്രാഹ്യതക്ക് അതീതമാണെങ്കിൽ നീ നിന്റെ അസ്തിത്വത്തെ കുറിച്ച് തന്നെ അഗാധമായി ചിന്തിക്കുക. നിന്റെ സൃഷ്ടിപ്പിലുള്ള തികവുറ്റ സന്തുലനത്തെ സംബന്ധിച്ച് നീ അത്ഭുതം കൂറുക. അതായത് നിന്നിലുള്ള പ്രപഞ്ചത്തെ കുറിച്ച്. എന്നിട്ടും ദൈവത്തിന്റെ അസ്തിത്വത്തെ ചോദ്യം ചെയ്യാൻ നീ ധാർഷ്ട്യം കാണിക്കുന്നു. നാം വീണ്ടും മേൽ പറഞ്ഞത് ആവർത്തിക്കുന്നു. നിന്നെ സൃഷ്ടിച്ചത് അവനാണ്. രൂപപ്പെടുത്തിയത് അവനാണ്, പിന്നെ നിന്നെ സന്തുലനപ്പെടുത്തിയതും'

മേൽ പ്രസ്താവിച്ച വചനം ആയിരത്തി നാനൂറ് വർഷം മുമ്പ് വെളിപ്പെട്ടതാണ്. നാം ഇപ്പോൾ ജീവിക്കുന്ന സമകാലീന ലോകത്തിലെ വികസിത വിജ്ഞാനത്തിന്റെ കാലത്ത് അവതരിച്ചത് പോലെയാണ് അത് കാണപ്പെടുന്നത്. വിശുദ്ധ ഖുർആൻ അവതരിക്കുന്ന കാലത്ത് മനുഷ്യൻ ഭ്രൂണാവസ്ഥയിൽ വിവിധ ഘട്ടങ്ങളിലൂടെ വിവിധ രൂപങ്ങളിൽ കടന്നുപോയി എന്ന സങ്കൽപം തന്നെ ഉണ്ടായിരുന്നില്ല. അതായത് പരിണാമ ചരിത്രത്തിലെ വിവിധ ജൈവികാനുപാതത്തിലുള്ള ഘട്ടങ്ങളെ അനുസ്മരിപ്പിക്കുന്ന ഒരു സ്മരണികപോലെ ഭ്രൂണാവസ്ഥയിൽ മനുഷ്യൻ കടന്നു പോകുന്നു എന്ന സങ്കൽപം തന്നെ അന്നില്ലായിരുന്നു. സൂറ: അൽ ഇൻഫിതാറിൽ ഉദ്ധരിച്ച 9–ാം വചനം ഒരിക്കലും തന്നെ അക്കാലത്തെ മനുഷ്യമനസ്സിന്റെ സൃഷ്ടിയായിരിക്കില്ല. ആ വചനം സൂചിപ്പിക്കുന്നത് മനുഷ്യൻ ജനിക്കുന്നതിന്ന് മുമ്പേ വിവിധ രൂപത്തിലൂടെയും ഘടനയിലൂടെയും കടന്നു പോയിട്ടുണ്ട് എന്ന് അത് മനുഷ്യനെ ഓർമിപ്പിക്കുന്നു.

അതായത് വ്യത്യസ്ത ജൈവ അനുപാതമുള്ള എണ്ണമറ്റ മാറ്റ ങ്ങളിലൂടെയായിരുന്നു ഭ്രൂണാവസ്ഥയിലുള്ള ഈ കടന്നു പോക്ക്. ഇത്തരം ജ്ഞാനങ്ങൾ ഉദയം ചെയ്യാത്ത ഒരു കാലത്ത് ആ പ്രാചീന ജനതക്ക് ഈ വചനത്തിൽ നിന്നും എന്തു സന്ദേശമാണ് ലഭി ച്ചിട്ടുണ്ടാവുക എന്ന് ഒരാൾ അത്ഭുതപ്പെട്ടുപോകും.

മനുഷ്യസൃഷ്ടിയുടെ ഈ പ്രമേയം സൂറ: അൽ ഖിയാമയിൽ വീണ്ടും വികസിക്കുന്നത് കാണുക:

بَلِ الْإِنسَانُ عَلَىٰ نَفْسِهِ بَصِيرَةٌ ﴿١٥﴾ وَلَوْ أَلْقَىٰ مَعَاذِيرَهُ ﴿١٦﴾

*വാസ്തവമിതാണ്: മനുഷ്യന്ന് തന്റെ ആത്മാവിന്മേൽ ഒരു ഉൾ ക്കാഴ്ച്ചയുണ്ട് അവൻ എത്രതന്നെ തന്റെ ഒഴികഴിവുകൾ ബോധിപ്പിച്ചാലും ശരി.*
*(സൂറ: ഖിയാമ 75: 15–16)*

അതായത്, ഈ പറഞ്ഞത് മനുഷ്യൻ അവന് അവന്റെ ഒഴി കഴിവുകൾക്ക് പിന്നിൽ പോയൊളിക്കാം. എങ്കിലും അവന്റെ ഉദ്ദേശ്യങ്ങൾക്ക് പിന്നിലെ അന്തിമമായ ലക്ഷ്യം എന്താണെന്ന് കണ്ടു പിടിക്കാനുള്ള കഴിവ് മനുഷ്യനുണ്ട്. മനുഷ്യന് അവനെ തന്നെ മനസ്സിലാക്കാൻ അവനിൽ തന്നെ അന്തർലീനമായി കിട ക്കുന്ന കഴിവുകളെ സംബന്ധിച്ചാണ് വിശുദ്ധ ഖുർആൻ വീണ്ടും സംസാരിക്കുന്നത്. സൂറ: ശംസ് ൽ വീണ്ടും പറയുന്നു:

فَأَلْهَمَهَا فُجُورَهَا وَتَقْوَاهَا ﴿٩﴾

*എന്നിട്ട് അവൻ (അല്ലാഹു) അതിൽ എന്താണ് തെറ്റെ ന്നും (ഫുജൂർ) എന്താണ് ശരിയെന്നും (തഖ്‌വ) ബോധനം നൽകി.*
*(സൂറ: അശംസ് 91:9)*

ഇതിന്നർത്ഥം എല്ലാ ആത്മാവിന്നും തെറ്റ് എന്താണെന്നും ശരി എന്താണെന്നുമുള്ള ഉൾക്കാഴ്ച്ച നൽകിയിരിക്കുന്നു. എന്താണ് അവൻ ചെയ്യേണ്ടതെന്നും എന്താണ് അവൻ ചെയ്യരുതാത്ത തെന്നും. ആയതിനാൽ മനുഷ്യന്റെ പ്രകൃതിയിൽ ആലേഖനം ചെയ്തിരിക്കുന്ന ആന്തരിക സന്ദേശം വായിക്കുകയാണെങ്കിൽ മനുഷ്യൻ തെറ്റും ശരിയും വിധിക്കാൻ കഴിവുള്ളവനാണ്. മറ്റു വാക്കുകളിൽ പറയുകയാണെങ്കിൽ ദൈവം മനുഷ്യ

പ്രകൃതിയിൽ അവന്റെ തീരുമാനങ്ങളിൽ ആസന്നമായി ഉണ്ടായേക്കാവുന്ന അപകടങ്ങളെ കുറിച്ച് അറിയാനുള്ള സഹജാവബോധത്തിന്നുള്ള കഴിവ് പതിപ്പിച്ചിരിക്കുന്നു. അത്പോലെ ശരി തെറ്റുകളെ കുറിച്ച് വിവേചനം ചെയ്ത് മുൻകൂട്ടി ജാഗരൂകരാകാനുള്ള കഴിവും മനുഷ്യന് നൽകപ്പെട്ടിരിക്കുന്നു. പ്രായോഗികമായി സ്വയം അറിയാതെ ഒരു തെറ്റ് ചെയ്യാൻ മനുഷ്യന്ന് കഴിയില്ല.

ഓരോ വചനവും ചേർത്ത് സംയോജിപ്പിച്ച് ഈ വചനങ്ങൾ പഠിക്കുകയാണെങ്കിൽ അവ വിജ്ഞാനത്തിന്റെ പുതിയ വഴികൾ തുറക്കുന്നതായി കാണാം. ശാസ്ത്രജ്ഞന്മാർ ഈ വീഥികളിലൂടെ മുഴുവൻ ഗവേഷണം നടത്തിയാൽ അന്വേഷിക്കുന്തോറും അതിന്റെ വലുപ്പവും വിതാനവും കൂടി വരുന്നതായി കാണാം. വാസ്തവത്തിൽ അവ പരിധിയില്ലാതെ കാണപ്പെടുന്നു. എല്ലാ ജീവിവർഗ്ഗങ്ങളുടെയും ജീവന്റെ സ്വഭാവവാഹക ജീനുകളിൽ നിഗൂഢനം ചെയ്യപ്പെട്ട രഹസ്യങ്ങൾ പഠിക്കുകയാണെങ്കിൽ ശാസ്ത്രജ്ഞന്മാരുടെ നൂറുക്കണക്കിന്ന് തലമുറകൾ വേണ്ടി വരും. എന്നാലും വിഷയം തീർന്നുപോകില്ല.

## ജീവന്റെ അടിസ്ഥാന ഘടകങ്ങൾ

മനുഷ്യന്റെ ശരീരപ്രകൃതിയും അതിന്റെ ഘടകങ്ങളും നാം പരിശോധിക്കുകയാണെങ്കിൽ നമ്മുടെ ശരീരത്തിൽ അതിസങ്കീർണ്ണമായ വ്യവസ്ഥകൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് കാണാം. മനുഷ്യശരീരം കോടിക്കണക്കിന്ന് കോശങ്ങൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഓരോ രീതിയിലുള്ള കോശങ്ങളും വ്യത്യസ്തമാണ്. ഒരോന്നിനും അതിന്റെ പ്രവർത്തനങ്ങൾക്കനുസരിച്ച് ചില പ്രത്യേക സവിശേഷതകളുമുണ്ട്. കോശങ്ങൾ പല രൂപത്തിലും വലുപ്പത്തിലുമുള്ളവയാണ്. വ്യത്യസ്തങ്ങളായ പല ഭാഗങ്ങളും കോശത്തിൽ ഉള്ളടങ്ങിയിരിക്കുന്നു. ഓരോ കോശഭാഗവും ശരീരത്തിലെ ഓരോ പ്രത്യേക പ്രവർത്തനമാണ് നിർവ്വഹിക്കുന്നത്. അത്പോലെ കോശത്തിലെ ഓരോ ഭാഗവും അതിനോട് ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു. കോശത്തിന്റെ കേന്ദ്രഭാഗം ന്യൂക്ലിയസ്സാണ്. അതിന്റെ ധർമ്മമാകട്ടെ അതീവ സങ്കീർണ്ണവും വ്യാമിശ്രവുമാണ്.

കോശത്തിനകത്ത് ന്യൂക്ലിയസ്സ് അതിന്റേതായ ഒരു സ്തരത്തിന്നുള്ളിലാണ് സ്ഥിതിചെയ്യുന്നത്. ന്യൂക്ലിയർ സ്തരത്തിന്നകത്ത് RNA, DNA തന്മാത്രകൾ സാന്ദ്രീകരിച്ച ന്യൂക്ലിയ ദ്രവം (Nuclo-plasm) ആണുള്ളത്. കോശത്തിന്റെ പകർപ്പുകൾ നിർമ്മിക്കുന്നതിൽ സുപ്രധാന പങ്കാണ് ന്യൂക്ലിയ ദ്രവം വഹിക്കുന്നത്. ആരോഗ്യമുള്ള ഒരു കോശത്തിന്റെ നിലനിൽപ്പ് അതിന്റെ കോശദ്രവ്യവുമായി ബന്ധപ്പെട്ടതാണ്. വളർച്ചയുടേയും ഉപാപചയത്തിന്റേയും (Metabolism), പ്രത്യുൽപാദനത്തിന്റേയും സ്വഭാവ കൈമാറ്റത്തിന്റെയും എറ്റവും പ്രധാനപ്പെട്ട ഏജന്റാണ് കോശമർമ്മം (Nucleus) അഥവാ ന്യൂക്ലിയസ്സ്.

വിവരണം എന്ന നിലക്ക് പറയുമ്പോൾ നമുക്ക് പറയാൻ സാധിക്കുന്നത് മനുഷ്യന്റെ ഒരു ശരീര കോശത്തിൽ ശേഖരിക്കപ്പെട്ട വിവരങ്ങൾ (മനുഷ്യശരീരത്തിൽ അത്തരം കോടാനു കോടി കോശങ്ങളുണ്ട്) ഏറ്റവും വികസിതവും സങ്കീർണ്ണവുമായ മനുഷ്യ നിർമ്മിത കമ്പ്യൂട്ടറിനുള്ളിലെ വിവരശേഖരത്തേക്കാൾ കൂടുതലാണ്. അതുപോലെ തികച്ചും സമാനമായ വിവരണങ്ങളാൽ നിർമ്മിതമായ കോടിക്കണക്കിന്ന് ശരീര കോശങ്ങളുണ്ട് എന്നാണ്. ഓരോ കോശവും സങ്കീർണ്ണമായ ശരീരത്തിൽ അതിന്റേതായ പങ്ക് നിർവ്വഹിക്കുന്നു. ഒരു കോശം എന്തിനാണോ സൃഷ്ടിക്കപ്പെട്ടതും അതിന്റെ ഘടന നിർമിക്കപ്പെട്ടതും എന്നതനുസരിച്ച് ആ കോശ വ്യവസ്ഥക്കുള്ളിൽ ശരിയായ സമയത്ത് ശരിയായ ദിശയിൽ പ്രതിപ്രവർത്തനം ആരംഭിക്കുന്നു. അപ്രകാരം ശരീരത്തിലെ മറ്റു ആവശ്യമായ ഭാഗങ്ങളിലേക്ക് RNA സന്ദേശ വാഹക സെല്ലുകളുടെ സഹായത്തോടെ വിവരങ്ങൾ കൈമാറുകയും ചെയ്യുന്നു. ഇതെല്ലാം യാതൊരു പരസ്പര സംഘർഷമോ പൊരുത്തക്കേടോ ഇല്ലാതെ വളരെ തികവുറ്റ രീതിയിൽ ഏകോപനത്തോടെയാണ് പ്രവർത്തിക്കുന്നത്.

ദൈവം ഈയൊരു വിവരം വിശുദ്ധ ഖുർആൻ മുഖേന വളരെ കാലം മുമ്പ് പ്രവാചകൻ മുഹമ്മദിന്ന്(സ) വെളിപ്പെടുത്തി എന്ന വസ്തുതയെ നമുക്ക് നമിക്കേണ്ടതുണ്ട്. മനുഷ്യന്റെ കോശപരമായ വിസ്മയങ്ങളെ ശാസ്ത്രജ്ഞന്മാർക്ക് മൈക്രോസ്കോപ് ഉപയോഗിച്ച് പരിശോധിക്കാൻ സാധ്യമാകുന്നതിന്നും നൂറ്റാണ്ടുകൾക്ക്

മുമ്പ് വിശുദ്ധ ഖുർആൻ എറ്റവും ഉചിതമായ തികവാർന്ന അർത്ഥപ്രകാശനം ലഭിക്കുന്ന വാക്കുകളിലാണ് ഈ വിവരങ്ങൾ പ്രതിപാദിച്ചിരിക്കുന്നത് എന്നത് ആരെയും അത്ഭുതപ്പെടുത്തും. *'അവൻ നിന്നെ നീതിപൂർവ്വം സൃഷ്ടിക്കുകയും തികവാർന്ന രീതിയിൽ അവികലമാക്കുകയും എന്നിട്ട് വിഭിന്ന രൂപങ്ങളിൽ അവൻ നിന്നെ പൂർണ്ണമായും സന്തുലനപ്പെടുത്തുകയും ചെയ്തു.'* (സൂറ: അൽ ഇൻഫിതാർ 82: 7-9)

അക്കാലത്തെ ഒരാൾ എന്തുകൊണ്ട് വിശുദ്ധ ഖുർആൻ മനുഷ്യരാശിയുടെ സൃഷ്ടിപ്പും ഘടനയും വിവരിക്കാൻ **അദലക്ക* (Adalaka) എന്ന വാക്ക് ഉപയോഗിച്ചു എന്നതിൽ ആശ്ചര്യപ്പെടാൻ സാധ്യതയുണ്ട്. അതിനു മുമ്പുള്ള ഒരു മതഗ്രന്ഥവും തത്ത്വശാസ്ത്ര ഗ്രന്ഥവും മനു ഷ്യന്റെ സൃഷ്ടിപ്പിനെപ്പറ്റി വിവരിക്കുമ്പോൾ അത്തരമൊരു വാക്ക് പ്രയോഗിച്ചിട്ടുണ്ടാകില്ല.

## സന്തുലനവും ബോധവും

രണ്ട് വ്യത്യസ്ത സ്ഥലങ്ങളിൽ വന്ന ഈ ഖുർആനിക പ്രയോഗം എങ്ങനെ പരസ്പരം സങ്കീർണ്ണമായി ബന്ധപ്പെട്ടിരിക്കുന്നു എന്നത് കൗതുകകരമാണ്. ഉദാഹരണത്തിന്ന് സന്തുലനം എന്ന പ്രതിഭാസം എല്ലാ ഭൗമവസ്തുക്കളിലും പ്രബലമാണ്. എന്നാൽ ❖**അദ്ൽ** എന്ന പദം മനുഷ്യനിൽ പ്രവർത്തിക്കുന്ന നീതിയുടെ തത്ത്വം വിവരിക്കാനാണ് എന്ന് വരുമ്പോൾ അതിനർത്ഥം മനുഷ്യൻ ★**മൗസൂൻ** അല്ല എന്നല്ല. **അദ്ൽ** എന്ന പദം **മൗസൂൻ** നെയും അതുപോലെ ✦**മീസാനെ**യും ഉൾക്കൊള്ളുന്നു എന്ന അർത്ഥത്തിലാണ്. അതുപോലെ നീതിയും സന്തുലനവും ബോധപൂർവ്വം സാക്ഷാത്ക്കരിക്കുക എന്ന ഒരു അർത്ഥധ്വനിയും **അദ്ൽ** എന്ന പദം ഉൾക്കൊള്ളുന്നു. അതിനാൽ **അദ്ൽ** എന്ന പദം സൂചിപ്പിക്കുന്നത് ബോധം എന്ന ഘടകം കൂടി ഉൾക്കൊള്ളുന്ന സന്തുലനത്തിന്റെ കൂടുതൽ വികസിതമായ ഒരു ഘട്ട ത്തെയാണ്. **അദ്ൽ** ന്റെ തത്ത്വത്തിൽ സൃഷ്ടിക്കപ്പെട്ടത് എന്നാണ് മനു ഷ്യനെ വിശുദ്ധ ഖുർആൻ വിശേഷിപ്പിക്കുന്നത്. ഇത്

✸ **അദലക്ക** - കൃത്യമായി നിന്നെ അനുപാതപ്പെടുത്തുകയും തികവോടെ സന്തുലമാക്കുകയും ചെയ്തു. ❖ **അദ്ൽ** - കേവല നീതി. ★ **മൗസൂൻ** (തികവോടെ അനുപാതനം ചെയ്യപ്പെട്ടത്, കൃത്യമായി സന്തുലനം ചെയ്യപ്പെട്ടത്. ✦ **മീസാൻ** (സന്തുലനം, അളവ്, തൂക്കം)

അവനെ നീതിയുടെ മഹത്തായ സ്വർഗ്ഗീയ ബൃഹദ് പദ്ധതിയുടെ അഗ്രിമ സ്ഥാനത്ത് പ്രതിഷ്ഠിക്കുകയും അവനെ ദൈവത്തിന്റെ മറ്റെല്ലാ സൃഷ്ടികളിൽ നിന്നും വേറിട്ട ഒരു ഒരു സൃഷ്ടിയായി മാറ്റുകയും ചെയ്യുന്നു.

ആരംഭത്തിൽ നീതിയുടെ തത്വം തികച്ചും പ്രകൃതി നിയമങ്ങളുടെ രൂപത്തിൽ തികച്ചും അബോധാത്മകമായ ഒരു പങ്കാണ് നിർവ്വഹിച്ചത്. പിന്നീട് പ്രപഞ്ച പരിണാമം ജീവന്റെ പടിവാതിൽക്കൽ എത്തിയപ്പോൾ നീതിയുടെ അബോധാത്മകമായ പ്രയോഗം സഹജാവബോധത്തിന്റെ രൂപത്തിൽ സന്തുലനാത്മകമായ പെരുമാറ്റമായി മാറുകയുണ്ടായി. മാത്രമല്ല പരിണാമത്തിന്റെ എല്ലാ ഘട്ടത്തിലും പ്രവർത്തിച്ചിരുന്ന *ക്രിയാത് മക തത്വങ്ങൾ* എല്ലാംതന്നെ ഒന്നുകിൽ പൂർണ്ണമായ ബോധം അല്ലെങ്കിൽ വിവിധതരം സന്തുലനത്വത്തിന്റെ സഹജാവബോധമാണ് ഭരിച്ചിരുന്നത്. ഇതിന്ന് മുമ്പ് ഊന്നിപ്പറഞ്ഞതു പോലെ മനുഷ്യൻ മാത്രമാണ് ഉയർന്ന മൂന്നാം ബോധത്തിൽ എത്തിച്ചേർന്നത്.

കോടാനുകോടി വർഷത്തെ പുരോഗതിയിലൂടെ ജീവിതം നിരന്തരം ബോധത്തിന്റെ ഉയർന്ന വിതാനങ്ങളെ പ്രാപിച്ചു കൊണ്ടിരുന്നു. അതെല്ലാം തന്നെ അർത്ഥമാക്കിയിരുന്നതും ലക്ഷ്യമിട്ടതും അവസാനത്തെ ഘട്ടമായ ബോധാത്മക നീതിയാണ്. പിന്നീട് മനുഷ്യമനസ്സിന്നും ആത്മാവിന്നും പുരോഗമിക്കാനും അജ്ഞാതമായ ഉന്നതരൂപത്തിലേക്കും കൂടുതൽ സൂക്ഷ്മ ശരീരിയായ അസ്തിത്വത്തിലേക്കുമുള്ള പ്രയാണത്തിന്നും ആവശ്യമായതും ഈ ബോധാത്മക നീതിയാണ്. പുരോഗമനാത്മകമായ ഈ സോപാനത്തിലേക്കുള്ള ഓരോ ഗോവണിപ്പടിയും **അദ്ൽ** കൊണ്ട് നിർമ്മിതമാണ്. ഉന്നതമായ ഒരസ്തിത്വവും **അദ്ൽ** ന്റെ ഒരു ഘട്ടം കടന്നല്ലാതെ മറ്റൊരു **അദ്ൽ** ന്റെ ഘട്ടം പ്രാപിക്കാനാവില്ല. നീതി ❋**ഇഹ്സാനി**ന് ജന്മം കൊടുത്തിരുന്നു. ഇഹ്സാൻ അവസാനമായി പരമ പവിത്രമായ ☼**ഈതാഇ ദിൽ ഖുർബാ** യിലേക്ക് മാറേണ്ടതുണ്ടായിരുന്നു.

ചുരുക്കത്തിൽ **അദ്ൽ** എന്ന് വ്യഞ്ജിപ്പിക്കുമ്പോൾ പ്രത്യേകമായി ബോധാത്മക നടപടികളും പെരുമാറ്റങ്ങളുമായി ഒരു ബന്ധമുണ്ട്. അത് മനുഷ്യന്റെ സ്വഭാവം വിവരിക്കാൻ വേണ്ടി ഉപ

---

❋ **ഇഹ്സാൻ** (ഒരാൾക്ക് അർഹിക്കുന്നതിനേക്കാൾ നൽകൽ) ☼ **ഈതാഇ ദിൽ ഖുർബാ** (ബന്ധുക്കളോടെന്ന പോലെ മറ്റുള്ളവരോട് അത്യധികമായ അനുകമ്പയോടെയുള്ള പെരുമാറ്റം.)

(ഗ്രന്ഥകർത്താവ്)

യോഗിക്കുന്ന പദമാണ്. അവരുടെ പ്രവർത്തനങ്ങളെല്ലാം പൂർണ്ണബോധത്തോടെയായിരിക്കും തീരുമാനിക്കുന്നത്. അതിന്ന് ഇടത്തോട്ടോ വലത്തോട്ടോ ആന്ദോളനം ചെയ്യുന്ന പ്രവണതയില്ല. ഇവിടെയാണ് ജീവിതത്തിന്റെ പുതിയ ഘട്ടം ആരംഭിക്കുന്നത്.

### അധ്യായം 6

# മനുഷ്യശരീരത്തിനകത്തെ വിവിധ സന്തുലനങ്ങൾ

## ശരിതെറ്റുകളുടെ ആന്തരനിർമ്മിത മാനകം

ദൈവം മനുഷ്യന്റെ ശരീരഘടനക്ക് രോഗവും ആരോഗ്യവും അതുപോലെ നിർമ്മാണാത്മക പ്രക്രിയയും സംഹാരാത്മക പ്രക്രിയയും തിരിച്ചറിയാനുള്ള ആന്തരികമായ കഴിവ് നൽകി അനുഗ്രഹിച്ചിരിക്കുന്നു. ഈ വിവേചനാത്മകമായ സംവിധാനം മനുഷ്യന്റെ ബോധജ്ഞാനം അറിയാതെയാണ് പ്രവർത്തിക്കുന്നത്. അത് തുടർന്നു കൊണ്ടിരിക്കുന്നതും സ്വയം പ്രവർത്തിക്കുന്നതുമായ ഒരു പ്രതിഭാസമാണ്. വാസ്തവത്തിൽ ഇത് മനുഷ്യന്ന് മാത്രമല്ല എല്ലാ ജീവിരൂപങ്ങളിലും പ്രവർത്തിക്കുന്ന പ്രതിഭാസമാണ്. താഴ്ന്നതും ഉയർന്നതുമായ എല്ലാ ഓരോ ജീവിവർഗ്ഗങ്ങളിലും ഏതാണ് ശരി ഏതാണ് തെറ്റ് എന്ന് അതിനെ അറിയിക്കുന്ന ഒരു ആന്തരിക സംവിധാനമുണ്ട്. ഓരോ ജീവിയുടേയും കൊച്ചുലോകത്ത് അതിന്റെ തനത് രൂപത്തിൽ ആന്തരികമായി സജ്ജീകരിക്കപ്പെട്ട ഒരു സംവിധാനമായി അത് നിലനിൽക്കുന്നു. അമീബക്ക് പോലും ആരോഗ്യത്തിന്റേയും രോഗത്തിന്റേയും വിധിവിലക്കുകളുടെ പരിധികളുണ്ട്. അമീബ എന്ത് ആർജിക്കാൻ പരിശ്രമിക്കണം, എന്ത് വർജ്ജിക്കുവാനും ഒഴിവാക്കാനും ശ്രമിക്കണം എന്ന താണ് അമീബക്ക് നിർണ്ണയിക്കപ്പെട്ട പരിധി. എന്നാൽ മനുഷ്യനിൽ ഇത് വളരെ വികസിതവും വളരെ സങ്കീർണ്ണവുമായ ഒരു പ്രതിഭാസമാണ്. ഒറ്റ നോട്ടത്തിൽപ്പോലും അത് ഒരു അത്ഭുത പ്രതിഭാസമാണെന്ന് കാണാം.

നിരാകരണത്തിന്റേയും സ്വീകരണത്തിന്റേയും പ്രക്രിയ മനുഷ്യാസ്തിത്വത്തിന്റെ ഏത് വിതാനത്തിലും വളരെ തികവോടെ പാലിക്കപ്പെടുന്നതായി കാണപ്പെടുന്നു. ഇവിടെ ചർച്ച ചെയ്യുന്ന വിഷയം താഴെ പറയുന്ന ലളിതമായ ഉദാഹരണത്തിലൂടെ തെളിയിക്കാനാവും. മനുഷ്യനിലെ വിശപ്പ് അവനിൽ ഊർ

ജ്ജത്തിന്റെ ആവശ്യങ്ങളെ സംബന്ധിച്ച ഒരു അവബോധം സൃഷ്ടിക്കുന്നു. ഏതെങ്കിലും രൂപത്തിലുള്ള കുറച്ച് ഊർജ്ജത്തിന്റെ ആവശ്യം സംജാതമായാൽ കാഴ്ചക്കും ഘ്രാണത്തിന്നും സ്പർശനത്തിന്നും രുചിക്കും ചില അവസരങ്ങളിൽ ശ്രവണത്തിന്നും വേണ്ടിയുള്ള ഇന്ദ്രിയങ്ങൾ ഉടൻ തന്നെ സജീവമാകുന്നു. ഈ ഊർജ്ജാവശ്യത്തെ മുൻനിർത്തി മനുഷ്യന്ന് ഏതാണ് നല്ലത് ഏതാണ് ചീത്ത എന്ന് തീരുമാനിക്കാനാണ് ഈ സംവേദനേന്ദ്രിയങ്ങൾ സജീവമാകുന്നത്. മനുഷ്യൻ ഒരു കവിൾ ഭക്ഷണം ചവക്കുമ്പോൾ രുചിമുകുളങ്ങൾ (TasteBuds), താപമുകുളങ്ങൾ (Heat Buds), സ്പർശന സംബന്ധിയായ സംവേദനാവയവങ്ങൾ, പല്ല്, ഉമിനീർ ഗ്രന്ഥികൾ, താടിയെല്ലുകൾ, താടിയുടെ പേശികൾ, എല്ലാം തന്നെ തികച്ചും സന്തുലിതമായ പങ്കാളിത്തത്തോടെ പ്രവർത്തനനിരതമാവുന്നു. അവസാനം എന്തെങ്കിലും ഭക്ഷണം ആഹരിച്ചു കഴിഞ്ഞാൽ അത് സ്വീകരിക്കുന്ന പ്രക്രിയ സൂക്ഷ്മതലത്തിൽ ആരംഭിക്കുന്നു. ഭക്ഷണത്തെ വിഘടിപ്പിക്കുകയും ഘടകവസ്തുക്കളാക്കി അതിനെ മാറ്റുകയും ശരീരത്തിന്നാവശ്യമില്ലാത്ത വസ്തുക്കളെ ഒഴിവാക്കി അത് ശുദ്ധീകരിക്കുകയും ചെയ്യുന്നു. മനുഷ്യനെ ബാക്ടീരിയയിൽ നിന്നും വൈറസുകളിൽ നിന്നുമുള്ള അക്രമണങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്ന എല്ലാ ഉപാധികളും സ്വീകരിക്കുന്നു. ഈ ഘട്ടങ്ങളെല്ലാം പിന്നിട്ട ശേഷം ഭാഗികമായി ദഹിച്ച ഭക്ഷണം രാസഘടകങ്ങളായി മാറുന്നു. ഇങ്ങനെ രാസഘടകങ്ങളാക്കി മാറ്റപ്പെട്ട ഭക്ഷണം  അതിന്റെ കൂടുതൽ സങ്കീർണ്ണമായ മറ്റു ജൈവവസ്തുക്കളായി പുനരുപയോഗത്തിന്ന് വേണ്ടി സജ്ജമാക്കപ്പെടുകയും ചെയ്യുന്നു.

ഇതെല്ലാം, മനുഷ്യശരീരം എങ്ങനെയാണ് അതിന് വേണ്ട ഭക്ഷണം സുരക്ഷിതമായി ഉപഭോഗിക്കാൻ സജ്ജീകരിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ അത്യധികം ലളിതവത്ക്കരിച്ച ഉദാഹരണങ്ങളാണ്. സന്തുലനത്തിന്ന് എന്തെങ്കിലും തകരാറ് സംഭവിച്ചാൽ അത് ജീവന്റെയും ആരോഗ്യത്തിന്റേയും ഗുണനിലവാരത്തെ വിപരീതമായി ബാധിക്കുന്നു. സന്തുലനം തികവുറ്റ രീതിയിൽ അളന്നു തിട്ടപ്പെടുത്തിയതും കണിശമായ അനുപാതത്തിലുള്ളതുമായിരിക്കണം. അതിനകത്ത് ഉണ്ടാവുന്ന എന്തെ

ങ്കിലും രീതിയിലുള്ള ചെറിയ തകരാറ് പോലും ജീവന്ന് മരണ ഭീഷണിയായി തീരും.

ഇവിടെ മാറ്റങ്ങൾ ജീവന്റെ ആരോഗ്യകരമായ പുരോഗതിക്ക് വിഘാതമായി നിൽക്കുമ്പോൾ സൂറ: അശ്ശംസിലെ 9-ാമത്തെ വചനത്തിൽ ഉപയോഗിച്ച *ഫുജൂർ** (അധാർമികത, പാപം) എന്ന പദം വളരെ യുക്തിപരമായി വ്യാഖ്യാനിക്കേണ്ടതുണ്ട്. അതേ വചനത്തിലെ ***തഖ്വ* എന്ന പദം രോഗത്തിലേക്കും മരണത്തിലേക്കും നയിക്കുന്ന അപകടങ്ങളെ ഒഴിവാക്കുന്ന ഫലപ്രദമായ കഴിവിനെ സൂചിപ്പിക്കുന്നു. മനുഷ്യശരീരവുമായി ബന്ധപ്പെടുത്തി പറയുകയാണെങ്കിൽ സൂറ: അശ്ശംസിലെ ഈ വചനം സൂചിപ്പിക്കുന്നത് മനുഷ്യന്റെ ശരീരശാസ്ത്രം, ശരീരഘടനാ ശാസ്ത്രം, നാഡീ വ്യവസ്ഥ, രക്ത ചംക്രമണ വ്യവസ്ഥ, ഞരമ്പു വ്യവസ്ഥ, ഗ്രന്ഥി വ്യവസ്ഥ, പ്രതിരോധ വ്യവസ്ഥ എന്നിവക്കെല്ലാം തന്നെ അവക്ക് വേണ്ട നന്മതിന്മകൾ എന്തൊക്കെയാണ് എന്നതിനെപ്പറ്റിയുള്ള ജ്ഞാനം ആ വ്യവസ്ഥകൾക്കകത്ത് തന്നെ നല്ലതുപോലെ സജ്ജീകരിച്ചിട്ടുണ്ട് എന്നാണ്. ഒരു വ്യവസ്ഥയെക്കുറിച്ചുള്ള സൂക്ഷ്മ പഠനം തന്നെ വിവരിക്കാൻ നിരവധി അധ്യായങ്ങൾ എഴുതേണ്ടി വരും. എന്നാലും വിഷയം അവസാനിക്കില്ല. ഇതിനെ സംബന്ധിച്ച് മാന്ത്രികം, അതിശയകരം എന്നൊക്കെ നിഷ്ക്കളങ്കമായി പറയാൻ സാധിക്കും. മനുഷ്യജീവിതത്തിന് നൽകപ്പെട്ട സങ്കീർണ്ണതകളും അടരുകൾക്ക് മീതെ അടരുകളായി നിൽക്കുന്ന സമസ്യകളും താരതമ്യം ചെയ്യുമ്പോൾ മനു ഷ്യജീവിതത്തെ ആലീസിന്റെ അത്ഭുത ലോകത്ത് പ്രതിഷ്ഠിക്കുന്നത് പോലെയാണ്. മനുഷ്യ സൃഷ്ടിപ്പിന്റെ അത്ഭുതങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പ്രഹേളികകളും അത്ഭുതാതിശയങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ കഥകളും അതിന്ന് മുമ്പിൽ ഒന്നുമല്ല.

പ്രസക്തമായ ഖുർആനിക പ്രസ്താവനയുമായി മാറ്റുരച്ചു നോക്കുമ്പോൾ എത്ര തികവുറ്റ രീതിയിലാണ് മനുഷ്യശരീരം

✷ **ഫുജൂർ**: പാപകരമായ അവസ്ഥ, അധാർമികത, ദുഷിച്ച ജീവിതം, ദുഷ്ടമായത്.

✷✷ **തഖ്വ**: അല്ലാഹുവിനെ കുറിച്ചുള്ള ഭയം. വാസ്തവത്തിൽ യഥാർത്ഥ വിശ്വാസികൾ അല്ലാഹു അംഗീകരിക്കാത്തതിൽ നിന്നെല്ലാം വിട്ടുനിൽക്കാൻ പരമാവധി ശ്രമിക്കുകയും അവർ സ്വയം തന്നെ ജാഗ്രതയോടെ സൂക്ഷ്മത കൈകൊള്ളുകയും ചെയ്യുന്നതിനെയാണ് തഖ്വ എന്ന പദം സൂചിപ്പിക്കുന്നത് (ഗ്രന്ഥ: കർത്താ)

പ്രവർത്തിക്കുന്നത് എന്ന് കണ്ട് നാം അത്ഭുതപ്പെട്ടുപോകും. മനുഷ്യന്ന് രോഗംപിടിപെടാനും രോഗബാധക്കുള്ള സാധ്യതകളും അതേ സമയം ഏറെക്കുറെ എല്ലാ രോഗങ്ങളിൽ നിന്നും സ്വയം രോഗവിമുക്തനാകാനുള്ളകഴിവും ശ്രദ്ധേയമാണ്. ഒരു ചികിത്സകരുടെയും അർബുദരോഗ വിദഗ്ധരുടെയും സഹായമില്ലാതെ കാൻസർ പോലും ഭേദമാവാനുള്ള സിദ്ധി മനുഷ്യശരീരത്തിന്നുണ്ട്. മെഡിക്കൽ റിക്കാർഡുകളിൽ രേഖപ്പെടുത്തപ്പെട്ട അന്തിമ സ്ഥിതിയിലെത്തിയ ഒരു അർബുദരോഗി അർബുദചികിത്സകരുടെ ധാരണകളെയെല്ലാം പരാജയപ്പെടുത്തി പൂർണ്ണമായും രോഗമുക്തമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എങ്ങനെയാണ് അത് സംഭവിച്ചതെന്ന് വിദഗ്ധർക്ക് മനസ്സിലായിട്ടില്ല. അർബുദം ബാധിച്ച മാറാരോഗി രോഗ വിമുക്തനാകുകയും സാധാരണ ജീവിതത്തിലേക്ക് മടങ്ങി വരുകയും ചെയ്തപ്പോൾ സ്പെഷലിസ്റ്റുകളുടെ രോഗവിജ്ഞാനമെല്ലാം അപ്രസക്തമാവുകയാണുണ്ടായത്. മനുഷ്യന്റെ അതീവ സങ്കീർണ്ണമായ രോഗപ്രതിരോധ സംവിധാനത്തെ പറ്റി ബാഹ്യമാത്രമായി മാത്രമേ തങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്ന് ഐകകണ്ഠ്യേന ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നു. നമ്മുടെ രോഗപ്രതിരോധ സംവിധാനം അപരിമേയമായ സാധ്യതകളോടെയാണ് നൽകപ്പെട്ടത് എന്ന് നമുക്ക് പറയാൻ സാധിക്കും.

പ്രതിരോധ സംവിധാനം എത്രതന്നെ തികവുറ്റതായാലും മനുഷ്യനിലെ ഒരു പ്രതിരോധ സാമഗ്രിക്കും അവനെ അനശ്വരനാക്കുവാൻ സാധ്യമല്ല. മനുഷ്യനിലെ ഓരോ അവയവ വ്യവസ്ഥയിലും അതിനകത്ത് തന്നെ അന്തർലീനമായ ഒരു പ്രതിപ്രവർത്തന വ്യവസ്ഥയുണ്ട്. അത് അന്തിമമായ നാശത്തിന്ന് വേണ്ടി അളന്ന് തിട്ടപ്പെടുത്തിയ ഒരു പ്രതിപ്രവർത്തന സംവിധാനമാണ്. അതിൽ എല്ലാ കാര്യങ്ങളും അതിസൂക്ഷ്മമായി അളന്ന് തിട്ടപെടുത്തുകയും ആനുപാതികമായി ക്രമപ്പെടുത്തിവെക്കുകയും ചെയ്തിരിക്കുന്നു. പ്രകടമായി പ്രവർത്തിക്കുന്നതും മന്ദമായി പ്രവർത്തിക്കുന്നതുമായ സ്വഭാവങ്ങൾ രേഖപ്പെടുത്തിയ ജീനുകളാൽ മനുഷ്യശരീരത്തിലെ ഓരോ കോശത്തിന്റേയും ആയുസ്സ് മുൻകൂട്ടി കണക്കാക്കപ്പെട്ടിരിക്കുന്നു. ഒരു നിശ്ചിത അവയവത്തിന്റെ മരണ നിരക്കിനേക്കാൾ എത്ര

വേഗത്തിൽ അതിന്റെ വളർച്ചാനിരക്ക് വേണമെന്ന് അതിൽതന്നെ വ്യക്തമായും പൂർവ്വ കൽപ്പിതമാണ്. മാത്രമല്ല അതിന്റെ ആയുസ്സ് കണക്കാക്കി വളർച്ചയുടേയും മരണത്തിന്റേയും നിരക്കിന്റെ ഗതിവേഗം അവികലമായ രീതിയിൽ പൊരുത്തപ്പെടുത്തി നിർത്തിയിരിക്കുന്നു. അത് മരണത്തിന്റെ ഭാഗത്തേക്കാണ് ചായുന്നതെങ്കിൽ നിർമ്മാണാത്മകതയുടെ പ്രക്രിയയേക്കാൾ സംഹാരാത്മകതയുടെ പ്രക്രിയക്ക് പ്രാമുഖ്യം ലഭിക്കും. ഇതൊന്നും തന്നെ ആകസ്മികമായി സംഭവിക്കുന്നതല്ല.

## കായിക വളർച്ച

ഈ വിവരണത്തിന്റെ ഭാഗമായി വളരെ ലളിതമായ പല്ലിന്റെ വളർച്ചയുടെ ഉദാഹരണമെടുത്ത് നമുക്ക് പരിശോധിക്കാം. പാൽപല്ല് (Milk Teeth) എന്ന് നാം വിളിക്കുന്ന അതിന്റെ വളർച്ചയുടെയും (Growth) ജീർണ്ണനത്തിന്റേയും (Decay) നിരക്ക് നിരന്തരം നിയന്ത്രിക്കപ്പെട്ടതും അളന്ന് തിട്ടപ്പെടുത്തുകയും ചെയ്തതാണ്. ചില വർഷങ്ങളിൽ പാൽപല്ലിന്റെ വളർച്ച അതിന്റെ ക്ഷയത്തേക്കാൾ വേഗത്തിലായിരിക്കും. ഒരു സന്തുലനാത്മകമായ ഘട്ടം പ്രാപിച്ചു കഴിഞ്ഞാൽ അതിന്റെ വളർച്ചാ നിരക്ക് നിലക്കുന്നു. അതിന്ശേഷം സന്തുലനം മരണത്തിന്റേയും ജീർണ്ണനത്തിന്റേയും ഭാഗത്തേക്ക് ചായുന്നു. അങ്ങനെ പാൽപല്ലുകളുടെ ദിവസങ്ങൾ എണ്ണപ്പെടുന്നു. പിന്നീട് പ്രായപൂർത്തി വന്ന പല്ലുകളുടെ വളർച്ച ആരംഭിക്കുന്നു. തുടക്കത്തിൽ പല്ലിന്റെ വളർച്ചാനിരക്ക് അതിന്റെ ജീർണ്ണനത്തെക്കാൾ വളരെ വേഗത്തിലാണ്. അത് നിശ്ചിത ഘട്ടം വരെ വളരുന്നു. അത് മുൻകൂട്ടി നിശ്ചയിച്ച വലുപ്പത്തിലും വീതിയിലും കനത്തിലും എത്തിച്ചേർന്നാൽ വളർച്ചക്ക് അനുകൂലമായ സന്തുലനം അതേപടി നിൽക്കുന്നു. മുൻകൂട്ടി നിർണ്ണയിച്ച വലുപ്പത്തിൽ പല്ല് എത്തിക്കഴിഞ്ഞാൽ പെട്ടെന്ന് പല്ലിന്റെ വളർച്ചാനിരക്കും ജീർണ്ണനനിരക്കും പൂർണ്ണമായ ഒരു സന്തുലനത്തിലെത്തുകയും സൂക്ഷ്മമായി പാലിക്കപ്പെടുകയും ചെയ്യുന്നു. അപകടമോ രോഗമോ ഇല്ലെങ്കിൽ ആ പല്ലുകൾ പൂർണ്ണ ആരോഗ്യത്തോടെ അതിന്റെ വലുപ്പത്തിനോ നീളത്തിനോ യാതൊരു മാറ്റവുമില്ലാതെ തുടരുന്നു.

സാധാരണ മനുഷ്യൻ ചിന്തിക്കുന്നത് അവ (പല്ലുകൾ) വളർന്നു കഴിഞ്ഞത് കൊണ്ടാണ് അതിന്റെ വളർച്ച നിലച്ചത് എന്നാണ്. അതിൽപരം യാതൊന്നും തന്നെ അതിൽ വളരാനില്ല എന്നും അവർ ധരിക്കുന്നു. ഈ നിഷ്കളങ്കമായ ധാരണ സത്യത്തിൽ നിന്നും വളരെ അകലെയാണ്. അതിന്റെ വളർച്ച നില ച്ചതാണെങ്കിൽ ആഴ്ചകൾക്കുള്ളിലോ മാസങ്ങൾക്കുള്ളിലോ അത് അവിടെനിന്നും പിഴുതെറിയപ്പെടുമായിരുന്നു. ഇനി മറ്റൊരർത്ഥത്തിൽ ചിന്തിക്കാം. അതായത് പല്ലിന്റെ വളർച്ചാ നിരക്ക് അനവരതം തുടരുകയാണെങ്കിൽ അതായത് വളർച്ചയുടെ ആരംഭ ഘട്ടത്തിലുള്ളത് പോലെ വളർച്ച തുടരുകയും പല്ല് നീണ്ടു നീണ്ട് പോകുകയുമാണെങ്കിൽ മനുഷ്യന്റെ തലയോട്ടിയുടെ മുകളിൽ വരെ താഴത്തെ പല്ലും താടിയെല്ലിന്റെ കീഴെ വരെ മുകളിലെ പല്ലും തൂങ്ങിനിൽക്കുമായിരുന്നു!!

നാം കാണുന്നത് പോലെ പല്ലിന്റെ വളർച്ച ഒരിക്കലും തന്നെ മുൻകൂട്ടി തിട്ടപ്പെടുത്താത്തതോ അനിയന്ത്രിതമായതോ ആയ ഒരു പ്രതിഭാസമല്ല. എല്ലാ ഘടകങ്ങളും ചേർന്ന് ഒരു നിശ്ചിത കാലത്തേക്ക് മാത്രം വളർച്ചാനിരക്ക് ക്രമീകരിച്ചതാണ്. തുടർന്നുള്ള അതിന്റെ വളർച്ചാ നിരക്ക് സങ്കീർണ്ണമായി സന്തുലനമാക്കപ്പെട്ടിരിക്കുന്നു. അത് മനുഷ്യസൃഷ്ടിപ്പിന്റെ രൂപരേഖയിൽ വ്യക്തമായി രേഖപ്പെടുത്തിയതാണ്. മനുഷ്യന്റെ സൃഷ്ടിപ്പിന്റെ ഈ രൂപരേഖയും പിന്നീടുണ്ടായ നിർമ്മാണങ്ങളും എങ്ങനെയാണ് സമയോചിതം സ്വയം നിവർത്തപ്പെടുകയും സങ്കീർണ്ണമായ രീതിയിൽ അത് പ്രാവർത്തികമാവുകയും ചെയ്യുന്നത് എന്ന കാര്യം തല ചുറ്റിക്കുന്ന വിസ്മയമാണ്.

മനുഷ്യന്റെ വിസർജ്യ പദാർത്ഥങ്ങൾ വിസർജ്യ വ്യവസ്ഥയിലൂടെ നീക്കം ചെയ്യുന്ന രീതി സ്വയം തന്നെ കുറ്റമറ്റ ഒരു സംവിധാനമാണ്. ഇവിടെ അദ്ൽ(കേവല നീതി)ന്റെ തത്വം വ്യക്തിയുടെ ഭാഗത്ത് നിന്ന് യാതൊരു ജാഗ്രതയും ആവശ്യമില്ലാത്തവിധം നിർവ്വഹിക്കപ്പെടുന്നു. ഭക്ഷണത്തിന്റെ പോഷകപ്രദമായ ഭാഗം ദഹനപ്രക്രിയയിലൂടെ ആഗിരണം ചെയ്ത ശേഷമുണ്ടാകുന്ന മാലിന്യം ഈ മികവുറ്റ സംവിധാനത്തിലൂടെ നീക്കം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. ഈ സംവിധാനം നൽകപ്പെട്ട വ്യക്തിക്ക് ഇതിനെപ്പറ്റി യാതൊരു ജാഗ്ര

തയും ആവശ്യമില്ല താനും. മനുഷ്യൻ അവന്റെ പല്ലിനോട് അനീതി പ്രവർത്തിച്ചാൽ അവന്റെ വിഡ്ഢിത്തത്തിന്റെ ഫലമായി ആരോഗ്യത്തിന്ന് പിടിപെടുന്ന ആതുരാവസ്ഥയിൽ നിന്നും അവന്ന് പിന്നീട് കാര്യം ബോധ്യമാവും. ലക്കും ലഗാനുമില്ലാത്ത വിവേകരഹിതമായ ഭക്ഷണഭോജനം പല്ലിനെമാത്രമല്ല ദഹനവ്യവസ്ഥയേയും വിസർജ്ജന വ്യവസ്ഥയേയും തകരാറിലാക്കും. ചില രീതിയിലുള്ള പ്രമേഹത്തിന്ന് കാരണമിതാണ്. അതേസമയം അമിതാഹാരം മൂലമുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ മനുഷ്യനിൽ പല വിധത്തിലുള്ള ശാരീരിക പ്രതിക്രിയകളുടെ സജ്ജീകരണങ്ങളുണ്ട്.

ഇത് കൂടുതലായി വിവരിക്കാൻ നാം പ്രമേഹ രോഗികളുടെ ഉദാഹരണങ്ങളെടുക്കാം. പ്രമേഹം ഒരു സാധാരണ രോഗമാണ്, എന്നാൽ അത് ഒരു രോഗമല്ല. നൂറുക്കണക്കിന്ന് തരത്തിലുള്ള പ്രമേഹരോഗങ്ങൾ ഇത് വരെ തിരിച്ചറിയപ്പെട്ടിട്ടുണ്ട്. അവയിൽ എല്ലാവർക്കും അവരുടെ ശരീരം തന്നെ ആന്തരികമായ പ്രതിവിധി നൽകിയിട്ടുണ്ട് എന്ന് കാണാം. ചില തരം പ്രമേഹ രോഗം പാൻക്രിയാസ് ഗ്രന്ഥിയുടെ ക്രമരഹിതമായ പ്രവർത്തനം മൂലം ഉണ്ടാവുന്നതാണ്.

പാൻക്രിയാസ് രണ്ട് തരത്തിലുള്ള സ്രവങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത്. അതിൽ ഒന്ന് ഇൻസുലിൻ ആണ്. മനുഷ്യശരീരത്തിലെ എല്ലാ കോശങ്ങളിലേക്കും പഞ്ചസാര ആഗിരണം ചെയ്യാൻ കൂടുതൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നത് ഇൻസുലിനിലാണ്. ശരീരത്തിലെ കോശങ്ങൾക്ക് അതിജീവിക്കാൻ നിരന്തരം ഊർജ്ജത്തിന്റെ ആവശ്യമുണ്ട്. മനുഷ്യൻ പഞ്ചസാര നേരിട്ട് കഴിച്ചില്ലെങ്കിലും അവൻ പലവിധത്തിലും ആഹരിക്കുന്ന കാർബോ ഹൈഡ്രേറ്റ് വിഘടിക്കപ്പെട്ട് പഞ്ചസാരയായി രൂപാന്തരപ്പെടുന്നു. ഇൻസുലിൻ അധികമായി ഉദ്പാദിപ്പിക്കപ്പെട്ടാൽ അത് ഹൈപ്പോഗ്ലൈക്കാമിയ (Hypoglycaemia) എന്ന രോഗമായി മാറും. അതായത് പെട്ടെന്ന് പഞ്ചസാരയുടെ അളവ് അപകടകരമാം വിധം കുറഞ്ഞു പോകുന്ന അവസ്ഥയുണ്ടാകും. ഉടൻ തന്നെ ഇൻസുലിൻ അളവ് സാധാരണ നിലയിലേക്ക് പുനസ്ഥാപിച്ചില്ലെങ്കിൽ ഒരു പക്ഷേ മരണമോ മസ്

തിഷ്ക്ക കോശങ്ങൾക്ക് ഗുരുതരമായി ക്ഷതമേൽപ്പിക്കുന്ന അഗാധമായ കോമ (അബോധാവസ്ഥ) യോ മറ്റു പ്രധാന അവയവങ്ങളുടെ കോശങ്ങൾക്ക് ക്ഷതമോ സംഭവിക്കാം.

ഇൻസുലിന്റെ ഉദ്പാദനത്തെ തടഞ്ഞു നിർത്താൻ ശരീരത്തിൽ സങ്കീർണ്ണമായ ചില സൂചനാ സംവിധാനങ്ങളുണ്ട്. ആവശ്യമായ അളവിൽ ഇൻസുലിൻ ഉദ്പാദിപ്പിച്ചു കഴിഞ്ഞു, കൂടുതലായി ആവശ്യമില്ല എന്ന് പ്രഖ്യാപിക്കുന്നമട്ടുള്ള ഒരു അലാറം സംവിധാനമാണത്. ഇൻസുലിൻ ഗ്രന്ഥിവ്യവസ്ഥയിൽ അധിക ഉദ്പാദനം നടന്ന അതേ ഏരിയയിൽ തന്നെയാണ് ഇൻസുലിന്ന് എതിരെയുള്ള പ്രതിസ്രവം പുറപ്പെടുവിക്കുന്ന ഈ പ്രതിസംവിധാനവുമുള്ളത്. ഈ സ്രവം പുറപ്പെടുവിച്ചു കഴിഞ്ഞാൽ ഇൻസുലിൻ ഉൽപ്പാദനം ഉടൻ നിലക്കുന്നു. ഉടൻ തന്നെ മനുഷ്യൻ സൗഖ്യവാനായി കാണപ്പെടുന്നു. ഈ സന്തുലന പാലനം നിർവ്വഹിക്കുന്ന ഈ സംവിധാനം ഏത് ഭാഗത്തേക്കാണോ ചരിഞ്ഞു പോകുന്നത് അത്രയും അളവിൽ ആരോഗ്യത്തെ അത് എതിരായി ബാധിക്കും.

അതാത് സ്ഥലത്ത് നിന്ന് തന്നെ തുലനപ്പെടുത്തി തടയുന്ന (Check and Balance) രീതിയിൽ ദൈവം സൃഷ്ടിച്ച ഈ സംവിധാനം മാത്രമല്ല ഇൻസുലിന്റെ കഥയിലുള്ളത്. ഇൻസുലിനെ കൂടാതെ മറ്റു അപൂർവ്വമായ ഘടകങ്ങളും കൂടി ഈ സങ്കീർണ്ണമായ വ്യവസ്ഥ നിലനിൽക്കാൻ ആവശ്യമാണ്. രക്തത്തിന്റെ ഒഴുക്കുപാതയിലുള്ള എല്ലാ കോശങ്ങൾക്കും സ്ഥിരമായി ഊർജ്ജം ആവശ്യമാണ്. ഊർജ്ജോപഭോഗം കഴിഞ്ഞാൽ പാഴാ വുന്ന വസ്തുക്കൾ പുറന്തള്ളേണ്ടതുണ്ട്. പാഴ്വസ്തുക്കളും മലിന പദാർത്ഥങ്ങളും സംവിധാനത്തിനകത്ത് നിന്നു പുറന്തള്ളാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

മേൽപ്പറഞ്ഞ എല്ലാ പ്രവർത്തനങ്ങളും രക്തചംക്രമണക്കുഴലിലൂടെയാണ് നിർവ്വഹിക്കപ്പെടുന്നത്. ഇത് സ്വയം തന്നെ അറ്റമില്ലാത്ത വിസ്മയങ്ങളാണ് കാഴ്ച്ചവെക്കുന്നത് എന്നാൽ അവ സ്വയം തന്നെ സംഹാരാത്മകമായി വരാവുന്നതുമാണ്. വിവിധ രക്ത കോശങ്ങളിൽ അലിഞ്ഞു ചേർന്ന ദ്രാവക മാധ്യമങ്ങളെ സ്വതന്ത്രമായി കോശങ്ങളിൽ ഒഴുകാൻ അനുവദിച്ചാൽ കോശങ്ങളുടെ ന്യൂക്ലിയസ്സിനെ ഉടൻ തന്നെ അത് നശിപ്പിക്കുന്നു. ഈ

അപകടത്തെ നേരിടാൻ ഇരട്ട ഭിത്തിയുള്ള ഒരു ആവരണം എല്ലാ കോശങ്ങൾക്കുമുണ്ട്. എല്ലാ *ഇലക്ട്രോലൈറ്റിന്റേയും**(Elecrol ytes) നേരിട്ടുള്ള നുഴഞ്ഞു കയറ്റം ഇത്വഴി തടയപ്പെടുന്നു. അങ്ങനെ, കോശങ്ങളുടെ ഈ ഇരട്ടഭിത്തി അപകടങ്ങളിൽ നിന്നുള്ള ഒരു സമ്പൂർണ്ണ പ്രതിരോധമായി വർത്തിക്കുന്നു.

രണ്ട് ആവരണങ്ങളിലും ചില ചെറുദ്വാരങ്ങളുണ്ട്, അതിലൂടെ ഇൻസുലിൻ ഘടിപ്പിച്ച ഒരു തന്മാത്രക്കൊപ്പം പഞ്ചസാര തന്മാത്ര കോശത്തിന്റെ ഹൃദയഭാഗത്തേക്ക് എത്തുകയും അവിടെ വെച്ച് അവ ഉടൻ തന്നെ ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. അവിടെ ഉണ്ടാവുന്ന പാഴ്വസ്തുക്കൾ തിരികെ കൊണ്ടുവരുന്നത് കോശാവരണത്തിലെ അതേ ദ്വാരങ്ങളിലൂടെ തന്നെ രക്ത കുഴലിലേക്കാണ്. അവിടെ നിന്നും അത് ത്വക്കിലെ ദ്വാരങ്ങളിലേക്ക് വിയർപ്പിന്റെ രൂപത്തിൽ പുറന്തള്ളപ്പെടുന്നു. അല്ലെങ്കിൽ കിഡ്നിയിലുള്ള വളരെ സങ്കീർണ്ണമായ ശ്ലേഷ്മ സ്തരങ്ങളിലൂടെ (Mucous Membrane) പുറന്തള്ളുന്നു. പഞ്ചസാരയുടെ കോശങ്ങളിലേക്കുള്ള സഞ്ചാരവും കോശങ്ങളിലെ പാഴ്വസ്തുക്കളുടെ പുറന്തള്ളലും അവിശ്വസനീയമായ വേഗതയിലാണ് സംഭവിക്കുന്നത്.

ഇത് ഒരു ഊർജ്ജ ഗതാഗത സംവിധാനമാണ്. പക്ഷേ ഇതൊരു സംവിധാനം മാത്രമല്ല. അതിനേക്കാൾ കൂടുതലായ എന്തോ ഒന്നാണ്. രക്തത്തിലെ എല്ലാ കോശങ്ങളടക്കം എല്ലാ മനുഷ്യാവയവങ്ങൾക്കും നിലനിൽപ്പിന്ന് ഒരു നിശ്ചിത അളവ് പഞ്ചസാര ആവശ്യമാണ്. തീർച്ചയായും ഇതിൽ മുൻഗണനകളുണ്ട്. മസ്തിഷ്ക്കത്തിന്നുള്ള പ്രാധാന്യം മറ്റെല്ലാ അവയവങ്ങളെക്കാളും പരമ പ്രധാനമാണ്. രക്തത്തിലെ പഞ്ചസാരയുടെ ലെവൽ താഴുകയാണെങ്കിൽ തന്നെ മസ്തിഷ്ക്കത്തിലേക്കുള്ള നിശ്ചിത അളവ് സ്ഥിരമായ പഞ്ചസാര വിതരണം ഉറപ്പാക്കണം. മുഴുവൻ ശരീരത്തിലെ പഞ്ചസാരയും തീരുന്നത് വരെ മസ്തിഷ്ക്കത്തിലേക്കുള്ള ഈ വിതരണം മുടങ്ങാതെ തുടരണം. ശരീരത്തിലെ എല്ലാ കോശങ്ങളും കോശ

✷ **ഇലക്ട്രോലൈറ്റ് (Elecrolytes)**: രക്തത്തിൽ കാണുന്ന സോഡിയം, പൊട്ടാസിയം, ക്ലോറൈഡ്, കാൽസിയം, മഗ്നീഷ്യം, ഫോസ്ഫേറ്റ്, ബൈകാർബണേറ്റ് മുതലായ മിനറലുകളെയാണ് ഇലക്ട്രോലൈറ്റുകൾ എന്ന് പറയുന്നത്. (വിവ:)

കലകളും പഞ്ചസാരയുടെ ഉപഭോഗം ഒരേ അളവിൽ ആഗിരണം ചെയ്യപ്പെടുന്ന സംവിധാനമാണെങ്കിൽ മസ്തിഷ്ക്കത്തിന്ന് അത് എപ്പോഴും ലഭ്യമാകാതെ അപകട സ്ഥിതി സംജാതമായേക്കാം. അതായത് മറ്റെല്ലാ കോശങ്ങൾക്കും കോശകലകൾക്കും പഞ്ച സാര ഒരേ അളവിൽ ഉപഭോഗത്തിന്നായി ലഭ്യമായെങ്കിൽ അ മിത ഉപഭോഗത്താൽ മസ്തിഷ്ക്കത്തിന്ന് അതിന്റെ ചൈതന്യം നിലനിർത്താനാവശ്യമായ പഞ്ചസാര ലഭ്യമാകാതെ അപകടം സംഭവിക്കുമായിരുന്നു. അതിനാൽ വിവിധ മുൻഗണനകൾ ത മ്മിൽ പരസ്പരം സന്തുലനം പാലിക്കേണ്ടതുണ്ട്. മസ്തിഷ്ക്ക മൊഴികെ ശരീരത്തിന്റെ എല്ലാ ഭാഗത്തും പഞ്ചസാരയുടെ ഉപ ഭോഗം നിർത്തുവാൻ ഗ്രന്ഥികൾ ഒരു സ്രവം പുറപ്പെടുവിക്കുകകുടി ചെയ്യുന്നുണ്ട്.

സന്തുലന പ്രക്രിയ ഒരു സ്ഥലത്ത് മാത്രമല്ല. അടരുകൾക്ക് പിറകെ അടരുകളായി അത്യധികം ലോലമായ സന്തുലന സംവിധാനമാണ് സൃഷ്ടിക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യുന്നത്. ഇതാണ് മനുഷ്യാസ്തിത്വത്തിന്റെ വിവിധ തല ങ്ങളിൽ അബോധാത്മകമായി പ്രവർത്തിക്കുന്ന കേവല നീതി (Absolute Justice). അത് കേവലനീതി എന്ന പേരിൽ പരാ മർശിക്കപ്പെട്ടിട്ടില്ലായിരിക്കാം. എങ്കിലും നീതിയും സമ്പൂർണ്ണ സന്തുലനവും ഒരേ പ്രതിഭാസത്തിന്റെ രണ്ട് നാമങ്ങളാ ണ് എന്ന വസ്തുതയിൽ നിന്നു രക്ഷപ്പെടാൻ ആർക്കും സാധ്യ മല്ല. മറ്റ് വാക്കുകളിൽ പറഞ്ഞാൽ, വൈരുധ്യത്തിന്റെ ഭയലേ ശമെന്യേ നമുക്ക് പറയാൻ സാധിക്കും തികഞ്ഞ ആരോഗ്യം എന്നത് തികവുറ്റ നീതിയുടെ മറ്റൊരു നാമമാണ്.

മനുഷ്യശരീരത്തിലെ പഞ്ചസാരയുമായി ബന്ധപ്പെട്ട സന്തുല നത്തിന്റെ പ്രശ്നം മനസ്സിലാക്കാൻ എത്ര പഞ്ചസാരയാണ് ന മുക്ക് ആവശ്യമായി വരുന്നത് എന്നത് ഉദാഹരണ സഹിതം ന മുക്ക് ചർച്ച ചെയ്യാം. പഞ്ചസാരയുടെ മിനിമം മുതൽ മാക്സിമം വരെയുള്ള അളവ് എത്രവരും എന്നത്; അതായത് 100 മില്ലിലിറ്റർ രക്തത്തിൽ 60 മില്ലിഗ്രാം പഞ്ചസാര ഉപയോഗത്തിന്നായി എ പ്പോഴുമുണ്ടായിരിക്കും. ഈ സമവാക്യത്തിന്റെ മറുവശത്ത് മാക് സിമം പഞ്ചസാരയുടെ അളവ് 100 മില്ലി ലിറ്ററിന്ന് 180 മില്ലീഗ്രാമി

ലധികം ഉയരാനും പാടില്ല.[5] ഈ അനുപാതം അധികമാവുകയാണെങ്കിൽ പ്രസ്തുത അസന്തുലിതാവസ്ഥയെയാണ് നാം രക്തത്തിലെ പ്രമേഹം (Blood Sugar) എന്ന് പറയുന്നത്.

ഇൻസുലിൻ സന്തുലനം പാലിക്കുന്നതിൽ പരാജയം സംഭവിച്ചാൽ, സന്തുലനം ശരിയായി പാലിക്കാൻ അധികം വരുന്ന പഞ്ചസാര കിഡ്നി പുറന്തള്ളുന്നു. അത് കാരണം രക്തത്തിലുള്ള അധിക പഞ്ചസാരയുടെ സാന്നിധ്യം ശരീരകോശങ്ങളെ ജീർണ്ണിപ്പിക്കുന്നില്ല. സംഗതമല്ലാത്ത രീതിയിൽ അധികം വരുന്ന പഞ്ചസാര മൂത്രത്തിലൂടെ പുറന്തള്ളുമ്പോൾ പ്രമേഹ രോഗികളുടെ കാര്യത്തിൽ മൂത്രത്തിൽ അനാവശ്യമായുള്ള പഞ്ചസാരയുടെ സാന്നിധ്യമുണ്ടാകുന്നു. ചിലപ്പോൾ കിഡ്നിയുടെ പ്രവേശന കവാടത്തിൽ രക്തത്തിലെ പഞ്ചസാര വളരെയധികം ഉയർന്ന നിലയിലായാൽ അത് പുറന്തള്ളപ്പെടുകയില്ല. അതിന്റെ ഫലമായി രക്തത്തിൽ അപകടകരമാംവിധം പഞ്ചസാര കൂടുന്നു. ഇത് ചില അവയവങ്ങളെ രോഗാതുരമാക്കുന്നു. പഞ്ചസാരയുടെ അമിതമായ ഒഴുക്കു മൂലം ഹൃദയ വാൽവുകൾ ക്ഷയിക്കുന്നു (ഒരു ചാലിലൂടെ ആസിഡൊഴുകുമ്പോൾ അത് ജീർണ്ണിച്ച് ക്ഷയിക്കുന്നത് പോലെ). അധികം പഞ്ചസാര രക്തകുഴലുകളിൽ കുറച്ച് നിക്ഷേപിക്കപ്പെടുകയും അവിടെ രക്തത്തിന്റെ ഒഴുക്ക് കുറയുകയും ചെയ്യുന്നു. രക്തചംക്രമണ വേഗം കുറഞ്ഞ് കാപിലറി*(രക്തകുഴൽ) പോലെയുള്ള സ്ഥലങ്ങളിൽ അധികം വരുന്ന പഞ്ചസാര നിക്ഷേപിക്കപ്പെടുന്നു. ഇത് പലവിധത്തിലുള്ള അസ്വസ്ഥതകളും തകരാറുകളും ഉണ്ടാക്കുന്നു. കണ്ണിലെ കാപിലറി രക്തക്കുഴലുകളിലാണ് ഇത് സംഭവിക്കുന്നതെങ്കിൽ ആ വ്യക്തിക്ക് തിമിര രോഗം, ഗ്ലൂക്കോമ മുതലായ മറ്റു രോഗങ്ങൾ ബാധിച്ചേക്കാം. അത് നാഡികളിൽ കൂടിയുള്ള സ്പന്ദനം വേഗം കുറക്കും. നാഡീസ്പന്ദനങ്ങളുടെ മന്ദഗതിയിലുള്ള ഈ അവസ്ഥയുടെ ഫലമായി മറ്റ് നേരിട്ടുള്ള അപകടങ്ങളും സൃഷ്ടിക്കപ്പെട്ടേക്കാം.

ചില പ്രമേഹ രോഗികൾ അവരുടെ ഹൃദയത്തിന്ന് ചുറ്റുമുണ്ടാകുന്ന കോച്ചിപ്പിടുത്തത്തിന്റെ വേദന അറിയാതെ പോവു

✸ **കാപിലറി**: 5 മുതൽ 10 മൈക്രോ മീറ്റർ (ഒരു മീറ്ററിന്റെ പത്ത് ലക്ഷത്തിലൊന്ന് വ്യാസമുള്ള ചെറിയ രക്തക്കുഴലുകളാണ് കാപിലറികൾ.(വിവ:)

ന്നത് ദൈനംദിനമുള്ള നമ്മുടെ അനുഭവമാണല്ലോ. ഹൃദയത്തിന്റെ ഭാഗത്ത് നിന്നുള്ള ഈ സിഗ്നലുകളുടെ അഭാവം കാരണം അവർക്ക് പെട്ടെന്ന് ഹൃദയാഘാതം സംഭവിക്കാം. അതായത് നീതിയുടെ സന്തുലനം എന്നത് കേവലം അക്കാദമിക് വാചോടാപമല്ല. നിരന്തരമായ നീതിയുടെ അഭാവം, അല്ലെങ്കിൽ സന്തുലനത്തിലുള്ള അസാംഗത്യം, അത് ഒരിക്കലും തന്നെ പ്രകൃതിയിൽ ശിക്ഷിക്കപ്പെടാതെ പോകുന്നില്ല. അഹോ കഷ്ടം! ഈ പാഠമാണ് മനുഷ്യൻ അവഗണിക്കുന്നത്. അനീതിയുടെ അനന്തര ഫലങ്ങളിൽ നിന്ന് രക്ഷപ്പെടുമെന്ന മിഥ്യാ വിചാരത്തിൽ അവൻ നിലകൊള്ളുകയും ചെയ്യുന്നു. അതിലേക്ക് നമുക്ക് പിന്നീട് തിരിച്ചു വരാം.

## രോഗത്തിൽനിന്നുള്ള സംരക്ഷണം

മനുഷ്യജീവിതത്തിന്റെ ആരോഗ്യകരമായ പാലനത്തിന്ന് അല്ലാഹു സൃഷ്ടിച്ച മറ്റുചില സന്തുലന വ്യവസ്ഥകളുടെ ഉദാഹരണത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം. മനുഷ്യ ജീവിതം മാത്രമല്ല, എണ്ണമറ്റ ജീവജാലങ്ങളുള്ള മുഴുപ്രപഞ്ചവും സുദൃഢമായ നിലയിൽ അചഞ്ചലവും കേവലവുമായ സന്തുലന തത്ത്വത്തിന്നു കീഴിൽ നിയന്ത്രിക്കപ്പെടുകയും ചലിപ്പിക്കപ്പെടുകയും ചെയ്യുന്നു. എവിടെയാണോ അറിയാതെയോ കരുതിക്കൂട്ടിയോ ഉള്ള ലംഘനമുണ്ടാകുന്നത് അത് രോഗത്തിന്റെ ആരംഭമാണെന്നു തിരിച്ചറിയാതിരിക്കില്ല.

ദൈവം അവന്റെ അപാരമായ അനുഗ്രഹത്താൽ ഓരോ വ്യവസ്ഥയുടേയും ഉപവ്യവസ്ഥയായി ആഘാത പരിഹാര വ്യവസ്ഥയും (Cushioning) പൂർവ്വസ്ഥിതി പ്രാപിക്കാനുള്ള നൈസർഗ്ഗികമായ കഴിവും (Resilience) കൂടി അധികമായി മനുഷ്യ ശരീരത്തിന്ന് നൽകിയിട്ടുണ്ട്. കുറച്ചു കൂടി വ്യക്തമായി പറയുകയാണെങ്കിൽ ഈ വ്യവസ്ഥ *അദ്ൽ* ന്റെ അഥവാ നീതിയുടെ മണ്ഡലത്തിൽ നിന്ന് മാത്രമുള്ളതല്ല. അത് മനുഷ്യ ശരീരത്തിന്ന് ആസകലം സവിശേഷമായ കാരുണ്യവഴിയിൽ വരദാനമായി നൽകപ്പെട്ട വ്യവസ്ഥയാണ്. മറ്റൊരു വീക്ഷണ കോണിൽ നോക്കുകയാണെങ്കിൽ, മനുഷ്യന്റെ പിഴവുകൾ, അധികമായ അശ്രദ്ധകൾ, എന്നിവ വരുത്തിവെക്കുന്ന അപകടങ്ങൾക്ക് പോലും അതിന്റെ കഷ്ടനഷ്ടങ്ങൾ പരിഹരിക്കാനുള്ള

ഒരു വ്യവസ്ഥ ദൈവം അനുവദിച്ചിരിക്കുന്നു എന്നാണ് പറയാൻ കഴിയുക. മനുഷ്യന്റെ ബോധപൂർവ്വമായ പ്രവർത്തനങ്ങളുടെ വീക്ഷണ കോണിൽ നോക്കുമ്പോൾ അത് നാം നേരത്തെ സുദീർഘമായി ചർച്ചചെയ്തത് പോലെ *ഇഹ്സാൻ* എന്ന പദത്തിലെ അർത്ഥത്തിന്ന് സമാനമായാണ് കൂടുതൽ കാണപ്പെടുന്നത്.

*ഇഹ്സാൻ, ഈതാഇദിൽ ഖുർബാ* എന്നിവയുടെ സൽപ്രവൃത്തികൾ നീതിക്ക് മുകളിലും നീതിയേക്കാൾ അധികവുമാണ്. ഉദാഹരണത്തിന്ന് ഒരു മനുഷ്യന്ന് ദിനേനയുള്ള ആവശ്യങ്ങൾ നിവർത്തിപ്പാനുള്ള ദഹനരസം മാത്രമേ ലഭ്യമാവുന്നുള്ളൂവെങ്കിൽ അത് സൂചിപ്പിക്കുന്നത് എല്ലാവരും അതിന്നാവശ്യമുള്ളത് മാത്രമാണ് ഭക്ഷിക്കുക എന്നാണല്ലോ. കൂടുതലായി ഭക്ഷിക്കാനുള്ള അവസരം ഉണ്ടാവുന്നില്ല എന്നുമാണ്. ഇത് നീതിയുടെ മാത്രം അനുശാസനമാണ്. പക്ഷേ ദൈവം ജീവികളോട് അതിശയകരമാം വിധം വളരെ ഔദാര്യത്തോടെയാണ് പെരുമാറുന്നത്. ജീവികൾ ഭക്ഷിക്കുന്ന അധിക ഭക്ഷണം പോഷക ശോഷണമുള്ള ദിനങ്ങൾക്ക് വേണ്ടി കരുതലായി കൊഴുപ്പ് രൂപത്തിൽ സംഭരിച്ചു വെക്കുകയാണ് ചെയ്യുന്നത്. തീർച്ചയായും അധികം കൊഴുപ്പ് മൃഗങ്ങൾക്ക് ഒരു ഭാരമാണ്. എന്നാൽ മിതമായ അളവ് കൊഴുപ്പ് അതിന്റെ അതിജീവനത്തിന്ന് ആവശ്യവുമാണ്. സാധാരണ നിലയിൽ ഒരാൾക്ക് ആരോഗ്യകരമായ ജീവിതത്തിന്നാവശ്യമായതിന്റെ ഇരട്ടി ഭക്ഷണം ദഹിപ്പിക്കാനാകും. ഇതിന്റെയും പരിധിയിൽ കവിഞ്ഞ് ഒരാൾ ഭക്ഷിച്ചാൽ ശിക്ഷയുടെ മേഖല ആരംഭിക്കുന്നു. ഒരാൾക്കും തന്നെ അതിന്റെ അനന്തരഫലം അനുഭവിക്കാതെ നീതിയുടെ സ്ഥിരമായ ലംഘകനായി നിൽക്കാനാവില്ല.

അതിലോലമായ സന്തുലന സംവിധാനപാലനത്തെപറ്റി നമുക്കിപ്പോഴും മതിയായ വിവരമില്ല. ചിന്തയുടേയും കണക്കുകൂട്ടലിന്റേയും ഏറ്റവും സങ്കീർണ്ണമായ കഴിവുകൾ കൊണ്ട് സജ്ജീകരിക്കുകയും ജീവിതത്തിന്റെ എല്ലാ പരിണാമാത്മക നേട്ടങ്ങൾക്കും ബോധം നേതൃത്വം നൽകുകയും ചെയ്യുന്ന മനുഷ്യനെ പോലെയുള്ള ഒരു അഭിജാത ജീവി ദൈവത്തോട് നന്ദികെട്ടവനായി തുടരുന്നു എന്ന സ്ഥിതി എത്ര കഷ്ടമാണ്?. മനുഷ്യനോട് ഏറ്റവും തികവാർന്ന രീതിയിൽ നീതിപൂർവ്വം പെരുമാറിയിട്ടും മനുഷ്യൻ എത്രമാത്രം നീതിരഹിതമായാണ് അവ

ന്റെ സ്രഷ്ടാവിനോട് വർത്തിക്കുന്നത്.? വാസ്തവത്തിൽ ജീവിതത്തിന്റെ എല്ലാ വശങ്ങളും പരിഗണിച്ചു കൊണ്ട് സർവ്വ ആവശ്യങ്ങളും നിറവേറ്റാൻ നിരന്തരം ശ്രദ്ധയോടെ എണ്ണമറ്റ പരസ്പരബന്ധത്തിന്റെ പ്രവിശാലമായ ആന്തരിക പ്രപഞ്ചങ്ങൾ ലയിച്ചു ചേർന്ന തികവുറ്റ സന്തുലവും സാമഞ്ജസ്യവും മനുഷ്യ ശരീരത്തിൽ നിലനിൽക്കുന്നു. മനുഷ്യനിലുള്ള ഈ കൊച്ചു പ്രപഞ്ചങ്ങളുടെ സ്വരമേളനമാണ് അവനിലുള്ള ഉദാത്തമായ സംഗീതം. മനുഷ്യനാണ് ദൈവത്തിന്റെ ഏറ്റവും മഹിഷ്ഠമായ സൃഷ്ടി. പക്ഷേ മനുഷ്യൻ അവനിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന വിസ്മയ പ്രപഞ്ചത്തെപ്പറ്റി നിസ്സംഗമായ അശ്രദ്ധയിലാണ്.

## ഇൻസുലിൻ ഉദ്പാദനത്തിൽ ഔദാര്യത്തിന്റെ പങ്ക്

ഈ വസ്തുത ഒന്നുകൂടി വിശദമാക്കാൻ നമുക്ക് വീണ്ടും എല്ലാ ജീവികൾക്കും ദിനേന ആവശ്യമായ പഞ്ചസാരയുടെ അളവിന്റെ ഉദാഹരണത്തിലേക്ക് നോക്കാം. അമിത ഭോജനത്തിന്റെ ദോഷ ഫലങ്ങളിൽ നിന്നും രോഗിയുടെ രക്ഷയ്ക്ക് ഉദാരത എന്ന ഘടകം എപ്രകാരമാണ് പ്രവർത്തിക്കുന്നതെന്നും രോഗിയുടെ ആരോഗ്യത്തെ പ്രതിരോധിക്കാൻ ഉദാരത എന്താണ് ചെയ്യുന്നതെന്നും നോക്കാം. ഉദാഹരണത്തിന്, പാൻക്രിയാസ് ഗ്രന്ഥി കൃത്യമായ അനുപാതത്തിൽ ഇൻസുലിൻ ഉദ്പാദിപ്പിക്കുകയാണെങ്കിൽ ഇത് ദിനംപ്രതിയുള്ള ശരീരാവശ്യത്തിന് മതിയാവുമായിരുന്നു. അതിലധികം വേണ്ടിവരില്ല. ഔദാര്യത്തിന്റെ പ്രവർത്തനത്തിന്റെ ആവശ്യം ഇവിടെ വേണ്ടിവരുമായിരുന്നില്ല. എന്നാൽ ദൈവം പാൻക്രിയാസ് ഗ്രന്ഥിക്ക് അതിന്റെ സാധാരണ ഉദ്പാദന ക്ഷമതയേക്കാൾ അധികം ഉദ്പാദിപ്പിക്കാനുള്ള കഴിവ് നൽകിയിട്ടുണ്ട്. ഒരു ആരോഗ്യവാനായ വ്യക്തി പഞ്ചസാര ആവശ്യമായതിൽ പലമടങ്ങ് കൂടുതലായി ഉപയോഗിക്കുകയാണെങ്കിലും മിക്കവാറും അയാൾ അതിന്റെ പ്രത്യാഘാതത്തിൽ നിന്നും രക്ഷപ്പെടുന്നതായിരിക്കും. ദൈവത്തിന്റെ ഉദാരത നമുക്ക് ഇതിൽ കാണാൻ സാധിക്കും

ഇവിടെ ഒരു കാര്യം ശ്രദ്ധിക്കുന്നത് കൗതുകകരമാണ്. പാൻക്രിയാസ് ഗ്രന്ഥി തകരാറായി എന്നിരിക്കട്ടെ. ആവശ്യത്തിന്റെ ഏഴിലൊന്ന് ഇൻസുലിൻ മാത്രമെ പാൻക്രിയാസ് ഉത്പാദിപ്പി

ക്കുന്നുവെങ്കിൽ പോലും ഈ ചെറിയ അളവ് ഇൻസുലിൻ ദൈനംദിന ആവശ്യത്തിന്ന് മതിയായി വരും. ഈ ശാസ്ത്രീയ പ്രതിഭാസത്തിന്റെ നൂലാമാലകൾ മനസ്സിലാകാത്ത സാധാരണക്കാരന്റെ അറിവിലേക്കായി ഇക്കാര്യം അൽപ്പം വിശദമാക്കുന്നത് ഉചിതമായിരിക്കും.

ഇൻസുലിന്റെ ഉത്പാദനം യാതൊരർത്ഥത്തിലും യാദൃച്ഛികമല്ല. ജീവികൾക്ക് തനിക്ക് എത്ര അളവ് ഇൻസുലിൻ ആവശ്യമുണ്ടെന്ന് അറിവില്ല. അവക്ക് തീറ്റക്കുള്ള സുനിശ്ചിതമല്ലാത്ത കൊതി മാത്രമേയുള്ളൂ. അത് അവയുടെ രുചിക്കനുസരിച്ച് വിശപ്പടങ്ങുവോളം ഭക്ഷിക്കാൻ അവയെ പ്രേരിപ്പിക്കുന്നു. ഒരു ഘട്ടമെത്തിയാൽ തീറ്റി നിർത്താനുള്ള താക്കീത് ആന്തരികമായി അവക്ക് നൽകപ്പെടുന്നു. തീറ്റി നിർത്താനുള്ള ഈ ആന്തരിക സംവിധാനം ജീവികളിൽ ഇല്ലായിരുന്നുവെങ്കിൽ അവയുടെ അമിത തീറ്റിപ്രിയം മൂലം ലോകത്ത് ഒരു നിശ്ചിത തോത് ആളുകൾ ഭക്ഷണം കിട്ടാതെ മരിക്കുമായിരുന്നു.

സാധാരണ ഒരു ആരോഗ്യമുള്ള മൃഗത്തിൽ പോലും ഇൻസുലിൻ ഉദ്പാദനത്തിൽ നിയന്ത്രിതമായ വ്യത്യാസങ്ങളുണ്ട്. വിശ്രമത്തിലിരിക്കുന്ന ഒരു ജീവിക്ക് അൽപ്പം ഇൻസുലിൻ മാത്രമേ ആവശ്യമുള്ളൂ. അത് പെട്ടെന്ന് അക്രമാസക്തമാവുകയോ ഉത്തേജിതമായി പ്രവർത്തനനിരതനാവുകയോ ചെയ്താൽ ശരീരത്തിൽ ആനുപാതികമായി ഉയർന്ന രീതിയിൽ ഇൻസുലിൻ സ്രവിപ്പിക്കപ്പെടുന്നു. പക്ഷേ ഇപ്രകാരം അല്ലായിരുന്നെങ്കിൽ സ്പോർട്സിലും ഗെയിംസിലും ഉന്നതമായ മികവിൽ എത്തിച്ചേരാൻ സാധ്യമാകുന്നില്ല. പ്രത്യേകിച്ച് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന മിക്ക കായികതാരങ്ങൾക്കും അവർ മെഡൽ വാങ്ങുന്നതിന്ന് മുമ്പായി പെട്ടെന്നുള്ള മരണം സംഭവിക്കുമായിരുന്നു.

ആരോഗ്യമുള്ള മനുഷ്യശരീരത്തിന്ന് സമീകൃതാഹാരം ലഭിക്കുകയാണെങ്കിൽ അതിലെ ഉപാപചയ വിസർജ്യങ്ങൾ (Metabolic waste) പുറന്തള്ളുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ ഒരു നിശ്ചിത അളവ് വലുപ്പവും ഭാരവും കിഡ്നിക്ക് ആവശ്യമാണ്. ഒരു കാര്യം ഓർക്കുക ദൈനദിന വിസർജ്യങ്ങൾ പുറന്തള്ളുന്നതിന്നുള്ള ആവശ്യങ്ങളെക്കാൾ കിഡ്നിയുടെ കഴിവ് വളരെ അധികമാണ്. കിഡ്നിയുടെ 8 ൽ 1 വലുപ്പം മാത്രമേ ദൈനംദിന

പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ ആവശ്യമുള്ളു. അമിതാഹാരം മൂലമുണ്ടാകുന്ന രോഗങ്ങൾ അല്ലെങ്കിൽ യാദൃച്ഛിക രോഗങ്ങൾ ഇവയെ തടയാൻ ആഘാത പ്രതിരോധ സംവിധാനം (Cushioning) കൂടുതലായി ആവശ്യമില്ല. അത് *ഇഹ്സാൻ* ന്റെയും *ഈതാ ഇദിൽ ഖുർബാ* യുടെയും കൂട്ടായ അത്ഭുത പ്രവർത്തനമാണ്.

നിരന്തരമായി നീതിയുടെ ശാസനകളോടും ദൈവത്തിന്റെ ഔദാര്യങ്ങളോടും അവഗണന കാണിക്കുകയും മനുഷ്യന്റെ കിഡ്നിയുടെ 8 ൽ 7 ഭാഗം പ്രവർത്തനരഹിതമായാലും മനുഷ്യന്ന് ആരോഗ്യമുള്ള ഒരു ആളായി തുടരാനാവും. മനുഷ്യന് അവന്റെ ആരോഗ്യപാഠങ്ങൾ പഠിക്കാനുള്ള സാവകാശം നൽകി സാധാരണ നിലയിലേക്ക് തിരിച്ചു വരാനുള്ള അവസരം അത് നൽകുകയും ചെയ്യുന്നു.

അങ്ങനെ പല അവസരങ്ങളിലും കേവല നീതിയും ഔദാര്യവും പരസ്പരം അതിവർത്തിക്കാതെ രണ്ടും ഒരുപോലെ പൂത്തുലയുന്നത് നമുക്ക് കാണാനാകും. എതായാലും ഈ രണ്ട് വരദാനങ്ങളും തമ്മിൽ ഏറ്റുമുട്ടുന്ന എന്തെങ്കിലും അപകടസന്ധി സംജാതമായാൽ ഔദാര്യത്തിന്ന് പ്രവർത്തിക്കാനുള്ള അവസരം നൽകപ്പെടില്ല. അവിടെ കേവലനീതിയാണ് നിലനിൽക്കുക. ഔദാര്യം കടന്നു വരികയാണെങ്കിൽ നീതി ബലികഴിക്കപ്പെടേണ്ടി വരും. അതായത് ഔദാര്യം പ്രകടിപ്പിക്കണമെങ്കിൽ നീതിയുടെ ചിലവിലായിരിക്കും അത് നിർവ്വഹിക്കപ്പെടുക. നീതിയുമായി എത്രമാത്രം ഔദാര്യത്തിന്ന് സഹവർത്തിത്വം സാധ്യമാവുമോ അതുവരെ ഔദാര്യത്തിന്ന് നിലനിൽക്കാനും പ്രവർത്തിക്കാനും സാധിക്കും. ഔദാര്യം എന്നത് ഉന്നത നിലയിലുള്ള ഒരു ക്രമമാണ്. നീതി എന്നത് ഏറ്റവും അടിസ്ഥാമായിട്ടുള്ളതുമാണ്. അടിസ്ഥാനങ്ങൾ ഒരിക്കലും തന്നെ അധികത്തിന്റേയോ തിരഞ്ഞെടുപ്പിന്റേയോ അൾത്താരയിൽ ബലിയായി കൂടാ. ഈ വിഷയകമായി പരിശുദ്ധ പ്രവാചകൻ പറഞ്ഞു:

اَلْمُؤْمِنُ يَأْكُلُ فِيْ مَعًى وَّاحِدٍ وَّالْكُفِرُ يَأْكُلُ فِيْ سَبْعَةِ اَمْعَاءٍ

---

✸ **സൂറ: അശ്ശംസിലെ 9–ാം വചനം** : എന്നിട്ടവൻ (അല്ലാഹു) അതിന്ന് അതിന്റെ അധാർമികതയും സാത്വികതയും (വതഖ്‌വാഹാ) ബോധനം ചെയ്തു. (ഗ്രന്ഥ: കർത്താവ്)

*ഒരു അവിശ്വാസി ഒരു വിശ്വാസിയേക്കാൾ ഏഴ് ഇരട്ടി അധികം ഭക്ഷിക്കുന്നു.*[6]

ഈ ഹദീസ് ദഹനവ്യവസ്യുടെ കഴിവിന്റെ മാക്സിമം മിനിമം പരിധികൾ സൂക്ഷ്മമായി വെളിപ്പെടുത്തുന്നു.

ഇൻസുലിന്റെ കുറവ് കൂടാതെ നൂറുക്കണക്കിന്ന് മറ്റു കാരണങ്ങളും പ്രമേഹ രോഗത്തിന്ന് കാരണമാകുന്നു. ആയതിനാൽ പാൻക്രിയാസ് സാധാരണ രീതിയിൽ പ്രവർത്തിക്കുകയാണെങ്കിൽ പോലും ചിലർക്ക് ഡയബറ്റിസ് ഉണ്ടണ്ടാകാം. രക്തത്തിൽ പഞ്ചസാര ആഗിരണം ചെയ്യുന്ന അത്തരം നിരവധി സങ്കീർണ്ണമായ ഘടകങ്ങൾ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. അന്തിമ വിശകലനത്തിൽ തികഞ്ഞ രീതിയിൽ സമീകൃതമായ ആഹാരക്രമത്തിൽ തന്നെയാണ് എപ്പോഴും ഊന്നൽ നൽകേണ്ടത്. അല്ലെങ്കിൽ അതിന്റെ മറുവാക്കായ നീതിയിലാണ് ഊന്നൽ നൽകേണ്ടത്.

## കാൽസ്യം

ഒരു മൃഗത്തിന്റെ ആരോഗ്യം നല്ലരീതിയിൽ നിലനിർത്താൻ കാൽസ്യവും പ്രധാനപ്പെട്ട ഒരു പങ്കാണ് വഹിക്കുന്നത്. നേരിയ തോതിൽ പോലും കാൽസ്യം സന്തുലനത്തിൽ എന്തെങ്കിലും കുഴപ്പം സംഭവിച്ചെങ്കിൽ ആ ജീവിയുടെ ആരോഗ്യത്തിന്ന് അത് ഗുരുതരമായ തകരാറുണ്ടാക്കും. ഈ അർത്ഥത്തിൽ രോഗവും ആരോഗ്യവും തമ്മിലുള്ള വ്യത്യാസം രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് വ്യത്യാസത്തേക്കാൾ നേരിയതാണ്. കാൽസ്യത്തിന്റെ നേരിയ തോതിലുള്ള ഉയർച്ചയും താഴ്ച്ചയും പോലും ഗുരുതരമായ ആരോഗ്യ പ്രത്യാഘാതങ്ങളുണ്ടാക്കും. മരണം പോലും സംഭവിക്കാം. കന്നുകാലികളിൽ സാധാരണമല്ലാത്ത ഒരു രോഗത്തെ പ്പറ്റിയുള്ള പഠനം കാൽസ്യം സാന്നിധ്യത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നതാണ്. കന്നുകാലികളുടെ ശരീരത്തിൽ ശരിയായ രീതിയിലുള്ള കൃത്യമായ കാൽസ്യം അനുപാതം ഉണ്ടായിരിക്കണം എന്നാണ് പഠനത്തിന്റെ സൂചന.

ചിലപ്പോൾ വൈറസ് മൂലമോ പരിസ്ഥിതി ഘടകങ്ങളാലുള്ള കാരണങ്ങൾ കൊണ്ടോ കാലികൾക്ക് പെട്ടെന്ന് ഊർജ്ജക്ഷയം സംഭവിക്കുന്നു. പുറമേ നിന്നുള്ള കാരണങ്ങളൊന്നുമില്ലാതെ ഇങ്ങനെ സംഭവിക്കുന്നത് കർഷകനെ അന്ധാളിപ്പിക്കുന്നു. ഉദാഹരണത്തിന് തലേന്ന് രാത്രി പൂർണ്ണ ആരോഗ്യ

മുള്ള ഒരു പശു കാൽ കുഴഞ്ഞു വീഴുന്നു. ചത്തത് പോലെ എഴുന്നേൽക്കാൻ വയ്യാതാവുന്നു. പനിയോ രോഗത്തിന്റെ യാതൊരു ലക്ഷണമോ ഇല്ല. മരണത്തിലേക്ക് പെട്ടെന്ന് വഴുതി വീഴുകയായിരുന്നു. ഒരു വെറ്ററിനറി സർജൻ കൃത്യസമയത്ത് തയ്യാറാക്കിയ കാൽസ്യം ലായിനി കുത്തിവെച്ചെങ്കിൽ തീർച്ചയായും ആ കന്നിനെ രക്ഷിക്കാൻ കഴിയുമായിരുന്നു. കാൽസ്യം ഒരു ലെവലിൽ കുറയാൻ പാടില്ല എന്ന് പറയുന്നതിന്റെ പ്രാധാന്യം ഇതാണ്. ഒരു ആരോഗ്യമുള്ള മനുഷ്യന്ന് മിനിമം 9.2% വും കൂടിയാൽ 10.4 % വും കാൽസ്യം ആവശ്യമാണ്.[7]

ചിലപ്പോൾ മനുഷ്യനിൽ ഉണ്ടാകുന്ന നിരന്തരമായ വർദ്ധിച്ചു വരുന്ന ബലക്ഷയം കാൽസ്യത്തിന്റെ ക്രമികമായ കുറവു മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മനുഷ്യനിൽ കാൽസ്യത്തിന്റെ ലോലമായ അളവ് ഒരിക്കലും തകരാറിലായിക്കൂടാ എന്ന തത്വമാണ് ഇത് വരെ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഇത് മനുഷ്യന്റെ ആരോഗ്യത്തിന്ന് അപകടമാണ്. ശാസ്ത്രജ്ഞന്മാരുടെ തലമുറകൾ പരിശ്രമിച്ചാലും ഒരു പക്ഷേ ഈ ലോലമായ സന്തുലനപാലനത്തിന്റെ എല്ലാ ഘടകങ്ങളെപ്പറ്റിയും മനസ്സിലാക്കാൻ സാദ്ധ്യമാവില്ല.

മനുഷ്യശരീരത്തിന്റെ സംഘാടനത്തിൽ കാൽസ്യത്തിന്റെ പങ്ക് വളരെ സങ്കീർണ്ണമായ ഒന്നാണ്. കാൽസ്യം ഫോസ്ഫേറ്റാണ് മനുഷ്യന്റെ അസ്ഥികൂടത്തിന്ന് ദൃഢത നൽകുന്നത്. കാൽസ്യം ലവണമാണ് എല്ലിന്നും പല്ലിന്നും കാഠിന്യം നൽകുന്നത്. കോശങ്ങളെ പൊതിയുന്ന ആവരണ കലകൾക്ക് കട്ടി നൽകുന്നതും കാൽസ്യം ലവണമാണ്. കോശങ്ങളുടെയും പല്ലുകളുടെയും മോശം സ്ഥിതിക്കും അമിതമായ ഉത്തേജനശീലത്തിന്നും സാധ്യമാവുന്ന കാരണങ്ങൾ കാൽസ്യത്തിന്റെ കുറവാണ് സൂചിപ്പിക്കുന്നത്. അതേസമയം കാൽസ്യത്തിന്റെ അമിതത്ത്വം മാനസികമായ വിഭ്രാന്തിക്കും മാനസിക മാന്ദ്യത്തിന്നും വഴിവെക്കും.

ഒരു കോശത്തിനകത്തെ ജീവനുള്ള പ്രോട്ടോപ്ലാസം (ജീവദ്രവ്യം) ആവരണം ചെയ്തിരിക്കുന്ന് കട്ടിയായ ഒരു സ്തരം കൊണ്ടാണ്. ആ ആവരണത്തിലെ കാൽസ്യത്തിന്റെ അപര്യാപ്തത അതിന്റെ ദൃഢത ഇല്ലാതാക്കും. തുടർന്ന് കോശത്തെ ദുർബ

ലമാക്കുകയും ചെയ്യും. കോശസ്തരം ദുർബലമാകുന്നത് കാരണം കോശദ്രവ്യം പുറമേക്ക് വീർത്ത് നിൽക്കും. മനുഷ്യനെ സംബന്ധിച്ചിടത്തോളം കാൽസ്യത്തിന്റെ ആഗിരണം അത് എന്ത് ഭക്ഷിക്കുന്നു എവിടെ ജീവിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. അതിനാൽ കാൽസ്യം ആഗിരണത്തിലെ എന്തെങ്കിലും കുറവോ ആധിക്യമോ ആ ആളിനെ രോഗത്തിന്ന് വിധേയമാക്കുന്നു. അസ്ഥികോശത്തിലെയും രക്തക്കുഴലിലേയും കാൽസ്യത്തിന്റെ അസന്തുലിതത്ത്വവും താഴെക്കാണുന്ന തകരാറുകൾക്ക് കാരണമാകുന്നു.

•വാസോഡിലേഷൻ (Vasodilation-വാഹിനി വികാസം) രക്ത സമ്മർദ്ദം കുറയാൻ കാരണമാകും.

•ഹൃദയ പേശികളുടെ സങ്കോചം കുറക്കും.

•കോശകലകൾക്കുണ്ടാകുന്ന മാറ്റം കണരോഗ(Rickets) ത്തിന്ന് കാരണമാകും

•മാരകമായ ഓസ്റ്റിയോ ആർത്രൈറ്റസിന് (Osteoarthritis) കാരണമാകും. കാൽസ്യയത്തിന്റെ അനുപാതം തകരാറിലാവുന്ന ഒരു അസ്ഥിരോഗമാണിത്. നെഞ്ച് വേദനയും ഇത് കൊണ്ടുണ്ടാകും. കാൽസ്യം ലെവൽ കുറഞ്ഞുപോയാൽ രക്തസമ്മർദ്ദം കുറയുകയും അത് മസ്തിഷ്ക്ക കോശങ്ങൾക്കും മറ്റു കോശകലകൾക്കും സ്ഥിരമായ ആഘാതം ഏൽപ്പിക്കുകയും ചെയ്യും.

ദൈവം മനുഷ്യന്റെ ശരീരത്തിലെ കാൽസ്യം സന്തുലനം നിലനിർത്താൻ യഥാക്രമം മറ്റൊരു സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാൽസ്യത്തിന്റെ അതിലോലമായ സന്തുലനം നിലനിർത്താൻ ചുമതലയുള്ള നിരവധി സങ്കീർണ്ണമായ ഘടകങ്ങളുണ്ട്. അവ തമ്മിൽ പരസ്പരം സങ്കീർണ്ണമായി ബന്ധപ്പെട്ടതാണ്. പരസ്പരം ബന്ധപ്പെട്ടതും ഗുണദോഷിക്കുന്നതുമായ സംവിധാനത്തെ സൂറ: അശ്ശംസിലെ 9-ാം വചനത്തിലെ* *തഖ്‌വ* എന്ന പദവുമായി ബന്ധപ്പെടുത്താവുന്നതാണ്. ഈ പരിപ്രേക്ഷ്യത്തിൽ അതിന്റെ അർത്ഥം ഇങ്ങനെയാവാം. 'നാം ജീവന്റെ നിർമ്മാണ സാമഗ്രികളിലേക്ക് കണക്ക് കൂട്ടി നോക്കി. അപകട മേഖലകളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒഴിവാക്കേണ്ടതുണ്ട്. അതുപോലെ എങ്ങനെ അവ ഒഴിവാക്കണം എന്ന വിശദമായ നിർദ്ദേശവും ന

ൽകപ്പെടണം.' കാൽസ്യം സന്തുലനത്തിന്നും സദാസമയവും സുരക്ഷ ഉറപ്പാക്കിയുള്ള ആന്തരികമായ നിരവധി ക്രമീകരണ സംവിധാനങ്ങൾ അതിന്ന് മുകളിലുണ്ട്. പരിഹാരക്രിയകൾക്ക് വേണ്ട വിളിക്ക് കാതോർത്ത് അവ നിൽക്കുന്നു. പരിഹാരത്തിന്നായി എന്തെങ്കിലും വിളി വന്നാൽ ഉടൻ പ്രതികരിച്ച് വേണ്ട പരിഹാര ക്രിയകൾ ചെയ്യാനായി സർവ്വ സജ്ജീകരണത്തോടെയുള്ള ഗ്രന്ഥി വ്യവസ്ഥ സംവിധാനവുമുണ്ട്.

രക്തത്തിന്നും മൃദുകലകൾക്കും (Soft Tissues) വേണ്ടി ഒരു ചെറിയ അളവ് കാൽസ്യം മാത്രമേ ആവശ്യമായുള്ളൂ. ബാക്കി കാൽസ്യം മുഴുവൻ എല്ലുകളിലും പല്ലുകളിലും ശേഖരിച്ചു വെച്ചിരിക്കയാണ്. രക്തത്തിൽ കാൽസ്യത്തിന്റെ കുറവുണ്ടെങ്കിൽ എല്ലിലെ കാൽസ്യം ശേഖരത്തിൽ നിന്നും ആ കുറവ് നികത്തപ്പെടും. കാൽസ്യം വിതരണം മൂലമുണ്ടാകുന്ന കുറവ് നികത്താൻ ശരീരം ഭക്ഷണത്തിൽ നിന്നും യഥാക്രമം അത് ആഗിരണം ചെയ്തു നികത്തും. ഭക്ഷണം കഴിക്കുന്നത് കുറവാണെങ്കിൽ അതിന്നർത്ഥം ആഗിരണം കൂടുതലാണ് എന്നാണ്. കൂടുതൽ ഭക്ഷണം കഴിച്ചാൽ അധികം വരുന്ന കാൽസ്യം പരമാവധി അളവ് എത്തുന്നത് വരെ എല്ലുകളിൽ ശേഖരിച്ചു വെക്കുന്നു. പിന്നെ വയറിൽ നിന്നുള്ള ആഗിരണത്തിന്റെ അളവ് കുറക്കുകയും ചെയ്യുന്നു. കാൽസ്യത്തിന്റെ ആഗിരണം വിറ്റാമിൻ ഡി യുടെ സാന്നിധ്യം വർദ്ധിപ്പിക്കുന്നു. ഉഷ്ണമേഖലാ രാജ്യങ്ങളിൽ ഭക്ഷണത്തിൽ കാൽസ്യം കുറവാണെങ്കിൽ പോലും ശരീരത്തിന്ന് സൂര്യപ്രകാശത്തിൽ നിന്നും കൂടുതൽ വിറ്റാമിൻ ഡി ലഭിക്കുമെന്നതിനാൽ ഇവിടങ്ങളിൽ കാൽസ്യം ആഗിരണം വളരെ ഫലപ്രദമായി നടക്കും.

കാൽസ്യം സന്തുലനം പാരാത്രോയ്ഡ് ഗ്രന്ഥികൾ (Parath yroid Glands) ഉൽപാദിപ്പിക്കുന്ന പാരാതോർമോൺ (Parathor mone) എന്ന ഹോർമോണിന്റെ നിയന്ത്രണത്തിലാണ്. ഈ പ്രവർത്തനം വിറ്റാമിൻ ഡി യുമായി ചേരുമ്പോൾ ശരീരത്തിന്ന് വേണ്ട കാൽസ്യം ആഗിരണവുമായി അത് ഒത്തുപോകുന്നു. കാൽസ്യം സന്തുലനം നിർവ്വഹിക്കുന്ന മറ്റൊരു ഹോർമോണാണ് കാൽസിട്ടോൺ. (Calciton) രക്തത്തിൽ കൂടുതൽ കാൽസ്യം

ഉണ്ടെങ്കിൽ കൽസിട്ടോൺ അത് എല്ലിലേക്ക് തിരിച്ചെടുക്കുകയും ഏറെക്കുറെ കുടലിൽ നിന്നുള്ള കാൽസ്യം ആഗിരണം കുറക്കുകയും ചെയ്യുന്നു.

## സോഡിയവും പൊട്ടാസിയവും

മറ്റൊരു വീക്ഷണകോണിൽ നിന്നുകൊണ്ട് ഫുജൂറ് (അധാർമികത), തഖ്‌വ (സാത്വികത) എന്നീ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ നമുക്ക് വിശദീകരിക്കാം. സോഡിയം, പൊട്ടാസിയം എന്നത് ജീവന്റെ പരിപാലനത്തിന്ന് ഏറ്റവും ആവശ്യമായ രണ്ട് ഘടകമാണ്. ഇവ രണ്ടിനുമിടയിൽ ഒരു സന്തുലനം പാലിക്കേണ്ടിയിരിക്കുന്നു. അതായത് ആവശ്യ മായ സോഡിയം-പൊട്ടാസിയത്തിന്റെ അനുപാതം ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്തമാണ്. ഉദാഹരണത്തിന്ന് എല്ലിനും മാംസത്തിനും സോഡിയത്തെക്കാൾ കൂടുതൽ പൊട്ടാസിയം ആവശ്യമാണ്. എന്നാൽ രക്തകോശങ്ങൾക്ക് പൊട്ടാസിയത്തേക്കാൾ സോഡിയമാണ് ആവശ്യം. ഈ രണ്ട് ലവണങ്ങൾ തമ്മിലുള്ള അസന്തുലിതത്വം അപകടകരമായ അനന്തര ഫലങ്ങളിലേക്ക് നയിക്കും. ഈ രണ്ട് രാസവസ്തുക്കളുടെ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സന്തുലനം യാദൃച്ഛികമല്ല. എന്നാൽ അതൊരു സുസംഘടിതമായ ആസൂത്രണ പദ്ധതിയുടെ ഭാഗമാണ്.

അത്പോലെ നാഡീവ്യവസ്ഥയുടെ ആരോഗ്യം സോഡിയത്തെയും പൊട്ടാസിയത്തെയും ആശ്രയിച്ചിരിക്കുന്നു. എന്നാൽ ഓരോ രാസവസ്തുവിനും വേണ്ടിയുള്ള ആവശ്യങ്ങൾ സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. ഒരു നാഡീകോശത്തിൽ നിന്നും മറ്റൊരു നാഡീകോശത്തിലേക്ക് കണ്ണികളിലൂടെയാണ് സന്ദേശം കൈമാറ്റം ചെയ്യപ്പെടുക. ശരീരത്തിന്റെ ഏതൊരു സ്ഥലത്താണോ അത് പ്രക്ഷേപിക്കപ്പെടാൻ ഉദ്ദേശിക്കപ്പെട്ടത് അവിടേക്ക് അത് അവസാനമായി എത്തേണ്ടതുണ്ട്. ഒരു നാഡീകോശത്തിൽ നിന്നും സന്ദേശങ്ങൾ മറ്റൊരു നാഡീകോശത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ സോഡിയം കോശത്തിലേക്ക് ഒഴുകുകയും പൊട്ടാസിയം പുറത്തേക്ക് പോകുകയും ചെയ്യുന്നു. അതിന്ന് ശേഷം ഈ പ്രവർത്തനം ഉടൻ തന്നെ വിപരീത ദിശയിൽ പോവാതിരിക്കുകയും പൊട്ടാസിയത്തെ മറ്റൊരിടത്തേക്ക് മാറ്റി സാധാരണ നില കൈവരിച്ചി

ല്ലെങ്കിൽ പെട്ടെന്ന് തന്നെ മരണം സംഭവിക്കും.

ഇതിൽ നിന്നും നമുക്ക് ഖുർആനിലെ ***ഫസവ്വാക്ക ഫ അദലക്ക** (സൂറ: അൽ ഇൻഫിതാർ 82:8) എന്ന പ്രതിപാദനത്തിന്റെ അർത്ഥം നിഗമിച്ചെടുക്കാം. നമ്മുടെ ശരീരത്തിൽ നിലനിൽക്കുന്ന സമഗ്ര സങ്കീർണ്ണമായ സന്തുലന പ്രവർത്തനവും പ്രതിസന്തുലന പ്രവർത്തനവും ഈ സംഗ്രഹിത ഖുർആനിക ശൈലിയിൽ സംക്ഷേപിച്ചിരിക്കുന്നു.

## കോശ വിഭജനം

കോശ വിഭജന പ്രക്രിയ വളരെ കൗതുകകരമായ ഒന്നാണ്. എല്ലാ ഓരോ ഏഴു വർഷം കൂടുമ്പോഴും അതിസങ്കീർണ്ണമായ അപചയ പ്രവർത്തനത്തിന്ന് (Catabolism) കീഴിൽ ശരീരത്തിലെ ഓരോ കോശവും പുന:സ്ഥാപിക്കപ്പെടുന്നു. അപചയ പ്രവർത്തനം എന്നത് കോശങ്ങൾ നിരന്തരമായി ഉപഭോഗിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യുന്ന പ്രവർത്തമാണ്. നമ്മുടെ ശരീരപ്രകൃതിക്ക് പൊടുന്നനെ ഒരു മാറ്റം സംഭവിക്കാത്തതിനാൽ നാം അതിനെപ്പറ്റി ശ്രദ്ധിക്കാറില്ല.

സമയക്രമമനുസരിച്ച് ഒരാൾക്ക് അയാളുടെ ആരോഗ്യം മെച്ചപ്പെടുത്താനും ശരീരഭാരം നിലനിർത്താനും സാധ്യമാവും. അല്ലെങ്കിൽ ശരീരശോഷണം സംഭവിക്കുകയോ മെലിയുകയോ ചെയ്യും. എന്നാൽ അയാളുടെ ശരീര വ്യക്തിത്വം അതേപടി നിലനിൽക്കുന്നു. അപചയ പ്രവർത്തനത്തിൽ നശിപ്പിക്കപ്പെടുന്ന കോശങ്ങൾ പഴയതിന്റെ സ്ഥാനത്ത് പുന:സ്ഥാപിക്കപ്പെടുന്നു. ഓരോ പുതിയ കോശവും അതിന്റെ പൂർവ്വ കോശത്തിന്റെ അതേ രൂപത്തിലാണ് ജനിക്കുന്നത്.

ഇത് വിശദീകരിക്കാൻ ഒരു പക്ഷേ നമുക്കറിയുന്ന ഏറ്റവും സാമാന്യമായ ഉദാഹരണം നമ്മുടെ വിരലടയാളമാണ്. ഒരു നവജാത ശിശുവിന്റെ വിരലടയാളത്തിന്റെ സങ്കീർണ്ണമായ രൂപരേഖാഘടന വാർദ്ധക്യത്തിലെത്തുന്നത്വരെ യാതൊരു മാറ്റവും സംഭവിക്കാതെ അതേപടി നില നിൽക്കുന്നു.

---

✸ **ഫസവ്വാക്ക ഫ അദലക്ക**: തികവുറ്റ സന്തുലനം പാലിക്കുന്നത് വരെ നിന്നെ അനുപാതം ശരിപ്പെടുത്തി അന്യൂനമാക്കുകയും ചെയ്തു, നിന്നെ രൂപപ്പെടുത്തുകയും (നിന്റെ ആന്തരിക ശക്തി കളെകുറിച്ച്) നിന്റെ പ്രകൃതിയിൽ നല്ലത് പോലെ തുലനപ്പെടുത്തുകയും ചെയ്തു. സൂറ: അൽ ഇൻ ഫിതാർ 82: 8) ( ഗ്രന്ഥ കർത്താ)

ഈ സംവിധാനം *അദ്ൽ* (കേവല നീതി)മായി ബന്ധപ്പെട്ട് മനുഷ്യശരീരത്തിൽ നിലനിൽക്കുന്നു. ശരീരാവയവങ്ങൾക്ക് നിരന്തരമായ കേടുപാടുകൾ തീർക്കേണ്ടതുണ്ട്. എല്ലാ അവയവങ്ങളും അവയുടെ പ്രവർത്തന പ്രക്രിയകൾക്കനുസരിച്ച് കോശങ്ങൾ നഷ്ടപ്പെടുകയും അതിന്റെ മുറക്ക് അവ പുന:സ്ഥാപിക്കപ്പെടുകയും ചെയ്തില്ലെങ്കിൽ അവയവങ്ങളുടെ വലുപ്പം കുറഞ്ഞു പോവും. കോശങ്ങൾ നഷ്ടപ്പെടുന്നതിനേക്കൾ അധികമാണ് അവ വിതരണം ചെയ്യപ്പെടുന്നതെങ്കിൽ അവയവത്തിന്റെ വളർച്ച അവ രൂപകൽപ്പന ചെയ്യപ്പെട്ട വലുപ്പത്തേക്കാൾ തുടർന്നുകൊണ്ടേയിരിക്കും. മറിച്ച് ആവശ്യമുള്ളതിനേക്കാൾ കുറവാണെങ്കിൽ അവയവം സങ്കോചിക്കുകയും ചെയ്യും.

ഉപഭോഗിച്ചു കഴിഞ്ഞ കോശത്തിന്റെ നഷ്ടത്തിന്നനുസരിച്ച് കൃത്യമായി കോശങ്ങൾ പുനർവിരണം ചെയ്യപ്പെടുന്നില്ലെങ്കിൽ ഒരു അസന്തുലിതത്ത്വം ആവിർഭവിക്കും. ഈ തത്ത്വം ഏതൊരു അവയവത്തിലും പ്രയോഗിച്ചാൽ അതിന്റെ ആതുരപൂർണ്ണമായ അനന്തര ഫലം ഗ്രഹിക്കാനാവും. ഉദാഹരണത്തിന് നമ്മുടെ നേത്രഗോളമെടുക്കാം. ദൈനംദിനജീവിതത്തിൽ നാം കണ്ണിനെ ഉപയോഗിക്കുമ്പോൾ കണ്ണിന്റെ എല്ലാ ജീവകോശങ്ങളേയും നാം ഉപയോഗിക്കുന്നു. ഉപഭോഗത്തേക്കാൾ കൂടിയ നിരക്കിലാണ് കണ്ണ് കോശങ്ങളുടെ പുന:സ്ഥാപനം നടക്കുന്നതെങ്കിൽ കണ്ണ് ഗോളം അതിന്റെ സോക്കറ്റിൽ നിന്നും പുറത്തേക്ക് വളരും. സന്തുലനം മറുഭാഗത്തേക്കാണ് ചായുന്നതെങ്കിൽ നേത്രഗോളത്തിന്റെ വലുപ്പം കുറയും. അത് ഒരു ബിന്ദുവായി ചുരുങ്ങുന്നതുവരെ ഈ സങ്കോച പ്രക്രിയ തുടരും.

ചുരുക്കിപ്പറഞ്ഞാൽ ജീവനുള്ള ഏതൊരു അവയവത്തിന്റെയും സന്തുലന വ്യവസ്ഥക്ക് തകരാറ് സംഭവിച്ചാൽ അത് അനുപാതത്തിന്റെ പരിധിവിട്ട് വളരുകയോ ചുരുങ്ങി ഇല്ലാതാവുകയോ ചെയ്യും.

## പ്രാണിലോകത്തേക്ക് ഒരു ഉൾക്കാഴ്ച്ച

നാം ഇത്വരെ ചില ഉയർന്നതരം ജീവികളെ കുറിച്ചും മനുഷ്യരെ കുറിച്ചും ചർച്ച ചെയ്തു കഴിഞ്ഞു. നാം ഓർക്കേണ്ട കാര്യം ഈ സന്തുലന വ്യവസ്ഥ എല്ലാ ജീവിരൂപങ്ങളേയും

ചൂഴ്ന്നു നിൽക്കുന്നു എന്നതാണ്. ജീവൽ പ്രക്രിയയുടെ പ്രവർ ത്തനത്തിൽ നീതിയുടെ പ്രയോഗം എന്നത് എല്ലാം തന്നെ അതിന്റെ നിർമ്മാണ ഘടനയുടെ അഭികൽപ്പിതമായ പരിധി ക്കുള്ളിൽ നിൽക്കുക എന്നാണ്. അത് അതിലംഘിക്കാൻ പാടില്ല.

പ്രാണിലോകത്ത് ഇത് പ്രയുക്തമാക്കുമ്പോൾ ഈ നിയ ന്ത്രണ സംവിധാനം വളരെ അനിവാര്യമാണ്. ഓരോ പ്രാണി ക്കും മുൻകൂട്ടി നിർണ്ണിതമായ തലങ്ങളുണ്ട്. നിരന്തരം കർശ നമായ നിയന്ത്രണങ്ങളില്ലെങ്കിൽ ഊഹാതീതമായ രീതിയിൽ പ്രാണികൾ അവയുടെ ജീവൻ നിലനിർത്താനാവശ്യമായ ചില ഭക്ഷണവസ്തുക്കൾ ആഹരിക്കുന്നു. പ്രകൃതിനിയമങ്ങ ളിലൂടെ അത് നിയന്ത്രിക്കപ്പെട്ടില്ലെങ്കിൽ ഭൂമിയുടെ ഒരറ്റം മു തൽ മറ്റെ അറ്റം വരെ നിറയുമാറ് അവയുടെ എണ്ണം ഭീമാകാര മായി വർദ്ധിക്കുകയും ചെയ്യുമായിരുന്നു. എന്തുകൊണ്ടാണ് ഒരു ഘട്ടമെത്തുമ്പോൾ അവയുടെ വളർച്ച നിലക്കുന്നത്.? ഏത് ശക്തിയാണ് അവയുടെ വളർച്ച ഒരു പരിധിയിൽ ചുരു ക്കി നിർത്തുന്നത്? ഈ ചോദ്യങ്ങൾക്ക് ഇത് വരെ തൃപ്തി കരമായ ഉത്തരം ലഭിച്ചിട്ടില്ല. അവയെ പരിധിയില്ലാതെ വള രാൻ അനുവദിച്ചാൽ അത് ഒരു കാരുണ്യത്തിന്റെ പ്രവൃത്തി യായി കാണപ്പെടും. പക്ഷേ അതിന്ന് കൊടുക്കുന്ന വില എന്താ കും? മറ്റെല്ലാ ജീവജാലങ്ങളേയും അതിന്ന് വേണ്ടി ബലികഴി ക്കേണ്ടി വരും.

മനുഷ്യന്റെ സാങ്കേതിക ഭാഷയിൽ സന്തുലനം അഥവാ കേവലനീതി എന്നത് സ്വയം യാന്ത്രികമായി പാലിക്കപ്പെടേണ്ട ഒന്നല്ല. അതായത് സ്വയം നിയന്ത്രിക്കപ്പെടേണ്ടതല്ല. അത് ചില ശക്തികൾ കടിഞ്ഞാണിട്ട് നിയന്ത്രിക്കേണ്ട ഒന്നാണ്. ഇതിന്ന് മുൻപ് നാം ശരീരത്തിന്നകത്തുള്ള അവയവങ്ങളുടെ വളർച്ചയെ സംബന്ധിച്ച് പ്രതിപാദിച്ചിരുന്നു. മേൽ പറഞ്ഞ മൃഗങ്ങളിലെ പല്ല്, നേത്രഗോളം മുതലായവ നിയന്ത്രിക്കുന്ന മെക്കാനി സത്തെ കുറിച്ച് ചർച്ച ചെയ്തിരുന്നു. ഇത് എല്ലാ ജീവിവർഗ്ഗ ങ്ങൾക്കും ബാധകമായിട്ടുള്ളതാണ്.

അഹോ കഷ്ടം മനുഷ്യൻ നന്ദികെട്ടവനാണ്. ധിഷണാ ശാലിയായിട്ടും അവൻ ചിന്താശൂന്യനായി കാണപ്പെടുന്നു. പ്രപ ഞ്ചത്തിലെ ഓരോ കണവും സർവ്വശക്തനായ ദൈവത്തിന്റെ

അസ്തിത്വത്തിന്ന് സാക്ഷ്യം വഹിച്ചിട്ടും അവൻ നന്ദി കാണിക്കുന്നില്ല.

## രോഗവും അസന്തുലിതത്ത്വവും

മനുഷ്യൻ അവന്റെ യഥാർത്ഥ മൂല്യത്തെപറ്റി പരിചിന്തനം ചെയ് തിരുന്നുവെങ്കിൽ അവൻ കൈക്കുമ്പിളോളം വരുന്ന വെറും പൊടികണങ്ങളല്ലാതെ മറ്റൊന്നുമല്ല എന്ന് കാണാം. മനുഷ്യന്റെതായി ഒന്നുമില്ലെന്നിരിക്കെ അവൻ അഹങ്കരിക്കുന്നതെല്ലാം മിഥ്യാഭിമാനം മാത്രമാണ്. എല്ലാം അല്ലാഹുവിന്റെതാണ്. മനുഷ്യന്ന് തികവുറ്റ ഒരു ശരീരമാണ് നൽകപ്പെട്ടത്. എന്നാൽ ആരോഗ്യമുള്ളപ്പോൾ സന്തുലനാത്മകമായ അതിബൃഹത്തായ ഒരു സങ്കീർണ്ണ വ്യവസ്ഥയെ ആശ്രയിച്ചാണ് അവൻ ജീവിക്കുന്നത് എന്ന യാഥാർത്ഥ്യം അവൻ ഗ്രഹിക്കാതെ പോകുന്നു. മനുഷ്യൻ രോഗാതുരനായി അവന്റെ അസ്വസ്ഥതകളും വേദനയും യാതനയമെല്ലാം പുറത്തേക്ക് വരുമ്പോൾ അവന്റെ ബലഹീനത മനുഷ്യൻ സ്വയം മനസ്സിലാക്കുന്നു. അതുമുതൽ അവൻ ദൈവത്തിന്റെ വെറും ആശ്രിതനാണെന്ന ബോധം അവനിൽ ഉദിക്കുന്നു. നാനാഭാഗത്ത് നിന്നും അവനെ വലയം ചെയ്യപ്പെട്ടിരിക്കുന്ന ആതുരതമായ എണ്ണമറ്റ ചുറ്റുപാടുകളിൽ നിന്ന് ദൈവമാണ് മനുഷ്യനെ രോഗിയാവാതെ തടഞ്ഞു നിർത്തുന്നത്. നിരന്തരം നിരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ആന്തരിക നിർമ്മിതമായ പ്രതിരോധ സംവിധാനം വഴി അവൻ സംരക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇവിടെ ഊന്നിപ്പറയാനുദ്ദേശിക്കുന്ന വസ്തുത ശരീരത്തിന്റെ ചെറിയതും നിസ്സാരവുമായ ഒരു ഭാഗത്തിന്ന് അസുഖം വന്നാൽ പോലും ബാക്കി ഭാഗങ്ങൾ പൂർണ്ണ ആരോഗ്യത്തോടുകൂടിയിരിക്കുകയാണെങ്കിലും അതിന്റെ സാകല്യത്തിൽ അയാൾ അത് സഹിക്കുന്നു. വിരലിന്റെ അറ്റത്ത് ഒരു ചെറിയ വ്രണം, പല്ല്വേദന, കൺപോളയിൽ ഒരു പഴുപ്പ് എന്നിവ വന്നെന്നിരിക്കട്ടെ. ഒരാൾക്ക് അത് തീവ്രമായി അനുഭവപ്പെടുന്നു. അത്തരം രോഗങ്ങളുണ്ടാക്കുന്ന പരിമിതമായ വേദനയിൽ നിന്നുപോലും രക്ഷപ്പെടാൻ മനുഷ്യൻ വളരെയധികം വിഷമിക്കുന്നത് നമുക്കറിയാം. മസ്തിഷ്ക്കത്തിൽ ഒരു ഗ്രന്ഥിക്ക് വീക്കം വന്നാൽ ആ വ്യക്തിയെ അത് ഒരു അപസ്മാരരോഗിയാക്കും. ആ യാത

നകൾ അയാൾക്ക് മാത്രമല്ല ആ വ്യക്തിയുടെ കുടുംബത്തിൽ പെട്ടവർക്കും സുഹൃത്തുക്കൾക്കും എല്ലാവർക്കും വേദനയുണ്ടാക്കുന്നു. അത്തരം രോഗാവസ്ഥയിൽ മാത്രമേ ദൈവത്തിന്റെ അഗാധമായ ഔദാര്യങ്ങളെപറ്റി നമുക്ക് പൂർണ്ണമായും മനസ്സിലാക്കാൻ സാധിക്കൂ. ഈ ഔദാര്യങ്ങളാകട്ടെ എല്ലാ ജീവികളിലും നിരന്തരമായി വർഷിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ അനുഗ്രഹങ്ങളെ സംബന്ധിച്ച ബോധമാണ് ചിന്തിക്കുന്ന മനുഷ്യനിൽ നന്ദിഭാവം ജനിപ്പിക്കുന്നത്.

അന്തിമ വിശകലനത്തിൽ രോഗം എന്നത് സന്തുലനത്തിൽ അതായത് നീതി പാലനത്തിൽ ഉണ്ടാകുന്ന കുഴപ്പം അല്ലാതെ മറ്റൊന്നുമല്ല. രോഗബാധിതരായപ്പോൾ ചരിത്രത്തിൽ പല തവണ ഉന്നതമായ ഖ്യാതി നേടിയ മഹാന്മാരായ പലരും സഹായം അർത്ഥിക്കുന്ന വിധം രോഗത്തിന്ന് മുമ്പിൽ എല്ലാ പ്രതാപങ്ങളും നഷ്ടപ്പെട്ട് ഹീനമായി തലകുനിച്ച് യാതൊരു അധികാരവുമില്ലാത്ത അവരുടെ സഹായികളിൽ നിന്നും സഹായം സ്വീകരിക്കും വിധം നമ്രശിരസ്ക്കരായിട്ടുണ്ട്. ഉഗ്രപ്രതാപികളായി വിലസിയ സാമ്രാട്ടുകൾക്ക് ശരീരചലനങ്ങളെ അസാധ്യമാക്കും വിധം രോഗ ബാധയുണ്ടായപ്പോൾ അവരുടെ ഏറ്റവും താഴ്ന്ന അടിമകളേക്കാൾ വളരെ ചെറിയവരും എളിയവരുമായി അവർ കാണപ്പെടുകയുണ്ടായി. അവരുടെ അടിമത്തം പ്രതാപികളായ യജമാനന്മാരുടെ പരമാധികാരത്തിന്ന് പകരമായി കൈമാറാനാകുമായിരുന്നില്ല.

ജൂലിയസ് സീസർ* അത്തരത്തിലുള്ള ഒരാളായിരുന്നു. ഒരിക്കൽ രാജകീയ പ്രതാപത്തിന്റെയും വാഗ്മിതയുടെയും ആവേശോജ്ജ്വലമായ നിമിഷത്തിൽ അദ്ദേഹം അപസ്മാര രോഗത്തിന്റെ നിശിതമായ ആക്രമണത്തിന്ന് വിധേയമാവുകയുണ്ടായി. വേദന

✷ **ജൂലിയസ് സീസർ**: ബി സി 49 മുതൽ ബി സി 44 വരെ റോമൻ റിപ്പബ്ലിക്കിനെ സാമ്രാജ്യമാക്കി വികസിപ്പിച്ച ഉജ്ജ്വലനായ പടനായകനും ഭരണാധികാരിയുമായിരുന്നു സീസർ. റോമൻ സെനറ്റിലെ **പ്രഭുക്കന്മാർ അദ്ദേഹത്തെ വധിക്കുകയാണുണ്ടായത്. ഇംഗ്ലീഷ് സാഹിത്യത്തിലെ മഹാനായ നാടകകൃത്ത് വില്യം ഷേക്സ്പിയർ എ ഡി 1599 ൽ ഈ ചരിത്ര സംഭവമാണ് 'ജൂലിയസ് സീസർ' എന്ന പേരിൽ ഒരു ദുരന്ത ചരിത്ര നാടകമായി ആവിഷ്കരിച്ചത്. (വിവ:)**

കൊണ്ടും യാതനകൊണ്ടും പുളഞ്ഞ സീസറിന്റെ ഈ രംഗം വിവരിച്ചുകൊണ്ട് ഷേക്സ്പിയർ എഴുതുന്നു:

*അദ്ദേഹത്തിന് അപസ്മാര ബാധയുണ്ടായപ്പോൾ*
*ഞാൻ കൃത്യമായി ഓർക്കുന്നു.*
*എപ്രകാരമാണ് അയാൾ വിറകൊണ്ടതെന്ന്.*
*ഇത് സത്യം, ഈ ദൈവം അന്ന് വിറച്ചു.*
*ചകിത സാന്ദ്രമായ അദ്ദേഹത്തിന്റെ*
*അധരങ്ങൾ വർണ്ണരഹിതമായി.*
*ലോകത്തെ പ്രകമ്പനം കൊള്ളിച്ച ആ ദൃഷ്ടി*
*പ്രക്ഷേപത്തിന്റെ തിളക്കം മങ്ങിപ്പോയി*
(Julius Caesar, Act I, Scene I)

മനുഷ്യന്റെ അഹങ്കാരത്തെ കുറിച്ച് ഇതെല്ലാം നേരിയ ഒരു കാഴ്ച്ചപ്പാട് നൽകുന്നുണ്ട്. രോഗിയായ മനുഷ്യൻ ആരോഗ്യത്തിലേക്ക് തിരിച്ചു വരുന്ന നിമിഷം മുതൽ അവന്റെ ജീവിതത്തെ നിസ്സാരമാക്കിക്കളഞ്ഞ ആ ആതുര നിമിഷങ്ങളെ, അവന്റെ വീഴ്ചകളെ അവൻ വിസ്മരിക്കുന്നു. അവന്റെ പൊങ്ങച്ചത്തിലേക്കുള്ള മടക്കത്തെ കുറിച്ചോർത്ത് അവൻ സമയം നഷ്ടപ്പെടുത്തുന്നുമില്ല.

മനുഷ്യന്റെ അന്തസ്സ് ആകെ കവർന്നെടുക്കപ്പെടുന്നത് പോലെ ആയിത്തീരുന്ന ഒരു രോഗമാണ് അപസ്മാരം. വാസ്തവത്തിൽ നാഡീവ്യവസ്ഥയിലുണ്ടാകുന്ന ചെറിയൊരു അസന്തുലിതാവസ്ഥയാണ് ഇതിന്ന് കാരണം. അപൂർവ്വം ചിലപ്പോൾ നാഡീവ്യവസ്ഥയുടെ ഏത് ഭാഗത്താണ് കുഴപ്പം എന്ന് നിർണ്ണയിക്കാനും സാദ്ധ്യമല്ല.

## കാവൽക്കാരായ മാലാഖമാർ

പുരോഗതിയുടെ വീഥി നിറയെ ചതിക്കുഴികളും അപകടങ്ങളും നിറഞ്ഞതാണ്. മുന്നേറ്റപാതയിലുള്ള ഓരോ ചുവടുവെപ്പും അശ്രദ്ധമായി വെച്ചാൽ നാശത്തിലേക്കായിരിക്കും നയിക്കുക. ജീവിതത്തിന്റേയും മരണത്തിന്റേയും സൂക്ഷ്മമായ പ്രവർത്തനം പോലും പരസ്പരം കൈകോർത്തുകൊണ്ടാണ് പോകുന്നത്. ജീവന്റെ സംരക്ഷണം ഇപ്പോഴും പൂർണ്ണമായി ഗ്രഹിക്കാൻ കഴിയാത്ത അത്യഗാധമായി സംഘടിക്കപ്പെട്ട ഒരു ഘടനാ വിശേ

ഷമാണ്. അതിൽ നമുക്ക് എന്തെല്ലാം ഗ്രഹിക്കാൻ സാധിച്ചുവോ അതെല്ലാം തന്നെ തീർച്ചയായും അത്ഭുത പ്പെടുത്തുന്നതാണ്.

ഇതിനെല്ലാം പിന്നിൽ സ്വയം പ്രവർത്തിക്കുന്ന മെക്കാനിസമാണു ള്ളത്. മതപരമായ ധാരണകൾ പ്രകാരം നമ്മേക്കാൾ വ്യത്യസ്ത മാനങ്ങളുള്ള മലക്കുകൾ എന്നറിയപ്പെടുന്ന അദൃശ്യമായ ചില ബോധാത്മക ശക്തികൾ പ്രവർത്തിക്കുന്നു. സകല പ്രപ ഞ്ചവും പ്രകൃതി നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവർ ത്തിക്കുന്നത്. ആ പ്രപഞ്ചത്തിന്റെ സൂക്ഷ്മമായ കാര്യങ്ങൾ വരെ നിയമം മുഖേന ഭരിക്കുന്നതും പരിപാലിക്കുന്നതും പ്രാവർ ത്തികമാക്കുന്നതും മലക്കുകൾ എന്ന ഈ അദൃശ്യ എജ ന്റുമാരാണ്. അത് തന്നെയാണ് ഇവിടെയും പ്രാവർത്തികമാവു ന്നത് എന്ന് ഒരാൾക്ക് കാണാൻ സാധ്യമാകും. ഉദാഹരണ ത്തിന് സമയക്രമമനുസരിച്ച് പുരോഗമിക്കുന്ന ഏതൊരു ജീവ ഘടകത്തിലും ഈ പ്രവർത്തനങ്ങൾ ദർശിക്കാനാകും. ജീവിവികാ സം മുന്നോട്ട് വെക്കുന്ന ഏതൊരു സൂക്ഷ്മമായ ചുവടുവെപ്പിനു മൊപ്പം മരണത്തിലേക്കുള്ള അപകടകരമായ ഒരു തിരിവ് പാ ശ്വവർത്തിയായി സദാ കൂടെയുണ്ടാവും. ജീവിതത്തിന്റെ ഘടക ങ്ങളെ ജീവന്റെ മാലാഖമാരാണ് ശരിയായ പാതയിലേക്ക് നയി ക്കുന്നത്. പക്ഷേ മരണം വിധിക്കപ്പെട്ട ആ നിമിഷം സമാഗതമാ യാൽ എല്ലാ ചുവടുകളും മരണത്തിലേക്കായിരിക്കും തിരിയുക.

## മനുഷ്യന്റെ അതിലംഘനങ്ങൾ

അനുവാദം നൽകപ്പെടുകയാണെങ്കിൽ മനുഷ്യൻ സകല പ രിധികളും ലംഘിക്കും. പക്ഷേ മനുഷ്യശരീരത്തിൽ പ്രവർ ത്തിക്കുന്ന എണ്ണമറ്റ പണിപ്പുരകളിൽ അവന് കുറഞ്ഞ നിയ ന്ത്രണങ്ങൾ മാത്രമേ ഉള്ളൂ എന്നത് ദൈവത്തിന്റെ മഹത്തായ അനുഗ്രഹമാണ്. മനുഷ്യന്റെ അന്തർഭാഗത്ത് നടക്കുന്നതെന്താണ് എന്നതിനെപ്പറ്റി കുറഞ്ഞ അവബോധം മാത്രമേ അവനുള്ളൂ. മനു ഷ്യന്റെ ആഭ്യന്തര ശാരീരിക പ്രവർത്തന സംവിധാനത്തിൽ കൈകടത്താൻ അവന് സാധ്യമല്ല. ജീവന്റെ ഉടമയുടെ ബോധ പൂർവ്വമായ നിയന്ത്രണങ്ങളൊന്നുമില്ലാതെ വലിയ തോതിലുള്ള നിരവധി ജീവൽ പ്രവർത്തനങ്ങൾ നടക്കുന്നു.

തീർച്ചയായും ചില പ്രത്യേക മേഖലയിൽ മാത്രമേ മനുഷ്യന് അവന്റെ സ്വാധീനം ഉപയോഗിക്കാൻ സാധ്യമാകൂ. ഉദാഹരണ

ത്തിന്, അമിതമായ തീറ്റയും കുടിയും, വിഷയലംബടത്വം, അമിതമായ ജീവിത ശൈലിയിൽ മുഴുകൽ, എന്നീ ചുരുങ്ങിയ മേഖലകളിൽ മാത്രമാണ് മനുഷ്യന് അവന്റെ സ്വതന്ത്രമായ ഇച്ഛാശക്തി പ്രയോഗിക്കാനാവുക. ഈ മേഖലകളിൽ മനുഷ്യൻ നടത്തുന്ന സംഹാര താണ്ഡവം നമുക്ക് നന്നായറിയാം.

മനുഷ്യന്റെ ശരീരത്തിനകത്ത് ഏറ്റവും ഭദ്രമായ ഒരു ആഘാത പരിഹാര സുരക്ഷാസംവിധാനം പ്രവർത്തിക്കുന്നുണ്ടായിട്ടും മനുഷ്യൻ ലഭിക്കുന്ന ലൈസൻസ് അവൻ തനിക്കെതിരെ തന്നെ അമിതത്ത്വം പ്രവർത്തിക്കാനാണ് വിനിയോഗിക്കുന്നത്. ഒരു പരിധിവരെ ഈ സുരക്ഷാസംവിധാനം രൂപകൽപ്പന ചെയ്തത് നിരവധി പിഴവുകളോട് അനുരഞ്ജനപ്പെട്ടുപോവാനാണ്. എന്നാൽ മനുഷ്യൻ എല്ലാ പരിധിയും ലംഘിച്ച് ആത്മഹത്യാപരമായ പിഴവുകൾ തുടരുകയാണെങ്കിൽ ശിക്ഷാ നടപടികളുടെ വ്യവസ്ഥ മേൽകൈനേടും. ആ അവസ്ഥയിലും രോഗവും ആരോഗ്യവും തമ്മിലും മരണവും ജീവിതവും തമ്മിലുമുള്ള പോരാട്ടം ആരംഭിക്കുന്നേയുണ്ടാവൂ. അപ്പോഴും നാശകരമായ ശക്തികൾക്കെതിരെ ആവശ്യമായ ഉപാധികൾ ഓരോ ഘട്ടത്തിലും നൽകപ്പെട്ടുകൊണ്ട് ഈ പോരാട്ടം നീട്ടിക്കൊണ്ടുപോകുകയാണ് ചെയ്യുന്നത്.

വാസ്തവത്തിൽ മതപരമായ സാങ്കേതിക പദങ്ങളിൽനിന്നും നാം മനസ്സിലാക്കിയ ആഭാസത്വവും ലംഘനങ്ങളും ഭൗതിക ലോകത്തും പ്രയോഗ പ്രസക്തിയുള്ള പദങ്ങളാണ്. തീർച്ചയായും ആത്മീയ സ്വഭാവങ്ങളുടെ വിപരീതമായ ഭൗതിക പ്രതിദ്വന്ദങ്ങളിലും ഇതേ മതപരമായ സാങ്കേതിക പദങ്ങൾ തന്നെ പ്രയോഗിക്കണമെന്ന് നാം ഉദ്ദേശിക്കുന്നില്ല. പക്ഷേ ഭൗതിക ലോകത്തും മതപരമായ അതേ സാങ്കേതിക പദങ്ങൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നയത്ര അർത്ഥ സാമ്യതകൾ വളരെ ശക്തമാണ്. എന്നാലും ഒരു കാര്യം നാം മറക്കരുത്; അത്തരം തീവ്രമായ ഘട്ടത്തിൽ പോലും ദൈവത്തിന്റെ ഔദാര്യവും അവന്റെ അപരിമേയമായ കാരുണ്യവും മനുഷ്യന്റെ രക്ഷക്കായി എത്തുകതന്നെ ചെയ്യും.

## അധ്യായം 7

# നീതിയുടെ ലംഘനം

ആരെങ്കിലും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും ധാർമികവുമായ തിന്മകളുടെ കാരണം തുറന്ന മനസ്സോടെ അന്വേഷിക്കുകയാണെങ്കിൽ അനീതിയായിരിക്കും അതിന്റെ മൂലകാരണമെന്ന് അയാൾക്ക് എല്ലായ്പ്പോഴും കണ്ടെത്താനാകും. നീതിയോട് ചേർന്ന് നിൽക്കാത്തിടത്തോളംകാലം ലോകത്തിന് ശാന്തിയുടെ ഒരിടമായിത്തീരാൻ സാധ്യമല്ല. അനീതി, സ്വേച്ഛാധിപത്യം, മർദ്ദനം മുതലായവ സംഭവിക്കുമ്പോൾ തിന്മ പിറക്കുകയും നാശം ആരംഭിക്കുകയും ചെയ്യും.

മനുഷ്യൻ ദൈവത്തോട് അവന്റെ ബാദ്ധ്യതകൾ നിർവഹിക്കുന്നതിൽ നീതി പുലർത്തിയില്ലെങ്കിൽ അവൻ തന്റെ സഹജീവികളോടും നീതി കാണിക്കാൻ സാധ്യതയില്ല. ഒരുകാര്യം ഓർക്കേണ്ടതുണ്ട്. ഒരാൾ സ്വയം തന്നെ ശിക്ഷക്ക് വിധേയമാവുന്ന അനന്തരഫലം അനുഭവിക്കാതെ നീതിയുടെ താൽപര്യങ്ങളെ അവഗണിക്കാൻ ആർക്കും സാധ്യമല്ല. അത്തരം ശിക്ഷകൾ ആകാശത്ത് നിന്നിറങ്ങുന്നത് പോലെയുള്ള ദൈവത്തിന്റെ കോപവുമായി ബന്ധമുള്ളതല്ല. മറിച്ച് പ്രകൃതിനിയമങ്ങളെ ലംഘിക്കുന്നത് മൂലം സ്വാഭാവികമായുണ്ടാകുന്ന അനന്തരഫലമാണ്. യാതൊന്നും തന്നെ പ്രകൃതി നിയമത്തിന്റെ മേഖലക്ക് പുറത്തുള്ള കാര്യമല്ല.

ഇവിടെയും ദൈവത്തിന്റെ കാരുണ്യവും പൊറുമയും ഔദാര്യവുമെല്ലാം പ്രവർത്തനനിരതമാവുന്നതിനാൽ മനുഷ്യൻ അവന്റെ ഓരോ പാപത്തിന്റെ പേരിലും ശിക്ഷിക്കപ്പെടുന്നില്ല. അവന്റെ അതിലംഘനങ്ങൾ ഒരു നിശ്ചിത പരിധി കടക്കുമ്പോൾ ഔദാര്യത്തിന്റെ രക്ഷാകവചം പിൻവലിക്കപ്പെടുകയും അയാൾക്കും ശിക്ഷക്കും നടുവിൽ മറ്റൊന്നിന്നും നിൽക്കാൻ സാധ്യമല്ലാതെ വരികയും ചെയ്യുന്നു. ഇത് വിശുദ്ധ ഖുർആൻ ഇപ്രകാരം വിവരിക്കുന്നു:

وَمَآ اَصَابَكُمْ مِّنْ مُّصِيْبَةٍ فَبِمَا كَسَبَتْ اَيْدِيْكُمْ وَيَعْفُوْا عَنْ كَثِيْرٍ ﴿٣١﴾ وَمَآ اَنْتُمْ بِمُعْجِزِيْنَ فِى الْاَرْضِ ۚ وَمَا لَكُمْ مِّنْ دُوْنِ اللّٰهِ مِنْ وَّلِيٍّ وَّلَا نَصِيْرٍ ﴿٣٢﴾

*ഏതൊരു വിപത്ത് നിങ്ങളെ ബാധിക്കുന്നുവോ അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ്. എന്നാൽ അധികവും അവൻ മാപ്പാക്കുന്നു. നിങ്ങളൊരിക്കലും ഭൂമിയിൽ (അല്ലാഹുവിന്റെ പദ്ധതി) പരാജയപ്പെടുത്തുന്നവരല്ല. അല്ലാഹുവിന്ന് പുറമെ നിങ്ങൾക്ക് വല്ല രക്ഷകനോ സഹായകനോ ഇല്ലതാനും.*
*(സൂറ: അശ്ശൂറ: 42:31–32)*

മറ്റു വാക്കുകളിൽ പറഞ്ഞാൽ മനുഷ്യൻ സ്വയം തന്നെയാണ് അവന്റെ മേൽ നിർഭാഗ്യം കൊണ്ട് വരുന്നത്. എന്നാൽ പലപ്പോഴും ദൈവം മനുഷ്യന്റെ പാപങ്ങൾ പൊറുത്തു തരികയും മനുഷ്യന്റെ സ്വയംകൃത നശീകരണത്തിൽ നിന്നും അവനെ രക്ഷിക്കുകയും ചെയ്യുന്നു. യുദ്ധത്തിന്റെ ചരിത്രം പരിശോധിച്ചാൽ എല്ലാ സമാധാനഭംഗത്തിന്റെയും അടിസ്ഥാന കാരണമായി വർത്തിക്കുന്നത് നീതിതത്ത്വലംഘനങ്ങളാണെന്ന് തീർച്ചയായും കണ്ടെത്താവുന്നതാണ്.

## ത്രിത്വ സിദ്ധാന്തം

ദൈവവുമായി ബന്ധപ്പെടുത്തി പറയുകയാണെങ്കിൽ ക്രിസ്ത്യാനികളുടെ ത്രിത്വസിദ്ധാന്തം മനുഷ്യന്റെ അതിഘോരമായ അനീതിയുടെ ഉചിതമായ ഉദാഹരണമായി കാണാവുന്നതാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

تَكَادُ السَّمٰوٰتُ يَتَفَطَّرْنَ مِنْهُ وَتَنْشَقُّ الْاَرْضُ وَتَخِرُّ الْجِبَالُ هَدًّا ﴿٩١﴾ اَنْ دَعَوْا لِلرَّحْمٰنِ وَلَدًا ﴿٩٢﴾

*അതിനാൽ ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളർന്നു പോകുകയും പർവ്വതങ്ങൾ തകർന്ന് വീഴുകയും ചെയ്തേക്കാം പരമകാരുണികന്ന് ഒരു പുത്രനുണ്ടെന്ന് വാദിച്ച കാരണത്താൽ (സൂറ: മർയം 19: 91–92)*

മനുഷ്യവ്യവഹാരങ്ങളിൽ യുദ്ധത്തിന്റെയും ക്രമരാഹിത്യത്തിന്റെയും കാരണങ്ങളെപ്പറ്റി അഗാധമായി ചിന്തിക്കുകയാണെങ്കിൽ മേൽപറഞ്ഞ ഖുർആനിക പ്രസ്താവനയുടെ ആശയം അവസാനം ഇവിടെ ആരോപിക്കാവുന്നതാണെന്ന് കാണാം. നാം ഇപ്പോൾ അത് വിവരിക്കുമ്പോൾ അതു വ്യക്തമാവും

മേൽ ഖുർആൻ വചനം ഇങ്ങനെ പ്രസ്താവിച്ചിട്ടും ക്രിസ്തുമതത്തിന്റെ ചരിത്രത്തിൽ ക്രിസ്ത്യാനികൾ അവരുടെ വിശ്വാസം കാരണമായി നേരിട്ട് എന്തെങ്കിലും തരത്തിലുള്ള ദൈവകോപത്തിനോ, ദൈവത്തിന്റെ അപ്രീതിക്കോ പാത്രമായി എന്ന് നമുക്ക് കാണാൻ സാധിച്ചിട്ടില്ല. മറിച്ച് ലൗകികാർത്ഥത്തിൽ അവർ അനുഗൃഹീത രാജ്യങ്ങളായി കാണുന്നു. ലോകം മുഴുവനും അവർ ഒന്നിച്ച് ഭരിക്കുന്നു. അക്രൈസ്തവ രാജ്യങ്ങളുടെ ശാക്തിക സന്തുലനം പോലും അവരുടെ കൈകളിലൂടെയാണ് നിയന്ത്രിക്കപ്പെടുന്നത്. അത്കൊണ്ട് അവർ ലോകത്തിന്റെ പരമാധികാരമുള്ള യജമാനന്മാരായി ഗണിക്കപ്പെടുന്നു. കഴിഞ്ഞ ചില ദശാബ്ദങ്ങളിൽ മൂന്നാം ലോക രാജ്യങ്ങളിൽ നിന്നും ക്രമേണ സ്വാതന്ത്ര്യത്തോടുകൂടി ഉയർന്നു വന്ന ചില രാജ്യങ്ങളെ നാം കാണുകയുണ്ടായി. അത്പോലും നിലവിലുള്ള പാശ്ചാത്യ മേൽ ക്കോയ്മയിൽ വളരെ നിസ്സാരമായ മാറ്റങ്ങൾ മാത്രമേ വരുത്തിയിട്ടുള്ളൂ. ഈ വീക്ഷണകോണിൽ നോക്കുമ്പോൾ മേൽ പ്രതിപാദിച്ച ഖുർആനിക പ്രസ്താവനയുടെ യഥാർത്ഥ പ്രാധാന്യം എന്താണ്?

ക്രിസ്തുമതത്തെ പറ്റിയുള്ള പഠനം കാണിക്കുന്നത് യഥാർത്ഥത്തിൽ ദൈവത്തിന്റെ ഏകത്വത്തെ പറ്റിയുള്ള വിശ്വാസമായിരുന്നു ആദിമ ക്രിസ്ത്യാനികൾ അനുവർത്തിച്ചിരുന്നത്. ത്രിത്വ സങ്കൽപ്പവും ദൈവത്തിന് ഒരു പുത്രനുണ്ട് എന്ന സങ്കൽപ്പവും മുഖ്യമായും സെന്റ് പോളിലൂടെ പിന്നീട് കടന്നുകൂടിയതാണ്. അന്ന് മുതൽ ഈ സമസ്യ പല പ്രത്യേക സങ്കൽപ്പങ്ങളായി ക്രിസ്തുമതത്തിൽ ഇതൾ വിരിയുകയുണ്ടായി. വിവിധ ക്രിസ്തീയ വിഭാഗങ്ങൾ വിവിധ വികാസ വീഥികൾ അവലംബിച്ചു. നാലാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഏറ്റവും വലിയ വിഭാഗം ഈ ഒരു പ്രശ്നത്തിൽ മേധാവിത്വം നേടാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഓരോ വിഭാഗവും ത്രിത്വ സങ്കൽപ്പത്തിലും അതിന്റെ അനുബന്ധ സിദ്ധാന്തങ്ങളിലും തങ്ങളാണ് ശരിയായ

പാതയിലെന്ന് വാദിച്ചുകൊണ്ടിരുന്നു. ഇങ്ങനെയാണെങ്കിലും അവരെല്ലാം ഏകദൈവ വിശ്വാസത്തിലാണെന്ന് വാദിച്ചുകൊണ്ടിരുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ അവർ വിശ്വസിച്ചിരുന്ന ഏകദൈവം ഒരുതരത്തിലുള്ള വിഭജിത വ്യക്തിത്വമായിരുന്നു. മുഖ്യമായും ഈ ഒരു സമീപനം കാരണം വിശുദ്ധ ഖുർആൻ അവരെ ബിംബാരാധകർ എന്ന് മുദ്ര കുത്തിയിട്ടില്ല. ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം പ്രബോധിക്കുവാനുള്ള അവകാശം അവർക്ക് തുടർന്നും നൽകുകയുണ്ടായി.

ദൈവത്തിന്റെ ഏകത്വത്തെ പറ്റി അവർ അധരസേവ നടത്തുന്നുണ്ടെങ്കിലും അവരുടെ പ്രവൃത്തി ബിംബാരാധകരുടെത് പോലെയാണ്. ഖുർആനിലെ ഈ പ്രവചന പുലർച്ച ഏത് വിധത്തിലാണ് സംഭവിച്ചതെന്ന ചോദ്യമാണ് ഉയരുന്നത്. ഈ വചനത്തെ സംബന്ധിച്ച ആഴത്തിലുള്ള പഠനം വെളിവാക്കിത്തരുന്നത് ഇത് സംബന്ധിച്ച് ദൈവം ഈ വചനത്തിൽ പ്രകടിപ്പിച്ച അനിഷ്ടം ആഗോളീയമായ ഒരു കുഴപ്പമായിട്ടാണ് പ്രകടമാവുന്നത് എന്നാണ്.

ഇത് സൂചിപ്പിക്കുന്നത് സ്വയം തന്നെ പരസ്പരം ഭിന്നിച്ചു പോകുന്ന അപകടം ക്രിസ്തു മതത്തിന്റെ ഉള്ളിൽ തന്നെ അന്തർലീനമായിട്ടുണ്ട് എന്നാണ്. അതായത് കുറ്റത്തിന്ന് ഉചിതമായ ശിക്ഷയാണ് പ്രതിപാദിച്ചിരിക്കുന്നത്. ത്രിത്വം എന്നത് ദൈവത്തിന്റെ ഏക വ്യക്തിത്വത്തിൽ ഒരു ഭിന്നത സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. അതിന്റെ ഫലമായി ത്രിത്വത്തിൽ വിശ്വസിക്കുന്നവരിൽ തന്നെ ഭിന്നത ഉടലെടുത്തു. ക്രൈസ്തവ രാഷ്ട്രങ്ങളുടെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന കൊളോണിയൽ പോളിസി തന്നെ ഈ സമീപനത്തിന്റെ ഭാഗമായുണ്ടായതാണ്.

നവോത്ഥാനകാല സാഹചര്യത്തെപ്പറ്റി ആലോചിക്കുക. അതായത് യുക്തിയുടെയും താർക്കിക ജ്ഞാനത്തിന്റെയും സത്യാന്വേഷണത്തിന്റേയും ഉത്ഭവം പാശ്ചാത്യ ക്രിസ്തു മതത്തിന്ന് ഒരു പുതിയ ഉച്ഛരാസത്തിന്ന് തുടക്കം കുറിക്കുകയായിരുന്നു. ഈ കാലഘട്ടത്തിൽ ക്രിസ്ത്യൻ മതസിദ്ധാന്തം സംശയിക്കപ്പെടുകയും ചോദ്യം ചെയ്യപ്പെടുകയും മനുഷ്യന്റെ ധിഷണയുമായി അത് സംഘട്ടനത്തിലാവുകയും ചെയ്തു. ഈ ധൈഷണിക വിപ്ലവത്തിന്നെതിരെ ക്രിസ്തുസഭ രൂക്ഷമായി പ്ര

തികരിക്കുകയും അവരുടെ മതസിദ്ധാന്തത്തിന്റെ സാധു തയെ ചോദ്യം ചെയ്തവരെ അപലപിക്കുകയും ശിക്ഷിക്കുകയും ചെയ്തു. ക്രിസ്തുസഭക്കെതിരെ അവർ ഉന്നയിച്ച ചോദ്യങ്ങൾക്ക് തത്ത്വ ചിന്തകന്മാർക്കും ശാസ്ത്രജ്ഞന്മാർക്കും മറുപടി കണ്ടെത്താനായില്ല. അവർ ഒന്നടങ്കം മതത്തിൽ നിന്ന് വിട്ടകലാൻ ആരംഭിച്ചു. അവർ ചർച്ചിനെ സംബന്ധിച്ച് ആകെ നിരാശരായി. ശാസ്ത്രീയ യുക്തിയും മത സിദ്ധാന്തവും തമ്മിലുള്ള വിഭജനം പൂർണ്ണമായി.

ക്രിസ്തുമതം അങ്ങനെ അവഗണയുടെ ഉച്ചകോടിയിൽ തള്ളപ്പെട്ടതിനാൽ യാതൊരു പ്രശ്നവും ഉണ്ടായില്ല. എന്നാൽ യുക്തിജ്ഞാനത്തിന്റേയും ഗവേഷണത്തിന്റേയും വിജ്ഞാനാന്വേഷണത്തിന്റേയും സൂര്യൻ പശ്ചിമ ചക്രവാളത്തിൽ ഉദിച്ചുയരാൻ തുടങ്ങി. അവർ കാര്യങ്ങൾ പൂർണ്ണമായും വ്യത്യസ്തമായ പരിപ്രേക്ഷ്യത്തിൽ കാണാൻ തുടങ്ങി. ഭൂമി സ്ഥിരമായി നിൽക്കുകയല്ലെന്ന് തീർച്ചയായും അവർ തിരിച്ചറിയുകയായിരുന്നു. സൂര്യൻ യേശുവിന്റെ ജന്മഗ്രഹമായ ഭൂമിക്ക് പ്രണാമമർപ്പിച്ച് ചുറ്റും കറങ്ങുകയല്ല എന്ന് അവർ കണ്ടെത്തി. ശാസ്ത്രീയ വിപ്ലവം പ്രപഞ്ച വീക്ഷണം തന്നെ മാറ്റി മറിച്ചു. യേശുവിന്റെ ജന്മഗ്രഹമായ ഭൂമിക്ക് യാതൊരു ബഹുമതിയുമില്ലാതെ അത് സൂര്യനെ ഭ്രമണം ചെയ്യുകയാണെന്ന് അന്തിമമായി അവർ കണ്ടെത്തി.

ക്രിസ്ത്യൻ ബുദ്ധിജീവികൾ പ്രകൃതിയുടെ യാഥാർത്ഥ്യങ്ങൾ ഓരോന്നോരോന്നായി കണ്ടെത്തുകയായിരുന്നു. ക്രിസ്തുസഭക്കെതിരെ ഒരു തുറന്ന കലാപം ഉണ്ടാകുമെന്ന് അവർ ഭയപ്പെട്ടു. അവർ തങ്ങളുടെ ആശങ്കകൾ രഹസ്യത്തിൽ സൂക്ഷിച്ചു. തുടർന്ന് അജ്ഞേയവാദം ജന്മം കൊണ്ടു. പിന്നീട് ദൈവരഹിതമായ തത്ത്വശാസ്ത്രങ്ങളും കമ്മ്യൂണിസവും ഉരുവം കൊണ്ടു. ഇതായിരുന്നു ഇതിന്റെ പ്രത്യക്ഷഫലം.

ത്രിത്വവാദം ക്രിസ്തീയ ലോകത്തെ പരസ്പരം പോരടിക്കുന്ന രണ്ട് കേന്ദ്രങ്ങളായി വീണ്ടും വിഭജിച്ചു. അവരെ അത് കൂടുതൽ അകറ്റുകയും അവരുടെ സമീപനങ്ങൾ പരസ്പരം കഠിനതരമാക്കുകയുമുണ്ടായി. വാസ്തവത്തിൽ പാശ്ചാത്യ ക്രിസ്തീയ ലോകം മാത്രമാണ് രണ്ടായി ധ്രുവീകകരിക്കപ്പെട്ടത്

എന്നിരിക്കെ ലോകം മൊത്തം രണ്ടായി വിഭജിക്കപ്പെട്ടു എന്ന് പ്രസ്താവിക്കുമ്പോൾ ചിലർ നെറ്റി ചുളിച്ചേക്കാം. എന്നാൽ മാനവശക്തി പരിഗണിക്കുമ്പോൾ ഭിന്നിപ്പിന്റെ ഗുരുത്വ കേന്ദ്രം സംയോജിത ക്രിസ്തീയ ശക്തികൾക്കകത്തും കമ്മ്യൂണിസ്റ്റ് ചേരിക്കകത്തുമാണ്. ആ പ്രദേശമാകട്ടെ പഴയ ക്രിസ്തുമതത്തിന്റെ ശക്തി കേന്ദ്രങ്ങളാണ്.

ഈ പരിപ്രേക്ഷ്യത്തിൽ രണ്ട് ലോകമഹായുദ്ധങ്ങളും മനുഷ്യന്റെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായി ബന്ധപ്പെട്ട മാനവീയ ആശയങ്ങളുടെയും ആദർശങ്ങളുടെയും തത്ത്വശാസ്ത്രങ്ങളുടെയും മേൽ വിപുലയായ ഒരു ആഘാതമേൽപ്പിച്ചു എന്നു പറയാൻ സാധിക്കും.

## നീതിലംഘനത്തിന്റെ മുന്നറിയിപ്പ് സംവിധാനം

മനുഷ്യ ശരീരത്തിലെ നിയമലംഘവുമായി ബന്ധപ്പെട്ട കാര്യക്ഷമമായ മുന്നറിയിപ്പ് സംവിധാനത്തെപ്പറ്റി നമുക്ക് പരിശോധിക്കാം.

രോഗത്തിന്റെ നേരിയ ഒരു സൂചന പോലും മനുഷ്യശരീരത്തെ ആകമാനം അസ്വസ്ഥമാക്കും. ബാഹ്യമായി നോക്കുമ്പോൾ നമുക്ക് ഇതൊരു അനാവശ്യമായ തടസ്സമായി തോന്നും. എന്നാൽ യഥാർത്ഥത്തിൽ അതിജീവനത്തിന്നും ജീവന്റെ സുരക്ഷക്കും ഇത് ഏറ്റവും ആവശ്യമാണ്. എല്ലാ ജീവജാലങ്ങളിലും വേദനയുടെ അടയാളം ഉറങ്ങിക്കിടക്കുന്ന ശരീരത്തിന്റെ പ്രതിരോധ സംവിധാനത്തെ ഉണർത്തുന്നു. വേദനയും അസ്വസ്ഥതയും ശരീരത്തിൽ പൊതുവേയുള്ള ഒരു മുന്നറിയിപ്പ് സംവിധാനം മാത്രമല്ല. ആസന്നമായ അപകടം സ്ഥിതി ചെയ്യുന്ന ശരീരത്തിലെ പ്രത്യേക ഭാഗത്തേക്ക് പ്രതിരോധ സംവിധാനത്തെ അവ നയിക്കുകയും ചെയ്യും. അവ അപകടത്തെയും അത് സ്ഥിതിചെയ്യുന്ന സ്ഥലത്തെയും കൃത്യമായി നിർണ്ണയിക്കുന്നു. ആയതിനാൽ പ്രതിരോധ സംവിധാനം ആ ഭീഷണിയെ നേരിടാനുള്ള പ്രതിസംവിധാനം കൃത്യമായ അളവിലും സ്ഥലത്തും സ്വീകരിക്കുന്നു. ജീവന്റെ മുഴുവൻ പ്രതിരോധ സംവിധാനവും വേദനയുള്ള സ്ഥലത്ത് മാത്രമല്ല വ്യക്തിയുടെ ശരീരത്തിൽ ജീവനെ ഭീഷണിപ്പെടുത്തുന്ന എല്ലാ അപകടങ്ങൾക്കെതിരെയും

ജാഗ്രതപ്പെടുന്നു.

അതിന്ന് ശേഷം വളരെ സങ്കീർണ്ണവും കുഴഞ്ഞു മറിഞ്ഞതുമായ പ്രതികരണം ഓരോ ജീവികളിൽ നിന്നുമുള്ള പ്രതിരോധ സംവിധാനത്തിൽ നിന്നും ഉണ്ടാവുന്നു. ഇത് ഒരേ സമയം പ്രതിരോധ ഏജന്റിന്റെ ഉദ്പാദനവും അത് ആവശ്യമായ സ്ഥലത്തേക്ക് വഹിച്ച്കൊണ്ട് പോകുന്നതും ഉറപ്പ് വരുത്തുന്നു.

ഈ മുന്നറിയിപ്പ് സംവിധാനം മറ്റു മൃഗങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രത്യേകമായി നൽകിയിരിക്കുന്നത് മനുഷ്യർക്കാണ്. രോഗത്തെ സംബന്ധിച്ച് ഈ സൂക്ഷ്മ ഗ്രാഹിത്യം ശരീരത്തിന്ന് വേണ്ടി മാത്രമല്ല. മനുഷ്യൻ ധാർമികമായി സ്വയം ജാഗ്രത പാലിക്കാനും അപ്രകാരം ദൈവ ബന്ധത്തിൽ ജാഗ്രത പാലിക്കാനുമാണ് ഈ മുന്നറിയിപ്പ് വ്യവസ്ഥ. അങ്ങനെ ഈ സംവിധാനം മനുഷ്യന്നും ദൈവത്തിന്നും മദ്ധ്യേ ഒരു നിർണ്ണായക പങ്ക് നിർവ്വഹിക്കുകയും ചെയ്യുന്നു.

ഇത്പോലെ മതവും ധാർമിക പ്രവർത്തനവുമായി ബന്ധപ്പെട്ട് മുന്നറിയിപ്പിന്റെയും പ്രതിരോധത്തിന്റേയും ഒരു സംവിധാനം മനുഷ്യനിൽ പ്രവർത്തിക്കുന്നുണ്ട്. വിശുദ്ധ ഖുർആൻ, പ്രവാചകന്മാർ അവരുടെ ശത്രുക്കളുടെ കൈകളാൽ നേരിട്ട പീഡനങ്ങളുമായി ബന്ധപ്പെട്ട് മതങ്ങളുടെ ചരിത്രം വിവരിക്കുന്നുണ്ട്. അത് പല കാലങ്ങളിലായി ധാർമികവും സാമൂഹികവുമായി മനുഷ്യനുണ്ടായ അധ:പതനത്തിന്റെ വിശദാംശങ്ങളാണ് വിവരിക്കുന്നത്. ആസന്നമായ നാശത്തിൽ നിന്നും മനുഷ്യസമൂഹത്തെ രക്ഷിക്കാൻ ദൈവദൂതന്മാർ നിയോഗിതരാവുമ്പോൾ ചിലപ്പോൾ അവർ അതികഠിനമായി എതിർക്കപ്പെടും. പക്ഷേ എതിരാളികൾ അവരുടെ അന്ധമായ എതിർപ്പിന്റെ അനന്തരഫലം അനുഭവിക്കേണ്ടിവന്നു. അവർ അതിവേഗം ഉന്മൂലനം ചെയ്യപ്പെടുകയോ അല്ലെങ്കിൽ സമൂഹജീവിത വേദിയിൽ പ്രസ്താവ്യയോഗ്യരല്ലാത്ത വിധം സുദീർഘമായ കാലം കൊണ്ട് സാവകാശത്തിൽ ശിഥിലീകരിക്കപ്പെട്ട് അപ്രസക്തരാവുകയോ ചെയ്യും.

നീതിയുടെ താൽപര്യം അവഗണിച്ച അത്തരത്തിലുള്ള നിരവധി സംഭവങ്ങൾ വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നുണ്ട്. ഇത് വരാനിരിക്കുന്ന തലമുറകൾക്ക് ഒരു മുന്നറിയിപ്പാണ്.

ഈ മുന്നറിയിപ്പ് സംവിധാനം മനുഷ്യന്റെ മുഴുവൻ വിശ്വാ

സലോകത്തും മതലോകത്തും പരന്നു കിടക്കുന്നു. ഇതിന്റെ സമുന്നത ബിന്ദുവിൽ വിശ്വാസം ദൈവത്തിന്റെ ഏകത്വത്തി ന്നായുള്ള സമർപ്പണമാണെന്ന് സംഗ്രഹിച്ചു പറയാം. ഏറ്റവും താഴ്ന്ന വിതാനത്തിൽ ഒരു അവിശ്വാസിയിൽ നിന്നും ഒരു യഥാർത്ഥ സത്യവിശ്വാസിയെ തിരിച്ചറിയുന്ന ഒരാളുടെ ദൈനം ദിന ജീവിതത്തിന്റെ സ്വഭാവചര്യകളുമാണെന്നും പറയാം.

ദൈനംദിന ജീവിതത്തിന്റെ സ്വഭാവചര്യകളിൽ മനുഷ്യന് അപകടം വരുത്തുന്ന കാര്യങ്ങൾ വർജ്ജിക്കുന്ന സ്വഭാവം വികസിപ്പിച്ചെടുക്കാൻ പരിശുദ്ധ പ്രവാചകൻ(സ) വിശ്വാസി യെ താക്കീത് ചെയ്യുന്നുണ്ട്. ഈ വസ്തുത കൂടുതൽ വിശ ദീകരിച്ചു കൊണ്ട് പരിശുദ്ധ പ്രവാചകൻ(സ) ഒരു വഴിപോക്കന് ഹാനികരമായി ഭവിക്കുന്ന പല കാര്യങ്ങളെ കുറിച്ചും പ്ര തിപാദിക്കുകയുണ്ടായി. പ്രവാചക(സ)ന്റെ താക്കീത് പ്രകാരം ഒരു വിശ്വാസി വഴിപോക്കന് ഹാനിയുണ്ടാക്കുന്ന വിധം ഒരു ആ ണിയോ മുള്ളോ അതുപോലെയുള്ള എന്തെങ്കിലും വസ്തുക്ക ളോ വഴിയിൽ നിന്ന് എടുത്ത് മാറ്റിയില്ലെങ്കിൽ അവന്റെ വിശ്വാ സത്തിൽ അത്രത്തോളം കുറവുണ്ട് എന്ന് കണക്കാക്കാം. ദൈവവഴി അതുപോലെയുള്ള അപകടങ്ങളാൽ നിറഞ്ഞതാണ്. തുടക്കത്തിൽ ചെറുതായിരിക്കും. ക്രമേണയാണ് വലിയ അനുപാതത്തിൽ അപ കടങ്ങളുണ്ടാവുക.

ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ കൗതുകകരമായ മേഖലയാ ണിത്. ഇത് സംബന്ധിച്ചുള്ള വിപുലവും ആഴത്തിലുമുള്ള പഠനം ഇസ്‌ലാമിനെ കുറിച്ച് ഒരാളുടെ പൊതുവായ ധാരണയുടെ ആഴ വും പരപ്പും വർദ്ധിപ്പിക്കും. ഇതേകാര്യം തന്നെ മറ്റൊരവസര ത്തിൽ പരിശുദ്ധ പ്രവാചകൻ(സ) വിശ്വാസികളെ താക്കീത് ചെയ്ത് കൊണ്ട് പറഞ്ഞു: 'മനുഷ്യന് മറ്റുള്ള വസ്തുക്കളിൽ അവകാശങ്ങളുണ്ട്. അതുപോലെ കമ്പോള സ്ഥലങ്ങൾക്കും നിരത്തുകൾക്കും വഴികൾക്കും അവ ഉപയോഗിക്കുന്നവരുടെ മേൽ ചില അവകാശങ്ങളുണ്ട്.' കമ്പോള സ്ഥലത്തിന്റെ അവ കാശം ചൂണ്ടിക്കാട്ടി പ്രവാചകൻ(സ) നമ്മെ ഓർമിപ്പിച്ചു: 'ഒരു ഉദ്ദേശ്യവുമില്ലാതെ വെറുതേ പൊതു ഇടങ്ങളിലും വഴികളിലും നിൽക്കുന്നത് പാടില്ലാത്തതാണ്. അത് സ്വച്ഛന്ദമായ ഗതാഗതത്തെ ബാധിക്കും' അതുപോലെ പീടികകളും മറ്റും വികസിപ്പിക്കാൻ

വേണ്ടി സ്വന്തം അതിര് വിട്ട് അതിക്രമിച്ചു കടക്കരുത്. ഇത് പ്രവാചക(സ)ന്റെ താക്കീതിന്റെ സ്പിരിറ്റിന്നെതിരാണ്. പ്രവാചകൻ(സ) പറഞ്ഞു: 'വിശ്വാസ ത്തിന്ന് എഴുപതോളം വിഭാഗങ്ങളുണ്ട്. അതിലേറ്റവും താഴെയുള്ളത് വഴിയിൽ നിന്നും തടസ്സങ്ങൾ എടുത്തുമാറ്റലാണ്.'

ഭൂമിയിൽ എങ്ങനെയാണ് ഇത് വിശ്വാസത്തിന്റെ ഘടകമായി മാറുന്നത് എന്ന് ഒരാൾ അത്ഭുതപ്പെടുന്നുണ്ടാവില്ലേ? ഈ വിഷയത്തിൽ ഒരു രണ്ടാം വിചാരം നടത്തുകയാണെങ്കിൽ പ്രവാചക(സ)ന്റെ ഈ പ്രസ്താവനയിലടങ്ങിയ വിവേകജ്ഞാനം എളുപ്പത്തിൽ മനസ്സിലാവും. ദൈവത്തിലുള്ള യഥാർത്ഥ വിശ്വാസം ദൈവത്തിൽ നിന്നും വിശ്വാസിക്ക് സുരക്ഷയും സംരക്ഷണവും ആവശ്യമായി വരുന്നു. അത് അയാളുടെ മറ്റു സഹജീവികളിലേക്കും പകരേണ്ടതുണ്ട്. ആരെങ്കിലും മറ്റുള്ളവർക്ക് സുരക്ഷയും സംരക്ഷണവും നൽകുന്ന തന്റെ ഉത്തരവാദിത്വത്തിൽ വീഴ്ച വരുത്തിയെങ്കിൽ അയാൾ തന്റെ വിശ്വാസത്തിൽ വീഴ്ച വരുത്തിയിരിക്കും.

ഇതിൽ നിന്നും വ്യക്തമാവുന്നത് ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ മനുഷ്യന് ആവശ്യമായിവരുന്ന ഏറ്റവും താഴ്ന്ന തലം വരെ എല്ലാത്തിനെയും സ്പർശിക്കുന്നു എന്നാണ്. തീർച്ചയായും മിക്കവാറും എല്ലാ മുസ്‌ലിം രാജ്യങ്ങളിലും ഇന്ന് ഈ അടിസ്ഥാനപരമായ അദ്ധ്യാപനങ്ങൾ പൊതുവേ ലംഘിക്കപ്പെടുന്നു എന്നത് ഒരു വിരോധാഭാസവും ദുരന്തവുമാണ്. പലപ്പോഴും പാതകളും വീഥികളും അറ്റകുറ്റപ്പണികൾ നടത്താതെ ദുരിതം നിറഞ്ഞു നിൽക്കുന്ന അവസ്ഥയിലാണ്. ഗവൺമെന്റ് ഏജൻസികൾപോലും മുഖ്യഹൈവേകളിൽ പൈപ്പുകൾ,കേബിളുകൾ മുതലായവ സ്ഥാപിക്കാൻ വേണ്ടി കിടങ്ങുകൾ കുഴിക്കുന്നു. ഗതാഗതത്തിന്ന് അപകടം വരുത്തുമാറ് ഒരു മുന്നറിയിപ്പ് അടയാളം സ്ഥാപിക്കാതെയും രാത്രി യാത്രക്കാർക്ക് ഒരു വെളിച്ചം വെക്കാതെയും റോഡുകൾ താറുമാറായ അവസ്ഥയിലാക്കുന്നു.

നിർഭാഗ്യകരമെന്ന് പറയട്ടെ മിക്കവാറും റോഡുകളിൽ അപകടം സംഭവിക്കുന്നതും ദുരന്തങ്ങൾ ഉണ്ടാകുന്നതും അതിലെ മുന്നറിയിപ്പ് സംവിധാനങ്ങൾ അവഗണിക്കുന്നത് മൂലമാണ്. ഉദാഹരണത്തിന്ന് ഒരിക്കൽ കീഴോട്ട് ഡിപ്പ് ചെയ്ത ഹെഡ്

ലൈറ്റുമായി ഞാൻ ഇസ്ലാമാബാദിലൂടെ സഞ്ചരിക്കുകയായിരുന്നു. എന്തോ അസാധാരണമായ ഒന്ന് റോഡിന്ന് നടുവിലുണ്ടെന്ന് ഞാൻ മനസ്സിലാക്കി. ഒരു അലാറാം മുന്നറിയിപ്പ് തന്നത് പോലെ ഞാൻ പെട്ടെന്ന് ബ്രേക്കിട്ടു. ഏതാനും അടി മുന്നിൽ ഒരു വലിയ കുഴി റോഡിന്ന് കുറുകെയായി കുഴിച്ചിരിക്കുന്നു. അവിടെ ഒരു അടയാളമോ മുന്നറിയിപ്പ് സംവിധാനമോ ഇല്ല. ആവശ്യമായ വെളിച്ചവും ഇല്ല. കൂടുതൽ അപകടകരമായ വസ്തുത എന്താണെന്ന് വെച്ചാൽ ആ കുഴിയുടെ ചുറ്റുഭാഗത്ത് നിന്നും മണ്ണെടുത്തിട്ടുണ്ട്. ഈ കുഴി സ്വയം ഒരു അടയാളമായി തീരുകയാണുണ്ടായത്. അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ് ഞങ്ങൾ രക്ഷപ്പെട്ടത്. ഞാൻ എന്റെ കുടുംബവുമായി സഞ്ചരിക്കുകയായിരുന്നു. ഉടൻ തന്നെ ബ്രേയ്ക്ക് ചവിട്ടിയിട്ടില്ലായിരുന്നുവെങ്കിൽ ഞങ്ങൾ തീർച്ചയായും ഗുരുതരമായ ഒരു അപകടത്തിൽ പതിക്കുമായിരുന്നു. അടുത്ത ദിവസം തന്നെ ഞങ്ങൾ കേട്ടത് അതേ കുഴിയിൽ ഒരു ജർമ്മൻ ടൂറിസ്റ്റ് അദ്ദേഹത്തിന്റെ മെർസിഡസ് ഓടിച്ചു പോവുമ്പോൾ വീഴുകയുണ്ടായി എന്നാണ്. ഭാഗ്യത്തിന്ന് ഗുരുതരമായ പരിക്കുകളൊന്നുമുണ്ടായില്ല.

മറ്റൊരു സംഭവം ഞാൻ പാകിസ്താനിലെ ശേഖ്പുരാ-ഗുജ്റൻ വാലാ റോഡിൽ സഞ്ചരിക്കുമ്പോൾ നടന്നതാണ്. ഈ സംഭവത്തിൽ റോഡ് കിളച്ചിട്ടിരിക്കുന്നു. എന്നാൽ മണ്ണും കോൺക്രീറ്റും സ്ഥലത്ത് നിന്നും മാറ്റിയിട്ടില്ല. ഞാൻ ഇരുട്ടിൽ യാത്ര ചെയ്യുകയായിരുന്നു. റോഡിലെ മൺകൂനയിൽ എന്റെ ദൃഷ്ടി പതിഞ്ഞു. കൃത്യസമയത്ത് തന്നെ ബ്രേക്ക് നിയന്ത്രിക്കാൻ ഞാൻ ശ്രമിച്ചു. ആ അപകടം പിടിച്ച സ്ഥലത്ത് നിന്നും ഏതാനും അടി അകലെ എന്റെ കാർ നിർത്തുവാൻ എനിക്ക് സാധിച്ചു. ഇവിടെയും ഡ്രൈവർമാർക്ക് അപകടത്തിന്റെ മുന്നറിയിപ്പ് നൽകുന്ന യാതൊരു അടയാളവുമുണ്ടായിരുന്നില്ല. ഞങ്ങൾ കാറിൽ നിന്നിറങ്ങി. കുറച്ച് അടുത്ത് നിന്ന് രംഗം വീക്ഷിച്ചു. ആ ഭീകര രംഗം അപ്പോഴാണ് ഞങ്ങൾ കണ്ടത്. കുഴിയെടുത്ത സ്ഥലം വളരെ വലുതായിരുന്നു. ഒരു ബസ്സ് മുഴുവനും അതിൽ വീണു കിടക്കുന്നുണ്ടായിരുന്നു. ബസ്സിന്റെ അവശിഷ്ടങ്ങൾ അവിടെ കാണാമായിരുന്നു. ദിനേന സംഭവിക്കുന്ന ഇത്തരം അപകടങ്ങളിൽ

നിന്നുമുള്ള  രണ്ട് സംഭവങ്ങളാണ് ഞാൻ ഇവിടെ ഉദ്ധരിച്ചത്.

ജനങ്ങളിൽ നിന്നും നീതി പ്രാഥമിക രൂപത്തിൽ തന്നെ തടയപ്പെടുമ്പോൾ അതിന്റെ പ്രത്യാഘാതം വമ്പിച്ചതായിരിക്കാമെന്ന് ഇത് കൊണ്ട് തന്നെ സ്ഥാപിക്കാനാവും. അത്തരം സമൂഹങ്ങളിൽ മറ്റു മൗലികാവകാശങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്ന് നമുക്ക് സങ്ക ൽപ്പിക്കാനാവും. അതായത് ആ സന്ദേശത്തിന്റെ കാതൽ എന്താണെന്ന് വെച്ചാൽ മുസ്‌ലിം സമൂഹം നീതിയുടെ മുന്നറിയിപ്പുകൾ അത് ഏറ്റവും താഴ്ന്ന വിതാനത്തിലായാൽ പോലും അവഗണിക്കാൻ പാടില്ല എന്നാണ്.

# 8

# മതരൂപീകരണത്തിൽ മൂന്ന് ക്രിയാത്മക തത്ത്വങ്ങൾക്കുള്ള പങ്ക്

നീതിയുടെ തത്ത്വങ്ങൾ മതത്തിന്റെ മേഖലയിൽ മനുഷ്യസ്വഭാവത്തിലും ബാധകമാണ്. വിശുദ്ധ ഖുർആൻ വെളിപ്പെടുന്നതിന്ന് മുമ്പേയുള്ള മതങ്ങളെപ്പറ്റി പരാമർശിച്ചുകൊണ്ട് നമുക്ക് ചർച്ച ആരംഭിക്കാം. മറ്റു വാക്കുകളിൽ പറഞ്ഞാൽ മനുഷ്യരാശിക്ക് സന്മാർഗ്ഗദർശനത്തിന്ന് ആദംനബി(അ)യിലൂടെ അവതീർണ്ണമായ ലോകത്തിലെ ആദ്യത്തെ മതത്തിൽ നിന്നും സമാരംഭിക്കാം. ആ സമൂഹത്തിലെ പ്രാഥമിക പാഠങ്ങളുമായി ബന്ധപ്പെട്ട് വിശുദ്ധഖുർആൻ പ്രതിപാദിച്ചിട്ടുള്ള ഒരു മതസമൂഹത്തിന്റെ പ്രാഥമിക അദ്ധ്യാപനങ്ങളിലാണ് നമ്മുടെ ശ്രദ്ധ പതിയുക. വിശുദ്ധഖുർആനിലെ ആ പ്രാഥമിക മതസമൂഹത്തെ സംബന്ധിച്ച അധ്യാപനങ്ങൾ മുഖ്യമായും സാമൂഹിക സാമ്പത്തിക നീതിയുമായി ബന്ധപ്പെട്ടതാണ്.

ആദമിന്റെ മതം ദൈവികാദ്ധ്യാപനങ്ങളുടെ അടിസ്ഥാനശില പാകിയത് ഘട്ടംഘട്ടമായാണെന്ന് കാണാം. കാലക്രമമനുസരിച്ച് അവർ അതിന്റെ പരിവൃത്തി വിപുലപ്പെടുത്തുകയും കേവല നീതിയെപറ്റിയുള്ള ചർച്ചയിൽ നിന്നും പുരോഗമിച്ച് കൂടുതൽ പുരോഗമനാത്മകമായ ***ഇഹ്സാനി***ലേക്കും ***ഈതാഇദിൽ ഖുർബാ***യുടെ അധ്യാപനങ്ങളിലേക്കും പുരോഗമിക്കുകയുണ്ടായി. ചുരുക്കത്തിൽ ആദം നബി(അ)യുടെ കാലഘട്ടം മുതൽ മുഹമ്മദ് നബി(സ)യുടെ കാലഘട്ടം വരെ മതം സമ്പൂർണ്ണമായ ഒരു പരിപൂർത്തി എത്തുന്നതിനിടക്ക് മനുഷ്യവികാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ സുനിശ്ചിതമായ ഒരു പരിണാമ പ്രവണത ദർശിക്കാവുന്നതാണ്. മതങ്ങളെന്ന് വിളിക്കപ്പെടുന്ന മറ്റെല്ലാ രൂപങ്ങളും ഒരു പക്ഷേ ഐതിഹ്യങ്ങളും ഇതിഹാസങ്ങളുമായിരിക്കും. അല്ലെങ്കിൽ വെളിപാട് മതങ്ങളുടെ മനുഷ്യകൃതങ്ങളായ ജീർണ്ണ രൂപങ്ങളായിരിക്കാം.

## ആദ(അ)മിന്റെ കാലം

പ്രവാചകത്വ സ്ഥാപനം അതാത് കാലത്തെ ജനങ്ങൾക്ക് ഉന്നതങ്ങളിൽ നിന്നും ജ്ഞാനോദയത്തിന്റേതായ ഒരു സന്ദേശം കൊണ്ടു വരുന്നതായി കാണപ്പെടുന്നു. അത് അക്കാലത്തെ ജനങ്ങൾ അനുസരിക്കുകയോ അല്ലെങ്കിൽ അവരുടെ അബദ്ധങ്ങളുടെയും പാപങ്ങളുടെയും ഫലമായി സ്വാഭാവികമായ അനന്തര ഫലം അനുഭവിക്കുകയോ ചെയ്യും. ചോദ്യമിതാണ്: ഇതിൽ പ്രവാചകന്മാർക്കുള്ള ആധികാരികമായ പങ്ക് എന്താണ്? എന്ത് തരത്തിലുള്ള നീതിയാണ് അവരിൽ സ്ഥാപിക്കാനാവുക? ദിവ്യവെളിപാടുകളിലധിഷ്ഠിതമായ മതങ്ങൾ ആവിർഭവിക്കുന്നതിന്ന് മുമ്പ് സമൂഹത്തിന് അവരുടെ നേതാക്കന്മാരെ തിരഞ്ഞെടുക്കാനുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരുന്നു. അതായത് നേതാക്കന്മാരെ അവർക്ക് അനുസരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യാം. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് പെട്ടെന്ന് ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ അനുസരിക്കണം എന്ന് വരുന്നു? വിശുദ്ധ ഖുർആൻ ആദം(അ)നെ ചൂണ്ടിക്കാട്ടിക്കൊണ്ട് ഈ സമസ്യക്ക് ഉത്തരം കണ്ടെത്തുന്നു. ആദം(അ)മിന് സ്വയം തന്റെ മറ്റു അനുചരന്മാരുടെ മേൽ യാതൊരു വിധ വ്യക്തിപരമായ ഔന്നത്യവും ഉണ്ടായിരുന്നില്ല. അദ്ദേഹം തന്റെ സഹചരരുമായി സമത്വഭാവത്തോടെ സഹവർത്തിച്ചു വരികയായിരുന്നു. ആദമിന് അന്യരെ അനുസരിപ്പിക്കാനുള്ള മേധാശക്തിയുണ്ടായിരുന്നില്ല. എന്നാൽ അല്ലാഹു തന്റെ വചനവും അധികാരവും ആദമിൽ ഊതുകയുണ്ടായി(സന്നിവേശിപ്പിക്കുകയുണ്ടായി). അതിന് ശേഷമാണ് ആദമിന് ആ മേധാശക്തി ലഭിച്ചതും. തദനുസൃതം പ്രവർത്തിക്കാൻ തുടങ്ങിയതും.

ഖുർആനിക സാങ്കേതികാർത്ഥ പ്രകാരം ദൈവത്തിന്റെ ഊത്ത് (ഉച്ഛ്വാസം) എന്നത് മനുഷ്യനിലേക്കുള്ള ദൈവത്തിന്റെ വെളിപാടുകളുടെ പ്രവാഹമുണ്ടാകുക എന്നാണ്. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു:

وَاِذْ قَالَ رَبُّكَ لِلْمَلٰٓئِكَةِ اِنِّیْ خَالِقٌۢ بَشَرًا مِّنْ صَلْصَالٍ مِّنْ حَمَاٍ مَّسْنُوْنٍ ﴿۲۹﴾ فَاِذَا
سَوَّیْتُهٗ وَنَفَخْتُ فِیْهِ مِنْ رُّوْحِیْ فَقَعُوْا لَهٗ سٰجِدِیْنَ ﴿۳۰﴾

*'നിന്റെനാഥൻമലക്കുകളോട്പറഞ്ഞഅവസരംസ്മരിക്കുക. മുട്ടിയാൽ പ്രണാദമുണ്ടാക്കുന്ന രൂപപ്പെടുത്തിയ കറുത്ത കളിമണ്ണിൽ നിന്നും ഞാൻ മനുഷ്യനെ സൃഷ്ടിക്കാനുദ്ദേ ശിക്കുകയാണ്. അങ്ങനെ നാം അവനെ (തികവുറ്റനില യിൽ) രൂപപ്പെടുത്തുകയും എന്റെ ചൈതന്യത്തിൽ നിന്ന് ഊതുകയും ചെയ്തുകഴിഞ്ഞാൽ നിങ്ങൾ അവനെ അനുസരിച്ചുകൊണ്ട് അവന് കീഴ്പ്പെടുവീൻ'*
*(സൂറ: അൽ ഹിജ്ർ 15: 29-30)*

സമാനമായൊരു പാരാമർശം സൂറ: അൽ കഹ്ഫിൽ പരിശുദ്ധ പ്രവാചക(സ)നെപറ്റി പറയുന്നിടത്ത് കാണാം.

قُلْ اِنَّمَآ اَنَا بَشَرٌ مِّثْلُكُمْ يُوْحٰٓى اِلَيَّ اَنَّمَآ اِلٰهُكُمْ اِلٰهٌ وَّاحِدٌ

*'പറയുക തീർച്ചയായും ഞാൻ നിങ്ങളെപോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ ആരാധ്യൻ ഒരേ യൊരു ആരാധ്യൻ മാത്രമാണെന്ന് എനിക്ക് ദിവ്യ വെളിപാടുണ്ടായിരിക്കുന്നു.'*
*(അൽകഹ്ഫ് 18:111)*

ദൈവത്തിന്റെ ഉച്ഛ്വാസത്തിനുള്ള മുന്നുപാധി തഖ്വ യാണ്. അതായത് അല്ലാഹുവിനോടുള്ള ഭയഭക്തിയാകുന്നു അത്. തഖ്വ എന്ന പദത്തിന്റെ യഥാർത്ഥ അർത്ഥത്തിൽ ഒരാൾ അല്ലാഹുവിനെ ഭയപ്പെടുന്നു എന്നതിനർത്ഥം അയാൾ വെളി പാടുകളുടെ സ്വീകർത്താവാകാൻ യോഗ്യനാണ് എന്നാണ്. അതുകൊണ്ട് ഇതാണ് തഖ്വ, അതായത് തഖ്വ മാത്രമാണ് ബഹുമതിയുടെ അടയാളമാകുന്നത്.

**നഫ്കെ റൂഹ്** (സൂറ: ഹിജ്ർ വചനം 30) 'ദൈവത്തിൽ നിന്നുള്ള ജീവന്റെ ഉച്ഛ്വാസം' മനുഷ്യനെ സംബന്ധിച്ച് മാത്രമാണ് ഉപയോഗിക്കുന്നത്. മറ്റ് മൃഗങ്ങളുമായി ബന്ധപ്പെട്ട് ഉപയോഗി ക്കാറില്ല. 'നഫ്ഖ്' എന്ന ക്രിയക്ക് എന്തിലെങ്കിലും ഊതുക എന്നാണ് അർത്ഥം. ഈ സാങ്കേതിക പദത്തിന്റെ പ്രാഥമികാർ ത്ഥം ജീവന്റെ ഊത്ത് എന്നാണ്. പക്ഷേ ഈ സന്ദർഭത്തിൽ മനുഷ്യ ജീവന് മാത്രമാണ് ഈ പ്രയോഗം ബാധകമാവുക. എല്ലാ ജീവജാലങ്ങൾക്കും ഒരു അഹവും ഒരു കേന്ദ്രബോധവുമു

ണ്ടായിരിക്കും. എന്നാൽ ഈ ബോധത്തിന് ഭൗതിക ജീവിതത്തിനുള്ള അതിജീവനശേഷി ഉണ്ടായിരിക്കില്ല. **റൂഹ്** എന്നത് *ആത്മാവ്* എന്ന് വിവർത്തനം ചെയ്യണം. അത് എല്ലാ ജീവികൾക്കുമുള്ള ജീവൻ എന്നതിന്റെ വിപരീതമാണ്. ആത്മാവ് എന്നത് മനുഷ്യന് മാത്രം നൽകപ്പെടുന്ന ഒന്നാണ്.

വിശുദ്ധ ഖുർആനിൽ വ്യാപകമായി ഉപയോഗിച്ച മറ്റൊരു സാങ്കേതിക നാമം **നഫ്സ്** ആണ്. **നഫ്സ്** ന്റെ ലളിതമായ അർത്ഥം ജീവൻ എന്നാണ്. എല്ലാ ജീവജാലങ്ങൾക്കും **നഫ്സ്**- ജീവൻ ഉണ്ട്. എന്നാൽ എല്ലാ ജീവജാലങ്ങൾക്കും **റൂഹ്**-ആത്മാവ് ഇല്ല. ഇതാണ് റൂഹും നഫ്സും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം. **റൂഹ്** എന്നത് ബോധത്തിന്റെ കൂടുതൽ വികസിതമായ ദ്വിതീയ ഘട്ടമാണ്. അതിന്ന് മരണസമയത്ത് ശരീരത്തിൽ നിന്ന് വേർപെട്ടതിന് ശേഷവും സ്വയം ജീവിക്കാനുള്ള ശേഷിയുണ്ട്. ഊർജ്ജത്തിന്റെ ഈ മാത്രയെ വിശദീകരിക്കാൻ സാധ്യമല്ല. കാരണം റൂഹിന്റെ പ്രകൃതി എന്താണെന്ന് മനസ്സിലാക്കാനുള്ള ഘട്ടത്തിൽ മനുഷ്യവിജ്ഞാനം എത്തിയിട്ടില്ല. വിശുദ്ധ ഖുർആൻ മനുഷ്യന് മനസ്സിലാവാൻ വേണ്ടി റൂഹിനെ ദൈവത്തിന്റെ വചനമായി ലളിതമായി വിവരിക്കുന്നു.

നഫ്ഖിന്റെ കേന്ദ്ര അർത്ഥം 'ദൈവത്തിൽ നിന്നുള്ള വെളിപാട്' എന്നാണ്. അതിനാൽ ദൈവത്തിൽ നിന്നുള്ള വെളിപാട് ഇറങ്ങുന്ന പ്രക്രിയയും അതേ സാങ്കേതിക പദത്തിന്റെ പരിധിയിൽ വരുന്നു. ആത്മാവിന്റെ സൃഷ്ടി എന്നത് ജീവന്റെ ക്രമേണയുള്ള പരിണാമാത്മകമായ ഒരു ഘട്ടത്തെ കുറിക്കുന്നു. അത് പുറമേനിന്നും വന്നതല്ല. എന്നാൽ അത് അല്ലാഹുവിനാൽ മനുഷ്യന് നൽകപ്പെട്ട പ്രാഥമികമായ ഉന്നത ശ്രേണിയാണ്. വെളിപാടുകളാകട്ടെ സാധാരണക്കാരുടെ വിതാനത്തിൽ നിന്നും ഉയർന്നു നിൽക്കുന്നു. ദൈവദാസരിൽ നിന്നും ദൈവം തിരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള രണ്ടാമത്തെ ഉന്നതമായ ശ്രേണിയാണത്. ദൈവിക വെളിപാടുകൾ ലഭിച്ചവരിൽ നിന്നും അടുത്ത പദവീക്രമത്തിലേക്ക് തിരഞ്ഞെടുക്കാൻ യോഗ്യതയുള്ള അവർ പ്രവാചകന്മാരുടെ ശ്രേണിയിൽ പെടുന്നു. ഇതിനെയാണ് പ്രവാചകത്വം എന്ന് വിളിക്കുന്നത്. അങ്ങനെയാണ് ഭൂമിയിൽ ഉയർന്ന ശ്രേണീക്രമത്തിൽ നഫ്ഖ്-എ-റൂഹ്

ലൂടെ ദൈവത്തിന്റെ പ്രതിനിധി സൃഷ്ടിക്കപ്പെടുന്നത്. അത്- ഈ സാങ്കേതികപദത്തിന്- ഉയർന്ന ഒരു ക്രമവും കൂടുതൽ പരിശുദ്ധമായ അർത്ഥധ്വനിയും നൽകുന്നു. ഈ ഒരു വീക്ഷ ണകോണിൽ ദൈവത്തിന്റെ ഒരു പ്രവാചകനെ അനുസരി ക്കേണ്ടതിന്റെ അവശ്യകത അനീതിയോ അയുക്തികമോ അല്ല. കാരണം ഒരു പ്രവാചകൻ അനുസരണം ആവശ്യപ്പെടുന്നത് അദ്ദേഹം ദൈവത്തിന്റെ പ്രതിനിധി എന്ന നിലക്കാണ്.

അദ്ദേഹം ദൈവത്തെ പ്രതിനിധീകരിക്കാൻ യോഗ്യനാണ് എന്ന് ദൈവം സദാസമയവും വിശ്വസ്തതയോടെ കണക്കാക്കു ന്നതിന്ന് കാരണം അദ്ദേഹത്തിന്റെ സത്യത്തോടുള്ള തികഞ്ഞ പ്രതിബദ്ധതയാണ്. അപ്രകാരം അയാൾക്ക് ദൈവവുമായോ അവന്റെ സന്ദേശവുമായോ മനുഷ്യ വംശവുമായോ ബന്ധപ്പെട്ട് എന്തെങ്കിലും വിധത്തിലുള്ള അനീതി നിർവ്വഹിക്കാൻ സാദ്ധ്യ മാകില്ല. എന്നാൽ ഇത് സംഭവിക്കുന്നത് അത്തരം വ്യക്തിക ളുടെ ഗുണങ്ങൾ ദൈവം അവരിൽ നട്ടു വളർത്തുകയും അത് തികവുറ്റ ഒരു അനുപാതത്തിലും സന്തുലനത്തിലും എത്തിച്ചേ രുകയും ചെയ്യുമ്പോൾ മാത്രമാണ്. അതിന്ന് ശേഷം മാത്രമേ ദൈവം അദ്ദേഹത്തെ ഒരു ദിവ്യദൂതനായി വർത്തിക്കാൻ യോഗ്യ നായി കണക്കാക്കുകയുള്ളു. അതോടെ ദൈവം അവന്റെ വിശ്വസ്തത അവനിൽ നിക്ഷേപിക്കുന്നു. ആ വിശ്വസ്തത ഒരി ക്കലും തന്നെ ലംഘിക്കപ്പെടുകയുമില്ല. ഇത്തരം ദൈവത്തിന്റെ പ്രതിനിധികളിൽ ചിലർ നിയമവാഹകരായ പ്രവാചകന്മാരായി രിക്കും. അവർ ഒരു പുതുയുഗത്തിന്റെ കാഹളമൂത്തുകാരാണ്. ആ നിയമവാഹകനായ പ്രവാചകന്റെ കാലഘട്ടം അവസാനി ക്കുന്നത്വരെ അദ്ദേഹത്തെ പുതിയ നിയമവാഹകരല്ലാത്ത പ്രവാച കന്മാർ അനുധാവനം ചെയ്യുന്നു. അവരും പ്രവചനാത്മകമായ വെളിപാടുകളുടെ സ്വീകർത്താക്കളായിരിക്കും. അവർ ദൈവത്തിന് വേണ്ടി മറ്റു ചില ധർമ്മങ്ങളും നിർവ്വഹിക്കുന്നു. ദൈവത്തിലുള്ള വിശ്വാസം അങ്ങനെ പ്രബലപ്പെടുകയും സമൂഹത്തിന്റെ പരിഷ് ക്കരണം നടത്തുകയും ചെയ്യുന്നു.

വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ ദൈവത്തെ ആരാധി ക്കൽ, നിർദ്ദിഷ്ട പ്രാർത്ഥനകൾ നിർവ്വഹിക്കൽ, നന്മക്ക് വേണ്ടി

ചെലവ് ചെയ്യൽ എന്നീ മൂന്ന് കാര്യങ്ങൾ എല്ലാ മതങ്ങൾക്കും പൊതുവായുള്ള അടിസ്ഥാന അധ്യാപനങ്ങളാണ്.

وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ حُنَفَآءَ وَيُقِيمُوا۟ ٱلصَّلَوٰةَ
وَيُؤْتُوا۟ ٱلزَّكَوٰةَ وَذَٰلِكَ دِينُ ٱلْقَيِّمَةِ

*അനുസരണത്തിൽ അല്ലാഹുവിനോട് ആത്മാർത്ഥത പുലർത്തുന്നവരും ഏകാഗ്രമാനസരുമായി അല്ലാഹുവിനെ ആരാധിക്കാനും നമസ്ക്കാരം നിലനിർത്താനും സക്കാത്ത് കൊടുക്കാനും വേണ്ടിയല്ലാതെ അവരോട് ആജ്ഞാപിക്കപ്പെട്ടിരുന്നില്ല. അതത്രെ സത്യപാതയിലുള്ള (ജനങ്ങളുടെ) മതം.*
*(സൂറ: അൽ ബയ്യിന 98:6)*

## ആദമിന്റെ സ്വർഗ്ഗം

ആദം(അ)മിന് നൽകപ്പെട്ട ദൈവികനിയമം ഈ സാർവത്രിക നിയമത്തിൽ നിന്നും ഭിന്നമായ ഒന്നായിരുന്നില്ല. മേൽ പ്രസ്താവിച്ച ഖുർആനിക വചനം മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം വിവരിക്കുന്നു. അത്പോലെ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം വിവരിക്കുന്നു. ഈ ബന്ധങ്ങൾ പാലിക്കപ്പെടേണ്ട നിയമങ്ങളെ സംബന്ധിച്ചും പ്രതിപാദിക്കുന്നു. ഉദാഹരണത്തിന്, ആദമിന് നൽകപ്പെട്ട നിയമം വിശുദ്ധ ഖുർആനിലെ രണ്ട് വചനങ്ങളിൽ വിവരിക്കുന്നു. ഇതിലെ ആദ്യ വചനം വ്യാപകമായി ഉദ്ധരിക്കപ്പെടുന്നതാണെങ്കിലും വ്യാപകമായി തെറ്റിദ്ധരിപ്പിക്കപ്പെട്ടതുമാണ്. അത് ആദം(അ)ന് ദൈവം നൽകിയ വിലക്കുകളുമായി ബന്ധപ്പെട്ടതാണ്. അതായത് സ്വർഗ്ഗത്തിലെ രണ്ട് തരം വൃക്ഷങ്ങളുമായി ബന്ധപ്പെട്ട വചനങ്ങളാണത്. ഒരുതരം വൃക്ഷത്തിന്റെ ഫലം അല്ലാഹു ആദമിനും ഹവ്വക്കും അനുവദിക്കപ്പെട്ടതാണ്. യാതൊരു വിലക്കുമില്ലാതെ സന്തോഷത്തോടെ അവർക്ക് അത് ഭക്ഷിക്കാം. പക്ഷേ മറ്റെതരം വൃക്ഷത്തെപറ്റി ദൈവം ആദം(അ)മിനെ താക്കീത് ചെയ്തു. ആ വൃക്ഷവുമായി അകലം പാലിക്കാനായിരുന്നു താക്കീത്. ഇത് ചീത്ത വൃക്ഷമായിട്ടാണ് വിവരിക്കപ്പെട്ടത്. സാധാരണക്കാർ ഭൗതികാർത്ഥത്തിലാണ് ഇതിനെപ്പറ്റി ചിന്തിക്കുന്നത്. അത് നാം

ഭൂമിയിൽ സാധാരണ നമുക്കറിയുന്നത് പോലെ ഫലം തരുന്ന വൃക്ഷമാണെന്നാണ് ഗണിക്കുന്നത്. വിശുദ്ധ ഖുർആന്റെ ഈ വിവരണത്തിനോട് സമാനമായ വിവരണമാണ് പഴയ നിയമ ത്തിലും കാണുന്നത്. ആയതിനാൽ ഇസ്ലാംമതത്തിലേയും യഹൂ ദമതത്തിലേയും ക്രിസ്തുമതത്തിലേയും പണ്ഡിതന്മാർ ഖുർആ നിലെ ഈ ആലങ്കാരിക പ്രയോഗത്തിന് ബൈബിൾ പഴയ നിയമത്തിന്റേത് പോലെയുള്ള അർത്ഥം നൽകാനുള്ള ശ്രമമാണ് നടത്തിയത്.

വിവിധ പണ്ഡിതന്മാർ ഇതിൽ നിന്നു നിഗമനം ചെയ്തെടുത്ത വിശദമായ വിവരണങ്ങളിലേക്ക് ഞാൻ പോകാൻ ഉദ്ദേശിക്കു ന്നില്ല. പക്ഷേ സംശയലേശമന്യേ ഈ രണ്ടു വൃക്ഷങ്ങളെ പറ്റിയുള്ള പ്രതിപാദനവും ആദം(അ)മിന് നൽകപ്പെട്ട വിധിവില ക്കുകളടങ്ങിയ ദിവ്യ നിയമങ്ങളെ പറ്റിയാണെന്ന കാര്യത്തിൽ സംശയമില്ല. ഇവിടെ പറയപ്പെട്ട ചീത്ത വൃക്ഷം എന്നത് പര സ്പരം പാലിക്കേണ്ട പൊതു ധാർമികാദ്ധ്യാപനങ്ങളും നീതി തത്ത്വങ്ങളും ലംഘിക്കുന്ന ഒരു മത സമൂഹത്തിന്റെ അദ്ധ്യാ പനത്തിന്റെ ഭാഗങ്ങളെ സംബന്ധിച്ചാണ്. ദൈവം അവരുമാ യുള്ള സംസർഗ്ഗം നിരോധിക്കുകയുണ്ടായി. എന്തായിരുന്നാലും ഈ ധാർമികാദ്ധ്യാപനങ്ങൾ പരസ്പരം വ്യത്യസ്തത പുലർ ത്തുന്ന മനുഷ്യന്റെ നീതി സങ്കൽപ്പങ്ങളുടെയും ന്യായവാദ ങ്ങളുടെയും വ്യാഖ്യാനത്തിന്ന് വിട്ടുകൊടുത്തിട്ടില്ല. ഇത്തരം കാര്യങ്ങൾ സംഭവിക്കാതിരിക്കാൻ പ്രവാചകന്മാർക്ക് നൽകപ്പെട്ട അദ്ധ്യാപനങ്ങൾ വളരെ വ്യക്തവും സംഗ്രഹിതവുമാണ്.

സുഖദായകമായ ഫലം നൽകുന്ന മറ്റെ വൃക്ഷത്തിന്റെ ഫലം ആദം(അ)നും ഹവ്വക്കും യഥേഷ്ടം ഭക്ഷിക്കാൻ അനുവദിക്കുകയും ചെയ്തിരിക്കുന്നു. ഇത് വ്യക്തമായും ആദ(അ)മിന്റെ ദിവ്യനിയമ ങ്ങളിലെ ക്രിയാത്മകമായ കൽപനകൾ ഉൾക്കൊള്ളുന്നതാണ്.

ഇവിടെ ജീവിതത്തിന്റെ അടിസ്ഥാനപരമായ പെരുമാറ്റച്ചട്ട ങ്ങളുടെ വിശദാംശങ്ങൾ ഈ വചനങ്ങളിൽ സൂചിപ്പിച്ചിട്ടില്ല. ഇതിൽ നിന്നും ആദ(അ)മിന്റെ സമൂഹത്തിൽ പരസ്പരം വ്യക്തി കളുടെ മൗലികാവകാശങ്ങൾ ലംഘിക്കുന്നതിനെ വിലക്കിയി രിക്കുന്നതായി നമുക്ക് വളരെ വ്യക്തമായും അനുമാനിച്ചെ

ടുക്കാം. ഇത്തരം ലംഘനങ്ങൾ അവർക്കിടയിൽ സമാധാന ഭംഗത്തിനും പല കഷ്ടനഷ്ടങ്ങൾക്കും കാരണമാകുമായിരുന്നു.

മറ്റൊരു വചനത്തിൽ നിന്നും ഇതേ വിഷയത്തിൽ ആ പ്രാക്തന സമൂഹത്തിലെ സാമ്പത്തിക നീതി നിയമങ്ങൾക്ക് അടിത്തറയിട്ടതായി കാണാം.

إِنَّ لَكَ أَلَّا تَجُوعَ فِيهَا وَلَا تَعْرَىٰ وَأَنَّكَ لَا تَظْمَؤُا فِيهَا وَلَا تَضْحَىٰ ﴿١٢٠﴾

*തീർച്ചയായും നിനക്ക് ഇതിൽ വിശക്കേണ്ടതില്ല നഗ്നനാകേണ്ടതുമില്ല (അതിനെല്ലാം വ്യവസ്ഥ ചെയ്തിരിക്കുന്നു) തീർച്ചയായും നിനക്കതിൽ ദാഹമുണ്ടാകുകയില്ല. വെയിലിന്റെ ഉഷ്ണമേൽക്കുകയുമില്ല.*
*(സൂറ: ത്വാഹ 20:119, 120)*

അതായത് സാമ്പത്തികവീക്ഷണത്തിൽ നോക്കുമ്പോൾ ആദം(അ)മിന്റെ അദ്ധ്യാപനങ്ങൾ പ്രാഥമികമായ ഒരു സമൂഹനിർമ്മിതിക്ക് മനുഷ്യന് നൽകപ്പെട്ട നാല് മുഖ്യ മൗലികാവകാശങ്ങൾ ഉൾക്കൊള്ളുന്നു. അവ ഇപ്രകാരമാണ്,

1. എല്ലാ മനുഷ്യനും ഉചിതമായ രീതിയിൽ ഭക്ഷണം ലഭിക്കാനുള്ള അവകാശമുണ്ട്. ആരും തന്നെ വിശന്നിരിക്കാൻ പാടില്ല.
2. എല്ലാ മനുഷ്യനും വേണ്ട വിധം വസ്ത്രധാരണത്തിന്നുള്ള അവകാശമുണ്ട്.
3. എല്ലാ മനുഷ്യനും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കണം.
4. ആരും തന്നെ പാർപ്പിടമില്ലാതെയിരിക്കാൻ പാടില്ല.

എന്തായാലും യാഥാസ്ഥിതികരായ പണ്ഡിതന്മാരെ സംബന്ധിച്ചിടത്തോളം ആദം(അ)മിന്റെ കഥയിൽ പ്രതിപാദിക്കപ്പെട്ട സ്വർഗ്ഗം സത്യവിശ്വാസികൾക്ക് മരണാനന്തരം വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗ്ഗം തന്നെയാണ്. ആരെങ്കിലും അത്തരത്തിലുള്ള സിദ്ധാന്തങ്ങൾ പരിഗണിക്കുകയാണെങ്കിൽ പരലോകത്ത് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗ്ഗത്തിന്റെ വിവരണങ്ങളും ആദമിന്നും അദ്ദേഹത്തിന്റെ അനുയായികൾക്കും അനുവദിക്കപ്പെട്ട സ്വർഗ്ഗവും തമ്മിലുള്ള വ്യത്യാസം കണ്ടാൽ അത്ഭുതപ്പെട്ടുപോകും. ഇത് എന്ത് തരത്തിലുള്ള സ്വർഗ്ഗമായിരുന്നു? അവിടെ വിശപ്പ് അകറ്റാൻ വേണ്ടി മാത്രമുള്ള ഭക്ഷണവും കുടിവെള്ളവും ഉടു

ക്കാൻ വസ്ത്രവും തലക്ക് മുകളിൽ കൂരയും മാത്രമേ വാഗ് ദാനം ചെയ്യപ്പെട്ടിട്ടുള്ളൂ. മരിച്ചതിന് ശേഷം സാത്വികർക്ക് ലഭിക്കുന്ന സ്വർഗ്ഗം അത്തരത്തിലല്ല ഖുർആനിൽ വിവരിക്കപ്പെട്ടിട്ടുള്ളത്. ലൗകിക ജീവിതത്തിലെ സന്തോഷങ്ങൾക്ക് പകരമായി ആരാണ് അത്തരത്തിലുള്ള ഒരു സ്വർഗ്ഗം ആഗ്രഹിക്കുക.

വികസിത സമൂഹങ്ങളിലെ താഴെത്തട്ടിലുള്ള സാധാരണക്കാരായ ജനങ്ങൾ പോലും ആദം(അ) ബഹിഷ്കൃതനായ സ്വർഗ്ഗത്തെക്കാൾ മികച്ച സ്വർഗ്ഗം ആസ്വദിക്കുന്നവരാണ്!!. അത്തരം സ്വർഗ്ഗത്തെ യാഥാസ്ഥിതികരായ മതപുരോഹിതന്മാർപോലും എപ്പോഴെങ്കിലും ആഗ്രഹിക്കുമോ എന്ന് നാം സഗൗരവം സംശയിക്കുന്നു. ഒരു പരിത്യക്തയായ സ്ത്രീ, ഒരു വിലക്കപ്പെട്ട വൃക്ഷം, ചില വൃക്ഷങ്ങളിൽ തീർച്ചയായും ഫലങ്ങളുണ്ട്, പക്ഷേ ചുറ്റും എണ്ണമറ്റ പാമ്പുകളും.!! മതിയായ വസ്ത്രം നൽകുമെന്ന വാഗ്ദാനം ലംഘിക്കപ്പെട്ടു, ആദം(അ)മും അദ്ദേഹത്തിന്റെ പത്നിയും കണ്ണ് തുറന്നപ്പോൾ അവർ നഗ്നരായി കാണപ്പെട്ടു. വസ്ത്രം ഇല്ലായിരുന്നു. അവർക്ക് തല ചായ്ക്കാൻ പാർപ്പിടമില്ലായിരുന്നു. അവർക്ക് നഗ്നത മറക്കാൻ സ്വർഗ്ഗത്തിലെ വൃക്ഷത്തിൽ നിന്നുകൊഴിഞ്ഞു വീണ അൽപ്പം ഇലകൾ മാത്രമാണുണ്ടായിരുന്നത്. ഈ മഹത്തായ സ്വർഗ്ഗത്തിൽ എത്തിച്ചേരാൻ ഏതെങ്കിലും സാത്വികനായ മനുഷ്യൻ യാചിച്ചു പ്രാർത്ഥിക്കുമോ!!. അഹോ കഷ്ടം, ഇത് സത്യവിശ്വാസികൾക്ക് അവരുടെ മഹത്തായ ത്യാഗത്തിന്റെ ഫലമായി വിശുദ്ധ ഖുർആനിൽ വാഗ്ദാനം ചെയ്ത സ്വർഗ്ഗമല്ല.

ഇത് (ആദം(അ)ന്റെയും ഹവ്വായുടെയും സ്വർഗ്ഗം) കാറൽ മാർക്സ് വരച്ചു കാട്ടിയ ശാസ്ത്രീയ സോഷ്യലിസത്തിന്റെ തത്ത്വ ശാസ്ത്രപ്രകാരമുള്ള സ്വർഗ്ഗത്തേക്കാൾ കവിഞ്ഞ മറ്റൊന്നുമല്ല. ഇത് ആദമി(അ)ന്റെയും ഹവ്വയുടെയും കഥയിൽ മനുഷ്യന് ആദ്യമായി നൽകിയ വാഗ്ദാനമാണ്. ഇത് മനുഷ്യന് നൽകപ്പെട്ട മനുഷ്യാവകാശങ്ങളിലെ ആദ്യത്തെ പ്രമാണമായി വിവരിക്കപ്പെടാവുന്നതാണ്. ശാസ്ത്രീയ സോഷ്യലിസക്കാർ വിഭാവന ചെയ്ത സ്വർഗ്ഗത്തെക്കാൾ വികസിതമായതാണ് ഭൂമിയിലെ ആദ(അ)മിന്റെ സ്വർഗ്ഗം. സോഷ്യലിസ്റ്റ് തത്ത്വശാസ്ത്രത്തിന്റെ സൂക്ഷ്മമായ പഠനം നമ്മുടെ വീക്ഷണത്തെ

പൂർണ്ണമായും പിന്തുണക്കുന്നതാണ്. മാർക്സിസം ലെനിനിസത്തിൽ മൂന്ന് മൗലികാവകാശങ്ങളേ ഉള്ളടങ്ങിയിട്ടുള്ളൂ. അതിനപ്പുറം ഒന്നുമില്ല. അതിനപ്പുറമുള്ളതെല്ലാം ഐച്ഛികമാണ്. അത് നൽകാം, നൽകാതിരിക്കുകയും ചെയ്യാം. ശാസ്ത്രീയ സോഷ്യലിസം വാഗ്ദാനം ചെയ്യുന്നത് എല്ലാവർക്കും ശരിയായ രീതിയിലുള്ള ഭക്ഷണം, ശരിയായ പാർപ്പിടം, ശരിയായ വസ്ത്രം എന്നിവ മാത്രമാണ്.

ഖുർആനിൽ പരാമർശിക്കപ്പെട്ട ഏറ്റവും അടിസ്ഥാനപരമായ സാമ്പത്തിക നീതി സോഷ്യലിസ്റ്റ് ആദർശങ്ങളേക്കാൾ എത്രയോ വിശാലമാണ്. സോഷ്യലിസ്റ്റ് ആശയങ്ങളിൽ കുടിവെള്ളം വാഗ്ദാനം ചെയ്യപ്പെട്ടിട്ടില്ല. ഒരു പക്ഷേ അത് വാഗ്ദാനം ചെയ്യപ്പെടാൻ മാത്രം പ്രാധാന്യമുള്ളതല്ല എന്ന് തെറ്റിദ്ധരിച്ചതാകാം. വിദഗ്ധർ നൽകുന്ന വസ്തുതകളും കണക്കുകളും തികച്ചും വ്യത്യസ്തമായ മറ്റൊരു കഥയാണ് പറയുന്നത്. ആഫ്രിക്കയിലും ഏഷ്യയിലും ജീവിക്കുന്ന വലിയ വിഭാഗം മനുഷ്യർ ചുരുങ്ങിയ ജലം കൊണ്ട് കഷ്ടിച്ച് ജീവിക്കുന്നവരാണ്. അത് തന്നെ പലപ്പോഴും ലഭ്യമല്ല. പലതും മനുഷ്യോപയോഗത്തിന്നും ആരോഗ്യത്തിന്നും പറ്റിയതല്ല. പിന്നീടാണ് ഐക്യരാഷ്ട്ര സഭയുടെ സുപ്രധാനമായ സംഘടനകൾ ശുദ്ധജലത്തിന്റെ ലഭ്യത ഒരു അവകാശമായെടുത്തത്. മനുഷ്യസമൂഹത്തിന്റെ ഏറ്റവും (പ്രാക്തന) പ്രാഥമിക ഘട്ടത്തിൽ പോലും വിശുദ്ധ ഖുർആന്റെ സ്വർഗ്ഗീയ സങ്കൽപ്പത്തിന്റെ മേന്മ ആലോചിച്ചു നോക്കൂ. ശുദ്ധജലത്തിന്റെ പ്രാധാന്യം തിരിച്ചറിയപ്പെടുകയും അത് അനുവദിക്കപ്പെടുകയുമുണ്ടായി.

## പ്രവാചകത്വ സ്ഥാപനത്തിന്റെ വികാസം

ആദ(അ)മിന്ന് ശേഷവും പ്രവാചകത്വം തുടർന്നുകൊണ്ടിരുന്നു. ആദം(അ)നു ശേഷവും നോഹ(അ)നു മുമ്പും പ്രവാചകന്മാർ ലോകത്ത് പ്രത്യക്ഷപ്പെട്ടു കൊണ്ടിരുന്നു. ഈ പ്രവാചകന്മാർ ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടില്ല. അതിന് കാരണം അവർ നിയമ ദാതാക്കളായ പ്രവാചകന്മാരല്ലാത്തതായിരിക്കാനാണ് സാദ്ധ്യത. നോഹ(അ)യുടെ സമയം വരെ അബ്രഹാമിന്റെ നിയമമായിരുന്നു നിലവിലുണ്ടായിരുന്നത്.

ആദ(അ)മിന്റെ കാലം മുതൽ നോഹ(അ)യുടെ കാലം വരെ നാഗരികത ഗണ്യമായി പുരോഗമിച്ചതായി ചരിത്രം സാക്ഷ്യം നൽകുന്നു. മെസപ്പെട്ടോമിയ (Mesopotamia)*യിലാണ് നോഹ(അ) പ്രത്യക്ഷപ്പെട്ടതെങ്കിൽ, പൊതുസ്ഥലങ്ങളെല്ലാം വിദൂര ദേശങ്ങളിൽ നിന്നും വണിക്‌സംഘങ്ങളെ ആകർഷിക്കുന്ന വികസിതമായ കച്ചവടകേന്ദ്രങ്ങളായി മാറി. അനുകൂലമായ കാലാവസ്ഥ, മെസെപ്പൊട്ടോമിയൻ(Mesopotamia)* ജനതയെ വേട്ടയാടി കായ്കനികൾ ശേഖരിച്ച് കഴിയുന്ന വേരുകളില്ലാത്ത നാടോടി സംസ്ക്കാരത്തിൽ നിന്നും സ്ഥിരവാസത്തിന്റെ, കാർഷിക വൃത്തിയുടെ സംസ്ക്കാരത്തിലേക്ക് പരിവർത്തിപ്പിച്ചു. ജലസേചനം ലോഹവിദ്യ, പാത്രനിർമ്മാണം, മറ്റു കരകൗശല വസ്തു നിർമാണം, വാസ്തുനിർമ്മാണവിദ്യ എന്നിവ ഉന്നതമായ രീതിയിൽ വികാസം പ്രാപിച്ചു. പോംമ്പി(Pompeii)**യിൽ ഉള്ളത് പോലെയുള്ള ഒരു സമ്പന്ന സമൂഹം ഭൂകമ്പത്തിന്ന് മുമ്പായി നിലനിന്നിരുന്നതായി വിശുദ്ധ ഖുർആൻ വിവരിക്കുന്നു. ഭൂകമ്പത്താലും അഗ്നിപർവതസ്ഫോടനത്താലും അത് തുടച്ചുനീക്കപ്പെടുകയാണുണ്ടായത്.

ഈ വികസിത സമൂഹത്തിന് മാറിയ സാഹചര്യങ്ങൾക്കും സമൂഹത്തിന്റെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്കും സ്വാഭാവികമായും കൂടുതൽ പുരോഗമിച്ച ദൈവിക അധ്യാപനം ആവശ്യമായി വന്നു. പക്ഷേ നാം വിശുദ്ധ ഖുർആനിൽ കാണുന്നത് എന്തെന്നാൽ നോഹയുടെ ജനത എല്ലാവിധ അതിക്രമങ്ങളും നടത്തി, സത്യപാതയിൽ നിന്ന് വ്യതിചലിക്കുകയും തികച്ചും

---

✷ **മെസെപ്പൊട്ടേമിയ**(Mesopotamia): ഗ്രീക്ക് ഭാഷയിൽ രണ്ട് നദികൾക്കിടയിലുള്ള (യൂഫ്രട്ടീസ് ടൈഗ്രീസ്) ദേശം എന്നാണർത്ഥം. ആധുനിക ഇറാഖിന്റെ ഭൂരിഭാഗപ്രദേശങ്ങളും സിറിയയുടെ വടക്കുകിഴക്കൻ ഭാഗവും തുർക്കിയുടെ തെക്കു കിഴക്കൻ ഭൂഭാഗങ്ങളും ഇറാന്റെ തെക്കൻപ്രദേശങ്ങളുംമെസപ്പൊട്ടേമിയയിൽപെടുന്നു. ബി.സി3100ൽരേഖപ്പെടുത്തിയ ചരിത്രം ആരംഭിച്ച കാലം മുതൽ മെസെപ്പൊട്ടേമിയ ചരിത്രത്തിലുണ്ട്. മനുഷ്യചരിത്രത്തിലെ ഏറ്റവും പ്രാക്തനമായ ഈ പ്രദേശത്ത് നിന്നാണ് സുമേറിയർ, ബാബിലോണിയർ, അസീറിയർ എന്നി വിവിധ ജനവിഭാഗങ്ങളുടെ സാമ്രാജ്യങ്ങൾ ഉയർന്നു വന്നത്. (വിവ:)

✷✷ **പോംമ്പി(Pompeii)**: ഇന്നത്തെ ഇറ്റലിയിൽ കമ്പാനിയ മേഖലയിൽ നേപ്പിൾസ് നഗരത്തിന്നരികെ സ്ഥിതിചെയ്തിരുന്ന പുരാതനമായ ഒരു ഇറ്റാലിയൻ നഗരമായിരുന്നു പോംമ്പി. ക്രി.വ. 79ൽ വെസൂവിയസ് അഗ്നിപർവ്വതം പൊട്ടി ലാവയിലും ചാരത്തിലും നശിച്ചുപോയ അതിസമ്പന്നവും ധാർമികച്യുതികൊണ്ട് കുപ്രസിദ്ധമായിരുന്ന ഒരു നഗരമായിരുന്നു പോംമ്പി. (വിവ:)

പാപം നിറഞ്ഞ ഒരു ജനതയായി മാറുകയും ചെയ്തു. ഇതിൽ നിന്നും നമുക്ക് പാപത്തിന്റെ സങ്കൽപ്പം വ്യക്തമായും അനുമാനിക്കാൻ സാധിക്കുന്നതാണ്. ഒരു നിയമം കൂടാതെ പാപ സങ്കൽപം സ്വീകരിക്കാൻ സാധ്യമല്ല. ദൈവികനിയമങ്ങൾ ലംഘിക്കുന്നതാണ് മതപരമായ സങ്കേതിക അർത്ഥത്തിൽ പാപം എന്ന് പറയുന്നത്.

ഇത് തന്നെയാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അവതരിച്ച വിവിധ പ്രവാചകന്മാർ അഭിസംബോധന ചെയ്ത മറ്റു ജനതകളുടെയും സ്ഥിതി. വിശുദ്ധ ഖുർആൻ അവരുടെ അധ്യാപനങ്ങൾ പൊതുവേ പരാമർശിക്കുക മാത്രമാണ് ചെയ്യുന്നത്. വിശദമായ വിവരണം ആവശ്യമില്ല. ഇബ്രാഹിം(അ) ഇസ്ഹാഖ്(അ) ഇസ്മായീൽ(അ) യഅ്ഖൂബ്(അ) യൂസുഫ്(അ) എന്നിവർ ഇബ്രാഹിമി(അ)ന് നൽകപ്പെട്ട ആ നിയമത്തിൽ ഉൾപ്പെട്ടവരാണ്. മതത്തിന്റെ മുഖ്യ പ്രമേയം തികഞ്ഞ സമർപ്പണത്തോടെ അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങൾ അനുസരിച്ച് ദൈവത്തെ ആരാധിക്കുകയും ഇബ്രാഹിമിന്റെ(അ) മാർഗ്ഗത്തിൽ ചരിക്കുകയും ചെയ്യുക എന്നതാണ്. ഇവിടെ ഉപയോഗിച്ച **മില്ലത്ത്** എന്ന പദത്തിന്റെ പരിധിയിൽ ഈ അർത്ഥം ഉൾക്കൊള്ളുന്നു. എന്നിരുന്നാലും അദ്ധ്യാപനങ്ങളുടെ വിശദാംശങ്ങൾ വിവരിക്കപ്പെട്ടിട്ടില്ല. ഖുർആന് മുമ്പ് വെളിപ്പെട്ടതും എല്ലാ ദിവ്യനിയമങ്ങൾക്കും ബാധകവുമായ മാർഗ്ഗദർശനാത്മകമായ ഒരു തത്ത്വം എന്താണെന്ന് വെച്ചാൽ ദൈവം എല്ലായ്പ്പോഴും ജനങ്ങൾക്ക് വഹിക്കാൻ കഴിയുന്നത് മാത്രമേ ഭരമേൽപ്പിക്കുകയുള്ളൂ. ദൈവം ജനങ്ങളുടെ ആവശ്യമെന്താണോ അത്തരം സാമൂഹിക സാമ്പത്തിക ധാർമിക സാഹചര്യങ്ങളുമായിട്ടാണ് അവരുടെ മതാചാരങ്ങളെ ഇണക്കി നിർത്തുക.

ഇത് മൂസാനബി(അ)യുടെ കാലം എത്തുന്നത് വരെ തുടർന്നു. മൂസവീ നിയമം അതിന് മുമ്പുണ്ടായിരുന്ന പ്രവാചകന്മാരുടെ നിയമത്തെക്കാൾ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ആ നിയമത്തിലെ ചില വിലക്കുകൾ വിശദമാക്കുമ്പോൾ വിശുദ്ധ ഖുർആൻ യഅ്ഖൂബ് നബി(അ)യുടെ കാലത്തെ ഭക്ഷണത്തെ സംബന്ധിച്ചുള്ള നിബന്ധനകളിലേക്ക് വെളിച്ചം വീശുകയുണ്ടായി. വിശുദ്ധ ഖുർആൻ റസൂൽ തിരുമേനി(സ)യെ പല നിലക്കും

മൂസാ നബി(അ)യോട് സാദൃശ്യപ്പെടുത്തി പറഞ്ഞിട്ടുണ്ട്. വീണ്ടും നമുക്ക് ബൈബിൾ പഴയ നിയമത്തിലും (ആവർത്തനം 18:18) ഈ സാദൃശ്യപ്പെടുത്തൽ കാണാം. അതായത് മൂസാ നബി(അ) തന്റെ സഹോദരന്മാർക്കിടയിൽ ജനിക്കുന്ന തന്നെ പോലെയുള്ള ഒരു ഭാവി പ്രവാചകനെ പറ്റി വിവരം നൽകിയിരിക്കുന്നതായി കാണാം.

എന്തുകൊണ്ടാണ് മൂസാ നബി(അ)യുടെ നിയമത്തെ സംബന്ധിച്ച് വിശദമായ വിവരം വിശുദ്ധ ഖുർആനിൽ നാം വായിക്കുന്നത്? അതേ സമയം ന്യായപ്രമാണ വാഹകനായ നൂഹ് നബി(അ) എന്ന മഹാനായ പ്രവാചകന്റെ നിയമത്തെ കുറിച്ച് തികഞ്ഞ മൗനം പാലിക്കുകയും ചെയ്യുന്നു. ഈ ചോദ്യത്തിന്ന് ഉത്തരം നൽകുമ്പോൾ നാം ഓർക്കേണ്ട സംഗതി എന്താണെന്ന് വെച്ചാൽ, ഖുർആൻ പ്രകാരം പ്രവാചകനായ മുഹമ്മദ് നബി(സ)ക്ക് ശരീഅത്ത് വെളിപ്പെട്ടത് മൂസാനബി(അ)ക്ക് വെളിപ്പെട്ടത് പോലെ നേരിട്ട് താരതമ്യം ചെയ്തുകൊണ്ടാണ്. രണ്ട് പ്രവാചകന്മാരും സമാനതകളുള്ളവരാണ്. വീണ്ടും ഖുർആന്റെ അവകാശവാദം വിശുദ്ധ ഖുർആന്റെ നിയമം കൂടുതൽ തികവാർന്നതും സമ്പൂർണ്ണവുമാണെന്നാണ്. എവിടെയെല്ലാം രണ്ടു നിയമങ്ങൾ തമ്മിൽ വ്യത്യസ്തതകൾ ഉണ്ടോ ഖുർആന്റെ ഈ അവകാശവാദം പരിശോധിച്ചു നോക്കാവുന്നതാണ്. മറ്റു ചില കാരണങ്ങളിൽ താരതമ്യത്തിന് വേണ്ടി മൂസവീ നിയമത്തിലെ എല്ലാ പ്രധാനപ്പെട്ട അദ്ധ്യാപനങ്ങളും സംരക്ഷിച്ച് നിർത്തേണ്ടതുണ്ട്. അത് മതത്തിന്റെ പരിണാമ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ അടയാളമാണ്. മതപരമായ ഈ പരിണാമം ആസൂത്രണം ചെയ്തതും നിയന്ത്രിച്ചതും ദൈവികമായ ആജ്ഞക്ക് കീഴിലായിരുന്നു. മൂസവീ ന്യായപ്രമാണം വ്യക്തമായും ശക്തമായും ഊന്നൽ നൽകിയത് നീതിയിന്മേലായിരുന്നു. തീർച്ചയായും മാപ്പിനെപ്പറ്റിയും പ്രതിപാദിച്ചിരുന്നു. പക്ഷേ വളരെ നേരിയ തോതിലുള്ള ഒരു പകരമായിട്ടാണ്. അതായത് ഒരു അപവാദം എന്ന നിലക്ക് മാത്രം. മൂസവീ ന്യായപ്രമാണത്തിലെ പൊതുനിയമം നീതിയുടെയും പ്രതികാരത്തിന്റേയും നിർവ്വഹണമാണ്.

മാപ്പ് നൽകുന്നതിന്റെ വ്യവസ്ഥ **ഇഹ്സാൻ** എന്ന പദത്തിന്റെ അർത്ഥ പരിധിയിൽ വരുന്നതായാണ് നാം കാണുന്നത്.

ഇത് സൂചിപ്പിക്കുന്നത് *ഇഹ്സാൻ* മൊത്തത്തിൽ നിഷേധിക്കപ്പെടുന്നെങ്കിലും യേശു(അ)വിന്റെ അധ്യാപനങ്ങളിലും വേണ്ട വിധം അതിന്റെ പ്രാധാന്യം ആർജ്ജിക്കുന്നില്ല എന്നാണ്. 'ഞാൻ ന്യായപ്രമാണത്തെ നീക്കുവാൻ വന്നു' എന്ന ആരോപണത്തെ യേശു അസന്ദിഗ്ദമായി നിഷേധിക്കുന്നുണ്ട്. (മത്തായി 5:17-18) അദ്ദേഹം പ്രതികാരത്തിന്റെ വ്യവസ്ഥയിൽ നിന്നും മാപ്പ് നൽകലിന്റെ വ്യവസ്ഥയിലേക്കുള്ള മാറ്റത്തിന് ഊന്നൽ നൽകുകയുണ്ടായി. അത് ഒരേ ദിവ്യ ന്യായപ്രമാണത്തിന്നകത്ത് നിന്നും ഒരു നിരോധനത്തിൽ നിന്നും മറ്റൊന്നിലേക്കുള്ള മാറ്റം മാത്രമാണ്. എന്നാൽ അവസാനത്തെ ന്യായപ്രമാണ വാഹകനായ പ്രവാചകൻ മുഹമ്മദ്(സ)ന്റെ കാലമാവുമ്പോഴേക്കും അതിന്റെ പക്വമായ പൂർണ്ണതയിലേക്ക് രൂപപരിണാമം വന്നു. *അദ്ൽ, ഇഹ്സാൻ, ഈതാ ഇദിൽ ഖുർബാ* എന്നീ തത്ത്വങ്ങൾ സുശക്തമായ നിലയിൽ പാലിക്കുകയും അതിന്റെ ആക്കതൂക്കം നിലനിർത്തുകയും ചെയ്യുന്ന വളരെ വികസിതവും സമഗ്രവും സന്തുലനാത്മകവുമായ തത്ത്വങ്ങൾ നാം അതിൽ കാണുന്നു.

നൂഹ് നബി(അ)യെ കുറിച്ചുള്ള ചർച്ചയിലേക്ക് വരുമ്പോൾ നീതിയുടെ അദ്ധ്യാപനങ്ങളുമായി ബന്ധപ്പെട്ട് ധാരാളം ചോദ്യങ്ങൾക്ക് ഉത്തരം നൽകപ്പെടേണ്ടതുണ്ട്. ഖുർആൻ പഠനത്തിൽ നിന്നും അത് നിഗമനം ചെയ്തെടുക്കാൻ പ്രയാസമില്ല. നൂഹ്(അ)ന്റെ ജനത തീർത്തും നീതിരഹിതരായിരുന്നു, ജീവിതത്തിന്റെ സകല മേഖലകളിലും സ്വേച്ഛാധിപത്യവും മർദ്ദനവും വ്യാപിച്ചു. അനീതിയിൽ വർത്തിച്ചിരുന്ന ജനത്തിന് ഉദാരതയുടെ അദ്ധ്യാപനത്തിൽ നിന്നും മാപ്പ് നൽകാനാകുമോ? അല്ലെങ്കിൽ നീതിയുടെ താൽപര്യങ്ങൾ നിർവ്വഹിക്കാൻ എല്ലാ അതിക്രമികളും അവരുടെ പാപങ്ങൾക്ക് ശിക്ഷിക്കപ്പെടണമോ? ഇത് നാം അഭിമുഖീകരിക്കപ്പെടേണ്ട രണ്ട് സുപ്രധാനമായ ചോദ്യങ്ങളാണ്.

നൂഹിന്റെ ജനത അദ്ദേഹത്തെ നിരന്തരം പരിഹസിച്ചുകൊണ്ടിരുന്നു. അവർ അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളെ നിശിതമായി നിഷേധിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ നിഷ്ഫലമാക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും അവർ നടത്തി. ഈ എതിർപ്പിന്റെയെല്ലാം പാശ്ചാത്തലത്തിൽ ദയാദാക്ഷിണ്യത്തിന്ന്

വേണ്ടിയുള്ള നൂഹിന്റെ അഭ്യർത്ഥന ദൈവം കേട്ടു. ആയ തിനാൽ ആ ജനതയുടെ നാശത്തിന്റെ നിശ്ചിത സമയം ആഗതമാവുന്നതിന്ന് മുമ്പ് അവർക്ക് വേണ്ടി മാപ്പിരക്കു ന്നതിൽ നിന്നും ദൈവം അദ്ദേഹത്തെ തടഞ്ഞു. അവരുടെ കാര്യത്തിൽ പരിഷ്ക്കരണത്തിന്റെയോ സംസ്ക്കരണത്തിന്റെയോ എല്ലാ പ്രതീക്ഷകളുടെ പരിധിയും കഴിഞ്ഞു എന്ന് ദൈവം നൂഹ് നബി(അ)യെ അറിയിച്ചു. ദൈവത്തിൽ നിന്നും ഈ വിധി ലഭിച്ച ശേഷം നൂഹ് നബി(അ) അന്തിമമായി അവർക്കനുകൂലം എന്നതിനെക്കാൾ അവർക്കെതിരെ പ്രാർത്ഥിച്ചു. ആ പ്രാർത്ഥന യിൽ അദ്ദേഹം ആരെയും ഒഴിവാക്കിയില്ല. അദ്ദേഹത്തെ വിശ്വ സിക്കാത്തവരെയെല്ലാം അദ്ദേഹം ആ പ്രാർത്ഥനയിൽ ഉൾ പ്പെടുത്തി. അദ്ദേഹത്തിന്റെ പുത്രനും ആ പ്രാർത്ഥനയിൽ ഉൾ പ്പെടുമെന്ന കാര്യം നൂഹ്(അ) അറിഞ്ഞില്ല. തന്റെ പുത്രൻ കൂടി ആ നാശത്തിൽ മുങ്ങാൻ പോവുന്നു എന്ന യാഥാർത്ഥ്യത്തെപ്പറ്റി നാടകീയമാം വിധം നൂഹ്(അ) ബോധവാനായത് ആസന്ന നി മിഷങ്ങളിൽ പ്രളയ ജലത്തിൽ മുങ്ങിത്താഴാൻ പോകുന്ന മകനെ നൂഹ്(അ) കണ്ടപ്പോഴാണ്. എന്റെ മകനേ, എന്റെ മകനേ, എന്റെ സ്വന്തം രക്തമേ രക്തമേ!. പ്രളയ ദുരന്തത്തിൽ തന്റെ മകൻ പീഡകരോടൊപ്പം മുങ്ങിത്താഴാൻ പോകുന്ന രംഗം കണ്ട പരി ഭ്രാന്തിയിൽ നൂഹ്(അ) വിലപിച്ചു.

വരാനിരിക്കുന്ന തലമുറകൾക്ക് മഹത്തരവും പാവനവുമായ ഒരു പാഠം എന്ന നിലക്ക് ഒരു മാതൃക സ്ഥാപിച്ചുകൊണ്ടുള്ള ദൈവത്തിന്റെ ഒരു വിധിയായിരുന്നൂ അത്. കേവലനീതി ഒരു കാലഘട്ടത്തിന്റെ ഭരണനിർവ്വഹണമായി വരുന്ന നാൾ അതിന്റെ പ്രവർത്തനത്തിൽ മറ്റു മാനുഷിക ബന്ധങ്ങളൊന്നും ഇട പെടാൻ അനുവദിച്ചിരുന്നില്ല. ദൈവം ഒരു തരത്തിൽപെട്ട അക്ര മികളെ ശിക്ഷിക്കാൻ തീരുമാനിച്ചാൽ ആ സ്വഭാവഗണത്തിൽ പെടുന്ന എല്ലാവരെയും ഒരു പോലെ ഗണിക്കുന്നു. ഒരാളെ അപേക്ഷിച്ച് മറ്റെയാൾക്ക് യാതൊരു പരിഗണനയുമില്ല. അത്തരമൊരു സാഹചര്യത്തിൽ പ്രവാചകന്റെ അടുത്ത ബന്ധു ക്കൾ പോലും ഒഴിവായിപ്പോവില്ല.

ലൂത്ത് നബി(അ)യുടെ ജനത സ്വവർഗ്ഗ ഭോഗം എന്ന അപരാധം ചെയ്തിരുന്നവരും പരസ്യമായി ലജ്ജാ ഹീനത പ്രദർശിപ്പിച്ചിരു

ന്നവരും വഴിപോക്കരെ കൊള്ളയടിക്കുന്ന ഒരു ജനതയുമായിരുന്നു. ദൈവം ഇബ്രാഹിം നബി(അ)യെ അവർക്ക് വേണ്ടി പ്രാർത്ഥിക്കാൻ അനുവദിച്ചു. അവർ ലൂത്ത് നബി(അ)യുടെ ജനതയ്ക്ക് നൽകപ്പെട്ട താക്കീതിനെ പറ്റി ചിന്തിക്കാൻ വിസമ്മതിക്കുകയും അവരുടെ ജുഗുപ്സാവഹമായ ഹീനകൃത്യങ്ങൾ തുടരുകയും ചെയ്തപ്പോൾ അവരെ നശിപ്പിക്കാനുള്ള ദൈവത്തിന്റെ വിധി വന്നെത്തുകയായിരുന്നു. ആസന്നമായ നാശത്തെ കുറിച്ച് ലൂത്ത് നബി(അ)യും ഇബ്രാഹിം നബിയും(അ) താക്കീത് ചെയ്തതിന്ന് ശേഷം ഗോമേര, സൊഡോം* എന്നിവിടങ്ങളിലെ ജനത ഉന്മൂലനം ചെയ്യപ്പെടുമാറുള്ള അതിഭയാനകമായ ഒരു ഭൂകമ്പത്തിന്ന് വിധേയമായി. ഈ സംഭവങ്ങളിൽ പ്രവാചകന്മാർ ദൈവത്തിന്റെ ഔദാര്യത്തിന്ന് വേണ്ടി പ്രാർത്ഥിച്ചു. അക്രമികൾക്ക് മാപ്പ് നൽകുന്നതിനേക്കാൾ ദൈവം വിധിച്ചത് അവരെ ശിക്ഷിക്കാനായിരുന്നു. ഇതായിരുന്നു കേവല നീതിയുടെ തത്ത്വത്തിൽ തികവുറ്റ രീതിയിൽ ഉള്ളടങ്ങിയിരുന്നത്.

ഇതിന് വിപരീതമായി യൂനുസ് നബി(അ)യുടെ ജനത നശിച്ചുപോകുമെന്ന് പ്രവചിക്കപ്പെട്ടുവെങ്കിലും അവർ ദൈവത്തിന്റെ വെറുപ്പിൽ നിന്നും രക്ഷപ്പെടുകയുണ്ടായി. യൂനുസ് നബി(അ)യുടെ ജനത അദ്ദേഹത്തെ പൂർണ്ണമായും ശക്തമായും നിഷേധിച്ചു. അവരുടെ വിനാശത്തിന്റെ അന്ത്യനിമിഷങ്ങൾ ആഗതമായപ്പോൾ അവർ മാപ്പിരക്കുകയും ദൈവം അവർക്ക് പൊറുത്തുകൊടുക്കുകയും ചെയ്തു. ഇത് കാണിക്കുന്നത് ദൈവത്തിന്റെ ശിക്ഷയും അവന്റെ കോപവുമായി ബന്ധപ്പെട്ട വിധികൾ അവസാന നിമിഷത്തിൽ പോലും മാറാവുന്നതാണ് എന്നാണ്. ജനങ്ങൾ അവരുടെ അവസ്ഥ മാറ്റിയെങ്കിൽ ദൈവവും അതനുസരിച്ച് അവന്റെ വിധി മാറ്റും. കുറ്റകൃത്യങ്ങൾ അതിന്റെ അളവിലും കാഠിന്യത്തിലും അതിരു കവിയുമ്പോൾ ആ സമൂഹം

✷ **ഗോമേര, സൊഡോം: ബൈബിളിൽ ഉൽപത്തി** (19:1-28) വിവരിക്കുന്ന ദൈവശാപത്തിന് വിധേയമായ ഇതിഹാസനഗരങ്ങൾ. നശിച്ചുപോയ ഈ നഗരങ്ങൾ എവിടെയാണ് നിലനിന്നിരുന്നത് എന്ന കാര്യത്തിൽ ഏകാഭിപ്രായമില്ല. ഫലസ്തീനിലെ ചാവുകടലിന്നടിയിലാണ് ഈ നഗരങ്ങൾ എന്ന് ഒരു കൂട്ടർ വിശ്വസിക്കുന്നു. സ്വവർഗരതിയായിരുന്നു ദൈവകോപത്തിന്നിടയാക്കിയ അവരുടെ പാപം എന്ന് ബൈബിളും ഖുർആനും പറയുന്നു. സൊഡൊം ജനതയുടെ ദുശ്ശീലം എന്ന നിലക്കാണ് സ്വവർഗരതിക്ക് ഇംഗ്ലീഷിൽ സൊഡോമി എന്ന പദം നിഷ്പന്നമായത് (വിവ:)

നശിപ്പിക്കപ്പെടുന്നു. എന്തായിരുന്നാലും ജനങ്ങൾ മാപ്പിരന്നാൽ അവർ ദൈവത്തിന്റെ കാരുണ്യത്തിന്ന് പാത്രമാവുന്നു. എന്നാൽ അവർ തങ്ങളുടെ കുറ്റകൃത്യങ്ങളിൽ ഉറച്ചു നിൽക്കുകയാണെങ്കിൽ ദൈവത്തിന്റെ തിരഞ്ഞെടുത്ത പ്രവാചകന്മാരുടെ പ്രാർത്ഥന കൾക്ക് പോലും അവരെ രക്ഷിക്കാൻ സാദ്ധ്യമല്ലാതെ വരും.

നീതിയുടെ താൽപര്യങ്ങൾക്ക് എല്ലാ അതിക്രമകാരികളെയും ശിക്ഷിക്കണമെന്നില്ല. ചിലപ്പോൾ മാപ്പിന്റേയും കാരുണ്യത്തി ന്റേയും വാതിലുകൾ മലർക്കെ തുറന്നിട്ടിരിക്കും. നൃശംസത അതിന്റെ എല്ലാ അതിരുകളും ലംഘിച്ച് മുന്നേറുകയാണെങ്കിൽ ദൈവത്തിന്റെ ഔദാര്യം ലഭ്യമാകില്ല. അത്തരം സന്ദർഭങ്ങളിൽ പ്രവാചകന്മാരുടെ ഏറ്റവും ആത്മാർത്ഥമായ പ്രാർത്ഥനകൾ പോലും അക്രമികളായ ജനതയെ രക്ഷിക്കാൻ പര്യാപ്തമാവില്ല.

## കേവലനീതി: അദ്ധ്യാപനങ്ങളുടെ വികാസം

വിവിധ കാലഘട്ടങ്ങളിൽ അവതീർണ്ണരായ പ്രവാചകന്മാരെക്കുറി ച്ചുള്ള പഠനം നീതിയുടെ അദ്ധ്യാപനങ്ങളുടെ വികാസം പ്രാഥമിക ഘട്ടത്തിൽ നിന്നും ഇസ്‌ലാമിക നിയമങ്ങളുടെ അടിസ്ഥാനമായ ഉന്നതമായ അധ്യാപനങ്ങളിലേക്ക് എങ്ങനെ വികസിച്ചു വന്നു എന്ന് കാണിക്കുന്നു.

നാം നേരത്തെ ആദം നബി(അ)യുടെ ന്യായപ്രമാണത്തിലെ നാല് അടിസ്ഥാന നിയമങ്ങളെ പറ്റി ചർച്ച ചെയ്തു. അതായത് എല്ലാ ജനങ്ങളുടെയും ജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വെള്ളം, പാർപ്പിടം, വസ്ത്രം എന്നിവ ഉറപ്പ് വരുത്തിയിരുന്നു. നൂഹ് നബി(അ)യുടെ കാലത്തേക്ക് നമുക്കൊന്ന് പോകാം. വളരെ വികസിതമായ ഒരു നാഗരികതയും ഭൗതിക രംഗത്ത് വളരെ പുരോഗമിച്ച ഒരു ജനതയുമായിരുന്നു അവർ. ആ ജനത ധാർമിക ഗുണങ്ങളിൽ തികച്ചും വന്ധ്യമായ ഒരു ജനതയായി മാറി. അവർ നൂഹ് നബി(അ)യുടെ അദ്ധ്യാപനങ്ങൾ നിരസിക്കുകയും എല്ലാ പരിധികളും ലംഘിക്കുകയും ചെയ്തു. എല്ലാ അതിക്രമകാരികളും യാതൊരാളും ഒഴിഞ്ഞു പോകാത്ത വിധം ശിക്ഷിക്കുന്ന രീതി യിൽ ദൈവത്തിന്റെ വിധി വന്നെത്തുകയുണ്ടായി. അതിക്രമിയായ ആരെയും ഒഴിവാക്കിയിരുന്നില്ല. ഒരു അപേക്ഷയും സ്വീകരിക്കപ്പെട്ടു മില്ല. നൂഹ് നബി(അ)യെ നിഷേധിച്ച ഓരോ ആളും നശിപ്പിക്കപ്പെട്ടു. നൂഹ് നബി(അ)യുടെ മകന് വേണ്ടിയുള്ള പ്രാർത്ഥന പോലും

കേവലനീതിയുടെ തത്ത്വത്തിന്ന് വിരുദ്ധമായിരുന്നു. ദൈവത്തിന്ന് നീതിയല്ലാതെ മറ്റൊന്നുമില്ല. അങ്ങനെയാണ് അദ്ൽ ന്റെ അടിത്തറ ശക്തിപ്പെടുത്തുന്നത്. ആ അടിത്തറയിലാണ് കൂടുതൽ ധാർമിക പരിണാമം ഉണ്ടാകുന്നത്.

യൂസുഫ് നബി(അ)യുടെ കാലത്ത് നീതിയുടെ അദ്ധ്യാപനങ്ങൾ വളരെ ശക്തമായിരുന്നു. അത് സമൂഹത്തിൽ കെട്ടുറപ്പോടെ നില കൊണ്ടു. ഏറ്റവും ശക്തരായ വ്യക്തികൾക്ക് പോലും തന്റെ സ്വാധീനം നീതിയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായി പ്രയോ ഗിക്കാൻ സാദ്ധ്യമല്ലായിരുന്നു. യൂസുഫ് നബി(അ) മൊത്തം ഈജിപ്തിന്റെ ധനകാര്യ വകുപ്പിന്റെ മേധാവി എന്ന ഉയർന്ന പദവിയിലിരുന്നിട്ടും അദ്ദേഹത്തിന്റെ സഹോദരനെ അന്യായ മായ നിലയിൽ അവിടെ തടഞ്ഞു നിർത്തിയില്ല.

മൂസവി നിയമം നീതി നിർവ്വഹണത്തിൽ അത്രമാത്രം ഉന്നത നിലവാരത്തിൽ ഊന്നൽ നൽകിയിരുന്നു. ഇഹ്സാനും മാപ്പ രുളലും അപ്രസക്തമായി കാണപ്പെട്ടു. തങ്ങളുടെ അനുചര ന്മാരുമായുള്ള വ്യവഹാരങ്ങളിൽ കണ്ണിന് കണ്ണ് പല്ലിന് പല്ല് എന്ന അദ്ധ്യാപനമാണ് പഠിപ്പിക്കപ്പെട്ടത്. അതിന് വിപരീത മായി യേശു തന്റെ അനുയായികളോട് മറ്റെ കവിളും കാണി ച്ചുകൊടുക്കാനുള്ള ഉപദേശം നൽകിയതായി നാം കാണുന്നു. മൂസാനബി(അ) നീതി പാലനത്തിന്നും ഒരാളുടെ അവകാശങ്ങൾ ക്കുമായിരുന്നു ഊന്നൽ നൽകിയത്. എന്നാൽ ക്രിസ്ത്യൻ അദ്ധ്യാപനങ്ങൾ ഔദാര്യത്തിന്റെ അങ്ങേയറ്റമായിരുന്നു. അപരന് വേണ്ടി തന്റെ അവകാശങ്ങൾ പോലും ത്യജിക്കാനായിരുന്നു പഠിപ്പിച്ചിരുന്നത്.

ചില കാലഘട്ടങ്ങളിൽ നീതിക്കായായിരുന്നു ശക്തമായി ഊ ന്നൽ നൽകിയിരുന്നത്. ചില കാലങ്ങളിൽ ഔദാര്യങ്ങൾക്കും. പക്ഷേ അത് നീതി ബലികഴിച്ചുകൊണ്ടായിരുന്നില്ല. എന്ത്തരം അദ്ധ്യാപനങ്ങളായാലും അതൊന്നും നീതി തത്ത്വങ്ങളെ ഒരി ക്കലും തന്നെ ലംഘിച്ചിരുന്നില്ല. ഒരു കാര്യം നാം ഓർക്കേ ണ്ടതുണ്ട്. സ്വയം പരിത്യാഗം ഒരിക്കലും തന്നെ നീതിയുടെ തത്ത്വങ്ങൾക്ക് വിരുദ്ധമല്ല. ഔദാര്യങ്ങളുടെ നിർവ്വഹണത്തിന്ന് വേണ്ടി അന്യന്റെ അവകാശങ്ങളെ ചവിട്ടി ഞെരിക്കുക എന്നത്

മതത്തിൽ പോലും അചിന്ത്യമാണ്. മാപ്പ് കൊടുക്കുന്നതിന്ന് അല്ലെങ്കിൽ സ്നേഹം പ്രദർശിപ്പിക്കാൻ വേണ്ടി ക്രിസ്തുമതം ഒരിക്കലും തന്നെ അന്യന്റെ അവകാശങ്ങൾ തട്ടിപ്പറിക്കാൻ അനുവദിക്കുന്നില്ല.

അദ്ധ്യാപനങ്ങളെല്ലാം തന്നെ കാലഘട്ടത്തിന്റെ ആവശ്യങ്ങളുമായി താദാത്മ്യമുള്ളവയായിരിക്കും. മൂസാനബി(അ)യുടെ കാലത്ത് ഇസ്രയേൽ സന്തതികളുടെ പ്രത്യേകമായ ആവശ്യമായി പരിഗണിച്ചതും ഊന്നൽ നൽകിയതും നീതി നിർവ്വഹണത്തിന്നും തത്തുല്യമായ പ്രതിക്രിയക്കുമായിരുന്നു. യേശു(അ)വിന്റെ കാലഘട്ടമെത്തിയപ്പോഴേക്കും ആതുരമായ സമൂഹത്തിന്റെ തികച്ചും മറ്റൊരു രീതിയിലുള്ള ചികിത്സക്കായിരുന്നു മുറവിളി. ഈ ഒരു താരതമ്യത്തിൽ ഒരാൾക്ക് രണ്ട് വ്യത്യസ്ത കാലഘട്ടവുമായി ബന്ധപ്പെട്ട നീതിയുടെ നാരായ വേര് എന്താണെന്ന് കണ്ടെത്താവുന്നതാണ്.

# 9
# ഇസ്‌ലാം: മതാദ്ധ്യാപനങ്ങളുടെ ആത്യന്തിക ലക്ഷ്യം

## ഇസ്‌ലാമും പ്രവാചകൻ മുഹമ്മദി(സ)ന്റെ വികസിത കാലഘട്ടവും

നാം നമ്മുടെ ശ്രദ്ധ വിശുദ്ധ ഖുർആന്റെ വെളിപാടുകാലത്തേക്ക് തിരിക്കുകയാണ്. വിശുദ്ധ ഖുർആൻ പ്രകാരം മതങ്ങളുടെ വികാസം അതിന്റെ ഉച്ചകോടി പ്രാപിക്കുകയും അതിന്റെ അദ്ധ്യാപനങ്ങൾ സമ്പൂർണ്ണമാവുകയും ചെയ്ത ഒരു ഘട്ടമാണ്. ഖുർആൻ പറയുന്നു:

اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ وَاَتْمَمْتُ عَلَيْكُمْ نِعْمَتِيْ وَرَضِيْتُ لَكُمُ الْاِسْلَامَ دِيْنًا

*'ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് നാം പൂർണ്ണമാക്കി തരികയും എന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു.'*
*(സൂറ: അൽമായിദ: 5:4)*

മനുഷ്യനെ ബാധിക്കുന്ന എല്ലാ മേഖലയിലും നീതിയുടെ വിഷയം ഖുർആൻ ബന്ധിപ്പിക്കുന്നു. ഇത് വളരെ കൗതുകകരവും വിപുലവുമായ ഒരു പഠനമാണ്. ഇവിടെ നീതിയുടെ എല്ലാ ഓരോ വിഷയവും ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ വായനക്കാർക്ക് സമ്പൂർണ്ണമായി വിഷയത്തെ മനസ്സിലാക്കാനും ഖുർആനികാദ്ധ്യാപനങ്ങൾ തികവുറ്റതാണെന്ന ആത്മവിശ്വാസത്തോടെ സ്വീകരിക്കാനും മതിയായ തോതിൽ വിശദാംശങ്ങൾ ചർച്ച ചെയ്യുന്നത് അനിവാര്യമാണ്.

ഇസ്‌ലാംമതസ്ഥാപകനായ പരിശുദ്ധ പ്രവാചകൻ മുഹമ്മദി(സ)നെയും ഖുർആനെയും പരിചയപ്പെടുത്തികൊണ്ട് നീതിയുടെ പരിപ്രേക്ഷ്യത്തിൽ അല്ലാഹു പറയുന്നു:

اَلْحَمْدُ لِلّٰهِ الَّذِىْٓ اَنْزَلَ عَلٰى عَبْدِهِ الْكِتٰبَ وَلَمْ يَجْعَلْ لَّهٗ عِوَجًا

*തന്റെ ദാസന്ന് ഈ ഗ്രന്ഥം അവതരിപ്പിച്ചു കൊടുത്ത അല്ലാഹുവിനാണ് എല്ലാ സ്തുതിയും. അവൻ അതിൽ ഒരു വക്രതയും ആക്കിയിട്ടില്ല.'*
*(സൂറ: കഹ്ഫ് 18:2)*

ഖുർആന്റെ ഒരു അദ്ധ്യാപനവും അലക്ഷ്യമായിട്ടുള്ളതല്ല. വിശുദ്ധ ഖുർആൻ ഒരാൾ അടിമുടി പഠന വിധേയമാക്കുകയാണെങ്കിൽ മധ്യമ മാർഗ്ഗത്തിൽ നിന്നും അത് അണുകിട വ്യതിചലിച്ചതായി കാണാൻ സാധ്യമല്ല. അത് ഒരിക്കലും തന്നെ ഒരു പ്രത്യേക ദേശീയ ജനവിഭാഗത്തിനുനേരെയോ ഒരു പ്രത്യയ ശാസ്ത്രത്തെക്കൊള്ളെയോ ചായുന്നില്ല. പൊതുവേ സാർവ്വത്രിക ഭാവത്തോടെ തികഞ്ഞ സന്തുലനവും തുലമാനവും പാലിക്കുന്ന ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ.

***ഫി(ൽ)*** എന്ന അറബി ഗതിപ്രത്യയം (Preposition) അബ്ദ് അല്ലെങ്കിൽ ദൈവത്തിന്റെ ദാസൻ എന്ന പദവുമായി (ഉദാ: മുഹമ്മദ്) സംയോജിപ്പിക്കാവുന്നതാണ്. മേൽ വചനം ഇപ്രകാരം വിവർത്തനം ചെയ്യാവുന്നതാണ്. 'എല്ലാ സ്തുതിയും വക്രതയില്ലാത്ത തന്റെ ദാസന് ഒരു ഗ്രന്ഥം വെളിപ്പെടുത്തിയ അല്ലാഹുവിന്നാണ്.'

ഇത് കുറച്ചു കൂടി വിശദീകരിക്കാവുന്നതാണ്. അല്ലാഹു പ്രഖ്യാപിക്കുന്നത് എന്തെന്നാൽ ഒരു മാർഗ്ഗദർശകൻ എന്ന നിലയിൽ മുഹമ്മദ് അഖില ലോകത്തിനുമായി അവതരിച്ച പ്രവാചകനാണ്. അദ്ദേഹത്തിന്റെ പ്രകാശം ഒരു ജനതക്കോ ഏതെങ്കിലും ഒരു ഭൗമാതിർത്തിക്കുള്ളിലോ മാത്രം പരിമിതമല്ല. മാനവരാശിയെ മുഴുവൻ പ്രകാശിതമാക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് അദ്ദേഹത്തെ അയച്ചത്.

اَللّٰهُ نُوْرُ السَّمٰوٰتِ وَ الْاَرْضِ ؕ مَثَلُ نُوْرِهٖ كَمِشْكٰوةٍ فِيْهَا مِصْبَاحٌ ؕ اَلْمِصْبَاحُ فِىْ زُجَاجَةٍ ؕ اَلزُّجَاجَةُ كَاَنَّهَا كَوْكَبٌ دُرِّىٌّ يُّوْقَدُ مِنْ شَجَرَةٍ مُّبٰرَكَةٍ زَيْتُوْنَةٍ لَّا شَرْقِيَّةٍ وَّلَا غَرْبِيَّةٍ ۙ يَّكَادُ زَيْتُهَا يُضِىْٓءُ وَلَوْ لَمْ تَمْسَسْهُ نَارٌ ؕ

*'അല്ലാഹു ആകാശങ്ങളുടേയും ഭൂമിയുടേയും പ്രകാശമാണ്. അവന്റെ പ്രകാശത്തിന്റെ ഉപമ വിളക്കുമാടം പോലെയാണ്. അവിടെ ഒരു ദീപമുണ്ട്. ആ ദീപം ഒരു സ്ഫടിക കൂട്ടിലാണ് സ്ഥിതിചെയ്യുന്നത്. ആ സ്ഫടികക്കൂട് മിന്നിത്തിളങ്ങുന്ന ഒരു നക്ഷത്രം പോലെയാണ്. അത് അനുഗൃഹീതമായ ഒരു വൃക്ഷത്തിന്റെ, പൗരസ്ത്യമോ പാശ്ചാത്യമോ അല്ലാത്ത ഒരു ഒലീവ് വൃക്ഷത്തിന്റെ എണ്ണകൊണ്ടാണ് പ്രകാശിപ്പിക്കപ്പെടുന്നത്. അതിന്റെ എണ്ണയെ അഗ്നി സ്പർശിച്ചില്ലെങ്കിലും അത് പ്രകാശിതമാവും.'*
*(സൂറ: അന്നൂർ 24: 36)*

അല്ലാഹുവിന്റെ പ്രകാശം എന്ന ഈ വിവരണത്തോടെ പരിശുദ്ധ പ്രവാചക(സ)ന്റെ ഉന്നതമായ ഗുണങ്ങൾ വർണ്ണിക്കാൻ ആരംഭിക്കുന്നു. ഈ വിവരണം ഉച്ചശൃംഖത്തിലെത്തുന്നത് 'പൗരസ്ത്യമോ പശ്ചാത്യമോ അല്ലാത്ത' എന്ന ഒരു ശൈലിയോടെയാണ്. ദൈവം സൂര്യനെ പടിഞ്ഞാറിനും കിഴക്കിനും ഒരുപോലെ പ്രകാശത്തിന്റെ സ്രോതസ്സാക്കി സൃഷ്ടിച്ചിരിക്കുന്നു. ആത്മീയമായി മുഹമ്മദ്(സ) ദൈവത്തിന്റെ പ്രകാശത്തെ സർവ്വ മനുഷ്യരിലും പുനഃപ്രസരിപ്പിക്കുന്ന ഒരു ഉപാധിയാണ്. ഈ അർത്ഥത്തിൽ മുഹമ്മദ് നബി(സ) കിഴക്കും പടിഞ്ഞാറും ഒരുപോലെ പ്രകാശിപ്പിക്കുന്ന സൂര്യനെപ്പോലെ അതിമഹിതമായ ഒരു സ്ഥാനമാണ് വഹിക്കുന്നത്.

സൂര്യൻ പ്രകാശത്തിന്റെ അന്തിമ സ്രോതസ്സായി കാണപ്പെടുന്നു. പക്ഷേ ഒരാൾ അഗാധമായി ചിന്തിക്കുമ്പോൾ അതിന്റെ പ്രകാശ ഗുണം കടപ്പെട്ടിരിക്കുന്നത് അതിന്റെ സ്രഷ്ടാവിലേക്കാണ്. അത്കൊണ്ട് ഒരാൾക്ക് നിസ്സംശയമായും യാതൊരു തടസ്സവും കൂടാതെ എല്ലാ പ്രകാശത്തിന്റെയും അന്തിമ സ്രോതസ്സ് ദൈവമാണെന്ന നിഗമനത്തിലെത്താവുന്നതാണ്. അപ്രകാരം പ്രവാചകന്മാർ സൂര്യന്റെ സ്ഥാനമാണ് വഹിക്കുന്നത്. അതായത് ദൈവത്തിന്റെ പ്രകാശം അവന്റെ ദാസരിലേക്ക് എത്തിക്കലാണല്ലോ സൂര്യന്റെ ധർമ്മം.

വാനലോകത്ത് പ്രകാശത്തിന്റെ സ്രോതസ്സായി വർത്തിക്കുന്ന നിരവധി വസ്തുക്കളുണ്ട്. ഭൂമിയുമായി ബന്ധപ്പെട്ട് അതിലെല്ലാറ്റിലും വെച്ച് സൂര്യൻ ഏറ്റവും അനുപമമായ ഒരു സ്ഥാന

മാണ് വഹിക്കുന്നത്. അതിന്റെ സാർവ്വലൗകികമായ സ്വഭാവം വളരെ പ്രകടമാണ്. അപ്രകാരം പരിശുദ്ധ പ്രവാചക(സ)ന്റെ പ്രതിച്ഛായ സാർവ്വ ലൗകികമായി നിൽക്കുന്നു. അത് ലോകമാകെ പ്രകാശമാനമാക്കുന്നു. പാശ്ചാത്യമോ പൗരസ്ത്യമോ ആയ യാതൊരു വ്യത്യാസവും അതിനില്ല.

വിശുദ്ധ ഖുർആന്റെ അദ്ധ്യാപന സാകല്യം പൂർണ്ണ തികവോടെ പ്രവാചകൻ മുഹമ്മദ് നബി(സ)യിൽ പ്രതിഫലിക്കുന്നു. പ്രവാചക(സ)ന്റെ അദ്ധ്യാപനങ്ങളും മാതൃകകളും തമ്മിൽ സമഞ്ജസമായ പാരസ്പര്യമുണ്ട്. അതുകൊണ്ടാണ് പരിശുദ്ധ പ്രവാചക(സ)ന്റെ സഹധർമ്മിണി ആയിശ(റ)യോട് അവിടുത്തെ സ്വഭാവം വിവരിക്കാൻ ആവശ്യപ്പെട്ടപ്പോൾ അവരുടെ ഹ്രസ്വവും സംഗൃഹീതവുമായ മറുപടി ഇതായിരുന്നു:

كَانَ خُلُقُهُ فِي الْقُرْآنَ

*'അവിടുന്ന് ഖുർആന്റെ ആൾരൂപമായിരുന്നു'.*[8]

പരിശുദ്ധ പ്രവാചക(സ)ന്റെ സ്വഭാവത്തിൽ എല്ലാ ഓരോ തലങ്ങളിലും ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ ഏകോപനം കാണാമായിരുന്നു. റസൂൽ തിരുമേനി(സ)യുടെ സ്വഭാവഗുണം പോലെ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ സമ്പൂർണ്ണമായും സന്തുലനാത്മകമായും നീതിയുടെയും ഔദാര്യത്തിന്റെയും ബന്ധുത്വത്തിന്റെയും തത്ത്വങ്ങളിൽ അധിഷ്ഠിതമാണ്.

## മധ്യമ മാർഗ്ഗം

ഒരു സമുദായം എന്ന നിലക്ക് ഇസ്‌ലാമിക ഉമ്മത്തിന്റെ സ്വഭാവം പ്രവാചകനും അവിടുത്തെ അദ്ധ്യാപനങ്ങളുമായി സമഞ്ജസമായി സംയോജിക്കുന്നു:

وَكَذٰلِكَ جَعَلْنٰكُمْ اُمَّةً وَّسَطًا

*അതേ പ്രകാരം നാം നിങ്ങളെ ഒരു മധ്യമസമുദായമാക്കിയിരിക്കുന്നു. (സൂറ: അൽബഖറ 2:144)*

ഇസ്‌ലാംമത സ്ഥാപകനും അവിടുത്തേക്ക് ഇറക്കപ്പെട്ട ഗ്രന്ഥവും ഏകപക്ഷീയതിൽ നിന്നും തികച്ചും മുക്തമാണ്. അവ മധ്യ

മാർഗ്ഗവുമായി ഒത്തുനിൽക്കുന്നതാണ്. അതിനാൽ മുഹമ്മദ് നബി(സ)യുടെ സമുദായവും ഇടത് പക്ഷത്തേക്കോ വലത് പക്ഷത്തേക്കോ ചായാതെ മധ്യമാർഗ്ഗത്തോട് ഒട്ടി നിൽക്കുന്നതാണ്. ആനുഷംഗികമായി പറയട്ടെ, ഇപ്പോൾ ചില മുസ്ലിം വിഭാഗങ്ങൾ പ്രചരിപ്പിക്കുകയും പിന്തുടരുകയും അനുവർത്തിക്കുകയും ചെയ്തുവരുന്ന തീവ്രവാദത്തിന്ന് മുസ്ലിംകളുമായി യാതൊരു ബന്ധവുമില്ല.

കൂടാതെ മധ്യമം എന്ന് അർത്ഥം വരുന്ന '*വസ്ത്*' എന്ന അറബി പദത്തിന്ന് ഏറ്റവും വിശിഷ്ടമായത് എന്ന അർത്ഥധ്വനികൂടിയുണ്ട്. ആരെയെങ്കിലും *വസ്ത്* എന്ന് വിശേഷിപ്പിച്ചാൽ അയാൾ സന്തുലനം പാലിക്കുന്നയാളും മധ്യമ നില കൈക്കൊള്ളുന്നവനും അതോടൊപ്പം ഏറ്റവും ഉത്കൃഷ്ട സ്വഭാവത്തോടുകൂടിയ ആളുമാണ് എന്നാണ് അർത്ഥം. അതിനാൽ *ഉമ്മത്തൻ വസതൻ* എന്ന് വിശേഷിപ്പിക്കപ്പെട്ടാൽ ഏറ്റവും ഉത്കൃഷ്ടമായത് എന്നാണ് അർത്ഥം. ഈ സ്വഭാവം ഒരു ജനതയുടെ അടിസ്ഥാനഗുണമായി മാറുകയാണെങ്കിൽ, ആ സമൂഹം എല്ലാ സന്ദർഭത്തിലും പരീക്ഷണ ഘട്ടങ്ങളിലും മധ്യമ നിലപാടായിരിക്കും സ്വീകരിക്കുക. ആ സമൂഹത്തിന്റെ ചായ്വ് ഒരിക്കലും ഏകപക്ഷീയമാവില്ല. ആ സമൂഹം മറ്റുള്ള ജനസമൂഹങ്ങളുടെ വിശ്വാസത്തിനും ആദരവിനും പാത്രമാവുന്നതാണ്. ഒരു പക്ഷത്തോട് മാത്രം വിഭാഗീയത പുലർത്തുന്ന ഒരു ജനതക്ക് മറ്റുള്ളവർക്കിട യിൽ ന്യായവിസ്താരം ചെയ്യാനുള്ള യാതൊരു അവകാശവുമില്ല. അതിനാൽ ഇസ്ലാമിന് മനുഷ്യവംശത്തിന്റെ സംരക്ഷണ ചുമതലയുള്ള സാർവ്വദേശീയമായ ഒരു ന്യായവിസ്താരകനാകാനുള്ള ശേഷിയുണ്ട്. അപ്രകാരം ഇസ്ലാമിന്റെ പ്രവാചകൻ(സ) ഉമ്മത്തിന്റെ സ്വഭാവത്തിന്ന് കാവൽ നിൽക്കുന്നു. ന്യായത്തിനും നീതിക്കും ഒപ്പംചേർന്ന് നിൽക്കുമെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഈയൊരു കർത്തവ്യമാണ് അദ്ദേഹത്തിൽ ഏൽപ്പിക്കപ്പെട്ടത്. കാരണം അവിടുന്ന് എല്ലാ നീതിമാന്മാരേക്കാളും ഏറ്റവും പരമോന്നത സ്ഥാനത്ത് നിൽക്കുന്നു എന്നതുകൊണ്ടാണ്. അവിടുന്ന് പ്രപഞ്ച സ്രഷ്ടാവായ തന്റെ സർവ്വാധിനാഥനായ യജമാനനിൽ സമ്പൂർണ്ണ വിശ്വാസമർപ്പിക്കുന്നു. മുസ്ലിംകളുടെ സംരക്ഷകനായി മാത്രമല്ല അവിടുന്ന് വിവരിക്കപ്പെടു

ന്നത്. താഴെ കാണുന്ന വചനത്തിൽ സകല പ്രവാചകന്മാരുടെയും സംരക്ഷകനായിട്ടാണ് അദ്ദേഹം വിശദീകരിക്കപ്പെടുന്നത്.

فَكَيْفَ إِذَا جِئْنَا مِن كُلِّ أُمَّةٍ بِشَهِيدٍ وَجِئْنَا بِكَ عَلَىٰ هَٰؤُلَاءِ شَهِيدًا ﴿٤٢﴾

*എന്നാൽ നാം ഓരോ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ കൊണ്ടു വരികയും ഇവർക്ക് സാക്ഷിയായി നാം നിന്നെ കൊണ്ടു വരികയും ചെയ്യുമ്പോൾ (ഇവരുടെ) സ്ഥിതി എന്തായിരിക്കും.?*

*(സൂറ: അന്നിസാഅ്: 4:42)*

## ഋജുവായ മാർഗ്ഗം

മുസ്ലിംകൾക്കായി ഖുർആൻ നിർദ്ദേശിച്ച ജീവിതമാർഗ്ഗം നല്ലത് പോലെ സന്തുലനമാക്കപ്പെട്ടതാണെന്ന് മാത്രമല്ല അത് മധ്യമ മാർഗ്ഗവുമാണ്. പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ വക്രതകളിൽ നിന്നും അത് വിമുക്തവുമാണ്. ഇസ്ലാം മത ത്തിന്റെ സാരസർവസ്വം എന്തെന്നാൽ അത് ഏറ്റവും നന്നായി സന്തുലനമാക്കപ്പെട്ടതും മുൻ വിധിയിൽ നിന്ന് മുക്ത്വുമാണ് എന്നതാണ്. ഈ പ്രമേയം വീണ്ടും വിശദമാക്കികൊണ്ട് ഖുർആൻ പറയുന്നു:

قُلْ إِنَّنِي هَدَانِي رَبِّي إِلَىٰ صِرَاطٍ مُّسْتَقِيمٍ دِينًا قِيَمًا مِّلَّةَ إِبْرَاهِيمَ حَنِيفًا وَمَا كَانَ مِنَ الْمُشْرِكِينَ ﴿١٦٢﴾

*പറയുക: എന്റെ നാഥൻ തീർച്ചയായും എന്നെ നേർമാർ ഗ്ഗത്തിലേക്ക് നയിച്ചിട്ടുണ്ട്; ഋജുവായ മതത്തിലേക്ക്. അതാ യത് ധർമ്മനിഷ്ഠനായ ഇബ്രാഹിമിന്റെ മാർഗ്ഗത്തിലേക്ക്. അദ്ദേഹം ബഹുദൈവ വിശ്വാസികളിൽ പെട്ടവനായിരു ന്നില്ല.*

*(സൂറ: ആൻആം 6:162)*

ഈ വചനം *സിറാത്തെ മുസ്ത്ഖീം* എന്താണെന്നതിലേക്ക് പുതിയ വെളിച്ചം തെളിക്കുന്നു. മധ്യമാർഗ്ഗം അവലംബിക്കുന്നത് കൂടാതെ അതിന്ന് സ്ഥിരോത്സാഹം, അക്ഷീണ പരിശ്രമം എന്നീ ഗുണങ്ങളും വേണം. ഉദാഹരണമായി *ഇസ്തഖാമ സെ യ്ദൂൻ* എന്നതിന്റെ അർത്ഥം സൈദ്, അവനെ പുറന്ത ള്ളാനും അസ്ഥിരപ്പെടുത്താനും നടത്തുന്ന എല്ലാ പരിശ്രമ

ങ്ങൾക്കെതിരെയും ഉറച്ചുനിലകൊണ്ടു, എന്നാൽ വെറും *ഖാമ* എന്നതിന്റെ അർത്ഥം നേരെ നിൽക്കുക എന്ന് മാത്രമാണ്. *ഖാമ, ഇസ്തിഖാമ* എന്നീ പദങ്ങളുടെ കേവലക്രിയ ഒന്ന് തന്നെയാണ്. എന്നാൽ *ഇസ്ത്* എന്ന ഉപസർഗ്ഗം മുന്നിൽ ചേർക്കുമ്പോൾ ആ പദത്തിന്ന് ഒരു പുതിയ കേന്ദ്ര അർത്ഥധ്വനി കൂടി കൈവരുന്നു. അതിന്റെ പുതിയ അർത്ഥധ്വനി പ്രകാരം ഉന്മൂലനം ചെയ്യാനും ബഹിഷ്ക്കരിക്കാനും അസ്ഥിരമാക്കാനുമുള്ള എല്ലാ ശ്രമത്തിനെതിരെയുമുള്ള അക്ഷീണ ചെറുത്ത് നിൽപ്പ് എന്നാണ്. മനുഷ്യന്റെ കാര്യത്തിൽ അത് അർത്ഥമാക്കുന്നത് ഒരാളുടെ വിശ്വാസത്തിൽ കഠിനവ്രതമെടുത്തുകൊണ്ട് അതിന് വിപരീതം നിൽക്കുന്ന എല്ലാറ്റിന്നെതിരെയുമുള്ള അക്ഷീണ പരിശ്രമം, സ്ഥിരോത്സാഹം, ദൃഢനിശ്ചയം എന്നൊക്കെയാണ്. ആയതിനാൽ മുസ്ലിംകൾ എല്ലാവരും *സിറാത്തെ മുസ്തഖീം* ൽ നിൽക്കാൻ പ്രാർത്ഥന ആവശ്യമാണ്. അതേസമയം ശത്രു പ്രസ്തുത പ്രാർത്ഥനയിൽ നിന്നും വ്യതിചലിപ്പിക്കാൻ അക്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

അതിനാൽ *സിറാത്തെ മുസ്തഖീം* എന്നത് മറ്റുള്ളവർ വിരൂപണം വരുത്താനും വളക്കാനും മാറ്റാനും ശ്രമിക്കുന്ന നേർമാർഗ്ഗം എന്നാണ്. അത്തരം സംഘടിത ശ്രമങ്ങളെല്ലാം തന്നെ ഒരു വശത്തുണ്ടെങ്കിലും ഋജു മാർഗ്ഗത്തിൽ നിന്നും വ്യതിചലിപ്പിക്കാനുള്ള എല്ലാ ശ്രമങ്ങളും നിഷ്ഫലമാവുമെന്ന് ദൈവം ഉറപ്പ് നൽകുന്നു. ഇസ്ലാം മതത്തിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളുടെ പുന:സ്ഥാപനം ചുരുങ്ങിയത് ഒരു നൂറ്റാണ്ടുകാലത്തിന്നുള്ളിൽ സംഭവിക്കുന്നു എന്ന് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. അത് ദൈവത്തിൽ നിന്നും മാർഗ്ഗ ദർശനം ലഭിക്കുന്ന ഒരു മഹാത്മാവിനാലാണ് സംഭവിക്കുക. മനുഷ്യകൃതമായ വ്യതിയാനങ്ങളും സ്വാഭാവികമായുണ്ടാകുന്ന ജീർണ്ണതകളുടെ അടയാളങ്ങളും ആ ദൈവപ്രേഷിതനാൽ കാലാകാലങ്ങളിൽ പരിഷ്ക്കരിക്കപ്പെടും എന്നാണ് വാഗ്ദാനം.

എല്ലാ സംഭവങ്ങളിലും *വസതൻ* എന്ന പദത്തിന്റെ യഥാർത്ഥ അർത്ഥം ഇസ്ലാമിന്റെ പ്രവാചകൻ(സ) വക്രതയിൽ നിന്നും ഏകപക്ഷീയതയിൽ നിന്നും മുക്തമാണ് എന്നതാണ്. അപ്രകാരം

അവിടുത്തെ ഉമ്മത്തും അദ്ധ്യാപനങ്ങളും അത്തരത്തിലുള്ളതായിരിക്കണം.

ഓർക്കേണ്ട ഒരു കാര്യം നേർമാർഗ്ഗത്തിന്റെ സങ്കൽപ്പം മനുഷ്യ പുരോഗതിയോടൊപ്പം കാലഘട്ടങ്ങളിലൂടെ ക്രമേണ വികസിച്ചതും ഘട്ടം ഘട്ടങ്ങളായി പുരോഗമിച്ചതുമാണ്. ഇസ്‌ലാമിക പൂർവ്വ മതങ്ങളിലും നേർമാർഗ്ഗത്തിന്റേതായ സങ്കൽപ്പം കാണാവുന്നതാണ്. ഉദാഹരണമായി മേൽ ഉദ്ധരിച്ച ഖുർആൻ വചനത്തിൽ പരിശുദ്ധ പ്രവാചകൻ(സ) തന്റെ മതത്തെ നേർമാർഗ്ഗമായിട്ടാണ് പറയുന്നത്. ഇബ്രാഹിം നബി(അ)യുടെമതം തന്നെയാണ് അതെന്നും വിശേഷിപ്പിക്കുന്നു. തന്റെ അദ്ധ്യാപനങ്ങളും ഇബ്രാഹിമി(അ)ന്റെ മാർഗ്ഗത്തിലുള്ളതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഇബ്രാഹിം(അ)ന് കാണിക്കപ്പെട്ട നേർമാർഗ്ഗവും മുഹമ്മദ്(സ)ന് കാണിക്കപ്പെട്ട നേർമാർഗ്ഗവും തമ്മിലുള്ള വ്യത്യാസം എന്താണ്? വ്യത്യാസം ഒരു കാര്യത്തിൽ മാത്രമാണ്. തുടക്കം മുതൽ മനുഷ്യൻ ശരിയായ മാർഗ്ഗത്തിലാണ് നയിക്കപ്പെട്ടുകൊണ്ടിരുന്നത്. പക്ഷേ ഇസ്‌ലാമിന് മുമ്പുള്ള എല്ലാ മതങ്ങളും പ്രത്യേകമായ ഒരു കാലഘട്ടത്തിന്റെയോ ഒരു ജന വിഭാഗത്തിന്റെയോ ആവശ്യങ്ങളെ മുൻനിർത്തിയുള്ളതാണ്. ഇസ്‌ലാമിന് മുമ്പ് ഒരു സാർവ്വജനീനമായ മതം ഇല്ലായിരുന്നു. ആയതിനാൽ നേർമാർഗ്ഗത്തിന്റെ നിർവചനം ചില പ്രത്യേകമായ സമയത്തേക്കോ ജനതയുടെ നിർദ്ദിഷ്ടമായ ആവശ്യങ്ങളെയോ മുൻനിർത്തിയുള്ളതായിരുന്നു. അല്ലാഹു ഖുർആനിൽ പറയുന്നു:

وَمَآ اَنْتُمْ بِمُعْجِزِيْنَ فِى الْاَرْضِ ۚۖ وَمَا لَكُمْ مِّنْ دُوْنِ اللّٰهِ مِنْ وَّلِيٍّ وَّلَا نَصِيْرٍ ﴿٣٢﴾
وَتِلْكَ حُجَّتُنَآ اٰتَيْنٰهَآ اِبْرٰهِيْمَ عَلٰى قَوْمِهٖ ؕ نَرْفَعُ دَرَجٰتٍ مَّنْ نَّشَآءُ ؕ اِنَّ رَبَّكَ
حَكِيْمٌ عَلِيْمٌ ﴿٨٤﴾ وَوَهَبْنَا لَهٗٓ اِسْحٰقَ وَيَعْقُوْبَ ؕ كُلًّا هَدَيْنَا ۚ وَنُوْحًا هَدَيْنَا مِنْ
قَبْلُ وَمِنْ ذُرِّيَّتِهٖ دَاوٗدَ وَسُلَيْمٰنَ وَاَيُّوْبَ وَيُوْسُفَ وَمُوْسٰى وَهٰرُوْنَ ؕ وَكَذٰلِكَ
نَجْزِى الْمُحْسِنِيْنَ ﴿٨٥﴾ ۙ وَزَكَرِيَّا وَيَحْيٰى وَعِيْسٰى وَاِلْيَاسَ ؕ كُلٌّ مِّنَ الصّٰلِحِيْنَ
﴿٨٦﴾ ۙ وَاِسْمٰعِيْلَ وَالْيَسَعَ وَيُوْنُسَ وَلُوْطًا ؕ وَكُلًّا فَضَّلْنَا عَلَى الْعٰلَمِيْنَ ﴿٨٧﴾ ۙ

وَمِنْ اٰبَآىِٕهِمْ وَذُرِّيّٰتِهِمْ وَاِخْوَانِهِمْ ۚ وَاجْتَبَيْنٰهُمْ وَهَدَيْنٰهُمْ اِلٰى صِرَاطٍ مُّسْتَقِيْمٍ ﴿٨٨﴾

*വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തെ അനീതിയുമായി കൂട്ടിക്കലർത്താതിരിക്കുകയും ചെയ്യുന്നവരാരോ അവർക്കാണ് രക്ഷയുള്ളത്. നേർമാർഗ്ഗം പ്രാപിക്കുന്നവരും അവർ തന്നെ. ഇബ്രാഹിമിന്ന് അദ്ദേഹത്തിന്റെ ജനങ്ങൾക്കെതിരായി നാം നൽകിയ നമ്മുടെ തെളിവാണിത്. നാം ഇച്ഛിക്കുന്നവരെ പല പദവികളിലായി നാം ഉയർത്തുന്നു. തീർച്ചയായും നിന്റെ നാഥൻ യുക്തിജ്ഞനും സർവ്വജ്ഞനുമാകുന്നു. നാം അദ്ദേഹത്തിന്ന് ഇസ്ഹാഖിനെയും യഅ്ഖൂബിനേയും ദാനമായി നൽകി. എല്ലാവർക്കും നാം നേർവഴി കാണിച്ചു കൊടുത്തു. ഇതിനുമുമ്പ് നൂഹിനും നാം മാർഗ്ഗദർശനം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ (ഇബ്രാഹിമിന്റെ സന്തതികളിൽ നിന്ന് ദാവൂദ്, സുലൈമാൻ, അയ്യൂബ്, യൂസുഫ്, മൂസാ, ഹാറൂൻ എന്നിവർക്കും (നാം സന്മാർഗ്ഗം കാണിച്ചുകൊടുത്തു) ഇങ്ങനെയാണ് സദ്വൃത്തർക്ക് നാം പ്രതിഫലം നൽകുന്നത്. സകരിയ്യ, യഹ്‌യാ, ഈസാ, ഇൽയാസ്, എന്നിവർക്കും (നാം നേർമാർഗ്ഗം കാണിച്ചുകൊടുത്തിട്ടുണ്ട്.) അവർ എല്ലാവരും സുകൃതവാന്മാരിൽ പെട്ടവരായിരുന്നു. ഇസ്മായിൽ, അൽയസഅ്, യൂനുസ്, ലൂത്ത് എന്നിവർക്കും (നാം മാർഗ്ഗദർശനം നൽകിയിട്ടുണ്ട്.) ഇവരെയെല്ലാം നാം സമസ്ത ലോകരേക്കാളും ശ്രേഷ്ഠരാക്കുകയും ചെയ്തു. അവരുടെ പിതാക്കളിൽ നിന്നും അവരുടെ സന്തതികളിൽ നിന്നും അവരുടെ സഹോദരങ്ങളിൽ നിന്നും ചിലർക്ക് (നാം മാർഗ്ഗദർശനം നൽകിയിട്ടുണ്ട്.) നാം അവരെ തിരഞ്ഞെടുക്കുകയും ചൊവ്വായ മാർഗ്ഗത്തിൽ അവരെ വഴി നടത്തുകയും ചെയ്തു.*

*(സൂറ:അൻആം 6:83-88)*

ശരിയായ മാർഗ്ഗം എന്നത് ഇസ്‌ലാമിന്റെ മാത്രം കുത്തകയല്ല. ഇസ്‌ലാം ആവിർഭവിക്കുന്നതിന്ന് മുമ്പ് മേൽ പ്രതിപാദിച്ച വചനം അവകാശപ്പെടുന്നത് പോലെ നേർമാർഗ്ഗത്തെ കുറിച്ചുള്ള അദ്ധ്യാപനങ്ങൾ എല്ലാ പ്രവാചകന്മാരും നൽകിയിരുന്നു. അ

തിനാൽ എപ്പോഴാണ് ഒരു സാർവ്വജനീന പ്രവാചകൻ ലോകത്ത് പ്രത്യക്ഷനായത്? എപ്പോഴാണ് നേർ മാർഗ്ഗത്തിന് സാർവ്വ ജനീന മായ ഒരു പ്രാധാന്യം ലഭിച്ചത്? ഈ ചോദ്യത്തിന് ഉത്തരം പറ യുന്നതിന് വേണ്ടി ഇസ്‌ലാമിന്റെ സാർവ്വ ദേശീയതയുമായും പ രിശുദ്ധ പ്രവാചക(സ)ന്റെ സാർവ്വ ജനീനവുമായും ബന്ധപ്പെട്ട വിശുദ്ധ ഖുർആന്റെ വചനങ്ങൾ പഠിക്കേണ്ടിയിരിക്കുന്നു. ഖുർ ആൻ പറയുന്നു:

وَمَآ أَرْسَلْنَٰكَ إِلَّا رَحْمَةً لِّلْعَٰلَمِينَ ﴿١٠٨﴾

*നാം നിന്നെ സകലലോകത്തിന്നും കാരുണ്യമായിട്ടല്ലാതെ അയച്ചിട്ടില്ല. (സൂറ: അൽ അംമ്പിയാഅ് 21:108)*

وَمَآ أَرْسَلْنَٰكَ إِلَّا كَآفَّةً لِّلنَّاسِ بَشِيرًا وَنَذِيرًا وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ ﴿٢٩﴾

*സന്തോഷ വാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നൽ കുന്നവനുമായി സമസ്ത മനുഷ്യർക്കും വേണ്ടിയല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. പക്ഷേ മനുഷ്യരിൽ അധികപേ രും ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്നില്ല. (സൂറ: സബഅ് 34: 29)*

ഇവിടെ കുറച്ചു കൂടി ഊന്നൽ നൽകി വിശദീകരിക്കേ ണ്ടതുണ്ട്. ഖുർആൻ വെളിപ്പെടുന്നതുവരെ മറ്റു യാതൊരു വെളിപാടു ഗ്രന്ഥവും സാർവ്വ ജനീനമാണെന്ന് അവയുടെ സ ന്ദേശത്തിലും അതിന്റെ പ്രയോഗവത്ക്കരണത്തിലും അവകാശ പെട്ടിട്ടില്ല. മുഹമ്മദ് നബി(സ) ക്ക് മുമ്പ് ഒരു പ്രവാചകനുംതന്നെ ജനങ്ങൾ തമ്മിലോ ദേശീയ വിഭാഗങ്ങൾ തമ്മിലോ യാതൊരു വിഭാഗീയതയും കൂടാതെ മനുഷ്യരാശിയെ മുഴുവൻ അഭിസം ബോധന ചെയ്തുകൊണ്ട് താൻ സാർവ്വ ജനീന പ്രവാചക നാണെന്ന് പ്രഖ്യാപിച്ചിട്ടില്ല. മറ്റു പ്രവാചകന്മാരെല്ലാം തങ്ങ ളുടെ ജനതയെ മാത്രമാണ് അഭിസംബോധന ചെയ്തത്. അവർ അയൽ രാജ്യങ്ങളിൽ ഉൾപ്പെട്ടവരായിരിക്കാം. അല്ലെ ങ്കിൽ അവർ അതിഥി രാജ്യങ്ങളിൽ കുടിയേറ്റക്കാരായി ജീവി ക്കുന്നവരായിരിക്കാം. എന്നാൽ ഖുർആൻ അല്ലാതെ മറ്റൊരു ദൈവിക ഗ്രന്ഥവും മാനവ വംശത്തെ ഒന്നാകെ അഭിസംബോ ധന ചെയ്തിട്ടില്ല. അതുകൊണ്ട് നേർമാർഗ്ഗം എന്നത് പൂർവ്വ

മതങ്ങളിൽ അവർ നിർവ്വചിച്ചിരുന്നത് അവരുടെ പ്രത്യേകം ആവശ്യങ്ങളുടെ നിർവ്വഹണത്തിനുള്ള പരിമിത വൃത്തത്തിലാണെന്ന് മനസ്സിലാക്കണം.

## ഇസ്‌ലാമും മനുഷ്യ പ്രകൃതിയും

സർവ്വ മനുഷ്യർക്കും സർവ്വകാലത്തേക്കുമുള്ള ഒരേയൊരു ദൈവിക ഗ്രന്ഥമാണ് ഖുർആൻ എന്ന് സ്ഥാപിക്കപ്പെടുമ്പോൾ അതിന്റെ അദ്ധ്യാപനങ്ങൾ എല്ലാ മനുഷ്യ വിഭാഗങ്ങൾക്കും ഒരു പോലെ ബാധകമായിരിക്കണം. അതിന്റെ അദ്ധ്യാപനങ്ങൾ സമൂഹത്തിലെ ഏതെങ്കിലും ഒരു വിഭാഗത്തിന്ന് പക്ഷപാതിത്വമോ അമിത പ്രാധാന്യമോ കാണിക്കാൻ പാടുള്ളതല്ല. അത് ഒരു കാലത്തേക്ക് മാത്രമുള്ള അദ്ധ്യാപനമായിരിക്കാനും പാടില്ല. അത് സ്ഥലകാലങ്ങളുടെ എല്ലാ അതിർവരമ്പുകളും അതിവർത്തിക്കുന്നതായിരിക്കണം. അല്ലെങ്കിൽ സാർവ്വജനീനത എന്ന അവകാശവാദം അംഗീകരിക്കപ്പെടാൻ സാദ്ധ്യതയില്ല.

ഈ ഒരു വീക്ഷണകോണിൽ നിന്നുകൊണ്ട് നാം ഖുർആന്റെ സാർവ്വജനീനമാണെന്ന അവകാശവാദം പരിശോധിക്കുമ്പോൾ ഖുർആന്റെ അദ്ധ്യാപനങ്ങൾ പൂർണ്ണമായും അതിന്റെ അവകാശവാദത്തെ പിന്തുണക്കുന്നതായി കാണാം. ഇത് സംബന്ധിച്ച് മുന്നോട്ടുവെക്കുന്ന അടിസ്ഥാനപരവും സുപ്രധാനവുമായ വാദം ഇസ്‌ലാം മതം മനുഷ്യ പ്രകൃതിയുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നതാണ് എന്നതാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഇസ്‌ലാം ഒരു പ്രത്യേക കാലഘട്ടത്തിന്നോ ജനതക്കോ വേണ്ടിയല്ല അഭികൽപ്പന ചെയ്യപ്പെട്ടിരിക്കുന്നത് എന്ന് മനസ്സിലാക്കുക. മറിച്ച് അത് മനുഷ്യ പ്രകൃതിയുമായി പൂർണ്ണമായും ഒത്തുപോകുന്നതാണ്. ലോകത്തെല്ലായിടത്തും മനുഷ്യപ്രകൃതി ഏകതാനമാണ്. വംശീയമായോ ജനവർഗ്ഗപരമായോ മനുഷ്യപ്രകൃതി എവിടേയും സ്വാധീനിക്കപ്പെടുന്നില്ല. അത് പോലെ കാലഘട്ടങ്ങൾ മനുഷ്യന്റെ അടിസ്ഥാനപരമായ വ്യക്തിത്വം മാറ്റുന്നില്ല. പതിനായിരം വർഷങ്ങൾക്ക് മുമ്പ് ആദ്ധ്യാത്മികമായും നാഗരികമായും അപരിഷ്കൃതനായി ജീവിച്ച മനുഷ്യന് ഇന്നത്തെ നാഗരിക മനുഷ്യന്റെ സമാന പ്രകൃതിയാണുള്ളത്. ഖുർആൻ പറയുന്നു:

فَأَقِمْ وَجْهَكَ لِلدِّينِ حَنِيفًا ۚ فِطْرَتَ اللَّهِ الَّتِي فَطَرَ النَّاسَ عَلَيْهَا ۚ لَا تَبْدِيلَ لِخَلْقِ اللَّهِ ۚ ذَٰلِكَ الدِّينُ الْقَيِّمُ وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ ﴿٣١﴾

*അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യനെ സൃഷ്ടിച്ചുവോ ആ പ്രകൃതി (കൈക്കൊള്ളുക). അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ യാതൊരു മാറ്റവുമില്ല. അതത്രെ എന്നെന്നും നിലനിൽക്കുന്ന മതം. പക്ഷേ മനുഷ്യരിൽ അധികപേരും യാഥാർത്ഥ്യം അറിയുന്നില്ല. (സൂറ: അർറൂം 30:31)*

അല്ലാഹു മനുഷ്യനെ സൃഷ്ടിച്ച മൂശയ്ക്ക് മാറ്റമില്ല. അല്ലാഹു സൃഷ്ടിച്ച എല്ലാറ്റിന്നും ഒരു മൂശയും മുദ്രയുമുണ്ട്. ഇത് എല്ലാ ജീവിവർഗ്ഗങ്ങൾക്കും എല്ലാ ജീവരാശിക്കും എല്ലാ ജീവിസമൂഹങ്ങളെ സംബന്ധിച്ചും ശരിയാണ്. ഈ തത്ത്വത്തിൽ നിന്നും ഒരുജീവി വർഗ്ഗവും ജീവരാശിയും ജീവിസമൂഹവും ഒഴിവല്ല. ഏത് കാലം വരെയാണ് ഒരു ജീവിവർഗ്ഗം അതിന്റെ സൃഷ്ടിപ്പിന്റെ പ്രത്യേക ലക്ഷ്യത്തിൽ നിലകൊള്ളുന്നത് അതുവരെ അത് അതിന്നായി കൽപിതമായ ഒരു മാതൃകയിൽ നിലകൊള്ളുന്നു. മറ്റൊരു ജീവിത രീതി തിരഞ്ഞെടുക്കാനുള്ള അവസരം ആ ജീവിക്കില്ല. ഒരു ജീവി അതിന്റെ സ്വഭാവം മാറാൻ ആരംഭിക്കുമ്പോൾ പോലും അത് പ്രകൃതിയുടെ പദ്ധതി ലംഘിക്കുന്നില്ല. വാസ്തവത്തിൽ ചില ജീവികളുടെ സ്വഭാവങ്ങളിൽ ക്രമേണ വ്യതിയാനങ്ങളുണ്ടാവാറുണ്ട്. അത് താഴ്ന്ന വർഗ്ഗങ്ങളിലേക്കുള്ള ഒരു ജീവിയിൽ നിന്നും അതിന്റെ തന്നെ ഉയർന്ന വർഗ്ഗങ്ങളിലേക്ക് മാറ്റത്തിനുള്ള തയ്യാറെടുപ്പുകളാണ്. ഇതും പ്രകൃതിയുടെ ഭാഗമാണ്. അത്തരം പ്രകൃതിയുടെ പദ്ധതികൾ മാറ്റമില്ലാതെ നിൽക്കുന്നു. ആ അർത്ഥത്തിൽ ഹോമോസാപിയൻസിന്റെ വർഗ്ഗത്തിൽ മനുഷ്യൻ നിൽക്കുന്ന കാലത്തോളം തന്റെ പുരാതനമായ പൂർവ്വഗാമികൾക്കുണ്ടായിരുന്ന അതേ ജനിതകപരമായി നിയന്ത്രിതമായ സ്വഭാവ വിശേഷങ്ങൾ തന്നെ ഉണ്ടായിരിക്കും. ഏതെങ്കിലും മതപരമായ അദ്ധ്യാപനങ്ങളെ നാം കണക്കിലെടുക്കുമ്പോൾ മനുഷ്യന്റെ ഈ മാറ്റമില്ലാത്ത സാർവ്വത്രികമായ സ്വഭാവം തുടർന്നും അചഞ്ചലമായി നിൽക്കുന്നു.

ഈ മതങ്ങളൊന്നും മാറാത്തത് കൊണ്ട്, അവ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ചിലപ്പോൾ പരിഷ്ക്കരിച്ചു കൊ

ണ്ടിരുന്നു. എന്നാൽ മറ്റെല്ലാ മതങ്ങളെയും ഒഴിവാക്കിക്കൊണ്ട് സത്യത്തിന്റെ കുത്തക ഇസ്‌ലാം അവകാശപ്പെടുന്നില്ല എന്ന കാര്യം വ്യക്തമായും മനസ്സിലാക്കണം. നേരെ മറിച്ച് ഇസ്‌ലാം എല്ലാ ദിവ്യമതങ്ങളും പൊതുവേ പങ്കിടുന്ന കേന്ദ്ര ദൈവ സങ്കൽപ്പത്തെ പറ്റി വ്യക്തമായി സംസാരിക്കുന്നു. കാലക്രമേണ മതത്തിന്റെ മുഖ്യ കാണ്ഡം ശക്തമായും വിസ്തൃതിയിലും വളരുന്നു. ആ മുഖ്യകാണ്ഡം പല ശാഖകൾക്കും ജന്മം നൽകുന്നു. അവ മതത്തിന്റെ ദ്വിതീയ അദ്ധ്യാപനങ്ങളായി പ്രവർത്തിക്കുകയും ചെയ്യുന്നു. അങ്ങനെ മതം പുരോഗമിക്കുന്നതിനനുസരിച്ച് മതത്തിന്റെ ഈ മുഖ്യ അടിസ്ഥാനങ്ങളുടെ അനുപാതത്തേക്കാൾ കൂടുതലായി ദിത്വീയ അദ്ധ്യാപനങ്ങൾ വലുതായി വരികയും ചെയ്യുന്നു. മുഖ്യ കാണ്ഡത്തിൽ നിന്നും ശാഖകളും ഇലച്ചാർത്തുകളും വളർന്നുകൊണ്ട് വ്യത്യാസങ്ങളുണ്ടാകുകയും ചെയ്യുന്നു. മുഖ്യ കാണ്ഡത്തിൽ മൗലികമായ യാതൊരു രൂപഘടനാ മാറ്റവും ഉണ്ടാകുന്നുമില്ല.

മനുഷ്യന്റെ അടിസ്ഥാന സ്വഭാവങ്ങളൊന്നും തന്നെ ബലി കഴിക്കാതെ മനുഷ്യസ്വഭാവത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന വിധം അതിന്റെ എല്ലാ പ്രത്യേകതകളും ഉൾക്കൊള്ളുന്ന ഒരു മതത്തെ അവതരിപ്പിച്ചു എന്നാണ് ഖുർആന്റെ അവകാശവാദം. ഇതിന്ന് ഉപയോഗിച്ച സാങ്കേതിക പദമാണ് ശരിയായ മതം എന്നർത്ഥം വരുന്ന *ദീനുൽ ഖയ്യിമ* (30:31). അത് സ്വയം തന്നെ ശരിയായ മതം എന്ന അർത്ഥം മാത്രമല്ല മറ്റുള്ളതിനെ ശരിയാക്കാനുള്ള ശേഷികൂടി അതിനുണ്ട് എന്ന അർത്ഥധ്വനി കൂടി ഉൾക്കൊള്ളുന്നു. മതം എന്നത് മനുഷ്യന്റെ പ്രകൃതിയിൽ മുദ്രണം ചെയ്ത ദൈവത്തിന്റെ വചനമാണ്. അത് സർവ്വ മനുഷ്യരിലും മുദ്രിതമായ അല്ലാഹുവിന്റെ പ്രകൃതിയാണ്. പരിശുദ്ധ പ്രവാചകന്റെ ഇത് സംബന്ധിച്ച നിരീക്ഷണം കാണുക.

مَا مِنْ مَوْلُودٍ يُولَدُ إِلَّا عَلَى فِطْرَةِ الْإِسْلَامِ

*ഒരുകുഞ്ഞും ഇസ്‌ലാമിന്റെ മൂശയിലല്ലാതെ ജനിക്കുന്നില്ല.*[9]

മറ്റൊരു ഹദീസിൽ അവിടുന്ന് വീണ്ടും അത് വിശദീകരിക്കുന്നു:

مَامِنْ مَوْلُودٍ إِلَّا يُولَدُ عَلَى الْفِطْرَةِ فَأَبَوَاهُ يُهَوِّدَانِهِ أَوْ يُنَصِّرَانِهِ أَوْ يُمَجِّسَانِهِ

*പ്രകൃതിയുമായി സാമഞ്ജസ്യപ്പെട്ടല്ലാതെ ഒരു കുഞ്ഞും ജനിക്കുന്നില്ല. മാതാപിതാക്കന്മാരാണ് അവരെ യഹൂദനും ക്രിസ്ത്യാനിയും അഗ്നിയാരാധകനും ആക്കിതീർക്കുന്നത്.*[10]

ഖുർആന്റെയും പരിശുദ്ധ പ്രവാചകന്റെയും വചനങ്ങളിൽ നിന്നും നമുക്ക് എത്താവുന്ന യുക്തിപരമായ നിഗമനം എന്താണെന്ന് വെച്ചാൽ മനുഷ്യപ്രകൃതിയും ഇസ്‌ലാം മതവും പരസ്പരം പര്യായ പദങ്ങളാണ് എന്നാണ്. അതായത് രക്ഷിതാക്കന്മാർക്ക് അവർ ആഗ്രഹിക്കുന്ന രൂപത്തിൽ കുട്ടികളെ വാർത്തെടുക്കാൻ സാധിക്കുന്നു.

സിഗ്മണ്ട് ഫ്രോയിഡ്(Sigmund Freud)* വികലമായതും അരോചകമായതുമായ വിവിധ സിദ്ധാന്തങ്ങൾ ആവിഷ്ക്കരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പല സിദ്ധാന്തങ്ങളും ഇതിനകം തന്നെ തെറ്റാണെന്ന് തെളിയിക്കപ്പെടുകയുണ്ടായിട്ടുണ്ട്. അദ്ദേഹം മതങ്ങളെ പൊതുവായും ഇസ്‌ലാമിനെ പ്രത്യേകിച്ചും എതിർത്തു. മതത്തെ ഇകഴ്ത്താനും ദൈവാസ്തിത്വത്തെ നിരാകരിക്കാനും അദ്ദേഹം മുന്നോട്ടുവെച്ച വീക്ഷണം കുട്ടിയുടെ മതം അവന്റെ വ്യക്തിത്വത്തിന്മേൽ യാതൊരു സ്വാധീവും ചെലുത്തുന്നില്ല എന്നാണ്. ഏതൊരു വിഭാഗത്തിൽപ്പെട്ട ആളായാലും ആർക്കും തന്നെ ഒരു കുട്ടിയെ നാസ്തികനായോ മതവിശ്വാസിയായോ മറ്റേതൊരു വിഭാഗത്തിൽപെട്ട ആളായോ വളർത്താം. ഒരു കുട്ടി അവൻ പ്രായപൂർത്തിയെത്തിയാൽ ദൈവത്തിന്റെ പ്രവാചകനായിരിക്കും എന്ന ശക്തമായ ബോദ്ധ്യത്തോടെയും ഒരു കുട്ടിയെ വളർത്താനാകും.

ഇസ്‌ലാമിനും ദൈവത്തിനുമെതിരെ ഈ വാദം അദ്ദേഹം

✱ സിഗ്മണ്ട് ഫ്രോയിഡ് (Sigmund Freud - 1856 - 1939) വിഖ്യാതനായ ഓസ്ട്രിയൻ മനഃശാസ്ത്രജ്ഞൻ. മനസ്സിന് ബോധം, ഉപബോധം, അബോധം എന്നീ തലങ്ങളുണ്ടെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. അദ്ദേഹത്തിന്റെ മാനസികാപഗ്രഥനം അഥവാ സൈക്കോ അനാലിസിസ് (Psychoanalytic Theory) ഏറെ പ്രശസ്തമാണ്. ശിശുവിൽ നിന്നാരംഭിക്കുന്ന ലൈംഗികത മനുഷ്യവ്യക്തിത്വത്തെ പ്രബലമായി സ്വാധീനിക്കുന്നുവെന്നും അദ്ദേഹം സിദ്ധാന്തിച്ചു. സ്വപ്നങ്ങളെ കുറിച്ചും അദ്ദേഹം പഠനം നടത്തുകയുണ്ടായി. മതത്തേയും മതപ്രവാചകന്മാരേയും നിശിതമായ വിമർശന വിശകലനങ്ങൾക്ക് അദ്ദേഹം വിധേയമാക്കി. (വിവ:)

പടുത്തുയർത്തുമ്പോൾ കുറച്ചൊക്കെ ഇസ്‌ലാമിക സങ്കൽപ്പത്തിലുള്ള കുഞ്ഞിന്റെ ജന്മത്തെയും തുടർന്നുള്ള വളർച്ചയേയും അദ്ദേഹം പിന്തുണയ്ക്കുകയാണ് ചെയ്യുന്നത്. ഫ്രോയിഡ് ജനിക്കുന്നതിന് വളരെ കാലം മുമ്പ് ഇസ്‌ലാമിന്റെ പരിശുദ്ധ പ്രവാചകൻ(സ) നമ്മോട് പറഞ്ഞറിയിച്ചിരിക്കുന്നത് എല്ലാ ശിശുക്കളും വളരുന്നത് ദൈവത്തിന്റെ പ്രകൃതിയിലാണ് എന്നാണ്, പക്ഷേ അവന്റെ രക്ഷിതാക്കന്മാരുടെ സ്വാധീനത്തിൽ അവനെ വാർത്തെടുക്കാവുന്നതാണ്; അല്ലെങ്കിൽ അവന്റെ രക്ഷിതാക്കന്മാരാണ് അവന്റെ വളർച്ചക്ക് ഉത്തരവാദികൾ എന്നാണ്.

വീണ്ടും പ്രസക്തമായ ചോദ്യം ഉയരുകയാണ്. എന്താണ് മനുഷ്യന്റെ ധർമ്മബോധത്തിന്റെ പ്രകൃതി? അങ്ങനെ ഒന്നുണ്ടെങ്കിൽ പ്രശസ്തരായ പല തത്ത്വശാസ്ത്രകാരന്മാരും പണ്ഡിതന്മാരും പറഞ്ഞിരിക്കുന്നത് മനുഷ്യന്റെ പ്രകൃതിയിൽ സാർവ്വത്രികമായ ധാർമികതയുടെ മുദ്രയുണ്ടെന്നാണ്. ഒരാൾ ഏതെങ്കിലും ഒരു പ്രത്യേക മതത്തിന്റെ സ്വാധീനത്തിലല്ല ജനിക്കുന്നത്. ഈ അന്തർലീനമായ ധാർമിക അദ്ധ്യാപനത്തെ പറ്റിയുള്ള ജാഗ്രതാവസ്ഥയെയാണ് മനസ്സാക്ഷി എന്ന് പറയുന്നത്.

പതിനെട്ടാം നൂറ്റാണ്ടിലെ വിശ്വപ്രശസ്ത തത്ത്വശാസ്ത്രജ്ഞനായിരുന്ന ഇമ്മാനുവൽ കാന്റിനെ (Immanual Kant)* പരാമർശിക്കുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു. ദൈവത്തിന്റെ അസ്തിത്വത്തിനുള്ള തെളിവായി പലരും സമർപ്പിച്ച തെളിവുകൾ അദ്ദേഹം നിരാകരിക്കുകയുണ്ടായി. പ്രത്യേകിച്ച് ദൈവാസ്തിക്യത്തിനനുകൂലമായ അൻസെം (Anselm)**ന്റെ മീമാംസാ തത്ത്വ

* **ഇമ്മാനുവൽ കാന്റ്(Immanual Kant –1724–1804)** ജർമ്മൻ ആശയവാദത്തിന്റെ ഉപജ്ഞാതവുമാണ്. ശാസ്ത്രകാരനായിരുന്ന കാന്റ് ശാസ്ത്രത്തിന്റെ തത്ത്വചിന്താപരമായ അടിത്തറ അന്വേഷിച്ചു കൊണ്ടാണ് തന്റെ ദാർശനിക ജീവിതം ആരംഭിച്ചത്. അനുഭവത്തേക്കാൾ യുക്തിക്ക് പ്രധാന്യം നൽകിക്കൊണ്ടുള്ള ചിന്താപദ്ധതികളാണ് അദ്ദേഹം ആവിഷ്ക്കരിച്ചത്. വിജ്ഞാന ശാസ്ത്രം(Epistemology), അതിഭൗതികം(Metaphysics), നീതിശാസ്ത്രം (Ethics), സൗന്ദര്യ ശാസ്ത്രം (Aesthetics-) എന്നീ വിഷയങ്ങളിൽ പ്രമാണിക നിലപാടുള്ള ആധുനിക പാശ്ചാത്യ ലോകത്തെ ഏറ്റവും ആധികാരിക ദാർശനികനാണ്. (വിവ:)

** **അൻസെം (Anselm) (1033–1109)**: ഇംഗ്ലണ്ടിലെ കാന്റർബറിയിലെ ആർച്ച് ബിഷപ്പായിരുന്നു അൻസെം. ഇറ്റലിയിൽ ജനിച്ച ഇദ്ദേഹം സന്യാസിയും തത്ത്വചിന്തകനുമായിട്ടാണ് അറിയപ്പെടുന്നത്. ചർച്ചും സ്റ്റേറ്റും തമ്മിലുള്ള വിവാദത്തിൽ ചർച്ചിന്റെ ഭാഗത്ത് നിലയുറപ്പിച്ച അൻസം ദൈവാസ്തിക്യം തെളിയിക്കാൻ യുക്തിവാദങ്ങളിലൊന്നായ ഓൺടോളജിക്കൽ വാദമാണ് അവതരിപ്പിച്ചത് (വിവ:)

ദർശനം (Ontological) പഠിച്ച ശേഷം കാന്റ് ശക്തമായി അത് നിഷേധിച്ചു. എന്തായിരുന്നാലും കാന്റിന്റെ ബോധമണ്ഡലത്തിൽ അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നത് സാർവ്വത്രികമായ ധാർമിക ബോധം എല്ലാ മനുഷ്യനിലും ഉണ്ട് എന്ന വസ്തുത ഒന്ന് മാത്രമാണ്. ഇതായിരിക്കാം ദൈവസ്തികൃത്തിന് അനുകൂലമായി ഹിതകരമായ ഒരു വാദമെന്ന് അദ്ദേഹം സമ്മതിക്കുകയുണ്ടായി.[11]

ഈ ധാർമിക നിയമം മനുഷ്യന്റെ ഉപബോധമനസ്സിന്റെ ഭാഗമാണ്. എല്ലാ മനുഷ്യർക്കും അത് വ്യക്തമായി ഗ്രഹിക്കാനുള്ള കഴിവില്ല. അവസാനത്തെ പ്രമാണ വാഹകനായ പ്രവാചകൻ(സ) ഈ അദ്ധ്യാപനങ്ങൾ വെളിച്ചത്ത് കൊണ്ട് വരികയുണ്ടായി.

കാന്റിന്റെ യുക്തി വളരെ ബലവത്തായ ഒന്നാണ്. ദൈവസങ്കൽപ്പത്തിന്റെ ചില മുദ്രകൾ എല്ലാ മനുഷ്യരിലും ഉണ്ട് എന്ന അദ്ദേഹത്തിന്റെ ആവിഷ്ക്കാരം മഹത്തായ ഒരു ഖുർആനിക വെളിപാട് മനസ്സിലേക്ക് കൊണ്ടു വരുന്നു. മനുഷ്യന്റെ സൃഷ്ടിക്ക് മുമ്പ് തന്നെ ദൈവം മനുഷ്യനിൽ തന്റെ മുദ്ര പതിപ്പിക്കുകയുണ്ടായി. അത് മനുഷ്യന്റെ പരിണാമത്തെ ഭരിക്കുകയും നയിക്കുകയും ചെയ്യുന്ന രൂപരേഖയുടെ ഭാഗമായി രൂപപ്പെട്ടതാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

وَإِذْ أَخَذَ رَبُّكَ مِنْ بَنِيٓ ءَادَمَ مِن ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَىٰٓ أَنفُسِهِمْ أَلَسْتُ بِرَبِّكُمْ ۖ قَالُوا۟ بَلَىٰ ۛ شَهِدْنَآ ۛ أَن تَقُولُوا۟ يَوْمَ ٱلْقِيَٰمَةِ إِنَّا كُنَّا عَنْ هَٰذَا غَٰفِلِينَ ﴿١٧٣﴾

*'ആദം സന്തതികളിൽ നിന്ന്-അവരുടെ മുതുകുകളിൽ നിന്ന്-അവരുടെ പിൻ തലമുറകളെ നിന്റെ നാഥൻ പുറത്തേക്ക് കൊണ്ടുവരികയും ഞാൻ നിങ്ങളുടെ നാഥനല്ലയോ എന്ന് ചോദിച്ചുകൊണ്ട് അവരുടെ ആത്മാക്കളുടെ മേൽ അവരെ തന്നെ സാക്ഷി നിർത്തുകയും ചെയ്ത സന്ദർഭം (സ്മരിക്കുക) അവർ പറഞ്ഞു: 'അതേ ഞങ്ങൾ സാക്ഷ്യംവഹിക്കുന്നു.' 'ഞങ്ങൾ അതിനെ സംബന്ധിച്ച് അശ്രദ്ധരായിരുന്നു' എന്ന് നിങ്ങൾ പുനരുത്ഥാന നാളിൽ പറയാതിരിക്കാൻ വേണ്ടിയാണിത്. (സൂറ അഅ്റാഫ് 7:173)*

ഈ വചനം ദൈവവിശ്വാസം മനുഷ്യന്റെ സൃഷ്ടിപ്പിൽ തന്നെ എങ്ങനെ ലീനമായിരിക്കുന്നു എന്നതിന്റെ രൂപകാത്മക വിവരണമാണ്.

## ഉത്തരവാദിത്വവും പരമ്പരാഗത പാപവും

ഇസ്‌ലാം മതത്തിൽ നീതിയുടെ സമ്പൂർണ്ണമായ ഒരു അദ്ധ്യാപനം നാം കാണുകയുണ്ടായി. ഒരു മനുഷ്യനും മറ്റൊരു മനുഷ്യനും തമ്മിൽ മാത്രമല്ല ഒരു കാലഘട്ടവും മറ്റൊരു കാലഘട്ടവും തമ്മിലുള്ള നീതി തത്ത്വങ്ങളുടെ അദ്ധ്യാപനങ്ങളായിരുന്നു അത്. ഇതേ തത്ത്വം മതചരിത്രത്തിൽ നാം പരിശോധിക്കുമ്പോൾ നമുക്ക് എത്തിച്ചേരാൻ സാധിക്കുന്ന നിഗമനം എല്ലാകാലത്തുള്ള ജനങ്ങളും ദൈവത്തിൽ നിന്നുള്ള ഒരേ നീതി തത്ത്വത്താലാണ് ദൈവത്താൽ ഭരിക്കപ്പെട്ടത് എന്നാണ്. നാം ഖുർആനിൽ ഇപ്രകാരം വായിക്കുന്നു:

تِلْكَ أُمَّةٌ قَدْ خَلَتْ ۖ لَهَا مَا كَسَبَتْ وَلَكُم مَّا كَسَبْتُمْ ۖ وَلَا تُسْأَلُونَ عَمَّا كَانُوا يَعْمَلُونَ ﴿١٣٥﴾

*അത് കഴിഞ്ഞു പോയ ഒരു സമൂഹമാണ്. അവർ സമ്പാദിച്ചതിന്റെ ലാഭനഷ്ടങ്ങൾ അവർക്കുണ്ട്. നിങ്ങൾ സമ്പാദിച്ചത് നിങ്ങൾക്കുമുണ്ട്. അവർ പ്രവർത്തിച്ചിരുന്നതിനെ പറ്റി നിങ്ങളോട് ചോദിക്കുകയില്ല.*
*(അൽബഖറ:2:135)*

ഉത്തരം പറയേണ്ട ചോദ്യം വരുമ്പോൾ ഒരോ തലമുറയും അവരുടെ പ്രവൃത്തികളുടെ ഉത്തരം പറയാൻ ബാദ്ധ്യസ്ഥരാണ്. ഒരോ കാലഘട്ടവും അവരുടെ സ്വഭാവത്തെപറ്റി കണക്ക് ബോധിപ്പിക്കാൻ വേണ്ടി പിടിക്കപ്പെടും. ഈ ഖുർആനിക ശൈലി വിവിധ കാലഘട്ടങ്ങളിൽ ആനുപാതികമായുണ്ടായ മുന്നേറ്റങ്ങളിലേക്ക് നമുക്ക് കൂടുതൽ വെളിച്ചം നൽകുന്നു. അതിനാൽ ഉത്തരവാദിത്വം എന്നത് ചില നിശ്ചിത കാലഘട്ടങ്ങളിൽ മനുഷ്യന്റെ കഴിവുകളുമായി ബന്ധപ്പെടുത്തി അവരുടെ ചരിത്ര കാലഘട്ടത്തിലായിരിക്കും സംഭവിക്കുക. നാം നമ്മുടെ വീക്ഷണങ്ങൾക്കനുസരിച്ച് വിധി കൽപ്പിക്കുന്നത് പോലെ അവർ

അവരുടെ പ്രവണതകൾക്കനുസരിച്ചായിരിക്കും വിധികൽപ്പിക്കുക. ഖുർആന്റെ ഈ വശം രണ്ട് തലങ്ങളുമുള്ള സ്ഥലകാലങ്ങളിലും സാർവ്വ ലൗകികത പ്രദാനം ചെയ്യുന്നു.

മനുഷ്യ പ്രകൃതി അത്തരം നീതി പൂർവ്വമായ അദ്ധ്യാപനങ്ങളെ ദിവ്യമായി സ്വീകരിക്കുന്നു. ഇതാണ് മനുഷ്യന്റെ അദ്ധ്യാപനങ്ങളിൽ നിന്നും ദൈവത്തിന്റെ അദ്ധ്യാപനങ്ങളെ വേർതിരിച്ചുകാട്ടുന്നത്. ഈ വസ്തുതയിൽ പാരമ്പര്യ പാപം എന്ന ക്രിസ്തീയ മത സിദ്ധാന്തം കൗതുകകരമായ വിഷയമാണ്. അത് ദൈവത്തിൽ നിന്നും ക്രിസ്തുവിലേക്ക് പ്രേഷണം ചെയ്യപ്പെട്ടതല്ല. ക്രിസ്തുവിന്റെ അദ്ധ്യാപനങ്ങളിൽ സെന്റ് പോൾ വരുത്തിയ പ്രക്ഷിപ്തങ്ങളാണ് എന്ന് വിശ്വസിച്ചുകൊണ്ടാണ് നാം അതിനെ ന്യായീകരിക്കുന്നത്. അതല്ലെങ്കിൽ ഒരു നിമിഷത്തിൽ ആദ(അ)മിന്റെ ഭാഗത്ത് നിന്നുണ്ടായ ക്ഷണമാത്രമായ പിശക് കൊണ്ട് കാലാവസാനം വരെ ആദ(അ)മിനെ പിന്തുടർന്നു വരുന്ന തലമുറകളെ ശിക്ഷിച്ചു കൊണ്ടിരിക്കുന്ന ഒരു വിചിത്ര ദൈവമായിരിക്കുമത്. ഈ ചിന്താശകലം ഇവിടെ പ്രതിപാദിച്ചത് ക്രിസ്തു മതത്തെ കുറ്റപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയല്ല. സത്യവുമായുള്ള വ്യവഹാരത്തിൽ മനുഷ്യകരങ്ങൾ സത്യത്തിന്നെതിരെ നടത്തുന്ന അപകടങ്ങൾ തുറന്നു കാട്ടാനാണ്.

പാരമ്പര്യ പാപത്തിന്റെ ആപേക്ഷിക യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള യാതൊരു വാദപ്രതിവാദങ്ങളിലും ഏർപ്പെടാതെ ഖുർആൻ എങ്ങനെയാണ് ഒറ്റയടിക്ക് ഈ ക്രിസ്തീയ സങ്കൽപ്പത്തെ തുടച്ചു നീക്കുന്നത് എന്ന് നോക്കാം. മുകളിൽ ഉദ്ധരിച്ച വചനത്തിൽ അല്ലാഹു പറയുന്നത്: നിങ്ങളുടെ പൂർവ്വ പിതാക്കൾ ചെയ്ത പാപങ്ങൾക്ക് നിങ്ങൾ ചോദിക്കപ്പെടുകയില്ല. നിങ്ങൾ ചെയ്തതിന്ന് അവരും ചോദിക്കപ്പെടുകയില്ല. നിങ്ങൾ ചെയ്തതിന്ന് മാത്രമാണ് നിങ്ങൾ ചോദിക്കപ്പെടുക.

ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു:

وَلَا تَزِرُ وَازِرَةٌ وِّزْرَ أُخْرٰى ۗ وَاِنْ تَدْعُ مُثْقَلَةٌ اِلٰى حِمْلِهَا لَا يُحْمَلْ مِنْهُ

شَيْءٌ وَّلَوْ كَانَ ذَا قُرْبٰى

*ഭാരം വഹിക്കുന്ന ഒരാത്മാവും മറ്റൊന്നിന്റെ ഭാരം വഹിക്കുന്നില്ല. ഭാരം നിമിത്തം ഞെരുങ്ങിയിരിക്കുന്ന ഒരാത്മാവ് അതിന്റെ ഭാരം വഹിക്കാനായി (മറ്റൊന്നിനെ) വിളിക്കുന്നതായാൽ അതിൽ നിന്നും ഒട്ടും തന്നെ വഹിക്കപ്പെടുകയില്ല. ആ വിളിക്കപ്പെടുന്ന ആൾ അടുത്ത ബന്ധുവായാലും ശരി. (സൂറ: ഫാത്തിർ 35: 19)*

ഭാരം വഹിക്കുന്ന ഒരാൾ മറ്റൊരാളുടെ സഹായം തേടുകയാണെങ്കിൽ അത് ഒരിക്കലും അനുവദിക്കപ്പെടുകയില്ല. സഹായാഭ്യർത്ഥന ഏറ്റവും അടുത്ത ബന്ധുവിൽ നിന്നാണെങ്കിൽ പോലും. ഈ ഖുർആൻ വചനം ക്രിസ്ത്യാനികളുടെ പാപപരിഹാര സിദ്ധാന്തം (അതായത് മറ്റുള്ളവർക്ക് വേണ്ടി യേശുക്രിസ്തു കുരിശിൽ മരിച്ചു എന്ന സിദ്ധാന്തം) നിരാകരിക്കുന്നു. ഈ പ്രഖ്യാപനത്തോടെ സമകാലീനമായോ ഭാവിയിലോ ഉള്ള തലമുറകൾ മുൻകടന്ന തലമുറയുടെ ഭാരം വഹിക്കണമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. ഒരു വ്യക്തിയുടെ പാപം യാതൊരു വിധത്തിലും മറ്റൊരാളിലേക്ക് മാറ്റപ്പെടുകയില്ല. മറ്റൊരാൾ ആ ഭാരം വഹിക്കാമെന്ന് ഏറ്റാൽ പോലും. വാസ്തവത്തിൽ ഒരാളുടെ പാപത്തിന്ന് മറ്റൊരാൾ ശിക്ഷിക്കപ്പെടുക എന്നത് ചുരുങ്ങിയ പക്ഷം ദിവ്യനീതിക്ക് വിരുദ്ധമാണ്.

ചോദ്യം നീതിയെ കുറിച്ചു മാത്രമുള്ളതാണെങ്കിൽ ബൈബിൾ പുതിയ നിയമത്തിലെ വചനം (ലൂക്കോസ് 9:23)[12] മേൽ ഉദ്ധരിച്ച ഖുർആൻ വചനത്തിന്ന് സമാനമാകുമായിരുന്നു. പ്രവാചകനായ യേശു ക്രിസ്തു[അ]യിൽ ആരോപിക്കപ്പെട്ട പാപപരിഹാരകഥയുമായി അദ്ദേഹത്തിന്ന് യാതൊരു ബന്ധവുമില്ല എന്ന് വരുംതലമുറക്ക് വ്യക്തമാകും. വാസ്തവത്തിൽ യേശുവിന്റെ അദ്ധ്യാപനങ്ങൾ ഖുർആനിലുള്ളത് പോലെ അടിസ്ഥാനപരമായി ലളിതവും നേരെ ചൊവ്വേയുള്ളതുമാണ്. നീതി യഥാർത്ഥത്തിൽ നീതി അർഹിക്കും വിധമാണ് പ്രയോഗിക്കേണ്ടത്. അതുപോലെ കരുണയും ഉചിതമായിട്ടുള്ളത് എവിടെയാണോ അവിടെയാണ് പ്രകടിപ്പിക്കേണ്ടത്.

വിശുദ്ധ ഖുർആന്റെ ഈ അസന്ദിഗ്ദമായ പ്രഖ്യാപനം മനുഷ്യപ്രകൃതിയോട് ചേർന്ന് നിൽക്കുന്ന കുറ്റത്തിന്റേയും ശിക്ഷയുടെയും സുപ്രധാനമായ ഒരു വിഷയം കൂടി അവതരിപ്പിക്കുന്നു. മേൽ പറഞ്ഞ കാര്യം മറ്റൊരു പരിപ്രേഷ്യത്തിൽ പാരമ്പര്യ പാപ

സങ്കൽപ്പത്തെ തകർക്കുന്നത് കാണുക. അത് ജന്മപാപിയാണെന്ന കളങ്കത്തിൽ നിന്നും മനുഷ്യനെ മോചിപ്പിക്കുക മാത്രമല്ല മനുഷ്യന്റെ പ്രകൃതി ദൈവ പ്രകൃതിയോട് സാമ്യമുള്ളതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. ആ വിധത്തിൽ മനുഷ്യ സമുദായത്തിന് വമ്പിച്ച ആദരവും ഔന്നത്യവും നൽകുകയും ചെയ്യുന്നു. ആ വചനം ഇപ്രകാരം ആവർത്തിക്കുന്നു:

فَأَقِمْ وَجْهَكَ لِلدِّينِ حَنِيفًا ۚ فِطْرَتَ اللَّهِ الَّتِي فَطَرَ النَّاسَ عَلَيْهَا ۚ لَا تَبْدِيلَ

لِخَلْقِ اللَّهِ ۚ ذَٰلِكَ الدِّينُ الْقَيِّمُ وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ ﴿٣١﴾

*അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യനെ സൃഷ്ടിച്ചുവോ ആ പ്രകൃതി കൈകൊള്ളുക. അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റവുമില്ല. അതത്രെ എന്നും നിലനിൽക്കുന്ന മതം. പക്ഷേ മനുഷ്യരിൽ അധികമാളുകളും യാഥാർത്ഥ്യം അറിയുന്നില്ല.*
*(സൂറ: അർറൂം 30:31)*

ഭൂതം, ഭാവി, വർത്തമാനം എന്നീ കാലഘട്ടങ്ങളെ സംബന്ധിച്ച് പറയുമ്പോൾ മേൽ പ്രസ്താവിച്ച വചനം ഈ സമയഖണ്ഡങ്ങളുമായി സമഞ്ജസമായ സന്തുലനത്തിന്റെ ചേതോഹരമായ ഒരു ചിത്രം നൽകുന്നു. ഓരോ തലമുറയും ഏകമാനമായി ഒരേ രീതിയിലാണ് പരിഗണിക്കപ്പെടുന്നത്. ഉത്തരവാദിത്വത്തിൽ നിന്നും ഒരു തലമുറയേയും ഒഴിവാക്കിയിട്ടില്ല. ഭൂതം, വർത്തമാനം, ഭാവി എന്നീ കാലഘട്ടങ്ങളിൽ നീതിയെ സംബന്ധിച്ച പ്രശ്നങ്ങളുമായി ചർച്ച ചെയ്യുമ്പോൾ ഖുർആന്റെ നിർദ്ദേശങ്ങൾ കാണുക:

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَلْتَنْظُرْ نَفْسٌ مَا قَدَّمَتْ لِغَدٍ

*വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നാളേക്ക് വേണ്ടി താനൊരുക്കിവെച്ചിട്ടുള്ളത് എന്തെല്ലാമാണെന്ന് ഓരോ ആത്മാവും ചിന്തിച്ചു നോക്കട്ടെ.*
*(സൂറ: അൽഹശ്ർ 59: 19)*

ഭാവി തലമുറ അവരുടെ തെറ്റുകളെ സംബന്ധിച്ച് ഉത്തരവാദികളായിരിക്കും. വർത്തമാനത്തിലും ഭൂതത്തിലുമുള്ളവർ എപ്ര

കാരം ഉത്തരവാദിത്വമുള്ളവരായിരിക്കുമോ അപ്രകാരം. ദൈവ ത്തിന്റെ ശിക്ഷയേയും കോപത്തേയും സംബന്ധിച്ച് പറയുമ്പോൾ ഓരോ ജനതയും മറ്റെ ജനതയിൽ നിന്നും ഒഴിച്ചു നിർത്തപ്പെടും. കഴിഞ്ഞ കാലഘട്ടത്തിലെ ആളുകളുടെ പാപം നമ്മിലേക്ക് സംക്രമിക്കുകയില്ല. വർത്തമാനകാലത്തെ ആളുകളുടെ പാപം അടുത്ത തലമുറയിലേക്ക് പകരുകയുമില്ല.

നീതിയുടെ മനോജ്ഞമായ ഈ നിർവ്വചനം ഇന്ന് പലരും ആചരിക്കുന്നതായി പോളിയൻ ക്രിസ്തുമതത്തിൽ നമുക്ക് കാ ണാൻ സാദ്ധ്യമല്ല. യേശു പഠിപ്പിച്ചത് ഓരോ മനുഷ്യനും അവന്റെ കുരിശു ചുമക്കേണ്ടി വരും എന്നിരിക്കെ പോളിയൻ ക്രിസ്തു മതം വിശ്വസിക്കുന്നത് തുടർന്നു വരുന്ന എല്ലാ തലമുറകളും മുൻ കഴിഞ്ഞ തലമുറയുടെ പാപം വഹിക്കണമെന്നാണ്. അല്ലാഹു ഖുർആനിൽ പറയുന്നു:

فَخَلَفَ مِنۢ بَعۡدِهِمۡ خَلۡفٌ أَضَاعُوا الصَّلٰوةَ وَاتَّبَعُوا الشَّهَوٰتِ فَسَوۡفَ يَلۡقَوۡنَ غَيًّا ۝٦٠

*പിന്നീട് അവർക്ക് പിൻഗാമികളായി വന്ന ഒരു തലമുറ, അവർ നമസ്ക്കാരം പാഴാക്കുകയും ദേഹേച്ഛകളെ പിൻ പറ്റുകയും ചെയ്തു. അതിനാൽ അവർ നാശം കണ്ടെ ത്തുന്നതാണ്.*

*(സൂറ: മർയം 19:60)*

സാത്വികരായ ആളുകളുടെ സന്തതികൾ അവരുടെ പ്രാർത്ഥ നകളെ അവഗണിക്കുകയും തങ്ങളുടെ ഹീനവികാരങ്ങൾ പിന്തു ടരുകയും ചെയ്യുകയാണെങ്കിൽ അവരുടെ സാത്വികരായ പിതാ ക്കളുടെ നന്മകൾ അവർക്ക് ലഭ്യമാകില്ല. ഒരു ജനതയെ അവരു ടെ പൂർവ്വ തലമുറയുടെ പാപം കാരണം ശിക്ഷിക്കാത്തത് പോലെ തുടർന്ന് വരുന്ന തലമുറ മുൻഗാമികൾ നന്മ പ്രവർത്തിച്ചതിന്റെ പേരിൽ സമ്മാനിക്കപ്പെടുകയുമില്ല.

ഖുർആന്റെ അദ്ധ്യാപനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചാലറി യാം അതിന്റെ അദ്ധ്യാപനങ്ങൾ ഒന്നും തന്നെ യാദൃച്ഛികമല്ല. അത് പരസ്പരം ബന്ധമറ്റതുമല്ല എന്ന്. നീതിയുടെ സംസ്ഥാപന ത്തിന്ന് വേണ്ടിയുള്ള ഒരു വൻപദ്ധതിയുടെ ഭാഗമാണത്. എല്ലാ മനുഷ്യരോടും അവർ എവിടെ എപ്പോഴാണ് ജനിച്ചതെന്ന പരി

ഗണന നോക്കാതെ തുല്യമായാണ് പെരുമാറുന്നത്. എല്ലാവരുടെയും മൗലികാവകാശങ്ങൾ എന്നും ഒരു പോലെയുള്ളതാണ്. മനുഷ്യനും മനുഷ്യനും തമ്മിൽ നിലനിൽക്കുന്ന വംശീയമായും തലമുറകൾ തമ്മിലുമുള്ള വ്യത്യാസവുമെല്ലാം നീതിയുടെ അടിസ്ഥാനത്തിൽ മാത്രമാണ്. കിഴക്കും പടിഞ്ഞാറും തമ്മിൽ കൂട്ടിയിണക്കുന്ന കണ്ണിയും, കറുപ്പും വെളുപ്പും തമ്മിലും, അറബികളും അനറബികളും തമ്മിലും എല്ലാമുള്ള ബന്ധങ്ങൾ നീതിയുടെ സാർവ്വത്രിക തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ഉള്ളതാണ്.

ചിലർ വാദിക്കുന്നത് ഈ സമുന്നതവും സമ്പൂർണ്ണവും വിസ്മയകരവുമായ അദ്ധ്യാപനങ്ങൾ പിന്നീട് ദൈവത്തിലേക്ക് ആരോപിക്കപ്പെട്ട, നിരക്ഷരനായ ഒരു അറബ് ഇടയന്റെ സൃഷ്ടിയാണെന്നതാണ്. സത്യത്തിന്റെ യാതൊരു കണികയും ഇതിലില്ല. ഏതെങ്കിലും കാലഘട്ടത്തിലെ ഏതെങ്കിലും ഒരു പണ്ഡിതന് ഇതിന്റെ ഏതെങ്കിലുമൊരംശം സന്തുലനാത്മകവും ശരിയായ തുലമാനവുമുള്ളതുമായ ഇസ്ലാമിനെ പോലെയുള്ള ഒരു മതം സ്വയം കെട്ടിച്ചമക്കാൻ സാധ്യമല്ല. വാസ്തവത്തിൽ ദിവ്യോദ്ഭവങ്ങളാണെന്ന് വിശ്വസിക്കപ്പെടുന്ന എല്ലാ മതങ്ങളും ഒന്നിച്ചുകൂടിയാൽ തന്നെ ഇസ്ലാമിനെ പോലെ സന്തുലനവും തുലമാനം ശരിപ്പെടുത്തിയതുമായ ഒരു മതമാണ് അതെന്ന് അവകാശപ്പെടാൻ സാദ്ധ്യമല്ല. അത്യാഗാധവും സമ്പൂർണ്ണവുമായ ഒരു ജ്ഞാനസരിത്തിന്റെ സ്രോതസ്സ് നിരക്ഷരനായ ഒരാളായിരിക്കാൻ എങ്ങനെ കഴിയും?

നമ്മുടെ ശ്രദ്ധ വീണ്ടും ഖുർആന്റെ ദിവ്യാദ്ഭുതപരമായ ഗുണങ്ങളിലേക്ക് തിരിയുകയാണ്:

قُلْ لَّئِنِ اجْتَمَعَتِ الْاِنْسُ وَالْجِنُّ عَلٰٓى اَنْ يَّاْتُوْا بِمِثْلِ هٰذَا الْقُرْاٰنِ لَا يَاْتُوْنَ بِمِثْلِهٖ وَلَوْ كَانَ بَعْضُهُمْ لِبَعْضٍ ظَهِيْرًا ﴿٨٩﴾

*പറയുക, ഈ ഖുർആന് തുല്യമായ മറ്റൊന്ന് കൊണ്ട് വരുന്നതിന്ന് ഇൻസും ജിന്നുമെല്ലാം സംഘടിച്ചു പ്രവർത്തിച്ചിരുന്നുവെങ്കിൽ -അവർ പരസ്പരം സഹായിച്ചാൽ പോലും - അവർക്ക് അതിന്ന് തുല്യമായത് കൊണ്ടു വരുവാൻ സാദ്ധ്യമല്ല.*

*(ബനീ ഇസ്റായീൽ 17:89).*

ഈ വെല്ലുവിളി ഇന്നുവരെ സ്വീകരിക്കപ്പെടാതെ നിൽക്കുകയാണ്.

## മനുഷ്യരാശിക്ക് മാർഗ്ഗദർശനം

പാരമ്പര്യ പാപത്തിന്റെ സങ്കൽപ്പം ചർച്ച ചെയ്തുകൊണ്ട് നമുക്ക് ഇപ്പോൾ മതത്തിന്റെ ഒരു ക്രിയാത്മകമായ വശത്തേക്ക് തിരിയാം. അതാണ് മനുഷ്യരാശിക്ക് വേണ്ടിയുള്ള ദൈവത്തിന്റെ മാർഗ്ഗദർശനം. ചില ദേശീയ ജനവിഭാഗങ്ങൾക്കോ പ്രത്യേക കാലഘട്ടത്തിന് വേണ്ടി മാത്രമായോ ഉള്ള പല മതങ്ങൾക്കും ലോകം സാക്ഷ്യം വഹിച്ചിട്ടുണ്ട്. അത്തരം മതങ്ങൾ മനുഷ്യചരിത്രത്തിൽ വലിയൊരു പങ്ക് വഹിക്കുന്നുണ്ട്. എങ്കിലും അവയുടെ അനുഗ്രഹ സൗഭാഗ്യങ്ങൾ കുറഞ്ഞ ആയുസ്സ് മാത്രമുള്ള ചെറിയൊരു സമൂഹത്തിൽ മാത്രമായി ഒതുങ്ങിനിന്നു. അതായത്, ആ മൺമറഞ്ഞു പോയ ജനതയുടെ മതവും അദ്ധ്യാപനങ്ങളും സർവ്വകാലത്തേക്കുമുള്ളതായിരുന്നില്ല. പുതിയതും മാറിയതുമായ പരിതസ്ഥിതി പുതിയ അദ്ധ്യാപനങ്ങളുടെ ആവശ്യങ്ങൾക്ക് ജന്മമേകി. പഴയ അദ്ധ്യാപനങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടപ്പോൾ ദൈവം അതിനെ പരിഷ്ക്കരിക്കുകയും പുതിയ മതത്തിന്ന് ജന്മം നൽകുകയും ചെയ്തു. ഒരിക്കൽ ഇത് സംഭവിച്ചപ്പോൾ ആ മതത്തിന്ന് പുതിയ ഒരു ജീവിതം ഉണ്ടായി. കാരണം കാലത്തിന്റെ മറ്റൊരു ഘട്ടം വരുമ്പോൾ ആ ആവശ്യങ്ങൾക്കനുസൃതമായ അദ്ധ്യാപനങ്ങളായിരിക്കണം.

മതത്തിന്റെ ഈ തത്ത്വശാസ്ത്രം മനസ്സിലാക്കാൻ എളുപ്പവും ലളിതവുമാണ്. എങ്കിലും ഖുർആനെ കൂടാതെ മറ്റൊരു മതഗ്രന്ഥത്തിലും ഇത് കാണാൻ കഴിയില്ല എന്നത് വിസ്മയാവഹമാണ്. മറ്റെല്ലാ മതഗ്രന്ഥങ്ങളും മറ്റെല്ലാവരെയും ഒഴിച്ചു നിർത്തിക്കൊണ്ട് ഒരു ജനതയേയോ ഒരു ദേശീയതയേയോ മാത്രമാണ് അഭിസംബോധന ചെയ്ത് കാണുന്നത്. അത് ഏറെക്കുറെ ഒരു ജനതയെ മാത്രം നയിക്കാൻ ദൈവം തിരഞ്ഞെടുക്കപ്പെട്ടത് പോലെയാണ്. മറ്റ് ജനതയെ അവരെ നയിക്കാൻ ഒരു ദൂതനെയും അയക്കാതെ അവന്റെ കാരുണ്യത്തിൽ നിന്ന് അകറ്റുന്നത് പോലെയാണ്.

ഇസ്ലാമിനെ കൂടാതെ, ഒരു മതത്തിലും മറ്റു കാലഘട്ടങ്ങളിലുള്ള ജനവിഭാഗങ്ങളെ സംബന്ധിച്ച് പ്രതിപാദിച്ച ഒരു മതവും കാണുകയില്ല. ഇത് വിചിത്രമായ ഒരു വാദമായി കാണപ്പെട്ടേക്കാം. എന്നിരുന്നാലും ഇത് സത്യമാണ്. മതദിവ്യഗ്രന്ഥങ്ങളെ കുറിച്ച് ഒരു പഠനം നടത്തുകയാണെങ്കിൽ ഈ വാദം മറുവാദമില്ലാത്ത ഒരു വസ്തുതയെന്ന നിലക്ക് അംഗീകരിക്കേണ്ടി വരും. ഖുർആൻ എന്ന മത ഗ്രന്ഥം മാത്രമേ അവന്റെ സൃഷ്ടികളുടെ ദൈവത്തെ സംബന്ധിച്ചുള്ള ഒരു സാർവ്വത്രിക സങ്കൽപ്പത്തെ കുറിച്ച് സംസാരിക്കുന്നുള്ളൂ. അങ്ങനെയുള്ള ദൈവം എല്ലാ രാജ്യത്തുമുള്ള എല്ലാ ജനതയുമായുള്ള ഹൃദയ സംവാദത്തെക്കുറിച്ചും പറയുന്നു. ഖുർആൻ പറയുന്നു:

وَلِكُلِّ قَوْمٍ هَادٍ ﴿٨﴾

*നാം എല്ലാ ജനതകളിലേക്കും ഒരു മാർഗ്ഗദർശകനെ അയച്ചിട്ടുണ്ട്. (സൂറ:അർ റഅദ് 13:8)*

മനുഷ്യസമൂഹം കാലഘട്ടം കൊണ്ടോ, ദേശീയത കൊണ്ടോ ഭൂമേഖല കൊണ്ടോ വിഭജിതമാണ്. ഉദാഹരണത്തിന്ന് പുരാതന കാലത്ത് രാജ്യങ്ങളെക്കാൾ രാഷ്ട്രീയ പരാമാധികാരം നഗര രാഷ്ട്രങ്ങളിലൂടെയാണ് തിരിച്ചറിഞ്ഞത്. ഖുർആൻ പറയുന്നു: ഒരു ജനതയും ഒരു രാജ്യവും പ്രവാചകാവതാരത്തിൽ നിന്നും ഒഴിച്ചു നിർത്തപ്പെട്ടിട്ടില്ല.

وَمَآ أَهْلَكْنَا مِن قَرْيَةٍ إِلَّا لَهَا مُنذِرُونَ ﴿٢٠٩﴾ ذِكْرَىٰ وَمَا كُنَّا ظَٰلِمِينَ ﴿٢١٠﴾

*ഒരു നാടിനേയും അതിന് താക്കീതുകാർ ഉണ്ടായിട്ടല്ലാതെ നാം നശിപ്പിച്ചിട്ടില്ല. ഇത് ഒരു ഉപദേശമാകുന്നു. നാം അനീതി കാണിക്കുന്നവനല്ലതന്നെ.*
*(സൂറ അശ്ശുഅറാഅ് 26: 209–210)*

ഈ വിവർത്തനത്തിൽ ദിക്റ എന്ന പദം 'താക്കീത്' എന്ന് തർജ്ജമ ചെയ്യാവുന്നതാണ്. ഇത് മറ്റൊരർത്ഥത്തിലും മൊഴിമാറ്റം ചെയ്യാം. ദിക്റ എന്നത് 'മറ്റുള്ളവർക്ക് ഒരു പാഠം' എന്നാണ്. ദൈവസ്മരണയുണ്ടാക്കുന്നത് എന്നും അർത്ഥം പറയാം. അതായത് പ്രവാചകന്മാർ വെറും താക്കീതുകാർ മാത്രമല്ല. അവർ സുവിശേഷകർ കൂടിയാണ്. അത് കാരണം ജനങ്ങൾ അവ

രുടെ മാതൃക പിൻപറ്റുന്നു. അവരുടെ സ്മരണകളാൽ ദൈവ ത്തിലേക്ക് അവർ വഴി നടത്തപ്പെടുന്നു. ഗ്രീക്ക് മിത്തോളജിയി ലുള്ളത് പോലെ ആളുകളിൽ രോഗങ്ങളുണ്ടാക്കുന്ന വെളിച്ചപാടു കളല്ല അവർ. അപകടങ്ങളുടെ ദുർന്നിമിത്തങ്ങളുണ്ടാക്കിക്കൊ ണ്ട് സ്ഥലം വിടുന്ന ആൾരൂപങ്ങളുമല്ല. പകരം ചരിത്രത്തിൽ നിന്നും പാഠം ഉൾക്കൊണ്ട് ജനങ്ങളെ ഓർമ്മിപ്പിക്കുന്ന താക്കീ തുകാരും പൂർവ്വികരുടെ ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ തെറ്റു തിരുത്താൻ ജനങ്ങളെ പ്രേരിപ്പിക്കുന്നവരുമാണ്. താക്കീതുകാർ ഒരിക്കലും നാശത്തിന്റെ വാതിലിന്നടുത്ത് വരാറില്ല. അവർ സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കാൻ വരുന്നവരാണ്.

# *References Part I*


1.Tafsir Haqqani, by Maulana ‘Abdul Haq Haqqani, volum I, page 434, under the verse no. 65 of Surah al-Baqarah (chapter II).
2.See 'Out of My Later Years' by Albert Einstein, Philosophical Library, New York and The Encyclopedia of Religion, Vol. 5, pp 71-72, Published by Macmillan Publishing Company, New York.
3.Grolier Encyclopaedia, Vol. 6.
4.Op. cit.
5.Textbook of Medical Physiology, Arthur C. Guyton, 5th Edition, Saunders, 1976, Chapter 78.
6.Sahih Muslim Kitabul Ashriba, Babun al-Mu’minu Y’akulu…, Ch. 34, Hadith 182, 184.
7.Textbook of Medical Physiology, Arthur C. Guyton, Chap. 79, 5th Edition, Saunders,1976.
8.Musnad Ahmad bin Hambal, Musnadi ‘A’ishah Vol. 6, p.91.
Note: With slight difference of words the Hadith referring to the same subject is found in
Sahih Muslim, Kitabu Salati Musafirina, Babu Jam‘is Salati Laili Wa Man Nama ‘Anhu.
9.Al-Mu‘jamul Kabir lil-Hafiz Abul Qasim Suleiman ibni Ahmad al-Tabrani, Vol.1, p.283.
10.Sahih Bukhari, Kitabul Janai’z, Babu Idha Aslamas Sabiyyu fa Mata…
11. a) Critique of Pure Reason, by Immanuel Kant, Translated by J.M.D. Meiklejohn, pp. 367-372, published by J.M.Dent & Sons Ltd, 1978.
b) Critique of Judgement, by Immanuel Kant, Translated by James Creed Meredith, pp. 114-122, Oxford University Press, 1986.
12.'and he said unto all, If any man would come after me, let him

deny himself and take up his cross daily, and follow me.' (Luke ch. 9 Vs.23, [The Holy Bible, The Revised Version with Marginal References]. London: Cambridge University Press, 1898

# രണ്ടാം ഭാഗം

**1983 ഡിസംബർ 27 ന് പാകിസ്താനിലെ റബ്വയിൽ
അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ
വാർഷിക യോഗത്തിൽ ചെയ്ത പ്രഭാഷണം.**

# അദ്ധ്യായങ്ങൾ- ഭാഗം രണ്ട്


10. മതകാര്യത്തിലെ മന:സാക്ഷി സ്വാതന്ത്ര്യം
11. തെറ്റിദ്ധരിക്കപ്പെട്ട ഇസ്ലാമിക ജിഹാദ്.
12. പ്രാർത്ഥനയിലെ നീതി (അദ്ൽ)
ഔദാര്യം (ഇഹ്സാൻ)
ബന്ധുത്വം (ഈതാഇദിൽ ഖുർബാ)
13. കേവല നീതി ഒരിക്കലും തടയപ്പെടുന്നില്ല.
14. വിശ്വസ്തതയും ഉത്തരവാദിത്തവും
15. മുസ്ലിംകളും അമുസ്ലിംകളും പരസ്പരമുള്ള
എതിർ സാക്ഷ്യങ്ങൾ

പരമകാരുണികനും കരുണാനിധിയുമായ
അല്ലാഹുവിന്റെ തിരുനാമത്തിൽ

ഒന്നാമത്തെ പ്രഭാഷണം ഉൾക്കൊള്ളുന്ന ഒന്നാം ഭാഗത്തിൽ കണ്ടത് പോലെ 'കേവലനീതി ന്യായയുക്തത ബന്ധുത്വം' (അദ്ൽ ഇഹ്സാൻ ഈതാഇദിൽ ഖുർബാ) എന്നത് പ്രപഞ്ചത്തിന്റെ സൃഷ്ടിയിൽ മാത്രം ബാധകമായ തത്ത്വമല്ല. ഭൂമിയിലെ ജീവികൾക്കും അത് ഒരുപോലെ ബാധകമാണ്. പരിണാമത്തിന്റെ സകലഗതിയും ഈ തത്ത്വങ്ങളാൽ കർശനമായി ഭരിക്കപ്പെടുകയാണ്. മനുഷ്യനും അതിൽ നിന്ന് ഒഴിവല്ല.

## 10

# വിശ്വാസകാര്യത്തിലെ മന:സാക്ഷി സ്വാതന്ത്ര്യം

താഴെ കാണിച്ചിരിക്കുന്ന ഖുർആൻ വചനത്തിൽ മേൽ പറഞ്ഞ തത്ത്വങ്ങളുടെ പൂർണ്ണമായും പുതിയ പരിപ്രേക്ഷ്യ ത്തിലുള്ള കാര്യങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത്. ഈ വചന പ്രകാരം മനുഷ്യന്റെ വിശ്വാസവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും ഈ തത്ത്വങ്ങളാണ് ഭരിക്കുന്നത്. അതിനേ ക്കാളുപരി അവയെല്ലാം മനുഷ്യന്റെ ഏതെങ്കിലും ഒരു മേഖ ലയിലോ ഏതെങ്കിലും ഒരു കാലഘട്ടത്തിലോ മാത്രം ഒതു ങ്ങുന്നതല്ല. വാസ്തവത്തിൽ അവയെല്ലാം എല്ലാ കാലത്തു മുള്ള വ്യക്തികളുമായും സമൂഹങ്ങളുമായും ബന്ധപ്പെട്ട താണ്. വചനം ഇപ്രകാരമാണ്:

إِنَّ الَّذِينَ آمَنُوا وَالَّذِينَ هَادُوا وَالنَّصَارَىٰ وَالصَّابِئِينَ
مَنْ آمَنَ بِاللَّهِ وَالْيَوْمِ الْآخِرِ وَعَمِلَ صَالِحًا فَلَهُمْ
أَجْرُهُمْ عِنْدَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٦٢﴾

*തീർച്ചയായും യഹൂദരോ ക്രിസ്ത്യാനികളോ സാബി കളോ (ഇവരിൽ ആരായിരുന്നാലും) അല്ലാഹുവിലും അന്ത്യദിനത്തിലും യഥാർത്ഥത്തിൽ വിശ്വസിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നതായാൽ നിശ്ചയമായും അവർക്ക് അവരുടെ രക്ഷിതാവിങ്കൽ പ്രതിഫലമുണ്ട്. അവർക്ക് ഭയപ്പെടേണ്ടി വരികയില്ല. അവർ ദുഃഖിക്കുന്നതുമല്ല. (സൂറ: ബഖറ 2:63)*

മുസ്‌ലിം വ്യാഖ്യാതാക്കൾ ഈ വചനത്തിന്ന് പലവിധ ഭാഷ്യ ങ്ങളും രചിച്ചിട്ടുണ്ട്. അവയിൽ പലതും അവർക്ക് ഇക്കാര്യത്തി ലുള്ള പൂർണ്ണ ഗ്രാഹ്യതയുടെ കുറവ് വെളിവാക്കുന്നതാണ്. അതേ

സമയം അമുസ്‌ലിംകൾ ഈ വാക്യം പൂർണ്ണമായും വിഷയത്തിൽ നിന്നും ഒഴിവാക്കിയിരിക്കുകയും അവർ മുൻവിധിയോടെയും ശത്രുതാപരമായും ഈ വചനത്തെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. എത്രത്തോളമെന്നാൽ ചിലർ അവരുടെ നിഷേധാത്മക വ്യാഖ്യാനത്തിൽ പ്രത്യേകം ലക്ഷ്യം വെച്ച് കൊണ്ട് അഹങ്കാരത്തിന്റെ അങ്ങേയറ്റംവരെ പോയിരിക്കുന്നു. അവർ വിശ്വസിക്കുന്നത് എന്തെന്നാൽ അത് മനുഷ്യവംശത്തെ ഇസ്‌ലാംമതം സ്വീകരിക്കുന്ന ബാധ്യതയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു എന്നാണ്. അവരുടെ വ്യാഖ്യാന പ്രകാരം മോക്ഷത്തിന്നുള്ള ഒരേയൊരു മാർഗ്ഗം നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യണമെന്നുമാണ്. നിങ്ങൾ യഹൂദനാണോ ക്രിസ്ത്യാനിയാണോ സാബിയനാണോ എന്ന കാര്യം പ്രശ്നമല്ല. സാബിയൻ എന്നാൽ ലോകത്തിന്റെ ഏതെങ്കിലും ഭാഗത്ത് മുമ്പ് അവതരിച്ച ദൈവിക വെളിപാട് ഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്നയാൾ എന്നാണ് അർത്ഥം.

മറ്റൊരർത്ഥത്തിൽ ഈ വചന പ്രകാരം മനുഷ്യവംശത്തിന്റെ മോചനത്തിന്ന് ഇസ്‌ലാംമതം അനിവാര്യമല്ല എന്ന് അവർ വാദിച്ചു. ഏത് വിശ്വാസം അവലംബിച്ചാലും അവന് മോക്ഷം ലഭിക്കും. ഈ വചനം വിശാലമായ രീതിയിൽ അഗാധമായ അർത്ഥം ഉൾക്കൊള്ളുന്നതാണ് എന്ന് ഗ്രഹിക്കുന്നതിൽ അവർ പരാജയപ്പെട്ടിരിക്കുന്നു. ഈ വചനത്തിന്റെ പ്രാധാന്യം ഗ്രഹിക്കാൻ, സമാനമായ മറ്റു ഖുർആൻ വചനങ്ങളുടെ വെളിച്ചത്തിൽ പഠനം നടത്തി ഈ വചനത്തിന്ന് തികച്ചും അനുരൂപമായ രീതിയിൽ നിഗമനത്തിലെത്തേണ്ടിയിരിക്കുന്നു.

ഈ വചനത്തിന്റെ വഴക്കം കാരണം അത് യാതൊരു ആഭ്യന്തര വൈരുദ്ധ്യങ്ങളുമുണ്ടാക്കാതെ വിവിധ സാഹചര്യങ്ങളുള്ള പല പൊതുസന്ദർഭങ്ങളിലും ഉപയോഗിക്കാവുന്നതാണ്. ഈ വചനത്തിന്റെ യഥാർത്ഥ വ്യഖ്യാനങ്ങളിലൊന്നുംതന്നെ പരസ്പര വൈരുദ്ധ്യം കാണില്ല. മാത്രമല്ല ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റു വചനങ്ങളുമായും വൈരുദ്ധ്യങ്ങളുണ്ടാവില്ല. എന്നാൽ ഈ വസ്തുത വ്യക്തമായി മനസ്സിലാക്കാൻ ഈ

വചനത്തെപ്പറ്റി വിവിധ വീക്ഷണകോണുകളിൽ നിന്നും വിശദമായ പഠനം ആവശ്യമാണ്.

ഒന്നാമതായി ഇസ്‌ലാമിന്ന് മുമ്പുള്ള കാലഘട്ടങ്ങളിൽ ഈ വചനം ബന്ധപ്പെടുത്തി പറയുമ്പോൾ, ഇസ്‌ലാം അല്ലാത്ത മതങ്ങളോട് തികഞ്ഞ നീതിയോടും മറ്റു മതഗ്രന്ഥങ്ങളോട് യാതൊരു ശത്രുതയുമില്ലാതെയും പെരുമാറുന്ന സമുന്നതമായ ഒരു ഉദാഹരണം നമുക്ക് നൽകുന്നു. വിശുദ്ധ ഖുർആൻ വെളിപ്പെടുന്നതിന്ന് മുമ്പ് പൂർവ്വകാലത്തുള്ള എല്ലാ ജനങ്ങൾക്കും അവർ ഏത് പേരിലുള്ള മതത്തിൽ പെട്ടവരായാലും ശരി, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നിടത്തോളം അല്ലാഹു അവർക്ക് സമാധാനവും മോക്ഷവും വാഗ്ദാനം ചെയ്യുന്നു. അവർ ഒരിക്കലും ഭയപ്പെടുകയോ ദു:ഖിക്കുകയോ ഇല്ല എന്ന് അവൻ വാഗ്ദാനം നൽകുന്നു.

തങ്ങളുടെ മതാദ്ധ്യാപനമനുസരിച്ച് ആത്മാർത്ഥമായി കർമ്മങ്ങൾ ചെയ്യുന്നവരും വിധിനാളിന്റെ അനിവാര്യതയെ കുറിച്ച് വിശ്വസിക്കുകയും ചെയ്യുന്നവരാണെങ്കിൽ ഇസ്‌ലാമിന്ന് മുമ്പുള്ള എല്ലാ പൂർവ്വിക മതവിശ്വാസങ്ങളിൽ പെട്ടവർക്കും ഈ വചനം മോക്ഷത്തെ സംബന്ധിച്ചുള്ള സുവിശേഷം നൽകുന്നു.

ഈ വചനത്തിന്റെ രണ്ടാമത്തെ വശം പരിശുദ്ധ പ്രവാചകനോടൊപ്പം സമകാലത്ത് ജീവിക്കുകയും ഇസ്‌ലാമിന്റെ സന്ദേശം ലഭിക്കുകയും ചെയ്യാത്തവരാണ്. ഈ കൂട്ടരും പൂർവ്വിക സമുദായങ്ങൾ എന്ന വിഭാഗത്തിൽ പെട്ടവർ തന്നെയാണ്. എല്ലാ മനുഷ്യരും അവർ ലോകത്ത് എവിടെ താമസിക്കുന്നവരായാലും ശരി ഇസ്‌ലാമിന്റെ സന്ദേശം അവരിൽ എത്താതിരിക്കുന്ന കാലത്തോളം, അല്ലെങ്കിൽ അവർക്ക് ബോദ്ധ്യമാവുന്ന വിധം ഇസ്‌ലാമിക സന്ദേശം അവരിൽ എത്തിയിട്ടില്ലെങ്കിൽ അവരൊരിക്കലും തന്നെ തള്ളപ്പെടുന്ന പ്രശ്നമില്ല. അല്ലാഹു ഒരിക്കലും തന്നെ അവരോട് അനീതി പ്രവർത്തിക്കില്ല. നാം സൂറാ ബഖറയിൽ കണ്ടത് പോലെ അവർ അവരുടെ മതത്തിന്റെ നിലയനുസരിച്ച് വിചാരണ ചെയ്യപ്പെടും:

لَا يُكَلِّفُ اللَّهُ نَفْسًا إِلَّا وُسْعَهَا

*അല്ലാഹു ഒരാൾക്കും അവന്റെ കഴിവിൽപെട്ടതല്ലാതെ ഉത്തരവാദിത്വം ഏൽപ്പിക്കുന്നില്ല. (സൂറ:ബഖറ.2:287)*

അതായത് അവൻ അവർക്ക് രക്ഷ നൽകുകയും അവരുടെ മത മാനദണ്ഡമനുസരിച്ച് വിധിക്കുകയും ചെയ്യും.

അതുപോലെ ഈ വചനത്തിന്റെ മൂന്നാമത്തെ വശം പരിശുദ്ധ പ്രവാചകന്റെ അതേകാലത്ത് ജീവിച്ചവരും തങ്ങളുടെ മതങ്ങൾ ആചരിച്ചു കഴിയുന്നവരുമായവരെ സംബന്ധിച്ചുള്ളതാണ്. അവർ അവരുടെ തത്ത്വങ്ങളിൽ സത്യസന്ധമായി സ്ഥിരോത്സാഹത്തോടുകൂടി ഉറച്ചുനിൽക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്താൽ അല്ലാഹു അവരുടെ പ്രതിഫലം നിഷ്ഫലമാക്കുകയില്ല.

ഇങ്ങനെ വിശുദ്ധ ഖുർആനിൽ നിന്നും നമുക്ക് മനസ്സിലാകുന്നത് സൽക്കർമ്മങ്ങൾക്ക് രണ്ടു വിധത്തിലാണ് പ്രതിഫലം നൽകപ്പെടുക എന്നാണ്. ഒന്നാമതായി ഈ ലോകത്തും രണ്ടാമതായി മരണാനന്തരം പരലോകത്തും പ്രതിഫലം നൽകപ്പെടും. ആദ്യത്തെ വിഭാഗത്തെപറ്റി പറയുമ്പോൾ അവരുടെ സൽക്കർമ്മങ്ങളുടെയും ആത്മാർത്ഥമായ വിശ്വാസത്തിന്റെയും ഫലമായി ഇസ്‌ലാമിക സന്ദേശം അവരിൽ എത്തിയാലുടൻ അവർ അത് സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. *ഫലഹും അജ്റുഹും* എന്ന പ്രതിപാദനത്തിൽ *അജ്ർ* (പ്രതിഫലം) എന്നതിന്റെ ഒരർത്ഥം അവരുടെ സൽക്കർമ്മത്തിന്റെ പ്രതിഫലമായി അവർ ഇസ്‌ലാമിലേക്ക് നയിക്കപ്പെടും എന്നാണ്. ഈ വ്യാഖ്യാനം ഇസ്‌ലാം മതത്തിന്റെ സ്ഥാപകൻ പരിശുദ്ധ പ്രവാചകൻ(സ)ന്റെ പൂർണ്ണ പിന്തുണയുള്ളതാണ്. ഹദ്റത്ത് ഹക്കീം ബിൻ ഹിശാം വിവരിക്കുന്നു:

'ഞാൻ ഇസ്‌ലാം മതം സ്വീകരിക്കുന്നതിന്ന് മുമ്പ് ധാരാളം സത്കർമ്മങ്ങൾ ചെയ്യാറുണ്ടായിരുന്നു. ഞാൻ പാവങ്ങളെ സേവിച്ചിരുന്നു. വിശക്കുന്നവനെ ഊട്ടിയിരുന്നു. ഗതിയില്ലാത്തവരെ സഹായിച്ചിരുന്നു. ഇസ്‌ലാം മതം സ്വീകരിച്ചപ്പോൾ ഞാൻ പരിശുദ്ധ പ്രവാചകനോട് ചോദിച്ചു; അല്ലയോ പ്രവാചകരേ,

ഞാൻ ഇസ്‌ലാം മതം സ്വീകരിക്കുന്നതിന്ന് മുമ്പ് ചെയ്ത സൽക്കർമ്മങ്ങൾക്ക് പ്രതിഫലം നൽകപ്പെടുമോ? താങ്കളുടെ ഇസ്‌ലാം മതം സ്വീകരണമാണ് താങ്കളുടെ പ്രതിഫലം.[13] എന്ന് നബി തിരുമേനി(സ) മറുപടി പറഞ്ഞു.

മനഃസാക്ഷി സ്വാതന്ത്ര്യത്തിന്റെ ഒരു വശം പരിശോധിക്കുമ്പോൾ നാം അതേ വിഷയത്തിന്റെ മറ്റൊരു വശം കൂടി പരിശോധിക്കുകയാണ്. അതായത് ഒരാൾ മറ്റൊരു മതത്തിലേക്ക് മതപരിവർത്തനം ചെയ്യുന്നതിനെ ശക്തി ഉപയോഗിച്ചു തടയുന്നത് സംബന്ധിച്ചുള്ളതാണത്.

മതകാര്യങ്ങളിൽ നിരുപാധികവും സമ്പൂർണ്ണവുമായ സ്വാതന്ത്ര്യം അനുപമമായ രീതിയിൽ ഉയർത്തിപ്പിടിക്കുന്ന ഒരേയൊരു മത ഗ്രന്ഥം വിശുദ്ധ ഖുർആൻ മാത്രമാണ്. എല്ലാ മതങ്ങളും ബലപ്രയോഗം നടത്തുന്നു എന്ന മതമില്ലാത്തവരുടെ വളരെക്കാലത്തെ ആരോപണം ഖുർആൻ അസന്ദിഗ്ധമായി നിഷേധിക്കുന്നു:

لَآ إِكۡرَاهَ فِي ٱلدِّينِۖ قَد تَّبَيَّنَ ٱلرُّشۡدُ مِنَ ٱلۡغَيِّۚ فَمَن يَكۡفُرۡ بِٱلطَّٰغُوتِ وَيُؤۡمِنۢ بِٱللَّهِ فَقَدِ ٱسۡتَمۡسَكَ بِٱلۡعُرۡوَةِ ٱلۡوُثۡقَىٰ لَا ٱنفِصَامَ لَهَاۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿٢٥٧﴾

*വിശ്വാസകാര്യത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആർ ദുശ്ശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവൻ ഏറ്റവും ഉറപ്പുള്ള കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. അത് ഒരിക്കലും മുറിഞ്ഞുപോകുന്നതല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ലവണ്ണം അറിയുന്നവനുമാകുന്നു.*

*(അൽബഖറ: 2:257)*

മതകാര്യങ്ങളിൽ യാതൊരു ബലപ്രയോഗവും പാടില്ല. എല്ലാ ഓരോ വ്യക്തിക്കും ഇക്കാര്യത്തിൽ സമ്പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ഒരു മതത്തിന്നും ബലം പ്രയോഗിച്ച് മതത്തിൽ ചേർക്കാൻ

അനുവാദം നൽകിയിട്ടില്ല. അതേപ്രകാരം ഒരു വ്യക്തി മതത്തിൽ നിന്നും വിട്ട് പോകുന്നത് തടയാനും ആർക്കും അനുവാദം നൽകിയിട്ടില്ല. അതുകൂടാതെ *ലാ ഇക്റാഹ ഫിദ്ദീൻ* എന്ന പ്രഖ്യാപനം ഒരിക്കലും മാറാത്ത മനുഷ്യ പ്രകൃതിയുടെ തത്ത്വത്തെ പറ്റി സൂചിപ്പിക്കുന്നു. അതായത് മതകാര്യങ്ങളിൽ ശക്തി പ്രയോഗിച്ചാൽ പോലും അത് ഫലപ്രദമാവില്ല എന്നാണ്. കാരണം ശക്തിപ്രയോഗം ഒരിക്കലും മനസ്സിന്റേയും ഹൃദയത്തിന്റേയും സമീപനം മാറ്റാൻ ഉതകില്ല. ബലപ്രയോഗമുപയോഗിച്ച് ഇതൊന്ന് ചെയ്തു നോക്കൂ. അത് നിഷ്ഫലമായ പീഡനമല്ലാതെ മറ്റൊന്നും സാദ്ധ്യമാക്കില്ല.

ഈ വചനത്തിൽ ശക്തി പ്രയോഗിക്കാനുള്ള അവകാശം സകല മതങ്ങൾക്കും നിഷേധിച്ചിരിക്കയാണ്. അതായത് *ദീൻ* എന്ന പദം എല്ലാ മതങ്ങൾക്കും ബാധകമായ ഒരു വാക്കാണ്. ഇസ്‌ലാമിന് മാത്രം പ്രയോഗിക്കുന്ന പദമല്ല. വ്യക്തമായും മറ്റു മതങ്ങളും ബലപ്രയോഗം നിരാകരിക്കുന്നു. എന്നാൽ ചോദ്യം ഇതാണ്. അവരുടെ മത ഗ്രന്ഥങ്ങൾ ഇത്ര വ്യക്തമായി ഈ അദ്ധ്യാപനങ്ങൾ വിവരിക്കുന്നുണ്ടോ? സമാനമായ അദ്ധ്യാപനങ്ങൾ പല ദിവ്യഗ്രന്ഥങ്ങളിലും കാണാവുന്നതാണെന്ന് ഞാൻ തത്ത്വത്തിൽ വിശ്വസിക്കുന്നു. എങ്കിൽ തന്നെ അത് ഇത്ര സമഗ്രമായിരിക്കില്ല. ഖുർആനുമായി താരതമ്യം ചെയ്യുമ്പോൾ അവയെല്ലാം അപൂർണ്ണമാണ്. മാത്രമല്ല അവയെല്ലാം പിന്നീടുള്ളവർ അവരുടെ ചില വ്യക്തിപരമായ ലക്ഷ്യങ്ങൾക്ക് വേണ്ടി കൂട്ടി ചേർത്തതാകാം. എന്നാൽ അത് മറ്റൊരു വിഷയമാണ്.

വിശുദ്ധ ഖുർആനിലേക്ക് വരുമ്പോൾ ഖുർആൻ ഈ അടിസ്ഥാന തത്ത്വം പറഞ്ഞു കൊണ്ട് നിർത്തുന്നില്ല. മറ്റെല്ലാ മതങ്ങളെയും അവർ തങ്ങളുടെ ആശയം പ്രചരിപ്പിക്കാൻ ശക്തി പ്രയോഗിക്കുന്നു എന്ന ആരോപണത്തിൽ നിന്നും ഒഴിവാക്കുകയാണ് ചെയ്തത്. വിശുദ്ധ ഖുർആൻ പൂർവ്വിക പ്രവാചകന്മാരെയും അവരുടെ അദ്ധ്യാപനങ്ങളെയും പ്രതിപാദിക്കുകയും അവർ മന:സാക്ഷി സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുന്നവരാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. അവർ

ക്കെതിരായിക്കൊണ്ടാണ് എപ്പോഴും സത്യത്തിന്റെ എതിരാളികൾ ശക്തി ഉപയോഗിച്ച് അടിച്ചമർത്തുക. അതേ വചനം തന്നെ അവരുടെ പ്രവർത്തനത്തിന്റെ നിഷ്ഫലതയെപറ്റി പറയുന്നു. അതിന്റെ സന്ദേശം വളരെ വ്യക്തവും ശക്തവുമാണ്. അതായത് വിശ്വാസത്തിന്റെ രംഗം ബലപ്രയോഗത്തിന്റെ മേഖലക്കപ്പുറത്താണ്.

വിശുദ്ധ ഖുർആനിൽ മതചരിത്രം വിവരിച്ചു കൊണ്ട് രേഖപ്പെടുത്തുന്നത്, എപ്പോഴെല്ലാം മനുഷ്യന്റെ മാർഗ്ഗദർശനത്തിന്നായി അല്ലാഹു പ്രവാചകത്വം എന്ന സ്ഥാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ അപ്പോഴെല്ലാം രണ്ട് വിരുദ്ധ ശക്തികൾ പരസ്പരമുള്ള തങ്ങളുടെ പോർ തുടർന്ന് വന്നിട്ടുണ്ട് എന്നാണ്. ഒരു വശത്ത് ദൈവത്തിൽ നിന്നും ദിവ്യ വെളിപാട് മുഖേന മാർഗ്ഗദർശനം ലഭിക്കുന്ന ദൈവത്തിന്റെ ദൂതന്മാരും പ്രവാചകന്മാരും; അവർ തങ്ങളുടെ ജനതയെ അവർക്ക് ലഭിച്ച സത്യത്തിലേക്ക് ക്ഷണിക്കുന്നു. അതേസമയം തങ്ങൾ ക്ഷണിക്കുന്നവർക്ക് തങ്ങളുടെ സന്ദേശം നിരാകരിക്കാനോ സ്വീകരിക്കാനോ സ്വാതന്ത്ര്യമുണ്ടെന്നും പറയുന്നു. ആരുടെ മേലും തങ്ങളുടെ അദ്ധ്യാപനങ്ങൾ അടിച്ചേൽപ്പിക്കാൻ തങ്ങൾക്ക് അധികാരമില്ലെന്ന് അവർ പ്രഖ്യാപിക്കുന്നു. മാത്രമല്ല അവർ ഒരിക്കലും തന്നെ ബലപ്രയോഗത്തിൽ വിശ്വസിക്കുകയും ചെയ്യുന്നില്ല. മറ്റൊരു വശത്ത് അവരുടെ എതിരാളികളാകട്ടെ അവരുടെ വിശ്വാസം പ്രഖ്യാപിക്കുക മാത്രമല്ല പ്രവൃത്തിയിൽ മറ്റുള്ളവരുടെ വിശ്വാസപ്രചാരണത്തെ ശക്തികൊണ്ട് തടയുകയും ചെയ്യുന്നു. അവർ പ്രഖ്യാപിക്കുന്നു: നിങ്ങൾ ഞങ്ങളുടെ മതത്തെ വാദമുഖങ്ങളിലൂടെ മാറ്റാൻ ശ്രമിക്കുന്നതിൽ നിന്നും പിന്തിരിയുന്നില്ലെങ്കിൽ നിങ്ങൾ കഠിനമായി ശിക്ഷിക്കപ്പെടും. ആരാണോ ഞങ്ങളുടെ ആളുകളിൽ നിന്നും ഞങ്ങളുടെ മതം ഉപേക്ഷിച്ച് പുതിയ മതം സ്വീകരിക്കുന്നത്, അവരോട് എല്ലാവർക്കും പാഠമാകുമാറ് ക്രൂരമായി പെരുമാറുന്നതായിരിക്കും.

അതായത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപന പ്രകാരം എല്ലാ സത്യപ്രവാചകന്മാരും മന:സാക്ഷി സ്വാതന്ത്ര്യം പ്രഖ്യാ

പിക്കുന്നവരാണ്. അതേസമയം എല്ലാ വ്യാജ എതിരാളികളും സത്യത്തിന്റെ പ്രചാരം തടയാൻ ശക്തിയും ബലപ്രയോഗവും നടത്താൻ ധൃഷ്ടരാകുന്നു. വിശുദ്ധ ഖുർആനിൽ ഇത്തരത്തിൽ പല പ്രതിപാദനങ്ങളുമുണ്ട്. ഹദ്റത്ത് ശുഐബ്(അ) നബിയെ കുറിച്ച് ഖുർആൻ പറയുന്നു:

قَالَ الْمَلَأُ الَّذِينَ اسْتَكْبَرُوا مِن قَوْمِهِ لَنُخْرِجَنَّكَ يَا شُعَيْبُ وَالَّذِينَ آمَنُوا
مَعَكَ مِن قَرْيَتِنَا أَوْ لَتَعُودُنَّ فِي مِلَّتِنَا ۚ قَالَ أَوَلَوْ كُنَّا كَارِهِينَ ﴿٨٩﴾

*അദ്ദേഹത്തിന്റെ ജനതയിൽ നിന്ന് അഹങ്കരിച്ചിരുന്ന പ്രധാനികൾ പറഞ്ഞു: 'ഓ ശുഐബ് നിന്നെയും നിന്റെ കൂടെ വിശ്വസിച്ചവരെയും ഞങ്ങൾ ഞങ്ങളുടെ നാട്ടിൽ നിന്ന് ബഹിഷ്ക്കരിക്കുക തന്നെ ചെയ്യും. അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ മതത്തിലേക്ക് വരിക തന്നെ വേണം.' അദ്ദേഹം പറഞ്ഞു: 'എന്ത്, ഞങ്ങൾ അതിനെ വെറുക്കുന്നവരാണെങ്കിൽ പോലും (ഞങ്ങളെ പുറത്താക്കുമോ)' (അഅ്റാഫ്. 7:89)*

മറ്റു വാക്കുകളിൽ പറഞ്ഞാൽ ശുഐബ്(അ)യോട് പറയപ്പെട്ടത്: 'നിങ്ങൾ ഞങ്ങളുടെ മതം വിട്ടു പോകുകയാണെങ്കിൽ നിങ്ങളെ ഞങ്ങളുടെ രാജ്യത്ത് കഴിയാൻ അനുവദിക്കില്ല' എന്നാണ്. ഇത് കേട്ടപ്പോൾ അദ്ദേഹം ലളിതമായി പറഞ്ഞു: 'ഞങ്ങൾ അതിന് തയ്യാറായില്ലെങ്കിൽ പോലും?' ഹദ്റത്ത് ശുഐബ് നബി(അ)യുടെ ഈ കഴമ്പുള്ള പ്രസ്താവന എതിരാളികളുടെ വെല്ലുവിളിക്കുള്ള വിവേക പൂർണ്ണവും മൂർച്ചയേറിയതുമായ മറുപടിയായിരുന്നു.

ഒരാൾക്ക് ഒരു പ്രത്യേക മതത്തോട് വിരക്തി തോന്നുകയാണെങ്കിൽ അയാളെ പുറത്താക്കുമെന്ന് ഭീഷണിപ്പെടുത്തി അതേ മതത്തിലേക്ക് തന്നെ തിരിച്ചു കൊണ്ടു വരാൻ സാധ്യമല്ല. ഭീഷണി ആളുകളെ കപട വിശ്വാസികളാക്കി തീർക്കും. ആ ഭീഷണികൾക്ക് അവരുടെ ഉള്ളിലെ വിശ്വാസത്തിന് ഒരു മാറ്റം കൊണ്ട് വരിക സാധ്യമല്ല. ആളുകളെ ഒരിക്കലും നിർബന്ധിച്ച് മതത്തിൽ ചേർക്കാൻ സാധ്യമല്ല. അവരെ വശീകരിക്കാനുള്ള (പഴയ മതത്തിലേക്ക്) ഒരേയൊരു വഴി യുക്തിയും ന്യായവും

ഉപയോഗിച്ച് അവരുടെ നിഷേധത്തിന്ന് കാരണമായ സംശങ്ങൾ നീക്കം ചെയ്യുക എന്നതാണ്. ഭൗതിക ശക്തികൊണ്ട് ആളുകളുടെ വിശ്വാസം മാറ്റിയെടുക്കാൻ സാധ്യമല്ല.

ഇത് പോലെയുള്ള പെരുമാറ്റം തങ്ങളുടെ ശത്രുക്കളുടെ കരങ്ങളാൽ അനുഭവിച്ച മറ്റു പ്രവാചകന്മാരെക്കുറിച്ചും വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നു. ഓരോ വിവരണത്തിലും അടിസ്ഥാന കഥ ഒന്നു തന്നെയാണ്. ഇത് സംബന്ധിച്ച് ഹദ്റത്ത് നൂഹ്(അ), ഹദ്റത്ത് ഇബ്റാഹിം(അ), ഹദ്റത്ത് ലൂത്ത്(അ), ഹദ്റത്ത് ഹൂദ്(അ), ഹദ്റത്ത് സാലിഹ്(അ) എന്നീ പ്രവാചകന്മാരെ പറ്റിയും വിശുദ്ധ ഖുർആൻ പരാമർശിക്കുന്നു. ഈ പട്ടിക ചെറുതാണ്. വാസ്തവത്തിൽ ഈ വിഷയത്തിൽ വിശുദ്ധ ഖുർആൻ എല്ലാ പ്രവാചകന്മാരെയും പൊതുവേ അവരുടെ നാമം പരാമർശിക്കാതെ പ്രതിപാദിക്കുന്നുണ്ട്. ചരിത്രത്തിൽ വിവിധ കാലഘട്ടങ്ങളിൽ ജീവിച്ച ആ പ്രവാചകന്മാരാരും തന്നെ വിശ്വാസത്തിന്റെ കാര്യത്തിൽ നിർബന്ധം ചെലുത്താൻ പറഞ്ഞിട്ടില്ല എന്ന് വ്യക്തമായി പറയുന്നു. അറ്റമില്ലാത്ത പീഡനങ്ങളുണ്ടായിട്ടും മനഃസാക്ഷി സ്വാതന്ത്ര്യം എന്ന അടിസ്ഥാന തത്ത്വത്തിൽ പിടിച്ചു നിൽക്കുകയുണ്ടായി. ഒരു സ്വേച്ഛാധിപതി എപ്പോഴെങ്കിലും മറ്റുള്ളവരുടെ വിശ്വാസം ബലം പ്രയോഗിച്ച് മാറ്റാൻ ശ്രമിച്ചെങ്കിൽ എന്ത് വലിയ ത്യാഗങ്ങൾ സഹിച്ചും അവരുടെ മൗലികാവകാശങ്ങൾ പ്രതിരോധിക്കാനും സംരക്ഷിക്കാനും അവർ തയ്യാറാകും.

മതപരിത്യാഗത്തിന്റെ ശിക്ഷയിലേക്ക് പോകുമ്പോൾ താഴെ പറയുന്ന ദൂരവ്യാപകമായ അർത്ഥധ്വനികളുള്ള ഖുർആനിക വാക്യങ്ങൾ ശ്രദ്ധിക്കുക:

وَقَالَ الَّذِيْنَ كَفَرُوْا لِرُسُلِهِمْ لَنُخْرِجَنَّكُمْ مِّنْ اَرْضِنَآ اَوْ لَتَعُوْدُنَّ فِيْ

مِلَّتِنَا ؕ فَاَوْحٰٓى اِلَيْهِمْ رَبُّهُمْ لَنُهْلِكَنَّ الظّٰلِمِيْنَ ﴿۱۴﴾

*അവിശ്വസിച്ചവർ തങ്ങളുടെ ദൈവദൂതന്മാരോട് പറഞ്ഞു: ഞങ്ങൾ തീർച്ചയായും നിങ്ങളെ ഞങ്ങളുടെ നാട്ടിൽനിന്നും പുറത്താക്കും. അല്ലെങ്കിൽ നിങ്ങൾ*

*ഞങ്ങളുടെ മതത്തിലേക്ക് തിരിച്ചു വരികതന്നെ വേണം. നിശ്ചയമായും നാം അക്രമികളെ നശിപ്പിക്കുകതന്നെ ചെയ്യുമെന്ന് അവരുടെ നാഥൻ അവർക്ക് ദിവ്യസന്ദേശം നൽകി (സൂറ: ഇബ്റാഹിം. 14: 14)*

ജന്മഗേഹത്തിൽ നിന്നുള്ള ബഹിഷ്ക്കരണം കൂടാതെ പുതിയ മതാനുയായികൾ അവരുടെ മതപരിത്യാഗം എന്ന കുറ്റത്തിന്ന് മറ്റു കഠിനമായ ശിക്ഷകൾക്ക് കൂടി വിധേയമാവുന്നു. ഈ ഒരു കുറ്റത്തിന്ന് ഹദ്റത്ത് ഇബ്രാഹിമിന്ന്(അ) പ്രതിയോഗികൾ നിർദ്ദേശിച്ചത് വധശിക്ഷയാണെന്ന് മാത്രമല്ല അത് അങ്ങേയറ്റം ക്രൂരമായ രീതിയിൽ നടപ്പാക്കണമെന്നും അവർ നിഷ്കർശിച്ചു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

قَالُوْا حَرِّقُوْهُ وَانْصُرُوْٓا اٰلِهَتَكُمْ اِنْ كُنْتُمْ فٰعِلِيْنَ ﴿٦٩﴾

*അവർ പറഞ്ഞു: നിങ്ങൾ വല്ലതും ചെയ്യാനുദ്ദേശിക്കുന്നുവെങ്കിൽ ഇവരെ ചുട്ടെരിച്ച് നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുക.*

*(സൂറ: അൽ അംമ്പിയാഅ് 21:69)*

ഫിർഔൻ അദ്ദേഹത്തിന്റെ മതത്തിൽ നിന്നും പിന്തിരിഞ്ഞവരെ പീഡിപ്പിക്കാൻ പലവിധ പീഡനോപാധികളും ഉപായങ്ങളും കണ്ടെത്തി. മൂസാ(അ)യുടെ മതത്തിൽ ചേർന്നവരെ താഴെ പറഞ്ഞ പ്രകാരം ശിക്ഷകൊണ്ട് ഭീഷണിപ്പെടുത്തി:

قَالَ اٰمَنْتُمْ لَهٗ قَبْلَ اَنْ اٰذَنَ لَكُمْ ۗ اِنَّهٗ لَكَبِيْرُكُمُ الَّذِيْ عَلَّمَكُمُ
السِّحْرَ ۚ فَلَاُقَطِّعَنَّ اَيْدِيَكُمْ وَاَرْجُلَكُمْ مِّنْ خِلَافٍ وَّلَاُصَلِّبَنَّكُمْ
فِيْ جُذُوْعِ النَّخْلِ ۫ وَلَتَعْلَمُنَّ اَيُّنَآ اَشَدُّ عَذَابًا وَّاَبْقٰى ﴿٧٢﴾

*അവൻ(ഫിർഔൻ) പറഞ്ഞു: ഞാൻ നിങ്ങൾക്ക് അനുമതി നൽകുന്നതിന്ന് മുമ്പായി നിങ്ങൾ അവനെ (മൂസാ(അ)) വിശ്വസിച്ചുവോ? (ഇപ്പോൾ കാര്യം മനസ്സിലായി) തീർച്ചയായും നിങ്ങൾക്ക് മാന്ത്രിക വിദ്യ അഭ്യസിപ്പിച്ച നിങ്ങളുടെ നേതാവാണിവൻ. അതുകൊണ്ട് തീർച്ചയായും ഞാൻ നിങ്ങളുടെ കൈകളും*

*കാലുകളും വിപരീത ഭാഗത്ത് നിന്ന് മുറിക്കുകയും ഈത്തപ്പനത്തടികളിൽ നിങ്ങളെ ബന്ധിച്ചു ക്രൂശിക്കുകയും ചെയ്യുന്നതാണ്. നമ്മിൽ ആരാണ് ഏറ്റവും കടുത്തതും നീണ്ടു നിൽക്കുന്നതുമായ ശിക്ഷ നൽകുന്നവനെന്ന് തീർച്ചയായും നിങ്ങൾ അറിയും. (സൂറാ:താഹാ.20:72)*

കേവല നീതിയെ സംബന്ധിച്ച വിശുദ്ധ ഖുർആന്റെ ആശയം എല്ലാ സാഹചര്യങ്ങളിലും ഒരുപോലെ പ്രായോഗികമാണ്. മതകാര്യങ്ങളിൽ ബലപ്രയോഗം ആകാമെന്ന വ്യാജ സങ്കൽപ്പം തകർത്തതോടെ എല്ലാ പ്രവാചകന്മാരെ സംബന്ധിച്ചും തങ്ങളുടെ മതത്തിലേക്ക് നിർബന്ധപൂർവ്വം ആളെ ചേർക്കുന്നു എന്ന ആരോപണത്തിൽ നിന്നും അവർ കുറ്റവിമുക്തരായിരിക്കുന്നു. അങ്ങനെ സമാധാന പൂർവ്വം മത പ്രചാരണം നടത്തുന്നവരോട് നീതിപൂർവ്വം വർത്തിക്കണമെന്ന് കൂടി ഖുർആൻ പറയുന്നു.

പരമ ശക്തനായ ദൈവത്തെ സംബന്ധിച്ച് ഖുർആൻ മുന്നോട്ടു വെക്കുന്ന ഏറ്റവും ശക്തമായ വാദം അവൻ (ദൈവം) സത്യം സ്വീകരിക്കാൻ ആളുകളെ നിർബന്ധിക്കാൻ തീരുമാനിച്ചെങ്കിൽ ശരിയും തെറ്റും തിരഞ്ഞെടുക്കാനുള്ള അവസരം നൽകാതെ ദൈവത്തിന്ന് യാതൊരു ബലവും പ്രയോഗിക്കാതെ എളുപ്പത്തിൽ അത് നിർവ്വഹിക്കാമായിരുന്നു എന്നാണ്. ശരിയുടെയും തെറ്റിന്റെയും അസ്തിത്വമുണ്ടാകുകയും അതിൽ നിന്ന് രണ്ടിലൊന്ന് തിരഞ്ഞെടുക്കാൻ മനുഷ്യന്ന് അവസരം നൽകുകയും ചെയ്തതിനാൽ ബലപ്രയോഗം എന്നത് ദൈവത്തിന്റെ പദ്ധതിയിലില്ലാത്ത കാര്യമാണ് എന്നത് അവിതർക്കിതമാണ്. ദൈവം വിശുദ്ധ ഖുർആനിൽ പറയുന്നു:

وَلَوْ شَآءَ رَبُّكَ لَآمَنَ مَن فِى ٱلْأَرْضِ كُلُّهُمْ جَمِيعًا ۚ أَفَأَنتَ تُكْرِهُ ٱلنَّاسَ حَتَّىٰ
يَكُونُوا۟ مُؤْمِنِينَ ﴿١٠٠﴾

*നിന്റെ നാഥൻ (നിർബന്ധ പൂർവ്വം നടപ്പാക്കാൻ) ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ള എല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനെ. എന്നിരിക്കെ ആളുകൾ വിശ്വാസികളായിരിത്തീരുന്നതിനായി നീ അവരെ നിർബന്ധിക്കുകയാണോ? (സൂറ:യൂനുസ്10:100)*

ചില മുസ്‌ലിം മതപണ്ഡിതന്മാർ ഇക്കാര്യത്തിൽ പുലർത്തുന്ന അഭിപ്രായം, പരിശുദ്ധ പ്രവാചകനുമുമ്പ് ഒരു പ്രവാചകനും വിശ്വാസത്തിന്റെ കാര്യത്തിൽ നിർബന്ധിക്കാൻ അനുവാദം നൽകപ്പെട്ടിട്ടില്ല, എന്നാൽ പരിശുദ്ധ പ്രവാചകന്ന് തന്റെ ഔന്നത്യവും മികവും മറ്റു പ്രവാചകന്മാർക്ക് മുകളിൽ തെളിയിക്കാൻ നിർബന്ധിക്കാനുള്ള അവകാശം നൽകിയിട്ടുണ്ട് എന്നാണ്. വ്യക്തമായും ഈ വാദം അത്യന്തം പ്രതിലോമകരമാണ്. പരിശുദ്ധ പ്രവാചകൻ തനിക്ക് മുമ്പ് പദവിയിൽ താഴെയുള്ള എല്ലാ പ്രവാചകന്മാരെക്കാളും മനസ്സാക്ഷി സ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ചെങ്കിൽ വിവേകം ആവശ്യപ്പെടുന്നത് പരിശുദ്ധ പ്രവാചകനും ഈ മഹത്തായ മാർഗ്ഗദർശനം പൂർവ്വിക പ്രവാചകന്മാരേക്കാൾ അത്യുന്നതിയിൽ ഉയർത്തിപ്പിടിക്കണമെന്നാണ്. മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെ വിഷയത്തിൽ എല്ലാ പ്രവാചകന്മാരെക്കാളും നന്നായി പ്രവർത്തിച്ച കളങ്കരഹിതനായ പരിശുദ്ധ പ്രവാചകനെ സംബന്ധിച്ചിടത്തോളം അത്യന്തം ഹീനവും വിവേക ശൂന്യവുമായ ഒരു ആരോപണമാണിത്. യഥാർത്ഥത്തിൽ വിശുദ്ധ പ്രവാചകന്റെ ശക്തി പ്രയോഗിക്കാനുള്ള കഴിവാണ് ഇവിടെ നിഷേധിക്കുന്നത്. വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു:

فَذَكِّرْ ۗ إِنَّمَآ أَنْتَ مُذَكِّرٌ ﴿٢٢﴾ لَسْتَ عَلَيْهِمْ بِمُصَيْطِرٍ ﴿٢٣﴾ إِلَّا مَنْ تَوَلّٰى
وَكَفَرَ ﴿٢٤﴾ فَيُعَذِّبُهُ اللّٰهُ الْعَذَابَ الْأَكْبَرَ ﴿٢٥﴾ إِنَّ إِلَيْنَآ إِيَابَهُمْ ﴿٢٦﴾
ثُمَّ إِنَّ عَلَيْنَا حِسَابَهُمْ ﴿٢٧﴾

*അതിനാൽ നീ ഉപദേശിക്കുക. നിശ്ചയമായും നീ ഉപദേശിക്കുന്നവൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരം നടത്തുന്നവനല്ല. എന്നാൽ വല്ലവനും പിന്തിരിഞ്ഞുപോവുകയും നിരാകരിക്കുകയും ചെയ്യു*

*ന്നതായാൽ അവനെ അല്ലാഹു കഠിനമായി ശിക്ഷി ക്കുന്നതാണ്. അവരുടെ മടക്കം നമ്മുടെ അടുക്കലേക്ക് തന്നെയാകുന്നു.എന്നിട്ട്അവരുടെകണക്ക്വിചാരണയും നമ്മുടെബാദ്ധ്യതതന്നെ(അൽഗാശിയ,88:22-27)*

ഈ അലംഘനീയമായ തത്ത്വം പാലിക്കുമ്പോൾ സത്യ വിശ്വാസത്തിലേക്ക് ആരെയും കൊണ്ടുവരാൻ ഒരു പ്രവാച കനും നിർബന്ധം ചെലുത്തേണ്ട ആവശ്യമില്ല. ആരെങ്കിലും ദൈവത്തിന്റെയോ സത്യവിശ്വാസത്തിന്റെയോ പേരിൽ ഈ തത്ത്വം ലംഘിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ദൈവത്തിന്റെ വിനീതരായ ഒരു ദാസൻ പോലും കൈകൊള്ളാത്ത ഈ ലംഘനങ്ങൾ വ്യാജദൈവ നിർമിതിയാണെന്ന് പറഞ്ഞ് തള്ള പ്പെടേണ്ടതാണ്.

ഒരു സത്യമതത്തിന്നും മനുഷ്യ മനസ്സാക്ഷിക്കെതിരായ കുറ്റകൃത്യം നിർവ്വഹിക്കുന്നത് തങ്ങളുടെ വരവിൽ വെക്കാൻ സാധ്യമല്ല. അതിന്ന് ഉത്തരവാദികൾ മത പൗരോഹിത്യമാണ്. അവർ ദിവ്യമായ അദ്ധ്യാപനങ്ങളെ ദൈവത്തിന്റെ പേരിൽ തങ്ങളുടെ കാര്യലാഭത്തിന്ന് വേണ്ടി വളച്ചൊടിക്കുന്നത് കൊണ്ടാണ് മത ത്തിന്റെ പേരിൽ കുറ്റകൃത്യങ്ങളുണ്ടാവുന്നത്. അവർ സ്വയം തന്നെ ദൈവം സൃഷ്ടിച്ച ജീവനെ പോലും ഉന്മൂലനം ചെയ്യാനുള്ള ലൈസൻസ് സമ്പാദിച്ചിരിക്കയാണ്. വിശുദ്ധ ഖുർആൻ എല്ലാ മത ങ്ങളെയും ഇക്കാര്യത്തിൽ സംരക്ഷിച്ചിരിക്കുന്നു. പൗരോ ഹിത്യത്തിന്റെ പിൽക്കാലത്തുണ്ടായ ഇത്തരം എല്ലാ ദുഷിപ്പുക ളിൽ നിന്നും വ്യാജ ആരോപണങ്ങളിൽ നിന്നും മതങ്ങളെ വിശുദ്ധ ഖുർആൻ മോചിപ്പിക്കുകയും ചെയ്തിരിക്കുന്നു.

## 11

# തെറ്റിദ്ധരിക്കപ്പെട്ട ഇസ്‌ലാമിക ജിഹാദ്

മനസ്സാക്ഷി സ്വാതന്ത്ര്യത്തെ സംബന്ധിച്ചുള്ള ഇസ്‌ലാമിന്റെ വ്യക്തവും അസന്ദിഗ്ധവുമായ പ്രഖ്യാപനം പരിശോധിച്ചതിന് ശേഷം ഈ തത്ത്വങ്ങളുമായി പ്രത്യക്ഷത്തിൽതന്നെ എതിരായ ഇസ്‌ലാമിക ജിഹാദിനെ പറ്റിയുള്ള അദ്ധ്യാപനം എന്താണെന്ന് വിശകലനം ചെയ്യേണ്ടതുണ്ട്. ഒരു വശത്ത് നിരുപാധികമായി മനസ്സാക്ഷി സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുകയും മറുവശത്ത് അന്യമതസ്ഥർക്കെതിരെയും ലോക ജനതക്കെതിരെയും മുസ്‌ലിംകൾ തങ്ങൾക്ക് ശരിയാണെന്ന് തോന്നുന്ന കാര്യങ്ങൾക്ക് വേണ്ടി വാളെടുക്കുകയും ചെയ്യുക എന്നുവന്നാൽ അത് എന്ത് തരത്തിലുള്ള നീതിയായിരിക്കും.?

ഈ വിഷയം മനസ്സിലാക്കാൻ നാം വായനക്കാരുടെ ശ്രദ്ധ വിശുദ്ധ ഖുർആനിലെ ഒരു വചനത്തിലേക്ക് ക്ഷണിക്കുന്നു:

أُذِنَ لِلَّذِينَ يُقَاتَلُونَ بِأَنَّهُمْ ظُلِمُوا ۚ وَإِنَّ اللَّهَ عَلَىٰ نَصْرِهِمْ لَقَدِيرٌ ﴿٤٠﴾
الَّذِينَ أُخْرِجُوا مِن دِيَارِهِم بِغَيْرِ حَقٍّ إِلَّا أَن يَقُولُوا رَبُّنَا اللَّهُ ۗ وَلَوْلَا
دَفْعُ اللَّهِ النَّاسَ بَعْضَهُم بِبَعْضٍ لَّهُدِّمَتْ صَوَامِعُ وَبِيَعٌ وَصَلَوَاتٌ
وَمَسَاجِدُ يُذْكَرُ فِيهَا اسْمُ اللَّهِ كَثِيرًا ۗ وَلَيَنصُرَنَّ اللَّهُ مَن يَنصُرُهُ ۗ إِنَّ
اللَّهَ لَقَوِيٌّ عَزِيزٌ ﴿٤١﴾

*യുദ്ധം ഉണ്ടാക്കിയവർക്കെതിരെ യുദ്ധം ചെയ്യാൻ അനുമതി നൽകപ്പെട്ടിരിക്കുന്നു എന്തെന്നാൽ അവർക്കെതിരെ അക്രമം ചെയ്യപ്പെട്ടിരിക്കയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവനാകുന്നു. 'ഞങ്ങളുടെ നാഥൻ അല്ലാഹുവാണ്' എന്ന് പറഞ്ഞ ഒറ്റ*

*കാരണത്താൽ അന്യായമായി തങ്ങളുടെ ഭവനങ്ങളിൽനിന്ന് ബഹിഷ്ക്കരിക്കപ്പെട്ടവരാണ് അവർ. അല്ലാഹു ചിലരെ മറ്റു ചിലരെക്കൊണ്ട് തടഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ചർച്ചുകളും സിനഗോഗുകളും മസ്ജിദുകളും എല്ലാം തകർക്കപ്പെട്ടുമായിരുന്നു. അവിടെ വെച്ച് അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്നു. തീർച്ചയായും തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുന്നതാണ്. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനുമാണ്.*

*(സൂറാ അൽ ഹജ്ജ്: 22:40-41)*

ഈ വചനങ്ങളാണ് വാളുകൊണ്ടുള്ള ഇസ്‌ലാമിക ജിഹാദിന്റെ നിരോധനാജ്ഞകളുടെ മൂലക്കല്ല് രൂപീകരിക്കുന്നത്. ഈ വെളിപാടു വചനങ്ങളാണ് ആദ്യമായി വാളെടുക്കാൻ അനുവദിക്കുന്നത്. ഈ വചനങ്ങൾ വാളുകൊണ്ടുള്ള ജിഹാദിന് മുസ്‌ലിംകളെ അനുവദിക്കുക മാത്രമല്ല, യഥാർത്ഥത്തിൽ ആജ്ഞാപിക്കുകയും അനുപേക്ഷണീയമായ മുന്നുപാധികൾക്ക് അടിത്തറ പാകുകയും ചെയ്യുന്നു. ഈ വചനത്തെ പറ്റിയുള്ള ഒരു ബാഹ്യമാത്ര പഠനം പോലും പ്രതിരോധത്തിന്ന് മാത്രമാണ് വാൾ അനുവദിക്കപ്പെട്ടത് എന്നും ഒരിക്കലും ആക്രമണത്തിന്നുള്ള ആയുധമാക്കാൻ വേണ്ടിയല്ല എന്നും തെളിയിക്കുന്നതാണ്.

ഒന്നാമതായി ജിഹാദ് എന്ന പദത്തിന് ഒരിക്കലും ഒരു സായുധ സംഘട്ടനം എന്ന് അർത്ഥമില്ല. മേൽ ഉദ്ധരിച്ച പ്രതിരോധ സമരത്തിൽ പോലും *കിതാൽ* എന്ന പദമാണ് ഉപയോഗിച്ചത്. ജിഹാദ് എന്നല്ല. *കിതാൽ* എന്ന പദം രണ്ട് സൈന്യങ്ങൾ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന അവസ്ഥക്കാണ് ബാധകമാവുന്നത്.

തങ്ങളുടെ നിലനിൽക്കാനുള്ള അവകാശം, അടിച്ചമർത്താൻ ഉപയോഗിച്ച അതേ ആയുധംകൊണ്ട് സ്വയം പ്രതിരോധിക്കാൻ മാത്രമാണ് മുസ്‌ലിംകൾക്ക് അനുവാദം നൽകപ്പെട്ടത്. അവർ അക്രമണത്തിന്ന് കുറിമാനമാക്കപ്പെട്ടുകഴിഞ്ഞുവെന്ന്

ഈ വചനം പ്രഖ്യാപിക്കുന്നു. എത്രത്തോളമെന്നാൽ അവർ തങ്ങളുടെ വീടുകളിൽനിന്നും പുറന്തള്ളപ്പെട്ടവരും ദീർഘ കാലം അക്രമകരമായ യുദ്ധത്തിന്ന് കുറിമാനമായി തീർന്നവരുമാണ്. ശത്രുക്കൾ അവരെ ആക്രമിക്കാനുള്ള കാരണം തങ്ങളുടെ സംരക്ഷകൻ ദൈവമാണ് എന്ന് വാദിച്ചതിനാൽ മാത്രമാണ്. മുസ്ലിംകൾക്ക് സ്വയം പ്രതിരോധിക്കാൻ അവസാനം അനുമതി നൽകപ്പെടുകയാണുണ്ടായതെന്ന് വിവേകശാലിയായ ഏതൊരു മനുഷ്യനും കാണാൻ സാധിക്കും. അതൊരിക്കലും തന്നെ അവരുടെ ഭാഗത്ത് നിന്നുള്ള ആക്രമണമായിരുന്നില്ല.

പ്രതിരോധ യുദ്ധത്തിന്ന് ചുമതലപ്പെടുത്തുക എന്നത് മുസ്ലിംകളുടെ മാത്രം വിഷയമായിരുന്നില്ല. വാൾകൊണ്ട് അടിച്ചമർത്തപ്പെട്ട എല്ലാ മതസ്ഥർക്കും ബാധകമായ ഒരു സന്ദേശമാണ്. അത് എല്ലാ മതങ്ങൾക്കും ഈ മൗലികാവകാശം അനുവദിച്ചിരിക്കുന്നു എന്ന് ഈ വചനം അസന്ദിഗ്ധമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ചിലർക്ക് അവരുടെ ആരാധനാലയങ്ങൾ സംരക്ഷിക്കാൻ അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ മസ്ജിദുകൾ മാത്രമല്ല ക്രിസ്ത്യൻ ചർച്ചുകളും സിനഗോഗുകൾ മുതലായവയും നശിപ്പിക്കപ്പെടുമായിരുന്നു.

മേൽ വചനങ്ങളുടെ വെളിച്ചത്തിൽ വൈരുദ്ധ്യങ്ങളുണ്ടാകുമെന്ന ഭീതിയില്ലാതെ തന്നെ ഇസ്ലാം അടിസ്ഥാനപരമായ മനസ്സാക്ഷി സ്വാതന്ത്ര്യമാണ് സംരക്ഷിക്കുന്നത് എന്ന നിഗമനത്തിൽ എത്താം. അതിനെ *ജിഹാദ്* എന്നോ *കിതാൽ* എന്നോ എന്ത് പേരിട്ട് വിളിച്ചാലും അത് മുസ്ലിംകൾക്ക് മാത്രമുള്ള ഒരു അവകാശമായി പരാവർത്തനം ചെയ്യാൻ സാദ്ധ്യമല്ല. ഈ വചനത്തിൽ എന്തെങ്കിലും താക്കീത് നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അത് മുസ്ലിംകൾക്കാണ്. അതായത് അവർ അന്യ ആരാധനാലയങ്ങളോട് ബഹുമാനാദരങ്ങൾ കാട്ടിയില്ലെങ്കിൽ ദൈവം അവരോട് ഏറ്റവും നന്നായി പെരുമാറില്ല എന്നാണ് താക്കീത്. മുസ്ലിംകൾ അപ്രകാരം ചെയ്യുന്നില്ലെങ്കിൽ അവരുടെ ആരാധനാലയങ്ങളും ആദരപൂർവ്വം

പരിരക്ഷിക്കപ്പെടാനുള്ള അവകാശം എടുത്തു മാറ്റപ്പെടും. അന്യരുടെ ആരാധനാലയങ്ങളോട് ബഹുമാനാദരം കാട്ടിവേണം മുസ്‌ലിംകൾ ഈ അവകാശം സമ്പാദിക്കേണ്ടത്.

മേൽ ഉദ്ധരിച്ച വചനം കേവല നീതിയുടെ മൂല്യം ഉയർത്തിപ്പിടിക്കുക മാത്രമല്ല *ഇഹ്സാന്റെ* മേഖലയിലേക്ക് കൂടി പ്രവേശിക്കുന്നു. അതിനർത്ഥം നീതിയുടെ നിർവ്വഹണത്തിന്ന് അപ്പുറത്തേക്ക് പോകുക മാത്രമല്ല അന്യരെ ഉപചരിക്കുന്നതിൽ ഔദാര്യത്തിന്റേയും കാരുണ്യത്തിന്റേയും അനുഗ്രഹങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. അത് അർത്ഥമാക്കുന്നത് ഒരാൾ ആരാധിക്കുന്നത് ആക്രമണത്തിന്ന് കാരണമാകുന്ന രീതിയിലാണെങ്കിൽപോലും മുസ്‌ലിം ആ ആരാധകനെ ആദരിക്കണം എന്ന് മാത്രമല്ല ആ ആരാധനാലയം ആക്രമിക്കപ്പെടുമ്പോൾ സംരക്ഷിക്കാൻ തയ്യാറാവുകയും വേണം എന്നാണ്. ഇക്കാര്യം മൗണ്ട് സീനായിലെ വിശുദ്ധ സെയ്ന്റ് കാതറിൻ മൊണാസ്ട്രി★യിൽ ഇപ്പോഴും സൂക്ഷിച്ച പ്രവാചകൻ മുഹമ്മദ് നബി(സ) അയച്ച താഴെക്കാണുന്ന എഴുത്തിൽ നിന്നും വ്യക്തമാണ്.

"ക്രിസ്ത്യാനികളുടെ ചർച്ചുകളെയും മൊണാസ്ട്രികളെയും മറ്റ് ആരാധനാലയങ്ങളെയും ശത്രുക്കളുടെ ആക്രമണത്തിൽ നിന്നും പ്രതിരോധിക്കൽ മുസ്‌ലിംകളുടെ കടമയാണ്. ആരാണോ ഇക്കാര്യത്തിൽ വീഴ്ച്ച വരുത്തുന്നത് അവർ ദൈവത്തിന്റെ ആജ്ഞ ലംഘിച്ചവരാണ്. അയാൾ തന്റെ മതത്തിന്ന് (അതാ

★ **സെയന്റ് കാതറിൻ ചർച്ച്**: കോൺസ്റ്റന്റയിൽ ചക്രവർത്തിയുടെ മാതാവ് ഹെലൻ(275-357) നിർമ്മിച്ചുവെന്ന് വിശ്വസിക്കപ്പെടുന്ന ഈജിപ്തിലെ സീനാ പർവ്വതത്തിന്റെ താഴ്‌വരയിലെ ക്രൈസ്തവ സന്യാസി മഠം. ഹിജ്റ 4-ാം വർഷത്തിൽ സീനായിൽ നിന്നു മുഹമ്മദ് നബി(സ)യെ സന്ദർശിച്ച ഒരു ക്രൈസ്തവനിവേദക സംഘത്തിന് ക്രൈസ്തവരുടെ സ്വത്തിനും ജീവനും സമ്പൂർണസംരക്ഷണം വാഗ്ദാനം ചെയ്തുകൊണ്ട് എഴുതിക്കൊടുത്ത പ്രശസ്തമായ അവകാശപത്രത്തിന്റെ പകർപ്പ് ഇന്നും അവിടെ സൂക്ഷിച്ചിരിക്കുന്നു. വത്തിക്കാൻ കഴിഞ്ഞാൽ ക്രൈസ്തവ പുരാരേഖകളുടെ വലിയ ശേഖരമുള്ള ഈ വിശ്വപ്രശസ്തമായ സന്യാസിമഠം യുനെസ്കോയുടെ വേൾഡ് ഹെറിറ്റേജ് സൈറ്റാണ്.(വിവ)

യത് ഇസ്‌ലാം മതത്തിന്ന്) ഒരു ചീത്തപ്പേരുണ്ടാക്കുകയാണ് ചെയ്യുന്നത്.”[14]

*ഇഹ്സാൻ* നെക്കാൾ ഒരു ചുവടു കൂടി മുന്നോട്ട് വെക്കാനും ബന്ധു മിത്രാദികളെപ്പോലെ മറ്റു മതങ്ങളോട് പെരുമാറാനുള്ള മഹിതമായ തലത്തിലേക്കുയരാനാണ് പരിശുദ്ധ പ്രവാചകൻ മുസ്‌ലിംകളോട് ആവശ്യപ്പെടുന്നത്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് നബി(സ)ക്ക് മനുഷ്യ സമൂഹത്തോടുള്ള അനുരക്തി ഒരു മാതാവിന്ന് തന്റെ കുഞ്ഞിനോടുള്ള സ്നേഹത്തെ കവച്ചു വെക്കുന്നതാണ്. മനുഷ്യസമൂഹത്തിന്റെ അടിസ്ഥാന മനുഷ്യാവകാശങ്ങളുടെ സംരക്ഷണം ഉയർത്തിപ്പിടിക്കുന്നതിലുള്ള ജിഹാദിൽ അദ്ദേഹം ഏർപ്പെട്ടിരിക്കുക മാത്രമല്ല, അവരിൽ നിന്ന് സമ്പാദിച്ചതിനേക്കാൾ കാരുണ്യവും സ്നേഹവും അവർക്ക് തിരിച്ച് നൽകുകയാണ് ചെയ്തത്.

ഒരു മുസ്‌ലിം ഒരു സാഹചര്യത്തിലും മറ്റുള്ളവരോട് ദ്രോഹം പ്രവർത്തിക്കാൻ പാടുള്ളതല്ല. മാത്രമല്ല, ഒരു നിരപരാധിയെ ശിക്ഷിക്കുമ്പോൾ കാട്ടുന്നതിനേക്കാൾ കൂടുതൽ ദാക്ഷിണ്യം ഒരു അപരാധിയോട് കാട്ടേണ്ടതുണ്ട്.

അത്ഭുതകരമായ കാര്യം, ഇസ്‌ലാം മതത്തിന്റെ സ്ഥാപകർ മുസ്‌ലിം ശക്തി ഏറ്റവും ബലഹീനമായ ഘട്ടത്തിൽ, ബദർ യുദ്ധവേളയിൽ, മുസ്‌ലിംകൾക്ക് സഹായം ഏറ്റവും ആവശ്യമായ ഘട്ടത്തിൽ പോലും ഖ്യാതികേട്ട ഒരു പോരാളിയിൽ നിന്നുള്ള സഹായം നിരാകരിക്കുകയുണ്ടായി എന്നതാണ്. ഈ സംഭവത്തെ തുടർന്ന് ആ സമയത്ത് അവിശ്വാസിയായ ഒരു പോരാളി മുസ്‌ലിംകളുടെ ഭാഗം ചേരാൻ ആഗ്രഹം പ്രകടിപ്പിച്ചു. പ്രവാചകന്റെ അനുചരന്മാർ ഇത് കേട്ട് കൂടുതൽ സന്തോഷഭരിതരായി. എന്നാൽ പരിശുദ്ധ പ്രവാചകൻ(സ) ആ അപേക്ഷ നിരസിച്ചുകൊണ്ട് ദൈവത്തിന്റെ കാര്യത്തിൽ ഒരു അവിശ്വാസിയുടെ സഹായം സ്വീകരിക്കില്ല എന്ന് പറഞ്ഞു. പ്രവാചക(സ)ന്റെ ഈ നിരാകണത്തെ തുടർന്ന് ആ വ്യക്തി ദൈവത്തിന്റെ ഏകത്വത്തിൽ പ്രതിജ്ഞ (കലിമ) ചൊല്ലി. വ്യക്തമായും അയാൾ ബദർ

യുദ്ധത്തിൽ പങ്ക് ചേരാൻ ആഗ്രഹിച്ചു. അപ്പോൾ പരിശുദ്ധ പ്രവാചകൻ അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തെ ചോദ്യം ചെയ്യാതെ അദ്ദേഹത്തിന്റെ അവകാശവാദം അംഗീകരിക്കുകയാണുണ്ടായത്. അങ്ങനെയാണെങ്കിലും വസ്തുത എന്തെന്നാൽ ഈ മനുഷ്യൻ മക്കത്ത് നിന്നുള്ള അക്രമകാരികൾക്കെതിരെ തന്റെ വ്യക്തിപരമായ വിദ്വേഷം തീർക്കാനായിരുന്നു യുദ്ധത്തിൽ പങ്കെടുക്കുന്നത് എന്ന് പ്രവാചകന് നല്ലത് പോലെ അറിയാമായിരുന്നു. ഇസ്‌ലാമിന്റെ പ്രവാചകൻ(സ) അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് സ്വീകരിക്കുകയാണുണ്ടായത്. കാരണം ഒരു മനുഷ്യന്റെ ഹൃദയത്തിലുള്ളത് ദൈവത്തിന് മാത്രമേ അറിയാൻ സാധിക്കൂ എന്ന അചഞ്ചലമായ തത്ത്വപ്രകാരമായിരുന്നു അത്. അതിനാൽ പ്രവാചകൻ(സ) ഈ മൗലികാവകാശം അനുവദിക്കുകയായിരുന്നു ചെയ്തത്.

ഈ തത്ത്വം തന്നെയാണ് എല്ലാ കപട വിശ്വാസികളോടും എല്ലാ കാലത്തും സ്വീകരിച്ചത്. ഇത് സൂറാ: അൽ മുനാഫിഖൂനിലെ ആദ്യത്തെ മൂന്ന് വചനങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. അത് ഇപ്രകാരമാണ്.

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ﴿١﴾ اِذَا جَآءَكَ الْمُنٰفِقُوْنَ قَالُوْا نَشْهَدُ
اِنَّكَ لَرَسُوْلُ اللّٰهِ ۘ وَاللّٰهُ يَعْلَمُ اِنَّكَ لَرَسُوْلُهٗ ؕ وَاللّٰهُ يَشْهَدُ اِنَّ الْمُنٰفِقِيْنَ
لَكٰذِبُوْنَ ﴿٢﴾ اِتَّخَذُوْٓا اَيْمَانَهُمْ جُنَّةً فَصَدُّوْا عَنْ سَبِيْلِ اللّٰهِ ؕ اِنَّهُمْ
سَآءَ مَا كَانُوْا يَعْمَلُوْنَ ﴿٣﴾

*പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. കപടവിശ്വാസികൾ നിന്റെയടുക്കൽ വരുമ്പോൾ താങ്കൾ അല്ലാഹുവിന്റെ ദൂതൻ തന്നെയാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു, എന്നവർ പറയും. നീ അല്ലാഹുവിന്റെ ദൂതൻ തന്നെയാണെന്ന് അല്ലാഹുവിന്നറിയാം. എന്നാൽ കപടവിശ്വാസികൾ കളവ് പറയുന്നവർ തന്നെയാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു. അവർ തങ്ങളുടെ ശപഥ*

*ങ്ങളെ ഒരു കവചമാക്കിയിരിക്കുകയാണ്. അങ്ങനെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് അവർ മനുഷ്യരെ തടയുന്നു. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് വളരെ ചീത്തയായത് തന്നെ.*

*(സൂറ അൽ മുനാഫിഖൂൻ 1–3)*

ഇതിന്നർത്ഥം അവരുടെ രണ്ട് വിധത്തിലുള്ള ദുരുദ്ദേശ്യങ്ങൾ നിവർത്തിക്കാനായി അവർ തങ്ങളുടെ കപടതയിൽ അഭയം തേടിക്കൊണ്ടിരിക്കും എന്നാണ്. ഒന്നാമതായി യുദ്ധാവസ്ഥയിൽ ആയിരുന്നപ്പോൾ അവർ സ്വയം മുസ്ലിംകളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ്. രണ്ടാമതായി തങ്ങൾ സ്വയം മുസ്ലിമാണെന്ന നാട്യത്തിൽ അവർക്ക് നിഷ്ക്കളങ്കരായ മുസ്ലിം ബഹുജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ കഴിയുന്നു എന്നുള്ളതാണ്. എന്നിട്ടും അവരുടെ ഹൃദയത്തിലുള്ളത് മറച്ച് വെച്ച് വായകൊണ്ട് തങ്ങൾ മുസ്ലിംകളാണ് എന്ന് പ്രചരിപ്പിക്കാനുള്ള മൗലികാവകാശം തടയാൻ പരിശുദ്ധ പ്രവാചകന്(സ) അനുമതി നൽകപ്പെട്ടിരുന്നില്ല. അപ്പോഴും അവർ മുസ്ലിംകളാണെന്ന് അവകാശപ്പെടാൻ അനുവദിക്കപ്പെട്ടിരുന്നു.

ഇന്ന് ലോകത്തുള്ള വിവിധ മുസ്ലിം രാജ്യങ്ങളിൽ വിവിധ തരത്തിലുള്ള വൈരുദ്ധ്യങ്ങൾക്ക് നാം സാക്ഷ്യം വഹിക്കുന്നു. മതത്തിൽ ബലാൽക്കാരമുണ്ടെന്ന് പ്രചരിപ്പിക്കുക മാത്രമല്ല അത് അതികഠിനമായി പ്രാവർത്തികമാക്കുകയും ചെയ്യുന്നു. മുസ്ലിമാണെന്ന് സ്വയം അവകാശപ്പെടുകയും കലിമ (മുസ്ലിംകളുടെ വിശ്വാസ പ്രഖ്യാപന സൂക്തം) ചൊല്ലുകയും, മറ്റു മുസ്ലിംകളെപ്പോലെ കഅബക്ക് നേരെ തിരിഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്യുന്നവർക്ക്, തങ്ങൾ മുസ്ലിമാണെന്ന് പറയാനുള്ള അവകാശം മുല്ലമാർ (മുസ്ലിം പുരോഹിതന്മാർ) നിഷേധിക്കുകയാണ്. അവരെ സംബന്ധിച്ചിടത്തോളം ബലമുപയോഗിച്ച് ഒരാളുടെ വിശ്വാസം ഉപേക്ഷിക്കാൻ നിർബന്ധിക്കുക എന്നത് ദൈവത്തിന്ന് വേണ്ടിയുള്ള സേവനമാണ്. എന്നാൽ ഇത് വിശുദ്ധ ഖുർആന്റെ അസന്ദിഗ്ദമായ അദ്ധ്യാപനത്തിന്നെതിരും മുഹമ്മദ് നബി(സ)യുടെ നടപടി

കൾക്കെതിരെയുമുള്ള ഒരു തുറന്ന യുദ്ധമാണ്. എന്നിട്ടും അവരെന്താണ് നടപ്പാക്കാൻ ശ്രമിക്കുന്നത്? ഈ ആളുകൾ എങ്ങനെയാണ് വിധിനാളിൽ ദൈവത്തെ അഭിമുഖീകരിക്കുക.? അവർ അശ്രദ്ധരായിരിക്കാം. പക്ഷേ ദൈവം ഇതെല്ലാം ശ്രദ്ധാപൂർവ്വം നോക്കിക്കാണുന്നുണ്ട്.

ഈ വാദത്തിന് കൂടുതൽ പിന്തുണക്കായി നാം ഒരു നബി വചനം ഉദ്ധരിക്കുകയാണ്.

ഹദ്റത്ത് ഉസാമ ഇബ്നു സൈദ് വിവരിക്കുന്നു: പരിശുദ്ധ പ്രവാചകൻ ഞങ്ങളെ ഒരു യുദ്ധമുഖത്തേക്കയച്ചു. വഴി മദ്ധ്യേ കാട്ടിൽ ഒളിച്ചിരുന്ന ഒരു അവിശ്വാസിയുമായി ഏറ്റുമുട്ടുകയുണ്ടായി. അതിനു ശേഷം തനിയെയായ മുസ്‌ലിമിനെ ആ അവിശ്വാസി കണ്ടു മുട്ടിയപ്പോൾ അയാൾ ആ മുസ്‌ലിമിനെ ആക്രമിക്കുകയും കൊല്ലുകയും ചെയ്തു. അവസാനം ആ അവിശ്വാസി എന്റെ പിടിത്തത്തിൽ വന്നു. അയാളെ കൊല്ലുവാനുള്ള എന്റെ ഉദ്ദേശ്യം വെളിപ്പെടുത്തി. അതിന്ന് മറുപടിയായി അയാൾ കലിമത്തുത്തൗഹീദ് (ഇസ്‌ലാമിന്റെ വിശ്വാസ പ്രഖ്യാപനം) ഉച്ചരിച്ചു. അതായത് 'അല്ലാഹു ഒഴികെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് അവന്റെ ദൂതനുമാണ്' എന്ന്. മറ്റു വാക്കുകളിൽ പറഞ്ഞാൽ അയാൾ സ്വയം തന്നെ മുസ്‌ലിമാണെന്ന് വിശ്വാസ പ്രഖ്യാപനം നടത്തി. ഞാൻ അയാളുടെ വിശ്വാസ പ്രഖ്യാപനം നിരാകരിച്ചു. മുന്നോട്ട് വന്ന് അയാളെ വധിച്ചുകളഞ്ഞു. ഈ സംഭവം ഞാൻ പരിശുദ്ധ പ്രവാചകനോട് വിവരിച്ചപ്പോൾ അത്യധികം അമ്പരപ്പോടെ അവിടുന്ന് ചോദിച്ചു. 'അയാൾ കലിമ ചൊല്ലി എന്ന യാഥാർത്ഥ്യം നിലനിൽക്കെ താങ്കൾ സത്യമായും അയാളെ കൊലപ്പെടുത്തിയോ?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരെ, അതെ.' പരിശുദ്ധ പ്രവാചകൻ പ്രതിവചിച്ചു. 'വിധിനാളിൽ കലിമ താങ്കൾക്കെതിരെ സാക്ഷി നിൽക്കുമ്പോൾ താങ്കൾക്ക് പറയാൻ എന്തുണ്ട് ന്യായം?' ഞാൻ ആവർത്തിച്ചുകൊണ്ട് പരിശുദ്ധ പ്രവാചകന് മുമ്പിൽ ഉണർത്തി, 'അല്ലയോ അല്ലാഹുവിന്റെ തിരുദൂതരേ അയാൾ ഭയം കൊണ്ട് കപടമായാണ് വിശ്വസിച്ചത്.' അപ്പോഴെല്ലാം പരിശുദ്ധ പ്രവാചകൻ(സ) പ്രതിവ

ചിച്ചുകൊണ്ടിരുന്നു, 'അയാൾ കളവ് പറയുകയാണെന്ന് താങ്കൾ അയാളുടെ ഹൃദയം തുറന്ന് നോക്കിയോ? ആ വധിക്കപ്പെട്ട ആൾക്ക് വേണ്ടി കലിമ താങ്കൾക്കെതിരെ സാക്ഷി പറയുമ്പോൾ താങ്കൾ എന്ത് മറുപടിയാണ് അല്ലാഹുവിനോട് പറയുക? ഹദ്റത്ത് ഉസാമാ ബിൻ സെയ്ദ് പറയുകയാണ്: ഞാൻ ആ ഒരു പ്രവൃത്തി ചെയ്യുന്ന ദിവസത്തിന്ന് മുമ്പ് മുസ്‌ലിമായില്ലെങ്കിൽ എന്ന് തീക്ഷ്ണമായി അഭിലഷിച്ചുപോയി.'[15]

'മതകാര്യത്തിൽ യാതൊരു ബലപ്രയോഗവും പാടില്ല' എന്ന ഹ്രസ്വവും സമഗ്രവുമായ ഖുർആനിക പ്രഖ്യാപനത്തിൽ അതിന്റെ അർത്ഥമുണ്ട്. അതേ സമയം അതിന്റെ അർത്ഥം സംക്ഷേപിച്ചിരിക്കുന്ന ആ വചനത്തിന്റെ വിശാലമായ പ്രായോഗികക്ഷമതയുടെ വിശകലനം അത്ഭുതകരമാണ്.

അതിന്റെ അർത്ഥം ഈ വിധത്തിൽ വ്യാഖ്യാനിക്കപ്പെടാം. അതായത് മറ്റൊരാളിൽ ബലം പ്രയോഗിക്കാൻ യാതൊരാൾക്കും അനുവാദമില്ല. അതേ സമയം ആരിലാണോ കീഴടങ്ങാൻ വേണ്ടി ബലം പ്രയോഗിക്കുന്നത് അയാൾക്ക് ബലം പ്രയോഗിക്കുന്ന ആൾക്കെതിരെ നീങ്ങാനും അനുവാദമില്ല. വിശ്വാസത്തിന്റെ ഉയർന്ന തലത്തിൽ ഉള്ള ഒരാൾ തന്റെ മനസ്സാക്ഷി സ്വാതന്ത്ര്യത്തിന് വേണ്ടി എത്ര പീഡനങ്ങളും വേദനകളും സഹിച്ചാലും ശരി അയാൾ ഒരിക്കലും അതിന് വഴങ്ങുന്നതല്ല. എങ്കിലും എല്ലാ ജനങ്ങൾക്കും ഒരേ അളവിലുള്ള വിശ്വാസവും ആത്മാർത്ഥതയും ആയിരിക്കില്ല എന്ന വസ്തുത നാം അവഗണിക്കരുത്. വേദന സഹിക്കാനുള്ള ശേഷി എല്ലാവരിലും ഒരേപോലെ ഉണ്ടെന്നും നാം കരുതരുത്. വിചിത്രമെന്ന് പറയട്ടെ ഊന്നലുകളിൽ അൽപ്പം ചില മാറ്റത്തോടെ ഇതേ വചനം തന്നെ അവരുടെ സഹായത്തിന്നും എത്തുമ്പോൾ സന്ദേശം ഇങ്ങനെയായി മാറും: 'ഒരാളുടെ ശേഷിയിൽ കവിഞ്ഞ് വേദന സഹിക്കേണ്ടുന്ന ആവശ്യമില്ല. അവരിൽ നിന്നും മർദ്ധനത്താൽ പിഴിഞ്ഞെടുക്കപ്പെടുന്നത് എന്നതിന്നർത്ഥം മറ്റൊന്നുമല്ല, മറിച്ച് എല്ലാ ബലഹീനരായ വ്യക്തികളും കുറ്റവിമുക്തരാക്കപ്പെടുകയും അവർക്ക് പുനർവാഗ്ദാനം ചെയ്യപ്പെടുക

യും ചെയ്യുന്നു എന്നാണ്. ഒരിക്കലും ബലപ്രയോഗം മതത്തിൽ അനുവദനീയമല്ല. അതിലൂടെ നിയമ വിരുദ്ധമായ ഒരു പ്രവൃത്തിയുടെ ഫലം നിർത്ഥകവും പൊള്ളയുമായിത്തീരുന്നു.

ബലഹീനരായവർക്ക് സമാശ്വാസത്തിന്റെ ഈ സന്ദേശം കൂടുതൽ വ്യക്തതയോടെ താഴെയുള്ള വചനങ്ങളിൽ അറിയിക്കുന്നു:

مَنْ كَفَرَ بِاللّٰهِ مِنْۢ بَعْدِ اِيْمَانِهٖٓ اِلَّا مَنْ اُكْرِهَ وَقَلْبُهٗ مُطْمَىِٕنٌّۢ بِالْاِيْمَانِ وَلٰكِنْ مَّنْ شَرَحَ بِالْكُفْرِ صَدْرًا فَعَلَيْهِمْ غَضَبٌ مِّنَ اللّٰهِۚ وَلَهُمْ عَذَابٌ عَظِيْمٌ ﴿١٠٦﴾

*അല്ലാഹുവിൽ വിശ്വസിച്ചതിന്ന് ശേഷംവല്ലവരും നിഷേധിക്കുന്നതായാൽ-തന്റെഹൃദയംസത്യവിശ്വാസം കൊണ്ട് സമാധാനം പ്രാപിച്ചു ഉറച്ചിരിക്കെ നിർബന്ധിക്കപ്പെട്ട ഒരുവൻ ഇതിൽ നിന്നും ഒഴിവാണ്. നേരെ മറിച്ച് തുറന്ന ഹൃദയത്തോടുകൂടിത്തന്നെ അവർ സത്യത്തെ നിഷേധിച്ചാൽ അവരുടെമേൽ അല്ലാഹുവിന്റെ പക്കൽ നിന്നുള്ള കോപമുണ്ട് അവർക്ക് കഠിനമായ ശിക്ഷയുമുണ്ടാകുന്നതാണ്. (അന്നഹ്ൽ 16: 107)*

വിശ്വസിച്ചതിന്ന് ശേഷം അവരുടെ വിശ്വാസം ഉപേക്ഷിക്കാൻ അതികഠിനമായ പീഡനങ്ങളും മർദ്ദനങ്ങളും ഏറ്റു വാങ്ങിയ സംഭവങ്ങൾ ഇപ്പോൾ നമുക്ക് പരിഗണിക്കാം. അവർ തങ്ങളുടെ സമ്പത്തും ഭൗതികമായ സ്ഥാമാനങ്ങളും സത്യത്തിന്റെ പാതയിൽ ത്യജിച്ചു എന്ന് മാത്രമല്ല അതിലുപരി അവരുടെ ജീവൻ പോലും ഈ മാർഗ്ഗത്തിൽ ഹോമിക്കപ്പെടുകയുണ്ടായി. അവർ നീതിയുടെ പല ഘട്ടങ്ങളിലൂടെ പുരോഗമിച്ചാണ് ഔദാര്യത്തിന്റെ (പരോപകാരത്തിന്റെ) മേഖലയിലേക്ക് പ്രവേശിച്ചത്. അവരാണ് തങ്ങളുടെ വിശ്വാസത്തെ സുന്ദരമാക്കിത്തീർത്തവർ.

എന്നാൽ ഉദാരതയുടെ ഈ അവസ്ഥയിൽ കവിഞ്ഞ മറ്റൊരു തലമുണ്ട്. അതിലൊന്നാണ് *ഈത്താഇദിൽ ഖുർബാ.*

ഒരാൾ തന്റെ വിശ്വാസത്തിന്റെ സംരക്ഷണത്തിന്റെ മാർഗ്ഗ ത്തിൽ പോരാടുക എന്നത് ഉദാര ഗുണത്തേക്കാൾ കവിഞ്ഞ നല്ല ഗുണമാവുമോ? അതായത് അവർക്ക് തങ്ങളുടെ ത്യാഗ ത്തെ പരിഗണിക്കുമ്പോൾ ദൈവവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ *ഈത്താ ഇദിൽ ഖുർബാ*യുടെ പദവി യിൽ എത്താൻ സാധിക്കുമോ? തീർച്ചയായും അവർ ആ പദവിയിൽ എത്തുന്നതാണ്. ഈ ത്യാഗങ്ങളെല്ലാം തനിക്ക് വേണ്ടിയുള്ളതല്ല ദൈവത്തിന്ന് വേണ്ടിയാണ് എന്ന വിചാര മില്ലാതെ തങ്ങൾക്ക് ഉള്ളതെല്ലാം ഇവർക്ക് ത്യജിക്കാൻ സാധ്യമല്ല. അവരുടെ കാര്യത്തിൽ അവരെ കർമ്മോജ്ജ്വല മാക്കുന്ന ഒരു ഘടകം ദൈവത്തോടുള്ള അവരുടെ അനുര ക്തിയും അവന് വേണ്ടി പ്രതികരിക്കാനുള്ള തീവ്രമായ അഭിലാഷമാണ്. തങ്ങളുടെ യഥാർത്ഥ രക്തബന്ധത്തിൽ പ്പെട്ട അടുത്ത ബന്ധുവിന്ന് സമർപ്പിക്കുന്നതിനേക്കാൾ ഉന്ന തമായ ത്യാഗമായിരിക്കുമത്. പീഢനങ്ങൾക്ക് വിധേയമാകു കയാണെങ്കിൽ ചില മാതാക്കൾ വളരെ വിരളമായി തങ്ങളുടെ മക്കളെ പകരം കൊണ്ടു പോകാൻ സമ്മതിക്കും. എന്നാൽ ദൈവത്തിന്റെ ഈ സ്നേഹഭാജനങ്ങൾ ദൈവത്തിന് വേണ്ടി എന്തുചെയ്യാനും എന്ത് പീഢനങ്ങളേൽക്കാനും തയ്യാറാണ്. വിശ്വാസത്തിന് പലവിധ മാനങ്ങളുണ്ടാവാം എന്നത് സ്വാഭാ വികമാണ്. ചില ആളുകൾ തങ്ങളുടെ വിശ്വാസത്തിന്ന് വേണ്ടി ജീവൻ ത്യജിക്കാൻ തയ്യാറാണ്. എന്നാൽ അവർ അത്തരം ത്യാഗങ്ങൾ എല്ലാ നിലക്കും ഒഴിവാക്കി കിട്ടുന്ന തിൽ തികച്ചും സന്തോഷവാന്മാരുമായിരിക്കും. ചിലരാകട്ടെ തങ്ങളുടെ വിശ്വാസത്തിന്ന് വേണ്ടി ജീവൻ ബലിയർപ്പി ക്കാൻ തീവ്രാഭിലാഷമുള്ളവരായിരിക്കും പരിശുദ്ധ പ്രവാച ക(സ)ന്റെ നിരവധി അനുചരന്മാർ വിപദ്ഘട്ടം അഭിമുഖീ കരിക്കുമ്പോൾ പിന്മാറുന്നതിന് പകരം അവിടത്തോട് തങ്ങ ളുടെ രക്തസാക്ഷിത്വത്തിന്ന് വേണ്ടി പ്രാർത്ഥിക്കാൻ അപേക്ഷി ക്കാറുണ്ടായിരുന്നു. ഉഹ്ദ് യുദ്ധം നമുക്ക് അത്തരത്തിലുള്ള തീവ്രമായ ആഗ്രഹത്തിന്റെ അസാധാരണമായ ഒരു ഉദാഹ രണമാണ് കാണിക്കുന്നത്.

റസൂൽ തിരുമേനി(സ)ക്ക്, വീണ്ടും വിണ്ടും പോർമുഖത്തേക്ക് സ്വയം പോയിക്കൊണ്ടിരുന്ന ഒരു അനുചരനുണ്ടായിരുന്നു. എന്നാൽ എല്ലായ്പ്പോഴും പരിക്കുകളൊന്നും പറ്റാതെ അയാൾ തിരിച്ചുവന്നുകൊണ്ടിരുന്നു. അവസാനം അദ്ദേഹം തന്റെ രക്തസാക്ഷിത്വത്തിന്ന് വേണ്ടി പരിശുദ്ധ പ്രവാചക(സ)നോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയുണ്ടായി.

അവരിൽ ചിലർ ഒരു തവണ മാത്രം രക്തസാക്ഷിയായ തിൽ സംതൃപ്തരായിരുന്നില്ല. രക്തസാക്ഷിയായ അവർ ജീവിതത്തിലേക്ക് തിരിച്ചു വന്നാൽ സത്യത്തിന്ന് വേണ്ടി ജീവൻ സമർപ്പിക്കാൻ വീണ്ടും തയ്യാറാവുക എന്നതായിരുന്നു അവരുടെ ഹൃദയപൂർവ്വമായ ആഗ്രഹം. അവർ ഭീകരമായ അടിച്ചമർത്തലിന്ന് വഴങ്ങുന്നവരായിരുന്നില്ല. ഈ ആളുകളാണ് *ഈത്തായിദിൽ ഖുർബാ* എന്ന അവസ്ഥയിലും ആ പ രിധിയിലും കവിഞ്ഞ് നിൽക്കുന്നവർ

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് നബി(സ) ഒരിക്കൽ അവി ടുത്തെ അനുചരൻ ഹദ്റത്ത് ജാബിറുബ്നു അബ്ദുല്ലാ(റ) യെ വളരെ മ്ലാനമുഖനായി കാണപ്പെടുകയുണ്ടായി. ഹദ്റത്ത് ജാബിറിന്റെ പിതാവ് ഉഹ്ദ് യുദ്ധത്തിൽ കൊല്ലപ്പെട്ട ഒരു രക്തസാക്ഷി ആയിരുന്നു. മ്ലാനവദനനായി ഇരിക്കുന്ന ജാബിറി(റ)നോട് പ്രവാചകൻ(സ) പറഞ്ഞു:

'ഞാൻ താങ്കൾക്ക് ചില ശുഭവാർത്തകൾ നൽകട്ടെയോ?' ഹദ്റത്ത് ജാബിർ പ്രതിവചിച്ചു: 'അതെ അല്ലാഹുവിന്റെ തിരുദൂതരേ,' അതിന്ന് ശേഷം പരിശുദ്ധ പ്രവാചകൻ പറഞ്ഞു: താങ്കളുടെ പിതാവ് രക്തസാക്ഷിയായപ്പോൾ യാതൊരു ഔപചാരികതയുമില്ലാതെ സർവ്വ പ്രതാപിയായ അല്ലാഹു അദ്ദേഹത്തെ അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞു: 'നീ എന്താണോ ആഗ്രഹിക്കുന്നത് അത് നീ പറയുക' താങ്കളുടെ പിതാവ് മറുപടി പറഞ്ഞു: 'ഓ എന്റെ അല്ലാഹുവേ എന്ത് തര ത്തിലുള്ള അനുഗ്രഹങ്ങളാണ് നീ എന്റെ മേൽ ചൊരി യാതിരുന്നത്? എനിക്ക് കുറേ നാളായി ഒരു ആഗ്രഹമുണ്ട്. എങ്ങനെയെങ്കിലും എന്നെ നിന്റെ ശത്രുക്കളുമായി ഏറ്റു മുട്ടാൻ ഭൂമിയിലേക്ക് പറഞ്ഞയക്കുക. എന്നിട്ട് നിനക്ക്

വേണ്ടി ഒരു തവണ കൂടി വധിക്കപ്പെടുക. ഞാനിത് വീണ്ടും വീണ്ടും വീണ്ടും ഒരു നൂറു വട്ടം ആവർത്തിച്ചു. കൊല്ലപ്പെടാൻ ആഗ്രഹിക്കുന്നു എന്ന്.' അല്ലാഹു പറഞ്ഞു: 'ഒരു തവണ എന്റെ മുന്നിൽ വന്നു കഴിഞ്ഞ ഒരാൾ മടങ്ങിപോകില്ല എന്ന കാര്യം വിധിക്കപ്പെട്ട കാര്യമായിരുന്നില്ലെങ്കിൽ ഞാൻ താങ്കളുടെ ആഗ്രഹം സഫലമാക്കി ത്തരുമായിരുന്നു.'[16]

വിശ്വാസത്തിന്ന് വേണ്ടി മൃത്യുവിനെ വരിക്കുക എന്ന വിഷയം വളരെ വിശദമായി ഖുർആൻ ചർച്ച ചെയ്തിട്ടുണ്ട്. വിശ്വാസത്തിന്റെ പ്രാഥമികാവസ്ഥയെ സംബന്ധിച്ചും ബലഹീനരോട് നീതി പൂർവ്വമുള്ള പെരുമാറ്റത്തെ സംബന്ധിച്ച വാഗ്ദാനത്തെ കുറിച്ചും പ്രതിപാദിക്കുന്നു. അത് പരോപകാരത്തെ കുറിച്ചും പരോപകാരത്തിന്ന് നൽകപ്പെടുന്ന പ്രതിഫലത്തെ കുറിച്ചും പരാമർശിക്കുന്നു. പിന്നീട് വിശുദ്ധ ഖുർആൻ തന്റെ സ്വന്തം കുഞ്ഞിനെ സ്നേഹിക്കുന്ന മാതാവിനേക്കാൾ സത്യത്തെ സ്നേഹിക്കുന്ന വിശ്വാസികളുടെ മുന്നണിയെ കുറിച്ച് പ്രതിപാദിക്കുന്നു. അവരാകട്ടെ തങ്ങളുടെ ത്യാഗത്തിന്ന് ഒരു പ്രതിഫലവും കാംക്ഷിക്കുന്നില്ല. എന്നാൽ സത്യത്തിന്ന് വേണ്ടി സ്വയം സമർപ്പിക്കുന്നതിൽ വ്യക്തിപരമായ സന്തോഷം കണ്ടെത്തുകയാണ് ചെയ്യുന്നത്.

# 12

# പ്രാർത്ഥനയിലെ നീതി (അദ്‌ൽ) ഔദാര്യം (ഇഹ്സാൻ) ബന്ധുത്വം (ഈതാഇദിൽ ഖുർബാ)

മറ്റെല്ലാ ആരാധനാ രൂപങ്ങളുടെയും മൂലക്കല്ലാണ് പ്രാർത്ഥന. അത് താഴെ കാണുന്ന ഖുർആൻ വചനങ്ങളിലെ കേവല നീതി, ഔദാര്യം, ബന്ധുത്വം എന്നീ മൂന്ന് അടിസ്ഥാന തത്ത്വങ്ങൾക്കനുസൃതമായാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളത്:

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ ۖ أُجِيبُ
دَعْوَةَ الدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا لِي
وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ ﴿١٨٧﴾

*എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നൽകുന്നു. അവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ. അതുകൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിന് വേണ്ടി.*

*(അൽ ബഖറ 2:187)*

ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിൽ സ്ഥാപിതമായിരിക്കുന്ന നീതിയെ സംബന്ധിച്ച് ഖുർആൻ പരാമർശിക്കുന്നു. അതോടൊപ്പം അല്ലാഹു ആത്മാർത്ഥതയുള്ള ആരാധകന്റെ സമീപസ്ഥനാണ് എന്ന സുവിശേഷം അറിയിക്കുകയും ചെയ്യുന്നു. പ്രാർത്ഥന എന്നത് ഏക ദിശാമാർഗ്ഗമല്ല. സദാസമയവും തന്റെ യജമാനനെ അനുസരിക്കുന്ന ഒരു

അടിമയെ പോലെ ആരാധകന് ദൈവത്തെ കാണാൻ സാധ്യമല്ല!. അതിനെക്കാൾ കൂടുതലായി ആരാധകൻ ദൈവത്തിന് സ്വയം സമർപ്പിക്കുകയും അവന്റെ ആജ്ഞകൾ അനുസരിക്കുകയും ചെയ്യേണ്ടതുണ്ട്.

ഇതാണ് പ്രാർത്ഥനാ സ്വീകാര്യതയുടെ അടിസ്ഥാന തത്ത്വം. ഈ വചനത്തിൽ ദൈവം സർവ്വ മനുഷ്യരെയും അഭിസംബോധന ചെയ്ത്കൊണ്ട് ഒരു സുവിശേഷ സന്ദേശമറിയിക്കുന്നു. അതായത് മനുഷ്യനും ദൈവവും ഇരുഭാഗത്തും നിന്നുകൊണ്ടുള്ള വിനിമയം എന്നത് കേവലം മിഥ്യയല്ല. അത് സംപ്രാപ്തമാകുന്ന ഒരു ജീവൽ യാഥാർത്ഥ്യമാണ്. ദൈവം ഒരിക്കലും തന്നെ അവന്റെ ഏതൊരു ദാസന്റേയും അവകാശം ഹനിക്കുന്നില്ല. പക്ഷേ ദൈവദാസർ ദൈവത്തോടുള്ള കടമകൾ കൃത്യമായും നിർവ്വഹിക്കാൻ ദൈവം അവരോട് വ്യക്തമായും ആവശ്യപ്പെടുന്നു. ദൈവ കൽപനകളോട് സദാസമയവും വിധേയത്വം കാട്ടുന്നവരുടെ പ്രാർത്ഥനകൾ ദൈവം സ്വീകരിക്കുമെന്ന് അവൻ വാഗ്ദാനം ചെയ്യുന്നു.

മനുഷ്യവംശത്തിന്റെ മാർഗ്ഗദർശനത്തിന് നീതിയുടെ ഈ അദ്ധ്യാപനങ്ങൾ അനിവാര്യമാണ്. അതായത് ഖുർആനിലെ ദൈവം നീതിമാൻ എന്നതിനേക്കാൾ അവൻ ഔദാര്യവാൻ കൂടിയാണ്. ആയതിനാൽ അവന്റെ ദാസന് അവനിൽ നിന്നും നീതിയിൽ കവിഞ്ഞത് പ്രതീക്ഷിക്കാൻ എല്ലാ അവകാശങ്ങളുമുണ്ട്. വിശുദ്ധ ഖുർആൻ താഴെക്കാണുന്ന വചനങ്ങളിൽ ഇത് വ്യക്തമാക്കുന്നു:

اَمَّنْ يُّجِيبُ الْمُضْطَرَّ اِذَا دَعَاهُ وَيَكْشِفُ السُّوْٓءَ وَيَجْعَلُكُمْ خُلَفَآءَ
الْاَرْضِ ؕ ءَاِلٰهٌ مَّعَ اللّٰهِ ؕ قَلِيْلًا مَّا تَذَكَّرُوْنَ

*ഗതിമുട്ടിയവൻ പ്രാർത്ഥിക്കുമ്പോൾ ഉത്തരം നൽകുകയും ക്ലേശം ദുരീകരിക്കുകയും നിങ്ങളെ ഭൂമിയുടെ അവകാശികളാക്കുകയും ചെയ്യുന്നത് ആരാണ്? അല്ലാഹുവിനെ കൂടാതെ മറ്റു വല്ല ദൈവവുമുണ്ടോ? നിങ്ങൾ*

*വളരെ കുറച്ചു മാത്രമേ ഉപദേശം സ്വീകരിക്കുന്നുള്ളൂ. (സൂറ: അന്നംല് 27:63)*

ഇവിടെ 'ഗതിമുട്ടിയവൻ' എന്നാൽ ദു:ഖവും ദുരിതവും കൊണ്ട് നിറഞ്ഞവൻ എന്നാണ് അർത്ഥം. ചിലപ്പോൾ അവരുടെ സന്തോഷമില്ലായ്മ കാണപ്പെടുന്നതിനേക്കാൾ ഹൃദയം നുറുങ്ങിപ്പോകുമാറ് ഭയങ്കരവുമായിരിക്കും. അത്തരം സന്ദർഭങ്ങളിൽ ദൈവം നീതി കൊണ്ട് മാത്രം നിർത്തിക്കളയില്ല. അവന്റെ ദാസൻ സൽക്കർമ്മങ്ങൾക്കൊണ്ട് ആർജ്ജിച്ചതല്ലെങ്കിൽ കൂടി ദൈവം തന്റെ ഔദാര്യം കൊണ്ട് ദാസനെ പരിരക്ഷിക്കുന്നതായിരിക്കും. ഗതിമുട്ടിയവൻ അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരാളാകണമെന്നില്ല. എല്ലാറ്റിനുമുപരിയായി ദൈവത്തിന്റെ സൃഷ്ടി എന്ന നിലയ്ക്ക് അവൻ അംഗീകരിക്കപ്പെടേണ്ടതുണ്ട്. അത്തരത്തിൽ ദൈവം നീതിയുടെ താൽപര്യങ്ങൾക്കുപരിയായി അവനെ പരിരക്ഷിക്കുന്നതും, ദുരിതവേളയിലുള്ള വിളിക്ക് ഔദാര്യത്തോടെ പ്രതികരിക്കുന്നതുമായിരിക്കും. ഈയൊരു ഹൃദയ വേദനയുടെ അർത്ഥന മൂലം അവന്റെ പൂർവ്വകാല കർമ്മങ്ങളും ദുഷ്ക്കർമ്മങ്ങളും കണക്കിലെടുക്കാതെ ദൈവം പ്രതികരിക്കുന്നു.

ഭൂമിയിൽ എല്ലായിടത്തും സംഭവിക്കുന്നത് തീവ്രമായ ദു:ഖവേളയിൽ അവിശ്വാസികൾ ദൈവത്തെ വിളിക്കുകയും ദൈവം ആ വിപത്ത് വേളയിൽ അവരെ സഹായിക്കുകയും ചെയ്യുന്നു. ഇതാണ് പ്രാർത്ഥനയിലുള്ള ഔദാര്യത്തിന്റെ പാഠങ്ങൾ.

ദു:ഖാർത്തരായ ആളുകളിൽ അടിച്ചമർത്തപെട്ടവരും കുടിയിറക്കപ്പെട്ടവരും ബലഹീനരായ ആളുകളുമുണ്ടാകും. ഇവരെ സംബന്ധിച്ചാണ് പരിശുദ്ധ പ്രവാചകൻ പറഞ്ഞത്:

اِتَّقُوْا دَعْوَةَ الْمَظْلُوْمِ وَاِنْ كَانَ كَافِرًا فَاِنَّهٗ لَيْسَ دُوْنَهَا حِجَابٌ

*ശ്രദ്ധിക്കുക, അനീതിചെയ്യപ്പെട്ടവന്റെ ശാപവാക്കുകളെക്കുറിച്ച് ഭയപ്പെടുക. അവൻ ഒരവിശ്വാസി ആയിരുന്നാലും അവന്റെ പ്രാർത്ഥനയും ദൈവവും തമ്മിൽ അകലമില്ല.*[17]

ദൈവവും മനുഷ്യനുമായുള്ള ബന്ധം *ഈതാഇദിൽ ഖുർബാ*യുടെ മേഖലയിലേക്ക് കൂടി എത്തിപ്പെടുന്നതാണ്. ഈ യൊരവസ്ഥ പ്രാപിക്കണമെങ്കിൽ ഒരാൾ സമ്പൂർണ്ണമായും ദൈവത്തിൽ സമർപ്പിതമാവേണ്ടതുണ്ട്. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തിൽ യാതൊരു കൃത്രിമത്ത്വവും ഉണ്ടാവാൻ പാടില്ല. ദൈവത്തിന്റെ രക്ഷാവലയത്തിൽ ഒരാൾ ഉള്ളത് പോലെയായിരിക്കുമത്. കാരണം അത്തരം ആളുകൾ സമ്പൂർണ്ണമായും ദൈവസമർപ്പിതരായിരിക്കും. അവരിലുള്ളത് അവർ ദൈവവുമായി വ്യക്തമായും പങ്കുവെക്കുന്നു.

ഇതാണ് പ്രവാചകന്മാരും ജ്ഞാനസിദ്ധന്മാരും, ദൈവ സാമീപ്യം പ്രാപിച്ചവരും അനുഭവിക്കുന്നത്. പരിശുദ്ധ പ്രവാചക[സ]നാണ് അതിൽ ഏറ്റവും ഉന്നതനിലയിലുള്ള ആൾ. അവിടുത്തേതെല്ലാം ദൈവത്തിലേക്ക് കൈമാറി. പ്രത്യക്ഷമായും അവിടുന്ന് ഒന്നുമില്ലാത്തവനായി. ഖുർആൻ പറയുന്നു:

قُلْ اِنَّ صَلَاتِيْ وَنُسُكِيْ وَمَحْيَايَ وَمَمَاتِيْ لِلّٰهِ رَبِّ الْعٰلَمِيْنَ

*പറയുക, എന്റെ നമസ്ക്കാരവും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവും സർവ്വലോക പരിപാലകനായ അല്ലാഹുവിനുള്ളതാകുന്നു.*
*(അൽ അനാം 6:163)*

ഓർക്കേണ്ട ഒരു കാര്യം എല്ലാ വ്യക്തികളും വ്യത്യസ്തമായ നിലവാരത്തിലുള്ളവരായിരിക്കും. അതിനാൽ ഓരോരുത്തരും വ്യത്യസ്തമായ രീതിയിലായിരിക്കും പരിഗണിക്കപ്പെടുക. നാം ഒരു സവിശേഷ കാര്യത്തിൽ നേട്ടംപ്രാപിച്ച കൂട്ടരെപ്പറ്റി സംസാരിക്കുമ്പോൾ ആ ഗണത്തിൽപ്പെട്ട മുഴുവൻ ആളുകളും ഒരേ സ്ഥാനത്തുള്ളവരായിരിക്കുകയില്ല. ഓരോ സ്ഥാനവും ഉപസ്ഥാനങ്ങളായി വീണ്ടും വിഭജിക്കപ്പെടും. അതിനാൽ പ്രവാചകന്മാർ മാത്രമല്ല *ഈതാഇദിൽ ഖുർബാ* യുടെ ബന്ധം അനുഭവിക്കുന്നവർ. മറ്റുള്ളവർക്കും അളവുഭേദത്തോടെ അവനുമായി ബന്ധം അനുഭവിക്കാവുന്നതാണ്. പരിശുദ്ധ പ്രവാചകൻ[സ] പറയുന്നു:

رُبَّ اَشْعَثَ اَغْبَرَ--------- لَوْاَقْسَمَ عَلَى اللّٰهِ لَاَبَرَّهُ

*പറയാനുള്ളത് എന്തെന്നാൽ, ചിലയാളുകളുണ്ട് അവർ ലോകത്തിന്റെ കണ്ണിൽ എല്ലാവരാലും തള്ളപെട്ടവരും അവഗണിക്കപ്പെട്ടവരുമായിരിക്കും. എങ്കിലും അത്തരം ആളുകൾ ദൈവവുമായി അഗാധമായ അടുപ്പം അനുഭവിക്കുന്നവരായിരിക്കും. എത്രത്തോളമെന്നാൽ അവർ ഒരു കാര്യം പ്രവചിച്ചാൽ ദൈവം അത് സാക്ഷാത്ക്കരിക്കും.*[18]

അത് പോലെയാണ് മാതാപിതാക്കന്മാർ സ്നേഹിക്കുകയും അവർക്ക് പ്രിയങ്കരനുമായ കുട്ടിക്ക് അവരുടെ മാതാപിതാക്കളെ സംബന്ധിച്ച് ചില പ്രതീക്ഷകൾ ഉണ്ടാവും. അതുപോലെ തിരിച്ചങ്ങോട്ടും ഉണ്ടാവും. അതുകൊണ്ടാണ് മാതാപിതാക്കന്മാരും കുട്ടികളും തമ്മിലുള്ള ഉറ്റബന്ധം നിലനിൽക്കുന്നത്. ഓരോരുത്തരും മറ്റൊരാളെ പറ്റിയുള്ള പ്രതീക്ഷകൾക്കനുസരിച്ച് ജീവിക്കാൻ ശ്രമിക്കുന്നു. നമുക്കിതിനെ പ്രാർത്ഥന എന്ന് വിളിക്കാൻ സാധ്യമല്ല. പക്ഷേ ഇതിന് പ്രാർത്ഥനയുടെ സങ്കൽപങ്ങളുമായി വളരെയേറെ സാമ്യതകളുണ്ട്. നമുക്ക് ഒരു കുട്ടിയുടെ ഉദാഹരണമെടുക്കാം. അവൻ പതിവായി ഭക്ഷണം കുടുംബത്തോടൊപ്പമല്ല പുറമെ നിന്നാണ് കഴിക്കുന്നത്. പുറത്ത് തെരുവിൽ വളരെ പാവപ്പെട്ട കുട്ടികൾ അവനെ കാത്ത് നിൽപ്പുണ്ടായിരുന്നു. അവന്റെ ഉദ്ദേശ്യം എന്താണെന്ന് കുടുംബക്കാർക്ക് അറിഞ്ഞിട്ടില്ലായിരിക്കാം. അവൻ തന്റെ ഭക്ഷണം മുഴുവൻ പാവപ്പെട്ട കുട്ടികൾക്ക് വേണ്ടി വിതരണം ചെയ്യുകയായിരുന്നു, എന്നിട്ട് അടുത്തുള്ള ഒരു മസ്ജിദിന്റെ മൂലയിൽ മാറി ഇരുന്ന് തന്റെ കീശയിലുള്ള അൽപ്പം ധാന്യവും കരിമ്പിൻ ചണ്ടിയിൽ നിന്നും എടുക്കുന്ന ഗുർ എന്ന് പഞ്ചാബി ഭാഷയിൽ അറിയപ്പെടുന്ന മധുരമുള്ള ശർക്കരയും കൂട്ടി കഴിക്കുമായിരുന്നു. അങ്ങനെയായിരുന്നു ആ ബാലൻ തന്റെ വിശപ്പിൽനിന്നും മുക്തി നേടിയിരുന്നത്. ഇത് തീർച്ചയായും *ഇഹ്സാന്റെ* പരിധിക്കപ്പുറം *ഈതായി ദിൽ ഖുർബായുടെ* മണ്ഡലത്തിൽ പ്രവേശിക്കുന്ന കാര്യമാണ്. ചിലപ്പോൾ

ഒരു മാതാവ് തന്റെ കുഞ്ഞിന്ന് വേണ്ടി ഇത്തരം ത്യാഗങ്ങൾ ചെയ്യാറുണ്ട്.

ഇത് ഒരു സാങ്കൽപ്പിക കഥയല്ല. ദീർഘകാലം എല്ലാ ദിവസങ്ങളിലും നിരന്തരമായി അഹ്മദിയ്യാ സമുഹത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ചെറിയ ബാലനായിരുന്നപ്പോൾ നടന്ന സംഭവമാണ്.

പ്രവാചകന്മാരുടെ ശുപാർശകൾ (അവരുടെ അനുയായികൾക്ക് വേണ്ടിയുള്ളവ) എന്നത് പ്രാർത്ഥനയുടെ ഏറ്റവും ഉദാത്തമായൊരു വശവും *ഈതാഇൗദിൽ ഖുർബാ*യുടെ പ്രകടനവുമാണ്. ഈ വീക്ഷണകോണിൽ നിന്നുകൊണ്ട് പരിശുദ്ധ പ്രവാചകൻ(സ) എല്ലാ ശുപാർശകരേക്കാളും ഉന്നതമായ പദവി വാഗ്ദാനം ചെയ്യപ്പെട്ട ആളാണെന്ന് എളുപ്പത്തിൽ മനസ്സിലാക്കാം.

പരിശുദ്ധ പ്രവാചക(സ)നോടും അവിടുത്തെ സാത്വികരും സമകാലീനരുമായ അനുചരന്മാരോടും പ്രത്യേകം കാണിച്ച അതേ ഇഷ്ടം ഇക്കാലത്തും കാണിക്കുന്ന ഔദാര്യവാനായ ദൈവം തന്നെയാണ് ഇപ്പോഴുമുള്ളത്. സാധാരണ സ്ഥിതിയിൽ പ്രകൃതിനിയമം അതിന്റെ മുറപോലെ സംഭവിക്കുന്നു. ചിലപ്പോൾ പ്രബലമായി പ്രവർത്തിക്കുന്ന സാധാരണ നിയമത്തെ ചില ഗുപ്ത നിയമം അതിവർത്തിച്ച് നടപ്പാക്കപ്പെടുന്നു. അത് അങ്ങനെ സംഭവിക്കുന്നത് ദൈവം ചിലർക്ക് ശുപാർശകൾക്കുള്ള അനുവാദം നൽകുന്നത് കൊണ്ടാണ്. ഇത് പരിശുദ്ധ പ്രവാചക(സ)ന്റെ കാലത്ത് നിരവധി തവണ സംഭവിച്ചതാണ്. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായിരുന്ന ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ഇക്കാലത്ത് പോലും അതേ രീതിയിലുള്ള സംഭവങ്ങൾക്ക് നാം സാക്ഷ്യം വഹിക്കുകയുണ്ടായി. നാം ഒരു കാര്യം ഓർക്കണം, ഇത്തരത്തിൽ അദ്ദേഹത്തിന്ന് മാത്രമുണ്ടായ ഒരു പുതിയ അനുഗ്രഹമായിരുന്നില്ല അത്. ഇക്കാലത്ത് ഹദ്റത്ത് അഹ്മദ്(അ) ലൂടെ പ്രകടിതമായത് പരിശുദ്ധ പ്രവാചകന്റെ(സ അനുഗ്ര

ഹത്തിന്റെ തുടർച്ചയായിരുന്നു. അത്തരത്തിലുള്ള ഒരു ഉദാഹരണം ഇവിടെ വിവരിക്കാം.

പ്ലേഗ് രോഗബാധിതനായ മുഹമ്മദ് ഹയാത്ത് എന്ന ഒരു വിദ്യാർത്ഥിയുടെ സംഭവം ഹദ്റത്ത് മുൻഷി സഫർ അഹ്മദ്(റ) വിവരിക്കുന്നുണ്ട്. രോഗിയെ പരിശോധിക്കാൻ തന്റെ അടുത്ത ശിഷ്യനായ ഹദ്റത്ത് മൗലവി നൂറുദ്ദീന്റെ(റ) അടുക്കലേക്ക് പറഞ്ഞയച്ചു. അദ്ദേഹത്തിന്റെ പരിശോധനയിൽ രോഗിക്ക് പ്ലേഗിന്റെ എല്ലാ ലക്ഷണങ്ങളും കണ്ടിരുന്നു. മുഹമ്മദ് ഹയാത്തിന്ന് കഠിനമായ പനി കൂടികൊണ്ടേയിരുന്നു. ശരീരത്തിൽ ആറ് വീക്കങ്ങൾ കാണപ്പെട്ടിരുന്നു. മൂത്രത്തിലൂടെ രക്തം പോയ്ക്കൊണ്ടിരുന്നു. ആ വിദ്യാർത്ഥിയെ ഹദ്റത്ത് മസീഹി(അ)ന്റെ അരികിലേക്ക് തിരിച്ചയക്കുമ്പോൾ ജീവിക്കുന്നതിനേക്കാൾ സാധ്യത മരിക്കാനാണ് എന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ(റ)എപ്പോഴും വാക്കുകളെ വളരെ സൂക്ഷ്മതയോടെ ഉപയോഗിക്കുന്ന ആളായിരുന്നു. ലൗകികരായ ഡോക്ടർമാരും ഹക്കീമുമാരും തങ്ങളുടെ വാക്കുകളും വിധി പ്രസ്താവങ്ങളും പറയുവാൻ അശേഷം സംശയിക്കാറില്ല. ഈ ഒരു പ്രത്യേക കേസിൽ തീർച്ചയായും രോഗി മരണപ്പെടുന്നതാണെന്ന് അവർ വിധിയെഴുതേണ്ടതാണ്. ദൈവത്തിന്റെ വിധി വരുന്നത് വരെ മരണത്തിന്റെ വിധി പ്രസ്താവിക്കുന്നത് തെറ്റാണെന്ന് മൗലവി സാഹിബിന്ന് അറിയാമായിരുന്നു. അത്കൊണ്ടാണ് അദ്ദേഹം രോഗി അതിജീവിക്കുന്നതിനേക്കാൾ സാധ്യത മരിക്കാനാണ് എന്ന് പറഞ്ഞത്.

മുൻഷി സാഹിബ് ഹദ്റത്ത് വാഗ്ദത്ത മസീഹി(അ)ന്നരികിലേക്ക് പോയി മുഹമ്മദ് ഹയാത്തിന്ന് വേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയുണ്ടായി. അവിടുന്ന് പ്രാർത്ഥിക്കാമെന്ന് സമ്മതിച്ചു. മുൻഷി സാഹിബ് അത്യന്തം ആശങ്കാകുലനായിരുന്നു. അദ്ദേഹം പറഞ്ഞു: 'ഹുസൂർ പ്രാർത്ഥനയുടെ സമയം കഴിഞ്ഞു. ഇത് ശുപാർശയുടെ സമയമാണ്' കുട്ടിയുടെ സ്ഥിതി അത്രക്ക് ഗുരുതരമാണ്. ആ സമയത്ത് ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) വീട്ടിന്നകത്തേക്ക് പോയി. അവിടുന്ന്

അങ്ങേയറ്റം വിനയാന്വിതനായി സ്വയം പ്രാർത്ഥനയിൽ തികച്ചും നിമഗ്നനായി.

'പുലർച്ചെ രണ്ട് മണിക്ക് വാഗ്ദത്ത മസീഹ്(അ) മട്ടുപ്പാവിലേക്ക് വന്നു. മുഹമ്മദ് ഹയാത്തിന്റെ ആരോഗ്യസ്ഥിതിയെക്കുറിച്ച് അന്വേഷിച്ചു. ഞങ്ങളിൽ ഒരാൾ ആശ്ചര്യപ്പെട്ടു പറഞ്ഞു: ഒരു പക്ഷേ ആ കുട്ടി മരണപ്പെട്ടിരിക്കും. വാഗ്ദത്ത മസീഹ്(അ) ഞങ്ങളോട് അവനെ പോയി നോക്കാൻ നിർദ്ദേശിച്ചു. ഞങ്ങൾ താഴത്തെ നിലയിൽ വന്നപ്പോൾ ഖുർആൻ പാരായണം ചെയ്തു കൊണ്ട് പുൽതകിടിയിൽ ഉലാത്തുന്ന ഹയാത്തിനെയാണ് കണ്ടത്. ആ കുട്ടി പറഞ്ഞു: നിങ്ങൾ എന്റെ അടുത്ത് വരിക. ഭയപ്പെടേണ്ട യാതൊരു ആവശ്യവുമില്ല. വീക്കവും പനിയും അപ്രത്യക്ഷമായിരിക്കുന്നു. ഞാൻ പരിപൂർണ്ണമായും രോഗമുക്തനായി.' ഞങ്ങൾ വാഗ്ദത്ത മസീഹി(അ)ന്റെ അടുത്തേക്ക് തിരിച്ചു പോയി. മുഹമ്മദ് ഹയാത്ത് പൂർണ്ണമായും രോഗവിമുക്തനായ വിവരം പറഞ്ഞു. അവിടുന്ന് പ്രതികരിച്ചുകൊണ്ട് പറഞ്ഞു: 'അങ്ങനെയാണെങ്കിൽ എന്തു കൊണ്ട് നിങ്ങളോടൊപ്പം അവനെ കൊണ്ടുവന്നില്ല?' ഇതിന്ന് മുമ്പ് മുഹമ്മദ് ഹയാത്തിന്റെ പിതാവ് എനിക്ക് ടെലിഗ്രാം ചെയ്തിട്ടുണ്ടായിരുന്നു അദ്ദേഹത്തിന്റെ മകൻ രോഗത്തെ അതിജീവിക്കാൻ യാതൊരു സാധ്യതയുമില്ല എന്ന്. അദ്ദേഹത്തെ ഈ മഹത്തായ ദിവ്യാത്ഭുതം ഇപ്പോൾ തന്നെ അറിയിക്കേണ്ടത് അനിവാര്യമാണെന്ന് തോന്നുന്നു. കാരണം അദ്ദേഹത്തിന്റെ മനസ്സിന്റെ പിരിമുറുക്കം അയയട്ടെ. ഞങ്ങൾ വാഗ്ദത്ത മസീഹി(അ)ന്റെ സവിധത്തിൽ നിന്നും ഖാദിയാനിൽ നിന്നും പന്ത്രണ്ട് മൈൽ അകലെയുള്ള ബട്ടാലയിലേക്ക് ടെലിഗ്രാം അയക്കാൻ പോകുന്ന വഴിയിലായിരുന്നു. എന്നാൽ ഞങ്ങളെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഖാദിയാന്ന് രണ്ട് മൈൽ പടിഞ്ഞാറുള്ള കനാലിന്നടുത്ത് വെച്ച് കുട്ടിയുടെ പിതാവ് ഹയാത്ത് ഒരു കുതിരവണ്ടിയിൽ വരുന്നതാണ് കണ്ടത്. അദ്ദേഹം ഞങ്ങളോട് ചോദിച്ചു: 'ഹയാത്ത്ഖാന് എങ്ങനെയുണ്ട്? ഞങ്ങൾ അദ്ദേഹത്തിന്ന് ആ ദിവ്യാത്ഭുതം വിവരിച്ചു കൊടുത്തു. ഈ നല്ല വാർത്ത കേട്ടപ്പോൾ അദ്ദേഹം തളർന്നു പോയി. അവസാനം അദ്ദേഹം വുളു (അംഗ സ്നാനം) ചെയ്തു സുന്നത്ത് പ്രാർത്ഥന നിർവ്വഹിച്ചു. അവിടെ നിന്നും ഞങ്ങൾ തിരിച്ച് വീട്ടിലേക്ക് പോയി.'[19]

## പ്രാർത്ഥനയുടെ തത്ത്വശാസ്ത്രം

നമുക്ക് പ്രാർത്ഥനയുടെ രീതി എന്താണെന്നും എങ്ങനെയാണ് അത് നിർവ്വഹിക്കേണ്ടതെന്നും പഠിക്കാം. പ്രാർത്ഥനയുടെ തത്ത്വശാസ്ത്രം വിവരിച്ചു കൊണ്ട് അല്ലാഹു ഖുർആനിൽ വ്യക്തമായും പറയുന്നുണ്ട്. ലൗകിക കാര്യങ്ങൾക്കായി പ്രാർത്ഥിക്കുന്ന ജനങ്ങൾക്ക് അത് മാത്രം അനുവദിക്കപ്പെടുന്നു. പക്ഷേ അല്ലാഹുവിന്റെ ദാസന്മാർ ചെറിയ കാര്യങ്ങൾ ചോദിക്കുന്നതിൽ തൃപ്തരല്ല. അതുകൊണ്ട് ഖുർആൻ സത്യവിശ്വാസികളെ താഴെ കാണുന്ന രീതിയിൽ പ്രാർത്ഥിക്കാൻ ഉപദേശിക്കുന്നു:

رَبَّنَآ اٰتِنَا فِى الدُّنْيَا حَسَنَةً وَّفِى الْاٰخِرَةِ حَسَنَةً وَّقِنَا عَذَابَ النَّارِ

*ഞങ്ങളുടെ നാഥാ, ഐഹിക ജീവിതത്തിൽ നീ ഞങ്ങൾക്ക് നന്മ നൽകേണമേ, പരലോകത്തും നീ ഞങ്ങൾക്ക് നന്മ നൽകേണമേ. നരക ശിക്ഷയിൽ നിന്നും നീ ഞങ്ങളെ കാത്തു രക്ഷിക്കേണമേ (സൂറ: ബഖറ 2: 202)*

വിവിധ ഹദീസുകളിൽ നിന്നും നമുക്ക് പഠിക്കാൻ സാധിക്കുന്നത് പരിശുദ്ധ പ്രവാചകൻ(സ) തന്റെ ഒരു അനുചരനെ വ്യക്തിപരമായി പ്രാർത്ഥനയെ പറ്റി ഇപ്രകാരം ഉപദേശിക്കുകയുണ്ടായി; ഈ സംഭവം ഇപ്രകാരമാണ് നിവേദനം ചെയ്യപ്പെടുന്നത്: 'അവിടുത്തെ ഒരു അനുചരൻ രോഗ ബാധിതനായി. വളരെ അവശനായി. രോഗം വിട്ടു മാറുകയും ചെയ്തു. അപ്പോൾ അദ്ദേഹം തൂവൽ പിച്ചിമാറ്റിയ ഒരു പക്ഷിയെ പോലെയായിരുന്നു കാണപ്പെട്ടത് എന്ന് ഒരാൾ വിവരിക്കുന്നു. പരിശുദ്ധ പ്രവാചകൻ(സ) അദ്ദേഹത്തിന്റെ രോഗശയ്യക്കരികെ സന്ദർശിക്കാൻ വന്നു. രോഗബാധിതനായ തന്റെ അനുചരന്റെ സ്വഭാവത്തെ കുറിച്ച് അഗാധമായ അറിവുണ്ടായിരുന്ന പരിശുദ്ധ പ്രവാചകൻ(സ) അദ്ദേഹത്തോട് ചോദിച്ചു: നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെ സത്ക്കർമ്മങ്ങൾക്ക് പരലോകത്ത് മാത്രം

പ്രതിഫലം തന്നാൽ മതി, ഇഹലോകത്ത് വേണ്ട എന്ന് പ്രാർത്ഥിച്ചിരുന്നുവോ? അനുചരൻ പ്രതികരിച്ചു: 'ഓ അല്ലാഹുവിന്റെ പരിശുദ്ധ പ്രവാചകരേ(സ), അതെ, ഞാൻ ചെയ്തു കൊണ്ടിരുന്നത് തീർച്ചയായും ഇത് തന്നെയായിരുന്നു. അല്ലാഹുവിനോട് ഞാൻ അപേക്ഷിക്കുകയുണ്ടായി, ഇഹലോകത്തുള്ള എല്ലാ പാപങ്ങൾക്കും എന്നെ ശിക്ഷിച്ചുകൊള്ളുക.അതുവഴി പരലോകത്ത് തീ കൊണ്ടുള്ള ശിക്ഷയിൽ നിന്നും ഞാൻ രക്ഷപ്പെടുമല്ലോ' പരിശുദ്ധ പ്രവാചകൻ(സ) പറഞ്ഞു: 'അല്ലാഹു പരിശുദ്ധനാണ്. താങ്കൾക്ക് അല്ലാഹുവിന്റെ കോപം താങ്ങാനുള്ള കെൽപ്പില്ല. താങ്കൾ ഇങ്ങനെ പ്രാർത്ഥിക്കണം, അല്ലാഹുവെ, എനിക്ക് ഈ ലോകത്ത് നന്മ പ്രദാനം ചെയ്യേണമേ, പരലോകത്തുള്ള ശിക്ഷയിൽ നിന്ന് രക്ഷയും നീ നൽകേണമേ, പരിശുദ്ധ പ്രവാചകൻ(സ) അപ്രകാരം തന്റെ അനുചരന് വേണ്ടി പ്രാർത്ഥിച്ചതായി നിവേദനം ചെയ്യപ്പെടുന്നു. അതിന് ശേഷം അദ്ദേഹത്തിന്റെ സ്ഥിതി ഭേദമാവുകയും മരണത്തിന്റെ പിടിയിൽ നിന്നും മോചിതനാവുകയും ചെയ്തു.[20]

ഈ കൗതുകകരമായ സംഭവത്തിൽ *ഇഹ്സാൻ, ഈതാ ഇദിൽ ഖുർബാ* അതുപോലെ *അദ്ൽ* എന്നിവ ഉള്ളടങ്ങിയിട്ടുണ്ട്. ഒരാൾ തനിക്ക് നീതി ലഭിക്കാൻ വേണ്ടി മാത്രമാണ് പ്രാർത്ഥിക്കുന്നതെങ്കിൽ അയാൾക്ക് നീതി പൂർവ്വമായിട്ടുള്ള പ്രതികരണമാണ് ലഭിക്കുക. പക്ഷേ പരിശുദ്ധ പ്രവാചകൻ(സ) നമുക്ക് പഠിപ്പിച്ചു തന്നത് നീതിയേക്കാൾ ഔദാര്യം മുൻനിർത്തിയാണ് പ്രാർത്ഥിക്കേണ്ടത് എന്നാണ്. മേൽ പറഞ്ഞ സംഭവം എടുക്കുകയാണെങ്കിൽ പരിശുദ്ധ പ്രവാചക(സ)ന്റെ പ്രാർത്ഥനയുടെ ഫലമായി ആ രോഗി മരണത്തിൽ നിന്നും രക്ഷപ്പെടുകയുണ്ടായി. വാസ്തവത്തിൽ ഇത് *ഈതാഇദിൽ ഖുർബാ*യുടെ ഒരു പ്രകടനമാണ്. അല്ലാത്തപക്ഷം അത്തരം ഒരു കഠിന രോഗത്തിൽ നിന്നും ആ അനുചരൻ ഒരിക്കലും രക്ഷപ്പെടുകയില്ലായിരുന്നു.

പ്രാർത്ഥനയുടെ വിഷയത്തിൽ, *അദ്ൽ, ഇഹ്സാൻ, ഈതാഇദിൽ ഖുർബാ* എന്നിവയുടെ പങ്ക് എന്തായിരിക്കുമെന്ന്

നമുക്ക് പരിശോധിക്കാം. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ഈ വിഷയവുമായി ബന്ധപ്പെട്ട് മൂന്ന് വിഷയങ്ങളിൽ വേറെ വേറെ വിശദീകരിക്കുന്നുണ്ട്. അവിടുത്തെ ചില രചനകളിൽ നിന്നുള്ള സാരാംശങ്ങൾ ഇവിടെ ഉദ്ധരിക്കാം. ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:

> 'ദിവ്യമായ മാർഗ്ഗദർശനത്തിൽ ചരിക്കുന്നവർ മൂന്ന് തരക്കാരാണ്. ഒന്നാമത്തെ കൂട്ടർ കാര്യകാരണത്തിന്റെ തിരസ്ക്കരണിയിലൂടെ സർവ്വശക്തനെ നോക്കിക്കാണുന്നവരാണ്. അവർക്ക് അല്ലാഹുവിന്റെ ഔദാര്യത്തെ വിവേചിച്ചറിയാൻ കഴിയുന്നില്ല. ഫലത്തിൽ ഏറ്റവും സൂക്ഷ്മമായ കാര്യങ്ങളിൽ അവരുടെ അഭ്യുദയകാംക്ഷിയായ ദൈവത്തിന്ന് അവരോടുള്ള കരുതലിന്റെ കരങ്ങൾ കാണുകയാണെങ്കിലും അവരുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ ഇളകിമറിയലുകൾ ഉണ്ടാവുന്ന അനുഭവമുണ്ടാകുന്നില്ല.'

മനുഷ്യൻ അവന്റെ ദൈനംദിന ജീവിതത്തിൽ ദൈവത്തിന്റെ കാരുണ്യത്തെ ആശ്രയിക്കുന്നവനാണ്. രാവിലെയും വൈകുന്നേരവും ഉറക്കത്തിലും ഉണർച്ചയിലും രാപ്പകലുകളിലെ ഓരോ നിമിഷത്തിലും മനുഷ്യൻ ദൈവത്തിന്റെ അനുഗ്രഹങ്ങളുടെ സ്വീകർത്താവാണ്. ചില ആളുകൾ അവരുടെ ജീവിതം ദൈവവിസ്മൃതിയിൽ ചെലവഴിക്കുന്നു. ദൈവം അവരിൽ നിരന്തരം അനുഗ്രഹം ചൊരിഞ്ഞുകൊണ്ടിരിക്കുന്നു എന്ന കാര്യത്തെ പറ്റി അവർ അശ്രദ്ധരായിരിക്കുകയും ചെയ്യുന്നു. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തുടരുന്നു:

> 'കാരണം ദൈവം ഒരു മനുഷ്യന്റെ ധൈഷണിക പരിധിയിൽ കവിഞ്ഞ് ഒരു ഭാരവും ചുമത്തുന്നില്ല. ചില ആളുകൾ വിസ്മൃതമായ അവസ്ഥയിൽ അങ്ങനെ കഴിയുന്നു. ഈ അവസ്ഥയിൽ ദൈവം അവരിൽ നിന്നും അവരുടെ പരിമിതമായ അറിവിന്നനുസരിച്ചുള്ള നന്ദി മാത്രമേ പ്രതീക്ഷിക്കുന്നുള്ളൂ. അവരുടെ മനസ്സിന്റെ നില മാറാത്തിടത്തോളം അവർക്ക് അർപ്പിക്കാൻ കഴിയുന്ന ഏറ്റവും നല്ല നന്ദി അവരിൽ നിന്നും ദൈവം സ്വീകരിക്കുന്നു.'

മാത്രമല്ല അവൻ തന്റെ തിരുവചനങ്ങളിൽ പ്രഖ്യാപിക്കുന്നു:

إِنَّ اللّٰهَ يَأْمُرُ بِالْعَدْلِ

*കേവല നീതിയോടൊപ്പം നിൽക്കാൻ അല്ലാഹു ആജ്ഞാപിക്കുന്നു.*

ഈ കേവല നീതിയാണ് അവരോട് നിർവഹിക്കാൻ പറയുന്നത്. തങ്ങളുടെ ശേഷിയിൽ കവിഞ്ഞ യാതൊന്നും അവരോട് കൽപിക്കുന്നില്ല.

പ്രാർത്ഥന നിർവഹിക്കുന്നതിൽ യാതൊരു വിധ ആനന്ദവും കാണിക്കാത്തവർക്കും പ്രാർത്ഥനക്കായി സ്വയം വിനയാന്വിതരായി അല്ലാഹുവിൽ സമർപ്പണം ചെയ്യാത്തവർക്കും ഈ വചനത്തിൽ നിന്നും ചില ആശ്വാസങ്ങൾ കണ്ടെത്താം. അതായത് ഈ വചനം ദൈവം ഓരോരുത്തരോടും അവരുടെ ശേഷിക്കനുസരിച്ച് മാത്രമേ പെരുമാറുന്നുള്ളൂ എന്ന സന്ദേശം വിനിമയം ചെയ്യുന്നു. ഈ വീക്ഷണ കോണിൽ ദൈവത്തിന്റെ നീതി അവന്റെ ഔദാര്യത്തിൽ നിന്നും വരുന്നതാണ്. അവൻ തന്റെ ദാസന്റെ ന്യൂനതകളെ സംബന്ധിച്ച് നന്നായി കരുതലുള്ളവനാണ്. അവൻ അവരുടെ വികലമായ പ്രാർത്ഥനകൾ പോലും സ്വീകരിക്കുകയും അതിന്റെ ന്യൂനതകൾക്ക് മാപ്പു കൊടുക്കുകയും ചെയ്യുന്നു. പക്ഷേ ഒരാളുടെ വൈകല്യങ്ങളിൽ മറ്റൊരാൾ സംതൃപ്തനാകുന്നുവെന്ന് ഇത് ദുർവ്യാഖ്യാനം ചെയ്യരുത്. ഈ വിതാനത്തിൽ ജനങ്ങൾ നിരന്തരം അപകടകരമായ അവസ്ഥയിലാണ് ജീവിക്കുന്നത്. ചെറിയൊരു ഇടർച്ചയുണ്ടായാൽ അവർ അതിവേഗത്തിൽ നാശത്തിന്റെ അഗാധ ഗർത്തത്തിൽ പതിക്കുന്നതാണ്. അതുകൊണ്ട് ഒരാൾ തന്റെ ആരാധനയിൽ എപ്പോഴും നീതി പാലിക്കാൻ ശ്രമിക്കണം. അതിന്റെ പ്രാഥമികമായ അനിവാര്യതകൾ നിറവേറ്റുകയും വേണം.

വാഗ്ദത്ത മസീഹ്[അ] തുടർന്ന് പറയുന്നു:

'എവിടംവരെയാണോ ദൈവം മനുഷ്യന്റെ ധാരണാശേഷിയുടെ പരിധിക്ക് അതീതമായി പരിശ്രമിക്കാൻ ആവശ്യപ്പെടാതിരിക്കുന്നത് അത്വരെ ജനങ്ങൾ ഇത് പാലിക്കുന്നു. അവർ ദൈവത്തോട് നന്ദികാണിക്കണമെന്ന് മാത്രമാണ് ദൈവം ആഗ്രഹിക്കുന്നത്. അതായത് അവർ എന്താണോ മനസ്സിലാക്കിയത് അതിന്നനുസൃതമായി

നന്ദികാണിക്കാൻ ദൈവം ആവശ്യപ്പെടുന്നു. ഇതാണ് ഈ വചന ത്തിന്റെ യഥാർത്ഥ പൊരുൾ.

إِنَّ اللَّهَ يَأْمُرُ بِالْعَدْلِ

*(തീർച്ചയായും അല്ലാഹു നീതി പാലിക്കാൻ കൽപ്പിക്കുന്നു.)*[21]

ഇവിടെ നീതിയുടെ താൽപര്യം, ആരാധകന്റെ ന്യൂന തകളുടെ വീക്ഷണത്തിൽ നോക്കുമ്പോൾ അവന്റെ വൈകല്യ ങ്ങൾക്ക് ദൈവം ഒരു കൈസഹായം നൽകേണ്ടതിന്റെ ആവശ്യമുണ്ട്. മനുഷ്യന് ക്രമേണ താഴ്ന്ന പടിയിൽ നിന്നും ഉന്നത സ്ഥാനത്തേക്ക് ഉയർന്നു വരുന്ന പരിഹാര പ്രക്രിയയിൽ വൈകല്യങ്ങൾക്ക് ഒരു ഉപശാന്തിയുണ്ടാവണമെന്ന് അവൻ പ്ര തീക്ഷിക്കുന്നു. വാഗ്ദത്ത മസീഹ്(അ) ഇത് സംബന്ധിച്ച് കൂടു തലായി പ്രതിപാദിക്കുന്നു:

'......എങ്കിലും മനുഷ്യന്റെ ബോധമണ്ഡലത്തിന് ഉയർന്ന ഒരു തലമുണ്ട്. നാം പ്രതിപാദിച്ചത് പോലെ മനുഷ്യന്റെ ഭാവന കാര്യ കാരണങ്ങളാൽ സ്ഫുടം ചെയ്യപ്പെട്ടാണ് വരുന്നത്. ഈ ഘട്ടത്തിൽ അവൻ കാര്യകാരണങ്ങളുടെ തിരശ്ശീലക്ക് പിന്നിൽ നിന്നാണ് വരു ന്നത്. അവന് അത് നിരർത്ഥകവും അവിശ്വാസവുമായി തീരുന്നു. അവൻ പറയും: 'ഞാൻ എന്റെ പാടത്ത് നല്ലത് പോലെ ജലസേചനം നടത്തി. അതുകൊണ്ടാണ് ആരോഗ്യകരമായ ഈ വിളകൾ വളർന്നത്' അല്ലെങ്കിൽ 'എന്റെ വിജയം എന്റെ കഠിനാദ്ധ്വാനത്താൽ മാത്രമാണ്.' അല്ലെങ്കിൽ 'സൈദ് എന്നെ സഹായിച്ചത് കൊണ്ടാണ് ഞാൻ ലക്ഷ്യം നേടിയത്.' അല്ലെങ്കിൽ 'ബഖറിന്റെ സമയോചിതമായ താക്കീതാണ് നാശത്തിൽ നിന്നും എന്നെ രക്ഷിച്ചത്.' ഈ ഘട്ടത്തിൽ മനുഷ്യൻ ഒരു അസ്തിത്വത്തെ മാത്രം, ഒരു സ്രഷ്ടാവിനെ മാത്രം, ഒരു ഉപ കാരിയെ മാത്രം, ഒരു സഹായ ഹസ്തം മാത്രം കാണുന്നു. അവൻ വ്യക്തമായും ദൈവത്തിന്റെ ഔദാര്യം ദർശിക്കുന്നു. കാര്യകാരണങ്ങൾ കൊണ്ട് അവന്റെ കാഴ്ച്ചക്ക് അൽപമാത്ര പോലും മങ്ങലുണ്ടാകുന്നില്ല. അവന്റെ ദർശനം കൂടുതൽ വ്യക്തമാവുന്നു. അതായത് ആരാധനാ സമയത്ത് സത്കർമ്മിയായ ആരാധകന് ദൈവം സ്വയം വെളി പ്പെടുന്നതായി കാണുന്നു. ഒരിക്കലും അവന് ദൈവം മറഞ്ഞവനായി

കാണുന്നില്ല. ഖുർആനിലും ഹദീസിലും ഇത്തരത്തിലുള്ള ആരാധന യെയാണ് ഇഹ്സാൻ എന്ന് പറയുന്നത്.'[22]

ഇത് എങ്ങനെയാണെന്ന് വെച്ചാൽ ഒരാൾ നീതിയുടെ ഘട്ടത്തിൽ നിന്നും പുരോഗമിച്ച് ഔദാര്യത്തിന്റെ ഘട്ടം പ്രാപിക്കുകയാണ്. അല്ലാഹുവിന്റെ സ്മരണയിൽ നാം നിമ ഗ്നനാവുമ്പോൾ അവന്റെ ഔദാര്യം അവനോടുള്ള അനു രക്തിയോടൊപ്പം നമ്മുടെ ജീവിതത്തിന്റെ എല്ലാ നാരിഴക ളിലും അരിച്ചിറങ്ങുന്നു. അങ്ങനെ അവന്റെ ഔദാര്യത്തെ സംബന്ധിച്ച ഗുണനിരൂപണം ഒരു ധൈഷണിക വ്യായാമമായി മാത്രം നിൽക്കുന്നില്ല. അത് അയാളുടെ സ്വാഭാവികമായ വൈകാരിക ബോധത്തിന്റെ ഭാഗമായി മാറുന്നു. തുടർന്ന് ഒരു ഊഷ്മളമായ വികാരവായ്പ്പോടെ ദൈവത്തിൽ ഒരാൾ അനു രക്തനാവാനാരംഭിക്കുന്നു. ഇവിടെ നിർദ്ദേശിച്ച പ്രകാരം തപിക്കുന്ന വികാരത്തോടെ ഒരാൾ തന്റെ ആരാധനകൾ നിർവ്വഹിക്കുമ്പോൾ അതിന്റെ ഫലമായി അയാൾക്ക് ഒരിക്കലും തന്റെ വിസ്മൃതമായ പൂർവ്വ ജീവിതത്തിലേക്ക് തിരിച്ചു പോകാൻ സാധിക്കുകയില്ല എന്ന് കാണാം. അങ്ങനെ ദൈവത്തെ പ്രാപിക്കാനുള്ള തീവ്രാഭിലാഷം അയാളിൽ അവിരാമം നിരന്തരം ഉണ്ടാകുന്നു. വാഗ്ദത്ത മസീഹ്(അ) താഴെ പറഞ്ഞ പ്രകാരം ഈ പ്രമേയം ആവിഷ്ക്കരിക്കുന്നത് കാണുക.

അതിന്ന് ശേഷം *ഈതാഇദിൽ ഖുർബാ* എന്ന മറ്റൊരു അവസ്ഥ ആഗതമാവുന്നു. ഇതിന്നർത്ഥം മനുഷ്യൻ ഇടതടവില്ലാതെ ദൈ വത്തിന്റെ അനുഗ്രഹങ്ങൾക്ക് സാക്ഷ്യം വഹിക്കുകയും ദൈവത്തെ നിരന്തര സാന്നിദ്ധ്യമുള്ള ഒരുവനെപ്പോലെ ആരാധിക്കുകയും ചെയ്യുമ്പോൾ അവന്റെ അനുഗ്രഹങ്ങൾ നേരിട്ട് ആരാധകനിൽ വർഷിക്കുന്നു. ഇത്തരത്തിൽ ദൈവത്തെ പറ്റിയുള്ള ഉൾക്കാഴ്ച്ച യുടെയും ഭാവനാ വർണ്ണനയുടെയും ഫലമായി ആരാധകൻ അവസാനം അവനോട് വൈയക്തികവും സമീപസ്ഥവുമായ അനു രാഗമുള്ളവനായി മാറാൻ തുടങ്ങുന്നു. അത് അങ്ങനെ സംഭവിക്കാൻ കാരണം ശാശ്വതവും അനുസ്യൂതവുമായ അനുഗ്രഹങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നത് കൊണ്ട് അനിവാര്യമായും ഹൃദയത്തിന്മേൽ അത്തരം ഒരു പ്രഭാവം ഉണ്ടാകുന്നു. അതായത് ദൈവത്തിന്റെ

എണ്ണമറ്റ അനുഗ്രഹങ്ങളാൽ അവൻ ആവരണം ചെയ്യപ്പെടുമ്പോൾ ദൈവസ്നേഹം കൊണ്ട് അവൻ പൂരിതമാവുന്നു എന്നതാണ്. ഈ അവസ്ഥയിൽ ദീർഘകാലം ദൈവത്തിന്റെ അനുഗ്രഹത്തിന്നനുസരിച്ച് ആരാധകന് അവനെ സ്നേഹിക്കാൻ ആകില്ല. മറിച്ച് ഒരു കുഞ്ഞ് അതിന്റെ മാതാവിനെ സ്നേഹിക്കുന്നത് പോലെ ദൈവത്തെ സ്നേഹിക്കുന്നു. ഈ അവസ്ഥ പ്രാപിക്കുമ്പോൾ അവൻ ദൈവത്തെ കേവലം കാണുക മാത്രമല്ല ചെയ്യുന്നത്. എല്ലാ യഥാർത്ഥ പ്രണേതാവിനെയും പോലെ ദർശന മാത്രയിൽ തന്നെ അഗാധമായ ആനന്ദം ലഭിക്കുന്നു. പിന്നെ യാതൊരു സ്വാർത്ഥ ലക്ഷ്യവും അവശേഷിക്കുകയില്ല. അവശേഷിക്കുന്നത് വ്യക്തിപരമായ സ്നേഹം മാത്രം. ഈ അവസ്ഥയെയാണ് *ഈതാഇദിൽ ഖുർബാ* എന്ന് ദൈവം വിളിക്കുന്നത്. അത് തന്നെയാണ് താഴെ പറയുന്ന വചനങ്ങൾ സൂചിപ്പിക്കുന്നത്:

فَاذۡکُرُوا اللّٰہَ کَذِکۡرِکُمۡ اٰبَآءَکُمۡ اَوۡ اَشَدَّ ذِکۡرًا ؕ

*........നിങ്ങളുടെ പൂർവ പിതാക്കളെ നിങ്ങൾ സ്മരിച്ചിരുന്നത് പോലെ അഥവാ അതിനേക്കാൾ തീവ്രമായി നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുക.*[23]

*(അൽബഖറ 2:201)*

എന്തൊരു വിസ്മയകരമായ ലിഖിതം! വാഗ്ദത്ത മസീഹ്(അ) ദിവ്യ സ്നേഹത്തിന്റെ അതിസൂക്ഷ്മമായ ഒരു നിഴൽ പോലും വിട്ടുകളഞ്ഞിട്ടില്ല. എന്നാൽ സമ്പൂർണ്ണമായ സാമീപ്യം അനാവരണം ചെയ്യപ്പെടുകയും ചെയ്യുന്നു. അവിടുന്ന് ഇപ്രകാരം കൂടുതലായി നിരീക്ഷിക്കുന്നു:

ഈയൊരവസ്ഥയിൽ എല്ലാവിധ സ്വാർത്ഥപരമായ അഭിലാഷങ്ങളും വിനാശമടയുകയും ആ ആളുടെ ഹൃദയം ദൈവാനുരാഗത്താൽ സുഗന്ധ പൂരിതമായ സ്ഫടികക്കുപ്പിപോലെ ആവുകയും ചെയ്യുന്നു. ഈ അവസ്ഥ വിശുദ്ധ ഖുർആൻ വീണ്ടും വിശദമാക്കുന്നു:

وَمِنَ النَّاسِ مَنۡ یَّشۡرِیۡ نَفۡسَہُ ابۡتِغَآءَ مَرۡضَاتِ اللّٰہِ ؕ وَاللّٰہُ رَءُوۡفٌۢ بِالۡعِبَادِ ﴿۲۰۸﴾

*അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് തങ്ങളുടെ ജീവനെ വിൽക്കുന്ന ചിലരും മനുഷ്യരിലുണ്ട്. അല്ലാഹു അത്തരം ദാസരോട് വളരെ കരുണയുള്ളവനാണ്.* [24] *(2: 208)*

മറ്റൊരു രീതിയിൽ പറഞ്ഞാൽ അത്തരം ആരാധകർ എന്തെങ്കിലും താഴ്ന്ന ലക്ഷ്യങ്ങൾക്ക് വേണ്ടി ദൈവത്തെ ആരാധിക്കില്ല. അവർ പ്രതിഫലത്തെ കുറിച്ചോ അനുഗ്രഹത്തെ കുറിച്ചോ ചിന്തിക്കാറില്ല. അതായത് അവർ തങ്ങളുടെ സൽപ്ര വൃത്തികൾക്ക് പ്രതിഫലം ലഭിക്കുമോ ഇല്ലയോ എന്ന് ശ്രദ്ധിക്കാറില്ല. അല്ലാഹുവിന്ന് വേണ്ടി ഒരാൾ സത്കർമ്മങ്ങൾ ചെയ്താൽ അല്ലാഹു തിരിച്ച് അയാളെ പ്രതിഫലം കൊണ്ട് അനുഗ്രഹിക്കുന്നു. എന്നാൽ വാഗ്ദത്ത മസീഹ്[അ] കർമ്മവും അതിന്നുള്ള പ്രതിഫലവും എന്ന തത്ത്വത്തിന്നപ്പുറമാണ് ചർച്ചചെയ്യുന്നത്. ഉന്നതമായ ഈ അവസ്ഥയിൽ എത്തി ച്ചേർന്നവർ സ്വർഗ്ഗത്തിൽ ഒരു ഇടം നേടുക എന്ന ഉദ്ദേശ്യത്തിലല്ല സത്കർമ്മങ്ങൾ ചെയ്യുന്നത്. അല്ലാഹുവിന്റെ തൃപ്തി ലഭിക്കുക എന്ന ഉദ്ദേശം മാത്രമാണ് അവർക്കുള്ളത്. അല്ലാഹുവിന്റെ തൃപ്തി മാത്രമാണ് അവരുടെ ഹൃദയത്തിന്ന് പ്രിയങ്ക രമായിട്ടുള്ളത്. അവനെ പ്രീതിപ്പെടുത്തലാണ് അവരുടെ സ്വർഗ്ഗം. അത് മാത്രമാണ് അവരുടെ ജീവിതത്തിന്റെ ഏക ലക്ഷ്യം.

ചുരുക്കത്തിൽ, ഇസ്‌ലാമിക ആരാധനാ ക്രമം അത്ഭുതക രമാം വിധം സന്തുലിതവും സമ്പൂർണവുമാണ്. സങ്കീർണമായ എല്ലാ വിശദീകരണങ്ങളിലും *അദ്ൽ, ഇഹ്സാൻ, ഈതാഇദിൽ ഖുർബാ* എന്നിവയുടെ മുദ്ര പതിഞ്ഞിട്ടുണ്ടാവും. അടിസ്ഥാനപ രമായി പ്രവാചകനായ മുഹമ്മദ് നബി[സ] എന്ന വ്യക്തിക്ക് ഖുർആന്റെ ദിവ്യാത്ഭുതം സ്വയം കൊണ്ടു വരുവാൻ സാദ്ധ്യമല്ലായിരുന്നു. തീർച്ചയായും അത് സർവ്വജ്ഞാനിയും സർവ്വശക്തനുമായ അല്ലാഹുവിന്റെ പ്രവൃത്തിയാണ്.

മേൽ നടന്ന ചർച്ച ആരാധനയുടെ ചൈതന്യവുമായി ബന്ധ പ്പെട്ടതാണ്. ഇനി ആരാധനയെ പിന്തുണക്കുന്ന ദൃശ്യമായ നെടുന്തൂണുകളിലേക്ക് ശ്രദ്ധ തിരിക്കാം. എന്നിട്ട് *അദ്ൽ,*

*ഇഹ്സാൻ, ഈതാഇദിൽ ഖുർബാ*യുടെ നിർണ്ണായകമായ എന്തെങ്കിലും പങ്ക് നിർവ്വഹിക്കുന്നുണ്ടോ എന്ന് നമുക്ക് നോക്കാം.

ഇസ്ലാമിക ആരാധനയുടെ സർവ്വ മേഖലകളിലും നീതി വലയം ചെയ്തിരിക്കുന്നു. പ്രാർത്ഥനകൾ കൂട്ടമായും ഒറ്റയായും പള്ളികളിലും വീടുകളിലും നിർവ്വഹിക്കപ്പെടുന്നു. ഇസ്ലാം കൂട്ടായ പ്രാർത്ഥനകൾ മാത്രമാണ് നിർദ്ദേശിച്ചിരുന്നതെങ്കിൽ വലിയ ഒരു വിഭാഗം ആളുകൾ പ്രാർത്ഥനയിൽ നിന്നും ക്രമേണ ഒഴിഞ്ഞുപോകുമായിരുന്നു. കൂട്ടായ പ്രാർത്ഥനക്ക്, പ കരം നിർദ്ദേശിച്ചിട്ടില്ലായിരുന്നുവെങ്കിൽ പ്രാർത്ഥന തന്നെ അവരുടെ ദൈനംദിന ജീവിതത്തിൽ നിന്നും അപ്രത്യ ക്ഷമായേനെ. ചർച്ചിൽ പോകാത്ത ക്രിസ്ത്യാനികളിൽ പ്ര ത്യക്ഷമായും ഈയൊരു ഉദാഹരണം കാണാം.

പ്രാർത്ഥനയിൽ നീതിയുടെ സുപ്രധാനമായ ഒരു വശം അത് വ്യക്തിപരമായ പ്രാർത്ഥനയും കൂട്ടായ പ്രാർത്ഥനയുമായി സംയോജിപ്പിക്കുന്നു എന്നതാണ്. കൂട്ടായ പ്രാർത്ഥനക്കൊപ്പം വ്യക്തിപരമായ പ്രാർത്ഥനയും നിർവ്വഹിക്കുന്നതാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, കൂട്ടായ പ്രാർത്ഥനകൾ നിർവ്വഹിക്കുന്നത് സ്ത്രീകൾക്ക് പുരുഷന്മാരെ പോലെ നിർ ബ്ബന്ധമാക്കിയിട്ടില്ല എന്നതാണ്. നിരവധി ഭാരങ്ങൾക്കിടയിൽ സ്ത്രീകൾക്ക് അത് നിർബന്ധമാക്കിയിരുന്നുവെങ്കിൽ വലിയ ഭാരം വഹിക്കുന്നവരായി അവരെ കണ്ടെത്തുമായിരുന്നു. അതിന് കാരണം അവർ (സ്ത്രീകൾ) പൊതുവേ ഗൃഹ ഭരണത്തിന്റെ ചുമതലയും സന്താന പരിപാലനത്തിന്റെ ഉ ത്തരവാദിത്തവുമുള്ളവരാണ് എന്നതാണ്. നിരന്തരം ശ്രദ്ധ ആവശ്യമുള്ള ഒരു പിഞ്ചുകുഞ്ഞിന്റെ മാതാവിനു പോലും പ ള്ളിയിൽ പോകുന്നത് ആവശ്യമാണെന്ന് വരുമ്പോൾ അത് അവളെയും കുഞ്ഞിനേയും സംബന്ധിച്ചിടത്തോളം ഒരു ക്രൂരതയായിരിക്കും. ഇത് നീതിയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാണ്. സന്തുലനത്തിന്റെ ഈ ചാരുതയാർന്ന ഉദാഹ രണം ഇസ്ലാമിക അദ്ധ്യാപനങ്ങളിലാണ് കാണപ്പെടുക. മറ്റു ചില സാഹചര്യങ്ങളിൽ സ്ത്രീകൾ കൂട്ടായോ ഒറ്റക്കോ ഉള്ള പ്രാർത്ഥനകളിൽ നിന്നും പൂർണ്ണമായും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

ഇത് അവരുടെ ആർത്തവ കാലത്തും പ്രസവാനന്തര കാലത്തുമാണ്.

ഇസ്‌ലാമിക പ്രാർത്ഥനയുടെ മറ്റൊരു പ്രത്യേകത അതിന്റെ ഉരുവിടലിലാണ്. ശബ്ദമുയർത്തിയും പതുക്കെയും നിർവ്വഹിക്കാവുന്നതാണ്. മനുഷ്യന്റെ മനോനില രാവിലെ മുതൽ വൈകുന്നേരം വരെയും രാത്രി മുതൽ അടുത്ത പ്രഭാതം പൊട്ടി വിടരുന്നത് വരെയും മാറിക്കൊണ്ടിരിക്കും. പ്രഭാതത്തിലും വൈകുന്നേരവും രാത്രി നേരങ്ങളിലും അധികമാളുകൾക്കും പാടാനുള്ള പ്രവണത കാണാം. മധ്യാഹ്നത്തിലും സൂര്യൻ സായാഹ്നത്തിലേക്ക് ചായുമ്പോഴും പക്ഷികൾ പോലും പാട്ട് നിർത്തുന്ന സമയമാണ്. ഇത് ശാന്തതയുടെയും ലഘുനിദ്രയുടെയും സമയമാണ്. അതുകൊണ്ടാണ് അഞ്ച് നമസ്ക്കാരങ്ങളിൽ മൂന്ന് എണ്ണം സംഗീതം പൊഴിക്കുന്ന ശബ്ദങ്ങളിൽ ഉറക്കെയും മറ്റു രണ്ട് പ്രാർത്ഥനകൾ ശബ്ദരഹിതമായും നിർവ്വഹിക്കുന്നത്. അതുപോലെ ചില പ്രാർത്ഥനകൾ ഓരോന്നും ശബ്ദമുയർത്തി ഉരുവിടുന്നത് അനുവദിച്ചിട്ടുണ്ട്. അതേ പ്രാർത്ഥനയുടെ മറ്റു ഭാഗങ്ങളിൽ നിശബ്ദ പ്രാർത്ഥനയാണ് ആവശ്യമുള്ളത്. സമയത്തിന്നനുസരിച്ച് മാത്രമല്ല മനോഭാവം മാറുന്നത്. അത് വ്യക്തികൾ തോറും മാറുന്നു. എല്ലാ സന്ദർഭങ്ങൾക്കും അനുയോജ്യമായതാണ് ഇസ്‌ലാമിലെ ആരാധനകൾ.

തികച്ചും വ്യത്യസ്തമായ മറ്റൊരു നിർദ്ദേശമാണ് പ്രഭാതപൂർവ്വ (തഹജ്ജുദ്) പ്രാർത്ഥനക്കുള്ളത്. ഈ പ്രാർത്ഥനയ്ക്ക് ഉച്ചത്തിലോ നിശബ്ദമായോ പ്രാർത്ഥിക്കാം. ഒന്നും നിർബന്ധപൂർവ്വം നിഷ്കർഷിച്ചിട്ടില്ല. താഴെ കാണുന്ന രണ്ടെണ്ണത്തിൽ ഒന്ന് തിരഞ്ഞെടുക്കാം:

وَلَا تَجْهَرْ بِصَلَاتِكَ وَلَا تُخَافِتْ بِهَا وَابْتَغِ بَيْنَ ذَٰلِكَ سَبِيلًا ﴿١١١﴾

*.... നിന്റെ പ്രാർത്ഥന നീ അധികം ഉച്ചത്തിലാക്കരുത്. വളരെ പതിഞ്ഞ സ്വരത്തിലുമാക്കരുത്. അതിനിടയിൽ ഒരു മധ്യമാർഗ്ഗം സ്വീകരിക്കുക.*
*(ബനീ ഇസ്രായീൽ 17:111)*

താഴെക്കാണുന്ന ഹദീസ് ഈ വചനം കൂടുതൽ വിശദീകരിക്കുന്നു. ഹദ്റത്ത് അബൂബക്കർ(റ) തന്റെ തഹജ്ജുദ് നമസ്ക്കാരം പൂർണ്ണമായും ശാന്തമായാണ് നിർവ്വഹിക്കുക. അരികെ നിൽക്കുന്ന വ്യക്തിക്ക് പോലും അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ നേരിയ ശബ്ദം പോലും കേൾക്കാൻ കഴിയുമായിരുന്നില്ല. അതിൽ നിന്നും വിഭിന്നമായി ഹദ്റത്ത് ഉമർ(റ) തന്റെ തഹജ്ജുദ് നമസ്ക്കാരം നിർവ്വഹിക്കുന്നത് ഉച്ചത്തിൽ കേൾക്കാവുന്ന ശബ്ദത്തിലാണ്. പരിശുദ്ധ പ്രവാചകൻ ഒരിക്കൽ ഹദ്റത്ത് അബൂബക്കർ(റ) നോട് ചോദിച്ചു: 'താങ്കളുടെ പ്രാർത്ഥനകൾ എന്തുകൊണ്ട് ഹൃദയത്തിൽ ഉരുവിടുന്നത്.' ഹദ്റത്ത് അബൂബക്കർ(റ) പ്രതിവചിച്ചു: 'അല്ലയോ അല്ലാഹുവിന്റെ ദൂതരേ, എന്റെ പ്രാർത്ഥന ഞാൻ കേൾപ്പിക്കാനുദ്ദേശിക്കുന്നവന്റെ അരികിൽ എത്തുന്നുണ്ട്. അത് മതി.' പരിശുദ്ധ പ്രവാചകൻ(സ) പറഞ്ഞു: 'തികച്ചും നിശബ്ദമായി പ്രാർത്ഥിക്കേണ്ട ആവശ്യമില്ല, താങ്കൾ അത് ഹൃദയത്തിൽ തന്നെ ഒതുക്കുന്നതിനാലാണ്. താങ്കളുടെ പ്രാർത്ഥന അൽപ്പം ശബ്ദത്തിലാക്കണം. അതേസമയം അത് മാന്യവുമായിരിക്കണം' ഹദ്റത്ത് ഉമർ(റ)ന്റെ രീതി ഹദ്റത്ത് അബൂബക്കറി(റ)ൽ നിന്നും വ്യത്യസ്തമായിരുന്നു. എന്തുകൊണ്ടാണ് തഹജ്ജുദ് നമസ്ക്കാരം ഉച്ചത്തിൽ ഓതുന്നതെന്ന് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം ഇപ്രകാരമാണ് പ്രതിവചിച്ചത്: 'ഖുർആൻ ഉച്ചത്തിൽ ഓതിക്കൊണ്ടാണ് ഞാൻ പിശാചിനെ എന്റെ അരികിൽ നിന്നും അകറ്റുന്നത്.!' പരിശുദ്ധ പ്രവാചകൻ(സ) ഹദ്റത്ത് ഉമറി(റ)നോട് പറഞ്ഞു: 'ശൈത്താനെ ഈ വിധം പ്രഹരിക്കേണ്ട യാതൊരു കാര്യവുമില്ല. ഖുർആൻ പതുങ്ങിയ നിലയിലാണ് ഓതേണ്ടത്. തഹജ്ജുദ് നമസ്ക്കാരം ഉച്ചത്തിൽ ഓതുന്നത് കാരണം അദ്ദേഹം താക്കീത് ചെയ്യപ്പെടുകയുണ്ടായി. അദ്ദേഹവും അത്തരത്തിൽ ഓതുന്നവരും അവർക്ക് ചുറ്റുമുള്ള പ്രാർത്ഥിക്കുന്നവർക്ക് ശല്യവും ഉപദ്രവുമാണ് ഉണ്ടാക്കുന്നത്'.[25]

മറ്റൊരു ഹദീസ് പ്രകാരം റസൂൽ തിരുമേനി(സ)യുടെ അനുചരന്മാരുടെ തഹജ്ജുദ് നമസ്ക്കാരത്തിലെ ഉച്ചത്തിലുള്ള ഓത്ത്

തങ്ങളുടെ അയൽപക്കത്തുള്ള അമുസ്‌ലിംകളുടെ ഉറക്കത്തിന്ന് ശല്യമായി വരികയും അവർ അത് സംബന്ധിച്ച് മുറുമുറുക്കുകയും പരിശുദ്ധ പ്രവാചക(സ)നോട് പരാതി പറയുകയും ചെയ്തു. മറ്റുള്ളവരുടെ കാര്യത്തിൽ പ്രത്യേക പരിഗണന വേണമെന്ന് പരിശുദ്ധ പ്രവാചക(സ)നോട് അല്ലാഹു നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. അതായത് അവരുടെ ഉറക്കത്തിന്ന് ഭംഗം വരരുതെന്ന്. എന്തായാലും ശബ്ദം പതിഞ്ഞ സ്വരത്തിലാക്കേണ്ടത് അയൽപക്കക്കാർക്ക് വേണ്ടി മാത്രമല്ല. മുസ്‌ലിം ഗൃഹങ്ങളിലെ ചെറിയ കുട്ടികൾക്കും ആ സമയത്ത് ശല്യമാകരുത്. അവിടങ്ങളിൽ രോഗികളായ ആളുകൾ ഉണ്ടാവാം. അല്ലെങ്കിൽ തഹജ്ജുദ് നമസ്ക്കാരം ആവശ്യമില്ലാത്ത സ്ത്രീകളുണ്ടാവാം. അവർക്കെല്ലാം തന്നെ തഹജ്ജുദ് നമസ്ക്കരിക്കുന്ന ആളുടെ ശബ്ദം കുറക്കേണ്ട ആവശ്യമുണ്ട്. തഹജ്ജുദ് നമസ്ക്കാരം നിർവ്വഹിക്കുന്നവർ അത് നിർവ്വഹിക്കാത്തവർക്ക് ഒരു ശല്യമായിത്തീരാതിരിക്കാൻ രണ്ടറ്റത്തുമുള്ളവർ പാലിക്കേണ്ടുന്ന സന്തുലനം ഇവിടെ ശ്രദ്ധേയമാണ്.

പല മുസ്‌ലിം രാജ്യങ്ങളിലും ഫജർ നമസ്ക്കാരത്തിൽ (പ്രഭാത നമസ്ക്കാരം) പ്രാർത്ഥന ഉച്ചഭാഷിണി ഉപയോഗിക്കാതെ നിർവ്വഹിക്കുന്ന ഒരു കാലമുണ്ടായിരുന്നു. പ്രാർത്ഥന കേൾക്കണം എന്ന ഉദ്ദേശ്യമുള്ളവരെയും നേരത്തെ ഉണരണം എന്ന് ആഗ്രഹിക്കുന്നവരെയും പതിഞ്ഞ സ്വരത്തിൽ പ്രഭാതത്തിൽ ഉണർത്തിയിരുന്നു. അദാൻ (നമസ്ക്കാരത്തിന്ന് വിളിക്കുന്ന ബാങ്ക്) മസ്ജിദിന്റെ അയൽപക്കത്ത് താമസിക്കുന്നവരിൽ മാത്രം പരിമിതപ്പെടുത്തിയിരുന്നു. ഇന്ന് സാഹചര്യം തികച്ചും വ്യത്യസ്തമാണ്. ഏറ്റവും ശക്തിമത്തായ പവർ സിസ്റ്റത്തിൽ ഏറ്റവും ഉച്ചസ്ഥായിയിൽ പ്രാർത്ഥനക്ക് വിളിച്ചാൽ മാത്രമേ മതപുരോഹിതന്മാരുടെ അഹംബോധത്തിന്ന് ശമനമുണ്ടാകൂ. മസ്ജിദിന്ന് അരികെയുള്ള ഒരു ലൗഡ് സ്പീക്കറിന്റെ പ്രശ്നമാണെങ്കിൽ സംഗതി ഇപ്പോഴുള്ളത് പോലെ അത്ര അസഹനീയമാവില്ലായിരുന്നു. പള്ളിക്കടുത്ത് താമസിക്കുന്നവർ നിരവധി ബാങ്കുകൾ കേൾക്കേണ്ടി വരുന്നു. ഓരോന്നും ഒന്നിന്ന് പിറകെ മറ്റൊന്നായി ബാങ്കുകളുടെ ശബ്ദം

ഉയർന്ന് വരുന്നു. വ്യത്യസ്ത സമയങ്ങളിൽ വ്യത്യസ്ത നാദങ്ങളിൽ ഏറ്റവും ഉച്ചസ്ഥായിയിൽ പ്രസരണം ചെയ്യപ്പെടുന്നു. നഗരത്തിൽ വിവിധ ഭാഗങ്ങളിൽ ശക്തമായ പവർ സിസ്റ്റത്തിന് നന്ദി പറഞ്ഞു കൊണ്ട് ഇത് നിർവ്വഹിക്കപ്പെടുന്നു. ചില മൗലവിമാർ പ്രഭാതം പൊട്ടി വിരിയുന്നതിന്ന് മുമ്പ് തന്നെ അവരുടെ ബാങ്ക് ആരംഭിക്കുന്നു. ചിലർ പ്രഭാതത്തിന്ന് വളരെ ശേഷം തുടങ്ങുന്നു. ഫലമോ ബാങ്കുകളുടെ അവസാനിക്കാത്ത ശബ്ദ ജാലം!.

അത് മാത്രമല്ല. ചിലർ തങ്ങളുടെ ബാങ്ക് സംഗീതാത്മകമായി ആലപിക്കുന്നു. ചിലരുടേത് തവള കരയുന്നത് പോലെയാണ്. പരിശുദ്ധ പ്രവാചക(സ)ന്റെ കാലത്ത് ഒരിക്കലും കേട്ടിട്ടില്ലാത്ത ഈണത്തിൽ ചില മൗലവിമാർ ബാങ്ക് പരിശീലനത്തിൽ ഏർപ്പെടുന്നു. പല മുല്ലമാരും പ്രഭാത നമസ്ക്കാരം തുടങ്ങുന്നതിന് മുമ്പ് തന്നെ നഅത്തും (നബി കീർത്തന കവിതകൾ) പാട്ടുകളും ആരംഭിക്കുന്നു. അതിന്ന് ശേഷമാണ് ബാങ്കിന്റെ സമയം വരിക. അങ്ങനെ തഹജ്ജുദിന്റെ സമയം മുതൽ പ്രഭാതത്തിന്റെ ആദ്യവെളിച്ചം പടരുന്നത് വരെ അമുസ്ലിംകളടക്കം പൗരാവലിയുടെ മുഴുവൻ ഉറക്കവും കെടുത്തി അവരെ അസ്വസ്ഥരാക്കുന്നു.

ചില മൗലവിമാർ തങ്ങളുടെ ശബ്ദം ശ്രുതി മധുരമാർന്നതാണെന്നും മുഴുവൻ പട്ടണവും തങ്ങളുടെ ആലാപനം ശ്രവിക്കാൻ അക്ഷമരായി കാത്തിരിക്കുകയാണെന്നും സ്വയം അങ്ങ് ധരിച്ചിരിക്കുകയാണ്. അതിനു പകരം അത് എത്ര ഭീകരമായിട്ടാണ് മനുഷ്യരുടെ കർണ്ണപുടങ്ങളിൽ പതിക്കുന്നതെന്ന് അവരിൽ കുറഞ്ഞ പേർക്ക് മാത്രമേ തിരിച്ചറിവുണ്ടായിട്ടുള്ളൂ. വിശുദ്ധ ഖുർആൻ പറയുന്നു:

وَاغْضُضْ مِنْ صَوْتِكَ ۚ إِنَّ أَنْكَرَ الْأَصْوَاتِ لَصَوْتُ الْحَمِيرِ ﴿٢٠﴾

*നിന്റെ ശബ്ദം അൽപം താഴ്ത്തുക. ശബ്ദങ്ങളിൽ ഏറ്റവും അരോചക ശബ്ദം കഴുതയുടെ ശബ്ദമാണ്. (ലുഖ്മാൻ 31: 20)*

ഒരിക്കൽ പ്രസിദ്ധ സൂഫിവര്യനായിരുന്ന ഹാഫിസ് സഅദി ശിറാസി വിശുദ്ധ ഖുർആൻ ഉച്ചത്തിൽ ഓതുന്ന ഒരാളുടെ

അരികിലൂടെ കടന്നു പോകുകയുണ്ടായി. നിർഭാഗ്യവശാൽ അയാളുടെ ശബ്ദം വളരെ അരോചകമായിരുന്നു. സഅദി അദ്ദേഹത്തോട് മൃദുവായ ഈണത്തിലും പതിഞ്ഞ ശബ്ദത്തിലും ഖുർആൻ ഓതണമെന്ന് നിർദ്ദേശിച്ചു. ആ മനുഷ്യന്റെ പ്രതികരണം 'ഞാൻ ഖുർആൻ ഉച്ചത്തിൽ ഓതുന്നത് അല്ലാഹുവിന്ന് വേണ്ടിയാണ് നിങ്ങളാരാണ് ഇക്കാര്യത്തിൽ ഇടപെടാൻ?' സഅദിയുടെ മറുപടി: 'അല്ലാഹുവിനെയോർത്ത് താങ്കൾ ഉച്ചത്തിൽ ഓതരുത്. അങ്ങനെയെങ്കിൽ ജനങ്ങൾ അല്ലാഹുവിനും അവന്റെ തിരുവചനങ്ങൾക്കെതിരെയും തിരിയും!'

ഇസ്‌ലാം ഒരു സാർവ്വദേശീയ മതമായിരിക്കണം എന്നാണ് പ്രഖ്യാപനം. ആയതിനാൽ അതിന്റെ ദൈവികമായ ഉറവിടത്തിൽ തന്നെ ആരാധനാ ക്രമത്തിന്ന് ഒരു സാർവ്വത്രികതയുണ്ടെന്ന് തെളിയിക്കുകയും അത് പിന്തുടരുകയും വേണം. പുതിയ ആരാധനാ രീതികൾ ഇസ്‌ലാമിൽ അടിച്ചേൽപിക്കപ്പെട്ടുവെങ്കിൽ അത് നീതിയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായിരിക്കും. അങ്ങനെയെങ്കിൽ അതിന്റെ ഭൂതകാല പാരമ്പര്യം മുഴുവൻ നിഷേധിക്കപ്പെടുന്നതായിരിക്കും. അതുകൊണ്ട് ഇസ്‌ലാമിലെ ഇപ്പോഴത്തെ സാമ്പ്രദായിക രീതിയും ഇസ്‌ലാം യഥാർത്ഥത്തിൽ മുന്നോട്ട്വെക്കുന്ന ആരാധനാ ക്രമവുമായി യാതൊരുവിധ സാമ്യതയും അവർക്ക് കാണാൻ സാധ്യതയില്ല.

ചില മതങ്ങളിൽ ആളുകൾ ദൈവത്തെ സ്മരിക്കുന്നത് കാലുകൾ മടക്കി ഇരുന്നു കൊണ്ടാണ്. മറ്റു ചില മതങ്ങളിൽ ദൈവത്തിന്ന് മുന്നിൽ മുട്ടിൽ കുത്തിനിന്ന് പ്രാർത്ഥിക്കാനാണ് ഇഷ്ടപ്പെടുന്നത്. ആരാധനാക്രമങ്ങൾ ജനതകൾ തോറും വ്യത്യസ്തമാണ്. ചിലർ ദൈവ സന്നിധിയിൽ കൈകൾ ഇരുവശവും തൂക്കിയിട്ടു നിന്നാണ് പ്രാർത്ഥിക്കാറ്. ചിലർ കൈകൾ കെട്ടിക്കൊണ്ടും നിൽക്കുന്നു. ചില മതങ്ങളിൽ തല കുനിച്ച് നിൽക്കലാണ് ആരാധനയുടെ കേന്ദ്ര സ്വഭാവം. ചിലർ ദൈവത്തിന്ന് മുൻപിൽ  നെറ്റി നിലം സ്പർശിച്ച് സമ്പൂർണ്ണമായും സാഷ്ടാംഗ പ്രണാമം അർപ്പിക്കുന്നു. ഇസ്‌ലാ

മിലെ ആരാധനാ ക്രമങ്ങളിൽ എല്ലാ മതങ്ങളിലെയും ഈ പ്രത്യേകതകളെല്ലാം സമഗ്രമായി സമ്മേളിച്ച് ഭാഗികമായി പ്രതിഫലിക്കുന്നതായി നിങ്ങൾക്ക് കാണാം.

സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും മനുഷ്യന്റെ എല്ലാ അവസ്ഥകളും ഇസ്‌ലാമിക ആരാധാ സമ്പ്രദായത്തിൽ പരി ഗണിക്കുന്നതായി കാണാം. പള്ളിക്കടുത്ത് താമസിക്കുന്ന പ്രായപൂർത്തിയായ എല്ലാ ആരോഗ്യമുള്ള പുരുഷന്മാരും ദിവസവും അഞ്ചു നേരമുള്ള കൂട്ടായ നമസ്ക്കാരങ്ങളിൽ പള്ളികളിൽ പങ്കെടുക്കണം. ഈ ഓരോ നമസ്ക്കാര ങ്ങൾക്കും സമയം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അവ പൊതുവേ ഒരാളുടെ ദൈനംദിന ജീവിതത്തെ തടസ്സപ്പെടുത്തുന്നില്ല. ഉദാഹരണത്തിന്ന് ളുഹർ നമസ്ക്കാരം (മദ്ധ്യാഹ്ന പ്രാർത്ഥന) ഉച്ചഭക്ഷണ സമയത്താണ് നിർവ്വഹിക്കപ്പെടുക. പള്ളി അടു ത്താണെങ്കിൽ കൂട്ടായ നമസ്ക്കാര സമയത്ത് അതിൽ പങ്കെടുക്കുന്നത് ബുദ്ധിമുട്ടാകാറില്ല. മറ്റ് നാല് പ്രാർത്ഥനാ സമ യങ്ങൾ ആളുകൾ പൊതുവേ അവരുടെ ലൗകിക വ്യവ ഹാരങ്ങളിൽ നിന്നും ഒഴിവായ സമയങ്ങളിലാണ്. എന്താ യിരുന്നാലും ഒരാളുടെ തൊഴിൽപരമായ ബാദ്ധ്യതകൾ അയാളെ ഓരോ സമയത്തും പള്ളികളിൽ നമസ്ക്കാരത്തിന് പോകുന്നതിനെ തടയുന്നു. ഉദാഹരണത്തിന്ന് കൃഷിക്കാർ അവരുടെ പ്രവർത്തി ഉദയത്തിന്ന് മുമ്പ് ആരംഭിക്കുന്നു. അത്തരം ആളുകൾക്ക് അവരുടെ തൊഴിലിടങ്ങളിൽ നിന്ന് വിരമിച്ച് അടുത്തുള്ള പള്ളിയിൽ പോവാൻ പ്രയാസമാണ്. അവർ തങ്ങളുടെ തൊഴിലിൽ സ്ഥലത്ത് വെച്ച് തന്നെ സമ യമായാൽ പ്രാർത്ഥന നിർവ്വഹിക്കാൻ അനുവദിക്കപ്പെട്ടിരി ക്കുന്നു. ഈ അനുവാദം നീതിയുടെ താൽപര്യവുമായി മാത്രം ഒത്തുചേർന്നു പോവുന്നതല്ല. അത് ഒരു ചുവടുകൂടി മുന്നോട്ട് വെച്ച് ഔദാര്യത്തിന്റെ മേഖലയിൽ എത്തുന്നു.

താഴെക്കാണുന്ന ഹദീസ് അനുസരിച്ച് ഒരിക്കൽ ഒരു ആട്ടിടയൻ, പരിശുദ്ധ പ്രവാചകൻ ഒറ്റക്ക് നമസ്കരിക്കുന്നതിനേക്കാൾ കൂട്ടായ നമസ്കാരത്തിന്റെ പ്രാധാന്യം ഊന്നി പറയുന്നതായി കേട്ടു. നമസ്ക്കാര സമയങ്ങളിൽ മിക്കവാറും താൻ നഗര പ്രദേ

ശത്തുനിന്നും വളരെ അകലെ മരുഭൂമിയിലാണ്. അതുകൊണ്ട് എനിക്ക് എങ്ങനെ കൂട്ടായ നമസ്കാരത്തിൽ പങ്കുകൊള്ളാൻ കഴിയും എന്ന് ആ ആട്ടിടയൻ വിനയ പൂർവ്വം ചോദിച്ചു. പരിശുദ്ധ പ്രവാചകൻ(സ) മറുപടി പറഞ്ഞു: 'മരുഭൂമിയിലെ പ്രാർത്ഥനാ സമയത്ത് ബാങ്ക് കൊടുക്കുക. ആരെങ്കിലും കേൾവി വട്ടത്തിൽ അടുത്തുണ്ടെങ്കിൽ അയാൾ താങ്കളോടൊപ്പം ചേരും. അങ്ങനെ താങ്കളുടെ പ്രാർത്ഥന കൂട്ടായ പ്രാർത്ഥനയായിത്തീരും. ആരും തന്നെ കൂടിചേരാനില്ലെങ്കിൽ പ്രാർത്ഥനക്കായി നിൽക്കുക. ആകാശത്ത് നിന്നും മലാഖമാർ ഇറങ്ങി വന്ന് താങ്കളോടൊപ്പം പ്രാർത്ഥനക്ക് ചേരുന്നതാണ്.'[26]

ഈ ഹദീസിൽ നിന്നും പല വിധത്തിലുള്ള നിഗമനങ്ങളിൽ എത്തിച്ചേരാനാകും.

1. ഒരാൾക്ക് തന്റെ തൊഴിൽപരമായ ബാദ്ധ്യതകളുണ്ടെങ്കിൽ പള്ളിയിൽ വെച്ച് നമസ്ക്കാരം നിർവ്വഹിക്കപ്പെടുന്നതിൽ നിന്ന് ഒഴിവ് ലഭിക്കുന്നതാണ്.
2. ഒരാൾ കൂട്ടായ നമസ്ക്കാരത്തിന്നുള്ള തയ്യാറെടുപ്പുകൾ അയാളുടെ സൗകര്യമനുസരിച്ച് ചെയ്യുകയാണെങ്കിൽ അത് സാധാരണ പള്ളിയിൽ വെച്ച് നിർവ്വഹിക്കുന്നത് പോലെ അല്ലാഹു കണക്കാക്കുന്നതാണ്.
3. അവർക്ക് ആഗ്രഹമുണ്ടായിരുന്നിട്ടും ആരെയും തന്നെ കൂട്ടായ പ്രാർത്ഥനക്ക് ലഭിച്ചില്ലെങ്കിൽ കൂട്ടായ നമസ്കാരം പോലെ തന്നെ  അത് ദൈവം സ്വീകരിക്കുന്നതാണ്.

മേൽ ഹദീസ് നീതിയുടെ മൂന്ന് ഘട്ടങ്ങളും ഒരേ സമയം ഉൾക്കൊള്ളുന്നതായി കാണപ്പെടുന്നു. നീതി (അദ്ൽ), ഔദാര്യം (ഇഹ്സാൻ), ബന്ധുത്വം (ഈതാഇദിൽഖുർബാ) എന്നിവയാണവ. നീതി നിർവ്വഹിക്കപ്പെടുന്നത് കാരണം അത് ഒരാളുടെയും കഴിവിൽ കൂടുതലായി ഭാരം ആരിലും ചുമത്തുന്നില്ല. അല്ലാഹു തന്റെ ഔദാര്യത്തിൽ നിന്നും ഒരാൾക്ക് പ്രാർത്ഥനക്ക് ലഭ്യമായ ഏതൊരു തുണ്ട് ഭൂമിയും പള്ളിയായി കണക്കാക്കുമെന്ന് പറയുന്നു. ഈതാഇദിൽ ഖുർബയുടെ (ബ

ന്ധുത്വം) ദാക്ഷിണ്യത്താൽ മലാഖമാരോട് ആ ആരാധക നോടൊപ്പം ചേരാൻ അല്ലാഹു കൽപ്പിക്കുകയും ചെയ്യുന്നു.

മുസ്‌ലിം പ്രാർത്ഥനയുടെ മറ്റൊരു പ്രത്യേകത മുസ്‌ലിംകൾ തങ്ങളുടെ പ്രാർത്ഥനാവേളയിൽ പ്രാർത്ഥനക്കായി മുഖം തിരിക്കുന്ന ദിശയെ സംബന്ധിച്ചുള്ളതാണ്, ദൈനംദിന ജീവിതത്തിൽ കഅ്ബയുടെ ദിശ അറിയുമെങ്കിൽ അവർ അതിന്ന് നേരെ തിരിയണം. എന്നിരുന്നാലും ഒരാൾ ഒരു യാത്രയിലാണെന്നിരിക്കട്ടെ. കഅ്ബയുടെ ദിശയെ സംബന്ധിച്ച് അത്ര നിശ്ചയമില്ല എന്നാണെങ്കിൽ പ്രാർത്ഥിക്കുന്ന അയാൾ ഏതൊരു ദിശയിലേക്കാണോ തിരിയുന്നത് അത് കഅ്ബയുടെ ദിശയായി സ്വീകരിക്കപ്പെടും. അതിലുപരിയായി ഏതൊരാളാണോ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത് (ഉദാ: കാർ, എയ്റോപ്ലെയ്ൻ മുതലായവയിൽ) അയാൾക്ക് പ്രാർത്ഥിക്കാൻ കഅ്ബക്ക് നേരെയുള്ള അഭിമുഖീകരണം എന്ന ആവശ്യം പൂർണ്ണമായും ഒഴിവാക്കപ്പെടുകയും ചെയ്യുന്നു.

ഇസ്‌ലാമിൽ പ്രാർത്ഥിക്കുക എന്നത് മറ്റു എല്ലാ കാര്യങ്ങളെക്കാൾ മുൻഗണനയുള്ള കാര്യമാണെന്ന് ഓർക്കുക. ഒരു സാഹചര്യത്തിലും മനുഷ്യൻ ആരാധനയുടെ കർത്തവ്യത്തിൽ നിന്നും മുക്തനല്ല. പ്രാർത്ഥനക്ക് മുമ്പായി അംഗശുദ്ധി (വുളു)ക്ക് വെള്ളം ലഭിച്ചില്ലെങ്കിൽ അതിന്ന് പകരം തയമ്മം★ ചെയ്യാവുന്നതാണ്. ഒരോ മനുഷ്യനും അവരുടെ കഴിവനുസരിച്ച് പ്രാർത്ഥന നിർവ്വഹിക്കാനുള്ള അനുവാദമുണ്ട്. ഒരാൾക്ക് നമസ്ക്കാരത്തിന്റെ മുറപ്രകാരമുള്ള ശാരീരിക ചലനങ്ങൾക്കനുസരിച്ച് നമസ്ക്കാരം നിർവ്വഹിക്കാൻ സാധിച്ചില്ലെങ്കിലും അയാൾക്ക് ആംഗ്യ ഭാഷയിലൂടെ അത് നിർവ്വഹിക്കാൻ സാധിക്കും. ഉദാഹരണത്തിന് തീരെ അവശനായ ഒരു രോഗിക്ക് ശാരീരിക ചലനങ്ങളെ അനുകരിച്ച് ആയാസരഹിതമായി കണ്ണുകൾ മാത്രം ചലിപ്പിച്ചാൽ മതിയാകും. അയാളുടെ പ്രാർത്ഥന പരിപൂർണ്ണമായ നിലയിൽ തന്നെ സ്വീകരിക്കപ്പെടും.

---

★ തയമ്മം: അറബിപദം. കർമ്മശാസ്ത്ര സംജ്ഞ. കരുതുക, ഉദ്ദേശിക്കുക എന്നാണ് ഭാഷാർത്ഥം. വെള്ളം ലഭ്യമല്ലാതെയോ ഉപയോഗിക്കാൻ കഴിയാതെയോ വന്നാൽ കുളിക്കും വുളുവിനും പകരം മണ്ണ് ഉപയോഗിച്ചുകൊണ്ടോ ഭിത്തിയിലോ ശുദ്ധിയുള്ള പ്രതലത്തിലോ കൈ അടിച്ചു കൊണ്ട് അംഗങ്ങൾ തടവി ശുദ്ധീകരിക്കുന്ന കർമ്മം (വിവ)

തീർച്ചയായും ഇതെല്ലാം ചെറിയ കാര്യങ്ങളാണ്. പക്ഷേ മറ്റു മതങ്ങൾ ഇത്തരം വിശദാംശങ്ങളിലേക്ക് പോയിട്ടില്ല. അവർ മനുഷ്യന്റെ അത്തരം ആവശ്യങ്ങൾക്കും പരിമിതികൾക്കും ഈ രീതിയിലുള്ള പരിഗണനകൾ നൽകിയിട്ടില്ല. അത് തെളിയിക്കുന്നത് ഇസ്‌ലാം എന്നത് സാർവ്വത്രികവും ശാശ്വതവുമായ ഒരു മതമാണെന്നാണ്. അത് ഒരു വിധത്തിലുള്ള ഭൂമിശാസ്ത്ര പരമായ സ്ഥലകാലങ്ങൾക്കകത്ത് തളച്ചിടപ്പെട്ടിട്ടില്ല. കാലപ്രവാഹത്തിൽ യാതൊരുവിധ പരിഷ്കരണങ്ങളും അതിന് ആവശ്യമായി വരുന്നില്ല.

നീതി പാലനമാണ് പരമോന്നതം. യുവാക്കളും വൃദ്ധരും ധനികരും ദരിദ്രരും എല്ലാവരും പ്രാർത്ഥനയിൽ ഒരേ നിരയിൽ ഒരു ഇമാമിനു പിന്നിൽ നിൽക്കുന്നു. പ്രാർത്ഥനയിൽ ഒരാൾക്കും തന്നെ സ്വന്തമായി സ്ഥലം സംവരണം ചെയ്യാൻ അനുവദിക്കപ്പെടുന്നില്ല. ആരാണോ പള്ളിയിൽ ആദ്യമായി വരുന്നത് അയാൾക്ക് ഇഷ്ടപ്പെടുന്നിടത്ത് ഇരിക്കാം. ഒരാൾ ഇരുന്ന സ്ഥലത്ത് നിന്നും അയാളെ മാറ്റാൻ മറ്റൊരാൾക്ക് അനുവാദമില്ല. എല്ലാവരും തോളോടു തോൾ ചേർന്ന് നിന്ന് പ്രാർത്ഥിക്കാനാണ് അനുശാസിക്കപ്പെട്ടിരിക്കുന്നത്. ധനികനായ ഒരാൾ തന്റെ ഏറ്റവും വിലപിടിപ്പുള്ള വസ്ത്രങ്ങളണിഞ്ഞ് വിഭൂഷിതനായി വന്നാലും കൂടെ നിൽക്കുന്ന ഏറ്റവും ദരിദ്രനായ വിലകുറഞ്ഞ പരുക്കൻ വസ്ത്രം ധരിച്ചെത്തിയ സഹചരനുമായി യാതൊരുവിധ അകലവും പാലിക്കാൻ പാടില്ല. അതുകൊണ്ട് ആരാധകർ ഇമാമിന്റെ പിന്നിൽ സമതയോടെ അണിനിരക്കണം. മാത്രമല്ല, അവരോട് അസന്ദിഗ്ദ മായി അറിയിക്കപ്പെട്ട സന്ദേശം അവരുടെ പ്രത്യക്ഷത്തിലുള്ള ഭൗതിക രൂപങ്ങൾക്ക് ദൈവത്തിന്ന് മുമ്പിലുള്ള സ്ഥാനവുമായി യാതൊരു ബന്ധവുമില്ല എന്നതാണ്. ആരാണോ അല്ലാഹുവിനെ ഭയപ്പെടുന്നവൻ അവനാണ് ദൈവത്തിന് മുന്നിൽ ഉന്നത സ്ഥാനത്തിനർഹൻ.

ഓരോ പ്രാർത്ഥനക്കും പ്രതിഫലം ആരാധകന്റെ ആന്തരിക അവസ്ഥകളനുസരിച്ചാണ് നൽകപ്പെടുക എന്ന് വിധിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധ പ്രവാചകൻ(സ) ഒരു ഹദീസിൽ നിവേദനം ചെയ്തിരിക്കുന്നത് ഇപ്രകാരമാണ്: 'പ്രത്യക്ഷത്തിൽ

നിങ്ങളെല്ലാവരും നിർവ്വഹിച്ചത് ഒരേ നമസ്ക്കാരമാണ്. എന്നാൽ അബൂബക്കറിന്റെ നമസ്ക്കാരം നിങ്ങൾ പറഞ്ഞ സാധാരണ നമസ്ക്കാരത്തെക്കാൾ എഴുപത് ഇരട്ടി മൂല്യമുള്ളതാണ്.' ഹദ്റത്ത് അബൂബക്കർ(റ) വളരെ സാത്വികനായ മനുഷ്യനായിരുന്നു. അദ്ദഹം അത്യഗാധമായ സമർപ്പണത്തോടെയായിരുന്നു നമസ്ക്കരിച്ചിരുന്നത്. അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ ഈ ഗുണമായിരുന്നു പരിശുദ്ധ പ്രവാചകൻ(സ) മേൽ പറഞ്ഞ പരാമർശം നടത്താൻ കാരണം.

പ്രാർത്ഥനയിൽ *ഈതാഇദിൽ ഖുർബാ* എന്ന ഗുണത്തെ വിവരിക്കാൻ പരിശുദ്ധ പ്രവാചകന്റെ സ്വഭാവം വെച്ചും തദനുസൃതമായി ദൈവം അവിടുത്തോട് പെരുമാറിയ രീതി വെച്ചും സാധിക്കുന്നതാണ്.

تَنَامُ عَيْنِيْ وَلَا يَنَامُ قَلْبِي

എന്റെ ഹൃദയമല്ല എന്റെ നയനങ്ങളാണ് നിദ്രക്ക് കീഴടങ്ങിയത്.[27]

ഇത് തീർച്ചയായും *ഈതാഇദിൽ ഖുർബാ* എന്ന് വിവരിക്കാവുന്ന ഔദാര്യത്തിന്റെ ഉന്നതമായ സ്ഥാനമാണ്. ഈ ഉപമ ഉറക്കത്തിൽ പോലും തങ്ങളുടെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെപ്പറ്റി സദാ സമയവും ആശങ്കപ്പെട്ടുകൊണ്ടിരിക്കുന്ന ചില മാതാക്കളിലേക്ക് നീട്ടാവുന്നതാണ്. അഗാധമായ ഉറക്കത്തിൽ പോലും ഈയൊരു ചിന്ത അവരുടെ മനസ്സിൽ വട്ടമിട്ട് പറന്ന് കൊണ്ടിരിക്കും.

## പള്ളികളുടെ സാർവ്വത്രികത

وَاَنَّ الْمَسٰجِدَ لِلّٰهِ------

എല്ലാ ആരാധനാസ്ഥലങ്ങളും അല്ലാഹുവിന്റേതാണ്.

(സൂറ: അൽ ജിന്ന് 72:19)

പള്ളികൾ അല്ലാഹുവിന്റെ ആരാധനക്ക് വേണ്ടിയുള്ള സ്ഥലങ്ങളാണ്. ആർക്കും തന്നെ ഒരു ആരാധകൻ പള്ളിയിൽ പ്രവേശിക്കുന്നതിൽ നിന്നും അയാളെ തടയാൻ അവകാശമില്ല. എല്ലാ ആരാധനാലയങ്ങളും അല്ലാഹുവിന്റെ ഏകത്വത്തിന്ന് വേണ്ടി സമർപ്പിക്കപ്പെട്ടതാണ് എന്ന വസ്തുതയുടെ അടിസ്

ഥാനത്തിൽ, ഇതായിരുന്നു കൃത്യമായും പരിശുദ്ധ പ്രവാചക(സ)ന്റെ സമീപനം.

ഒരു നൂറ് വർഷങ്ങൾക്ക് മുമ്പ് മുസ്‌ലിംകൾ എന്ന് പറയപ്പെടുന്നവരുടെ അവസ്ഥയുമായി ഇന്നത്തെ മുസ്‌ലിം അവസ്ഥ താരതമ്യം ചെയ്യുമ്പോൾ എന്തൊരു വൈരുദ്ധ്യം. ഇന്നത്തെ അവരുടെ പള്ളികൾ പരിശുദ്ധ പ്രവാചക(സ)ന്റെ പള്ളിക്ക് മാതൃകയായി കാണപ്പെട്ടിട്ടില്ല. അവർ കർശനമായും വിഭാഗീയമായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഒരു വിഭാഗത്തിന്റെ പള്ളിയിൽ പ്രതിയോഗിയായ മറ്റേ വിഭാഗത്തിന്ന് പ്രവേശനമില്ല. ഇത് അമേരിക്കയിൽ ഒരിക്കൽ നിലനിന്നിരുന്ന വർണ്ണ വിവേചനത്തിന്റെ അടിസ്ഥാനത്തിൽ വിഭജിതമായ ചർച്ചുകളെയാണ് ഓർമ്മിപ്പിക്കുന്നത്. ആ സമയത്ത് വെള്ളക്കാരുടെ ചർച്ചുകൾ കർശനമായും കറുത്തവരിൽ നിന്നും അകറ്റി നിർത്തിയിരുന്നു. ഒരു കറുത്തവൻ വെള്ളക്കാരുടെ ചർച്ചിൽ പ്രവേശിക്കാൻ ശ്രമിക്കുകയുണ്ടായി. എന്നാൽ ബലമുപയോഗിച്ച് അവനെ തടയുകയും ചെയ്തു. ഈ സംഭവം അയാളെ അഗാധമായി മുറിവേൽപ്പിക്കുകയുണ്ടായി. ചർച്ചിന്റെ പടവുകളിൽ അയാൾ തേങ്ങിക്കരഞ്ഞു കൊണ്ട് ഇരുന്നു ഉറങ്ങിപ്പോയി. അപ്പോൾ അയാൾ കണ്ട സ്വപ്നത്തിൽ യേശു(അ) അയാളോട് ചോദിച്ചു: 'എന്തിനാണ് താങ്കൾ അത്യധികം വ്യസനത്തോടെ കരഞ്ഞത്?' ആ മനുഷ്യൻ പ്രതിവചിച്ചു.'എങ്ങനെ ഞാൻ കരയാതിരിക്കും? ഞാൻ പ്രാർത്ഥനക്ക്‌വേണ്ടി ഈ ചർച്ചിൽ കയറാൻ ശ്രമിച്ചപ്പോൾ ഞാൻ പുറത്തേക്ക് വലിച്ചെറിയപ്പെടുകയായിരുന്നു.' യേശു മറുപടി പറഞ്ഞു: 'അല്ലയോ പാവപ്പെട്ടവനേ, നീ എന്നെ നോക്കൂ, ഈ ചർച്ച് നിർമ്മിച്ചതിന്ന് ശേഷം ഞാൻ അങ്ങോട്ട് തിരിഞ്ഞു നോക്കിയിട്ടു പോലുമില്ല.'

## പ്രാർത്ഥനയിലെ മിതത്വം

ഇസ്‌ലാമിക പ്രാർത്ഥനയിലെ മറ്റൊരു ചാരുതയാർന്ന പ്രത്യേകത ദൈവത്തെ പ്രീതിപ്പെടുത്താൻ ആരാധനയിൽ അമിതത്വം പ്രവർത്തിക്കുന്നത് മുസ്‌ലിംകൾക്ക് നിരോധിച്ചിരിക്കുന്നു എന്നതാണ്. വിശുദ്ധ പ്രവാചകൻ(സ) കാർക്കശ്യവും തീവ്ര

തയും എല്ലായ്പ്പോഴും നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്. അവി ടുന്ന് പറഞ്ഞു: 'നിങ്ങൾ നിങ്ങളോട് തന്നെ ക്രൂരത കാട്ടരുത്. ദൈവത്തിന്റെ പ്രീതി ആർജ്ജിക്കാൻ ആരാധനകളിൽ നിർ ബന്ധപൂർവ്വം കാട്ടിയ കഠിനമായ അമിതത്വം കാരണമാണ് നിങ്ങൾക്ക് മുമ്പുള്ള ജനതകൾ നശിപ്പിക്കപ്പെട്ടിട്ടുള്ളത്.'[28]

വീണ്ടും അവിടുന്ന് പറയുകയുണ്ടായി: 'നിങ്ങൾക്ക് ഒരി ക്കലും അല്ലാഹുവിനെ ക്ഷീണിപ്പിക്കാൻ കഴിയുകയുയില്ല. ആരാധനയിൽ തീവ്രത പുലർത്തിക്കൊണ്ട് അവന്റെ സവിധം പൂകാമെന്ന് നിങ്ങൾ ധരിക്കരുത്. ക്ഷമ കൈകൊള്ളുക. നിങ്ങൾക്ക് എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന പ്രാർത്ഥനകൾ അവന് വേണ്ടി അർപ്പിക്കുക.'[29]

ഒരിക്കൽ പരിശുദ്ധ പ്രവാചക(സ)ന്റെ മൂന്ന് അനുചരന്മാർ പ്രാർത്ഥനകളിലുള്ള അമിതത്വത്തിനെതിരായ നിരോധനത്തി നു പിന്നിലെ തത്ത്വത്തെ പറ്റി ചർച്ച ചെയ്യുകയായിരുന്നു. അവർ എത്തിച്ചേർന്ന നിഗമനം പ്രവാചകനായ മുഹമ്മദ്(സ) ഒരു വിശുദ്ധനാണ്. ദൈവത്തിന്റെ കാരുണ്യം അവിടുത്തെ പൂർണ്ണമായും സംരക്ഷിക്കുന്നതായിരിക്കും. പക്ഷേ നമ്മെ പോലുള്ള പാപികൾക്ക് അത്തരം കാരുണ്യം വാഗ്ദാനം ചെയ്യപ്പെട്ടിട്ടില്ല. കൂടുതൽ അവർ പ്രാർത്ഥിച്ചാൽ കൂടുതൽ പൊറുക്കലിനുള്ള അവസരത്തിന്ന് അവർ അർഹരായിത്തീരും. ഈ വരികളിൽ സൂചിപ്പിച്ചത്പോലെ ഇത്തരത്തിലുള്ള ചർച്ച അവർക്കിടയിൽ പുരോഗമിക്കവേ, അതിൽ ഒരാൾ ഞാൻ തന്റെ ജീവിതത്തിൽ ബാക്കിയുള്ള ദിനങ്ങളിൽ രാത്രി മുഴുവനും നമസ്ക്കരിക്കുന്നതാണെന്ന് പ്ര തിജ്ഞയെടുത്തു. രണ്ടാമത്തെയാൾ താൻ ഇനി തന്റെ ജീവിതത്തിൽ ബാക്കിയുള്ള ദിനങ്ങളിൽ മുഴുവൻ നോമ്പെടുക്കുന്നതാണെന്ന് ആണയിട്ടു. മൂന്നാമന്റെ ശപഥം താൻ ഇനിമേൽ ബ്രഹ്മചര്യം അനുഷ്ഠിക്കുമെന്നായിരുന്നു. ഇത് കേൾക്കാനിടയായ പരിശുദ്ധ പ്രവാചകൻ(സ) പറഞ്ഞു: 'ദൈവത്തെ കുറിച്ചുള്ള ഭയം നിങ്ങ ളെക്കാൾ എനിക്കാണുള്ളത്. രാത്രിയിൽ ഞാൻ പ്രാർത്ഥി ക്കാറുണ്ട് എന്നാൽ ഞാൻ ഉറങ്ങാറുമുണ്ട്. ഞാൻ വ്രത മനുഷ്ഠിക്കാറുണ്ട് മറ്റു ദിനങ്ങളിൽ താൻ ഭക്ഷണം കഴി

ക്കാറുമുണ്ട്. ഞാൻ ഒരു ബ്രഹ്മചാരിയെ പോലെ ജീവിക്കുന്നില്ല. ആരാണോ എന്റെ മാർഗ്ഗം പിൻപറ്റാത്തത്, അവർ എന്റെ ജനതയിൽ പെട്ടവരല്ല.'[30]

ഇതര മതങ്ങൾ നന്മയും നീതിയും കൈകോർത്തു പോകുന്നതിനെപ്പറ്റി വിവരിക്കുന്നില്ല. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഒരാൾ സൽകൃത്യങ്ങൾ ചെയ്യുമ്പോൾ സന്തുലിതമാവാൻ വളരെയധികം പ്രയാസപ്പെടേണ്ടി വരുന്നു. തീവ്രതയിൽ നന്മയുണ്ടാവില്ല എന്നോർക്കണം. അതുപോലെ ദാനം ചെയ്യൽ ഒരു സൽക്കർമ്മമാണ്. ഒരാളുടെ അടുത്ത ബന്ധുക്കളെ അവഗണിച്ചുകൊണ്ട് മുഴുവനും ദാനം ചെയ്യുന്നത് അനീതിയാണ്. പ്രാർത്ഥനകൾ നല്ലതാണ്, പക്ഷേ അത് മറ്റുള്ളവരുടെ ചെലവിലാവരുത്. ഈയൊരു കാര്യം താഴെ കാണുന്ന നബി വചനത്തിൽ വ്യക്തമായി വിവരിക്കുന്നുണ്ട്. ഒരവസരത്തിൽ പരിശുദ്ധ പ്രവാചകൻ(സ) തന്റെ പ്രാർത്ഥന വളരെ വേഗത്തിൽ അവസാനിപ്പിക്കുകയുണ്ടായി. പതിവില്ലാത്ത വിധം അത് ഹ്രസ്വമായിരുന്നു. പ്രാർത്ഥന അവസാനിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: ഒരു കുഞ്ഞിന്റെ കരച്ചിൽ കേൾക്കുകയുണ്ടായി. ആ അസ്വസ്ഥമായ കുഞ്ഞിനെ കുറിച്ചുള്ള ആശങ്കയായിരുന്നു അവിടുന്ന് പ്രാർത്ഥന ചുരുക്കാനുണ്ടായ കാരണം.[31]

മറ്റൊരു പ്രവാചക വചനത്തിൽ ഇമാം ദീർഘമായ പ്രാർത്ഥനകൾ നിർവ്വഹിക്കുന്നതിനോട് പരിശുദ്ധ പ്രവാചകൻ(സ) നീരസം പ്രകടിപ്പിച്ചിരുന്നു എന്ന് വന്നിട്ടുണ്ട്.[32]

## വിവിധ തരം പ്രാർത്ഥനകൾ

ഇസ്ലാമിക ആരാധനാ ക്രമത്തിന്റെ മറ്റൊരു പ്രത്യേകത, അതിലെ എല്ലാ പ്രാർത്ഥനകളും മൂന്നായി തരം തിരിച്ചിട്ടുണ്ട് എന്നതാണ്. അടിസ്ഥാനപരം, അടിസ്ഥാനപരമല്ലാത്തതെങ്കിലും വളരെ ആവശ്യമായത്, ഐച്ഛികമായത്. എല്ലാ അഞ്ചു നേരത്തെ നമസ്ക്കാരങ്ങളും ഇത്തരത്തിൽ ഉപവിഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ട്. അതിൽ കേന്ദ്രീയമായിട്ടുള്ളത് ഫർള് (فرض) അത് ഓരോ പ്രാർത്ഥനയുടെയും കേന്ദ്ര ഭാഗമാണ്. ആ പ്രാർത്ഥനകൾ യാതൊരു കാരണവശാലും

ഉപേക്ഷിക്കാൻ പാടില്ല. അത് ജീവനുള്ള ഒരു ശരീരത്തിന്റെ അസ്ഥി പോലയാണ്.

ഈ കേന്ദ്ര ബിന്ദുവിന് ചുറ്റുമാണ് എല്ലാ ആത്മീയ ജീവിതവും കറങ്ങുന്നത്. ഈ അഞ്ച്നേര നമസ്ക്കാരത്തിൽ ഏതെങ്കിലും ഒന്നിന്റെ ഒരു അടിസ്ഥാന ഘടകം ഉപേക്ഷി ക്കുകയാണെങ്കിൽ ആ നമസ്കാരം മുഴുവനും അസാധു വാകുന്നതാണ്. അനിവാര്യ പ്രാർത്ഥനകളും ഐച്ഛിക പ്രാർത്ഥനകളും പേശികളും മാംസവും ചർമ്മവും പോലെ യാണ്. അതില്ലാത്ത അടിസ്ഥാന പ്രാർത്ഥനകൾ തേജോഹീന ങ്ങളാണ്. അതിന്റെ സാന്നിധ്യമാണ് അടിസ്ഥാന നമസ്ക്കാ രങ്ങൾക്ക് സൗന്ദര്യവും വർണ്ണവും സുഗന്ധവും നൽകുന്നത്.

ഐച്ഛിക നമസ്ക്കാരങ്ങളെ കുറിച്ച് ഒരിക്കൽ പരിശുദ്ധ പ്രവാചകൻ(സ) നിരീക്ഷിച്ചത് ഇപ്രകാരമാണ്: 'അതിൽ ഒന്ന് മറ്റെല്ലാറ്റിനെക്കാളും എഴുന്നു നിൽക്കും. നിശയുടെ അന്ത്യ യാമങ്ങളിൽ അഗാധ നിദ്രയിൽ നിന്നും ഉണർന്നെഴുന്നേറ്റ് നിർവ്വഹിക്കുന്ന പ്രാർത്ഥനയാണത്'.[33] തീർച്ചയായും അസാ ധാരണമായ ശ്രമം നടത്തുന്ന ഒരാൾക്ക് ദൈവവുമായുള്ള അസാമാന്യമായ അടുത്ത ബന്ധം ഉണ്ടാകും. നമുക്ക് ഇത് ഇവിടെ കൂടുതൽ വിശദമായ ചർച്ച ചെയ്യേണ്ട ആവശ്യമില്ല. എന്നാൽ ഈ പ്രാർത്ഥന *ഈതാഇദിൽ ഖുർബാ* എന്ന മേഖലയിൽ പെട്ടതാണെന്ന് എല്ലാവർക്കും ബോദ്ധ്യപ്പെടു ന്നതാണ്.

ഖുർആൻ തഹജ്ജുദ് നമസ്ക്കാരത്തിന്റെ അസാധാരണ മായ ഗുണങ്ങൾ താഴെ പറയുന്ന വചനങ്ങളിൽ വിവരിക്കുന്നു:

تَتَجَافٰى جُنُوْبُهُمْ عَنِ الْمَضَاجِعِ يَدْعُوْنَ رَبَّهُمْ خَوْفًا وَّطَمَعًا ۡ وَّمِمَّا رَزَقْنٰهُمْ يُنْفِقُوْنَ ﴿١٧﴾

ഭയപ്പെട്ടുകൊണ്ടും പ്രതീക്ഷയാലും തങ്ങളുടെ നാഥനെ വിളി ച്ചുകൊണ്ട് അവരുടെ പാർശ്വഭാഗങ്ങൾ ശയ്യാതലങ്ങളിൽ നിന്നും വേർപെടുന്നതാണ്. നാം അവർക്ക് നൽകിയതിൽ നിന്നും അവർ ചെലവഴിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നു. (സൂറ: അസ്സജദ 32:17)

സൂറ: ബനീ ഇസ്റായീലിലെ താഴെ കാണുന്ന വചനങ്ങൾ പ്രത്യേകമായി പരിശുദ്ധ പ്രവാചക(സ)നോട് വാഗ്ദാനം ചെയ്യുന്നത് അല്ലാഹുവിന്റെ സാമീപ്യത്തുള്ള സമുന്നതമായ സ്ഥാനമാണ്. ഇത് *ഈതാഇദിൽ ഖുർബാ*യുടെ സാധാരണ സങ്കൽപ്പത്തിൽ കവിഞ്ഞ ഒന്നാണ്:

وَمِنَ الَّيْلِ فَتَهَجَّدْ بِهٖ نَافِلَةً لَّكَ ۖ عَسٰۤى اَنْ يَّبْعَثَكَ رَبُّكَ مَقَامًا مَّحْمُوْدًا ﴿٨٠﴾

രാത്രിയുടെ അന്ത്യയാമങ്ങളിൽ അതിനു വേണ്ടി (ഖുർആനു വേണ്ടി) നീ ഉറക്കമുണരുക. ഐച്ഛികമായ ഒരു ആരാധന എന്ന നിലക്ക്. നിന്റെ നാഥൻ സ്തുത്യർഹമായ ഒരു സ്ഥാനത്തേക്ക് നിന്നെ ഉയർത്തിയേക്കാം. (ബനീ ഇസ്റായീൽ 17:80)

## 13

# കേവല നീതി ഒരിക്കലും തടയപ്പെടുന്നില്ല

നാം ഇപ്പോൾ ഖുർആനിക അദ്ധ്യാപനങ്ങളുടെ തികച്ചും വ്യത്യസ്തമായ മറ്റൊരു മാർഗ്ഗത്തിലേക്ക് തിരിയുകയാണ്. അതായത് ഒരു വശത്ത് വ്യക്തികളും വ്യക്തികളും തമ്മിലുള്ള സാമൂഹിക ബന്ധങ്ങളെ സംബന്ധിച്ചും മറുവശത്ത് വ്യക്തികളും സമൂഹവും തമ്മിലുള്ള ബന്ധത്തെ കുറിച്ചുമാണ് വിഷയം. മാനവീയ വിഷയങ്ങളിൽ രാഷ്ട്രീയത്തിന്റെ പങ്കും അതേ അദ്ധ്യാപനം പൂർണ്ണമായും ഉൾക്കൊള്ളുന്നു. വിവിധ കോണുകളിൽ നിന്ന് ഈ വിഷയത്തിലേക്ക് നിരവധി ഖുർആനിക വചനങ്ങൾ കൂടുതൽ വെളിച്ചം വീശുന്നുണ്ട്. താഴെ കാണുന്ന ഏതാനും വചനങ്ങൾ മാത്രമാണ് വിശദീകരണത്തിന്നായി നാം തിരഞ്ഞെടുത്തത്. ഈ വചനങ്ങളിൽ ആദ്യത്തേത് ഏറ്റവും സുപ്രധാന വിഷയമായ സാക്ഷ്യം വഹിക്കുന്നത് സംബന്ധിച്ചുള്ളതാണ്. കേവല നീതിയുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്ന വിധം ദൈവ സമക്ഷത്തിൽ നൽകുന്നത് പോലെ തന്നെ സത്യസാക്ഷ്യം എല്ലാ സമയത്തും നൽകപ്പെടണം.

يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ لِلَّهِ شُهَدَاءَ بِالْقِسْطِ ۖ وَلَا يَجْرِمَنَّكُمْ شَنَآنُ
قَوْمٍ عَلَىٰ أَلَّا تَعْدِلُوا ۚ اعْدِلُوا هُوَ أَقْرَبُ لِلتَّقْوَىٰ ۖ وَاتَّقُوا اللَّهَ ۚ إِنَّ اللَّهَ خَبِيرٌ بِمَا
تَعْمَلُونَ ﴿٩﴾

വിശ്വസിച്ചവരേ! നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എല്ലായ്പ്പോഴും നീതി പാലിക്കുക,

അത് സാത്വികതയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്. (സൂറ: അൽ മായിദ 5: 9)

----وَإِنْ حَكَمْتَ فَاحْكُم بَيْنَهُم بِالْقِسْطِ ۚ إِنَّ اللَّهَ يُحِبُّ الْمُقْسِطِينَ ﴿٤٢﴾

നീ വിധി കൽപിക്കുന്നതായാൽ നീതി പൂർവ്വം അവർക്കിടയിൽ വിധി കൽപിക്കുക. തീർച്ചയായും അല്ലാഹു നീതിമാന്മാരെ ഇഷ്ടപ്പെടുന്നു. (സൂറ: അൽ മായിദ 5:43)

താഴെ പരാമർശിക്കുന്ന വചനവും ശത്രുത എന്ന സ്വഭാവത്തെ പ്രമേയമാക്കിക്കൊണ്ടാണ് ഉന്നയിക്കുന്നത്. നിങ്ങൾ ഇപ്പോൾ ഭരിക്കുന്ന ജനത നിങ്ങളുടെ ശത്രുക്കളും നിങ്ങളുടെ മതപരമായ മൗലികാവകാശങ്ങൾ തടഞ്ഞവരുമാണെങ്കിൽ, അത്തരത്തിൽ ശത്രുതയുടെ സ്മരണ പോലും അവരോട് കേവല നീതി പാലിക്കുന്നതിൽ നിന്നും നിങ്ങളെ ഒരിക്കലും തടഞ്ഞുകൂടാ.

---وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ أَن صَدُّوكُمْ عَنِ الْمَسْجِدِ الْحَرَامِ أَن تَعْتَدُوا ---

....പരിശുദ്ധ ദേവാലയത്തിൽ നിന്ന് നിങ്ങളെ തടഞ്ഞുവെന്നതിന്ന് ഒരു ജനതയോടുള്ള വെറുപ്പ് (അവരോട്) അതിക്രമം പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ..... (സൂറ: അൽ മായിദ 5:3)

ഈ വചനത്തിൽ നീതി യാതൊരു സാഹചര്യത്തിലും ഉപേക്ഷിക്കരുത് എന്ന വസ്തുതയിലേക്കാണ് മനുഷ്യന്റെ ശ്രദ്ധ ക്ഷണിക്കുന്നത്. ആഭ്യന്തരവും ബാഹ്യവുമായ എന്തുതന്നെ സമ്മർദ്ദമുണ്ടായാലും ശരി നീതി ഉയർത്തിപ്പിടിക്കേണ്ടതുണ്ട്.

## 14

# വിശ്വസ്തതയും ഉത്തരവാദിത്തവും

ഖുർആൻ ഉപയോഗിച്ച 'വിശ്വസ്തത' എന്ന പദം അനിവാര്യമായും ഉത്തരവാദിത്തം എന്ന വിഷയത്തിലേക്കാണ് നയിക്കുക.ലോകത്തുള്ള ജനാധിപത്യ സ്ഥാപനങ്ങൾ അവരെ തിരഞ്ഞെടുത്ത ജനങ്ങളോട് നിർവ്വഹിക്കേണ്ടുന്ന വിശ്വസ്തത എന്ന ഈ ഉത്തരവാദിത്തം പൂർണ്ണമായും അവഗണിക്കുന്നു എന്നത് അത്യന്തം നിർഭാഗ്യകരമാണ്. അതുപോലെ അവർ ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടവരുമാണ്. ദൈവമാണ് അവരിൽ അവന്റെ വിശ്വസ്തത ഏൽപിച്ചിരിക്കുന്നത്. ജനാധിപത്യ സമൂഹങ്ങളിൽ വിശ്വസ്തത വഞ്ചിക്കപ്പെടുമ്പോഴാണ് അനീതിയുടെയും മർദ്ദനത്തിന്റെയും ആരോപണം ഉയർന്നുവരുന്നത്. ആ വിശ്വസ്തത പാലിക്കാൻ ന്യായമായും ജനാധിപത്യ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ദൈവത്തോടും മനുഷ്യനോടുമുള്ള അത്തരം വിശ്വാസവഞ്ചനക്ക് പ്രാഥമികമായും അവരാണ് ഉത്തരവാദികൾ. അർഹതപ്പെട്ട ആളുകളെ ഈ വിശ്വസ്തത ഏൽപിക്കുന്നതിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു സ്ഥാപനമോ വ്യക്തികളോ പരാജയപ്പെടുമ്പോഴെല്ലാം അതിന്റെ അനന്തരഫലമായി സമൂഹത്തിൽ നിരവധി രോഗങ്ങളും ആവിർഭവിക്കുന്നു. കേവല നീതിക്ക് പകരം മനുഷ്യർ മർദ്ദനത്തിനും ക്രൂരതക്കും വിധേയമാവേണ്ടിവരുന്നു.

അതായത് ഖുർആൻ മുഴുലോകത്തിന്നും ഒരേ രീതിയിലുള്ള ഭരണകൂടമല്ല അടിച്ചേൽപ്പിക്കുന്നത്. അങ്ങയൊയിരുന്നുവെങ്കിൽ അത് നീതിയുടെ താൽപര്യങ്ങൾക്ക് കടകവിരുദ്ധമാകുമായിരുന്നു. ഏതായിരുന്നാലും ജനാധിപത്യ രാഷ്ട്രീയ സംവിധാനം മറ്റെല്ലാ ഭരണ സംവിധാനങ്ങളെക്കാളും അഭില

ഷണീയം തന്നെയാണ്. അതേ സമയം എല്ലാ തരത്തിലുള്ള ഭരണകൂടങ്ങളും ദൈവത്തോട് മറുപടി പറയേണ്ടിവരും എന്ന ബോധത്തോടെയായിരിക്കണം അവരുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടത് എന്നു ഖുർആൻ പറയുന്നു.

'ജനങ്ങൾക്ക് വേണ്ടി' എന്ന ജനാധിപത്യത്തിലെ മുദ്രാവാക്യം അവ്യക്തത നിറഞ്ഞ ഒന്നാണ്. ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കുന്ന ഒരു ഭരണകൂടത്തിന് 'ജനങ്ങൾക്ക് വേണ്ടി' എന്ന ശൈലി ഖുർആൻ എവിടെയും പ്രയോഗിച്ചിട്ടില്ല. നീതിപൂർവമായിരിക്കണം അതിന്റെ പ്രവർത്തനം എന്നതിലാണ് ഖുർആൻ ഊന്നൽ നൽകുന്നത്.

ഈ തത്ത്വപ്രകാരം ഒരു ജനാധിപത്യ രാജ്യത്തിലെ നിയമ നിർമ്മാണ പ്രക്രിയയിൽ എല്ലാ പൗരന്മാർക്കും, അയാൾ ഏതൊരു രാഷ്ട്രീയ പാർട്ടിയിലെ അംഗമായിരുന്നാലും ശരി, പൗരാവകാശങ്ങൾ ഒരിക്കലും തന്നെ ലംഘിക്കാൻ പാടില്ല. എല്ലാ പൗരന്മാർക്കും അവരുടെ പൗരാവകാശങ്ങൾ സമത്വത്തിന്റെ അന്തസ്സോടെ നൽകിയിരിക്കണം. ഒറ്റ പൗരനായിരുന്നാൽ പോലും അയാളുടെ മൗലികാവകാശങ്ങൾക്ക് എതിരായി രാഷ്ട്രീയ ഭൂരിപക്ഷത്തിന്റെ പേരിൽ നിയമ നിർമ്മാണം നടത്താൻ അനുവദിച്ചുകൂടാ. ഭൂരിപക്ഷത്തിന്റെ പേരിലുള്ള അവകാശവാദങ്ങൾ ഒന്നും തന്നെ സാധൂകരിക്കപ്പെടുന്നില്ല. അഗാധമായ ഈ വിഷയം സമഗ്രമായി പ്രതിപാദിക്കുന്ന വിശുദ്ധ ഖുർആനിലെ ഒരു വചനം ഉപസംഹരിക്കാൻ വേണ്ടി നാം ഉദ്ധരിക്കാം.

إِنَّ اللَّهَ يَأْمُرُكُمْ أَنْ تُؤَدُّوا الْأَمَانَاتِ إِلَىٰ أَهْلِهَا وَإِذَا حَكَمْتُمْ بَيْنَ النَّاسِ أَنْ
تَحْكُمُوا بِالْعَدْلِ ۚ إِنَّ اللَّهَ نِعِمَّا يَعِظُكُمْ بِهِ ۗ إِنَّ اللَّهَ كَانَ سَمِيعًا بَصِيرًا ﴿٥٩﴾

നിശ്ചയമായും അല്ലാഹു നിങ്ങൾക്ക് ഏൽപ്പിക്കപ്പെട്ട കാര്യങ്ങളിൽ വിശ്വസ്തത പുലർത്തണമെന്ന് ആജ്ഞാപിക്കുന്നു. ജനങ്ങൾക്കിടയിൽ വിധി കൽപ്പിക്കുമ്പോൾ നീതി പൂർവ്വം നിങ്ങൾ വിധി കൽപിക്കുക. അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നത് എന്തോ അത് ഏറ്റവും ഉത്തമമായതാകുന്നു. നിശ്ചയമായും അല്ലാഹു വളരെ

കേൾക്കുന്നവനും നല്ലപോലെ കാണുന്നവനുമാകുന്നു. (സൂറ: അന്നിസാഅ് 4:59)

ഈ വചനത്തിൽ ഉള്ളടങ്ങിയ ആന്തരിക സൗന്ദര്യത്തിലേക്ക് ഏറ്റവും ചേതോഹരമായ രീതിയിൽ പരിശുദ്ധ പ്രവാചക(സ)ന്റെ നിരന്തരമായ മാർഗ്ഗദർശനം വെളിച്ചം വീശുന്നു. പ്രവാചകനിൽ വിശ്വസിച്ചവരെ താക്കീത് ചെയ്യുമ്പോൾ അവിടുന്ന് ഒരിക്കൽ അതിക്രമകാരികളായ പൂർവ്വികർക്കുണ്ടായ വിധിയെ പരാമർശിച്ചുകൊണ്ട് അവരുടെ ഉത്തരവാദിത്തങ്ങളെ കുറിച്ച് താക്കീത് ചെയ്യുകയുണ്ടായി:

إِنَّمَا أَهْلَكَ الَّذِينَ قَبْلَكُمْ أَنَّهُمْ كَانُوا إِذَا سَرَقَ فِيهِمُ الشَّرِيفُ تَرَكُوهُ، وَإِذَا سَرَقَ فِيهِمُ الضَّعِيفُ أَقَامُوا عَلَيْهِ الْحَدَّ، وَايْمُ اللهِ لَوْ أَنَّ فَاطِمَةَ بِنْتَ مُحَمَّدٍ صَلَّى اللهُ عَلَيْهِ وَآلِهِ وَسَلَّمَ سَرَقَتْ لَقَطَعْتُ يَدَهَا

നിങ്ങൾക്ക് മുമ്പുള്ള ജനതകൾ നശിപ്പിക്കപ്പെട്ടതിന്ന് കാരണം പാവങ്ങളെ ശിക്ഷിക്കുന്നതിൽ അതിരു കവിയുകയും ധനവാന്മാർക്ക് കൂടുതൽ മാപ്പു കൊടുക്കുകയും വിട്ടുവീഴ്ച്ച ചെയ്യുകയും ചെയ്തതുകൊണ്ടാണ്. ഞാൻ അല്ലാഹുവിനെ മുൻനിർത്തി സത്യം ചെയ്യുന്നു. എന്റെ മകൾ ഫാത്തിമയാണ് കളവ് നടത്തിയതെങ്കിൽ ഞാൻ അവളുടെ കരങ്ങൾ ഛേദിക്കും.[34]

ഇക്കാര്യത്തിൽ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ സ്പഷ്ടമാണ്. നീതി നിർവ്വഹണത്തിന്റെ കാര്യത്തിൽ രക്തബന്ധങ്ങൾക്കോ വ്യക്തിപരമായ ബന്ധങ്ങൾക്കോ യാതൊരു ഇടപെടലും അനുവദനീയമല്ല. നൂഹ് നബി(അ)യുടെയും പുത്രന്റെയും ചരിത്രം അക്കാര്യം കൂടുതൽ വിശദീകരിക്കുന്നു. നൂഹ് നബി(അ)യുടെ പുത്രൻ മറ്റ് അവിശ്വാസികളോടൊപ്പം മുങ്ങി മരിക്കുകയാണുണ്ടായത്. കാരണം സ്വന്തം പുത്രനും കൂടി അദ്ദേഹത്തെ അവിശ്വസിച്ചിരുന്നു.

ഇവിടെ ഹദീസിൽ ഉദ്ധരിച്ച സംഭവവും നൂഹ് നബി(അ) യുടെ വിഷയവും തമ്മിൽ അൽപം വ്യത്യാസമുണ്ട്. തന്റെ പുത്രൻ നിഷേധിയായിരിക്കെ ഹദ്റത്ത് നൂഹ്(അ) മകന് വേണ്ടി ദൈവത്തോട് മാപ്പ് നൽകാൻ പ്രാർത്ഥിക്കുകയുണ്ടായി. എന്നാൽ

ദൈവം അദ്ദേഹത്തിന്റെ പ്രാർത്ഥന നിരാകരിക്കുകയാണ് ചെയ്തത്. അതേസമയം പ്രവാചകനായ ഹദ്റത്ത് മുഹമ്മദ്(സ) ദൈവത്തിന്ന് ഹിതകരമല്ലാത്ത ഒരു കുറ്റം ചെയ്താൽ അത് തന്റെ മകളായിരുന്നാൽ പോലും മാപ്പ് നൽകില്ല എന്ന ഉറച്ച നിലപാട് അറിയിക്കുകയാണ് ചെയ്തത്.

ചില അവിശ്വാസികൾ പ്രവാചകൻ(സ) സാങ്കൽപികമായി മാത്രമാണ് സംസാരിക്കുന്നത് എന്ന് വാദിച്ചേക്കാം. അവിടുന്ന് യഥാർത്ഥ ജീവിതത്തിൽ രക്തബന്ധുക്കളുമായി ബന്ധപ്പെട്ട് നീതിയും കാരുണ്യവും കാണിക്കേണ്ട ഒരു സാഹചര്യം അഭിമുഖീകരിക്കുകയാണെങ്കിൽ മറ്റൊരു രീതിയിലായിരിക്കും പെരുമാറുക, എന്ന് പറഞ്ഞേക്കാം. പ്രാമാണികമായ ഹദീസിൽ നിവേദനം ചെയ്യപ്പെട്ട താഴെ പറയുന്ന സംഭവം അത്തരം എല്ലാ ഊഹങ്ങളെയും നിരാകരിക്കുന്നു.

'ഹദ്റത്ത് അബ്ബാസ്(റ) പരിശുദ്ധ പ്രവാചക(സ)ന്റെ പ്രിയപ്പെട്ട പിതൃസഹോദരനായിരുന്നു. അദ്ദേഹം ഹിജ്റയുടെ ആ സമയത്ത് ഇസ്ലാമിലേക്ക് പ്രവേശിച്ചിട്ടില്ലായിരുന്നു. തുടർന്ന് സ്വാഭാവികമായും അബ്ബാസ്(റ) ബദർ യുദ്ധവേളയിൽ ഖുറൈശികളോടൊപ്പം ചേർന്നു. ഖുറൈശികളെ യുദ്ധത്തടവുകാരായി പിടിച്ച കൂട്ടത്തിൽ അദ്ദേഹവുമുണ്ടായിരുന്നു. അദ്ദേഹം മറ്റു യുദ്ധതടവുകാരോടൊപ്പം പള്ളിയിലെ തൂണിൽ കയറു കൊണ്ട് മുറുക്കികെട്ടിയ നിലയിൽ ബന്ധനസ്ഥനായിരുന്നു. അബ്ബാസ്(റ) വേദനകൊണ്ട് പുളഞ്ഞു നിലവിളിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ആർദ്രപൂർണ്ണമായ ആർത്തനാദം ശ്രവിച്ച പരിശുദ്ധ പ്രവാചക(സ)ന്റെ ഹൃത്തടം പ്രകമ്പനം കൊണ്ടു. പരിശുദ്ധ പ്രവാചക(സ)ന് ഉറങ്ങാൻ കഴിഞ്ഞില്ല അവിടുന്ന് തിരിഞ്ഞും മറിഞ്ഞും ഉറക്കം വരാതെ കിടന്നു. അവിടുന്ന് ഒന്നും ഉരിയാടിയില്ല. കാവലിരുന്ന സഹചരന് അവിടുത്തെ പിതൃസഹോദരന്റെ ഈ ദീനരോദനത്തിൽ പ്രവാചകൻ(സ) വളരെ അസ്വസ്ഥചിത്തനാണെന്ന് മനസ്സിലായി അബ്ബാസി(റ)ന്റെ ദൈന്യതയാർന്ന നിലവിളി നിലച്ചു. പരിശുദ്ധ പ്രവാചകൻ(സ) അതിനേക്കാൾ അസ്വസ്ഥചിത്തനായി. അവിടുന്ന് കരച്ചിൽ നിലച്ചതിന്റെ കാരണമന്വേഷിച്ചപ്പോൾ പ്രവാചകന്റെ പിതൃസഹോദരനാണെന്ന പരിഗണയിൽ അബ്ബാ

സി(റ)നെ കെട്ടിയ കയർ അൽപ്പം അയച്ചതായി പ്രവാചകന് അറിയാൻ കഴിഞ്ഞു. ഇത് കേട്ടപ്പോൾ പ്രവാചകൻ അത്യധികം അനിഷ്ടം പ്രകടിപ്പിച്ചു. അബ്ബാസ്(റ)നെ കെട്ടിയ കയറാണ് അയച്ചതെങ്കിൽ എല്ലാവരേയും കെട്ടിയ കയർ അയച്ചിടണം. അബ്ബാസ്(റ)നു മാത്രമായി പക്ഷഭേദം പാടില്ല. ഇതായിരുന്നു അവിടുത്തെ വ്യക്തമായ വിധി.[35]

നീതിയുടെ വിഷയത്തിൽ അവിടുത്തെ കടുത്ത ശത്രുക്കളോടുള്ള പെരുമാറ്റത്തിൽ അടുത്ത ബന്ധുക്കളായാലും യാതൊരു പക്ഷഭേദവുമില്ലാതെയാണ് അവിടുന്ന് പെരുമാറിയത്. അവിടുന്ന് അചഞ്ചലമായി അനുധാവനം ചെയ്തത് താഴെ കൊടുത്ത വിശുദ്ധ ഖുർആന്റെ ആജ്ഞകളായിരുന്നു.

وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَىٰٓ أَلَّا تَعْدِلُوا

ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി
പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ
(സൂറ: അൽ മായിദ 5:9)

ഇസ്‌ലാമിന്റെ ശത്രുക്കൾ, യഹൂദരും മുസ്‌ലിംകളും തമ്മിലുള്ള ശത്രുത എപ്പോഴും പെരുപ്പിച്ചു കാട്ടിക്കൊണ്ടിരിക്കും. പക്ഷേ യഹൂദരോട് പരിശുദ്ധ പ്രവാചക(സ)ന്റെ പെരുമാറ്റം എപ്പോഴും ഈ വചനത്തെ അടിസ്ഥാനമാക്കിയിട്ടായിരുന്നു. അവിടുന്ന് മുസ്‌ലിംകളും യഹൂദരുമായുള്ള തർക്കങ്ങൾ പരിഹരിച്ചിരുന്നത് കേവല നീതിയുടെ അടിസ്ഥാനത്തിലായിരുന്നു.

അത്തരം കാര്യങ്ങളിൽ പരിശുദ്ധ പ്രവാചക(സ)ന്റെ സ്വഭാവം വ്യക്തമാക്കുന്ന തിളക്കമാർന്ന ഒരു സംഭവം ഇങ്ങനെയാണ്. മദീനയിലെ ഒരു ജൂതഗോത്രമാണ് ബനൂനദീർ. ഈ ഗോത്രം കിടങ്ങു യുദ്ധവേളയിൽ തങ്ങളുമായി സഖ്യത്തിലേർപ്പെട്ട മുസ്‌ലിംകളുമായി കരാർ ലംഘനത്തിന്റെയും വിശ്വാസവഞ്ചനയുടെയും പേരിൽ മുമ്പ് അറേബ്യയിൽ നിന്നും പുറത്താക്കപ്പെട്ടവരായിരുന്നു. മാത്രമല്ല അവരുടെ തൽമൂദ് പ്രകാരം ഈ കുറ്റം ചെയ്തവർക്ക് വധശിക്ഷ ലഭിക്കേണ്ടതാണ്. പരിശുദ്ധ പ്രവാചക(സ)ന്റെ കാരുണ്യംകൊണ്ട് മാത്രമാണ് അവർക്കെതിരെയുള്ള വിധി വധശിക്ഷക്ക് പകരം നാടുകടത്തലായി

മാറ്റിയത്. അവർ മദീനയിൽ നിന്നും ഖൈബറിലേക്ക് കുടിയേറിപ്പാർത്തു. അവിടെ അവർ അപ്രതിരോധ്യമായ ഒരു കോട്ട പണിതീർത്തിരുന്നു. ശക്തി സംഭരിച്ചശേഷം ഇസ്ലാമിനെ തിരെയുള്ള ആക്രമണം അവർ ആരംഭിച്ചു. അതിന്റെ വിശദാംശങ്ങളിലേക്ക് പ്രവേശിക്കേണ്ടതിന്റെ ആവശ്യമില്ല. ഖൈബർ യുദ്ധത്തിന്ന് ശേഷം അവരുടെ യുദ്ധോത്സുകത അവസാനിച്ചു. ഈ യുദ്ധത്തിന്ന് മുമ്പായി മുസ്ലിം സംഘങ്ങളെ പരിസര നിരീക്ഷണത്തിന്നായി ഈ മേഖലയിലേക്ക് അയച്ചു കൊണ്ടിരുന്നു. ഒരിക്കൽ ഇത്തരത്തിലുള്ള ഒരു മുസ്ലിം നിരീക്ഷകസംഘം അവരിൽപെട്ട ഒരു കൂട്ടരുടെ അധിവാസ സ്ഥലം കൊള്ളയടിക്കുകയും അവരുടെ തോട്ടങ്ങളിലെ പഴങ്ങൾ നശിപ്പിക്കുകയും ചെയ്തു. പരിശുദ്ധ പ്രവാചകൻ(സ) ഈ സംഭവം ശ്രവിക്കാനിടയായി. അവിടുന്ന് അതിൽ അത്യധികം നീരസം പ്രകടിപ്പിച്ചു. അവിടുന്ന് മുസ്ലിംകളെ താക്കീത് ചെയ്തു.

"അല്ലാഹു നിങ്ങൾക്ക് ഗ്രന്ഥങ്ങളിറക്കിയവരുടെ ഭവനത്തിൽ അവരുടെ സമ്മതമില്ലാതെ പ്രവേശിക്കാൻ അനുമതി നൽകുന്നില്ല. അപ്രകാരം തന്നെ അവരുടെ സ്ത്രീകളെ വധിക്കുന്നതും അവരുടെ തോട്ടങ്ങളിൽനിന്ന് ഫലങ്ങൾ എടുക്കുന്നതും നിയമ വിരുദ്ധമാണ്."[36]

ചുരുക്കത്തിൽ യഹൂദന്മാരുടെ തീവ്രമായ ശത്രുതക്കെതിരിൽ പരിശുദ്ധ പ്രവാചകൻ(സ) എല്ലായ്പ്പോഴുംകേവലനീതി ആവശ്യപ്പെടുന്ന വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്കനുസൃതമായാണ് വിധി പറഞ്ഞത്.

ഒരാളുടെ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും എതിരായിരുന്നാൽ പ്പോലും സാക്ഷ്യമൊഴി രേഖപ്പെടുത്താൻ വിളിച്ചാൽ അത് പാലിക്കണമെന്ന് ഖുർആൻ താക്കീത് ചെയ്യുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

يَآيُّهَا الَّذِيْنَ اٰمَنُوْا كُوْنُوْا قَوّٰمِيْنَ بِالْقِسْطِ شُهَدَآءَ لِلّٰهِ وَلَوْ عَلٰٓى اَنْفُسِكُمْ اَوِ الْوَالِدَيْنِ وَالْاَقْرَبِيْنَ ۚ ----

വിശ്വസിച്ചവരേ നിങ്ങൾ പരിപൂർണ്ണമായും നീതി പാലിക്കുന്നവരും അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ.

അത് നിങ്ങൾക്ക് തന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ തന്നെയും എതിരായിരുന്നാൽ പോലും.......
(സൂറാ അന്നിസാഅ് 4:136)

നീതിയെ സംബന്ധിച്ചും ഔദാര്യത്തെ പറ്റിയും ഇതിനെക്കാൾ ഉത്തമമായ മറ്റൊരദ്ധ്യാപനം ആർക്കും കാണാൻ സാധ്യമല്ല. ഈ അദ്ധ്യാപനത്തിന്റെ ഫലമായി പരിശുദ്ധ പ്രവാചകൻ(സ) അവിടുത്തെ അനുചരന്മാരുടെ നീതിബോധം ഉന്നത നിലവാരത്തിലേക്ക് ഉയർത്തുകയായിരുന്നു. തെളിവ് സാക്ഷ്യം നൽകുന്ന വേളയിൽ രക്തബന്ധങ്ങളെയും ബന്ധുത്വത്തേയും പരിഗണിക്കാതിരിക്കുക എന്നത് അവരുടെ ശീലമായി മാറി. ഈ വിഷയ സംബന്ധമായി നിരവധി സംഭവങ്ങൾ ഉദ്ധരിക്കാൻ സാധിക്കും. ഈ അദ്ധ്യാപനത്തിന്റെയും പെരുമാറ്റത്തിന്റെയും സ്വാധീനം അവിടുത്തെ യഥാർത്ഥ അനുയായികളിൽ ഇപ്പോഴും പ്രവർത്തിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തീർച്ചയായും അത്തരത്തിൽപെട്ട ഒരാളാണ്.

ഈയൊരു പരിപ്രേക്ഷ്യത്തിൽ തുടർന്ന് വിവരിക്കുന്ന സംഭവം സ്വയം തന്നെ സംസാരിക്കുന്നതാണ്. മിർസാ സുൽത്താൻ അഹ്മദ്, മിർസാ ഗുലാം അഹ്മദ്(അ)ന്റെ മൂത്ത മകനായിരുന്നു. അദ്ദേഹം സ്വതന്ത്രവീക്ഷണം പുലർത്തിയ ആളായിരുന്നു. അദ്ദേഹം തന്റെ പിതാവിന്റെ ജീവിത കാലത്ത് അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നില്ല. പിന്നീട് കുറെ കഴിഞ്ഞ് തന്റെ ഇളയ സഹോദരന്റെ കയ്യിലാണ് അദ്ദേഹം അനുസരണ പ്രതിജ്ഞ ചെയ്തത്. സുൽത്താൻ അഹ്മദ് ആയിരുന്നു കുടുംബത്തിന്റെ സ്വത്ത്പരമായ കാര്യങ്ങൾ നോക്കിയിരുന്നത്. ഒരിക്കൽ ഖാദിയാനിൽ വസിച്ചിരുന്ന ഒരു ഹിന്ദു സഹോദരനെതിരിൽ തങ്ങളുടെ ഭൂസ്വത്തിന്റെ ഒരു ഭാഗം എടുക്കുകയും അവിടെ കെട്ടിടം പണിതു എന്ന് ആരോപണം ഉന്നയിക്കുകയുമുണ്ടായി. മിർസാ സുൽത്താൻ അഹ്മദ് സാഹിബ് ആ കെട്ടിടം പൊളിച്ചു മാറ്റാൻ കോടതിയെ സമീപിച്ചു. ആ കേസിൽ അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നും എന്തോ

പിശക് സംഭവിക്കുകയുണ്ടായി. ആ ഭൂമി തീർച്ചയായും വാഗ്ദത്ത മസീഹിന്റെ(അ) കുടുംബസ്വത്തായിരുന്നു. പക്ഷേ അന്യായം കോടതിയിൽ ബോധിപ്പിച്ചപ്പോൾ ഒരു ചെറിയ വകുപ്പിൽ ഒരു വ്യാജപ്രസ്താവന എഴുതപ്പെട്ടു. ഇത് അന്യായക്കാരന്റെ ഭാഗത്ത് നിന്നും കേസിനെ ബലപ്പെടുത്താൻ വേണ്ടിയുള്ള ഒരു ശ്രമമായിരുന്നു. വാദിയുടെ ഭാഗത്ത് നിന്നുള്ള ഈ ചെറിയ കളവ് തെറ്റാണ് എന്ന് പ്രതി തെളിയിച്ചാൽ കേസു തോറ്റു പോകുമായിരുന്നു.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ, ഈ കേസിൽ പ്രതിക്ക് വേണ്ടി സാക്ഷിയായി കോടതി വിളിപ്പിച്ചു. എന്ത് തന്നെ നഷ്ടം സംഭവിച്ചാലും ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ഒരിക്കലും കള്ള സാക്ഷ്യം പറയില്ല എന്ന് പ്രതിസ്ഥാനത്തുള്ളയാൾക്ക് അറിയാമായിരുന്നു. മിർസാ സുൽത്താൻ അഹ്മദിന്റെ അഭിഭാഷകൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ സമീപിച്ചു കൊണ്ട് എങ്ങനെയാണ് സാക്ഷ്യം പറയാൻ ഉദ്ദേശിക്കുന്നതെന്ന് ആരാഞ്ഞു.അദ്ദേഹത്തിന്റെ പ്രതികരണം തന്റെ സഹോദരനും കുടുംബസ്വത്തിനും എന്തു തന്നെ നഷ്ടം വന്നാലും  സത്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും താൻ സാക്ഷ്യം പറയുക എന്നായിരുന്നു. ഈ കേസ് ഇനി മുന്നോട്ട് കൊണ്ടു പോകാൻ യാതൊരു നിർവ്വാഹവുമില്ലായിരുന്നു. അങ്ങനെ അദ്ദേഹം ആ കേസ് പിൻവലിച്ചു.[37]

അതിന്ന് മുമ്പ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) 25–30 വയസ്സ് പ്രായമുള്ളപ്പോൾ – അദ്ദേഹം അക്കാലത്ത് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകരായിരുന്നില്ല. – അവിടുത്തെ പിതാവിന്റെ നിർദ്ദേശ പ്രകാരം കുടുംബ സ്വത്തുക്കൾ നോക്കി നടത്തുകയായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ പിതാവ് തന്റെ വയൽ ഉഴവുകാരനുമായി ഒരു മരം മുറിച്ചതിന്റെ പേരിൽ തർക്കത്തിൽ ഏർപ്പെടുകയുണ്ടായി. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തന്റെ പിതാവിനെ പ്രതിനിധീകരിച്ച് ഗുരുദാസ്പൂർ കോടതിയിൽ ഹാജരാവുകയുണ്ടായി. അദ്ദേഹത്തിന്റെ കൂടെ മറ്റു രണ്ട് സാക്ഷികൾ കൂടി ഉണ്ടായിരുന്നു. ഈ രണ്ടു പേരെയും

അഭിമുഖീകരിച്ചുകൊണ്ട് അവിടുന്ന് പറഞ്ഞു: 'എന്റെ പിതാവ് ആവശ്യമില്ലാതെ ഇതൊരു പ്രശ്നമാക്കുകയാണുണ്ടായത്. മരം കൃഷിക്കളത്തിന്റെ ഒരു ഭാഗമായി കരുതിയാൽ മതി. കൃഷിഭൂമിയിൽ പണിയെടുക്കുന്നവർ പാവങ്ങളാണ്. അവർ മരം മുറിക്കുകയാണെങ്കിൽ എവിടെയാണ് നഷ്ടം വരിക? അതിനാൽ ആ മരം തങ്ങളുടെ സ്വത്താണ് എന്ന് എനിക്ക് ഉറപ്പിച്ച് പറയാൻ സാധ്യമല്ല. അതിൽ ഞങ്ങൾക്ക് ഒരു പങ്ക് ഉണ്ടായിരിക്കാൻ സാധ്യതയുണ്ട്.' അവർക്ക് (നിലം ഉഴവുകാർ) ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്<sup>(അ)</sup>ന്റെ സത്യസന്ധതയിൽ അഗാധമായ വിശ്വാസമുണ്ടായിരുന്നു. മജിസ്ട്രേറ്റ് അവരെ ചോദ്യം ചെയ്തപ്പോൾ ഉഴവുകാർ സംശയലേശമന്യേ പറഞ്ഞു. താങ്കൾ ഞങ്ങളെ എന്തിന്ന് ചോദ്യം ചെയ്യുന്നു.? ഹദ്റത്ത് മിർസാ സാഹിബിനോട് ചോദിക്കൂ. അദ്ദേഹം സത്യം പറയും. അങ്ങനെ മജിസ്ട്രേറ്റ് അവിടുത്തെ ചോദ്യം ചെയ്തു. ഹദ്റത്ത് അഹ്മദ്(അ)ന്റെ മറുപടി., 'എന്റെ അഭിപ്രായത്തിൽ മരം കൃഷിനിലത്തിന്റെ ഭാഗമാണ്. ഞങ്ങൾക്ക് ആ കൃഷി ഭൂമിയിൽ ഒരു പങ്ക് ഉണ്ട്. ഉഴവ് നടത്തിയ ആൾക്കും ആ കൃഷി നിലത്തിൽ പങ്കുണ്ട്. അപ്പോൾ മജിസ്ട്രേറ്റ് ഉഴവുകാരന് അനുകൂലമായി വിധിച്ചു. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ പിതാവ് ഈ കാര്യം അറിഞ്ഞപ്പോൾ അദ്ദേഹം കോപം കൊണ്ട് അങ്ങേയറ്റം വിറച്ചു. എന്നിട്ട് ഉച്ചത്തിൽ ആക്രോശിച്ചു. മുല്ലാ, മുല്ലാ, എന്റെ മകൻ ഒരു മുല്ലയാണ്. അതിന്നർത്ഥം എന്റെ മകൻ അമിതമായി മതഭക്തനാണ്. അവന്റെ വിഡ്ഢിത്തത്തിന്ന് അവൻ ശിക്ഷിക്കപ്പെടണം, തുടർന്ന് അദ്ദേഹത്തെ തറവാട്ടിൽ നിന്നും പുറത്താക്കി. അവിടുന്ന് അഭയം തേടിയ സങ്കേതത്തിലേക്ക് മാതാവ് ഭക്ഷണം കൊടുത്തയച്ചു. ഇതറിഞ്ഞ പിതാവ് അദ്ദേഹത്തിന്റെ മാതാവിനെ ഇത് ചെയ്യുന്നതിൽ നിന്നും വിലക്കി. കുറച്ച് കാലം ഖാദിയാനിൽവെച്ച് ഇത് സഹിച്ചതിന്ന് ശേഷം ഹദ്റത്ത് മിർസാ സാഹിബ്(അ) ബട്ടാലയിലേക്ക് പോയി. വളരെ പരിമിതമായ വിഭവത്തോടെ അദ്ദേഹം രണ്ട് മാസം അവിടെ കഴിഞ്ഞു. അവസാനം പിതാവിന് അലിവ് തോന്നി. അവിടുത്തെ ഖാദിയാനിലേക്ക് മടക്കി വിളിച്ചു.[38]

ഒരിക്കൽ ഒരു മാന്യൻ അദ്ദേഹത്തിന്റെ വീടിനോട് ചേർന്ന സ്ഥലത്ത് ഒരു മേട നിർമ്മിക്കുകയുണ്ടായി. ആ ഭൂമി യഥാർത്ഥത്തിൽ കുടുംബ ഭൂമിയാണ്. പക്ഷേ വർഷങ്ങളോളമായി ആ ഭൂമി ആ വീടിന്റെ ഉടമ ഉപയോഗിച്ചു വരികയാണ്. ഒരുപാടുകാലം യാതൊരു തടസ്സവും കൂടാതെ കൈവശം വെച്ചതിനാൽ ആ ഭൂമി അദ്ദേഹത്തിന്റേതാണ് എന്ന് കണക്കാക്കപ്പെട്ടു. ഹദ്റത്ത് മിർസാ സാഹിബിന്റെ മൂത്ത ജ്യേഷ്ഠൻ ആ ഭൂമി പുനസ്ഥാപിച്ചു കിട്ടാൻ വേണ്ടി കേസ് കൊടുത്തു. അത്തരം കേസുകളുടെ നടത്തിപ്പനുസരിച്ച് ഈ കേസ് പൂർണ്ണമായ തോതിൽ സത്യസന്ധമായിരുന്നില്ല. ഈ വീടിന്റെ ഉടമസ്ഥൻ ദീർഘകാലം ഈ സ്ഥലം കൈവശം വെച്ചിരുന്നില്ല, ഈ അടുത്ത കാലത്താണ് അത് അധീനപ്പെടുത്തിയത് എന്നതായിരുന്നു മൂത്ത ജ്യേഷ്ഠന്റെ വാദം.

വീടിന്റെ ഉടമക്ക് താൻ ദീർഘകാലമായി ആ ഭൂമി കൈവശം വെച്ചിരുന്നു എന്ന കാര്യം തെളിയിക്കാൻ യാതൊരു രേഖയും ഇല്ലായിരുന്നു. അയാൾ സ്വയം തന്നെ പ്രതിരോധിക്കുക എന്നത് മാത്രമായിരുന്നു രക്ഷ. അദ്ദേഹത്തിന്റെ അപേക്ഷ ഇത്രമാത്രമായിരുന്നു. 'ഞാൻ എന്റെ സാക്ഷിയെ കൊണ്ടു വരാൻ ആഗ്രഹിക്കുന്നില്ല. ഞാൻ അന്യായക്കാരന്റെ ഇളയ സഹോദരനെ വിസ്തരിക്കണമെന്ന് മാത്രമാണ് ആവശ്യപ്പെടുന്നത്. അദ്ദേഹം എന്ത് പ്രസ്താവന നടത്തിയാലും അത് എനിക്ക് സ്വീകാര്യമാണ്.' അങ്ങനെ മിർസാ സാഹിബ് കോടതിയിൽ വിളിപ്പിക്കപ്പെട്ടു. പ്രതിയും കുടുംബവും തർക്ക ഭൂമി വളരെക്കാലം ഉപയോഗിക്കുന്നതായി താങ്കൾക്ക് അറിയുമോ?എന്ന് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ ഉത്തരം ഉറച്ചതായിരുന്നു. തുടർന്ന് കേസ് മിർസാ സാഹിബിന്റെ സഹോദരന് എതിരായി വിധിക്കുകയുണ്ടായി.[39]

ഇസ്ലാമിന്റെ ധാർമിക മഹത്വം പുനരുജ്ജീവിപ്പിക്കാൻ അഹ്മദിയ്യാ സമൂഹത്തെ ദൈവം തിരഞ്ഞെടുക്കുക വഴി അല്ലാഹു വലിയ തോതിൽ അവരെ ബഹുമാനിച്ചിരിക്കുകയാണ്. അദ്ധ്യാത്മികതയുടെ അതേ ഉന്നതിയിലെത്താൻ അഹ്മദിയ്യാ സമൂഹത്തിലെ ഓരോ വ്യക്തിക്കും സാധിക്ക

ണമെന്നില്ല. എങ്കിലും അഹ്മദിയ്യാ സമൂഹത്തിന്ന് ഇസ്ലാം മതത്തിന്റെ ധാർമിക സൗന്ദര്യത്തിന്റെ പതാക വാഹകരാകാൻ സാധ്യമാണ്.

ഇസ്ലാം മതത്തിന്റെ പുനരുജ്ജീവത്തെപ്പറ്റി അഹ്മദികൾ പറയുമ്പോൾ ചരിത്രത്തിൽ ഏതെങ്കിലും ഒരു കാലഘട്ടത്തിൽ ഇസ്ലാമിക മൂല്യങ്ങൾ പൂർണ്ണമായും ഉന്മൂലനം ചെയ്യപ്പെട്ട ഒരു ഘട്ടമുണ്ടായിരുന്നു എന്നല്ല അർത്ഥമാക്കുന്നത്. മറിച്ച് ഇസ്ലാമിന്റെ സ്വച്ഛമായ സൗന്ദര്യത്തിൽ നിന്നും തുടർന്നു വരുന്ന ഓരോ തലമുറയും അകന്നകന്നു പോകുന്നു എന്നാണ് അർത്ഥമാക്കുന്നത്.

ഇസ്ലാമിലെ അഹ്മദിയ്യാ ജമാഅത്തിന്റെ മുഖ്യലക്ഷ്യം ഒരുകാലത്ത് മുസ്ലിംകൾ വിരാജിച്ചിരുന്ന ഉന്നത നിലവാരത്തിൽ അവരെ പുനസ്ഥാപിക്കുക എന്നതാണ്. എന്നെന്നേക്കുമായ് ജീവിക്കാൻ അവർ ആഗ്രഹിക്കുന്നുവെങ്കിൽ ഇസ്ലാമിന് വേണ്ടി മരിക്കാൻ അവർ തയ്യാറാകേണ്ടിയിരിക്കുന്നു.

# 15

# മുസ്ലിംകളും അമുസ്ലിംകളും പരസ്പരമുള്ള എതിർ സാക്ഷ്യങ്ങൾ

ഇക്കാലത്ത് സാക്ഷ്യം എന്ന വിഷയത്തിന്റെ ഒരു വശം വളരെ പ്രാധാന്യമുള്ളതായി ഗണിക്കപ്പെടുന്നു. അതായത് മുസ്ലിംകളുടെയും അമുസ്ലിംകളുടെയും പരസ്പരം എതിരായി ഉന്നയിക്കുന്ന തെളിവുകളുടെ ആപേക്ഷികയോഗ്യതയെ സംബന്ധിച്ചുള്ളതാണത്. ഒരു അമുസ്ലിം മുസ്ലിമിനെതിരെ ഉന്നയിക്കുന്ന തെളിവ് സ്വീകരിക്കപ്പെടുകയില്ല എന്ന് വാദിച്ചുകൊണ്ട് പല ആധുനിക മുസ്ലിം പണ്ഡിതന്മാരും ഇസ്ലാം മതത്തിന്റെ അദ്ധ്യാപനങ്ങളോട് അതിഘോരമായ അനീതിയാണ് കാട്ടുന്നത്. അതേസമയം അമുസ്ലിമിനെതിരെ മുസ്ലിമിന്റെ സാക്ഷ്യം സ്വീകരിക്കുകയും ചെയ്യുന്നു. അവർ ഖുർആന്റെ ചില വചനങ്ങൾ തങ്ങളുടെ കുതർക്കങ്ങൾക്ക് വേണ്ടി ദുർവ്യാഖ്യാനം ചെയ്യുകയാണ്. അത് ഇസ്ലാം മതത്തിന്റെ സമഗ്രമായ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിലോ ഇസ്ലാം മതത്തിന്റെ സ്ഥാപകരായ പരിശുദ്ധ പ്രവാചകന്റെ(സ) ജീവിതചര്യയിലോ ഒരിക്കലും സയുക്തികം തെളിയിക്കാൻ സാധ്യമല്ലാത്ത അവരുടെ ദുർവ്യാഖ്യാനം മാത്രമാണ്. അവരുടെ ഈ ദുർവ്യാഖ്യാനം മൂലം ഫലത്തിൽ ഇസ്ലാംമതപ്രകാരം മുസ്ലിംകളുടെ ലക്ഷ്യങ്ങളെ സേവിക്കുന്നത്വരെ നീതി നല്ലത് തന്നെ എന്നാണ് അവർ ആരോപിക്കുന്നത്. ഇതാണ് നീതിയെ സംബന്ധിച്ച അവരുടെ അവബോധമെങ്കിൽ നീതിയെ എന്നെന്നേക്കുമായി മരണത്തിന്നു വിടുകയാണ് നല്ലത്. അനീതി നീണാൾ വാഴട്ടെ!!. പക്ഷേ ഖുർആൻ പാലിക്കണമെന്ന് താക്കീത് ചെയ്ത നീതിക്ക് ഒരിക്കലും മരണമില്ല.

وَقُلْ اٰمَنْتُ بِمَآ اَنْزَلَ اللّٰهُ مِنْ كِتٰبٍ ۚ وَاُمِرْتُ لِاَعْدِلَ بَيْنَكُمْ ۗ اَللّٰهُ رَبُّنَا وَرَبُّكُمْ ۗ لَنَآ اَعْمَالُنَا وَلَكُمْ اَعْمَالُكُمْ ۗ لَا حُجَّةَ بَيْنَنَا وَبَيْنَكُمْ ۗ اَللّٰهُ يَجْمَعُ بَيْنَنَا ۚ وَاِلَيْهِ الْمَصِيْرُ ۝١٦

പറയുക, അല്ലാഹു ഏതൊരു ഗ്രന്ഥം ഇറക്കിയിട്ടുണ്ടോ അതിൽ ഞാൻ വിശ്വസിക്കുന്നു. നിങ്ങൾക്കിടയിൽ നീതി പൂർവ്വം വിധി കൽപ്പിക്കണമെന്ന് എന്നോട് ആജ്ഞാപിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹു ഞങ്ങളുടെയും നിങ്ങളുടെയും നാഥനാകുന്നു. ഞങ്ങളുടെ കർമ്മ ഫലങ്ങൾ ഞങ്ങൾക്കുണ്ട്. നിങ്ങളുടെ കർമ്മഫലം നിങ്ങൾക്കുമുണ്ട്. ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ഒരു തർക്കവുമില്ല. അല്ലാഹു നമ്മെ ഒരുമിച്ചു കൂട്ടുന്നതാണ്. അവനിലേക്ക് തന്നെയാണ് മടക്കം. (അശ്ശൂറാ 42:16)

ഈ വചനം മുസ്‌ലിംകളെ മാത്രമല്ല, മാനവരാശിയെ ഒരുമിച്ച് അഭിസംബോധന ചെയ്യുന്ന ഒന്നാണെന്നതിന് യാതൊരു സംശയവുമില്ല. വ്യത്യസ്ത മതങ്ങളിൽപെട്ട എല്ലാവരും ഇതിൽ ഉൾപ്പെടുന്നതാണ്. പരിശുദ്ധ പ്രവാചകൻ(സ) അതീവ വിശ്വസ്തനാണെന്ന് ഈ വചനം പ്രസ്താവിക്കുന്നു. കാരണം ആരോടും അനീതി പ്രവർത്തിക്കാത്ത രീതിയിൽ എല്ലാ ജന വിഭാഗങ്ങളിലും പൂർണ വിശ്വാസത്തോടെ നീതിവിധിക്കാനുള്ള അധികാരം ദൈവം പരിശുദ്ധ പ്രവാചക(സ)ന് നൽകിയിട്ടുണ്ട്. അതായത് ഒരു വശത്ത് ഇസ്‌ലാമിന്റെ ആധികാരികമായ ഇത്തരമൊരു അദ്ധ്യാപനമുണ്ട്. മറുവശത്താകട്ടെ ഇസ്‌ലാംമതപ്രകാരം ഒരു മുസ്‌ലിമിനെതിരെ ഒരു അമുസ്‌ലിം സാക്ഷ്യം വഹിക്കുകയാണെങ്കിൽ അത് തള്ളിക്കളയണമെന്ന് യാഥാസ്ഥിതികരായ മുല്ലമാർ ലോകത്തെ തെറ്റിദ്ധരിപ്പിക്കുന്നു. അതേസമയം ഒരു അമുസ്‌ലിമിനെതിരെ മുസ്‌ലിം സാക്ഷ്യം വഹിച്ചാൽ ആ സാക്ഷ്യം സ്വീകരിക്കേണ്ടതാണെന്നും അവർ പറയുകയും ചെയ്യുന്നു.

നിർഭാഗ്യകരമെന്നു പറയട്ടെ മുസ്‌ലിംകളിൽ ഒരു വലിയ ഭൂരിപക്ഷത്തിന്നും ഇസ്‌ലാമിലെ സാക്ഷ്യംവഹിക്കുന്നതിനെ പറ്റി ഇന്നും കണിശമായ ഒരു മാനദണ്ഡമില്ല. അതായത്

ഉലമാക്കളുടെ അഭിപ്രായ പ്രകാരം വിശ്വസ്തതയില്ലാത്ത ഒരു മുസ്‌ലിമിന്റെ സാക്ഷ്യം വിശ്വസ്തതയുള്ള ഒരു അമുസ്‌ലിമിന്റെ സാക്ഷ്യത്തെക്കാൾ വിശ്വാസയോഗ്യമാണ്. വിശുദ്ധ ഖുർആനിലെ നിരവധി വചനങ്ങൾ തങ്ങളുടെ തലതിരിഞ്ഞ ആശയത്തെ ന്യായീകരിക്കാൻ അവർ ഹാജരാക്കാറുണ്ട്. അവർ ഹാജരാക്കുന്ന അതേ ഖുർആനിക വചനങ്ങൾ കൊണ്ട് തന്നെ ഞാൻ അവരുടെ വ്യാജവാദം ഇപ്പോൾ പൊളിക്കുന്നതാണ്. ഉലമാക്കന്മാർ തങ്ങളുടെ വാദം സ്ഥാപിക്കാനായി മുന്നോട്ടു വെക്കുന്ന ഒരു വചനം സൂറ: ബഖറയിലെ 283-ാമത്തെ വചനമാണ്. അതിൽ 'നിങ്ങളിൽ നിന്നുള്ള' എന്നത് മുസ്‌ലിംകളിൽ നിന്നുള്ളവർ മാത്രമാണെന്നാണ് മുല്ലാക്കൾ ദുർവ്യാഖ്യാനം ചെയ്യുന്നത്.

ഈ വചനം കുറ്റകൃത്യങ്ങൾ, അപകടങ്ങൾ മുതലായ ദൈനംദിന സംഭവങ്ങളിൽ പ്രയോഗവൽക്കരിക്കാൻ സാധ്യമല്ല എന്ന കാര്യം മനസ്സിലാക്കാൻ ഉലമാക്കന്മാർക്ക് കഴിയുന്നില്ല എന്നത് അത്ഭുതകരമാണ്. അത്തരം സന്ദർഭങ്ങളിൽ സാക്ഷികൾ അവിടെ എത്തിച്ചേരുന്നത് അവരുടെ വിശ്വാസത്തിന്റെയോ ലിംഗത്തിന്റെയോ അടിസ്ഥാനത്തിലല്ല. ചിലപ്പോൾ ആ സംഭവത്തിന് സാക്ഷ്യം വഹിക്കാൻ ആരും ഉണ്ടാവില്ല. മറ്റു ചിലപ്പോൾ ഒരു സ്ത്രീ മാത്രമായിരിക്കും ആ സംഭവം കണ്ടിട്ടുണ്ടാകുക. ഒരു പ്രത്യേക സന്ദർഭത്തിന്ന് വേണ്ടിയുള്ള നിയമം ആവശ്യമായ തെളിവുകളില്ലാതെയും സാമാന്യയുക്തിക്ക് നിരക്കാത്ത വിധത്തിലും പൊതുവത്ക്കരിക്കുന്നത് വിശുദ്ധ ഖുർആനോട് ചെയ്യുന്ന അനീതിയാണ്. അതേ വിഷയം തന്നെ മറ്റൊരു സ്ഥലത്ത് ഖുർആൻ പറയുന്നു:

---وَّاَشْهِدُوْا ذَوَىْ عَدْلٍ مِّنْكُمْ وَاَقِيْمُوا الشَّهَادَةَ لِلّٰهِ ؕ

നിങ്ങളിൽ നിന്നുള്ള രണ്ടു നീതിമാന്മാരെ സാക്ഷികളാക്കുക. അല്ലാഹുവിന് വേണ്ടി (സത്യ)സാക്ഷികളാവുക. (സൂറ: അത്തലാഖ് 65: 3)

ഉലമാക്കന്മാർ തങ്ങളുടെ വിശ്വാസ സങ്കൽപ്പങ്ങൾക്ക് അനുകൂലമാവാൻ വേണ്ടി ഉദ്ധരിക്കുന്ന മറ്റൊരു വചനമാണ് സാക്ഷി

കൾ മുസ്‌ലിംകളിൽ നിന്നുള്ളവരാകണമന്നുള്ളത്. അവർ വാദിക്കുന്നത് 'നിങ്ങളിൽ നിന്നുള്ള' എന്ന പരാമർശം മുസ്‌ലിംകളെ മാത്രം ബാധിക്കുന്നതാണ് എന്നാണ്. കാരണം ആ വചനം മുസ്‌ലിം സമുദായത്തെ മാത്രമാണ് അഭിസംബോധന ചെയ്യുന്നത്. അവരുടെ ഈ നിഗമനം ശരിയാണെങ്കിൽ അടുത്ത വചനത്തിനെ ഉലമാക്കന്മാർ എങ്ങനെയാണ് ന്യായീകരിക്കുക? മുസ്‌ലിംകളിൽ നിന്ന് സാക്ഷികളെ കണ്ടെത്തിയില്ലെങ്കിൽ അമുസ്‌ലിംകളിൽ നിന്ന് സാക്ഷികളെ കണ്ടെത്തണമെന്നാണോ?

يَآاَيُّهَا الَّذِيْنَ اٰمَنُوْا شَهَادَةُ بَيْنِكُمْ اِذَا حَضَرَ اَحَدَكُمُ الْمَوْتُ حِيْنَ الْوَصِيَّةِ اثْنٰنِ
ذَوَا عَدْلٍ مِّنْكُمْ اَوْ اٰخَرٰنِ مِنْ غَيْرِكُمْ اِنْ اَنْتُمْ ضَرَبْتُمْ فِى الْاَرْضِ فَاَصَابَتْكُمْ
مُّصِيْبَةُ الْمَوْتِ ۗ ---

അല്ലയോ വിശ്വാസികളേ നിങ്ങളിലൊരാൾക്ക് മരണം ആസന്നമായാൽ വസിയ്യത്ത് ചെയ്യുന്ന സമയം നിങ്ങളിൽ നിന്നുള്ള നീതിമാന്മാരായ രണ്ട്പേർ നിങ്ങളുടെയിടയിൽ (ശരിയായ)സാക്ഷ്യം വഹിക്കേണ്ടതാണ്. അല്ലെങ്കിൽ നിങ്ങൾ യാത്രയിലായിരിക്കുകയും അപ്പോൾ നിങ്ങൾക്ക് മരണ വിപത്ത് വന്നെത്തുകയും ചെയ്യുന്നതായാൽ നിങ്ങളിൽപെട്ടവരല്ലാത്ത രണ്ടു പേർ സാക്ഷ്യം വഹിക്കേണ്ടതാണ്. (അൽ മാഇദ 5: 107)

നേരിയതോതിലെങ്കിലും ചിന്തിച്ചിരുന്നെങ്കിൽ ഒരു മുസ്‌ലിമിന്റെ സാക്ഷ്യം അമുസ്‌ലിമിന്റെ സാക്ഷ്യത്തെക്കാൾ വിശ്വാസ്യയോഗ്യമാണെന്ന, സാക്ഷ്യത്തിന്റെ തത്ത്വം തെറ്റാണെന്ന് തെളിയുമായിരുന്നു. മുസ്‌ലിം സൊസൈറ്റിയുടെ അഭ്യന്തര കാര്യങ്ങൾ തീരുമാനിക്കുമ്പോൾ ഒരു സാക്ഷിയുടെ സാന്നിധ്യം ആവശ്യമായി വരും, അപ്പോൾ മുസ്‌ലിംകളിൽ നിന്നു തന്നെ ഒരു സാക്ഷിയെ തേടുക എന്നത് തികച്ചും സ്വാഭാവികമാണ്. എന്നാൽ ഒരാൾ യാത്രയിലായിരിക്കുമ്പോൾ ഒരു മുസ്‌ലിമിന്റെ സാക്ഷ്യം പോലെ തന്നെ വിശ്വസനീയമാണ് ഒരു അമുസ്‌ലിമിന്റെ സാക്ഷ്യവും.

മേലുദ്ധരിച്ച രണ്ട് വചനങ്ങളും പ്രത്യേകിച്ചും സാമ്പത്തിക ഇടപാടുകൾ പരിഹരിക്കുന്നതിനെ സംബന്ധിച്ചാണ് പറയുന്നത്. ഇത് പൊതുതത്ത്വമായി സ്വീകരിക്കുന്നത് സംബന്ധിച്ച് അനുമതി നൽകുന്നില്ല. ദിനേന നടക്കുന്ന അപകടങ്ങൾക്കും കുറ്റകൃത്യങ്ങൾക്കുമുള്ള സാക്ഷ്യത്തിന്ന് അത് ഉപയോഗിക്കാൻ സാദ്ധ്യമല്ല.

അടിസ്ഥാനപരമായ ഒരു തത്ത്വം മനസ്സിൽ വെക്കേണ്ടതുണ്ട്. ഒരു സ്ഥലത്തുള്ള ഖുർആൻ വചനങ്ങളെ വ്യാഖ്യാനിക്കുമ്പോൾ മറ്റൊരു സ്ഥലത്തുള്ള ഖുർആൻ വചനങ്ങൾക്ക് വിരുദ്ധമായിത്തീരുന്നത് സ്വീകാര്യയോഗ്യമല്ല. അതുപോലെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് നബി(സ)യുടെ ചര്യകൾക്ക് വിരുദ്ധമാകുമെങ്കിൽ ആ വ്യാഖ്യാനവും സ്വീകാര്യയോഗ്യമല്ല.

മുസ്‌ലിമിന്റെയും അമുസ്‌ലിമിന്റെയും സാക്ഷ്യത്തെ സംബന്ധിച്ച സകല വിവാദങ്ങളും പരിഹരിക്കാനുള്ള ഏറ്റവും നല്ലതും എളുപ്പവുമായ വഴി പരിശുദ്ധ പ്രവാചക(സ)ന്റെ സ്വഭാവത്തിന്റെയും പെരുമാറ്റത്തിന്റെയും മാനദണ്ഡമുപയോഗിച്ച് വിധിതീർപ്പുണ്ടാക്കുക എന്നതാണ്. വിശുദ്ധ ഖുർആന്റെ ഏതൊരു വ്യാഖ്യാനവും പരിശുദ്ധ പ്രവാചക(സ)ന്റെ സ്വഭാവവും പെരുമാറ്റവുമായി ബന്ധപ്പെട്ടുവരുന്നെങ്കിൽ അത് വിശ്വാസത്തിലെടുത്ത്സ്വീകരിക്കാവുന്നതാണ്. അവ രണ്ടും തമ്മിൽ എന്തെങ്കിലും വൈരുദ്ധ്യങ്ങൾ ഉണ്ടാവുന്നുവെങ്കിൽ ഒരു നിഗമനത്തിൽ എത്തിച്ചേരുന്നതിന്ന് മുമ്പ് അത് സംബന്ധിച്ച് കൂടുതൽ ഗവേഷണങ്ങൾ നടത്തേണ്ടതുണ്ട്. നാം ഇവിടെ ചർച്ച ചെയ്യുന്ന വിഷയം പരിശുദ്ധ പ്രവാചകൻ(സ) എങ്ങനെ വ്യാഖ്യാനിച്ചുവെന്ന് സഹീഹുൽ ബുഖാരിയിൽ രേഖപ്പെടുത്തിയ ഒരു സംഭവം വിശകലനം ചെയ്ത് നോക്കാം. റസൂൽ തിരുമേനി(സ)യുടെ സ്വഭാവം കണിശമായും വിശുദ്ധ ഖുർആന്റെ ഉപദേശങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ടതായിരുന്നു.

'അശാഅത്ത് നിവേദനം ചെയ്യുന്നു: ഞാൻ ഒരു യഹൂദനുമായി ഒരു തുണ്ടു ഭൂമി സംബന്ധമായി തർക്കത്തിലായിരുന്നു. ഞങ്ങളുടെ

കേസ് പരിശുദ്ധ പ്രവാചക(സ)ന്റെ മുമ്പാകെ സമർപ്പിക്കപ്പെട്ടു. അവിടുന്ന് എന്റെ അവകാശ വാദത്തിന്ന് തെളിവ് ചോദിച്ചു. എന്റെ പക്കൽ യാതൊരു തെളിവുമില്ലായിരുന്നു. പരിശുദ്ധ പ്രവാചകൻ യഹൂദന്റെ നേരെ തിരിഞ്ഞു കൊണ്ട് ചോദിച്ചു: 'നിങ്ങളാണ് പ്രതി അത്കൊണ്ട് നിങ്ങൾ ഒരു പ്രതിജ്ഞയെടുക്കണം. പ്രതിജ്ഞാ സമയത്ത് ഭൂമി തന്റേതാണെന്ന് താങ്കൾ പറയുമോ?' ഞാൻ അതിനെ ശക്തിയായി പ്രതിഷേധിച്ചു 'ഓ അല്ലാഹുവിന്റെ ദൂതരേ ഈ മനുഷ്യൻ ഒരു ജൂതനാണ്. അയാൾ കള്ളസത്യം ചെയ്ത് എന്റെ സ്വത്ത് കൈക്കലാക്കും' പരിശുദ്ധ പ്രവാചകൻ(സ) അതിന്ന് പ്രത്യുത്തരമായി പറഞ്ഞു: 'എന്തായാലും ഇവിടെ മറ്റൊരു വഴിയും ഇല്ല. എന്റെ തീരുമാനം നീതി പൂർവ്വമുള്ളതായിരിക്കും.' അവിടുന്ന് യഹൂദനോട് പറഞ്ഞു: പ്രതിജ്ഞയെടുക്കൂ, ദൈവത്തെ ഭയപ്പെടൂ. ആ ഭൂമി താങ്കളുടെതാണെന്ന് സത്യം ചെയ്ത് പറഞ്ഞാൽ ഞാൻ താങ്കൾക്കനുകൂലമായി വിധിക്കും'[40]

ഇസ്‌ലാം മതത്തിന്റെ നീതിന്യായം എത്തരത്തിലുള്ളതായിരിക്കണം എന്നാണ് പരിശുദ്ധ പ്രവാചകൻ(സ) മനസ്സിലാക്കിയതെന്ന് താഴെ വിവരിക്കുന്ന സംഭവം വ്യക്തമാക്കുന്നു. ചില മുസ്‌ലിം യാത്രക്കാർ അവരുടെ ജോലിയുടെ ഭാഗമായി ഖൈബറിലേക്ക് പോകുകയുണ്ടായി. ഈ യാത്രയിൽ അവർ കൊല്ലപെട്ട ഒരു മുസ്‌ലിമിന്റെ ശരീരം കണ്ടു. ആ പ്രദേശം പൂർണ്ണമായും ജൂതന്മാർ താമസിക്കുന്ന ഒരു സ്ഥലമായിരുന്നു. ഒരൊറ്റ മുസ്‌ലിമും അവിടെ താമസിച്ചിരുന്നില്ല. കൊലയാളി ഒരു ജൂതനാണെന്ന നിഗമനത്തിൽ അവർ എത്തിയിരുന്നു. ആ മുസ്‌ലിം സംഘം ആ മുസൽമാന്റെ കൊലക്ക് ഉത്തരവാദി അവിടെ താമസിക്കുന്ന യഹൂദരാണെന്ന് ന്യായമായും വിചാരിച്ചു. അവിടെയുള്ള യഹൂദന്മാർ കൊല്ലപ്പെട്ട ബന്ധുക്കൾക്ക് നഷ്ടപരിഹാരത്തുക കൊടുക്കാൻ ബാദ്ധ്യസ്ഥരാണെന്ന് പറഞ്ഞു. ഈ കേസ് പരിശുദ്ധ പ്രവാചക(സ)ന്റെ തിരുമുമ്പിലെത്തി. അവിടുന്ന് പറഞ്ഞു 'ഇതൊരു ഗുരുതരമായ പ്രശ്നമാണ്. എന്നാൽ യഹൂദനാണ് വധിച്ചതെന്ന നിങ്ങളുടെ വാദത്തിന്ന് ഉപോദ്ബലകമായി എന്തെങ്കിലും തെളിവ് നിങ്ങളുടെ പക്കലുണ്ടോ?'

മുസ്‌ലിംകളുടെ മറുപടി: 'ഓ അല്ലാഹുവിന്റെ ദൂതരേ, അതിന്ന് ഒരു സാക്ഷിയുമില്ല.' അപ്പോൾ പരിശുദ്ധ പ്രവാചകൻ(സ) യഹൂദരിൽ നിന്ന് ഒരു സത്യവാങ്മൂലം പകരമായി വാങ്ങിക്കാൻ പറഞ്ഞു. 'അവർ സത്യവാങ്മൂലത്തിൽ കളവ് പറയും' എന്ന് പറഞ്ഞ് മുസ്‌ലിംകൾ പ്രതിഷേധിച്ചു. മുസ്‌ലിംകളുടെ ഈ തടസ്സവാദത്തോട് പരിശുദ്ധ പ്രവാചകൻ(സ) അതൃപ്തി അറിയിക്കുകയാണുണ്ടായത് യഹൂദരുടെ സത്യവാങ്മൂലം പരിശുദ്ധ പ്രവാചകൻ(സ) സ്വീകരിക്കുകയുണ്ടായി. പിന്നീട് അവരെ ചോദ്യം ചെയ്യേണ്ട ആവശ്യമുണ്ടായില്ല. കൊല്ലപ്പെട്ടയാളുടെ ബന്ധുക്കൾ നഷ്ട പരിഹാരത്തുക ആവശ്യപ്പെട്ടുകൊണ്ടിരുന്നു. പരിശുദ്ധ പ്രവാചകൻ(സ) അത് പൊതു ഫണ്ടിൽ നിന്നും കൊടുക്കുകയാണുണ്ടായത്.

പരിശുദ്ധ പ്രവാചക(സ)ന് നീതിയോട് പ്രകൃത്യാ തന്നെ പ്രതിബദ്ധതയുണ്ടായിരുന്നു. അവിടുത്തെ ജീവിതം അത് ദൃഷ്ടാന്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്തായിരുന്നാലും ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ തൽക്കാലം ശരിയാണെന്ന ഒരു വിദൂര സാദ്ധ്യത അവിടുത്തെ വിധിയിൽ ഉണ്ട്. വാചാലതയുള്ള ഒരാൾക്ക് ഏറ്റവും ബോദ്ധ്യപ്പെടുന്ന രീതിയിൽ അയാളുടെ കേസ് വാദിക്കുകയും ജഡ്ജി അത് പ്രകാരം വിധി പ്രസ്താവം നടത്തുകയും ചെയ്തേക്കാം. നീതിയുടെ താൽപര്യം സംരക്ഷിക്കുന്ന വേളയിൽ ജഡ്ജി തെറ്റായ നിഗമനത്തിൽ എത്തുകയും ചെയ്തേക്കാം. അത്തരം സന്ദർഭങ്ങളിൽ നീതിയുടെ തെറ്റായ നിർവ്വഹണത്തിന്റെ ഉത്തരവാദിത്തം ഈ കേസ് വാദിക്കുമ്പോൾ അസത്യം പറയുന്ന വക്കീലിന്റെ ചുമലിലാണ് വരിക. വിധി പറയുന്ന ജഡ്ജിയുടെ ചുമലിലല്ല. ഈ സംഭവത്തെ സൂചിപ്പിച്ച് കൊണ്ട് പരിശുദ്ധ പ്രവാചകൻ(സ) ഇപ്രകാരം പറഞ്ഞു:

إِنَّمَا أَنَا بَشَرٌ وَإِنَّكُمْ تَخْتَصِمُونَ إِلَيَّ وَلَعَلَّ بَعْضَكُمْ أَنْ يَكُونَ الْحَنَ بِحُجَّتِهِ مِنْ
بَعْضٍ فَأَقْضِيَ عَلَىٰ نَحْوِ مَا أَسْمَعُ فَمَنْ قَضَيْتُ لَهُ بِحَقِّ أَخِيهِ شَيْئًا فَلَا يَأْخُذْهُ
فَإِنَّمَا أَقْطَعُ لَهُ قِطْعَةً مِّنَ النَّارِ

ഞാൻ ഒരു മനുഷ്യനാണ്, നിങ്ങൾ നിങ്ങളുടെ തർക്കങ്ങളുമായി എന്നെ സമീപിക്കുന്നു. തർക്കക്കാരിലൊരാൾ അയാളുടെ കേസ് അപരനെക്കാൾ വളരെ നല്ലനിലയിൽ ആകർഷകമായി എന്റെ മുന്നിൽ അവതരിപ്പിക്കുന്നു. ആ വാദങ്ങൾക്കനുസരിച്ചാണ് ഞാൻ വിധി കൽപ്പിക്കുക. ഓർക്കുക, ആ വിധിയുടെ ഗുണഭോക്താവ് തനിക്ക് കിട്ടിയ ഗുണഫലം എടുക്കരുത്. അത് അവന് നൽകപ്പെട്ട ഒരു അഗ്നി ഗോളമായിരിക്കും.[41]

ഇവിടെ നാം ശ്രദ്ധിക്കേണ്ടകാര്യം വക്കീലിന്റെ സാമർത്ഥ്യം കൊണ്ടും ലഭിച്ച തെളിവിന്റെ അടിസ്ഥാനത്തിലും തെറ്റ് ചെയ്ത കക്ഷിക്ക് അനുകൂലമായി തീരുമാനമെടുക്കുന്നതിൽ പരിശുദ്ധ പ്രവാചകൻ(സ) പോലും തെറ്റിദ്ധരിക്കപ്പെടാം. അതിന്റെ ഉത്തരവാദിത്തം വിധി പറയുന്ന ആളിൽ നിന്നും തെറ്റായ വിധി അനുകൂലമായി സമ്പാദിച്ച കക്ഷിയിലേക്ക് മാറ്റപ്പെടുന്നു. ആ സ്വത്ത് അന്യായമായി കൈവശപ്പെടുത്തിയ ആൾക്ക് നന്നായി അതറിയാം. അതുകൊണ്ടാണ് പരിശുദ്ധ പ്രവാചകൻ(സ) ഇപ്രകാരം താക്കീത് ചെയ്തത്. റസൂൽ തിരുമേനി(സ)യുടെ വിധി, സ്വത്തിന്റെ യഥാർത്ഥ അവകാശിക്ക് എതിരായിരിക്കുകയും പിടിച്ചെടുക്കപ്പെട്ട സ്വത്ത് യഥാർത്ഥ അവകാശിക്ക് തിരിച്ച് നൽകുകയും ചെയ്തിട്ടില്ലെങ്കിൽ ഈ കുറ്റത്തിന്ന് കയ്യേറ്റക്കാരൻ ദൈവത്തിന്ന് മുമ്പിൽ ഉത്തരം പറയേണ്ടി വരും. താഴെ പറയുന്ന സംഭവം ഇതിനെ പിന്തുണക്കുന്നു.

ഒരു യാത്രക്കിടയിൽ പരിശുദ്ധ പ്രവാചക(സ)രും അനുചരന്മാരും ഒരു സ്ഥലത്ത് ക്യാമ്പ് ചെയ്യുകയുണ്ടായി. അവിടെ നിന്നും മുസ്‌ലിംകളുടെ ആയുധങ്ങൾ മോഷണം പോയി. പരിശുദ്ധ പ്രവാചകൻ(സ) കളവ് പോയ ആയുധം ക്യാമ്പ് മുഴുവനും തിരയാൻ ഉത്തരവിട്ടു. യഥാർത്ഥത്തിൽ ആ മോഷണം നടത്തിയത് ഒരു മുസ്‌ലിമായിരുന്നു. തിരയാൻ ആരംഭിച്ചപ്പോൾ കളവ് നടത്തിയ ആൾ ഒരു യഹൂദന്റെ വസ്തുവകകൾക്കിടയിൽ മോഷ്ടിച്ച ആയുധം കൊണ്ടുവന്നിട്ടു. പരിശുദ്ധ പ്രവാചകൻ(സ) യഹൂദന് ശിക്ഷ വിധിക്കാൻ തുടങ്ങുമ്പോൾ താഴെ കാണുന്ന ഖുർആൻ വചനം അവതരിക്കുകയുണ്ടായി.

وَلَا تَكُن لِّلْخَآئِنِينَ خَصِيمًا ﴿١٠٦﴾

നീ ആത്മവഞ്ചന ചെയ്യുന്നവർക്ക് വേണ്ടി വാദിക്കുന്നവനാകരുത്
(സൂറ: അന്നിസാഅ് 4:108)

ദൈവം അവതരിപ്പിച്ച ഈ വചനത്തിലെ സന്ദേശം പ്രവാചകൻ(സ) ഉടനെ തിരിച്ചറിഞ്ഞു. അതായത് ആ യഹൂദനാണ് കുറ്റവാളിയായി കാണപ്പെട്ടതെങ്കിലും ആ കുറ്റകൃത്യം ചെയ്തത് ഒരു മുസ്‌ലിമായിരുന്നു. യഹൂദനായിരുന്നില്ല. പരിശുദ്ധ പ്രവാചകൻ(സ) മറ്റൊരു അന്വേഷണത്തിന്ന് ഉത്തരവിടുകയും യഥാർത്ഥ കുറ്റവാളി പിടിക്കപ്പെടുകയും ചെയ്തു.[42]

ഈ വചനത്തിന്റെ അർത്ഥം വ്യക്തമായും സൂചിപ്പിക്കുന്നത് ഇസ്‌ലാമികതെളിവ് നിയമതത്ത്വപ്രകാരം സാക്ഷിയുടെ മതം ഇവിടെ അപ്രസക്തമാണെന്നാണ്. അപ്രകാരം ഒരു അമുസ്‌ലിമിന്റെ പ്രവൃത്തി കാരണം ഒരു മുസ്‌ലിം പ്രയാസം സഹിക്കുന്നു എന്ന കാര്യവും പ്രസക്തമല്ല.

അത്ഭുതം! പരമാത്ഭുതം! ഇക്കാലത്തെ മുസ്‌ലിം പുരോഹിതന്മാർ നീതിയുടെ പാതയിൽ നിന്നും എത്രമാത്രം അകന്നിരിക്കുന്നു!. സാക്ഷി പറയുന്നതിലെ നീതിയെപ്പറ്റി പരാമർശിക്കുമ്പോൾ പരിശുദ്ധ പ്രവാചക(സ)ന്റെ സ്വഭാവവും വിശ്വാസവും മതേതരവും പക്ഷഭേദമില്ലാത്തതുമായ ഒരു നിലപാടാണ് പിന്തുണക്കുക. അവസാന കാലത്തെ മതപണ്ഡിതന്മാർ ഇസ്‌ലാം മതത്തിലെ പല അദ്ധ്യാപനങ്ങളും അവരുടെ താൽപര്യമനുസരിച്ച് മാറ്റിമറിക്കുകയാണുണ്ടായത്.

ആയതിനാൽ ഞാൻ അഹ്മദികളോട് മാത്രമല്ല എല്ലാ മുസ്‌ലിംകളോടും ആഹ്വാനം ചെയ്യുകയാണ്. ഇസ്‌ലാം മതത്തേയും അതിന്റെ പരിശുദ്ധ യജമാനരേ(സ)യും ആക്രമിക്കാൻ മുതിരുന്ന ഏതൊരു അവിശുദ്ധ ശ്രമത്തിനെതിരെയും പോരാടാൻ യുദ്ധോത്സുകരായി എഴുന്നേൽക്കുക. അത്തരം എല്ലാ ശ്രമങ്ങളും അവർ തങ്ങളുടെ തന്നെ അഭിമാനവും സമ്പത്തും സ്വത്തും ചെലവിൽ വിഫലമാക്കട്ടെ. ഇന്ന് ഇസ്‌ലാമിനെ ആക്രമിക്കുന്നത് ഇസ്‌ലാമിന്റെ എതിരാളികൾ മാത്രമല്ല, ഇസ്‌ലാമിലെ മത പുരോഹിതർ എന്ന് വിളിക്കപ്പെടുന്നവർ കൂടി ഇസ്‌ലാമിനെ

പിന്നിൽ നിന്നും കുത്തുന്നത് ആക്രമണത്തിന്റെ ക്രൂരതയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നു. നമ്മുടെ പരിശുദ്ധനായ യജമാനന്നെതിരെ എയ്യുന്ന ഓരോ അമ്പും വിരിമാറ് കാണിച്ച് നാം തടയേണ്ടതുണ്ട്. അങ്ങനെ ചെയ്യുക. കാരണം അല്ലാഹുവിന്റെ മാർഗത്തിൽ ജീവൻ ത്യജിക്കുക എന്നതിനേക്കാൾ മഹത്തരമായ മറ്റൊരു ജീവത്യാഗവുമില്ല.

* * *

അവസാനമായി ഞാൻ നിങ്ങളോട് പ്രാർത്ഥിക്കാൻ അഭ്യർത്ഥിക്കുകയാണ്. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ്, മനം കവരുന്ന ഈ അന്തരീക്ഷത്തിൽ അവന്റെ പ്രീതിയും ഔദാര്യവുമാണ്, സർവ്വ കുഴപ്പങ്ങളിൽനിന്നും അരാജകത്വത്തിൽ നിന്നും രക്ഷനൽകി അവന്റെ പ്രീതി സമ്പാദിക്കുവാനായി ഇവിടെ ഒരുമിച്ചു കൂടുവാൻ നമുക്ക് അവൻ അവസരം നൽകിയത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പരിശുദ്ധ പ്രവാചക(സ)ന്റെ പ്രണേതാക്കൾ ഇവിടെ സംഗമിച്ചിരിക്കുകയാണ്. അവർ ഇവിടേക്ക് പുറപ്പെടുമ്പോൾ അവരുടെ ഹൃദയം അല്ലാഹുവിന്റെ സ്തുതി കീർത്തനങ്ങൾ ആലപിക്കുന്നുണ്ടായിരുന്നു. ഇപ്പോൾ അവർ ദൈവത്തെ സ്തോത്രം ചൊല്ലി തങ്ങളുടെ വസതികളിലേക്ക് യാത്രതിരിക്കുകയാണ്.

ഇപ്പോൾ നിങ്ങൾ തിരിച്ചു പോകുകയാണ്. നിങ്ങൾ വിടപറയുന്ന ചിന്തയാൽ എന്റെ ഹൃദയം ശോകാർദ്രമാകുകയാണ്. ദൈവം നിങ്ങളുടെ യാത്രയിൽ നിങ്ങളെ സംരക്ഷിക്കുമാറാകട്ടെ. ഞാൻ നിങ്ങളെ ഗാലിബിന്റെ വാക്കുകളിൽ അഭിസംബോധന ചെയ്യുകയാണ്:

وداع و وصل جداگانہ لذّتے دارد

ہزار بار برو صد ہزار بار بیا

കവി പ്രാണപ്രിയയോട് അർത്ഥിക്കുകയാണ്: വേർപാടിന്നും സമാഗമത്തിന്നും വ്യതിരിക്തമായ ആനന്ദമുണ്ട്. ആയിരം തവണ നീ വേർപിരിഞ്ഞാലും പതിനായിരം തവണ നീ

തിരിച്ചുവരും. അതുപോലെ എന്റെ സംപ്രീതരായ അഹ് മദികളോട് അർത്ഥിക്കുകയാണ് അവരും ഒരായിരം തവണ വിടപറയുന്നത് പതിനായിരം തവണ തിരിച്ചു വരാൻ വേണ്ടി യായിരിക്കട്ടെ.

അല്ലാഹുവിന്റെ നാമം വാഴ്ത്തുവാൻ വീണ്ടും അവന്റെ സ്നേഹത്തിന്റെ ദീപം കൊളുത്താൻ, വീണ്ടും ഹൃദയാന്ത രാളത്തിൽ നിന്നും ഉയരുന്ന സ്തുതികൾ ഹദ്റത്ത് മുഹമ്മദ്(സ) മേൽ ചൊരിയാൻ വീണ്ടും നമുക്ക് ഇവിടെ സമാഗമിക്കാം. ഈ സ്നേഹഭാവവും സംപ്രീതത്ത്വവും ശാശ്വതമായി അല്ലാഹു വിശ്വം മുഴുവൻ വർദ്ധിപ്പിക്കുകയും സംവൃതമാക്കുകയും സംക്രമിപ്പിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

إِنَّ اللَّهَ يَأْمُرُ بِالْعَدْلِ وَالْإِحْسَانِ وَإِيتَآئِ
ذِي الْقُرْبَىٰ وَيَنْهَىٰ عَنِ الْفَحْشَآءِ
وَالْمُنكَرِ وَالْبَغْيِ ۚ يَعِظُكُمْ لَعَلَّكُمْ
تَذَكَّرُونَ ○

*തീർച്ചയായും നീതി പുലർത്തുന്നതിനും നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്ന പോലെ സഹായം ചെയ്യുന്നതിനും അല്ലാഹു കൽപിക്കുന്നു. നീചവൃത്തിയും നിഷിദ്ധ കർമ്മവും നിയമ ലംഘനവും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിന് വേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു.*

**(സൂറ: അന്നഹ്ൽ 16: 91)**

# മൂന്നാം ഭാഗം

**ബ്രിട്ടനിലെ സർറെയിലെ ടിൽഫോർഡിലുള്ള ഇസ്ലാമാബാദിൽ 1987 ആഗസ്റ്റ് 2 ന് ചേർന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വാർഷിക യോഗത്തിൽ നടത്തിയ പ്രഭാഷണം.**

# അദ്ധ്യായങ്ങൾ- ഭാഗം മൂന്ന്


16. സാമ്പത്തിക കാര്യങ്ങളിലുള്ള തെളിവ്

17. ദൈവാസ്തികൃത്തിന്റെ തെളിവുകൾ

18. ഒരു പുതിയ തരം സാക്ഷ്യം

19. പ്രപഞ്ചം മുഴുക്കെ പ്രവർത്തിക്കുന്ന അഭിലേഖന വ്യവസ്ഥ

20. ഉടമ്പടികൾ, അതിന്റെ വൈവിധ്യങ്ങൾ, ശിക്ഷകൾ, പ്രതിഫലങ്ങൾ

21. അമുസ്ലിംകളുമായുള്ള ഉടമ്പടികൾ, സന്ധികൾ, കരാറുകൾ

**പരമകാരുണികനും കരുണാനിധിയുമായ**
**അല്ലാഹുവിന്റെ തിരുനാമത്തിൽ**

ഇസ്‌ലാമിലെ തെളിവ് വ്യവസ്ഥ ഒരു വലിയ മേഖല ഉൾക്കൊള്ളുന്നതാണ്. ഖുർആനിക പ്രസ്താവനകളുടെയും പരിശുദ്ധ പ്രവാചക(സ)ന്റെ വചനങ്ങളുടെയും വെളിച്ചത്തിൽ നാം ചിന്തിക്കുമ്പോൾ അതിന് ഇന്ന് ഭൗതിക കോടതികളിൽ നിലനിൽക്കുന്ന തെളിവ് വ്യവസ്ഥയെ പോലെ അത്ര സാമ്യം കണ്ടെന്ന് വരില്ല. വാസ്തവത്തിൽ ഇസ്‌ലാമിക തെളിവ് വ്യവസ്ഥ വളരെ വിപുലമാണ്. അത് നീതിയുടെ അടിസ്ഥാനം ഉൾക്കൊള്ളുന്നു എന്ന് മാത്രമല്ല അത് കാരുണ്യവും ഔദാര്യവും ബന്ധുത്വവും ഉൾക്കൊള്ളുന്നു. ഇസ്‌ലാമിൽ ഈ വിഷയത്തിന്റെ വൈപുല്യം അതിബൃഹത്താണ്. അതായത് നീതി ദൈവം സ്വയം തന്നെ പാലിക്കാൻ ബാദ്ധ്യസ്ഥനാണെണ് ദൈവം പറയുന്നു. മാത്രമല്ല അവന്റെ സൃഷ്ടികളെയും കാരുണ്യത്തോടെയും ബന്ധുത്വത്തോടെയും ഔചിത്യമനുസരിച്ച് പരിപാലിക്കുന്നു. അത് പോലെ ദൈവം അവന്റെ പ്രവാചകന്മാർക്കും ബാധകമായ നീതിയുടെയും കാരുണ്യത്തിന്റെയും ബന്ധുത്വത്തിന്റെയും ഒരു തെളിവു വ്യവസ്ഥ അവതരിപ്പിക്കുന്നു. അപ്രകാരം കഴിഞ്ഞു പോയ ജനതക്കും ഭാവി ജനതക്കും ബാധകമായ അതേ തെളിവു വ്യവസ്ഥയും അവൻ അവതരിപ്പിക്കുന്നു. മാത്രമല്ല മുസ്‌ലിംകളുടെ അഭ്യന്തര തർക്കങ്ങളും അമുസ്‌ലിംകളോടുള്ള അഭിപ്രായ വ്യത്യാസങ്ങളും കൂടി ഈ വ്യവസ്ഥയിൽ അവൻ പരിഗണിക്കുന്നു. അവിടങ്ങളിലെല്ലാം തന്നെ നീതിയുടെ മാത്രമല്ല കാരുണ്യത്തിന്റെയും ബന്ധുത്വത്തിന്റെയും പ്രകടനം ആർക്കും തിരിച്ചറിയാവുന്നതാണ്.

## 16
# സാമ്പത്തിക കാര്യങ്ങളിലുള്ള തെളിവ്

സാമ്പത്തിക തർക്കങ്ങളുടെ വിഷയം നാം ഇതിനു മുമ്പ് ചർച്ച ചെയ്യുകയുണ്ടായി. നിർത്തിയ ആ സ്ഥലത്ത് നിന്നു നാം ആരംഭിക്കുകയാണ്:

يَا أَيُّهَا الَّذِينَ آمَنُوا إِذَا تَدَايَنْتُمْ بِدَيْنٍ إِلَىٰ أَجَلٍ مُسَمًّى فَاكْتُبُوهُ ۚ
وَلْيَكْتُبْ بَيْنَكُمْ كَاتِبٌ بِالْعَدْلِ ۚ وَلَا يَأْبَ كَاتِبٌ أَنْ يَكْتُبَ كَمَا عَلَّمَهُ اللَّهُ
فَلْيَكْتُبْ ۚ وَلْيُمْلِلِ الَّذِي عَلَيْهِ الْحَقُّ وَلْيَتَّقِ اللَّهَ رَبَّهُ وَلَا يَبْخَسْ مِنْهُ
شَيْئًا ۚ فَإِنْ كَانَ الَّذِي عَلَيْهِ الْحَقُّ سَفِيهًا أَوْ ضَعِيفًا أَوْ لَا يَسْتَطِيعُ أَنْ
يُمِلَّ هُوَ فَلْيُمْلِلْ وَلِيُّهُ بِالْعَدْلِ ۚ وَاسْتَشْهِدُوا شَهِيدَيْنِ مِنْ رِجَالِكُمْ
ۖ فَإِنْ لَمْ يَكُونَا رَجُلَيْنِ فَرَجُلٌ وَامْرَأَتَانِ مِمَّنْ تَرْضَوْنَ مِنَ الشُّهَدَاءِ أَنْ
تَضِلَّ إِحْدَاهُمَا فَتُذَكِّرَ إِحْدَاهُمَا الْأُخْرَىٰ ۚ وَلَا يَأْبَ الشُّهَدَاءُ إِذَا مَا دُعُوا ۚ

വിശ്വസിച്ചവരേ, നിങ്ങൾ ഒരു നിശ്ചിത അവധി നിർണ്ണയിച്ചു കൊണ്ട് പരസ്പരം കടമിടപാട് ചെയ്യുന്നതായാൽ അത് നിങ്ങൾ എഴുതി രേഖപ്പെടുത്തുക. നിങ്ങൾക്കിടയിൽ ഒരെഴുത്തുകാരൻ നീതി പൂർവ്വം അത് എഴുതട്ടെ, ഒരു എഴുത്തുകാരനും അത് എഴുതുന്നതിന്ന് വിസമ്മതം കാണിക്കരുത്. കാരണം അല്ലാഹു അയാളെ എഴുതാൻ പഠിപ്പിച്ചിരിക്കുന്നു. അതിനാൽ അയാൾ എഴുതേണ്ടതുതന്നെയാണ്. കടബാദ്ധ്യതയുള്ളവൻ എഴുതാൻ പറഞ്ഞുകൊടുക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്നത് മുഖേന അവൻ തന്റെ നാഥനായ അല്ലാഹുവിനെ ഭയപ്പെട്ടുകൊള്ളട്ടെ. അപരന്റെ അവകാശത്തിൽനിന്ന് ഒന്നും തന്നെ കുറവ് വരുത്താൻ പാടില്ല. ധനത്തിന്റെ ബാദ്ധ്യതയുള്ളയാൾ കാര്യങ്ങൾ വേണ്ടവിധം മനസ്സിലാക്കാൻ ശേഷിയില്ലാത്തവനോ ബലഹീനനോ അഥവാ പറഞ്ഞു കൊടുത്ത് എഴുതിക്കാൻ കഴിവില്ലാ

ത്തവനോ ആണെങ്കിൽ അയാളെ പ്രതിനിധീകരിക്കുന്ന അയാളുടെ രക്ഷാകർത്താവ് (അറ്റോർണി) നീതി പൂർവ്വം വാചകം പറഞ്ഞ് എഴുതിക്കൊടുക്കേണ്ടതാണ്. (അതിന്ന് പുറമെ) നിങ്ങളുടെ പുരുഷന്മാരിൽ നിന്ന് രണ്ട് പേരെ ഇതിന്നായി നിങ്ങൾ സാക്ഷിനിർത്തുകയും ചെയ്യുക. എന്നാൽ രണ്ടു പുരുഷ സാക്ഷികളെ കിട്ടിയില്ലെങ്കിൽ സാക്ഷി പറയാൻ നിങ്ങൾ തൃപ്തിപ്പെടുന്നവരിൽ നിന്ന് ഒരു പുരുഷനും രണ്ടു സ്ത്രീകളും ആവട്ടെ. അവരിൽ ഒരു സ്ത്രീ അവരുടെ തെളിവ് രേഖപ്പെടുത്തുന്നതിൽ മറന്നുപോയെങ്കിൽ അവരുടെ അടുത്ത് ഇരിക്കുന്ന (മറ്റെ സ്ത്രീ വിട്ടുപോയ കാര്യം) ഓർമ്മിപ്പിക്കേണ്ടതാണ്. സാക്ഷികളെ വിളിക്കുമ്പോൾ അവർ വിസമ്മതിക്കരുത്... (സൂറ: ബഖറ 2:283)

ഇവിടെ പ്രത്യേകമായി ശ്രദ്ധിക്കേണ്ടത് സാമ്പത്തിക കാര്യങ്ങൾ വ്യക്തമായും എഴുതി രേഖപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു എന്നതാണ്. ഇസ്‌ലാമിന്റെ പെരുമാറ്റചട്ടങ്ങളിൽ ഇത് ഉൾപ്പെടുത്തേണ്ടതുണ്ട് എന്നത് ഖുർആന്റെ അനുപമമായ ചാരുതയാണ്. മറ്റെല്ലാ മതഗ്രന്ഥങ്ങളും പാരായണം ചെയ്തു കൊണ്ട് ഖുർആന്റെ ഈ പ്രത്യേകത നിങ്ങൾക്ക് പരിശോധിക്കാവുന്നതാണ്. അവയിലൊന്നും തന്നെ എല്ലാ വിധത്തിലുള്ള സാമ്പത്തിക ഇടപാടുകളും എഴുതി രേഖപ്പെടുത്തണം എന്ന നിയമ ബാദ്ധ്യത കാണാൻ സാദ്ധ്യമല്ല. ഏറ്റവും ശ്രദ്ധേയമായ കാര്യം ഖുർആനിക വെളിപാടുകൾ അവതരിച്ച അക്കാലത്ത്, പ്രത്യേകിച്ച് അറബികളിൽ അക്ഷര വിദ്യ അറിയുന്നവരും അക്ഷര ജ്ഞാനികളും വളരെ അപൂർവ്വമായിരുന്നു. ആ കാലഘട്ടത്തിലാണ് മേലുദ്ധരിച്ച ഖുർആനിക വെളിപാടുകൾ അവതരിച്ചത്.

സാമ്പത്തിക ഇടപാടുകളിൽ വിശുദ്ധ ഖുർആന്റെ ഇത്തരം വ്യക്തമായ അദ്ധ്യാപനങ്ങൾ അത്ഭുതകരമാണ്. മുസ്‌ലിം സമൂഹത്തിൽ കാണപ്പെടുന്ന സാമ്പത്തിക തർക്കങ്ങൾക്കെല്ലാം കാരണം ഖുർആന്റെ ഈ കൽപന പാലിക്കാൻ കാണിക്കുന്ന വിമുഖതയാണ്. ഇടപാടിന്റെ തുടക്കത്തിൽ വാചികമായി പറഞ്ഞ ഉപാധികളിൽ ഇരുകക്ഷികളും പൂർണ്ണ സംതൃപ്തരായിരിക്കും. എന്നാൽ വാചിക സംഭാഷണങ്ങളിൽ എല്ലാ

ഉപാധികളും കണിശമായും എഴുതിരേഖപ്പെടുത്തിയിട്ടുണ്ടാവില്ല. ഇക്കാലത്ത് മിക്കവാറും എല്ലാവർക്കും എഴുത്തും വായനയുമറിയാം. അക്ഷരവിദ്യ ഒരപൂർവ്വ അത്ഭുതമല്ല. എന്നിട്ടും ഇക്കാലത്തെ സ്ഥിതി ഇങ്ങനെയാണ്. മറ്റൊരു പ്രശ്നം കരാർ എഴുതാൻ വേണ്ടി തീരുമാനിച്ചാൽ പോലും ചിലപ്പോൾ കരാറിൽ സാക്ഷികളെ കൊണ്ട് ഒപ്പിടുവിക്കുന്നത് അനാവശ്യമാണെന്ന് ചിലർ കരുതുന്നു. വിശുദ്ധ ഖുർആന്റെ സമ്പൂർണ്ണവും സംഗൃഹീതവുമായ അദ്ധ്യാപനങ്ങളുടെ ഈ അവഗണന കാരണം ഇരുകക്ഷികൾക്കും അതിന്റെ ഫലം കിട്ടാതെ വരുന്നു. സാമ്പത്തിക കരാറിൽ ഏർപ്പെട്ട രണ്ട് കക്ഷികൾ തമ്മിൽ അതിൽ പ്രതിപാദിച്ച കാര്യങ്ങളുടെ യഥാർത്ഥ അർത്ഥത്തെ സംബന്ധിച്ച് തർക്കങ്ങൾ ഉടലെടുക്കുമ്പോഴാണ് കരാറിൽ ഒപ്പിടുക എന്ന ഖുർആന്റെ അദ്ധ്യാപനത്തിന്റെ കൂടുതലായുള്ള ഗുണം അവർക്ക് ലഭിക്കുക. അത്തരം സാക്ഷികൾക്ക് തർക്കത്തിലുള്ള കാര്യങ്ങൾ വ്യക്തമാക്കാൻ സാധിച്ചേക്കും. കാരണം അവർക്ക് ആ കരാറിന്റെ പശ്ചാത്തല സാഹചര്യം വ്യക്തമായും അറിവുണ്ടായിരിക്കും.

ഒരു ഇടപാടിന്റെ കരാർ എഴുതാനും വായിക്കാനും അറിയുന്നവർ ശ്രദ്ധിക്കേണ്ട എല്ലാ സാദ്ധ്യതകളുടെയും വിശദാംശങ്ങൾ പോലും ഈ വചനം കണക്കിലെടുത്തിട്ടുണ്ട്. അതായത് ആരാണ് കരാർ എഴുതേണ്ടത് ആരാണ് വാചകം പറഞ്ഞു കൊടുക്കേണ്ടത് എന്ന കാര്യങ്ങൾ പോലും ഈ വചനത്തിലുണ്ട്. ഈ വചന പ്രകാരം കടം ബാദ്ധ്യതയുള്ള കക്ഷി(അധമർണ്ണൻ) യാണ് എഴുതേണ്ടതും എഴുതാനുള്ള വാചകം പറഞ്ഞു കൊടുക്കേണ്ടതും. എഴുതാനും വാചകം പറഞ്ഞു കൊടുക്കാനും ഒരു കക്ഷിയെ ചുമതലപ്പെടുത്തുമ്പോൾ മറുകക്ഷി പറഞ്ഞു കൊടുക്കുന്ന വാചകത്തിന്റെ കാര്യത്തിൽ അതിനേക്കാൾ ജാഗരൂഗമാവും എന്നത് വ്യക്തമാണ്. കാരണം കടം നൽകുന്ന ആൾക്ക് (ഉത്തമർണ്ണൻ) താൻ കൊടുത്ത പണം യാതൊരു തരത്തിലും അപകടപ്പെടും വിധം നേരിയ തോതിൽ പോലും വാക്കുകളിൽ സ്ഥൂലത പാടില്ല. മറിച്ച് എഴുതുന്നതും എഴുതാനുള്ള വാചകം പറഞ്ഞു കൊടുക്കുന്നതും കടം

നൽകിയ ആളാണെങ്കിൽ അഥവാ അധമർണ്ണന്ന് മേൽ അവകാശവാദമുള്ള ഉത്തമർണ്ണനാണെങ്കിൽ അയാൾ എഴുത്തിലോ പറഞ്ഞുകൊടുക്കുന്ന വാക്കുകളിലോ മാറ്റം വരുത്താൻ ശ്രമിച്ചേക്കാം. തർക്കം ഉടലെടുക്കുന്ന ഘട്ടം വന്നാൽ വാക്കുകൾ ഉത്തമർണ്ണന്ന് അനുകൂലമായി മാറ്റിയേക്കാനും സാദ്ധ്യതയുണ്ട്.

മറ്റൊരു അപകടമെന്തെന്നാൽ വാദി കുറഞ്ഞ ധാരണാശക്തിയുള്ളയാളോ സ്വന്തം അവകാശങ്ങൾ സംരക്ഷിക്കാൻ കഴിവില്ലാത്ത ആളോ ആയിരിക്കുന്ന അവസ്ഥയാണ്. അത്തരം കേസുകളിൽ കരാറെഴുതേണ്ടതിന്റേയും അത് പറഞ്ഞുകൊടുക്കേണ്ടതിന്റേയും ചുമതല അയാളുടെ രക്ഷിതാവിലേക്ക് മാറ്റപ്പെടുന്നു. ആ രക്ഷിതാവ് കക്ഷിക്ക് വേണ്ടി അദ്ദേഹത്തിന്റെ അറ്റോർണിയായി പ്രവർത്തിക്കേണ്ടതാണ്. കരാറിലെ വ്യവസ്ഥയുടെ സ്പിരിറ്റ് പൂർണ്ണമായും ഉൾക്കൊള്ളുന്ന വിധം ഉചിതമായ വാക്കുകളിൽ കരാർ എഴുതിയുണ്ടാക്കാനുള്ള എല്ലാ മുൻകരുതലുകളും അറ്റോർണി എടുക്കണം.

ഈ വചനം സ്ത്രീ സാക്ഷിയോട് ഒരിക്കലും പക്ഷപാതിത്വം കാണിക്കുന്നില്ല. കാരണം ഈ വചനം രണ്ട് സ്ത്രീകൾ ഒരുപോലെ സാക്ഷിയായി നിൽക്കണമെന്നല്ല പറയുന്നത്. ഒരു സ്ത്രീമാത്രം കേസ് അവതരിപ്പിക്കുന്നു. ഒന്നാമത്തെയാൾ മറന്നുപോയെങ്കിൽ മാത്രം രണ്ടാമത്തെ ആൾ അവിടെ ഉണ്ടായിരിക്കണമെന്നാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ യാഥാസ്ഥിതികരായ മുല്ലമാർ ഈ വ്യത്യാസം തിരിച്ചറിയുന്നില്ല. ഒരു പുരുഷന് പകരം രണ്ട് വനിതകളുടെ സാക്ഷ്യമാണ് ഇസ്ലാം ഹാജരാക്കുന്നതെന്ന് അവർ പറയുന്നു.

ഈ വചനം ചൂണ്ടിക്കാണിക്കുന്നതെന്തെന്നാൽ ചില അവസരത്തിൽ സാമ്പത്തിക കാര്യങ്ങളിലെ പൂർണ്ണ വിവക്ഷകൾ ഒരു സ്ത്രീ പൂർണ്ണമായും ഗ്രഹിക്കണമെന്നില്ല. ചില സാമ്പത്തികമായ ഒത്തുതീർപ്പുകൾ അവർ മറന്നു പോയെന്ന് വരാം. അത്തരം സാദ്ധ്യതകൾ ഒഴിവാക്കണം എന്നാണ് ഈ നിയമാനുസൃത കരാറിനെ (Convention) സംബന്ധിച്ച് ഖുർ

ആൻ പരിചയപ്പെടുത്തുന്നത്. ഖുർആനിൽ ഒരിടത്തും തന്നെ രണ്ട് സ്ത്രീകൾ ഒരു പുരുഷനു തുല്യമാണ് എന്ന് കാണില്ല.

ഒരു സാമ്പത്തിക വ്യവഹാരത്തിൽ അപൂർവ്വമായി സംഭവിക്കാവുന്ന അത്തരം സാദ്ധ്യതകൾ വിശുദ്ധ ഖുർആൻ മുൻകൂട്ടി കാണുന്നു. സൂറ ബഖറയിൽ 284-ാമത് വചനം പറയുന്നു:

وَاِنْ كُنْتُمْ عَلٰى سَفَرٍ وَّلَمْ تَجِدُوْا كَاتِبًا فَرِهٰنٌ مَّقْبُوْضَةٌ

അർത്ഥം ഇപ്രകാരമാണ്:

അവരിൽ ആരെങ്കിലും ഒരാൾ യാത്രയിലായിരിക്കുകയും അപ്രതീക്ഷിതമായി കുറച്ച് പണം ആവശ്യമായി വരികയും ഇടപാട് എഴുതുവാൻ സാധിക്കാതെ വരുകയും ചെയ്താൽ അയാൾ കടം വാങ്ങുന്ന പണത്തിന്ന് പകരമായി എന്തെങ്കിലും വസ്തു പണയം വെക്കേണ്ടതാണ്. (2: 284)

ഖുർആൻ തുടർന്ന് പറയുന്നു:

فَاِنْ اَمِنَ بَعْضُكُمْ بَعْضًا فَلْيُؤَدِّ الَّذِى اؤْتُمِنَ اَمَانَتَهٗ وَلْيَتَّقِ اللّٰهَ رَبَّهٗ

അങ്ങനെ ഒരാൾ എന്തെങ്കിലും നിങ്ങളെ ഏൽപ്പിക്കുകയും അത് തിരിച്ചു തരാൻ അഭ്യർത്ഥിക്കുകയും ചെയ്താൽ, തഖ്‌വയോടുകൂടി അത് ഉടമസ്ഥനെ തിരിച്ചേൽപ്പിക്കേണ്ടതാണ്. അയാൾ തന്റെ നാഥനായ അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്., وَلَا تَكْتُمُوا الشَّهَادَةَ സാക്ഷ്യം മറച്ചുവെക്കരുത് وَمَنْ يَّكْتُمْهَا فَاِنَّهٗٓ اٰثِمٌ قَلْبُهٗ ആരാണോ സാക്ഷ്യം മറച്ചുവെക്കുന്നത് അയാളുടെ ഹൃദയം പാപഗ്രസ്തമാണ്. وَاللّٰهُ بِمَا تَعْمَلُوْنَ عَلِيْمٌ അല്ലാഹു നിങ്ങൾ ചെയ്യുന്നത് നന്നായി അറിയുന്നവനാണ്.

ലോകത്തിലെ എല്ലാ മതഗ്രന്ഥങ്ങളിലും വെച്ച് യാത്രക്കാരനായ ഒരാൾക്ക് പണത്തിന്റെ ആവശ്യം നേരിടുന്ന സാഹചര്യം ചർച്ച ചെയ്യുന്ന ആദ്യത്തെ മതഗ്രന്ഥം വിശുദ്ധ ഖുർആൻ മാത്രമാണ് എന്ന കാര്യം ശ്രദ്ധേയമാണ്. ചില ആളുകൾ തങ്ങളുടെ സ്വഭാവത്തിന്റെ ഭാഗമായി യാത്രയിലാണ് എന്ന് പറഞ്ഞ് കടത്തിന്നായി യാചന നടത്താറുള്ളത് സാധാരണയായി കാണാറുണ്ട്. പല ആളുകളും മനസ്സലിഞ്ഞ് അവർക്ക് എന്തെങ്കിലും കടം കൊടുക്കുകയും ചെയ്യും. ചിലപ്പോൾ മാത്രമാണ് അത് തിരിച്ചു കിട്ടാറുള്ളത്.

പതിനാല് നൂറ്റാണ്ടുകൾക്ക്മുമ്പ് വിശുദ്ധ ഖുർആൻ ഭാവിതലമുറയുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ടി അത്രത്തോളമുള്ള ഉപാധികൾ മുന്നോട്ടുവെക്കുകയുണ്ടായി. പക്ഷേ നിർഭാഗ്യകരമെന്നു പറയട്ടെ ഇക്കാലത്ത് മിക്കവാറും യാത്രക്കാർ വിലപിടിപ്പുള്ള വസ്തുക്കളുമായിട്ടാണ് യാത്രചെയ്യുക. കടത്തിന്ന് പകരമായി അത്തരം വസ്തുക്കൾ എളുപ്പത്തിൽ പണയമായി നൽകാൻ അവർക്ക് സാധിക്കുന്നതാണ്. ഇത് സംബന്ധിച്ച് ഖുർആന്റെ കൽപ്പനകൾ പാലിക്കാത്തത് കൊണ്ടാണ് അവർക്ക് കടം നൽകുന്നവർ പ്രയാസത്തിലാകുന്നത്. അങ്ങനെ അവർ സമൂഹത്തിൽ കയ്പിന്റെ വിത്ത് വിതക്കുന്നു. അശ്രദ്ധമായ ഈ സ്വഭാവത്തിന്റെ മറ്റൊരു ഫലം അത് സാമ്പത്തിക ഇടപാടുകളിൽ വഞ്ചനാത്മക സ്വഭാവം പ്രോത്സാഹിപ്പിക്കുന്നു എന്നതാണ്. ഒറ്റനോട്ടത്തിൽ അനാവശ്യമെന്ന് തോന്നുന്ന ഈ വിശദീകരണം നിസ്സാരമായി തള്ളിക്കളയരുത്.

## 17

# ദൈവാസ്തികൃത്തിന്റെ തെളിവുകൾ

സാമ്പത്തിക ഇടപാടിനെ സംബന്ധിച്ച ഈ രണ്ട് വശങ്ങൾ ചർച്ച ചെയ്തു കൊണ്ട് ദൈവാസ്തികൃത്തെ കുറിച്ചുള്ള സാക്ഷ്യത്തിന്റെ ചില പ്രത്യേകതകളിലേക്ക് ഞാൻ പ്രവേശിക്കുകയാണ്.

## ദൈവം, മാലാഖമാർ, ജ്ഞാനികൾ എന്നിവരുടെ സാക്ഷ്യങ്ങൾ

ദൈവം അവന്റെ തന്നെ അസ്തിത്വത്തെ സംബന്ധിച്ച് മുന്നോട്ട് വെക്കുന്ന സാക്ഷ്യത്തെ പറ്റി വിശുദ്ധ ഖുർആൻ അതീവ പ്രാധാന്യത്തോടെ പറയുന്ന കാര്യങ്ങളോടൊപ്പം നമുക്ക് ആരംഭിക്കാം. ദൈവം നിലനിൽക്കുന്നുണ്ടോ അതല്ല അവൻ നിലനിൽക്കുന്നില്ലയോ? ഈ അടിസ്ഥാനത്തിലാണ് എല്ലാ മതങ്ങളും കെട്ടിപൊക്കിയിരിക്കുന്നത്. ചോദ്യം ഇതാണ്. ദൈവം നിലനിൽക്കുന്നുവെങ്കിൽ ആരാണ് അവനെ കണ്ടത്? അവൻ കാണുന്നത്പോലെ നല്ലവനാണോ എന്നതിന്ന് ആരാണ് സാക്ഷ്യം വഹിച്ചത്? മർമ്മ പ്രധാനമായ കാര്യം, ദൈവം അവന്റെ അസ്തിത്വത്തിന്ന് തെളിവായി അവൻ സ്വയം തന്നെ സംസാരിക്കണം. അവന്റെ ശബ്ദം കേട്ടവരെ തന്നെ സാക്ഷികളായി അവതരിപ്പിക്കുകയും വേണം. ആനുഷംഗികമായി പറയട്ടെ, ഇത് വിശുദ്ധ ഖുർആനെ ഇതര മതഗ്രന്ഥങ്ങളിൽ നിന്നും വ്യതിരിക്തമാക്കുന്ന മറ്റൊരു കാര്യമാണ്. 'ഞാൻ ഉണ്ട്' എന്ന ദൈവത്തിന്റെ തന്നെ വ്യക്തമായ അവകാശവാദം അവതരിപ്പിക്കുന്നതിൽ അത്തരം മതഗ്രന്ഥങ്ങൾ പരാജയപ്പെടുന്നു. ചില മതഗ്രന്ഥങ്ങൾക്ക് ഈ ധ്വനി ഉണ്ടാക്കുന്ന വാക്കുകളുണ്ട്. പക്ഷേ മിക്ക മതഗ്രന്ഥങ്ങളിലും ഇത്പോലെയുള്ള വാക്കുകളില്ല. തെളിവുകളുടെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ട് സാക്ഷികൾക്ക് പിറകെ സാക്ഷികളുമായി ഈ അവ

കാശവാദത്തെ അനുകൂലിക്കുകയോ അനുകൂലിക്കാതിരിക്കുകയോ ചെയ്യുന്നവരുണ്ട്.

വിശുദ്ധ ഖുർആന്റെ നിരീക്ഷണം നോക്കുക:

شَهِدَ اللَّهُ أَنَّهُ لَا إِلَٰهَ إِلَّا هُوَ وَالْمَلَائِكَةُ وَأُولُو الْعِلْمِ قَائِمًا بِالْقِسْطِ ۚ لَا إِلَٰهَ إِلَّا هُوَ الْعَزِيزُ الْحَكِيمُ ﴿١٩﴾

താനല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്ന് നീതിയെ മുൻനിർത്തി അല്ലാഹു സാക്ഷ്യം വഹിക്കുന്നു. (അപ്രകാരം തന്നെ) മലക്കുകളും ജ്ഞാനികളും സാക്ഷ്യം വഹിക്കുന്നു. പ്രതാപശാലിയും അഗാധജ്ഞനുമായ അവനല്ലാതെ മറ്റൊരു ആരാധ്യനില്ല. (ആലു ഇംറാൻ 3:19)

ഇപ്പോൾ ആരാണ് അല്ലാഹുവിൽ നിന്നും ഈ അവകാശവാദം കേൾക്കുന്നത്, എങ്ങനെയാണ് ഈ അവകാശവാദം അവൻ പുറപ്പെടുവിച്ചതെന്ന് നമുക്കറിയാൻ സാധിക്കുക? നമുക്ക് പരിശോധനക്കായി പല കോണുകളിൽ നിന്നും ഇത് നോക്കാവുന്നതാണ്. ആദ്യമായി ഇതിന്ന് യാതൊരു എതിർ തെളിവുകളും നിലനിൽക്കുന്നില്ല. ദൈവം സ്വയമല്ലാതെ ദൈവ പദവിക്ക് മറ്റൊരു വാദിയുമില്ല. അങ്ങനെ ദൈവത്തെ കൂടാതെ താനും കൂടി ദൈവമായി ഇരിക്കുന്നു എന്ന വാദം ആരും ഒരിക്കലും പുറപ്പെടുവിച്ചിട്ടുമില്ല. ദൈവത്തെ കൂടാതെ മറ്റുദൈവങ്ങളുമുണ്ട് എന്ന വാദം ഉന്നയിച്ചത് മനുഷ്യൻ മാത്രമാണ്. ദൈവ പദവിക്ക് മറ്റൊരു എതിർവാദി ഇല്ലാതിരിക്കുക എന്നത് വാസ്തവത്തിൽ അല്ലാഹുവിന്റെ വാദത്തിന്ന് അനുകൂലമായ ശക്തമായ ഒരു തെളിവാണ്. മറ്റുദൈവങ്ങളും ഉണ്ടായിരുന്നുവെങ്കിൽ അവർ എല്ലാവരും കൂടി 'ഞങ്ങൾകൂടി ഉണ്ട്', 'ഞങ്ങൾകൂടി ഉണ്ട്', 'ഞങ്ങൾകൂടി ഉണ്ട്' എന്ന് ഉച്ചത്തിൽ എതിർ വാദമുന്നയിച്ചുകൊണ്ട് തങ്ങളുടെ ശബ്ദജാലത്താൽ പ്രപഞ്ചമാസകലം നിറയുമായിരുന്നു. പക്ഷേ ഇത് സംഭവിക്കുന്നില്ല.

ഏക ദൈവത്തിലോ ബഹുദൈവങ്ങളിലോ വിശ്വസിക്കുന്ന ഏതെങ്കിലും വിശ്വാസികൾക്ക് മേൽപറഞ്ഞ തെളിവുകളുടെ അഭാവം മാത്രം മതിയാകും. പക്ഷേ ദൈവത്തിൽ വിശ്വാസമി

ല്ലാത്ത ആളുകൾക്ക് മറ്റൊരു രീതിയിൽ ഖുർആൻ നൽകുന്ന തെളിവ് നാം പിന്നീട് നൽകുന്നതാണ്.

മേൽ ഉദ്ധരിച്ച വചനത്തിലേക്ക് സമയോചിതമായി മടങ്ങി വരാം. നാം ഇവിടെ മലക്കുകളുടെ (മാലാഖമാർ) തെളിവുകൾ എന്ന വിഷയത്തിലേക്ക് വരാം. മലക്കുകൾ مَلٰٓئِكَة (മാലാഖമാർ) എന്ന പ്രതിപാദനം വിശുദ്ധ ഖുർആനിലുടനീളം വ്യാപിച്ചു കിടക്കുന്നു. മലക്കുകൾ പ്രകൃതി നിയമങ്ങൾ നിയന്ത്രിക്കാനായി സൃഷ്ടിക്കപ്പെട്ട ബോധാത്മക അസ്തിത്വമാണെന്ന് സംശയ ലേശമന്യേ നമുക്ക് നിഗമനത്തിലെത്താവുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകൻ വാഗ്ദത്ത മസീഹിന്റെ(അ) അത്യഗാധമായ ജ്ഞാനപ്രകാരം മലക്കുകൾ എന്നത് നിരന്തരമായ മാർഗ്ഗദർശനത്തിന്ന് കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രകൃതി നിയമങ്ങളുടെ യജമാനന്മാരാണ്. ഊർജ്ജതന്ത്രം, രസതന്ത്രം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം എന്നിങ്ങനെ ശാഖകളായി പിരിഞ്ഞുകിടക്കുന്നു. മുഴു ശാസ്ത്രലോകവും ഒരുപോലെ ഈ മലക്കുകളാണ് ഭരിക്കുന്നത്. ആയതിനാൽ പ്രകൃതി നിയമങ്ങൾ സ്വയം തന്നെ ഭരിക്കപ്പെടുന്നതായി നിങ്ങൾ കാണുകയാണെങ്കിൽ, അത് ഒരു സങ്കടകരമായ മണ്ടത്തരമായിരിക്കും. മേൽപറഞ്ഞ മലക്കുകളെ കുറിച്ചുള്ള സാക്ഷ്യത്തെ പറ്റി ചിന്തിക്കുകയാണെങ്കിൽ നിങ്ങൾ മലക്കുകളിൽ വിശ്വസിച്ചാലും ഇല്ലെങ്കിലും പ്രകൃതിയിൽ പ്രകടിതമാവുന്ന അവരുടെ സാക്ഷ്യം നിങ്ങളെ അതേ നിഗമനത്തിലേക്ക് തന്നെയാണ് എത്തിക്കുക. ഇവിടെ ഒരു ദൈവമുണ്ടെങ്കിൽ അവൻ ഒരുവനായിരിക്കണം. ഒന്നുമാത്രമായിരിക്കണം. ബഹുദൈവ സങ്കൽപ്പം ഈ മഹിതമായ തെളിവിനെ തകർക്കുകയും പൊടിച്ചു പരത്തുകയും ചെയ്യും. പ്രപഞ്ചമാകെ അതിന്റെ വിരൽ ചൂണ്ടുന്നത് ഒരു സ്രഷ്ടാവിലേക്കാണ്.

എവിടെയെല്ലാം മതത്തിന്റെ ആളുകൾ അവരുടെ ഹൃദയത്തിൽ മലക്കുകൾ ഇറങ്ങുന്നുവെന്ന് വാദിച്ചുവോ അവർ നൽകിയ സന്ദേശത്തിൽ ഏകനായ ദൈവത്തെ ആരാധിക്കാൻ പാടില്ല, ബഹുദൈവങ്ങളെയും ആരാധിക്കുക, കാരണം അവന്ന് പുറമെ മറ്റു

ദൈവങ്ങളും സഹവർത്തിച്ചു നിൽക്കുന്നുണ്ട് എന്ന സന്ദേശം ലഭിച്ചതായി ഉന്നയിക്കപ്പെടുന്നില്ല

അതേ വചനത്തിൽ ഉള്ളടങ്ങിയ മൂന്നാമത്തെ തെളിവ്. ജ്ഞാനികളായ ആളുകളുടേതാണ്. ദൈവത്തിന്റെ *ഖായിമൻ ബിൽ ഖിസ്തി* (قَآئِمًا بِالْقِسْطِ) അർത്ഥം – 'അവൻ എപ്പോഴും നീതിയുടെ പരിപാലകനാണ്' എന്ന ഗുണത്തിന്ന് കീഴിൽ അവരെ എപ്പോഴും മലക്കുകൾ പര്യാവരണം ചെയ്യുന്നു. അങ്ങനെ അതേ ഗുണങ്ങൾ തന്നെ മലക്കുകളുടെയും ജ്ഞാനികളായ ആളുകളുടെയും തെളിവുകളിലും പതിയുന്നു. സമൂഹത്തിൽ മുഴുവനും സത്യസന്ധരും ജ്ഞാനികളുമാണെന്ന് അറിയപ്പെടുന്ന നീതിമാന്മാരായ ആളുകളോട് നിങ്ങൾ അന്വേഷിച്ചാൽ അവർ വ്യക്തിപരമായി ഏകനായ ഒരു ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ലെന്ന് എപ്പോഴും സാക്ഷ്യം വഹിക്കുന്നവരായിരിക്കും. അദ്ദേഹം ഏത് മതം പിന്തുടരുന്ന ആളായാലും അദ്ദേഹം ഈ സാക്ഷ്യമാണ് നൽകുക. ഒരു ദൈവത്തിലും വിശ്വസിക്കാത്ത വ്യക്തി ആണെങ്കിൽ, അയാൾ ആ നിലപാട് തന്നെയാണ് പാലിക്കുക. നേരിട്ടുള്ള ചോദ്യമാണെങ്കിൽ അദ്ദേഹം നൽകാൻ സാദ്ധ്യതയുള്ള ഉത്തരം: എന്റെ ഹൃദയത്തിൽ ഒരു ദൈവവും ഇറങ്ങിയിട്ടില്ല എന്നായിരിക്കും. എന്നാൽ എന്റെ ഹൃദയത്തിൽ ഒന്നിലധികം ദൈവം ഇറങ്ങി എന്ന് അദ്ദേഹവും പറയില്ല.

## ദൈവാസ്തിത്വം:
## നാസ്തികന് വേണ്ടിയുള്ള തെളിവ്

വിശുദ്ധ ഖുർആൻ മനുഷ്യ പ്രകൃതിയുടെ ഒരു തെളിവിന്നായി മുന്നോട്ട് വെക്കുന്ന ഒരു വാദം കൂടിയുണ്ട്. ഈ വാദം സൂറ: അഅ്റാഫിൽ ഇപ്രകാരം കാണാം:

وَاِذْ اَخَذَ رَبُّكَ مِنْۢ بَنِيْٓ اٰدَمَ مِنْ ظُهُوْرِهِمْ ذُرِّيَّتَهُمْ وَاَشْهَدَهُمْ عَلٰٓى اَنْفُسِهِمْ ۚ اَلَسْتُ بِرَبِّكُمْ ۗ قَالُوْا بَلٰى ۛ شَهِدْنَا ۛ اَنْ تَقُوْلُوْا يَوْمَ الْقِيٰمَةِ اِنَّا كُنَّا عَنْ هٰذَا غٰفِلِيْنَ ﴿١٧٢﴾

ആദം സന്തതികളേ അവരുടെ നാഭീ പ്രദേശത്ത്നിന്നും അവരുടെ പിൻ തലമുറകളെ നിന്റെ നാഥൻ പുറത്ത് കൊണ്ടുവരികയും 'ഞാൻ നിങ്ങളുടെ നാഥനല്ലയോ?' എന്ന് ചോദിച്ചു കൊണ്ട് അവരുടെ ആത്മാക്കളുടെ മേൽ അവരെ തന്നെ സാക്ഷിനിർത്തുകയും ചെയ്തപ്പോൾ, അവർ പറഞ്ഞു: 'അതേ ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു' ഞങ്ങൾ അതിനെ സംബന്ധിച്ച് അശ്രദ്ധരായിരുന്നു എന്ന് പുനരുത്ഥാന നാളിൽ പറയാതിരിക്കാൻ വേണ്ടിയാണിത്. *(സൂറ: അഅ്റാഫ് 7: 173)*

ഇതിന്ന് അർത്ഥം, തന്റെ നാഭീ പ്രദേശത്തുനിന്നുമുള്ള രേതസ്ക്കണത്തിൽ നിന്നും പുറപ്പെടുന്ന എല്ലാ ആദം സന്തതികളും അവർ ഭൂതകാലത്തോ ഭാവിയിലോ പിറക്കുന്നവരായാലും അവരിൽ ദൈവാസ്തിക്യത്തെ കുറിച്ച് ഒരു ആഭ്യന്തര തെളിവ് ഉണ്ടാകും എന്നാണ്. മിക്ക ആളുകളും താൻ പിറന്ന അണ്ഡത്തിന്റെയും ബീജത്തിന്റെയും സങ്കലനം വഹിക്കുന്ന സങ്കീർണ്ണമായ ക്രോമസോമുകളെക്കുറിച്ച് ചിന്തിക്കുന്നില്ല. ക്രോമസോമാകട്ടെ അവിശ്വസനീയമാംവിധം സൂക്ഷ്മമായ ജീനുകളാൽ നിർമ്മിക്കപ്പെട്ടതാണ്. ജീനുകൾ വളരെയേറെ സങ്കീർണ്ണവും ദീർഘവുമായ ഒരു ശൃംഖലയിൽ നന്നായി ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ഓരോന്നും അതാതിന്റെ കൃത്യ സ്ഥലത്താണ് വിന്യസിക്കപ്പെട്ടിരിക്കുന്നത്. ജീവനെ നശിപ്പിക്കാതെ അതിൽ വ്യതിയാനം വരുത്താൻ സാധിക്കില്ല. അവ അത്യന്തം സൂക്ഷ്മമായിരിക്കെത്തന്നെ എല്ലാ സ്ത്രീ പുരുഷന്മാരുടെയും ഭ്രൂണാവസ്ഥയിൽ തന്നെ രൂപം, സ്വഭാവം, വ്യക്തിപരമായ പ്രത്യേകതകൾ മുതലായ സകല രൂപരേഖയും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. പിറക്കാത്ത കുഞ്ഞിന്റെ വളരേണ്ട അവയവങ്ങൾ എപ്പോഴാണ് വളരേണ്ടതെന്നും വളർച്ച നിലക്കേണ്ട സമയം ഏതാണെന്നും എല്ലാം അതിൽ ഉള്ളടങ്ങിയിട്ടുണ്ട്. അതിൽ മനുഷ്യ ശരീരത്തിന്റെ എല്ലാ കഴിവുകളും അതിന്റെ ഹൃദയം, ഭാവിയിലെ പ്രവണതകൾ, രോഗ പ്രതിരോധ സംവിധാനം, ഭാവിയിൽ ഓരോ ഘട്ടങ്ങളിലും അതിന്നുണ്ടാകുന്ന മാറ്റങ്ങൾ അതിന്റെ പരിമിതികൾ എല്ലാം അവയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മനുഷ്യശരീരത്തിലെ ഓരോ കോശങ്ങളിലും മുഴുവൻ ജീവ ന്റെ രൂപരേഖയും ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. അത്തരം സമ്പൂർണ്ണ തികവാർന്ന കോശങ്ങളുടെ സംഘാടനം സ്വയംതന്നെ നിലവിൽ വരില്ല എന്ന് കാര്യബോധമുള്ളവർക്ക് ഇത് സൂചന നൽകുന്നു. ഇവിടെ എന്തായാലും സമാനതകളില്ലാത്ത ഈ അത്ഭുതം സൃഷ്ടിച്ച ഒരു സ്രഷ്ടാവ് ഉണ്ടായിരിക്കേണ്ടതുണ്ട്. ആ ജീനുകൾ ഉൾക്കൊള്ളുന്ന സന്ദേശം, ശാസ്ത്രജ്ഞന്മാർ തലമുറകളോളം മനസ്സിലാക്കാൻ സാധന ചെയ്താലും മനു ഷ്യന്ന് പൂർണ്ണമായും ഉൾക്കൊള്ളാൻ സാദ്ധ്യമല്ല. മാത്രമല്ല ജീനുകൾക്ക് സ്വയം ജനിക്കാൻ സാദ്ധ്യമല്ല എന്ന് ജ്ഞാനികളായ മനുഷ്യർ ബോധപൂർവ്വം സാക്ഷ്യം വഹിക്കുന്നു. ഇത് സം ബന്ധിച്ച് അഗാധമായ അജ്ഞതയിലായിരുന്നവർ ഇക്കാര്യം മനസ്സിലാക്കിയിട്ടില്ല. 'ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ?' എന്ന് ദൈവം ആരാഞ്ഞപ്പോൾ അവരുടെ ജീവന്റെ മൂലാധാരത്തിൽ ദൈവം അത് ഉല്ലേഖനം ചെയ്യപ്പെട്ടതാണ്. തങ്ങളുടെ പൂർവ്വ പിതാക്കളുടെ നാഭീദേശത്ത് നിന്നും ഉച്ചരിക്കപ്പെടാത്ത വാക്കു കളിൽ ഉതിർന്നു വീണ മറുപടി 'എന്തുകൊണ്ടില്ല?', എന്നായി രുന്നു.

ഈ വിഷയം അത്യന്തം ബൃഹത്താണ്. ഞാൻ മുമ്പ് പ്രതി പാദിച്ചതു പോലെ ഇത് സംബന്ധിച്ച് ശാസ്ത്രജ്ഞന്മാർ എഴുതിയ വിവരങ്ങൾ വായിച്ചുതീരാൻ ഒരു വായനക്കാരന് ജീവിതം മുഴുവൻ ചെലവാക്കേണ്ടിവരും. ഈ വിവരങ്ങളെല്ലാം രേഖപ്പെടുത്തിവെക്കാൻ ശാസ്ത്രജ്ഞന്മാർ തലമുറ തലമുറ യായി കഠിനമായി പരിശ്രമിക്കേണ്ടി വരും. ഇത് സംബന്ധിച്ച മുഴുവൻ ശാസ്ത്രഗവേഷണങ്ങളും എഴുതി രേഖപ്പെടുത്തുക യാണെങ്കിൽ അത് നൂറുക്കണക്കിന്ന് വാല്യങ്ങൾ വരുന്ന പുസ് തക ശേഖരം തന്നെ ആയിത്തീരും.

അതായത് ആദ്യമായി മേൽപറഞ്ഞ വചനത്തിൽ നിന്നും ദൈവം ഉണ്ട് എന്ന സങ്കൽപ്പം ഒരു കാലഘട്ടത്തിലെ ഒരു തലമുറയിലെ മനുഷ്യരിൽ മാത്രം അഭ്യന്തരമായി ബോധ നം ചെയ്യപ്പെട്ടതല്ല എന്ന് വ്യക്തമാണ്. എന്നാൽ ആദം സന്തതികൾക്ക് മുഴുവൻ ഈ സങ്കൽപ്പം അനന്തരാവകാ

ശമായി ലഭിച്ച പൈതൃകമാണ്. നാസ്തികരായ നിരീശ്വ രവാദികൾ പോലും ആത്മ പരിശോധന നടത്തിയാൽ അത്ത രത്തിലുള്ള നിരവധി സാക്ഷ്യങ്ങൾ അവർക്ക് സ്വയം തന്നെ കണ്ടെത്താവുന്നതാണ്. തീർച്ചയായും എല്ലാ മനുഷ്യരുടെ ബോധമണ്ഡലവും ദൈവത്തിന്റെ അസ്തിത്വം പിന്തുട രുന്നില്ല. ഈ വചനത്തിൽ '**അലാ**'-(عَلَىٰ) എന്ന വാക്ക് ഉൾപ്പെ ടുന്നില്ലായിരുന്നുവെങ്കിൽ ഈ എഴുതപ്പെട്ട സാക്ഷ്യം അവ രിൽ പലർക്കുമെതിരെ ഒരു സാക്ഷിയായി നിൽക്കുമായി രുന്നു.

വിശുദ്ധ ഖുർആനിലെ **ഹാ മീം സജദ** എന്ന അദ്ധ്യായ ത്തിൽ രണ്ട് വ്യത്യസ്ത വീക്ഷണകോണിലൂടെ ഇത് സംബന്ധി ച്ച് അതേ വസ്തുതയിലേക്ക് തന്നെ മനുഷ്യന്റെ ശ്രദ്ധ ക്ഷണി ക്കുന്ന മറ്റൊരു വചനമുണ്ട്.

سَنُرِيهِمْ ءَايَٰتِنَا فِى ٱلْءَافَاقِ وَفِىٓ أَنفُسِهِمْ حَتَّىٰ يَتَبَيَّنَ لَهُمْ أَنَّهُ ٱلْحَقُّ ۗ أَوَلَمْ يَكْفِ بِرَبِّكَ أَنَّهُۥ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿٥٣﴾

(ദൈവത്തിന്റെ അസ്തിത്വം) സത്യമാണെന്ന് (ഭൂമിയുടെ) ചക്ര വാളങ്ങളിലും അവരിൽ തന്നെയും നാം എഴുതിയ ദൃഷ്ടാന്തങ്ങൾ അവരിൽ പ്രകടിതമാവുന്നത് വരെ നാം അവർക്ക് ഉടൻ കാണി ച്ചുകൊടുക്കും. നിന്റെ നാഥൻ എല്ലാ കാര്യത്തിലും സാക്ഷിയാ ണെന്നത് മതിയായതല്ലേ?

*(ഹാമീം അൽ- സജ്ദ 41:54)*

ഭൂമിയിൽ മുഴുവൻ ദൈവത്തിന്റെ അസ്തിത്വത്തെ സംബ ന്ധിച്ച തെളിവുകൾ ചിതറിക്കിടക്കുന്നു എന്ന് ഈ വചനം ഉണർത്തുന്നു. അതിഗഹനവും ബൃഹത്തായതുമായ ഈ പഠന ത്തിൽ മുഴുകുവാൻ ഒരാൾക്ക് കഴിയുന്നില്ലെങ്കിൽ അയാൾ തന്റെ ഹൃദയത്തിലേക്കും ജീവിതത്തിന്റെ സങ്കീർണ്ണതയിലേ ക്കും തിരിയേണ്ടതുണ്ട്. അങ്ങനെ ദൈവത്തിന്റെ അസ്തിത്വ ത്തെ സംബന്ധിച്ച് അവനിൽ നിന്ന് തന്നെ മനസ്സിലാക്കാൻ കഴിയണം. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള മനുഷ്യർ ക്കും ഏതെങ്കിലും വിധത്തിലുള്ള ദൈവ വിശ്വാസമുണ്ട് എന്ന കാര്യം ഒരത്ഭുതമല്ല. അബോറിജിനുകൾക്കിടയിലും തദ്ദേശീയ

രായ അമേരിക്കൻ ജനതക്കിടയിൽ പോലും ദൈവാസ്തി ത്വത്തെ സംബന്ധിച്ച അതേ ബോധം കുടികൊള്ളുന്നു. ഇത് മാത്രമല്ല രണ്ടു കൂട്ടരിലും പൊതുവായുള്ള അചഞ്ചല വിശ്വാസ മെന്തെന്നാൽ ഭാവിയിൽ ഭീതിയും സന്തോഷവും ഉണ്ടാക്കുന്ന സംഭവങ്ങളെ പറ്റി ദൈവം ആളുകളെ അറിയിക്കുമെന്നാണ്.

മനുഷ്യൻ അംഗീകരിക്കാൻ വിശുദ്ധ ഖുർആൻ ഇടക്കിടെ നിർബന്ധിക്കുന്ന മറ്റൊരു തെളിവ് ഒന്നുമില്ലാത്ത അവസ്ഥ യിൽ നിന്നും മനുഷ്യൻ അസ്തിത്വത്തിലേക്ക് വന്ന കാര്യമാണ്. അപ്രകാരം മനുഷ്യന്ന് അറിയാവുന്ന ഒരു കാര്യം അവൻ സ്വയം തന്നെ അവന്റെ സ്രഷ്ടാവല്ല എന്നതാണ്. അതായത് മനുഷ്യൻ അവന്റെ സ്വയം സ്രഷ്ടാവല്ല. ആയതിനാൽ ഒന്നുമില്ലായ്മ യിൽ നിന്നും അവൻ സൃഷ്ടിക്കപ്പെട്ടു എന്നിരിക്കെ പുറത്ത് നിന്നുള്ള ഒരു ശക്തിയുടെ ആവശ്യമുണ്ട് എന്ന കാര്യം അവൻ അറിയുന്നു.

മനുഷ്യ പ്രകൃതിയിൽ കൊത്തിവെച്ച മറ്റൊരു തെളിവ് എല്ലാ കാലത്തുമുള്ള ജനങ്ങളിൽ ധാർമികതയുടെ സാക്ഷാത്ക്കാര ത്തെ പറ്റി കാണപ്പെടുന്ന സാമ്യതയാണ്. സർവ്വകാലത്തെ ജന തകൾക്കും തിന്മയും നന്മയും വേർതിരിച്ചറിയാം. പലവിധ വാദമുഖങ്ങളാൽ നാസ്തികതയെ പിന്തുണക്കുകയും അതി ന്ന് വേണ്ടി പരിശ്രമിക്കുകയും ചെയ്യുന്ന നാസ്തികരായ തത്ത്വ ശാസ്ത്രകാരന്മാർ പോലും ഈ സാർവ്വത്രിക സാക്ഷ്യത്തെ അഭിമുഖീകരിക്കുമ്പോൾ അന്ധാളിക്കുകയും ആശയക്കുഴ പ്പത്തിലാവുകയും ചെയ്യുന്നു. ധാർമികതയെ സംബന്ധിച്ച സങ്കൽപ്പങ്ങൾ എല്ലാ മനുഷ്യരിലും സാർവ്വത്രികമായി ഒരുപോലെ കാണപ്പെടുന്നു എന്നതിനെ സംബന്ധിച്ച് അവർ വിസ്മയഭരിതരാവുന്നു. ദൈവം ഇല്ലായിരുന്നുവെങ്കിൽ ധാർ മികതയെ സംബന്ധിച്ച് ഒരു സാർവ്വലൗകിക സങ്കൽപ്പം ഉണ്ടാകുമായിരുന്നില്ല. കമ്മ്യൂണിസ്റ്റ് തത്ത്വശാസ്ത്ര ലോകം അഭിമുഖീകരിക്കുന്ന പ്രഹേളിക ഇതാണ്. അവരിൽ തന്നെ കുടികൊള്ളുന്ന ഈ ആഭ്യന്തര തെളിവിന്റെ സാന്നിദ്ധ്യം അവർ തിരിച്ചറിയുന്നുവെങ്കിലും അത് അവർക്ക് നിഷേധി ക്കേണ്ടി വരുന്നു. മറ്റുവാക്കുകളിൽ പറഞ്ഞാൽ മനുഷ്യൻ

അധാർമികനായ ഒരു ജീവിയാണ് എന്ന് പ്രഖ്യാപിച്ച മാർക്സിന് കമ്മ്യൂണിസ്റ്റ് അടിത്തറയുടെ ആദ്യത്തെ ഇഷ്ടിക പാകാൻ കഴിഞ്ഞിരുന്നില്ല.

ഖുർആൻ പ്രകാരം മനുഷ്യന്റെ ആത്യന്തിക അസ്തിത്വം നിലനിൽക്കുന്നത് അവന്റെ ധാർമികതയെ ആശ്രയിച്ചാണ്. ഈ വിവാദ വിഷയത്തെ പിന്തുണച്ചുകൊണ്ട് വിശുദ്ധ ഖുർആൻ തെളിവെന്നോണം ആവർത്തിച്ച് കഴിഞ്ഞകാല ജനതയുടെ ചരിത്രം പറയുന്നുണ്ട്. അവരുടെ പരസ്പരമുള്ള ബന്ധങ്ങളിൽ അധാർമികത പുലർത്തിയതാണ് അവർ നശിപ്പിക്കപ്പെടാനുള്ള കാരണം. ഇതാണ് പഴയ കാലത്തെ മഹത്തായ ജനതകളുടെ ഉത്ഥാന പതനങ്ങൾക്ക് അടിസ്ഥാന കാരണം. എന്തുതന്നെയായാലും അല്ലാഹു അവന്റെ അനുഗ്രഹം കൊണ്ട് അവർ നശിപ്പിക്കപ്പെടുന്നതിന്ന് മുമ്പായി അവരിലേക്ക് താക്കീത്കാരെ അയച്ചുകൊണ്ടിരുന്നു. അവർ അത് ശ്രദ്ധിക്കാതെ പോയപ്പോൾ അവരുടെ കരങ്ങൾ കൊണ്ട് തന്നെ അവർ നശിപ്പിക്കപ്പെടുകയാണുണ്ടായത്.

അത്ഭുതകരമെന്നു പറയട്ടെ, എല്ലാ ആരംഭവും അവ എത്ര തന്നെ മഹത്തരമാകട്ടെ, അവ ജീർണ്ണനത്തിന്ന് വിധേയമാകുകയും അന്തിമമായി നശിപ്പിക്കപ്പെടുകയും ചെയ്യും. പക്ഷേ അവരുടെ ശൈഥില്യം നോക്കിക്കൊണ്ട് അവർ എത്തിച്ചേർന്ന ഔന്നത്യം നിഷേധിക്കപ്പെടാൻ സാധ്യമല്ല. ചരാചര ലോകത്തുള്ള എല്ലാറ്റിന്നും ഈ വിധി ഒരുപോലെ ബാധകമാണ്.

## പ്രപഞ്ചത്തിന്റെ തെളിവ്

തെളിവുകളുടെ വിത്ത് മലക്കുകളുടെ തെളിവിൽ വിതക്കപ്പെട്ടിരിക്കുന്നു എന്ന് ഇതിന്ന് മുമ്പ് വിവരിക്കുകയുണ്ടായി. അത് കൂടാതെ മറ്റൊരു പങ്കുകാരനുമില്ലാത്തവിധം ദൈവം ഏകനാണ് എന്ന യാഥാർത്ഥ്യത്തിലേക്ക് വിശുദ്ധ ഖുർആൻ നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഇതാണ് പ്രപഞ്ചത്തിലെ ഓരോ പരമാണുവിലും ആലേഖനം ചെയ്തിരിക്കുന്ന തെളിവ്. താഴെ കാണുന്നത് വളരെ പ്രസക്തമായ ഒരു വചനമാണ്:

أَمَّنْ خَلَقَ السَّمَٰوَٰتِ وَالْأَرْضَ وَأَنزَلَ لَكُم مِّنَ السَّمَآءِ مَآءً فَأَنۢبَتْنَا بِهِۦ حَدَآئِقَ ذَاتَ بَهْجَةٍ مَّا كَانَ لَكُمْ أَن تُنۢبِتُوا۟ شَجَرَهَآ ۗ أَءِلَٰهٌ مَّعَ اللَّهِ ۚ بَلْ هُمْ قَوْمٌ يَعْدِلُونَ ﴿٦١﴾ أَمَّن جَعَلَ الْأَرْضَ قَرَارًا وَجَعَلَ خِلَٰلَهَآ أَنْهَٰرًا وَجَعَلَ لَهَا رَوَٰسِىَ وَجَعَلَ بَيْنَ الْبَحْرَيْنِ حَاجِزًا ۗ أَءِلَٰهٌ مَّعَ اللَّهِ ۚ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿٦٢﴾

അല്ലെങ്കിൽ ആകാശങ്ങളെയും ഭൂമിയേയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്ത് നിന്ന് വെള്ളം ഇറക്കിത്തരികയും ചെയ്തതാരാണ്? എന്നിട്ട് അത് മുഖേന മനോഹരമായ തോട്ടങ്ങൾ മുളപ്പിക്കുകയും ചെയ്തതാരാണ്? അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കാൻ നിങ്ങൾക്ക് സാദ്ധ്യമായിരുന്നില്ല. അല്ലാഹുവിന്റെ കൂടെ മറ്റു വല്ല ആരാധ്യനുമുണ്ടോ? പക്ഷേ അവർ (സത്യപാതയിൽ നിന്നും വ്യതിചലിച്ച) ഒരു ജനതയാണ്.

അല്ലെങ്കിൽ ഭൂമിയെ ഒരു വാസസ്ഥലമാക്കുകയും അതിന്റെ വിടവുകളിൽ നദികളൊഴുക്കുകയും അതിന്ന് മുകളിൽ ഉറച്ച മലകളെ സ്ഥാപിക്കുകയും രണ്ടു ജലരാശികൾക്കിടയിൽ ഒരു തടസ്സമുണ്ടാക്കുകയും ചെയ്തതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റു വല്ല ദൈവവുമുണ്ടോ? പക്ഷേ അവരിൽ അധികം പേരും അറിയുന്നില്ല. *(സൂറ: അന്നംല് 27: 61- 62)*

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നത് ജീവൻ നിലനിൽക്കാൻ അനുയോജ്യമായ വിധം ശരിയായ അനുപാതത്തിൽ എല്ലാ ഗുണങ്ങളും ഭൂമിക്ക് നൽകിയത് അവൻ മാത്രമാണ് എന്നാണ്. അവന്ന് പുറമെ മറ്റു ദൈവങ്ങളുണ്ടെങ്കിൽ ഇത് സത്യമായിരിക്കാൻ സാദ്ധ്യതയില്ല. ഭൂമി സന്തുലിതമായ ഒരു ആവാസ വ്യവസ്ഥയായി മാറാൻ ആവശ്യമായ മുന്നുപാധിയെ പറ്റി ഒരാൾ ചിന്തിക്കുകയാണെങ്കിൽ, ആകസ്മികമായ അവസരങ്ങളിലൂടെ അത് ഉണ്ടാവാൻ സാദ്ധ്യതയില്ല എന്ന വിസ്മയകരമായ കാര്യം ശ്രദ്ധയിൽപ്പെടുന്നതാണ്. സ്വരൈക്യത്തിൽ വർത്തിക്കുന്ന പരസ്പര ബന്ധമുള്ള കാര്യകാരണ പരമ്പരകളുടെ കോടാനുകോടി വസ്തുതകളും യുക്തിയുമാണ് അഭി

ലഷിതമായ ഒരു ഫലം ഉണ്ടാക്കുക. ഈ ഘടകങ്ങളെല്ലാം എന്തുകൊണ്ട് യോജിച്ചു കൈകോർത്തു എന്ന കാര്യം വിശദീകരിക്കാൻ ശാസ്ത്രജ്ഞന്മാർക്ക് കഴിയുന്നില്ല. ഈ കാര്യ കാരണ ശ്രേണിയിലെ ചെറിയ ഒരു ഘടകത്തിലെ ഒരു ചുവട് പിഴച്ചാൽ ഭൂമിക്ക് അതിന്റെ സന്തുലിതമായ ആവാസ വ്യവസ്ഥ എന്ന ഗുണം നഷ്ടപ്പെടുമായിരുന്നു. ഈ ഒരു ലക്ഷ്യം പ്രാപിക്കണമെങ്കിൽ എവിടെ എപ്പോൾ നിയമത്തിന്റെ നീക്കുപോക്കുകൾ ആവശ്യമായി വരുമ്പോൾ അത് അനുവദിക്കപ്പെടേണ്ടതുണ്ട്. ആ നീക്കുപോക്കുകളുടെ ചില പ്രത്യേക ഉദാഹരണങ്ങൾ ഇതിന്ന് മുമ്പ് വിശദീകരിച്ചിട്ടുണ്ട്. ശക്തനും ജ്ഞാനിയുമായ ഒരു ആസൂത്രകൻ ഇല്ലാതെ ഇതൊന്നും പ്രാപ്യമാകുകയില്ല.

وَجَعَلَ خِلَٰلَهَآ أَنْهَٰرًا

അവൻ അതിന്റെ വിടവുകളിൽ നിന്ന് നദികളൊഴുക്കി,

وَجَعَلَ لَهَا رَوَٰسِىَ

മുകളിൽ പറഞ്ഞത് പോലെ ജീവസന്ധാരണത്തിന്നുള്ള ഒരു വ്യവസ്ഥക്കായി ഭൂമിയെ സ്ഥിരപ്പെടുത്താൻ ആവശ്യമായ അത്തരം പർവ്വതങ്ങളെ  അവനാണ് ഉണ്ടാക്കിയത്.

وَجَعَلَ بَيْنَ ٱلْبَحْرَيْنِ حَاجِزًا

അവനാണ് ഇരു സമുദ്രങ്ങൾക്കിടയിലും ഒരു തടസ്സമുണ്ടാക്കിയത്.

أَءِلَٰهٌ مَّعَ ٱللَّهِ

ഈ കാര്യങ്ങളൊക്കെ നിർവ്വഹിക്കുന്ന അല്ലാഹുവിനെ കൂടാതെ അവനോടൊപ്പം മറ്റു ദൈവങ്ങളുണ്ടോ?

بَلْ أَكْثَرُهُمْ لَا يَعْلَمُونَ

എന്നാൽ അവരിൽ കുറച്ച് പേർ മാത്രമേ അറിയുന്നുള്ളൂ.

സൃഷ്ടിയുടെ ഈ പ്രകടനങ്ങളെല്ലാം പരസ്പരം സംഘട്ട നാത്മകമായ അവസരങ്ങളുടെ ആകസ്മികതയിൽ നിന്നും ഉണ്ടാവുന്നതല്ല. അവയെല്ലാം വ്യത്യസ്തവും സ്വതന്ത്രവുമായ ദൈവങ്ങളുടെ സൃഷ്ടിയുമാവാൻ തരമില്ല. അതങ്ങനെയായിരുന്നു

വെങ്കിൽ യാതൊരു കലഹവുമില്ലാതെ ഒരേ ലക്ഷ്യത്തിന്ന് വേണ്ടി അവർ തമ്മിലുള്ള പരസ്പര കൈമാറ്റങ്ങളുടെ അന്തർ ധാര പ്രകൃതിയിൽ കണ്ടെത്താമായിരുന്നു. ഇതെല്ലാംതന്നെ അല്ലാഹുവിന്റെ നീതിയുടെ മഹത്തായ ഉദാഹരണമായി ഉദ്ധ രിക്കപ്പെടുന്നു. സമുദ്രത്തിൽ നിന്നും വെള്ളം ശുദ്ധീകരിച്ച് വെള്ളം ഉയർത്തി ഒരു മഹത്തായ ലക്ഷ്യം നിർവ്വഹിച്ച് വീണ്ടും ആ ജലം അതേ സമുദ്രത്തിൽ തന്നെ തിരിച്ചെത്തുന്നു. ഈ പദ്ധതിയിലെ എല്ലാ അവശ്യഘടകങ്ങളും ഖുർആൻ പരാമർ ശിക്കുന്നു. ഈ കാര്യങ്ങളെ പറ്റി ചിന്തിക്കാൻ മനുഷ്യന്റെ ശ്രദ്ധ ക്ഷണിക്കുമ്പോൾ വ്യക്തമായും അതിന്നർത്ഥം പരി ശുദ്ധ പ്രവാചക(സ)ന്റെ കാലത്തെ ആളുകൾക്ക് ഈ വ്യവ സ്ഥ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വളരെ അവ്യക്തമായ ഒരു ധാരണ ഉണ്ടായിരുന്നു എന്നാണ്. വിശുദ്ധ ഖുർആൻ വെളിപ്പെട്ട ആ കാലഘട്ടത്തിൽ തീർച്ചയായും വെള്ളം സമുദ്രത്തിൽ നിന്നും ഉയർന്ന് അത് മഴയിലൂടെ സമതലങ്ങ ളിലുടെയും പർവ്വതങ്ങളിലൂടെയും ഒഴുകി സമുദ്രത്തിൽ തിരിച്ചെത്തുന്നു എന്ന് അറിയാമായിരുന്നു. എന്തുതന്നെയാ യാലും സമുദ്രജലം ശുദ്ധീകരിക്കപ്പെട്ട് ഉയരുന്നതിന്ന് കാര ണമായ ശാസ്ത്രീയ നിയമങ്ങളെ സംബന്ധിച്ച് അക്കാലത്തെ മനുഷ്യർക്ക് മങ്ങിയ ആശയം പോലും ഉണ്ടാകാനുള്ള സാദ്ധ്യതയില്ല. ഈ പ്രക്രിയയുടെ ഘട്ടത്തിൽ തന്നെ ഉന്നത വോൾട്ടേജിലുള്ള വൈദ്യുതിയുടെ (മിന്നൽ) ഉൽപ്പാദനവും നടക്കുന്നു എന്ന കാര്യത്തെ സംബന്ധിച്ചും അവനറിയുന്നില്ല. അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്ന ജലബാഷ്പം ഘനമുള്ള വെള്ളത്തുള്ളിയായി മാറാൻ വിരുദ്ധ ചാർജ്ജുകളുള്ള വൈദ്യു തിയുടെ പ്രതിപ്രവർത്തനത്തെ പറ്റിയും അവനറിയുന്നില്ല.

18

# ഒരു പുതിയ തരം സാക്ഷ്യം

നമുക്ക് ഇപ്പോൾ മനുഷ്യന്റെ മനസ്സിലുണ്ടാവുന്ന തികച്ചും വ്യത്യസ്തമായ മറ്റൊരു സാക്ഷ്യത്തിന്ന് നേരെ തിരിയാം. സാധാരണയായി പരിശുദ്ധ പ്രവാചക(സ)ന്റെ കടുത്ത ശത്രുക്കളെല്ലാം അവരുടെ എതിർപ്പിൽ ഒന്നിക്കുന്നതായിട്ടാണ് കാണപ്പെടുന്നത്. എന്തായിരുന്നാലും വിശുദ്ധ ഖുർആൻ ചൂണ്ടിക്കാട്ടുന്നത് ശത്രുക്കളെല്ലാവരും ഒരു പോലെയല്ല എന്നാണ്. അത്തരം പ്രത്യേകതകൾ എല്ലായ്പ്പോഴും പുറത്തേക്ക് പ്രകടമാവില്ല. എതിരാളികളിൽ ചിലർ പരിശുദ്ധ പ്രവാചക(സ)ന്റെ സത്യവുമായി രഹസ്യത്തിൽ ബന്ധം തുടങ്ങാൻ സാദ്ധ്യതയുള്ളവരാണ്. അവർ തങ്ങൾ മുസ്‌ലിംകളായിരുന്നെങ്കിൽ എന്ന് പോലും ആഗ്രഹിക്കുന്നവരാണ്. അതാണ് സർവ്വജ്ഞാനിയായ ദൈവത്തിന്ന് മാത്രം അറിയുന്ന മനുഷ്യസ്വഭാവത്തിന്റെ രഹസ്യം. ശത്രുക്കൾക്കിടയിൽ തീർച്ചയായും പരിശുദ്ധ പ്രവാചക(സ)ന്ന് അനുകൂലമായ നിരവധി ദൃഷ്ടാന്തങ്ങൾ തിരിച്ചറിഞ്ഞവരുണ്ട്. പക്ഷേ അവരുടെ സാമൂഹികമായ കെട്ടുപാടുകൾ അവരെ പരിശുദ്ധ പ്രവാചക(സ)നെ തുറന്ന നിലയിൽ സ്വീകരിക്കാൻ ഒരിക്കലും അനുവദിച്ചില്ല. താഴെ പറയുന്ന വിശുദ്ധ ഖുർആൻ വചനങ്ങൾ നോക്കുക:

رُبَمَا يَوَدُّ الَّذِينَ كَفَرُوا لَوْ كَانُوا مُسْلِمِينَ ۝٣

തങ്ങൾ മുസ്‌ലിംകൾ ആയിരുന്നെങ്കിൽ എന്ന് (അവരുടെ ഹൃദയത്തിൽ) പലപ്പോഴും അവിശ്വസിച്ചവർ അഗാധമായി അഭിലഷിക്കുന്നു *(സൂറ: അൽ ഹിജ്ർ 15:3)*

ചിലപ്പോൾ അവിശ്വാസികളുടെ മേൽ അത്തരം ദുരന്തങ്ങൾ വന്നിറങ്ങുമ്പോൾ അവരുടെ ഹൃദയം ആഘാതമേറ്റ് സംഭ്രാന്തി കൊള്ളുകയും അത് പോലെയുള്ള ദുരന്തങ്ങൾ മറ്റു അവിശ്വാസികളിലും വന്നുഭവിക്കുകയും ചെയ്യുന്നു. വിശുദ്ധ

ഖുർആനിൽ പല വചനങ്ങളിലും ഈ വിഷയം പല പരി പ്രേക്ഷ്യത്തിലും ചർച്ച ചെയ്യുന്നുണ്ട്. താഴെ ഉദ്ധരിക്കുന്ന വചനം അതിന്ന് മതിയായതാണ്.

وَلَا يَزَالُ الَّذِينَ كَفَرُوا تُصِيبُهُم بِمَا صَنَعُوا قَارِعَةٌ أَوْ تَحُلُّ قَرِيبًا مِّن دَارِهِمْ حَتَّىٰ يَأْتِيَ وَعْدُ اللَّهِ ۚ إِنَّ اللَّهَ لَا يُخْلِفُ الْمِيعَادَ ﴿٣٢﴾

ഈ വചനത്തിന്റെ വ്യാഖ്യാനപരമായ അർത്ഥം ഇങ്ങനെയായി രിക്കും:

> അവിശ്വസിച്ചവർക്ക് വന്നുഭവിക്കുന്ന പ്രകമ്പനം കൊള്ളിക്കുന്ന വിപത്തുകൾ[43] അവരുടെ ഹൃദയ കവാടങ്ങളിലുണ്ടാക്കുന്ന (അവരെ ഉണർത്താനുള്ള) മിടിപ്പുകൾ അവസാനിക്കുന്നില്ല. അല്ലെങ്കിൽ അവരുടെ അയൽ പക്കത്തുള്ളവരുടെ കവാടങ്ങളിൽ അത് വന്ന് മുട്ടും; അല്ലാഹുവിന്റെ വാഗ്ദാനം വരുന്നത്വരെ. തീർച്ചയായും അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല. (അർ-റഅദ്13:32)

മറ്റൊരു വചനത്തിൽ പരിശുദ്ധ പ്രവാചക(സ)നെ അഭിസം ബോധന ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു:

لَّٰكِنِ اللَّهُ يَشْهَدُ بِمَا أَنزَلَ إِلَيْكَ ۖ أَنزَلَهُ بِعِلْمِهِ ۖ وَالْمَلَائِكَةُ يَشْهَدُونَ ۚ وَكَفَىٰ بِاللَّهِ شَهِيدًا ﴿١٦٤﴾

> നിനക്ക് ഇറക്കിയ ഈ വചനത്തിന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു. അവൻ ഇത് തന്റെ ജ്ഞാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇറ ക്കിയിട്ടുള്ളത്. അപ്രകാരം മലക്കുകളും അതിന്ന് സാക്ഷ്യം വഹി ക്കുന്നു. സാക്ഷിയായി അല്ലാഹു മതിയായവനാണ്. *(സൂറ: അൽ നിസാഅ് 4: 167)*

മലക്കുകളുടെ സാക്ഷ്യം എന്നത് സൂചിപ്പിക്കുന്നത് മല ക്കുകളാൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രകൃതി നിയ മത്തിന്റെ സാക്ഷ്യം എന്നാണ്. അല്ലാഹു അവതരിപ്പിച്ചത് എന്തൊന്നാണോ അതിനെ പറ്റി വിണ്ടും അവൻ ഊന്നി പ്പറയുമ്പോൾ അത് അവന്റെ വിജ്ഞാനത്തോടുകൂടിയതിനെ പറ്റി, അതായത് പ്രകൃതി നിയമത്തിന്റെ സാക്ഷ്യത്തെ സംബ

ഡിച്ചാണ് സൂചിപ്പിക്കുന്നത്. ***ബി ഇൽമിഹി*** (അവന്റെ ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ) എന്ന് പറയുന്നതോടെ അല്ലാഹു അറ്റമില്ലാത്ത ഗവേഷണത്തിന്റെ വാതിലുകൾ തുറന്നിടുകയാണ് ചെയ്യുന്നത്. ഇതിന്നർത്ഥം ഖുർആൻ എന്നത് അവന്റെ ജ്ഞാനത്തെ അടിസ്ഥാമാക്കിയുള്ളതാണ് എന്നതിനേക്കാൾ ഖുർആൻ എന്തൊന്നാണോ പറയുന്നത് അത് പ്രകൃതിനിയമത്തിന്റെ സാക്ഷ്യത്താലുള്ള പിന്തുണയോടുകൂടിയതാണ് എന്നതാണ്.

അല്ലാഹുവിന്റെ ജ്ഞാനമൊഴികെ പരിശുദ്ധ പ്രവാചകൻ(സ) സ്വന്തമായി ഒരു ജ്ഞാനത്തിന്റെയും ഉടമസ്ഥനല്ലായിരുന്നു. ലൗകികമായ സാങ്കേതിക പദകോശമനുസരിച്ച് പരിശുദ്ധ പ്രവാചകൻ(സ) നിരക്ഷരനാണെന്ന് പ്രഖ്യാപിക്കപ്പെടേണ്ടതുണ്ടായിരുന്നു. അത് ഏറ്റവും സമുചിതമായ ഗുണവിശേഷമായിരുന്നു. വസ്തുതയെന്തെന്നാൽ റസൂൽ തിരുമേനി(സ)ക്ക് പ്രകൃതി നിയമത്തെ സംബന്ധിച്ച് വ്യക്തിപരമായ ജ്ഞാനമൊന്നുമില്ല. ഇതിനെ താഴെ കാണുന്ന പ്രവാചക വചനം പിന്തുണക്കുന്നു.

ഹദ്റത്ത് ആയിശ(റ)യിൽ നിന്നും ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ പരിശുദ്ധ പ്രവാചക(സ)ൻ ഒരു സംഘം കർഷകരുടെ അരികിലൂടെ കടന്നുപോകുകയായിരുന്നു. അവർ ആൺ ഈത്തപഴത്തിന്റെ പൂക്കളിൽ നിന്നുള്ള പരാഗരേണുക്കളെ പെൺ ഈത്തപഴത്തിന്റെ പരാഗരേണുക്കളുമായി സങ്കലനം ചെയ്യുന്നുണ്ടായിരുന്നു. പരിശുദ്ധ പ്രവാചകൻ(സ) ഇത് കണ്ടപ്പോൾ പറഞ്ഞു: 'നിങ്ങൾ അപ്രകാരം പ്രയാസപ്പെട്ട് ചെയ്തില്ലെങ്കിലും ആ മരങ്ങളിൽ ബീജസങ്കലനം നടക്കുകയും കായ്ക്കുകയും ചെയ്യും.' തുടർന്ന് കർഷകർ ആ പ്രവൃത്തി നിർത്തി. പക്ഷേ ആ വർഷം ബീജസങ്കലനം ചെയ്യപ്പെടാത്തതിനാൽ ആ മരങ്ങൾ കായ്ച്ചില്ല. അവർ അക്കാര്യം പരിശുദ്ധ പ്രവാചക(സ)ന്റെ അടുക്കൽ ബോധിപ്പിച്ചു. അതിനോട് പ്രവാചകൻ(സ) പ്രതികരിച്ച് ഇപ്രകാരമാണ്. 'നിങ്ങൾ ഭൗതികമായ കാര്യങ്ങൾ തീരുമാനിക്കുകയാണെങ്കിൽ നിങ്ങൾ

അത് സ്വയം ചെയ്യുക. മതപരമായ സ്വഭാവമുള്ളതാണെങ്കിൽ അത് എന്നിലേക്ക് തേടുക.'[44]

ഈ സംഭവത്തിൽ നിന്നും വ്യക്തമായും തെളിയുന്നത് പരിശുദ്ധ പ്രവാചക(സ)ന്ന് ശാസ്ത്രത്തെ പറ്റി അവിടുത്തെ വ്യക്തിപരമായ അറിവ് വളരെ കുറവായിരുന്നു എന്നാണ്. അതായത് റസൂൽ തിരുമേനി(സ)ക്ക് ഈത്തപ്പഴ മരം എങ്ങനെ പരാഗണം ചെയ്യപ്പെടുന്നു എന്ന് പോലും അറിഞ്ഞിരുന്നില്ല. എന്നിരിക്കെ വിശുദ്ധ ഖുർആന്റെ ശാസ്ത്രീയമായ നിഗൂഢതകൾ അവിടുന്ന് ആവർത്തിച്ച് അനാവരണം ചെയ്തു കൊണ്ടിരിക്കുന്നത് നിശ്ചയമായായും ഖുർആൻ അല്ലാഹുവിന്റെ വചനമാണെന്നാണ് തെളിയിക്കുന്നത്; അത് പ്രവാചകന്റെ വചനമല്ലെന്നുമാണ്.

## പ്രവാചകന്മാർ പരസ്പരം സത്യപ്പെടുത്തുന്ന തെളിവുകൾ

ഇതിന്ന് മുമ്പ് അവതരിപ്പിച്ച തെളിവുകളെല്ലാം ഇരുതല മൂർച്ചയുള്ള വാളുപോലെയാണ്. ഒരു വശത്ത് ദൈവം തന്നോട് സംസാരിക്കുന്നു എന്ന് അവകാശപ്പെടുന്ന ആൾ തീർച്ചയായും അനിഷേധ്യമായ തെളിവുകൾ സമർപ്പിക്കണം. ആ തെളിവുകൾ അയാൾ ഭാവിയെ സംബന്ധിച്ച് നടത്തിയ പ്രവചനങ്ങളിലും ഉള്ളടങ്ങിയിരിക്കണം. അപ്രകാരം അജ്ഞാതമായ ഭൂതകാലത്തെ കുറിച്ചും ആ തെളിവുകൾ സംസാരിക്കേണ്ടതുണ്ട്. ഭൂതകാലമായും വാദിക്കുന്ന ആളുമായും ബന്ധപ്പെട്ടതാണെന്ന് പറയുകയും വേണം. മാത്രമല്ല അത്തരം ഒരു അവകാശവാദത്തെ പിന്തുണക്കുന്നതായിരുന്നില്ല ആ കാലത്തെ ജ്ഞാനം. അതായത് പ്രവാചകത്വം വാദിച്ച ആൾ പറഞ്ഞത് ശരിയാണെന്ന് ഭാവിയിൽ ഉണ്ടായ കണ്ടുപിടിത്തങ്ങൾ തെളിയിച്ചു കാട്ടണം. അതാകട്ടെ വാദിക്ക് അജ്ഞാതമായി നിൽക്കുന്ന ലോകത്ത് അയാളുടെ വ്യക്തിപരമായ കഴിവുകൾക്കതീതവുമാണ്. ഇത്തരം കണ്ടുപിടിത്തങ്ങൾ ഇരുതലമൂർച്ചയുള്ള വാളാണെന്ന് പറയുന്നത് അത് ദൈവത്തിന്റെ അസ്തിത്വം കൂടി തെളിയിക്കാൻ പര്യാപ്തമാണ് എന്ന

അർത്ഥത്തിലാണ്. വാദി ശരിയാണെന്ന് തെളിഞ്ഞാൽ ഭൂത കാലത്തേക്കും അത്പോലെ ഭാവികാലത്തേക്കും ഒരുപോലെ ജ്ഞാനം പകർന്നു നൽകുന്ന സർവ്വജ്ഞാനിയും സർവ്വശക്ത നുമായ ദൈവമുണ്ടായിരിക്കേണ്ടതുണ്ട്.

ഇപ്പോൾ നാം പുതിയ തരത്തിലുള്ള ചില തെളിവുകളി ലേക്ക് പോവുകയാണ്. അതും ഇരുതല മൂർച്ചയുള്ള വാളുപോലെ പ്രവർത്തിക്കുന്നതാണ്. പൂർവ്വ പ്രവാചകന്മാ രുടെയും ഭാവിയിൽ വരാനിരിക്കുന്ന പ്രവാചകന്മാരുടെയും സത്യത്തെ ന്യായീകരിക്കുന്നതാണ് അവ. ഈ രീതിയിലുള്ള തെളിവുകളാണ് താഴെ കാണുന്ന വചനങ്ങളിൽ പരാമർ ശിക്കുന്നത്:

وَمِنْ قَبْلِهِ كِتٰبُ مُوْسٰى اِمَامًا وَّرَحْمَةً ۗ وَهٰذَا كِتٰبٌ مُّصَدِّقٌ لِّسَانًا عَرَبِيًّا
لِّيُنْذِرَ الَّذِيْنَ ظَلَمُوْا ۖ وَبُشْرٰى لِلْمُحْسِنِيْنَ ﴿١٢﴾

ഇതിന്ന് (പരിശുദ്ധ പ്രവാചകന്ന്) മുമ്പ് ഒരു വഴികാട്ടിയും ഒരു കാരു ണ്യവുമായി മൂസായുടെ ഗ്രന്ഥമുണ്ടായിരുന്നു. ഇത്, (വിശുദ്ധ ഖുർആൻ) അതിനെ സത്യപ്പെടുത്തുന്ന വ്യക്തമായ ഭാഷയിലുള്ള ഗ്രന്ഥമാണ്. അക്രമം പ്രവർത്തിക്കുന്നവരെ താക്കീത് ചെയ്യുന്ന തിന്നും സുകൃതവാന്മാർക്ക് സുവിശേഷമറിയിക്കുന്നതിന്നും ആകു ന്നു. *(സൂറ:അൽ അഹ്ഖാഫ് 46: 13)*

ഈ വചനം ഇരുവരുടെയും സത്യത്തെ പരസ്പരം സാക്ഷ്യ പ്പെടുത്തുന്ന വിധം മൂസാ(അ)യെയും പരിശുദ്ധ പ്രവാചക(സ) നെയും തമ്മിൽ ബന്ധിപ്പിക്കുന്നു. അത്പോലെ ഭൂതകാലത്ത് കഴിഞ്ഞുപോയതും ഭാവിയിൽ വരാനിരിക്കുന്നതുമായ പ്രവാ ചകന്മാരും പരസ്പര ബന്ധിതരാണ്. ഓരോരുത്തരും മറ്റൊ രാളുടെ സത്യസാക്ഷ്യം വഹിക്കുന്നവരായിരിക്കും. ഈ വച നത്തിന്റെ സമഗ്രമായ പ്രാധാന്യം ഏതൊരു പ്രവാചകന്റെ ആവിർഭാവത്തെ കുറിച്ചാണോ മൂസാ നബി(അ) പ്രവചിച്ചത് ആ പ്രവചന പ്രകാരമുള്ള പ്രവാചകൻ കൃത്യസമയത്ത് ആഗതനായി. റസൂൽ തിരുമേനി(സ) ആഗതനായപ്പോൾ മൂസാ നബി(അ)യുടെ സത്യം അവിടുന്ന് സാക്ഷ്യപ്പെടുത്തുക

യുണ്ടായി. അത്പോലെ തന്നെ തൗറാത്ത് വിശുദ്ധ ഖുർആന്റെ സത്യത്തെയും വിശുദ്ധ ഖുർആൻ തൗറാത്തിനെയും സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഇത് ഭൂതകാലത്ത് കഴിഞ്ഞുകടന്ന പ്രവാചകന്മാരെയും ഗ്രന്ഥങ്ങളെയും അത്പോലെ വരാനിരിക്കുന്ന പ്രവാചകന്മാരെയും ഗ്രന്ഥങ്ങളെയും സാക്ഷ്യപ്പെടുത്തി ഇരുവശത്തിലും സത്യപ്പെടുത്തി പ്രവർത്തിക്കുന്നു.

ഇത് കൂടാതെ മൂസാ(അ) തന്റെ ജീവിതകാലത്ത് തന്നെ ശക്തമായ സാക്ഷ്യങ്ങളുള്ള ചിലരാൽ സത്യസന്ധനാണെന്ന് തെളിയിക്കേണ്ടതുണ്ടായിരുന്നു എന്ന് ഖുർആൻ പറയുന്നു:

قُلْ أَرَءَيْتُمْ إِن كَانَ مِنْ عِندِ ٱللَّهِ وَكَفَرْتُم بِهِۦ وَشَهِدَ شَاهِدٌ مِّنۢ بَنِىٓ إِسْرَٰٓءِيلَ
عَلَىٰ مِثْلِهِۦ فَـَٔامَنَ وَٱسْتَكْبَرْتُمْ ۖ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿١١﴾

> പറയുക, നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ അദ്ദേഹം അല്ലാഹുവിന്റെ പക്കൽ നിന്നുള്ളവനായിരിക്കുകയും നിങ്ങൾ അദ്ദേഹത്തെ നിഷേധിക്കുകയും ചെയ്തിരുന്നുവെങ്കിൽ. എന്നാൽ ഇസ്റയേൽ സന്തതികളിൽ നിന്നുള്ള ഒരു സാക്ഷി തന്റെ സദൃശനായ ഒരാളിന്റെ ആഗമനത്തെ കുറിച്ച് സാക്ഷി പറയുകയും അങ്ങനെ അദ്ദേഹം വിശ്വസിക്കുകയും നിങ്ങൾ അഹംഭാവത്താൽ നിഷേധിക്കുകയും ചെയ്തു. അക്രമികളെ അല്ലാഹു നേർ വഴിയിലാക്കുകയില്ല. (സൂറ: അൽ അഹ്ഖാഫ് 46:11)

വിശുദ്ധ ഖുർആൻ, ബൈബിളിൽ പരാമർശിക്കപ്പെട്ട മൂസാ നബി(അ)യുടെ നിരവധി അനുയായികളെ പറ്റി പ്രതിപാദിക്കുന്നുണ്ട്. അവർ മൂസാ നബി(അ)ക്ക് സദൃശനായ ഒരാൾ തീർച്ചയായും വരുമെന്നാണ് വിശ്വസിച്ചത്. ഈ വചനം സൂചിപ്പിക്കുന്നത് പരിശുദ്ധ പ്രവാചക(സ)ന്റെ കാലത്തുള്ള യഹൂദന്മാർ അവിടുത്തെ നിഷേധിക്കുക മാത്രമല്ല ചെയ്യുന്നത്, ഫലത്തിൽ മൂസാ നബി(അ)യേയും അദ്ദേഹത്തെ പിന്തുടർന്ന ജ്ഞാനികളായ അനുയായികളെയും നിഷേധിക്കുകയാണ് ചെയ്യുന്നത് എന്നാണ്. പരിശുദ്ധ പ്രവാചക(സ)ന്റെ കാലത്തെ യഹൂദരെ ചൂണ്ടിക്കാണിച്ചു കൊണ്ട് വിശുദ്ധ ഖുർആൻ അഹങ്കാരം മൂലമുള്ള അവരുടെ നിഷേധത്തെ

അപലപിക്കുക മാത്രമല്ല ചെയ്യുന്നത്, അവിടുത്തേക്ക് അനുകൂലമായ തൗറാത്തിലെ സാക്ഷ്യം വളരെ വ്യക്തവും സംക്ഷിപ്തവുമാണെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു.

ഇതേ അവസ്ഥ ചിലപ്പോൾ ഭൗതിക കോടതികളിൽ കാണാനാവും. ചില ന്യായാധിപന്മാർക്ക് സത്യത്തിന്റെ തെളിവുകൾ പൂർണ്ണമായും ബോദ്ധ്യമായിരിക്കും. പക്ഷേ മറ്റു ചില ന്യായാധിപന്മാർ അതേ തെളിവുകൾ നിഷേധിക്കാൻ നിരവധി പഴുതുകൾ കണ്ടെത്തും. ഖേദകരമെന്ന് പറയട്ടെ ഒരുപക്ഷേ അവർ തെറ്റിദ്ധരിക്കപ്പെട്ടതാകാം. അല്ലെങ്കിൽ കരുതിക്കൂട്ടി കളവിനെ പുൽകിയതാകാം. ഈ രണ്ട് സാദ്ധ്യതകളും പരിശുദ്ധ പ്രവാചക(സ)ന്റെ കാലത്തെ ഒരു വിഭാഗം യഹൂദർക്ക് ബാധകമാണ്. തെറ്റിദ്ധരിക്കപ്പെട്ടവരിൽ പലരും അവരുടെ സമീപനങ്ങളിലെ തെറ്റ് തിരുത്തുകയും അവസാനം റസൂൽ തിരുമേനി(സ) യോടുള്ള തങ്ങളുടെ വിശ്വാസം പ്രഖ്യാപിക്കുകയും ചെയ്തവരാണ്. മന:പൂർവ്വം അതിക്രമം ചെയ്യുന്നവരെ അവരുടെ തെറ്റുകൾ കാരണം സന്ദേഹങ്ങളുടെ വിജനതയിൽ അലയാൻ അല്ലാഹു വിടുകയാണ് ചെയ്യുന്നത്.

വിശ്വാസികൾ അങ്ങേയറ്റം നിർദ്ദയമായി മർദ്ദിക്കപ്പെട്ടിരുന്നു എന്ന കാര്യം മറ്റൊരു രീതിയിൽ നോക്കിക്കാണാവുന്നതാണ്. സ്വാഭാവികമായും ഉയർന്നു വരുന്ന ചോദ്യമിതാണ്. സത്യത്തിന്റെ ശത്രുക്കളും തിന്മചെയ്യുന്നവരും പ്രവാചകന്മാരുടെയും അവരുടെ അനുയായികളുടെയും കൈകളാൽ ഈ വിധം മർദ്ദിക്കപ്പെടുകയുണ്ടായിട്ടുണ്ടോ? അതിന്നുള്ള ഉത്തരം 'ഒരിക്കലും ഉണ്ടായിട്ടില്ല' എന്നായിരിക്കും.

ഒരിക്കൽ ക്വറ്റയിലെ(പാകിസ്താൻ) വിചാരണ കോടതിയിൽ ഒരു ജഡ്ജി ബലൂചിസ്ഥാൻ ഖതമുന്നുബൂവ്വ★ത്തിലെ ഒരു മുല്ലാ മുഖ്യനോട് ഈ ചോദ്യം ചോദിക്കുകയുണ്ടായി. ജഡ്ജി പ്രത്യേകമായി മുല്ലാ മുഖ്യനോട് ചോദിച്ചു: 'പരിശുദ്ധ പ്രവാചക(സ)നും അവിടുത്തെ അനുയായികളും എപ്പോ

★ഖതമുന്നുബൂവ്വ: അഹ്മദികൾക്കെതിരെയുള്ള 'പ്രവാചക പരി സമാപ്തി' എന്ന് അർത്ഥം വരുന്ന ഒരു സംഘടന (വിവ:)

ഴെങ്കിലും തങ്ങളുടെ ശത്രുക്കളോട് ഇക്കാലത്തെ മുല്ലമാർ അഹ്മദികളോട് പെരുമാറുന്നത് പോലെ പെരുമാറിയിട്ടുണ്ടോ?' കോടതിയിൽ രേഖപ്പെടുത്തപ്പെട്ട മുല്ലാ മുഖ്യന്റെ മറുപടി: 'ഇല്ല ഒരിക്കലുമില്ല' എന്നായിരുന്നു. വീണ്ടും ജഡ്ജി മുല്ലയോട് ചോദിച്ചു: 'നിങ്ങൾ അഹ്മദികളോട് പെരുമാറുന്നത് പോലെയുള്ള സമീപനമായിരുന്നില്ലേ പരിശുദ്ധ പ്രവാചക(സ)ന്റെ ശത്രുക്കൾ അവിടത്തോട് പെരുമാറിയിരുന്നത്?' ലജ്ജാവിഹീനരായ മുല്ലമാരുടെ മറുപടി: 'അതെ', തികച്ചും അതുപോലെ എന്നായിരുന്നു. **ഖതമുന്നുബുവ്വത്ത്** എന്നറിയപ്പെടുന്നവരുടെ കഥ അതാണ്.

## സാക്ഷ്യം സ്വീകരിക്കപ്പെട്ടാലും ഇല്ലെങ്കിലും അംഗീകരിക്കപ്പെടാവുന്ന ഒരു സാർവ്വത്രിക തത്ത്വം

സൂറ: ബഖറയിലെ 3-ാമത്തെ വചനം ഇത്പോലെയുള്ള എല്ലാ സന്ദർഭങ്ങൾക്കും ഉതകുന്ന സമഗ്രമായ ഒരു വചനമാണ് അത് ഇപ്രകാരമാണ്:

ذٰلِكَ الْكِتٰبُ لَا رَيْبَ ۛ فِيْهِ ۛ هُدًى لِّلْمُتَّقِيْنَ ۝

ഇത് പരിപൂർണ്ണമായ ഗ്രന്ഥമാകുന്നു. ഇതിൽ യാതൊരു സംശയവുമില്ല സത്യവിശ്വാസികൾക്ക് ഇതൊരു മാർഗ്ഗദർശനമാകുന്നു *(അൽബഖറ. 2:3)*

ഈ വചനം പാരായണം ചെയ്യുമ്പോൾ അതിലെ ഒരു പ്രത്യേക പദത്തിൽ ഊന്നിക്കൊണ്ട് വ്യാഖ്യാതാക്കൾ നിരവധി ബദൽ വ്യാഖ്യാനങ്ങൾ നൽകുന്നുണ്ട്. ആ ഗ്രന്ഥത്തിൽ വാഗ്ദാനം ചെയ്തത് പോലെ സംശയം യാതൊന്നുമില്ല. എന്നാൽ അത് സന്മാർഗ്ഗികൾക്ക് മാത്രമേ മാർഗ്ഗദർശനമാകുകയുള്ളൂ എന്ന കാര്യത്തിലും സംശയമില്ല. ഇതൊരു സാർവ്വത്രിക തത്ത്വമാണ്. അത് ഗ്രന്ഥങ്ങൾക്ക് മാത്രം ബാധകമായ തത്ത്വമല്ല. എല്ലാ പ്രവാചകന്മാർക്കും ബാധകമായിട്ടുള്ളതാണ്. അത് സാർവ്വത്രികം കൂടിയാണ്. അത് ഭൗതിക കോടതികളിൽ വരെ ഒരുപോലെ ബാധകമാണ്.

പരിശുദ്ധ പ്രവാചകൻ(സ) സർവ്വകാലത്തുമുള്ള സർവ്വ പ്രവാചകന്മാരുടെയും സത്യത്തിന്റെ ഒരു സാർവ്വത്രിക സാക്ഷിയായിട്ടാണ് അവതരിക്കപ്പെട്ടത്. ഇക്കാര്യം മൂസാ നബി(അ)യുടെയോ മറ്റേതൊരു പ്രവാചകന്റെയോ കാര്യത്തിലും കാണാത്തതും അവിടുത്തേക്ക് മാത്രം പ്രത്യേകമായുള്ളതുമാണ്. അവരെല്ലാവരും തന്നെ ഭാവിയിൽ വരാനിരിക്കുന്ന ഒരു പ്രവാചകന്റെ സത്യത്തെ പറ്റി സാക്ഷ്യം പറഞ്ഞിട്ടുണ്ട്. പരിശുദ്ധ പ്രവാചക(സ)ന്റെ ഈയൊരു പ്രത്യേകത മറ്റു പ്രവാചകന്മാരുടെ അനുയായികൾക്ക് നിഷേധിക്കാൻ സാധ്യമല്ല. അവർ സത്യത്തെ തങ്ങളുടേത് മാത്രമായി കുത്തകവത്ക്കരിക്കുകയാണുണ്ടായത്. പക്ഷേ പരിശുദ്ധ പ്രവാചകൻ(സ) അതിന്ന് തികച്ചും എതിരായിരുന്നു. വിശുദ്ധ ഖുർആൻ അനുസരിച്ച് അവിടുന്ന് തന്റെ അനുയായികളെ പഠിപ്പിച്ചു. അതായത് തന്റെ അനുയായികൾ അവിടുത്തെ കൂടാതെ മറ്റേതെങ്കിലും ഒരു പ്രവാചകനെ വിശ്വസിക്കാതിരിക്കുന്നുവെങ്കിൽ അത് അദ്ദേഹത്തെ കൂടി നിഷേധിക്കുന്നതിന്ന് തുല്യമായിരിക്കും. അതുകൊണ്ടാണ് ലോകത്ത് എല്ലായിടത്തും വെളിപ്പെട്ട എല്ലാ പ്രവാചകന്മാരുടെ സത്യത്തിലും ഒരു മുസ്ലിം വിശ്വസിക്കേണ്ടതുണ്ട് എന്ന് പറയുന്നത്. അല്ലാത്ത പക്ഷം പരിശുദ്ധ പ്രവാചകനുമായുള്ള അവരുടെ ബന്ധം അവരാൽ തന്നെ വിച്ഛേദിക്കപ്പെടും. ഈ ഖുർആനിക പാഠത്തിന്റെ ഈ വശം ഔദാര്യ പ്രകടനം മാത്രമല്ല ഈതാഇദിൽഖുർബാ എന്നതിന്റെ അന്തരീക്ഷം കൂടി ഉള്ളടങ്ങിയതാണ്. മുസ്ലിംകൾ മറ്റു പ്രവാചകന്മാരെ വിശ്വസിക്കുന്നത് മറ്റുള്ളവർ പ്രാഥമികമായി പരിശുദ്ധ പ്രവാചക(സ)നെ പിന്തുണക്കുന്നത് കൊണ്ടല്ല എന്നത് ഔദാര്യമാണ്. അതിനേക്കാൾ കൂടുതലായി പരിശുദ്ധ പ്രവാചക(സ)ന്ന് അവരോടുള്ള സമീപനം മാതാപിതാക്കന്മാർക്ക് തങ്ങളുടെ കുട്ടികളോടുള്ള സമീപനം പോലെയാണ്.

മാത്രമല്ല വിശുദ്ധ ഖുർആൻ പറയുന്നത്, എല്ലാ പൂർവ്വ മതങ്ങളും പ്രവാചകന്മാരും പരിശുദ്ധ പ്രവാചക(സ)ന്റെ ആഗമനത്തെ സംബന്ധിച്ച് പ്രവചിച്ചിട്ടുണ്ട് എന്നാണ്. നിർഭാ

ഗ്യകരമെന്ന് പറയട്ടെ അത്തരം പ്രവചനങ്ങൾ പരിതാപക രമാം വിധം തെറ്റിദ്ധരിക്കപ്പെടുകയാണുണ്ടായത്. റസൂൽ തിരുമേനി(സ)യുടെ ആഗമനത്തിന്ന് മുമ്പ് തന്നെ അവിടുത്തെ കുറിച്ചുള്ള ഈ പ്രവചനം മറ്റു പലരിലും തെറ്റായി ആരോപിക്കപ്പെടുകയോ അല്ലെങ്കിൽ അതിലെ പദങ്ങൾ ഭാവിയിൽ വരുന്ന ഒരു പ്രവാചകനെ കുറിച്ചോ ഒരു ഗ്രന്ഥത്തെ കുറിച്ചോ ആണെന്ന നിലക്ക് വ്യക്തമായി മനസ്സിലാക്കപ്പെടുകയോ ചെയ്തില്ല. ഇത്തരം പ്രവചനങ്ങളുടെ വെളിച്ചത്തിൽ പരിശുദ്ധ പ്രവാചകൻ(സ) ആവിർഭവിച്ച കാലത്ത്, പ്രവചിക്കപ്പെട്ട ആൾ എന്ന നിലക്ക് മറ്റു മതങ്ങളിൽ നിന്നുള്ളവർ റസൂൽ തിരുമേനി(സ)യെ വളരെ വിരളമായി മാത്രമേ വിശ്വസിച്ചുള്ളൂ. അതിനാൽ മറ്റുമതങ്ങളോട് അവിടുന്ന് കാണിച്ച ഔദാര്യം പരിശുദ്ധ പ്രവാചക(സ)നോട് മറ്റുള്ളവർ കാണിച്ച എന്തെങ്കിലും പ്രകടമായ ദയാവായ്പ്പിനോടുള്ള മറുപ്രതികരണം എന്ന നിലക്കായിരുന്നില്ല.

മറ്റു പ്രവാചകന്മാരുടെ അനുയായികൾ മുകളിൽ പറഞ്ഞ തെറ്റിദ്ധാരണകൊണ്ട് ഫലത്തിൽ പരിശുദ്ധ പ്രവാചകനെ തിരസ്ക്കരിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ ഒരു യഹൂദൻ പരിശുദ്ധ പ്രവാചക(സ)നെ നിഷേധിക്കുകയാണെങ്കിൽ ആ യഹൂദനെ സംബന്ധിച്ചിടത്തോളം അയാൾ ബൈബിൾ അദ്ധ്യാപന പ്രകാരമാണ് അങ്ങനെ ചെയ്യുന്നത്. ആ യഹൂദൻ റസൂൽ തിരുമേനി(സ)യെ വിശ്വസിക്കുകയാണെങ്കിൽ മോസസി(അ)നെ നിഷേധിക്കുകയായിരിക്കും. ഇത് തന്നെയാണ് ക്രിസ്ത്യാനികൾക്കും ബാധകമായിട്ടുള്ളത്. അവർ പരിശുദ്ധ പ്രവാചകനെ നിരാകരിക്കുക മാത്രമല്ല അവർ യേശുവിനോടുള്ള തങ്ങളുടെ ബന്ധം വിച്ഛേദിക്കുകയും ചെയ്യുന്നു. ഇത് രണ്ട് സമീപനങ്ങൾ തമ്മിലുള്ള അത്ഭുതകമായ വൈരുദ്ധ്യങ്ങളാണ് കാണിക്കുന്നത്. ഈ ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ ഒരാളുടെ ബന്ധുമിത്രാദികളോട് കാണിക്കുന്ന സന്തുലനം, നീതി, ഔദാര്യം, കാരുണ്യം എന്നിവ സമഗ്രമായി ഉൾക്കൊള്ളുന്നു. മറ്റു ലോകമതങ്ങൾ ഒന്നുകിൽ അപര മതങ്ങളുടെ അസ്തിത്വം പ്രതിപാദിക്കുന്നില്ല അല്ലെങ്കിൽ ആ

മതങ്ങളെല്ലാം വ്യാജ വാദികളുടെ ഉൽപന്നങ്ങളാണെന്ന് വിശ്വസിക്കേണ്ടി വരും. അത്പോലെ അവരെ സംബന്ധിച്ചിടത്തോളം മറ്റു മതങ്ങളെല്ലാം വ്യാജ വാദികളുടെ സൃഷ്ടിയാണെന്നാണ് വിശ്വസിക്കുന്നത്.

## പരിശുദ്ധ പ്രവാചക(സ)ന് അനുകൂലമായി പല സത്യ സാക്ഷ്യങ്ങളും ഭൂതകാലത്ത് പുലർന്നത് പോലെ ചിലത് ഭാവിയിലും പുലരേണ്ടതുണ്ട്

വിശുദ്ധ ഖുർആൻ പരിശുദ്ധ പ്രവാചക(സ)ന് അനുകൂലമായ മോസസി(അ)ന്റെയും തോറയുടെയും (തൗറാത്ത്) സാക്ഷ്യങ്ങളെ പറ്റി മാത്രമല്ല പറയുന്നത്. ഭാവിയിൽ അവിടുത്തെ ഉമ്മത്തിൽ (മതസമുദായം) നിന്നും ഒരു സാക്ഷി പ്രത്യക്ഷമാകുന്നതിനെ പറ്റിയും അവിടുത്തെ സാക്ഷ്യപ്പെടുത്തുന്നതിനെ സംബന്ധിച്ചും പറയുന്നു. അക്കാലത്ത് സംഭവിക്കുന്ന പല വിധ തെളിവുകൾകൊണ്ടും ഈ സാക്ഷി സത്യവാനാണെന്ന് തെളിയിക്കപ്പെടുന്നതാണ്.

പരസ്പരം സത്യപ്പെടുത്തുന്ന പ്രസക്തമായ ചില വചനങ്ങൾ നാം ഇവിടെ അവതരിപ്പിക്കാം:

اَفَمَنۡ كَانَ عَلٰى بَيِّنَةٍ مِّنۡ رَّبِّهٖ وَيَتۡلُوۡهُ شَاهِدٌ مِّنۡهُ وَمِنۡ قَبۡلِهٖ كِتٰبُ مُوۡسٰٓى اِمَامًا وَّرَحۡمَةً ‌ؕ اُولٰٓٮِٕكَ يُؤۡمِنُوۡنَ بِهٖ‌ ؕ وَمَنۡ يَّكۡفُرۡ بِهٖ مِنَ الۡاَحۡزَابِ فَالنَّارُ مَوۡعِدُهٗ‌ ۚ فَلَا تَكُ فِىۡ مِرۡيَةٍ مِّنۡهُ‌ ۗ اِنَّهُ الۡحَـقُّ مِنۡ رَّبِّكَ وَلٰـكِنَّ اَكۡثَرَ النَّاسِ لَا يُؤۡمِنُوۡنَ ۝١٨

ഒരാൾ തന്റെ നാഥനിൽ നിന്നുള്ള വ്യക്തമായ തെളിവോടുകൂടി വന്ന ആളാണ്. അല്ലാഹുവിങ്കൽ നിന്നുള്ള ഒരു സാക്ഷി അദ്ദേഹത്തെ തുടർന്ന് വരികയും ചെയ്യുന്നു. മൂസായുടെ ഗ്രന്ഥം വഴികാട്ടിയും കാരുണ്യവുമായി അദ്ദേഹത്തിന്ന് മുമ്പേ വന്നിട്ടുണ്ട്. അങ്ങനെയുള്ള ഒരാൾ വ്യാജവാദി ആകുമോ? അക്കൂട്ടർ അദ്ദേഹത്തിൽ വിശ്വസിക്കുന്നു. (എതിർ) കക്ഷികളിൽ നിന്ന് വല്ലവനും അദ്ദേഹത്തെ നിഷേധിക്കുന്നതായാൽ നരകം അവന്റെ വാഗ്ദത്ത

സങ്കേതമാണ്. അതിനാൽ തൽസംബന്ധമായി നീ സംശയത്തിലാ വരുത്. അത് നിന്റെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണ് എന്നാൽ അധികമാളുകളും വിശ്വസിക്കുന്നില്ല. *(സൂറ: ഹൂദ് 11: 18)*

ഇതേ വാദം തന്നെയാണ് സൂറാ: അൽ ബുറൂജിൽ 2 മുതൽ 8 വരെയുള്ള വചനങ്ങളിലുള്ളത്:

وَالسَّمَاءِ ذَاتِ الْبُرُوجِ ۝٢ وَالْيَوْمِ الْمَوْعُودِ ۝٣ وَشَاهِدٍ وَمَشْهُودٍ ۝٤ قُتِلَ أَصْحَابُ الْأُخْدُودِ ۝٥ النَّارِ ذَاتِ الْوَقُودِ ۝٦ إِذْ هُمْ عَلَيْهَا قُعُودٌ ۝٧ وَهُمْ عَلَىٰ مَا يَفْعَلُونَ بِالْمُؤْمِنِينَ شُهُودٌ ۝٨

രാശികളുള്ള ആകാശം കൊണ്ട് സത്യം. വാഗ്ദാനം ചെയ്യപ്പെട്ട നാളിനെ കൊണ്ട് സത്യം. സാക്ഷിയെ കൊണ്ടും സാക്ഷ്യം വഹിക്കുന്ന ആളെക്കൊണ്ടും സത്യം. കിടങ്ങിന്റെ ഉടമസ്ഥർ- ആ ഇന്ധനം നൽകി കത്തിക്കപ്പെട്ട അഗ്നിയുടെ ആളുകൾക്ക് നാശം ഉണ്ടാകട്ടെ. സത്യവിശ്വാസികളെ കൊണ്ട്, അവർ ചെയ്തുകൊണ്ടിരിക്കുന്ന ചെയ്തികൾക്ക് സാക്ഷികളായും കൊണ്ട് അവർ അതിന്നരികെ ഇരിക്കുകയായിരുന്നപ്പോൾ (അൽബുറൂജ്: 85: 2- 8)

അവസാനകാലം വരെ നീണ്ടു നിൽക്കുന്ന ഒരു കാലഘട്ടത്തിന്റെ പിന്തുണയുള്ള ഒരാൾക്ക് ഇത്തരത്തിലുള്ള ബഹുമുഖമായ സാക്ഷ്യം ആവശ്യമാണ്. അദ്ദേഹത്തെ പിന്തുണച്ചുകൊണ്ടുള്ള സാക്ഷ്യങ്ങൾ ഭൂതകാലത്തിന്റേത് മാത്രമാണെങ്കിൽ അവരുടെ ഭാവിതലമുറക്ക് പ്രത്യക്ഷമാകുന്ന തെളിവുകൾ ഭൂതകാല ചരിത്രവുമായി ബന്ധപ്പെട്ടത് മാത്രമായിരിക്കും.

ഭാവിയിൽ ശക്തനായ ഒരു സാക്ഷി പരിശുദ്ധ നബിക്ക്(സ) അനുകൂലമായി പ്രത്യക്ഷനാകുമെന്ന വിശുദ്ധ ഖുർആന്റെ പരാമർശം മൂസാ നബി(അ)യുടെ സാക്ഷ്യത്തെ കൂടുതൽ ബലപ്പെടുത്തുന്നു. ഇത് വെറും ഒരു പ്രവചനം മാത്രമല്ല. ആ സാക്ഷിക്കനുകൂലമായി മറ്റു പലരും പറഞ്ഞ സാക്ഷ്യം ഉൾക്കൊള്ളുന്നതും ഇക്കാലത്ത് പൂർത്തീകരിക്കപ്പെട്ടതുമാണ്.

ഈ മഹിതമായ സാക്ഷ്യങ്ങൾ ആ സാക്ഷിക്ക് അനുകൂല മായി നിൽക്കുന്നു എന്ന് മാത്രമല്ല അത് പരിശുദ്ധ പ്രവാച ക(സ)ന്ന് അനുകൂലമായ ഒരു സമുജ്ജ്വല ദൃഷ്ടാന്തവുമായി രിക്കും. യത്‌ലൂഹു മിൻഹും എന്ന പറയുമ്പോൾ സാക്ഷി അവിടുത്തെ ഉമ്മത്തിൽ നിന്നുള്ള അനുയായി ആയിരിക്കു മെന്ന ഒരു അർത്ഥം അതിൽ തന്നെ സ്വയമേവ നിവേശനം ചെയ്യപ്പെട്ടിരിക്കുന്നു.

പിൽക്കാലത്തുള്ള മുസ്‌ലിം ഭൂരിപക്ഷം പരിശുദ്ധ പ്രവാ ചക(സ)ന്റെ ഈയൊരു മഹത്തായ വ്യതിരിക്തത എന്തു കൊണ്ട് അവഗണിച്ചു എന്നും ആ സാക്ഷിയുടെ സ്വഭാവം അവിടുത്തേക്ക് അനുകൂലമായി മനസ്സിലാക്കാൻ അവർ എന്തുകൊണ്ട് ശ്രമിച്ചില്ല എന്നതും വിസ്മയകരമായിരിക്കു ന്നു. ഈ മഹാനായ സാക്ഷി ആ കാലഘട്ടത്തിലെ ദിവ്യാ ത്മാക്കളിൽ നിന്നെല്ലാം വ്യത്യസ്തനായ ഒരു സാക്ഷി യാണെന്ന് മനസ്സിലാക്കാൻ അവർക്കായില്ല. പ്രത്യേകിച്ച് *ശാഹിദുൻ മിൻഹും* എന്ന വാക്കുകൾ ഒരേ സമയം പ്രവാ ചകന്റെ ഭാഗത്ത് നിന്നുള്ള സാക്ഷിയായും ദൈവത്തിന്റെ ഭാഗത്തു നിന്നുള്ള സാക്ഷിയായും വിവർത്തനം ചെയ്യാ മെന്ന കാര്യം ഗ്രഹിക്കുന്നതിൽ അവർ പരാജയപ്പെടുക യാണുണ്ടായത്. ഇത് വ്യക്തമായും സൂചിപ്പിക്കുന്നത് ഈ സാക്ഷ്യം അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ ഭാഗമായിട്ടു ള്ളതല്ല, മറിച്ച് അദ്ദേഹത്തിന്റെ സാക്ഷ്യം ദൈവത്തിന്റെ ആജ്ഞ നിറവേറ്റുന്ന ഒരു വാഗ്ദാനമായിരുന്നു എന്നാണ്. അതിന്നർത്ഥം എഴുന്നേൽക്കുക, പരിശുദ്ധ പ്രവാചക(സ)ന്ന് അനുകൂലമായി സാക്ഷ്യം വഹിക്കുക എന്ന് അദ്ദേഹത്തിന്ന് ദൈവത്തിൽ നിന്നുള്ള വെളിപാടുണ്ടായി എന്നായിരുന്നു.

ഇങ്ങനെ വിശുദ്ധ ഖുർആൻ അവതരിപ്പിക്കുകയും റസൂൽ തിരുമേനി(സ)യുടെ നിരവധി വചനങ്ങൾ പൂർണ്ണമായും പിന്തു ണക്കുകയും ചെയ്ത പരസ്പര ബന്ധിതമായ സാക്ഷ്യ ങ്ങളുടെ ശൃംഖല പിൽക്കാലത്ത് വരാനിരിക്കുന്ന വാഗ്ദത്ത പരിഷ്ക്കർത്താവിന്റെ ആവിർഭാവത്തെ സൂചിപ്പിക്കുന്നതാണ്.

മഹ്ദി മസീഹിനെ സംബന്ധിച്ച് ആവർത്തിച്ചു വരുന്ന എല്ലാ പ്രവചനങ്ങളും അതേ ശൃംഖലയുടെ മാത്രം കണ്ണികളാണ്. അത്തരത്തിൽ പരസ്പരം പിന്തുണക്കുന്നതും അന്യോന്യം ബന്ധിതവുമായ സാക്ഷ്യങ്ങളുടെ ശൃംഖലാ പരമ്പര മറ്റെവിടെയെങ്കിലും കാണുവാൻ പ്രയാസമാണ്.

## പരിശുദ്ധ പ്രവാചക(സ)ന്റെ പ്രവാചകത്വ പ്രഖ്യാപന കാലവുമായി ബന്ധപ്പെട്ട മറ്റു തരത്തിലുള്ള തെളിവുകൾ

ഈ തെളിവുകൾ പരിശുദ്ധ പ്രവാചക(സ)ന് വിശുദ്ധ ഖുർആൻ അവതരിച്ചുകൊണ്ടിരുന്ന കാലഘട്ടവുമായി ബന്ധപ്പെട്ടതാണ്. അക്കാലം റസൂൽ തിരുമേനി(സ)യുടെ ഭൗതിക സാന്നിദ്ധ്യം തന്റെ ശത്രുക്കളുടെ ഇടയിൽ ഉണ്ടായിരുന്ന കാലവുമായിരുന്നു. ഈ വിഷയം പ്രതിപാദിക്കപ്പെട്ട പ്രസക്തമായ വചനം ഇപ്രകാരമാണ്:

قُلْ لَّوْ شَآءَ اللّٰهُ مَا تَلَوْتُهٗ عَلَيْكُمْ وَلَآ اَدْرٰىكُمْ بِهٖ ۖ فَقَدْ لَبِثْتُ فِيْكُمْ عُمُرًا
مِّنْ قَبْلِهٖ ؕ اَفَلَا تَعْقِلُوْنَ ﴿١٧﴾

പറയുക (ഇതല്ലാതെ മറ്റൊരു അദ്ധ്യാപനം നൽകണമെന്ന്) അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഇത് നിങ്ങൾക്ക് ഓതിക്കേൾപ്പിച്ചു തരികയോ അറിയാൻ സാധിക്കുകയോ ചെയ്യുമായിരുന്നില്ല. അവൻ നിങ്ങൾക്ക് അതിനെ സംബന്ധിച്ച് അറിവ് തരികയില്ലായിരുന്നു. ഇതിന്ന് മുമ്പ് ഒരു ദീർഘകാലം ഞാൻ നിങ്ങളുടെ ഇടയിൽ ജീവിച്ചിട്ടുണ്ടല്ലോ? എന്നിട്ടും നിങ്ങൾ കാര്യം ഗ്രഹിക്കുന്നില്ലേ? (സൂറ: യൂനുസ് 10: 17)

ഈ വചനത്തിൽ പരിശുദ്ധ പ്രവാചകൻ(സ) തന്റെ ശത്രുക്കളെ ഓർമ്മപ്പെടുത്തുന്നതെന്തെന്നാൽ താൻ ഒരു ദീർഘകാലം നിങ്ങളുടെ ഇടയിൽ ജീവിച്ചതല്ലേ എന്നാണ്. അവിടുത്തെ കുട്ടിക്കാലവും ബാല്യവും താരതമ്യേന പക്വതയാർന്ന നാൽപ്പത് വയസ്സ് വരെയുള്ള കാലവും, യാതൊരു കളങ്കവുമില്ലാത്ത സുദീർഘമായ അവിടുത്തെ ജീവിതകാലത്തിന്ന് അവർ സ്വയം സാക്ഷികളാണ്. ഈ നീണ്ട കാലയളവിന്നു

ള്ളിൽ എന്തെങ്കിലും അപഖ്യാതി അവിടുത്തെ സ്വഭാവത്തിലോ സത്യസന്ധതയിലോ ആരോപിക്കാൻ സാധിച്ചിരുന്നില്ല. ദൈവപ്രവാചകനാണെന്ന അവിടുത്തെ പ്രഖ്യാപനത്തിന്ന് ശേഷമാണ് ശത്രുക്കൾ റസൂൽ തിരുമേനി(സ)യെ ഒരു വ്യാജനായി പ്രഖ്യാപിച്ചത്. അവർ തന്നെയായിരുന്നു അവിടുത്തെ അറേബ്യയിലെ തന്നെ ഏറ്റവും സത്യസന്ധനായ മനുഷ്യൻ എന്ന് വിശേഷിപ്പിച്ചത്. ഇതേ ശത്രുക്കൾ തന്നെയായിരുന്നു ഏറ്റവും വിശ്വസ്തനായ മനുഷ്യൻ എന്ന അഭിധാനം റസൂൽ തിരുമേനി(സ)യുടെ മേൽ ചാർത്തിയത്. ഇതിന്ന് മുമ്പ് തന്റെ സഹചരരെ കുറിച്ച് ഒരു കളവ് പോലും പറയാത്ത അതേ സത്യസന്ധനും വിശ്വസ്തനുമായ മനുഷ്യൻ ദൈവത്തിന്റെ പേരിൽ വ്യാജം പറയുന്നു എന്ന് പറഞ്ഞ് ശകാരിക്കപ്പെടുകയുണ്ടായി. ഈ വൈരുദ്ധ്യം എങ്ങനെയാണ് സാധ്യമാവുക? അവിടുത്തെ പ്രതിയോഗികളിൽ വലിയ വിഭാഗം പേരും മക്കയിലുള്ളവരാണ്. ഇതിന്ന് മുമ്പ് അവർ റസൂൽ തിരുമേനി(സ)യുടെ കളങ്കരഹിതമായ സ്വഭാവ മഹിമക്കും സത്യസന്ധതക്കും സാക്ഷ്യം വഹിച്ചവരായിരുന്നു എന്ന അനിഷേധ്യമായ വസ്തുത അവരെ ഓർമ്മപ്പെടുത്തുകയായിരുന്നു.

വാദത്തിന്ന് മുമ്പുണ്ടായിരുന്ന അവിടുത്തെ ജീവിതം ചൂണ്ടിക്കാട്ടുന്നത് ശ്രദ്ധേയമാണ്. പരിശുദ്ധ പ്രവാചക(സ)ന്റെ വാദത്തിന്ന് ശേഷം അവിടന്ന് എല്ലാ ആരോപണങ്ങളിൽ നിന്നും കുറ്റപ്പെടുത്തലുകളിൽ നിന്നും മുക്തനായിരുന്നില്ല. എല്ലാ സത്യ പ്രവാചകന്മാരോടും ഈ രീതിയിൽ തന്നെയാണ് ജനം പെരുമാറിയത്. പ്രവാചകന്മാർ തങ്ങളുടെ ജീവിതത്തെ പ്രവാചകത്വ വാദത്തിന്ന് മുമ്പും പിമ്പുമായി തികച്ചും വ്യത്യസ്തമായ രീതിയിലാണ് ചിത്രീകരിക്കപ്പെടുന്നത്. സത്യവാന്മാരിൽ ഏറ്റവും സത്യവാനെന്ന് വിളിച്ചു പറഞ്ഞ അതേ ജനത തന്നെ മോശക്കാരിൽ ഏറ്റവും മോശക്കാരൻ എന്ന് മാറ്റിപ്പറയുന്നു. പ്രവാചകത്വ വാദത്തിന്ന് ശേഷം എല്ലാം തന്നെ കുറ്റകൃത്യങ്ങളായി മാറുകയാണ് ചെയ്യുന്നത്. ഒരു പ്രവാചകന്റെ ചരിത്രവും ഈ നിയമത്തിൽ നിന്നും മുക്തമല്ല.

പ്രവാചകന്മാർ തങ്ങളുടെ വാദത്തിന്ന് മുമ്പും കളങ്കരഹിത രായിരുന്നില്ല എന്നാണ് പ്രവാചക ശത്രുക്കൾ പ്രവാചക വാദ ത്തിന്ന് ശേഷം അവരെ കുറിച്ച് ആരോപിക്കാൻ തുടങ്ങിയത്. ശത്രുക്കൾക്ക് ഈ ആരോപണങ്ങളെല്ലാം ഉന്നയിക്കാം. പക്ഷേ അവർക്ക്, പ്രവാചകന്മാരുടെ ഭൂതകാല ജീവിതത്തിൽ ഒരു അണു മാത്ര പോലും കുറ്റം ചെയ്തതിന്റെ തെളിവുകൾ സമർപ്പിക്കാൻ സാധ്യമായിരുന്നില്ല. ഈ ഖുർആനിക വാദം എക്കാലത്തുമുള്ള എല്ലാ പ്രവാചകന്മാർക്കും സാർവ്വത്രികമായി ബാധകമാണ്. ആരും തന്നെ ഈ വിധിയിൽ നിന്നും ഒഴിഞ്ഞു പോകുന്നില്ല. ഇത് പോലെയുള്ളതും അതിനേക്കാൾ ശക്തവുമായ വാദം ഖുർആൻ മറ്റു വചനങ്ങളിൽ അവതരിപ്പിക്കുന്നുണ്ട്. സമകാലി കരായ പ്രവാചകന്മാരുടെ ശത്രുക്കൾ, തങ്ങളെ പ്രവാചകന്മാർ നിരാശപ്പെടുത്തിയിരിക്കുന്നു എന്ന ആരോപണം ഉന്നയിക്കുന്നു. അവർ പ്രവാചകന്മാരോട് പറയുന്നത് ഞങ്ങൾ വളരെ പ്രതീ ക്ഷയോടെ കണ്ടിരുന്ന അതേ ആൾ തന്നെയായിരുന്നെങ്കിൽ അദ്ദേഹം തങ്ങളുടെ വളർന്ന് വരുന്ന ഒരു നേതാവായി തീരും എന്നായിരുന്നു. അതേ ജനത തന്നെയാണ് ഏറ്റവും താഴ്ന്ന അടിമയുടെ വില പോലുമില്ലാത്തയാളാണെന്ന് പ്രവാചകന്മാരെ കുറിച്ച് ആരോപിക്കുന്നത്. തങ്ങളുടെ ഏറ്റവും ആദരണീയനാ യിരുന്ന നേതാവിനെ വിട്ടുകളഞ്ഞത്.

നാം ശ്രദ്ധിക്കേണ്ട മറ്റൊരു പ്രസക്തമായ വസ്തുത, ഒരു മനുഷ്യന് അയാൾക്ക് നാൽപ്പതോ അതിനടുത്തോ വയസ്സാ കുമ്പോൾ പ്രവാചകത്വം വാദിക്കാം എന്ന ആഗ്രഹം ചെറുപ്പ കാലത്ത് തന്നെ താലോലിച്ചു കൊണ്ടുവരാനാകില്ല എന്നതാണ്. ഈ ആഗ്രഹം ഉള്ളിൽ വെച്ച് ഒരാൾക്ക് മുഴു ജീവിതത്തിലും കപട സാത്വികനായി ജീവിക്കാൻ കഴിയില്ല. ലളിതമായി പറ ഞ്ഞാൽ അത് അസാദ്ധ്യമാണ്.

മറ്റു പ്രവാചകന്മാരുടെ ജീവിതത്തിൽ ഈ തത്ത്വം പ്രയോ ഗിച്ചാൽ നിങ്ങൾക്ക് ലഭിക്കുന്ന നിഗമനം തന്നെയായിരിക്കും അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ സ്ഥാപകന്റെ ജീവിതം ഈ തരത്തിൽ പെട്ട സാക്ഷ്യങ്ങൾ വെച്ച് പരിശോധിച്ചാലും

നിങ്ങൾക്ക് ലഭിക്കുക. വാഗ്ദത്ത മസീഹി(അ)ന്റെ വാദത്തിന്ന് മുമ്പുള്ള ജീവിതം നിങ്ങൾക്ക് പരിശോധിക്കാവുന്നതാണ്. അപ്പോൾ നിങ്ങൾ അനിവാര്യമായും എത്തിച്ചേരുന്ന നിഗമനം അദ്ദേഹം കൂടുതൽ പുരോഗമനാത്മകമായി പ്രചാര മാർജ്ജിച്ചു വരുന്ന വ്യക്തിയായിരുന്നു എന്നാണ്. ഖാദിയാനിൽ ഏറ്റവും അടുത്ത വൃത്തങ്ങളിലുള്ള ഹിന്ദുക്കൾ അദ്ദേഹത്തെ നോക്കിപ്പാർക്കുകയുണ്ടായി അവർ അദ്ദേഹത്തിന്റെ ബാല്യകാലം കണ്ടു. അദ്ദേഹത്തിന്റെ ആദ്യകാല യുവത്വവും യുവത്വത്തിൽ നിന്നും വാർദ്ധ്യകൃത്തിലെത്തുന്നത് വരെയുമുള്ള അദ്ദേഹത്തിന്റെ വളർച്ചയും കണ്ടു. അത് പോലെ സിക്കുകാരും നിരീശ്വര വാദികളും ക്രിസ്ത്യാനികളും അദ്ദേഹത്തെ നിരീക്ഷിച്ചിട്ടുണ്ട്. സമ്പന്നരാകട്ടെ, ദരിദ്രരാകട്ടെ അവർക്കെല്ലാം അദ്ദേഹത്തെ വ്യക്തിപരമായി അറിയാമായിരുന്നു. അവരെല്ലാം അദ്ദേഹത്തിന്റെ ജീവിതം അടുത്ത് നിന്ന് വീക്ഷിക്കുകയുണ്ടായി. നിങ്ങൾക്ക് ശേഖരിക്കാവുന്ന എല്ലാ രേഖകളും അദ്ദേഹത്തിന്റെ സത്യത്തെ സാക്ഷീകരിക്കുന്നതായും ജീവിതത്തിലുടനീളം അദ്ദേഹത്തിന്റെ ഉന്നതമായ സ്വഭാവഗുണത്തെ വാഴ്ത്തുന്നതായും കാണാം. ഈ സാക്ഷ്യങ്ങളൊന്നും തന്നെ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്ന് നേരെ എതെങ്കിലും തരത്തിലുള്ള നേരിയ ദുരാരോപണത്തിന്റെ ഒരു വിരൽ പോലും ചൂണ്ടുന്നില്ല. എന്തായിരുന്നാലും ഇവിടെ സാക്ഷ്യങ്ങളുടെ ദൗർലഭ്യമില്ല. ചെറുപ്പത്തിൽ തന്നെ അദ്ദേഹത്തിന്ന് ഒരു പള്ളി സ്വന്തമായുണ്ടായിരുന്നു. ശൈശവ കാലത്ത് തന്നെ താൻ കഴിക്കുന്ന ആഹാരത്തിൽ ഒരു പങ്ക് ഭക്ഷണ മേശയിൽ നിന്നുമെടുത്ത് തെരുവിൽ പോയി കണ്ണിൽ കാണുന്ന കുട്ടികൾക്ക് വിതരണം ചെയ്യാൻ ഇഷ്ടപ്പെട്ടിരുന്ന ഒരു ശീലമായിരുന്നു അദ്ദേഹത്തിന്ന് പാവങ്ങളോടുണ്ടായിരുന്നത്.

ചുരുക്കത്തിൽ മിത്രമായിക്കൊള്ളട്ടെ, ശത്രുവായിക്കൊള്ളട്ടെ കുട്ടിക്കാലം മുതൽക്ക് തന്നെ നിഷ്ക്കളങ്കനും നിർമ്മലനുമായ ഒരു ശുദ്ധാത്മാവായിരുന്നു അദ്ദേഹമെന്ന് സാക്ഷ്യങ്ങൾ പറയുന്നു. ദൈവത്തേയും സഹചരരെയും അദ്ദേഹം അഗാധമായി സ്നേഹിച്ചു. പാവങ്ങൾക്ക് വേണ്ടി ത്യാഗ

ങ്ങൾ ചെയ്യുകയും മനുഷ്യ സമൂഹത്തിന്ന് വേണ്ടി സേവനങ്ങൾ അർപ്പിക്കുകയും ചെയ്യുന്ന അദ്ദേഹത്തെ പോലെയുള്ളവർ ഒരിക്കലും തന്നെ അനുചിതമായ സ്വഭാവങ്ങൾക്കോ കാപട്യങ്ങൾക്കോ ശൈശവം മുതൽ വാർദ്ധക്യം വരെയുള്ള കാലഘട്ടത്തിൽ യാതൊരു വിധ ആരോപണവും എറ്റുവാങ്ങേണ്ടി വന്നിട്ടില്ല. തീർച്ചയായും അവർക്ക് ഈ ഖുർആനിക മാനദണ്ഡം വെച്ച് ആ മഹാത്മാവിനെ അളക്കാവുന്നതാണ്:

فَقَدْ لَبِثْتُ فِيكُمْ عُمُرًا مِّن قَبْلِهِۦٓ ۚ أَفَلَا تَعْقِلُونَ ﴿١٦﴾

ഇതിന്ന് മുമ്പ് ഒരു ദീർഘകാലം ഞാൻ നിങ്ങളുടെ ഇടയിൽ ജീവിച്ചിട്ടുണ്ടല്ലോ? എന്നിട്ടും നിങ്ങൾ കാര്യം ഗ്രഹിക്കുന്നില്ലേ? (സൂറ: യൂനുസ് 10: 17)

## 19

# പ്രപഞ്ചം മുഴുവൻ പ്രവർത്തിക്കുന്ന അഭിലേഖന വ്യവസ്ഥ

ഇപ്പോൾ ഈ പശ്ചാത്തലത്തിൽ ഉയരുന്ന ചോദ്യം, വിധിനാളിൽ ദൈവത്തിന്റെയും മാലാഖമാരുടെയും സാക്ഷ്യത്തിന്റെ പദവിയെ സംബന്ധിച്ചുള്ളതാണ്. മറ്റു മതങ്ങളുടെ അദ്ധ്യാപനങ്ങൾ നിങ്ങൾ അന്വേഷിക്കുകയാണെങ്കിൽ ഈ തരത്തിലുള്ള തെളിവുകളുടെ അഭാവം അതിൽ മുഴച്ചു നിൽക്കുന്നതായി കാണാൻ സാധിക്കും.

നിങ്ങൾ ദൈവത്തിന്റെയും മലക്കുകളുടെയും സാക്ഷ്യത്തിലും ശക്തിയിലും മാത്രമാണ് ബന്ധിക്കപ്പെട്ടതെന്ന് വിശുദ്ധ ഖുർആൻ ഒരിക്കലും അവകാശപ്പെടുന്നില്ല. ഖുർആനികമായ സമീപനം ഇതായിരുന്നുവെങ്കിൽ മാലാഖമാർ മനുഷ്യരെപ്പോലെയല്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് മനുഷ്യൻ അതിനെ എതിർക്കുമായിരുന്നു.അവർക്ക് ഒരിക്കലും പാപം ചെയ്യാൻ മനുഷ്യനെ പോലെ വൈകാരിക പ്രചോദനമോ ആന്തരികമായ പ്രേരണയോ ഉണ്ടാവില്ല. അതുകൊണ്ട് തന്നെ മനുഷ്യന്റെ വൈകാരിക പ്രേരണകളെ സംബന്ധിച്ച് അവരുടെ സാക്ഷ്യം സ്വയം തന്നെ പര്യാപ്തമാണെന്ന് കരുതാനാവില്ല. മനുഷ്യനെ സംബന്ധിച്ച് മനുഷ്യന്റെ സാക്ഷ്യം തന്നെ ആയിരിക്കണം.

സുപ്രസിദ്ധ കവി ഗാലിബ്* തന്റെ ഉറുദു ഈരടിയിൽ ഇതേ ചോദ്യം തന്നെ ഉയർത്തുന്നുണ്ട്:

پکڑے جاتے ہیں فرشتوں کے لکھے پر ناحق
آدمی کوئی ہمارا دمِ تحریر بھی تھا؟

---

✸ **മിർസാ അബ്ദുല്ലാ ഗാലിബ് (1797 – 1869)**: 19-ാം നൂറ്റാണ്ടിൽ ദില്ലിയിൽ ജീവിച്ച ഉറുദു, പാഴ്സി കവി. സൂഫി ജീവിതം നയിച്ചിരുന്ന ഗാലിബ് ഗസൽ രചയിതാവുമായിരുന്നു. (വിവ:)

'നാം മലക്കുകളുടെ സാക്ഷ്യത്താൽ മാത്രം നീതീരണമില്ലാതെ പിടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അവിടെ ഇതെല്ലാം രേഖപ്പെടുത്തുമ്പോൾ ഏതെങ്കിലും ഒരു മനുഷ്യ സാക്ഷി വേണ്ടവണ്ണം ഉണ്ടായിരുന്നോ?'

വിശുദ്ധ ഖുർആൻ അതിനെക്കാൾ കുറച്ചുകൂടി കൂടുതൽ മുന്നോട്ടു പോകുന്നു. അത് പറയുന്ന സാക്ഷ്യം ഓരോ കുറ്റവാളിയും സ്വയം അവനെതിരെ സംസാരിക്കുമെന്നാണ്. അതായത് മറ്റു മനുഷ്യരുടെ തെളിവുകളല്ല ഒരാളെ കുറ്റവാളിയാക്കുന്നത്. അയാളുടെ സ്വയം കുറ്റ സമ്മതമാണ്. ഗാലിബിനോട് ദൈവത്തിന്റെ പറയപ്പെട്ടിട്ടില്ലാത്ത ഉത്തരം ഇതായിരിക്കും. 'നിനക്കെതിരെ സാക്ഷ്യം നിൽക്കാൻ മറ്റൊരു മനുഷ്യന്റെ ആവശ്യമില്ല. നിന്റെ ഉദ്ദേശ്യങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും എതിരെ നീ തന്നെ സാക്ഷ്യം നിൽക്കും. ഇത്പോലെയുള്ള കുറ്റസമ്മതത്തിന്ന് മനുഷ്യനായിക്കൊള്ളട്ടെ, മലക്കുകളായി കൊള്ളട്ടെ പുറമെ നിന്നുള്ള സാക്ഷ്യത്തിന്റെ ആവശ്യമില്ല. മനുഷ്യൻ അവന് സ്വയം എതിരായിക്കൊണ്ടുള്ള ഇത്തരത്തിലുള്ള സാക്ഷ്യങ്ങളെ പറ്റി വിശുദ്ധ ഖുർആനിലെ നിരവധി വചനങ്ങളിൽ പ്രതിപാദിക്കുന്നു. ചുരുക്കത്തിൽ കുറ്റവാളിക്കെതിരെയുള്ള കുറ്റസമ്മതം ദൈവത്തിന്റെയും മലക്കുകളുടെയും സാക്ഷ്യം പൂർണ്ണമായും പിന്തുണക്കുന്നു. ദൈവത്തിന്റെ ദിവ്യമായ അഭിലേഖന വ്യവസ്ഥ (റിക്കാർഡിങ്ങ് സിസ്റ്റം) എല്ലാം തന്നെ സമഗ്രമാണ്. വിധി നാളിൽ സകല കാര്യങ്ങളും ഉള്ളടങ്ങിയ രീതിയിലുള്ള ഈ സാക്ഷ്യത്തെ പറ്റി സംഭ്രമാത്മകമായി മനുഷ്യൻ അത്ഭുതപ്പെടുന്നത് സംബന്ധിച്ച് താഴെ കാണുന്ന ഖുർആൻ വചനത്തിൽ പറയുന്നുണ്ട്. മനുഷ്യൻ പറയും:

يٰوَيْلَتَنَا مَالِ هٰذَا الْكِتٰبِ لَا يُغَادِرُ صَغِيْرَةً وَّلَا كَبِيْرَةً اِلَّآ اَحْصٰهَا ۚ

അഹോ കഷ്ടം! ഇതെന്തൊരു ഗ്രന്ഥമാണ്?! ചെറുതും വലുതുമായ ഒന്നും തന്നെ അത് രേഖപ്പെടുത്താതെ വിട്ടു കളഞ്ഞിട്ടില്ലല്ലോ! (സൂറ അൽ കഹ്ഫ് 18 :50)

ഇതിന്നർത്ഥം കുറ്റവാളിക്ക് മുമ്പിൽ സമർപ്പിക്കുന്ന രേഖകൾ എല്ലാം പരിപൂർണ്ണമായിരിക്കും എന്നാണ്. അതായത് കുറ്റ

ത്തിന്റെ ഈ വിശദരൂപം അവനെ ഈ രേഖയിലൂടെ ഓർമ്മപ്പെടുത്തുന്നത് വരെ അവൻ സ്വയം ഇതൊന്നും ഓർത്തിരിക്കുകയില്ല. ഒരു കാര്യം സംഭവിച്ചു കഴിഞ്ഞാൽ അതിന്റെ അസ്തിത്വത്തിൽ നിന്നും അത് ഒരിക്കലും മാഞ്ഞുപോവുന്നില്ല.

ഇതേ വിഷയം തന്നെ വിശുദ്ധ ഖുർആനിലെ സൂറ: ലുഖ്മാൻ എന്ന അദ്ധ്യായത്തിൽ 17-ാമത്തെ വചനത്തിൽ ലുഖ്മാൻ തന്റെ മകനെ താക്കീത് ചെയ്യുമ്പോൾ കൂടുതൽ വിശദീകരിച്ചു പറയുന്നുണ്ട്:

يٰبُنَيَّ اِنَّهَآ اِنْ تَكُ مِثْقَالَ حَبَّةٍ مِّنْ خَرْدَلٍ فَتَكُنْ فِيْ صَخْرَةٍ اَوْ فِى السَّمٰوٰتِ
اَوْ فِى الْاَرْضِ يَأْتِ بِهَا اللّٰهُ ۗ اِنَّ اللّٰهَ لَطِيْفٌ خَبِيْرٌ ﴿١٦﴾

എന്റെ പ്രിയപ്പെട്ട മകനേ, അത് കടുക് മണിത്തൂക്കമായിരുന്നാൽ പോലും പിന്നീട് പാറക്കുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെ ആയിരുന്നാലും, അല്ലാഹു അതിനെ പുറത്ത് കൊണ്ട് വരുന്നതാണ്. അല്ലാഹു സൂക്ഷ്മജ്ഞനും സർവ്വഥാ ജാഗരൂകനുമാണ്. (സൂറ:ലുഖ്മാൻ. 31:17)

മേൽ പറഞ്ഞ വചനങ്ങൾ പരിശുദ്ധ പ്രവാചകന്ന് വെളിപ്പെട്ട കാലഘട്ടത്തിൽ ചെറുതും വലുതുമായ എല്ലാ വസ്തുക്കളും സ്വയം തന്നെ അദൃശ്യമായ ദൈവിക സംവിധാനത്താൽ രേഖപ്പെടുത്തപ്പെടുമെന്ന് ഭൂമിയിലെ ഒരു മനുഷ്യനും അവന്റെ ഭാവനയുടെ പരമസീമയിൽ വെച്ച് പോലും സങ്കൽപ്പിക്കാൻ സാദ്ധ്യമല്ലായിരുന്നു. ഈ വചനം വളരെ വ്യക്തമായി സൂചിപ്പിക്കുന്നത് പ്രവാചകനായ മുഹമ്മദി(സ)ന്ന് ആ കാലഘട്ടത്തിൽ അറിയപ്പെടാത്തതും അറിയുന്നതുമായ കാര്യങ്ങൾ അറിയുന്ന ഒരു അസ്തിത്വം വിവരങ്ങൾ അറിയിച്ചുകൊടുക്കുകയായിരുന്നു എന്നാണ്.

നിങ്ങൾ ഒരു പ്ലാനിറ്റോറിയം സന്ദർശിക്കുകയാണെങ്കിൽ ഇരുപത് ബില്ല്യൻ വർഷങ്ങൾക്ക് മുമ്പ് സംഭവിച്ച ബിഗ് ബാങ്ങി (മഹാവിസ്ഫോടനം)ന്റെ ശബ്ദം അന്തരീക്ഷത്തിൽ

ഇപ്പോഴും സ്പന്ദിച്ചുകൊണ്ടിരിക്കുന്നു എന്നതിന്ന് നിങ്ങൾക്ക് സ്വയം തന്നെ സാക്ഷിയാകാൻ സാധിക്കും. വളരെ സൂക്ഷ്മ മായ ശാസ്ത്രീയ ഉപകരണങ്ങളുടെ സഹായത്തോടെ ആ ശബ്ദ തരംഗത്തെ നൂറുക്കണക്കിന്ന് ഇരട്ടി ശക്തി വർദ്ധി പ്പിച്ചുകൊണ്ട് മനുഷ്യന്റെ ശ്രവണ പുടങ്ങൾക്ക് ഇപ്പോഴും അതിന്റെ പ്രതിദ്ധ്വനി കേൾക്കാൻ സാധിക്കും.

പുരാവസ്തു ശാസ്ത്രജ്ഞന്മാർ പുരാതനമായ അവശിഷ്ട ങ്ങൾ ഖനനം ചെയ്യുമ്പോൾ ദശലക്ഷക്കണക്കിന്ന് അല്ലെങ്കിൽ കോടിക്കണക്കിന്ന് വർഷങ്ങൾക്ക് മുമ്പ് പോലും നടന്ന സംഭ വങ്ങൾ അനാവരണം ചെയ്യുന്നു. ഫോസിലീകരിക്കപ്പെട്ട അവ യുടെ അക്കാലത്തെ വാക്കുകളില്ലാത്ത കഥ നമുക്ക് കേൾ ക്കാവുന്നതാണ്. അനാഛാദനം ചെയ്യാത്ത അവയുടെ കഥ കൾ ഇനിയും പറഞ്ഞു തീർന്നിട്ടില്ല. മനുഷ്യൻ പുരോഗ മിക്കുന്നതനുസരിച്ച് കൂടുതൽ ഭൂതകാലം അവന് മുന്നിൽ ഉദയം ചെയ്തുകൊണ്ടിരിക്കും. ഉന്മൂലനം ചെയ്യപ്പെട്ട ജീവി കളുടേത് പോലും പൂർണ്ണ ഫോസിലീകൃതമായ അവയുടെ അവശേഷിച്ച അസ്ഥിപഞ്ജര രേഖകൾ ഭൂതകാല രേഖക ളായി നമുക്ക് ലഭിക്കുന്നു.

പുരാവസ്തു ശാസ്ത്രം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ജീവി കളുടെ വളരെ സൂക്ഷ്മമായ വിവരങ്ങൾ വരെ വായിച്ചെടു ക്കാൻ സാദ്ധ്യമാകും. ആ ജീവികളെ പിടികൂടിയ രോഗം, അതിന്റെ കഴിവുകൾ, അതിന്റെ ശേഷിയും ബലഹീനതയും, അതിന്റെ ഓട്ടത്തിന്റെ വേഗത, അതിന്റെ ഉയരം, അതിന്റെ ഭക്ഷണത്തിന്റെ പ്രകൃതം, മുതലായ കാര്യങ്ങളെല്ലാം അവർ വായിച്ചെടുക്കുന്നു. ആ മൃഗം സസ്യഭുക്കോ മാംസഭുക്കോ? അതിന്റെ സ്വഭാവ പ്ര കൃതിയെന്ത്– അത് ധീരതയുള്ളതോ ഭീരുവോ? ബുദ്ധിയുള്ളതോ? ബുദ്ധി ഹീനമോ? ഇപ്രകാരം ഈ ഗോളത്തിൽ ജീവിച്ചിരുന്ന ജീവികളെ പറ്റി അവ ചലിക്കുകയും വിശ്രമിക്കുകയും ചെയ്തിരുന്ന രീതി, അവയുടെ ജീവിതശൈലി മുതലായ വിവരങ്ങൾ അവ നശിച്ചൊടുങ്ങി വളരെ കാലം കഴിഞ്ഞതിന്ന് (ചിലപ്പോൾ ദശലക്ഷക്കണക്കിന്ന് വർഷങ്ങൾക്ക് ശേഷം) ക്രമേണ അനാ

വരണം ചെയ്യപ്പെടുകയും നമുക്ക് അതിന്റെ സമ്പൂർണ്ണ ജീവിത ചരിത്രം ലഭിക്കുകയും ചെയ്യുന്നു

അപ്രകാരം താരതമ്യേന സമീപ ഭൂതകാലത്ത് വസിച്ചിരുന്ന മനുഷ്യന്റെ ഫോസിൽ സൂക്ഷ്മമായ ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമാക്കുകയും മരിച്ച പ്രത്യേക ആൾ എന്ത് രോഗം മൂലമാണ് മരിച്ചത് എന്ന വളരെ സൂക്ഷ്മമായ കാര്യങ്ങൾ വരെ ആധികാരികമായി വെളിപ്പെടുത്താൻ ശാസ്ത്രജ്ഞന്മാർക്ക് സാധിക്കുമെന്ന് അവകാശപ്പെടുന്നു. ഉദാഹരണത്തിന്ന് സിഫിലീസ്, ഗൊണേറിയ മുതലായ ഗുഹ്യ രോഗങ്ങൾ വന്നാണ് മരിച്ചതെങ്കിൽ പോലും അത് കണ്ടുപിടിക്കാൻ കഴിയും. ചുരുക്കത്തിൽ എല്ലാം രേഖപ്പെടുത്തപ്പെട്ടതാണ്. ആലേഖനം ചെയ്യപ്പെട്ടതെല്ലാം അതിന്റെ വർത്തമാനം പറയുന്നതുമാണ്.

മനുഷ്യന്ന് അവന്റെ പരിമിതമായ ജ്ഞാനം വെച്ച് കൊണ്ട് ഭൂതകാലത്തെ ഈ ലിഖിതങ്ങൾ വായിക്കുകയും മനസ്സിലാക്കുകയും ചെയ്യാമെങ്കിൽ അവന്റെ തന്നെ വ്യക്തിപരമായ രേഖകൾ ദൈവികമായ ആലേഖന സംവിധാനത്തിൽ നിന്നും രക്ഷപ്പെടുമെന്ന തെറ്റിദ്ധാരണ വെച്ചുപുലർത്തി ജീവിക്കുന്നത് എത്രമാത്രം മൂഢത്തരമാണ്. മാഞ്ഞുപോകാത്ത ഈ തെളിവുകളുടെ ബലത്തിൽ താൻ ഭൂതകാലത്ത് ചെയ്തുകൂട്ടിയ അകൃത്യങ്ങളുമായി ഒരുനാൾ കണ്ടുമുട്ടുമെന്ന കാര്യം മനുഷ്യൻ വിസ്മരിക്കുന്നു. ഇന്നത്തെ പുരാവസ്തു ശാസ്ത്രജ്ഞന്മാരേക്കാൾ നല്ലനിലയിൽ ഈ അഭിലേഖന വ്യവസ്ഥയുടെ സ്രഷ്ടാവിന്ന് അതിൽ അന്തർലീനമായ സന്ദേശങ്ങൾ വായിക്കാൻ ഏറ്റവും നല്ലനിലയിലുള്ള സജ്ജീകരണങ്ങളുണ്ട്. മനുഷ്യൻ ഈ വ്യവസ്ഥ കൂടുതൽ സൂക്ഷ്മമായി പഠിക്കുകയാണെങ്കിൽ അവന്റെ ഹൃദയത്തിലെ ഏറ്റവും അഗാധ തലങ്ങളിൽ നിന്നും ഉയരുന്ന ശബ്ദങ്ങൾ പോലും അതിന്റെ രൂപീകരണ കാലം മുതൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു എന്നറിയുമ്പോൾ അവൻ കിടിലം കൊണ്ടുപോകും. അതുപോലെ കുറ്റം ചെയ്യാനുള്ള ഉദ്ദേശ്യം

അതിന്റെ സ്വപ്ന സദൃശമായ അവസ്ഥയിൽ പോലും ഈ ആലേഖന വ്യവസ്ഥയിൽ നിന്നും രക്ഷപ്പെടുന്നില്ല. എന്നിരിക്കെ മനുഷ്യന്ന് എങ്ങനെയാണ് ചോദ്യം ചെയ്യുന്ന ഈ സന്ദർഭത്തിൽ നിന്നും ഓടി രക്ഷപ്പെടാൻ സാധിക്കുക?

ഈ വിഷയം കൂടുതൽ വിശദീകരിച്ചുകൊണ്ട് പരിശുദ്ധ പ്രവാചകൻ(സ) കൂട്ടിച്ചേർത്ത് പറഞ്ഞത്, ദൈവം അവൻ ഇച്ഛിക്കുന്നത് പോലെ തന്റെ പരിധിയില്ലാത്ത മാപ്പ് അരുളുന്നതാണ് എന്നാണ്. പാപ കൃത്യങ്ങളുടെ സർവ്വസീമകളും ലംഘിച്ച പാപിയായ ഒരു മനുഷ്യന്റെ കഥ പരിശുദ്ധ പ്രവാചകൻ(സ) ഒരു സദൃശ കഥയായി ഇവിടെ അവതരിപ്പിക്കുന്നുണ്ട്. ആ പാപിയായ മനുഷ്യൻ അയാളുടെ ആഗ്രഹ സാഫല്യത്തിന്ന് സാദ്ധ്യമാകുന്ന എല്ലാ പാപങ്ങളും നിർവ്വഹിച്ചു. മരണാസന്നനായപ്പോൾ അയാൾ തന്റെ മക്കളോട് താക്കീത് ചെയ്തത്, താൻ മരിച്ചാൽ മൃതദേഹം കത്തിച്ച് ചാരമാക്കാൻ വേണ്ടിയായിരുന്നു. മക്കൾ അപ്രകാരം ചെയ്തതിന്ന് ശേഷം ഒരു കാറ്റുള്ള ദിനത്തിൽ കരയിലും വെള്ളത്തിലും ആ ചാരം പാറ്റിക്കൊണ്ട് അയാളുടെ ജീവിതരേഖ ആസകലം നശിപ്പിച്ചു. പരിശുദ്ധ പ്രവാചകൻ(സ) തുടർന്നു. വിധിനാളിൽ പ്രത്യക്ഷത്തിൽ വീണ്ടെടുക്കാൻ അസാദ്ധ്യമെന്ന് നാം കരുതുന്ന ആ മനുഷ്യന്റെ ചാരത്തിൽ നിന്നും അയാളെ പുനസൃഷ്ടിച്ചുകൊണ്ട് ദൈവം അയാളോട് ചോദിക്കും. നീ എന്തുകൊണ്ടാണ് ഇപ്രകാരം ചെയ്തത്? അയാളുടെ ഉത്തരം ഇങ്ങനെയായിരിക്കും. 'ഞാൻ നിന്നെ ഭയപ്പെട്ടതു കൊണ്ടാണ് അപ്രകാരം ചെയ്തത്.' ദൈവം അപ്പോൾ ഇങ്ങനെ പ്രതികരിക്കും 'എന്നെ ഭയപ്പെടുന്നവർക്ക് പൊറുത്തുകൊടുക്കാനുള്ള അധികാരം കൂടി എനിക്കുണ്ട്. ഞാൻ അപ്രകാരമാണ് തീരുമാനിച്ചതെങ്കിൽ! അങ്ങനെ ദൈവം ഭൂമിയിലെ ഈ കൊടുംപാപിക്ക് വിചാരണക്ക് ശേഷം മാപ്പരുളുകയുണ്ടായി.[45]

ഈ പ്രവാചക വചനം ഒരിക്കലും പാപം ചെയ്യാൻ പാപികളെ പ്രോത്സാഹിപ്പിക്കുന്നില്ല. ആ ഹദീസ് അയാളോട് പറയുന്നത് ഇത്രമാത്രമാണ്. അതായത് ദൈവം ഇച്ഛിക്കുക

യാണെങ്കിൽ പാപിയായ ഒരുവന്ന് ദൈവം പൊറുത്തുകൊടുക്കുന്നതാണ്. അതുകൊണ്ട് ദൈവത്തിന്റെ പൊറുമയിൽ ഒരിക്കലും തന്നെ പ്രതീക്ഷ കൈവിടേണ്ടതില്ല. ഒരാൾ പാപകൃത്യങ്ങളിൽ നിന്ന് കഴിയുന്നത്ര സ്വയം മാറി നിൽക്കണം. അയാൾക്ക് ഒരിക്കലും തന്നെ താൻ ചെയ്ത പാപങ്ങളെ പ്രതി നിരാശയിൽ സ്വയം മുങ്ങി താഴാൻ അനുവാദമില്ല. അയാൾക്ക് ദൈവത്തിന്റെ അപരിമേയമായ കാരുണ്യത്തിൽ വിശ്വാസമുണ്ടായിരിക്കണം. ഇതിനെല്ലാറ്റിന്നും ഇടയിൽ ദൈവത്തിൽ നിന്നും കുറ്റങ്ങൾ മറച്ചു വെച്ച് കൊണ്ട് ശിക്ഷയിൽ നിന്ന് രക്ഷപ്പെട്ടുകളയാമെന്ന ചിന്തയിൽ ആരും അഭിരമിക്കേണ്ടതില്ല. അത്തരത്തിലുള്ള ബാലിശമായ ശ്രമം കാണുമ്പോൾ ഞാൻ ഒരിക്കൽ കണ്ട മഠയനായ ഒരു കൗമാരക്കാരന്റെ ഓർമ്മയാണ് മനസ്സിൽ ഓടിയെത്തുന്നത്. കോഴി ധാന്യം കൊത്തിപ്പെറുക്കുന്നത് പോലെ അതിവേഗത്തിൽ പള്ളിയിൽ വെച്ച് നമസ്ക്കരിച്ചു കൊണ്ടിരിക്കുന്ന ഒരു ബാലനെ കാണുകയുണ്ടായി. അവൻ നമസ്ക്കരിച്ച് കഴിഞ്ഞ് അധികം വൈകാതെ ഞാൻ അവനോട് നീ ഇങ്ങനെ നമസ്ക്കരിക്കാനുള്ള കാരണം ആരാഞ്ഞു. അവന്റെ മറുപടി 'ഞാൻ ദൈവത്തോടുള്ള എന്റെ കടമ നിർവ്വഹിക്കുകയാണ്. ഞാൻ ദൈവത്തെ തൃപ്തിപ്പെടുത്താൻ വെറുതെ കളിപ്പിക്കുകയാണെന്നോ ഗൗരവതരമായ പ്രാർത്ഥന നടത്തുകയാണെന്നോ എങ്ങനെ ദൈവത്തിന്ന് അറിയാൻ സാധിക്കും!' ഈ മറുപടി പറഞ്ഞ ആൾ നിസ്സാരനായ ഒരു ബാലനാണ്. എന്നാൽ, അഹോ കഷ്ടം, മതത്തിന്റെ അകവും പുറവും അറിയാമെന്ന് വിശ്വസിക്കപ്പെടുന്ന പണ്ഡിതന്മാരെന്ന് അവകാശപ്പെടുന്നവർ, അവരുടെ ജീവിതം മുഴുവൻ ദൈവത്തെ വഴിതെറ്റിക്കാൻ വേണ്ടി പാഴ്വേലചെയ്യുകയാണ്. ആർക്കും തന്നെ ദൈവത്തെ വഴിതെറ്റിക്കാനാവില്ല. വിശുദ്ധ ഖുർആനിലെ **ഹാ മീം സജദ** എന്ന അദ്ധ്യായത്തിൽ നിന്നും ഒരു വചനം ഇപ്രകാരമാണ്:

حَتّٰٓى اِذَا مَا جَآءُوْهَا شَهِدَ عَلَيْهِمْ سَمْعُهُمْ وَاَبْصَارُهُمْ وَجُلُوْدُهُمْ بِمَا كَانُوْا

يَعْمَلُونَ ﴿٢١﴾ وَقَالُوا لِجُلُودِهِمْ لِمَ شَهِدتُّمْ عَلَيْنَا ۖ قَالُوٓا أَنطَقَنَا ٱللَّهُ ٱلَّذِىٓ أَنطَقَ كُلَّ شَىْءٍ وَهُوَ خَلَقَكُمْ أَوَّلَ مَرَّةٍ وَإِلَيْهِ تُرْجَعُونَ ﴿٢٢﴾

അവരുടെ കാതുകളും അവരുടെ കണ്ണുകളും അവരുടെ ചർമ്മങ്ങളും അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ചെയ്തികളെ സംബന്ധിച്ച് അവർക്കെതിരെ സാക്ഷി പറയുന്നതാണ്. അവർ തങ്ങളുടെ ചർമ്മങ്ങളോട് ചോദിക്കും: 'നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരെ സാക്ഷി പറഞ്ഞത്? ആ ചർമ്മങ്ങൾ പറയും,' സർവ്വവസ്തുക്കളേയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെയും സംസാരിപ്പിക്കുന്നു.അവനാണ് ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത്. അവനിലേക്ക് തന്നെ നിങ്ങൾ തിരിച്ചു കൊണ്ടു പോകപ്പെടുന്നതുമാണ്. (നിങ്ങൾ പാപം ചെയ്യുമ്പോൾ) നിങ്ങളുടെ കാതുകളോ കണ്ണുകളോ ചർമ്മങ്ങളോ നിങ്ങൾക്കെതിരിൽ സാക്ഷി പറയാതിരിക്കാൻ നിങ്ങൾ (അവയിൽ നിന്ന്) സ്വയം മറഞ്ഞു നിൽക്കുന്നവരായിരുന്നില്ല. പക്ഷേ നിങ്ങൾ പ്രവർത്തിക്കുന്നതിൽ പലതും അല്ലാഹു അറിയുന്നില്ലെന്ന് നിങ്ങൾ ധരിച്ചു.' (ഹാ മീം സജ്ദ 21- 23)

പലപ്പോഴും മനുഷ്യൻ ഒരു പ്രാവിനെപ്പോലെയാണ് പെരുമാറുക. ഒരു പൂച്ചയെ കണ്ടാൽ പ്രാവ് കണ്ണടക്കും. എന്നിട്ട് ആ പൂച്ച തന്നെ കാണുന്നില്ലെന്നും അത് മനസ്സിൽ കരുതും. അല്ലെങ്കിൽ ഒരു ഒട്ടക പക്ഷിയെ പോലെയായിരിക്കും. ലോകത്തിന്റെ കണ്ണിൽ നിന്നും താൻ മറഞ്ഞിരിക്കുന്നു എന്നുള്ള ധാരണയിൽ അതിന്റെ തല മണ്ണിൽ പൂഴ്ത്തും. തങ്ങളുടെ ജീവിതം പാഴാക്കിക്കളയുന്ന ആളുകൾ വിശ്വസിക്കുന്നത് അവർ തങ്ങളുടെ സഹചരന്മാരുടെ കണ്ണിൽ നിന്ന് മാത്രമല്ല ദൈവത്തിന്റെ കണ്ണിൽ നിന്നുകൂടി മറഞ്ഞിരിക്കുന്നു എന്നാണ്. താഴെ പറയുന്ന വചനത്തിലൂടെ അവർ ശപിക്കപ്പെട്ടിരിക്കുന്നു.

അല്ലാ, നിങ്ങൾ വിചാരിക്കുന്നുവോ നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്ന പല കാര്യങ്ങളും അല്ലാഹു അറിയുന്നില്ല എന്ന്?

# 20

# ഉടമ്പടികൾ, അതിന്റെ വൈവിധ്യങ്ങൾ, ശിക്ഷകൾ, പ്രതിഫലങ്ങൾ

## ദൈവവുമായുള്ള മനുഷ്യന്റെ ഉടമ്പടികൾ

ഉടമ്പടികളെപ്പറ്റി പ്രതിപാദിക്കുകയാണെങ്കിൽ, ഈ വിഷയം വിശുദ്ധ ഖുർആനിൽ കൂടുതലായി ചർച്ച ചെയ്തിട്ടുണ്ട്. വിശുദ്ധ ഖുർആന്റെ വചനങ്ങളിൽ മഹിതമായ ഒരു ക്രമത്തിൽ രമ്യമനോഹരമായി അത് സംയോജിപ്പിച്ചിരിക്കുന്നു. ചേതോഹരമായ രീതിയിൽ ആ വിഷയം കണ്ണിചേർക്കുകയും പരസ്പരം ബന്ധിതമാക്കുകയും ചെയ്തിട്ടുണ്ട്.

إِنَّ الَّذِينَ يُبَايِعُونَكَ إِنَّمَا يُبَايِعُونَ اللَّهَ يَدُ اللَّهِ فَوْقَ أَيْدِيهِمْ ۚ فَمَن نَّكَثَ فَإِنَّمَا يَنكُثُ عَلَىٰ نَفْسِهِ ۖ وَمَنْ أَوْفَىٰ بِمَا عَاهَدَ عَلَيْهُ اللَّهَ فَسَيُؤْتِيهِ أَجْرًا عَظِيمًا ﴿١١﴾

തീർച്ചയായും, നിന്നോട് അനുസരണ പ്രതിജ്ഞചെയ്യുന്നവർ നിശ്ചയമായും അല്ലാഹുവിനോട് തന്നെയാണ് അനുസരണ പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്ക് മീതെയുണ്ട്. അതിനാൽ വല്ലവനും (ആ പ്രതിജ്ഞ) ലംഘിക്കുന്നതായാൽ (അത്), അവന്റെ സ്വന്തം ആത്മാവിന്ന് ദോഷകരമായിട്ടാണവൻ ലംഘിക്കുന്നത്. അല്ലാഹുവിനോട് ചെയ്ത കരാറിനെ വല്ലവനും പൂർത്തിയാക്കുന്നതായാൽ അവന്ന് അല്ലാഹു മഹത്തായ പ്രതിഫലം നൽകുന്നതാണ്. (സൂറ:അൽ ഫതഹ് 48: 11)

നാം ഇവിടെ തീരുമാനിക്കേണ്ട പ്രഥമ പ്രശ്നം ദൈവത്തിന്റെ പേരിൽ ഒരു മനുഷ്യന്ന് തന്റെ കൈകളിൽ മറ്റൊരു മനുഷ്യന്റെ ഒരു ഉടമ്പടി സ്വീകരിക്കാൻ പറ്റുമോ എന്നതാണ്. ഈ വചനത്തിലെ വാക്കുകൾ ഈ പ്രശ്നം പൂർണ്ണമായും പരിഹരിച്ചിരിക്കുന്നു. അത് പ്രഖ്യാപിക്കുന്നത്

മുഹമ്മദിന്റെ(സ) കരങ്ങളാൽ ദൈവത്തെ പ്രതിനിധീകരിക്കാൻ സാദ്ധ്യമല്ലെങ്കിൽ ലോകത്ത് മറ്റൊരു മനുഷ്യന്നും അനുസരണ പ്രതിജ്ഞ തന്റെ കൈകളിൽ സ്വീകരിക്കാനുള്ള അവകാശമുണ്ടായിരിക്കില്ല എന്നാണ്. ദൈവത്തിന്ന് പകരമായിക്കൊണ്ട് മറ്റു മനുഷ്യരിൽ നിന്നും പ്രവാചക(സ)ന്റെ തിരുഹസ്തം അനുസരണ പ്രതിജ്ഞ സ്വീകരിക്കുന്നു എന്ന കാര്യമാണ് ഈ വചനം അവതരിപ്പിക്കുന്നത്. ഇതിന് കാരണം ഒരു മനുഷ്യൻ മറ്റൊരാൾക്ക് വേണ്ടി ഉടമ്പടിയിലേർപ്പെടുമ്പോൾ ഉചിതമായ രീതിയിൽ അയാളെ അധികാരപ്പെടുത്തിയിരിക്കണം. വിശുദ്ധ ഖുർആനിലുടനീളം മറ്റെല്ലാ പ്രവാചകന്മാരുടെയും കൈകളിൽ അനുസരണ പ്രതിജ്ഞ ചെയ്യേണ്ട കാര്യം പറയുന്നുണ്ട്. വിശുദ്ധ ഖുർആൻ പ്രവാചകന്മാരെ കുറിച്ച് പറയുന്നത്, തങ്ങൾക്ക് മറ്റു മനുഷ്യരിൽ നിന്നും അനുസരണ പ്രതിജ്ഞ സ്വീകരിക്കാനുള്ള അധികാരം ലഭിക്കുന്നതിന്ന് മുമ്പ് തന്നെ അവർ ദൈവത്തിൽ നിന്നുള്ള വെളിപാടുകളുടെ സ്വീകർത്താക്കളാണ് എന്നാണ്. ഇത് സൂചിപ്പിക്കുന്നത്, ഒരു മനുഷ്യൻ ആദ്യമായി അല്ലാഹുവിന്റെ ആജ്ഞക്ക് മുന്നിൽ സാഷ്ടാംഗ പ്രണാമം അർപ്പിച്ചാലല്ലാതെ, അയാളുടെ മുമ്പാകെ മതപരമായ അനുസരണം എന്ന നിലക്ക് കുനിയാൻ പാടില്ല. അങ്ങനെയല്ലാതെ പ്രവാചകന് മുമ്പാകെ കുനിയുകയായിരുന്നുവെങ്കിൽ അത് വിഗ്രഹപൂജയായി ഗണിക്കുമായിരുന്നു. ഈ വചനത്തിന്റെ യഥാർത്ഥ പ്രാധാന്യം മനസ്സിലാക്കാതെ ചില ആളുകൾ ആരോപിക്കുന്നത്, വിശുദ്ധ ഖുർആൻ വിഗ്രഹപൂജയെ കൃത്യമായി എതിർക്കുന്നതോടൊപ്പം തന്നെ അത് പഠിപ്പിക്കുകയും ചെയ്യുന്നു എന്നാണ്.

ബഹായികൾ പ്രത്യേകിച്ച് ഈ വിമർശനം ഉന്നയിക്കാറുണ്ട്. ഒരിക്കൽ ഞാൻ ഒരു ബഹായിയുമായി ഈ വിഷയത്തിൽ വിജയകരമായി ഒരു സംവാദം നടത്തിയതിന്റെ അനുഭവമുണ്ട്. ഒരു ചോദ്യോത്തര സദസ്സിൽ ഒരു ബഹായി മുകളിൽ പരാമർശിച്ച അതേ ഖുർആൻ വചനം ഉദ്ധരിച്ചു കൊണ്ട് എന്നെ വെല്ലുവിളിക്കുകയുണ്ടായി. അദ്ദേഹം വാദിച്ചത് ‘അവർ ദൈവത്തിലേക്ക് അനുസരണ പ്രതിജ്ഞ വാങ്ങുന്നു’ എന്നത് ഒരു

ആലങ്കാരിക പ്രയോഗമായി ഗണിക്കാൻ സാദ്ധ്യമല്ല എന്നാണ്, കാരണം തുടർന്ന് വരുന്ന വചനം ഇങ്ങനെ വിശദീകരിച്ചു കൊണ്ട് ഈ ധാരണ ഇല്ലാതാക്കുന്നു. അതായത് അവരുടെ കരങ്ങൾക്ക് മീതെ യഥാർത്ഥത്തിൽ അല്ലാഹുവിന്റെ കരങ്ങളാണ്, മുഹമ്മദിന്റെ(സ)തല്ല എന്നതാണ്. അതിന്ന് ശേഷം ഞാൻ അദ്ദേഹത്തോട് നിങ്ങളോട് ഇപ്പോൾ പറഞ്ഞ കാര്യങ്ങളെല്ലാം വിശദീകരിച്ചു കൊടുത്തു. പിന്നീട് എന്റെ വാദമുഖങ്ങളെ ഖണ്ഡിക്കാൻ അദ്ദേഹം മുതിരാത്തത് കൊണ്ട് അദ്ദേഹത്തിന്ന് അക്കാര്യം മനസ്സിലായെന്ന് ഞാൻ ധരിച്ചു. അദ്ദേഹത്തിന്ന് മനസ്സിലായാലും ഇല്ലെങ്കിലും ആ സെഷനിൽ അദ്ദേഹത്തിന്ന് ചുറ്റുമുണ്ടായിരുന്നവർക്ക് പൂർണ്ണമായും കാര്യം മനസ്സിലായി. അവർ അത് സമ്മതിക്കുകയും ചെയ്തു. ഒരു മനുഷ്യൻ വ്യാജമായി താൻ ദൈവത്തെ പ്രതിനിധീകരിക്കുന്നുവെന്ന് പറയുകയും അതിന്റെ ബലത്തിൽ മറ്റുള്ളവരിൽ നിന്ന് അനുസരണം പുലർത്താൻ ആവശ്യപ്പെടുകയും ചെയ്താൽ യഥാർത്ഥത്തിൽ അയാൾ ദൈവത്തിന്റെ അധികാരത്തെ വ്യാജപ്പെടുത്തുകയാണ് ചെയ്യുന്നത്.

ഇതേ കാര്യം തന്നെ ആദം(അ) മുതലുള്ള പ്രവാചകന്മാരുമായി ബന്ധപ്പെട്ട് അല്ലാഹു ചർച്ചചെയ്യുന്നുണ്ട്. ആദ(അ)മിനെ അനുസരിക്കുക എന്നതിന്റെ മുന്നുപാധി ആദം(അ) അല്ലാഹുവിനെ അനുസരിക്കുക എന്നതാണ്. ആദം നബി(അ) തനിക്ക് ലഭിക്കുന്ന വെളിപാടുകൾക്ക് മുമ്പിൽ തന്റെ ശിരസ്സ് നമിക്കുമ്പോൾ മാത്രമാണ് മറ്റുള്ളവരിൽ നിന്ന് തനിക്ക് അനുസരണം പ്രതീക്ഷിക്കുന്നതിന്നുള്ള അധികാരം കൈവരുന്നത്. അതുകൊണ്ട് ആദമി(അ)നെ അനുസരിക്കുക എന്നത് ദൈവത്തെ അനുസരിക്കുന്നതിന്ന് തുല്യമാണ്. അല്ലാത്തപക്ഷം ആദമി(അ)നെ അനുസരിക്കാൻ ആർക്കും തന്നെ ബാദ്ധ്യതയില്ല. ഈ വിശദീകരണത്തിന്ന് ശേഷം ആദ(അ)മിനെ അനുസരിക്കുന്നത് സംബന്ധമായ വിഷയം നിങ്ങൾ വിശുദ്ധ ഖുർആൻ പരായണത്തിന്ന് വിധേയമാക്കുകയാണെങ്കിൽ നിങ്ങൾക്ക് ഈ വിഷയം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ മനസ്സിലാക്കാൻ സാധിക്കും.

വിശുദ്ധ ഖുർആനിലെ സ്വാദ് എന്ന അധ്യായത്തിൽ പറയുന്നു:

إِذْ قَالَ رَبُّكَ لِلْمَلَٰٓئِكَةِ إِنِّى خَٰلِقٌۢ بَشَرًا مِّن طِينٍ ﴿٧٢﴾ فَإِذَا سَوَّيْتُهُۥ وَنَفَخْتُ فِيهِ مِن رُّوحِى فَقَعُوا۟ لَهُۥ سَٰجِدِينَ ﴿٧٣﴾

നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം: 'തീർച്ചയായും ഞാൻ കളിമണ്ണിൽ നിന്നും മനുഷ്യനെ സൃഷ്ടിക്കുകയാണ്. അങ്ങനെ ഞാൻ അവനെ (പരിപൂർണ്ണനാക്കി) രൂപപ്പെടുത്തുകയും അവനിൽ എന്റെ ചൈതന്യം ഊതുകയും ചെയ്താൽ നിങ്ങൾ എല്ലാവരും കൂടി അവനെ അനുസരിച്ചുകൊണ്ട് അവന്റെ മുമ്പാകെ വഴിപ്പെടുവിൻ (സൂറ:സാദ് 38: 72-73)

കളിമണ്ണിൽ നിന്നും സൃഷ്ടിച്ചതിന്ന് ശേഷമുള്ള ആദ(അ)മിന്റെ പൂർണ്ണത എന്നത് കായികപരിണാമത്തിന്ന് ശേഷമുള്ള പൂർണ്ണതയെ മാത്രമാണ് സൂചിപ്പിക്കുന്നത്. ഈ പൂർണ്ണത നേടിയതിന്ന് ശേഷവും ആദ(അ)മിനെ മറ്റുള്ളവരെ ഭരിക്കാൻ അധികാരപ്പെടുത്തുന്നില്ല. അല്ലാഹു അദ്ദേഹത്തിന്ന് മേൽ ഊതിയതിന്ന് ശേഷം മാത്രമാണ് മറ്റുള്ളവരെ ഭരിക്കാൻ അദ്ദേഹത്തെ അധികാരപ്പെടുത്തുന്നത്. ഇവിടെ 'എന്റെ ചൈതന്യം ഊതി' എന്നതിന്റെ അർത്ഥം വെളിപാട് എന്നും *സവ്വയ്ത്തുഹു* (അവന്ന് പരിപൂർണ്ണ രൂപം നൽകി) എന്ന പദം സൂചിപ്പിക്കുന്നത്, കളിമണ്ണിൽ നിന്നും ക്രമപ്രവൃദ്ധമായി രൂപാന്തരം സംഭവിച്ച് പൂർണ്ണനായ മനുഷ്യനിലേക്കുള്ള പരിണാമാത്മക ഘട്ടങ്ങളെയാണ്.

മധ്യകാല മുസ്ലിം പണ്ഡിതന്മാർ 'പൂർണ്ണമാക്കുക' എന്നതിന്റെ അർത്ഥം മനസ്സിലാക്കുന്നതിൽ പരാജയപ്പെടുകയാണുണ്ടായത്. ഒരു പക്ഷേ അവർ അസംസ്കൃതമായ ബൈബിൾ പരാമർശങ്ങളാൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ടാവും. അവർ ആദ്യ മനുഷ്യനെ സൃഷ്ടിക്കുക എന്ന കർമ്മം ദൃശ്യവത്ക്കരിച്ചത് മനുഷ്യനായ കലാകാരൻ കളിമണ്ണുകൊണ്ടുണ്ടാക്കിയ മൂകവും ബധിരവുമായ ഒരു പ്രതിമാ നിർമ്മാണം പോലെയായിരുന്നു. അതായത് ചില പ്രത്യേകതകൾ മുഴപ്പിച്ചും ചില

ത് ഒളിപ്പിച്ചും ദൈവം ആദ്യമനുഷ്യന്ന് ഒരു കലാകാരനെ പോലെ മൂശയിൽ വാർത്ത് രൂപം നൽകുകയായിരുന്നു. അങ്ങനെ ദൈവം അവിടെയും ഇവിടെയും സവിശേഷമായ എല്ലാ അവസാന മിനുക്ക് പണികളും കൂട്ടിചേർത്ത് അവന്ന് സുന്ദരമായ ഒരു മനുഷ്യരൂപം നൽകി. അത്വരെ ഒരു പ്രതിമ പോലെ ജീവന്റെ യാതൊരു സ്ഫുരണം പോലുമില്ലാതെ മനുഷ്യൻ നിശ്ചേതനായി കിടക്കുകയായിരുന്നു. പിന്നീട് ദൈവം പറഞ്ഞു: 'ഞാൻ അവനിൽ എന്റെ ചൈതന്യം ഊതുകയും പെട്ടെന്ന് അവൻ ജീവനുള്ളതായിതീരുകയും ചെയ്തു.' ഇത് ആ വചനത്തിന്റെ ബാലിശമായ വിശദീകരണമാണ്. ഇത് വിശുദ്ധ ഖുർആൻ പ്രയോഗിച്ച ശൈലിയെ പിന്തുണക്കുന്നില്ല. ദൈവം എങ്ങനെയാണ് അവന്റെ നിശ്വാസം മനുഷ്യനിൽ ഊതിയത്? കഷ്ടം! ജീവൻ അവനിൽ ഊതിയെന്ന് വിശുദ്ധ ഖുർആൻ എവിടെയും പരാമർശിച്ചിട്ടില്ല എന്ന യാഥാർത്ഥ്യം മധ്യകാല പണ്ഡിതന്മാർക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല. അല്ലെങ്കിൽ കുറഞ്ഞപക്ഷം വിശുദ്ധ ഖുർആനിൽ എവിടെയെങ്കിലും അസന്ദിഗ്ദമായ ഒരു പരാമർശം അത് പോലെ ഉപയോഗിക്കണമായിരുന്നു. 'ശേഷം ഞാൻ അവനെ ജീവനുള്ളതാക്കി' എന്ന ലളിതമായ ഒരു പ്രസ്താവന മാത്രമാണ് വിശുദ്ധ ഖുർആൻ നടത്തിയത്.

ആത്മാവിനെ ഊതി എന്നതിന്റെ ശരിയായ അർത്ഥം ആത്മാവിന്റെ സൃഷ്ടി പ്രകിയയിലേക്ക് വെളിച്ചം വീശുന്ന വിശുദ്ധ ഖുർആനിലെ മറ്റൊരു വചനം പരാമർശിച്ചുകൊണ്ട് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു:

وَيَسْـَٔلُونَكَ عَنِ ٱلرُّوحِ ۖ قُلِ ٱلرُّوحُ مِنْ أَمْرِ رَبِّى

അവർ ആത്മാവിന്റെ പ്രകൃതി എന്താണെന്നതിനെ പറ്റി നിന്നോട് ചോദിക്കുന്നു. പറയുക ആത്മാവ് അല്ലാഹുവിന്റെ ആജ്ഞയിൽ പെട്ടതാണ്. (സൂറ: ബനീ ഇസ്റായീൽ 17: 86)

ആത്മാവ് എന്നത് വ്യക്തമായും അല്ലാഹുവിന്റെ വചനമാണ്. ഇതേ ശൈലി തന്നെയാണ് ബൈബിൾ പഴയ നിയമത്തിലും

പ്രയോഗിച്ചത്. പുതിയ നിയമവും യേശുവും ദൈവത്തിന്റെ വചനമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അതിന്നർത്ഥം ദൈവത്തിന്റെ വചനം മുഖേന അദ്ദേഹത്തിന്ന് ആത്മാവിനെ നൽകി എന്ന് മാത്രമാണ്.

## പ്രവാചകന്മാരുടെ ഉടമ്പടി

പ്രവാചകന്മാരെ സംബന്ധിച്ചിടത്തോളം, അവർ മറ്റുള്ളവരിൽ നിന്നും ഉടമ്പടി സ്വീകരിക്കുന്നതിന്ന് മുമ്പേ ദൈവത്തിൽ നിന്നും ഉടമ്പടി സ്വീകരിക്കേണ്ടതുണ്ട്. ഇത്തരം ഉടമ്പടി സ്വീകരിക്കുന്നതിൽ നിന്നും യാതൊരു പ്രവാചകനും ഒഴിവല്ല. ഈ ഉടമ്പടി എല്ലാ പ്രവാചകന്മാരേയും ദൈവവുമായി ബന്ധിപ്പിക്കുന്നു. അതുപോലെ ഓരോരുത്തരേയും ബന്ധിപ്പിക്കുന്നു. ഈ പ്രവാചകന്മാരുടെ ഉടമ്പടി മറ്റു മനുഷ്യർ തമ്മിലുള്ള ഉടമ്പടിയേക്കാൾ എത്രയോ ഉന്നതമാണ്. ദൈവവുമായുള്ള ഈ ഉടമ്പടിയുടെ അനുഗ്രഹം മൂലം അവരെ ഖലീഫത്തുല്ലാഹ് അഥവാ അല്ലാഹുവിന്റെ പ്രതിനിധി എന്ന അഭിധാനത്തിലാണ് അറിയപ്പെടുന്നത്. ഈ ഉടമ്പടിക്ക് ശേഷം ദൈവത്തിന്റെ അനുമതി കൂടാതെ എന്തെങ്കിലും ഗുണങ്ങൾ ദൈവത്തിൽ ആരോപിക്കുക അസാദ്ധ്യമാണ്. ഭൗതിക കോടതികളിൽ പോലും എല്ലാ സാക്ഷികളും ജഡ്ജിയുടെ മുമ്പാകെ താൻ സത്യമാണ് പറയുക, എല്ലാം സത്യമായിരിക്കും സത്യമല്ലാതെ ഞാൻ മറ്റൊന്നും പറയില്ല എന്ന ഒരു പ്രതിജ്ഞയെടുക്കുന്ന ഒരു ആചാരമുണ്ട്. അതേ ജഡ്ജി തന്നെ അയാളുടെ നിയമനത്തിന്ന് മുമ്പായിക്കൊണ്ട് ഉന്നതാധികാരികൾക്ക് മുമ്പാകെ താൻ എല്ലാം നീതിയുക്തം ചെയ്യുമെന്ന് ഒരു പ്രതിജ്ഞയെടുക്കണം. പ്രവാചകനായ മുഹമ്മദ് നബി(സ)യെ അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു:

وَإِذْ أَخَذْنَا مِنَ النَّبِيِّينَ مِيثَاقَهُمْ وَمِنكَ وَمِن نُّوحٍ وَإِبْرَٰهِيمَ وَمُوسَىٰ
وَعِيسَى ابْنِ مَرْيَمَ ۖ وَأَخَذْنَا مِنْهُم مِّيثَاقًا غَلِيظًا ﴿٨﴾ لِّيَسْأَلَ الصَّٰدِقِينَ

عَنْ صِدْقِهِمْ ۚ وَاَعَدَّ لِلْكٰفِرِيْنَ عَذَابًا اَلِيْمًا ﴿٩﴾

നാം പ്രവാചകന്മാരിൽ നിന്നും അവരുടെ കരാർ വാങ്ങിയ സന്ദർഭം (സ്മരിക്കുക.) നിന്നിൽ നിന്നും നൂഹ്, ഇബ്രാഹിം, മൂസാ, ഈസബ്നു മറിയം എന്നിവരിൽ നിന്നും നാം കരാർ വാങ്ങി. ദൃഢമായൊരു കരാറാണ് നാം അവരിൽ നിന്നും വാങ്ങിയത്. സത്യവാന്മാരോട് അവരുടെ സത്യതയെ കുറിച്ച് അവർ ചോദിക്കുന്നതിന്ന് വേണ്ടി യാണിത്. അവിശ്വാസികൾക്ക് വേദനാജനകമായ ശിക്ഷ അവൻ ഒരുക്കിവെച്ചിരിക്കുന്നു. (സൂറാ:അൽ അഹ്സാബ് 33: 8 - 9)

പ്രവാചകന്മാരുടെ ഉടമ്പടിയുടെ വിശദാംശങ്ങൾ ഇവിടെ വിവരിച്ചിട്ടില്ല. എന്നിരുന്നാലും ഈ ഉടമ്പടിയുടെ ഉദ്ദേശ്യം വളരെ വ്യക്തമായി ഈ വചനത്തിൽ ഒരു ഭാഗത്ത് പരാമർശിച്ചിട്ടുണ്ട്.

لِّيَسْـَٔلَ الصّٰدِقِيْنَ عَنْ صِدْقِهِمْ

അത് അർത്ഥമാക്കുന്നത് എന്തെന്നാൽ അല്ലാഹു തീർച്ചയായും സത്യവാന്മാരിൽ നിന്നും അവരുടെ സത്യത്തിന്റെ ആധികാരികതയെ കുറിച്ച് ചോദിക്കും എന്നാണ്. പ്രവാചകന്മാർക്ക് തങ്ങളുടെ സഹചരന്മാരിൽ നിന്നും ദൈവത്തിന്റെ പേരിൽ ഉടമ്പടി സ്വീകരിക്കാൻ അധികാരം നൽകി എന്നിരിക്കെ അവർ തങ്ങളുടെ തന്നെ സത്യത്തിന്റെ തെളിവുകൾ ഹാജരാക്കേണ്ടിയിരിക്കുന്നു. സത്യസന്ധരായിരിക്കാൻ ബാദ്ധ്യതപ്പെട്ട ഒരു ഉടമ്പടി അവരുടെ മീതെയും ആവശ്യമാണ്. ഇത് തന്നെയാണ് മുകളിൽ പരാമർശിച്ച അതേ ഉടമ്പടി. ഈ ഉടമ്പടിയുടെ ഫലമായി എല്ലാ ശിരസുകളും ദൈവത്തിന്ന് മുമ്പിൽ കുനിയുന്നു. അത് കാരണം എല്ലാവരും ദൈവത്തോട് ഉത്തരം പറയേണ്ടവരായിമാറുകയും ചെയ്യും. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത് എല്ലാ ഓരോ ജനതക്കും സത്യത്തിന്റെ ഉരകല്ലായി വർത്തിക്കുന്ന അവരുടേതായ ഒരു ഗ്രന്ഥമുണ്ട് എന്ന്. മറ്റുജനതകൾക്ക് അവതരിച്ച ഗ്രന്ഥങ്ങളുടെ നിലവാരം വെച്ച് ഒരു ജനതയും ഉത്തരം പറയേണ്ടതില്ല. ഇത് താഴെ കാണുന്ന വചനത്തിൽ വ്യക്തമായും പറഞ്ഞിരിക്കുന്നു:

كُلُّ اُمَّةٍ تُدْعٰٓى اِلٰى كِتٰبِهَا

'അതായത് ഓരോ ജനതയും അവരുടെ ഗ്രന്ഥങ്ങളിലേക്ക് വിളി ഷിക്കപ്പെടും. ആ ഗ്രന്ഥാനുസാരം വിചാരണ നാളിൽ അവരെ ചോദ്യം ചെയ്യുന്നതാണ്.' (സൂറ അൽ ജാസിയ 45:29)

അല്ലാഹുവിന്ന് സ്തുതി. അതായത് അല്ലാഹു പ്രവാചകന്മാരിൽ നിന്ന് അവന്റെ മുമ്പിൽ ഉത്തരം പറയേണ്ട ഒരു ഉടമ്പടി വാങ്ങിയിട്ടുണ്ട്. അതിന്ന് ശേഷം അവരുടെ ജനതയിൽ നിന്ന് അവരുടെ വിശ്വാസമനുസരിച്ച് ഒരു ഉടമ്പടി വാങ്ങുകയും ഭാവിയിലെ പ്രവാചകന്മാർക്ക് പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ ഉടമ്പടി വിശുദ്ധ ഖുർആനിലുള്ളത് പോലെ നിരവധി വചനങ്ങളിൽ മറ്റു ഗ്രന്ഥങ്ങളിൽ സംരക്ഷിക്കപ്പെട്ടിട്ടില്ല. എന്നാൽ തീർച്ചയായും ഈ ഉടമ്പടി ആ ഗ്രന്ഥങ്ങളിൽ നിന്നും നിരൂപിച്ചെടുക്കാൻ സാധിക്കും. അങ്ങനെ ഈ ഉടമ്പടിയുടെ കണ്ണികൾ ഒരു പൂർണ്ണ വൃത്തമായിത്തീരുന്നു. ഈ ഉടമ്പടിയുടെ യഥാർത്ഥ പദവിന്യാസം താഴെക്കാണുന്ന വചനങ്ങളിൽ കാണാം:

وَاِذْ اَخَذَ اللّٰهُ مِيْثَاقَ النَّبِيّٖنَ لَمَآ اٰتَيْتُكُمْ مِّنْ كِتٰبٍ وَّحِكْمَةٍ ثُمَّ جَآءَكُمْ رَسُوْلٌ
مُّصَدِّقٌ لِّمَا مَعَكُمْ لَتُؤْمِنُنَّ بِهٖ وَلَتَنْصُرُنَّهٗ ؕ قَالَ ءَاَقْرَرْتُمْ وَاَخَذْتُمْ عَلٰى ذٰلِكُمْ
اِصْرِيْ ؕ قَالُوْٓا اَقْرَرْنَا ؕ قَالَ فَاشْهَدُوْا وَاَنَا مَعَكُمْ مِّنَ الشّٰهِدِيْنَ ﴿٨٢﴾

അല്ലാഹു പ്രവാചകന്മാരിലൂടെ (ജനങ്ങളിൽ നിന്ന്) ഉടമ്പടി വാങ്ങിയ (അവസരം ഓർക്കുക). 'ഞാൻ നിങ്ങൾക്ക് വല്ല ഗ്രന്ഥവും ജ്ഞാനവും നൽകിയിട്ട് പിന്നെ നിങ്ങളുടെ കൂടെയുള്ളതിനെ സാക്ഷാത്കരിക്കുന്ന ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തെ വിശ്വസിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണ്. (എന്നു പറഞ്ഞുകൊണ്ട്) അവൻ ചോദിച്ചു: 'ഞാൻ നിങ്ങളെ ബാദ്ധ്യതപ്പെടുത്തിയ (ഈ കാര്യം) നിങ്ങൾ സമ്മതിക്കുകയും നിങ്ങൾ ഉത്തരവാദിത്തം ഏറ്റെടുക്കുകയും ചെയ്തുവോ?' അവർ പറഞ്ഞു: 'ഞങ്ങൾ സമ്മതിച്ചു' അല്ലാഹു പറഞ്ഞു: നിങ്ങൾ സാക്ഷ്യം വഹിക്കുവിൻ, നിങ്ങളോടൊപ്പം ഞാനും സാക്ഷികളിൽ പെട്ടവനാണ്.' (സൂറ: ആലു ഇംമ്രാൻ 3: 82:)

ഭാവിയിലെ പ്രവാചകന്മാർ പിന്തുണക്കപ്പെടേണ്ടതും മുൻ കഴിഞ്ഞ പ്രവാചകന്മാരുടെ സത്യതക്കും അവരുടെ അടി

സ്ഥാന അദ്ധ്യാപനങ്ങളുടെ സത്യതക്കും സാക്ഷ്യം വഹിക്കേണ്ടതുമാണെന്നാണ് ഈ വചനം കാണിക്കുന്നത്.

ഒരു ഗ്രന്ഥത്തിൽ ദൈവത്താൽ വെളിപ്പെട്ട ദിവ്യവചനങ്ങൾ വ്യക്തമായും ഉണ്ടാവും. ഈ വചനങ്ങൾ എല്ലാം വിധി വിലക്കുകളും ഉൾക്കൊള്ളുന്നതാണ്. *ഹിക്മത്* (വിവേകജ്ഞാനം) എന്നത്. വിധി വിലക്കുകളുടെ അന്തർധാരയായി വർത്തിക്കുന്ന തത്ത്വശാസ്ത്രം പഠിപ്പിക്കുന്ന പ്രവാചകന്മാരുടെ ഉദ്ബോധനങ്ങളെ സൂചിപ്പിക്കുന്നു.

പരിശുദ്ധ പ്രവാചക(സ)ന്റെ ഈ രണ്ടു പ്രവർത്തനങ്ങളും സൂറ: ജുമുആയിലെ താഴെക്കൊടുത്ത വചനങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. അത് ഇപ്രകാരമാണ്.

وَيُعَلِّمُهُمُ الْكِتٰبَ وَالْحِكْمَةَ

ഗ്രന്ഥവും തത്ത്വജ്ഞാനവും അവരെ പഠിപ്പിക്കാൻ (സൂറ: ജുമുഅ 62:3)

പുതിയ ഗ്രന്ഥം കൊണ്ടു വരാത്തവരും എന്നാൽ മറ്റു ന്യായപ്രമാണ വാഹകരായ പ്രവാചകന്മാരെ പിന്തുടരുന്നതുമായ പ്രവാചകന്മാർ, ഈ പ്രവർത്തനം തുടരുന്നു. അതായത് ന്യായപ്രമാണ വാഹകരായ പ്രവാചകന്മാരുടെ അദ്ധ്യാപനങ്ങൾ ന്യായീകരിക്കാൻ പുതിയ വെല്ലുവിളികൾ നേരിടുന്ന ഭാവി തലമുറക്ക് ഗ്രന്ഥത്തിലെ തത്ത്വജ്ഞാനം അവർ വിശദീകരിച്ചുകൊടുക്കുന്നു. പ്രവാചകന്മാരുടെ ഉടമ്പടി, ഗ്രന്ഥം നൽകപ്പെട്ട പ്രവാചകന്മാരുടെ അനുസാരികളായി വരുന്ന ഗ്രന്ഥം നൽകപ്പെടാത്ത പ്രവാചകന്മാരുടെ ആഗമന സാദ്ധ്യത തടയുന്നില്ല. ന്യായപ്രമാണ ഗ്രന്ഥം നൽകപ്പെട്ട പ്രവാചകന്മാരിൽ വിശ്വസിച്ച ജനതക്ക് അത്തരം പ്രവാചകന്മാരുടെ ആവിർഭാവം നിഷേധിക്കാൻ സാധ്യമല്ല. ഗ്രന്ഥം വെളിപ്പെടുകയും അതിലെ തത്ത്വജ്ഞാനം തങ്ങൾക്ക് പഠിപ്പിക്കപ്പെടുകയും ചെയ്തു, അതിൽ കൂടുതൽ താങ്കൾക്ക് എന്താണ് കൂട്ടിച്ചേർക്കാനുള്ളത് എന്ന് പറഞ്ഞ് പ്രസ്തുത പ്രവാചകന്മാരെ നിഷേധിക്കാൻ അവർക്ക് സാധ്യമല്ല. അന്തർലീനമായി കിടക്കുന്ന ഈ ചോദ്യത്തിന്റെ ഉത്തരം ഇങ്ങനെയാണ്.

അതായത് ഉടമ്പടി വ്യക്തമായും അനുശാസിക്കുന്നത്, പൂർവ്വ പ്രവാചകനെ സത്യപ്പെടുത്തുന്ന ഒരു ഗ്രന്ഥമില്ലാത്ത പ്രവാചകനെ, അദ്ദേഹത്തെ ആവശ്യമില്ല എന്ന് പറഞ്ഞ് നിരാകരിക്കാൻ പാടില്ല. കാരണം ആ പ്രവാചകൻ പൂർവ്വ ഗ്രന്ഥത്തിന്റെ നിവർത്തിപ്പിനായി സേവനം ചെയ്യാനും പുതിയ വെല്ലുവിളികൾ അഭിമുഖീകരിക്കാനും അതിലെ തത്ത്വങ്ങൾ കൂടുതൽ വിശദീകരിക്കാനുമാണ് വരുന്നത്. അത്തരം ഒരു പ്രവാചകനെ പിന്തുണക്കൽ ആ വിശ്വാസിയുടെ തന്നെ ഗുണത്തിന്ന് വേണ്ടിയാണ്.

പ്രവാചകന്മാരുടെ ഈ ഉടമ്പടിയെപറ്റി സൂറ: ആലു ഇംറാനിൽ പൂർണ്ണമായും ചർച്ച ചെയ്യുന്നുണ്ട്. പരിശുദ്ധ പ്രവാചകനിൽ(സ) നിന്നും ഈ കരാർ  വാങ്ങിയിട്ടുണ്ടെന്ന് സൂറ: അഹ്സാബിൽ പറയുന്നു. ഈ വചനങ്ങൾ അതേ അദ്ധ്യായത്തിൽ (സൂറ അഹ്സാബിൽ) *ഖാതമുന്നബിയ്യീൻ* ആയ ഹദ്റത്ത് മുഹമ്മദ് നബി(സ)യിൽ നിന്നും ഉടമ്പടി വാങ്ങിയതായി കാണാം. *ഖാത്തം* എന്ന ഈ പദത്തിന്ന് അവസാനത്തെ പ്രവാചകൻ എന്ന വിവർത്തനം റസൂൽ തിരുമേനി(സ)ക്ക് ശേഷം യാതൊരു തരത്തിലുള്ള പ്രവാചകനും ഒരിക്കലും വരാൻ പാടില്ല എന്നാണെങ്കിൽ  അതേ ഉടമ്പടി പരിശുദ്ധ പ്രവാചകനിൽ(സ) നിന്നും വാങ്ങേണ്ട ആവശ്യമെന്തുണ്ട്? ന്യായ പ്രമാണമില്ലാത്തതും, അവിടുത്തെ പൂർണ്ണമായും സഹായിക്കുന്നതും, അവിടുത്തെ അദ്ധ്യാപനങ്ങളെ സാക്ഷ്യപ്പെടുത്തുന്നതുമായ പ്രവാചകന്മാർ അവിടുത്തെ ഉമ്മത്തിൽ (ജനസമുദായം) നിന്നും തന്നെ വരുമെന്നാണ്  വ്യക്തമാവുന്നത്. ഈ വചന പ്രകാരം പരിശുദ്ധ പ്രവാചക(സ)ന്റെ ഉമ്മത്ത് അങ്ങനെ ആവിർഭവിക്കുന്ന പ്രവാചകനെ പൂർണ്ണമായും പിന്തുണക്കുകയാണ് ചെയ്യേണ്ടത്.

ഓർമ്മിക്കേണ്ട കാര്യം, പ്രവാചകന്മാരിൽ നിന്നും ഉടമ്പടി സ്വീകരിക്കുക എന്നത് അർത്ഥമാക്കുന്നത്, അദ്ദേഹത്തിന്റെ അനുയായികൾ ഭാവിയിൽ വരാനിരിക്കുന്ന പ്രവാചകന്മാരെ സഹായിക്കണമെന്നാണ്. കാരണം അവർ ആവിർഭവിക്കുന്ന സമയത്ത് ഉടമ്പടി സ്വീകരിച്ച പ്രവാചകന്മാർ തീർച്ചയായും മരിച്ചിട്ടുണ്ടാവും.

## ഗ്രന്ഥം നൽകപ്പെട്ടവരുടെ ഉടമ്പടി

വീണ്ടും വിശുദ്ധ ഖുർആൻ ഗ്രന്ഥം നൽകപ്പെട്ടവരുടെ ഒരു ഉടമ്പടിയെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. അതായത് ഗ്രന്ഥം നൽകപ്പെട്ടവരുടെ ഉടമ്പടിയെക്കുറിച്ച്. ദൈവത്തിൽ നിന്നും ഇറക്കപ്പെട്ട ഒരു ഗ്രന്ഥം സ്വീകരിച്ചവരുടെ ഭരമേൽ പ്പിക്കപ്പെട്ട ഉത്തരവാദിത്തത്തെ കുറിച്ച് വളരെ വ്യക്തമായും വിവരിക്കുന്നുണ്ട്. വിശുദ്ധ ഖുർആൻ ഒരുതരത്തിലുള്ള മതപ രമായ ഉടമ്പടിയെ പറ്റിയും വിട്ടുകളഞ്ഞിട്ടില്ല എന്നത് അത്ഭുത കരമാണ്. ചർച്ച ചെയ്യുന്ന ഉടമ്പടിയെപറ്റി താഴെ കാണുന്ന വചനങ്ങളിൽ പരാമർശിക്കുന്നു:

وَإِذْ أَخَذَ اللَّهُ مِيثَاقَ الَّذِينَ أُوتُوا الْكِتَابَ لَتُبَيِّنُنَّهُ لِلنَّاسِ وَلَا تَكْتُمُونَهُ
فَنَبَذُوهُ وَرَاءَ ظُهُورِهِمْ وَاشْتَرَوْا بِهِ ثَمَنًا قَلِيلًا ۖ فَبِئْسَ مَا يَشْتَرُونَ ﴿١٨٨﴾

ഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്ന് അല്ലാഹു കരാർ വാങ്ങിയ സന്ദർഭം (ഓർക്കുക). തീർച്ചയായും നിങ്ങൾ ഗ്രന്ഥം ജനങ്ങൾക്ക് വെളിപ്പെടുത്തിക്കൊടുക്കണം (എന്ന് പറഞ്ഞു). നിങ്ങളത് മറച്ചു വെക്കരുത്. എന്നാൽ അത് അവർ തങ്ങളുടെ പിറകിലേക്ക് വലി ച്ചെറിഞ്ഞുകളയുകയും അതിന്ന് പകരം ഒരു നിസ്സാര വില വാങ്ങുകയും ചെയ്തു. അപ്പോൾ അവർ പകരം വാങ്ങുന്ന വില എത്രയും ചീത്തയായത് തന്നെ. (സൂറ: ആലു ഇംറാൻ 3:188)

ഉടമ്പടി എന്നത് ഒരു സാധാരണ കരാറല്ല. ബന്ധപ്പെട്ട കക്ഷി കളെ അത് പ്രതിജ്ഞയേക്കാൾ പ്രതിബദ്ധതയുള്ളവരാക്കുന്നു. ഉടമ്പടിയിലെ ഒരു കക്ഷി എന്ന നിലക്ക് വിശുദ്ധ ഖുർആൻ വേദം നൽകപ്പെട്ടവരെ കുറിച്ച് പറയുന്നുണ്ട്. വേദക്കാർക്ക് തങ്ങളുടെ ഭാഗത്ത് നിന്ന് എന്തെങ്കിലും തരത്തിലുള്ള കരാർ ലംഘനമു ണ്ടാകാതെ നോക്കേണ്ടതിന്റെ കണിശമായ ഉത്തരവാദിത്ത മുണ്ട്. ഈ ഉടമ്പടിയുടെ കാതൽ എന്തെന്നാൽ അവർ തങ്ങ ളുടെ പ്രവാചകന്മാരുടെ അദ്ധ്യാപനങ്ങൾ യാതൊരു മാറ്റവും മറ ച്ചുവെക്കലും കൂടാതെ ഭാവി തലമുറയെ അറിയിക്കേണ്ടതുണ്ട്. ആ അദ്ധ്യാപനത്തിലെ ചില വാക്കുകൾ അവർ കൈക്കൊണ്ട വിശ്വാസത്തിന്ന് എതിരാണെങ്കിൽ പോലും മുഴുവൻ ഗ്രന്ഥ

പാഠവും യാതൊരു കൂട്ടിച്ചേർക്കലും കൂടാതെ അവർ അറിയിക്കണം. കാര്യങ്ങളുടെ അന്തിമ തീരുമാനം ആ ജനതയിൽ തന്നെ നിക്ഷിപ്തമാണ്. അവരുടെ ഭാഗവും പ്രതിപക്ഷത്തുള്ളവരുടെ ഭാഗവും കേട്ട ശേഷം അവർക്ക് തീരുമാനമെടുക്കാവുന്നതാണ്. അതിന്ന് ശേഷം അവർ എടുക്കുന്ന എല്ലാ തീരുമാനങ്ങൾക്കും അവർ തന്നെയാണ് ഉത്തരവാദികൾ. അല്ലാതെ മതപണ്ഡിതന്മാർക്ക് ആയിരിക്കില്ല. എന്നാൽ വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നത് വേദക്കാരുടെ പണ്ഡിതന്മാർ ഉടമ്പടിയുടെ അവരുടെ ഭാഗം അവർ പാലിക്കുകയില്ല എന്നാണ്. അത് വളരെ നിസ്സാര വിലക്ക് അവർ വിൽക്കുകയും ചെയ്തു എന്നുമാണ്.

എപ്പോഴെല്ലാം ദൈവത്തിന്റെ ദൂതന്മാർ നിരാകരിക്കപ്പെട്ടിരുന്നുവോ അതിന്ന് കാരണം അവരുടെ ജനത തങ്ങളുടെ പൂർവികരുടെ ഉടമ്പടി പാലിക്കാത്തത് കൊണ്ടായിരുന്നു. അത് തന്നെയാണ് ഇസ്‌ലാമിന്റെ പരിശുദ്ധ പ്രവാചക(സ)ന്റെ കാലത്തും സംഭവിച്ചത്. പഴയ ബൈബിളിലെ പ്രവചനങ്ങൾ പരിശുദ്ധ പ്രവാചക(സ)ന്ന് സംഗതമാണെന്ന് മുസ്‌ലിംകൾ ചൂണ്ടി കാണിച്ചപ്പോൾ യഹൂദന്മാർ ഉടമ്പടി ലംഘിച്ച കുറ്റത്തിന്ന് പാപികളായിരുന്നില്ലേ? അവർ പരിശുദ്ധ പ്രവാചകനെ വിശ്വസിച്ചില്ല. യഥാർത്ഥത്തിൽ ബൈബിളിൽ ഉണ്ടായിരുന്ന പ്രവചനങ്ങളിൽ ചിലത് അവർ മറച്ച് വെച്ചു. തീർച്ചയായും പ്രവചനങ്ങൾ വ്യത്യസ്തമായി വ്യാഖ്യാനിക്കാൻ അവർക്ക് അവകാശമുണ്ട്. പക്ഷേ അവർ ചെയ്തത് പോലെ പാഠഭാഗങ്ങൾ മാറ്റിതിരുത്താൻ അവർക്ക് അവകാശമില്ല. കാരണം സാധാരണ ജനങ്ങൾക്ക് വ്യക്തിപരമായി ഗ്രന്ഥങ്ങളെ പറ്റി അറിവില്ല. അവർ അവരുടെ മതപണ്ഡിതന്മാർ നൽകുന്ന വ്യാഖ്യാനങ്ങൾ ശരിയായിരിക്കണം എന്ന് വിശ്വസിക്കുന്നു.

സമകാലീന ലോകത്ത് അഹ്മദിയ്യത്തിനെതിരെ എതിരാളികളായ മുല്ലമാർ ചെയ്തുകൊണ്ടിരിക്കുന്നത് പരിശുദ്ധ പ്രവാചക(സ)ന്റെ കാലത്ത് ചെയ്ത അതേ ഉടമ്പടി ലംഘനമാണ്. *ഖാത്തമുന്നബിയ്യീൻ* എന്നതിന്റെ മുന്നിലും പിന്നിലുമുള്ള പൂർണ്ണമായ അവതരണ പശ്ചാത്തലം അവർ എന്തുകൊണ്ട് പറയുന്നില്ല? അവരും യഹൂദ പണ്ഡിതന്മാരെ

പോലെയാണ്. അവരുടെ വിശ്വാസങ്ങൾക്കനുസരിച്ച് ആ വചനങ്ങളെ വ്യാഖ്യാനിക്കാനുള്ള എല്ലാ അവകാശവും അവർക്കുണ്ട്. പക്ഷേ അവർക്കെതിരെ വരുന്ന പാഠഭാഗങ്ങൾ മുഴുവനും അവർ പറയുന്നില്ല. ചില ഭാഗങ്ങൾ മറച്ച് വെക്കുന്നതിന്ന് സമാനമാണത്. അവരുടെ ശീലമനുസരിച്ച്, അവർ ഒരിക്കലും തന്നെ മറ്റെല്ലാ പൂർവ്വ പ്രവാചകന്മാരിൽ നിന്നും ജനങ്ങൾ സ്വീകരിച്ചത് പോലെ പരിശുദ്ധ പ്രവാചക(സ)നിൽ നിന്നും സ്വീകരിച്ച ആ ഉടമ്പടിയെ സംബന്ധിച്ച് പറയുകയില്ല. അങ്ങനെ അവർ പറയാത്തതിന്ന് കാരണം അത് വ്യക്തമായും *ഖാത്തമുന്നബിയ്യീൻ* എന്ന വചനത്തിന്ന് അവർ കൊടുക്കുന്ന അർത്ഥത്തിന്ന് വിരുദ്ധമായിപ്പോവും എന്നത് കൊണ്ടാണ്.

വിശുദ്ധ ഖുർആൻ മനുഷ്യ പ്രകൃതിയെ എങ്ങനെയാണ് സൂക്ഷ്മമായി നോക്കിക്കാണുന്നത് എന്ന് കാണുക. അത് ഹൃദയത്തിലെ ചതിക്കുഴികളെ പറ്റിയും അഹംബോധത്തിന്റെ ഇടർച്ചകളെ സംബന്ധിച്ചും മുൻകൂട്ടി താക്കീത് നൽകുന്നു. ജനങ്ങൾ പിന്നീട് അതിനെ പറ്റി തങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിട്ടില്ല എന്ന് പരാതി പറയാതിരിക്കാൻ വേണ്ടിയാണ് ഖുർആൻ അത് പ്രതിപാദിച്ചത്. ഉടമ്പടി ലംഘനങ്ങൾ ജനങ്ങളെ എപ്പോഴും ശരിയായ പാതയിൽ നിന്നും വഴിതെറ്റിക്കുന്നു. ഈ വചനം മതത്തെ തങ്ങളുടെ വരുമാനത്തിന്ന് സ്രോതസ്സായി കാണുന്ന എല്ലാ ഉലമാക്കന്മാർക്കും ബാധകമായിട്ടുള്ളതാണ്. അവരുടെ വ്യക്തിപരമായ നേട്ടങ്ങൾക്ക് പ്രതിസന്ധി വരുന്ന ഘട്ടങ്ങളിൽ അവർ തങ്ങളുടെ വിധികളിൽ ഗുരുതരമായ വീഴ്ച്ചകൾ വരുത്താൻ ധൃഷ്ടരാവുന്നു. മതപരമായ മൂല്യങ്ങൾ പലപ്പോഴും അവരുടെ മുഖ്യ ലക്ഷ്യത്തിന്ന് വേണ്ടി ഹോമിക്കപ്പെടുന്നു. അതായത് അവരുടെ ഉപജീവനമാർഗ്ഗമാണത്. ഇന്ത്യാ-പാകിസ്താൻ ഉലമാക്കളിൽ ബഹുഭൂരിപക്ഷത്തിന്റെയും മുഖ്യവരുമാന മാർഗ്ഗം സാധാരണ ജനങ്ങളുടെ ഭരണകൂടങ്ങൾ ദാനം നൽകുന്ന ഭിക്ഷകളാണ്. സാമാന്യജനങ്ങളുടെ വികലമായ പൊതു വിശ്വാസത്തിന്നെതിരെ ഖുർആൻ വചനങ്ങൾ ഉദ്ധരിച്ച് വ്യക്തമായി പറയുക

എന്നത് അവരെ സംബന്ധിച്ചിടത്തോളം വൻ പരീക്ഷണമാണ്. ഇത് തന്നെയാണ് ഗ്രാമത്തിലെ ഭൂപ്രഭുക്കന്മാർ നൽകുന്ന ഒന്നോ രണ്ടോ കഷ്ണം റൊട്ടി കഴിച്ച് ഉപജീവനം നടത്തിവരുന്ന ഗ്രാമീണരായ ഉലമാക്കന്മാരുടെയും സ്ഥിതി. എന്നാൽ ഇത് വെറും ഒരു ഉപജീവനത്തിന്റെ മാത്രം പ്രശ്നമല്ല. മതനേതാക്കൾ എന്ന് വിളിക്കപ്പെടുന്ന അവരിൽ പലരും അതിരില്ലാത്തവിധം സമ്പത്ത് ആർജ്ജിക്കാൻ ആർത്തിവെച്ച് പുലർത്തുന്നവരാണ്. അവർക്ക് എന്ത് കിട്ടുന്നു എന്നത് ഒരു പ്രശ്നമല്ല. അവരുടെ ഒടുങ്ങാത്ത ധനേച്ഛയുടെ നരകത്തീ ഒരിക്കലും ശമിക്കുകയില്ല. അതാണ് കാര്യങ്ങളുടെ സ്ഥിതി. അവർ അത്യധികം തരംതാണുപോയിരിക്കുന്നു അവർക്കൊരിക്കലും സത്യം പാലിക്കാൻ സാദ്ധ്യമല്ല. അവരെ പോലെയുള്ളവരുടെ പരിഷ്ക്കരണത്തിന്ന് വേണ്ടി ഒരു പ്രവാചകനെയോ ഒരു പരിഷ്ക്കർത്താവിനെയോ ദൈവം എഴുന്നേൽപ്പിച്ചാൽ അദ്ദേഹത്തിന്റെ നിരാകരണം അവർക്ക് മറ്റൊരു ധനസമ്പാദന മാർഗ്ഗമായി മാറും. അവർ എത്ര ഉച്ചത്തിൽ അദ്ദേഹത്തിനെതിരെ ശബ്ദിക്കുന്നുവോ അത്രയധികം അക്കാലത്തെ ഭരണകൂടങ്ങൾക്കിടയിലും ജനങ്ങൾക്കിടയിലും അവർ പ്രശസ്തരാകുന്നു.

പരിധിയില്ലാതെ മുന്നേറുന്ന ഈ അക്രാമികമായ സമീപനം താഴെ കാണുന്ന വചനങ്ങളിൽ വിശുദ്ധ ഖുർആൻ വിശദീകരിക്കുന്നുണ്ട്:

وَتَجۡعَلُونَ رِزۡقَكُمۡ أَنَّكُمۡ تُكَذِّبُونَ ﴿٨٣﴾

നിങ്ങൾ നിഷേധിക്കുക എന്നത് നിങ്ങളുടെ ഉപജീവനമാർഗ്ഗമാക്കുകയാണോ? (സൂറ: അൽ വാഖിയ 56: 83)

നിഷേധിക്കുക എന്നത് ഈ വചനം പറയുന്നത് കാലത്തിന്റെ പരിഷ്ക്കർത്താക്കളെ നിഷേധിക്കലാണ്. ഉടമ്പടി ലംഘനം എന്നത് ഒരു സാധാരണ കുറ്റമല്ല. അത് ആത്മാവിന്റെ ക്രമേണ കൂടിവരുന്ന മാരകമായ ഒരു രോഗമാണ്.

## ഉടമ്പടി ലംഘനം: ശിക്ഷ മുഴുവൻ

## ജനതക്കും ബാധകം

വിശുദ്ധ ഖുർആന്റെ താഴെ പറയുന്ന വചനത്തിൽ ഉടമ്പടി ലംഘനത്തെ തുടർന്ന് ജനങ്ങൾക്ക് മുഴുവനും ബാധകമായിട്ടുള്ള ശിക്ഷയെ സംബന്ധിച്ചാണ് പറയുന്നത്.

فَبِمَا نَقْضِهِم مِّيثَاقَهُمْ لَعَنَّاهُمْ وَجَعَلْنَا قُلُوبَهُمْ قَاسِيَةً ۖ يُحَرِّفُونَ الْكَلِمَ عَن مَّوَاضِعِهِ ۙ وَنَسُوا حَظًّا مِّمَّا ذُكِّرُوا بِهِ ۚ وَلَا تَزَالُ تَطَّلِعُ عَلَىٰ خَائِنَةٍ مِّنْهُمْ إِلَّا قَلِيلًا مِّنْهُمْ ۖ فَاعْفُ عَنْهُمْ وَاصْفَحْ ۚ إِنَّ اللَّهَ يُحِبُّ الْمُحْسِنِينَ ﴿١٣﴾

അങ്ങനെ അവർ തങ്ങളുടെ കരാർ ലംഘിച്ചത് നിമിത്തം നാം അവരെ ശപിക്കുകയും അവരുടെ ഹൃദയങ്ങളെ കാഠിന്യമുള്ളതാക്കി തീർക്കുകയും ചെയ്തിരിക്കുന്നു. അവർ (ദൈവിക) വചനങ്ങൾ അതിന്റെ സ്ഥാനങ്ങളിൽ നിന്നും മാറ്റി മറിക്കുന്നു. അവർ ഉപദേശിക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് ഒരു (നല്ല)ഭാഗം മറന്ന് കളയുകയും ചെയ്തിരിക്കുന്നു. അവരിൽ ചുരുക്കം പേരൊഴിച്ച് ബാക്കിയുള്ളവരിൽ നിന്ന് ഏതെങ്കിലും വഞ്ചനയെ പറ്റി എപ്പോഴും നിനക്ക് അറിവ് കിട്ടിക്കൊണ്ടിരിക്കും. അതിനാൽ നീ അവർക്ക് മാപ്പു ചെയ്യുകയും വിട്ടുവീഴ്ച്ച ചെയ്യുകയും ചെയ്യുക. തീർച്ചയായും അല്ലാഹു സുകൃതവാന്മാരെ സ്നേഹിക്കുന്നു. (സൂറ: അൽ മാഇദ 5:14)

ഈ വചനം അവരിൽ ദൈവ ക്രോധമിറങ്ങാനുണ്ടായ കാരണം വ്യക്തമാക്കുന്നു. ഇവിടെ പ്രതിപാദിക്കപ്പെട്ട ശിക്ഷകൾ കൂടുതൽ ശിക്ഷ പ്രതിഫലമായി ലഭിക്കത്തക്ക രീതിയിലുള്ളതാണ് എന്ന നിഗമനത്തിലെത്താൻ അധികം ജ്ഞാനമൊന്നും ആവശ്യമില്ല. ഈ കുറ്റത്തിന്നുള്ള ശിക്ഷ അവരുടെ ഹൃദയത്തെ കഠിനതരമാക്കുകയും കൂടുതൽ കുറ്റം ചെയ്യാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഓരോ ശിക്ഷയും ഓരോ പുതിയ ശിക്ഷയിലേക്ക് ആനയിക്കുന്നു. അവരെ അഭിസംബോധന ചെയ്തുകൊണ്ട് വിശുദ്ധ ഖുർആൻ താക്കീത് ചെയ്യുന്നതെന്തെന്നാൽ കുറ്റകൃത്യങ്ങളിൽ മുന്നേറുന്ന ഈ പ്രവണത അവരെ അന്തിമമായി സമ്പൂർണ്ണ നാശത്തിൽ

എത്തിക്കും എന്നാണ്.

ഈ പ്രക്രിയയിൽ നിന്നാണ് ദൈവ ശാപം ആരംഭിക്കുന്നത്. അതിന്നർത്ഥം അത്തരം ജനത അവരുടെ ഉടമ്പടി ലംഘിക്കുകയും ദൈവത്തിൽ നിന്ന് അകലുകയും ചെയ്തു എന്നാണ്. അങ്ങനെ ദൈവത്തിന്റെ സാമീപ്യത്തിന്റെ അടയാളമെല്ലാം ദൈനംദിന ജീവിതത്തിൽ നിന്നും അന്തിമമായി അകന്നുമാറി, ഏതുവരെയെന്നാൽ ദൈവം അവരെ 'ശപിക്കപ്പെട്ടവർ' എന്ന് വിളിക്കപ്പെടാൻ അർഹരാകുമാറ് ആ അടയാളങ്ങളെല്ലാം അവരിൽ നിന്ന് പൂർണ്ണമായും തുടച്ചു മാറ്റപ്പെട്ടു. അവരുടെ രണ്ടാമത്തെ പ്രത്യേകതയായി പറയപ്പെട്ടത് അവരുടെ ഹൃദയം കടുത്തു പോകുന്നു എന്നതാണ്. അതേ കഠിനതയാണ് അവരുടെ മതപരവും ഭൗതികവുമായ കാര്യങ്ങൾ നിയന്ത്രിച്ചത്. ജൂതന്മാരുടെ ഹൃദയ കാഠിന്യം ഒരു പഴമൊഴിയായി മാറിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ ഉടമ്പടി ലംഘിക്കുന്ന എല്ലാവർക്കും ഇത് ബാധകമാണ്. ഉടമ്പടി ലംഘനത്തിന്റെ സ്വാഭാവിക പരിണിത ഫലമാണ് ഈ ഹൃദയകാഠിന്യം. അത്തരം ഉടമ്പടി ലംഘകർ ദൈവ ക്രോധം വിളിച്ചുവരുത്തുക മാത്രമല്ല ചെയ്യുന്നത് ജനങ്ങളുടെ ക്രോധവും വിളിച്ചു വരുത്തുന്നു. തുടർന്ന് അവർ സാധാരണ ജനങ്ങളുടെ കഠോരമായ യാതനക്ക് കാരണമായിത്തീരുകയും അവ അവർ സ്വയം ജനങ്ങളിൽ നിന്ന് അകലം പാലിക്കുകയും ചെയ്യുന്നു. ജനങ്ങളുടെ പിന്തുണ ലഭിക്കാൻ വേണ്ടിമാത്രം കപടമായി അവർ ആശങ്ക പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്.

പ്രത്യക്ഷമായി തന്നെ ക്രിസ്ത്യൻ രാജ്യങ്ങളെല്ലാം മൃദുലഹൃദയരാണ്. അവരുടെ യഥാർത്ഥ അദ്ധ്യാപനങ്ങൾ ആ വിധമാണ്. പക്ഷേ അവരുടെ ദേശീയ സമീപനം വിമർശനാത്മകമായി വിശകലനം ചെയ്യുമ്പോൾ മറ്റൊരു ചിത്രമാണ് ലഭിക്കുന്നത്. മൊത്തത്തിൽ ദരിദ്ര രാജ്യങ്ങളോടുള്ള അവരുടെ സമീപനം കഠിനതരമാണ്. അവർ പുലർത്തുന്ന സാമ്പത്തിക നയം കടുത്ത പട്ടിണി രാജ്യങ്ങളായി ആ രാജ്യങ്ങളെ മാറ്റിയിരിക്കുന്നു. ഇന്ന് ലോകത്ത് കാണുന്ന പലിശയിൽ അധിഷ്ഠിതമായ മുതലാളിത്തവും ആഗോള ബാ

ങ്കിങ്ങ് സിസ്റ്റവും കടപ്പെട്ടിരിക്കുന്നത് ഗ്രന്ഥം നൽകപ്പെട്ട രണ്ട് ജനതകളുമായാണ്. അവർ യഹൂദരും ക്രിസ്ത്യാനികളുമാണ്. നിർദ്ദയമായ ഈ സംവിധാനം പാവപ്പെട്ടവനും ധനികരും തമ്മിലുള്ള അന്തരം വർദ്ധിപ്പിച്ചിരിക്കുന്നു. ഈ വചനത്തിൽ പ്രതിപാദിച്ച മൂന്നാമത്തെ പ്രത്യേകത വാക്കുകളെ സ്ഥാനത്ത് നിന്നും മാറ്റി ഉടമ്പടികളും കരാറുകളും അവർക്ക് അനുകൂലമായ വിധം വ്യാഖ്യാനിക്കുക എന്നതാണ്. ഇതാണ് ആധുനിക ലോകത്തെ നയങ്ങളുടെ സാരസത്ത.

മതലോകത്ത് അവരുടെ പുരോഹിതന്മാർ ഇതേ പ്രവണത കാണിക്കുന്നു. വാക്കുകൾ സ്ഥാനത്ത് നിന്നും മാറ്റുന്ന ഇതേ കളി തന്നെയാണ് അവർ തങ്ങളുടെ ഗ്രന്ഥത്തിലും അവരുടെ മതാനുയായികൾക്കിടയിലും കളിക്കുന്നത്. തങ്ങളുടെ യഥാർത്ഥ അദ്ധ്യാപനങ്ങളുടെ പ്രാധാന്യം വികലമാക്കുന്നതിൽ അവർക്ക് അശേഷം ലജ്ജ തോന്നാറില്ല. അത്തരം ജനതകളുടെ മറ്റൊരു പ്രത്യേകത അവരുടെ വിവേചനപരമായ സമീപനത്തെ സംബന്ധിച്ചുള്ളതാണ്. അവർ ദൈവിക നിയമങ്ങൾ പാടേ ഉപേക്ഷിക്കില്ല. വിധിവിലക്കുകളിൽ അവർക്ക് നേട്ടത്തിന്ന് പറ്റിയത് മാത്രം അവരെടുക്കും.

അതായത് അവരുടെ ചരിത്രം പഠിക്കുന്നതായാൽ നമുക്ക് വെളിപ്പെടുന്നത്, അവർ ഒരിക്കലും തന്നെ തങ്ങളുടെ ദൈവികമായ നിയമങ്ങൾ മുഴുവനായും ഉപേക്ഷിച്ചിട്ടില്ല എന്നാണ്. അതിന്റെ ഒരു ഭാഗം നടപ്പാക്കുകയും ഒരുഭാഗം ഒഴിവാക്കുകയുമാണ് അവർ ചെയ്യുന്നത്. വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ അത്തരം ആളുകൾ തങ്ങളുടെ ദൈവത്തിലുള്ള വിശ്വാസം മാത്രമല്ല വിച്ഛേദിക്കുന്നത്, അത് സ്വാഭാവികമായും മറ്റ് ഓരോരുത്തരോടും അവർ ചെയ്യുന്നു. ദൈവം കാത്ത ചിലരിൽ മാത്രമേ ഈ രോഗം ഇല്ലാതുള്ളൂ. ജനങ്ങളിൽ ഒന്നടങ്കം തിന്മ ഗ്രസിക്കുന്നില്ല. അവരിൽ ഭൂരിപക്ഷം മാത്രമാണ് തിന്മയിൽ നിമഗ്നരാവുന്നത്. ഇത് മറ്റൊരു വീക്ഷണ കോണിൽ നോക്കുകയാണെങ്കിൽ എത്തിച്ചേരാൻ കഴിയുന്നത്, പുറമേ നിന്നുള്ളതിനേക്കാൾ കൂടു

തലായി ഈ ശിക്ഷ അവർക്ക് വന്നുപെട്ട രോഗത്തിന്റെ സ്വാഭാവിക പരിണിതിയാണ് എന്ന നിഗമനത്തിലാണ്.

ഈ വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ നിരീക്ഷകന്റെ മനസ്സിൽ നീതിയുടെ പ്രാധാന്യമാണ് തീവ്രമായി തികട്ടി വരുന്നത്. ഉടമ്പടി ലംഘനം അന്തിമമായി ഗുരുതരവും ബഹുമുഖവുമായ ഫലങ്ങൾ ഉളവാക്കുന്ന മാരകമായ രോഗമായിത്തീരുന്ന നീതിയുടെ ഗുരുതരമായ അവഗണയാണ്. എവിടെയൊക്കെയാണോ ഈ ശിക്ഷകൾ വന്നു ഭവിച്ചതായി ഗണിക്കുന്നത് അവിടെയെല്ലാം ദൈവത്താലുള്ള നീതി ഒരു പക്ഷം ചേർന്ന് നിൽക്കുന്നതായി പ്രകടമാവുന്നുണ്ട്. ഈ വചനം വിശ്വാസികൾക്ക് ചൂണ്ടിക്കാട്ടുന്നത് എന്തെന്നാൽ തിന്മ, അസത്യം, വിശ്വാസ ലംഘനം എന്നിവയുടെ പേരിൽ ജനങ്ങളെ മൊത്തം അപലപിക്കേണ്ടതില്ല എന്നാണ്. ഒഴിച്ചു നിർത്തപ്പെട്ട ആളുകളെപ്പറ്റി إِلَّا قَلِيلًا مِّنْهُمْ 'അവരിൽ നിന്നുള്ള ചുരുക്കം ചിലരൊഴികെ' എന്ന വാക്കുകളിൽ അവരെ പറ്റി പറഞ്ഞിട്ടുണ്ട്. അവരിലുള്ള സാത്വികരും ദൈവഭക്തരും വിശ്വസ്തരുമായ പലരെ പറ്റിയും അല്ലാഹുവിന്ന് നന്നായറിയാം. അന്യരെ അപലപിക്കുന്ന കാര്യത്തിൽ മനുഷ്യന്ന് ജാഗ്രത ഏറ്റവും അനിവാര്യമാണ്. കാരണം അവർ ആരും തന്നെ ദൈവത്തെ പോലെ എല്ലാം അറിയുന്നവരല്ല.

ഉടമ്പടി ലംഘിക്കുന്നതിന്റെ വിഷയ സംബന്ധമായി ത്തന്നെ വിശുദ്ധ ഖുർആൻ അതിന്റെ മറ്റൊരു ദുരന്തപര്യാവസാനത്തെ സംബന്ധിച്ച് പരാമർശിക്കുന്നു:

أُولَٰئِكَ لَهُمُ اللَّعْنَةُ وَلَهُمْ سُوءُ الدَّارِ ﴿٢٦﴾

'അവരുടെ മേൽ ശാപം. അവർക്ക് വേദനാജനകമായ ഒരു വാസ സ്ഥലമുണ്ട്.' (13:26) അത് ശപിക്കപ്പെട്ടവരുടെ അന്തിമ വിശ്രമ സങ്കേതമാണെന്ന് വിവരിക്കുന്നു. *'സുവാഉദ്ദാറ്'* എന്ന പദം മരണത്തിന്ന് ശേഷമുള്ള അവരുടെ അന്തിമ വാസസ്ഥലം അല്ലെങ്കിൽ അവരുടെ ഭൗതിക ജീവിതാന്വേഷണത്തിലെ അവസാന വിശ്രമസ്ഥലം എന്നീ അർത്ഥങ്ങളുമെടുക്കാം.

# കുറ്റവും ശിക്ഷയും തമ്മിലുള്ള പരസ്പര സന്തുലനം

ഒരു ജനതയുടെ കുറ്റകൃത്യങ്ങളുമായി സങ്കീർണ്ണമായി കെട്ടുപിണഞ്ഞു നിൽക്കുന്നതാണ് അവരുടെ ഉടമ്പടി ലംഘനം. അതിന്റെ പേരിൽ എല്ലാ ജനതക്കും ദൈവം ശിക്ഷ വിധിക്കുന്നതാണ്. അതിനോടനുബന്ധിച്ച് തങ്ങൾ ക്രിസ്ത്യാനികളാണ് എന്ന് പറയുന്ന ജനതയോട് വിശുദ്ധ ഖുർആൻ പറയുന്ന ഒരു പ്രസ്താവനയുണ്ട്. യേശു മുഖേന അവർക്ക് ലഭിച്ച അവരുടെ ഉടമ്പടിയുടെ ഒരു ഭാഗം ലംഘിച്ചതിന്റെ ഫലമായി അവർക്കിടയിൽ നാം ശത്രുതയും വെറുപ്പും അവസാന കാലം വരെ നിലനിർത്തുന്നതാണ് എന്നതാണ് പ്രസ്താവന. ആ വചനം ഇങ്ങനെ വായിക്കാം:

وَمِنَ الَّذِيْنَ قَالُوْٓا اِنَّا نَصٰرٰٓى اَخَذْنَا مِيْثَاقَهُمْ فَنَسُوْا حَظًّا مِّمَّا ذُكِّرُوْا بِهٖ ۠ فَاَغْرَيْنَا بَيْنَهُمُ الْعَدَاوَةَ وَالْبَغْضَاۗءَ اِلٰى يَوْمِ الْقِيٰمَةِ ۭ وَسَوْفَ يُنَبِّئُهُمُ اللّٰهُ بِمَا كَانُوْا يَصْنَعُوْنَ ﴿١٥﴾

'ഞങ്ങൾ ക്രിസ്ത്യാനികളാണ്' എന്ന് പറയുന്നവരിൽ നിന്ന് നാം അവരുടെ കരാർ വാങ്ങിയിരുന്നു. എന്നാൽ അവർക്ക് ഉപദേശിക്കപ്പെട്ടതിൽ നിന്ന് ഒരു (നല്ല) ഭാഗം അവരും മറന്നു കളഞ്ഞു. അതിനാൽ നാം അവരുടെ ഇടയിൽ അന്ത്യനാൾ വരെ ശത്രുതയും കോപവും ക്രോധവും ഇളക്കി വിട്ടു. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ കുറിച്ച് അല്ലാഹു അവർക്ക് നിശ്ചയമായും വിവരം നൽകുന്നതാണ് (സൂറ: മാഇദ 5:15)

ഈ വചനത്തിന്റെ മുഖ്യഭാഗം വളരെ അത്ഭുതകരമായ രീതിയിൽ പൂർത്തീകരിക്കപ്പെടുകയുണ്ടായി. ക്രിസ്ത്യൻ രാജ്യങ്ങൾ അവരുടെ താൽപര്യത്തിന്റെ അടിസ്ഥാനത്തിൽ അന്യർക്ക് നേരെ ഐക്യപ്പെടുകയുണ്ടായി. പക്ഷേ അവർ ഓരോരുത്തരും തങ്ങളുടെ സ്വന്തം താൽപര്യങ്ങൾക്കായി ഭിന്നിച്ചു. അവർ തങ്ങളുടെ ദേശീയ താൽപര്യങ്ങൾക്ക് വേണ്ടി മറ്റൊരു ക്രിസ്തീയ രാജ്യവുമായി ആവർത്തിച്ച് യുദ്ധ

ത്തിൽ ഏർപ്പെടുകയും ചെയ്തു. ഇതേ കാര്യം തന്നെ യാണ് ഇരു അമേരിക്കയിലും സമയാസമയങ്ങളിൽ വീണ്ടും സംഭവിച്ചത്. യൂറോപ്പിലെ ക്രിസ്ത്യൻ രാജ്യങ്ങളിലും സംഭ വിച്ചതായി ചരിത്രത്തിൽ കാണാം.

ദൈവം കുറ്റത്തിന്ന് അനുസരിച്ചാണ് ശിക്ഷിക്കുക. അവർ (ക്രിസ്ത്യാനികൾ) തങ്ങളുടെ ഉടമ്പടിയുടെ ഒരു ഭാഗമാണ് ലംഘിച്ചത്. അതിനനു സരിച്ച് അവർ ശിക്ഷിക്കപ്പെടുകയു മുണ്ടായി. വിശുദ്ധ ഖുർആൻ ശിക്ഷയെ പറ്റി കൃത്യമായി പറയുകയും കുറ്റം എന്താണെന്ന് പ്രത്യേകം പറയാതിരി ക്കുകയും ചെയ്തു. അതങ്ങനെ വരാൻ കാരണം അവരുടെ ആ ശിക്ഷ തന്നെ അവർ ചെയ്തുകഴിഞ്ഞ കുറ്റത്തെ സംബ ന്ധിച്ച് സംസാരിക്കുന്നുണ്ട്.

അവർക്ക് ശിക്ഷ ലഭിക്കാനുണ്ടായ കാരണം, അവർ ഓരോരു ത്തരം പരസ്പരം ഉള്ളിൽ രഹസ്യമായി വെറുപ്പ് വെച്ച് പുലർ ത്തുന്നു എന്നത് കൊണ്ടാണ്. അവർ അന്യോന്യം അന്ത്യ നാൾവരെ ലക്ഷ്യം വെച്ച് കൊണ്ടിരിക്കുകയും ചെയ്യും. ഇതി ന്നർത്ഥം ക്രിസ്ത്യൻ രാജ്യങ്ങൾ തമ്മിൽ പരസ്പരം യുദ്ധം ചെ യ്തുകൊണ്ടിരിക്കും എന്നാണ്. അതിന്റെ അനന്തര ഫലങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് നാം ക്രിസ്ത്യൻ രാജ്യങ്ങളിൽ കാണുന്നു. ഒന്നാം ലോക മഹായുദ്ധത്തിലും നാം കണ്ട അതേ കാര്യങ്ങൾ തന്നെ രണ്ടാം ലോക മഹായുദ്ധത്തിലും സംഭവി ക്കുന്നത് വ്യക്തമായി കാണുകയുണ്ടായി. ഇത് ഒരു ലോകമ ഹായുദ്ധമായിരുന്നു. പക്ഷേ മേഖലാ യുദ്ധത്തിൽ പെരുമാറിയ അതേ രീതിയിൽ തന്നെയാണ് ആഗോളയുദ്ധത്തിലും അവർ പെരുമാറിയത്. ഈ പരസ്പര വൈരാഗ്യം എന്നെന്നേക്കുമായി തുടരാൻ വിധിക്കപ്പെട്ടതാണ്. അവരുടെ കൊളോണിയൽ ചരി ത്രം വെളിപ്പെടുത്തുന്നത് എന്താണെന്ന് വെച്ചാൽ മറ്റു രാജ്യങ്ങ ളെ അടിമപ്പെടുത്തുന്ന അവസരത്തിൽ എവിടെ എപ്പോഴെല്ലാം അവരുടെ സ്വന്തം താൽപര്യങ്ങളുമായി സംഘർഷങ്ങളുണ്ടാ യിട്ടുണ്ടോ അതെല്ലാം തന്നെ പിന്നീട് യുദ്ധങ്ങളായി ആളി ക്കത്തുകയുണ്ടായി. ഇത് അങ്ങനെ സംഭവിക്കാൻ കാരണം അവർ നീതിയുടെ അളവുകോൽ ഒരേ രീതിയിൽ അളക്കാൻ

ഉപയോഗിക്കുന്നില്ല എന്നതാണ്. പക്ഷേ എല്ലാ അവസരത്തിലും നീതിയുടെ സംരക്ഷകർ തങ്ങളാണ് എന്നാണ് അവരുടെ അവകാശവാദം. അതേ ചരിത്രം തന്നെയാണ് ഇന്ത്യാ വിഭജന വേളയിലും ഓരോ ഗോത്രവും മറ്റൊരു ഗോത്രത്തിന്ന് നേരെ നിലയുറപ്പിച്ച ആഫ്രിക്കൻ രാജ്യങ്ങളിലും അവർ ആവർത്തിച്ചത്. അത് തന്നെയാണ് അമേരിക്കയിൽ വടക്ക് നിന്നും തെക്ക് വരെ സംഭവിച്ചത്. അവിടെ ക്രിസ്ത്യാനികൾ പരസ്പരം എതിർക്കുന്ന രണ്ട് ക്യാമ്പുകളിലായി വിഭജിക്കപ്പെടുകയുണ്ടായി. അവരുടെ രാഷ്ട്രീയ ചരിത്രത്തിൽ തുടർച്ചയായി കാണുന്ന പരസ്പരം എതിർക്കുന്ന ഈ രണ്ട് വിഭജിത വിഭാഗങ്ങൾ വിശുദ്ധ ഖുർആൻ പറഞ്ഞ അവർക്കുള്ള ശിക്ഷകളാണ്. നിഗമനങ്ങൾ അധികം വലിച്ചുനീട്ടുന്നില്ല. അവരുടെ കുറ്റം ദൈവത്തിന്റെ ഏകത്വം വാദിക്കേണ്ടതിന്ന് പകരം ദൈവത്തെ തന്നെ അവർ വിഭജിച്ചു. യേശു ഒരിക്കലും തന്നെ ദൈവം വിഭജിക്കാവുന്ന വ്യക്തിത്വമാണെന്ന് വാദിച്ചിട്ടില്ല. അവർ അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങൾ ലംഘിക്കുകയും അഭ്യന്തര വിഭജനം അവരുടെ തന്നെ ഭാഗധേയമായി വരുകയും ചെയ്തു. ഏകനായ ദൈവത്തെ വിശ്വസിക്കണം എന്നാണ് യേശു അവരെ താക്കീത് ചെയ്തത്. എന്നാൽ അവർ ദൈവത്തെ ആന്തരികമായി വിഭജിക്കാനാണ് ശ്രമിച്ചത്.

## ഉടമ്പടി ലംഘനത്തെ തുടർന്നുള്ള കുറച്ചു കൂടി ശിക്ഷകൾ

വിശുദ്ധ ഖുർആൻ ഉടമ്പടി ലംഘനവുമായി ബന്ധപ്പെട്ട പല ശിക്ഷകളെ സംബന്ധിച്ചും പറയുന്നുണ്ട്. ഒരുപക്ഷേ മറ്റൊരു മതഗ്രന്ഥത്തിലും ഇത് പോലെയുള്ള പരസ്പരം ശൃംഖലകളായി കണ്ണികോർക്കപ്പെട്ട ശിക്ഷകളെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ടാവില്ല. എന്തായിരുന്നാലും ബൈബിളിൽ ചില കുറ്റങ്ങളുമായി ബന്ധപ്പെട്ട് ചില ശിക്ഷകൾ പരാമർശിച്ചിട്ടുണ്ട്. ബൈബിളിൽ പ്രതിപാദിച്ച ഏതാനും കുറ്റകൃത്യങ്ങളുടെ ചരിത്രം ചിലത് മാത്രം തിരഞ്ഞെടുത്ത് വിശുദ്ധ ഖുർആനിൽ വിശകലനം ചെയ്യുന്നുണ്ട്. അതാകട്ടെ ലോകത്തിലെ ജീർ

ണ്ണതയേറ്റ എല്ലാ മതസമൂഹങ്ങൾക്കും ബാധകമായിട്ടുള്ള തുമാണ്. ഈ ശിക്ഷകളൊന്നും തന്നെ ഒരു പ്രത്യേക മതവുമായി ബന്ധപ്പെടുത്തിയല്ല വിശുദ്ധ ഖുർആൻ വിവരിച്ചിട്ടുള്ളത്. എന്നാൽ വഴി പിഴച്ച മതത്തിന്റെ അനുയായികൾ ചെയ്തതായി കാണുന്ന കുറ്റകൃത്യങ്ങളെ സംബന്ധിച്ച് പൊതുവായി പറഞ്ഞതാണ്.

ഇതുമായി ബന്ധപ്പെട്ട് ഇസ്‌ലാം ഒരിക്കലും യഹൂദർ, ക്രിസ്ത്യാനികൾ, ഹിന്ദുക്കൾ മറ്റു മതസ്ഥർ എന്നിങ്ങനെ ഒരു മതത്തെയും പ്രത്യേകം വേർതിരിച്ച് പറയുന്നില്ല. എന്നാൽ മതങ്ങളുടെ ജീർണ്ണഘട്ടത്തിൽ എന്തെല്ലാം തരത്തിലുള്ള മാനസിക രോഗങ്ങളാണ് അവരുടെ തലയിൽ നിന്നും ഉരുവം കൊള്ളുന്നത് എന്ന് തരം തിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. അത്തരത്തിലുള്ള ഉടമ്പടിലംഘകരെ കുറിച്ച് താഴെ കാണുന്ന വിശുദ്ധ ഖുർആൻ വചനം വിവരിക്കുന്നു. അവർക്ക് അധികമായി ഏറ്റ അല്ലാഹുവിന്റെ ക്രോധത്തെ തുടർന്നുണ്ടായ ചില ശിക്ഷകളും പ്രതിപാദിച്ചിട്ടുണ്ട്:

إِنَّ الَّذِينَ يَشْتَرُونَ بِعَهْدِ اللَّهِ وَأَيْمَانِهِمْ ثَمَنًا قَلِيلًا أُولَٰئِكَ لَا خَلَاقَ لَهُمْ فِي الْآخِرَةِ وَلَا يُكَلِّمُهُمُ اللَّهُ وَلَا يَنظُرُ إِلَيْهِمْ يَوْمَ الْقِيَامَةِ وَلَا يُزَكِّيهِمْ وَلَهُمْ عَذَابٌ أَلِيمٌ ﴿٧٨﴾

അല്ലാഹുവിനോടുള്ള തങ്ങളുടെ കരാറിനും തങ്ങളുടെ ശപഥങ്ങൾക്കും പകരമായി തുച്ഛമായ വിലവാങ്ങുന്നവരാരോ അവർക്ക് പരലോകത്ത് യാതൊരു ഓഹരിയുമുണ്ടായിരിക്കുകയില്ല. പുനരുത്ഥാന നാളിൽ അല്ലാഹു അവരോട് സംസാരിക്കുകയോ അവരെ നോക്കുകയോ അവരെ ശുദ്ധീകരിക്കുകയോ ചെയ്യുന്നതല്ല. അവർക്ക് വേദനാജനകമായ ശിക്ഷയുണ്ടായിരിക്കും. (സൂറഃആലു ഇംറാൻ 3:78)

ഈ വചനത്തിൽ പ്രതിപാദിക്കപ്പെട്ട ജനത അല്ലാഹുവിന്റെ വചനത്തെ തുച്ഛ വിലക്ക് വിൽക്കുന്നവരാണ്. അവർ അപ്രകാരം ചെയ്യുന്നത് നിസ്സാരമായ ലൗകിക നേട്ടങ്ങൾക്ക് വേണ്ടിയാണ്. ഭൗതികമായ നേട്ടത്തിന്ന് വേണ്ടി അവർ ദൈവത്തിൽ

നിന്നും പുറംതിരിഞ്ഞു നിൽക്കുന്നു. വിധി നാളിൽ അവർ തദനുസൃതമായി കഠിനമായി ശിക്ഷിക്കപ്പെടുന്നതാണ്. അവർക്ക് യാതൊരു പ്രതിഫലവും ലഭിക്കുന്നതല്ല. മറിച്ച് ദൈവം അവരിൽ നിന്ന് മുഖം തിരിക്കുന്നു. അതായത് അവരുടെ അസ്തിത്വം തന്നെ ഇല്ലാത്തത് പോലെ ദൈവം അവരോട് സംസാരിക്കുകയില്ല. വിശുദ്ധ ഖുർആനിൽ പരാമർശിക്കപ്പെട്ട എല്ലാ ശിക്ഷകളിലും വെച്ച് ഏറ്റവും കഠിനമായ ശിക്ഷയാണിത്.

ഈ വചനം പരായണം ചെയ്യുമ്പോൾ സാധാരണയായി മനസ്സ് പരലോകത്തേക്കാണ് തിരിയുക. അതായത് പരലോകത്ത് സംഭവിക്കുന്ന കാര്യം പോലെയാണ് അത് വിവരിക്കപ്പെട്ടിരിക്കുന്നത്. അത് മാത്രമല്ല ഈ വചനത്തിന്റെ പ്രത്യേകത. ഈ ലോകത്തും അത്തരം ആളുകൾക്ക് അതേ ശിക്ഷ തന്നെ ലഭിക്കുന്നതാണ്. ലോകത്തെല്ലായിടത്തുമുള്ള എല്ലാ മതങ്ങളുമായും ദൈവം അവരുമായുള്ള തന്റെ ബന്ധം വിച്ഛേദിക്കുന്നതാണ്. അവർക്ക് ഒരിക്കലും ദൈവത്തിൽ നിന്നുള്ള വെളിപാടുകൾ ലഭിക്കില്ല. ശിക്ഷകൾ അവർക്ക് ഈ ലോകത്ത് വെച്ച് തന്നെ വിധിക്കുന്നതാണ്. അവർക്ക് പരലോകത്തും അതിന്റെ പങ്കുണ്ടായിരിക്കും. പക്ഷേ അത് ഇവിടുത്തേതിനേക്കാൾ അതിതീവ്രമായിരിക്കും.

ദൈവം അവരുടെ നേരെ നോക്കുകപോലുമില്ല എന്ന പ്രയോഗം ഈ ലോകത്തും പ്രയോഗിക്കപ്പെടുന്നു. അവർ ദൈവത്തെ അവഗണിച്ചത് പോലെ ദൈവവും അവരെ അവഗണിച്ചു. *'ലിയുസക്കീഹിം'* എന്ന പ്രയോഗം സൂചിപ്പിക്കുന്നത് ദൈവം ഒരിക്കലും അവരെ ഈ ലോകത്ത് ശുദ്ധീകരിക്കില്ല എന്നാണ്. അല്ലെങ്കിൽ ശുദ്ധീകരിക്കപ്പെട്ടവരായി അവരെ പരലോകത്തും കണക്കാക്കില്ല എന്നാണ്. ഈ വചനത്തിന്റെ ഈ ഭാഗം പ്രകടമായും വ്യക്തമാക്കുന്നത് *'തസ്ക്കിയ'* (ശുദ്ധീകരണം) എന്ന പദം ഈ ഭൂമിയിൽ ഇവിടെ വെച്ചാണ് നടക്കേണ്ടത് എന്നാണ്. ശുദ്ധീകരണം ഇഹലോക ജീവിതകാലത്തിനിടയിൽ നടക്കുന്നതാണ്. ഒരാൾ ഇവിടെ ശുദ്ധീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ അയാൾ പരലോകത്തും ശുദ്ധീകരിക്കപ്പെടുകയില്ല. അയാൾ ശുദ്ധീകരിക്കപ്പെടാത്തയാൾ എന്നാണ് കണക്കാക്കപ്പെടുക.

'അവരുടെ നേരെ നോക്കുകയില്ല' എന്നതിനർത്ഥം അവർക്ക് നേരെ ശ്രദ്ധ യോടെയും പ്രിയത്തോടെയും നോക്കുകയില്ല എന്നാണ്.

അല്ലാഹു സർവ്വശക്തനും അവൻ ഇഷ്ടപ്പെടുന്നത് ചെയ്യാൻ കഴിവുള്ളവനുമാണ്, എന്നാൽ അവൻ എല്ലാം നീതി പൂർവ്വമാണ് നിർവ്വഹിക്കുക. സൂറ അൽ ബഖറയുടെ 41-ാമത് വചനം ദൈവം മനുഷ്യനെ അഭിമുഖീകരിച്ച് കൊണ്ട് അവനെ ഓർമ്മപ്പെടുത്തുന്നത്:

وَأَوْفُوا بِعَهْدِي أُوفِ بِعَهْدِكُمْ وَإِيَّايَ فَارْهَبُونِ ﴿٤٠﴾

എന്നോടുള്ള ഉടമ്പടി നീ പാലിക്കുക എന്നെ മാത്രം ഭയപ്പെടുകയും ചെയ്യുക (സൂറ: ബഖറ 2:41)

ഉടമ്പടി എപ്പോഴും ഇരു വശവുമുള്ളതാണ്. ദൈവം പറയുന്നു: നിങ്ങൾക്ക് ബാധ്യതപ്പെട്ടത് പോലെ നമുക്കും അത് ബാധ്യതപ്പെട്ടതാണ്. ഞാൻ നിങ്ങളോട് വാഗ്ദാനം ചെയ്യുന്നതെന്തെന്നാൽ ഈ ഉടമ്പടി പാലനം നിങ്ങൾ തുടരുവോളം ഞാനും തുടരുക തന്നെ ചെയ്യും.

## ഉടമ്പടി പാലനത്തിന്റെ പ്രതിഫലം

ഇത്‌വരെ നാം ചർച്ച ചെയ്തത് ഉടമ്പടി ലംഘനത്തിനുള്ള ശിക്ഷയെ കുറിച്ചാണ്. നാം ഇപ്പോൾ അതിന്റെ മറ്റൊരു വശത്തിലേക്ക് തിരിയുകയാണ്. അതായത് ഉടമ്പടികൾ ഒരിക്കലും ലംഘിക്കാത്തവർക്ക് ലഭിക്കുന്ന പ്രതിഫലത്തെ കുറിച്ചാണ്. അത്തരം വിശ്വാസികളായ ആളുകളെ അഭിസംബോധനം ചെയ്തു കൊണ്ട് സൂറ: റഅദിൽ അല്ലാഹു പറയുന്നു:

الَّذِينَ يُوفُونَ بِعَهْدِ اللَّهِ وَلَا يَنقُضُونَ الْمِيثَاقَ ﴿٢٠﴾ وَالَّذِينَ يَصِلُونَ
مَا أَمَرَ اللَّهُ بِهِ أَن يُوصَلَ وَيَخْشَوْنَ رَبَّهُمْ وَيَخَافُونَ سُوءَ الْحِسَابِ ﴿٢١﴾
وَالَّذِينَ صَبَرُوا ابْتِغَاءَ وَجْهِ رَبِّهِمْ وَأَقَامُوا الصَّلَاةَ وَأَنفَقُوا مِمَّا رَزَقْنَاهُمْ سِرًّا
وَعَلَانِيَةً وَيَدْرَءُونَ بِالْحَسَنَةِ السَّيِّئَةَ أُولَٰئِكَ لَهُمْ عُقْبَى الدَّارِ ﴿٢٢﴾ جَنَّاتُ

عَدۡنٖ يَدۡخُلُونَهَا وَمَن صَلَحَ مِنۡ ءَابَآئِهِمۡ وَأَزۡوَٰجِهِمۡ وَذُرِّيَّٰتِهِمۡۖ وَٱلۡمَلَٰٓئِكَةُ يَدۡخُلُونَ عَلَيۡهِم مِّن كُلِّ بَابٖ ﴿٢٣﴾

അല്ലാഹുവിനോടുള്ള കരാർ പാലിക്കുകയും ഉടമ്പടി ലംഘിക്കാതിരിക്കുകയും ചെയ്യുന്നവരും, കൂട്ടിച്ചേർക്കാൻ അല്ലാഹു കൽപിച്ച ബന്ധങ്ങളെ കൂട്ടിചേർക്കുകയും, തങ്ങളുടെ നാഥനെ ഭയപ്പെടുകയും ചീത്തയായ കണക്ക് വിചാരണയെ ഭയപ്പെടുകയും ചെയ്യുന്നവരുമാണവർ. തങ്ങളുടെ നാഥന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് സ്ഥിരത കൈക്കൊള്ളുകയും നമസ്കാരം നിലനിറുത്തുകയും നാം അവർക്ക് നൽകിയതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും തിൻമയെ നന്മകൊണ്ട് തടുക്കുകയും ചെയ്യുന്നവരുമാണവർ. അവർക്കാണ് ആ (പാരത്രിക) ഭവനത്തിന്റെ ഏറ്റവും നല്ല പര്യവസാനം.

അതായത് ശാശ്വത നിവാസത്തിനുള്ള ഉദ്യാനങ്ങൾ. അതിൽ അവർ പ്രവേശിക്കുന്നതാണ്. അവരുടെ മാതാപിതാക്കന്മാർ, അവരുടെ ഭാര്യാ ഭർത്താക്കന്മാർ, അവരുടെ സന്താനങ്ങൾ, എന്നിവരിൽ നിന്നും സൽക്കർമ്മം ചെയ്ത എല്ലാവരും പ്രവേശിക്കുന്നതാണ്. മലക്കുകൾ എല്ലാ വാതിലുകളിൽ കൂടെയും അവരുടെയടുക്കൽ പ്രവേശിച്ചുകൊണ്ട് (പറയും)

سَلَٰمٌ عَلَيۡكُم بِمَا صَبَرۡتُمۡۚ فَنِعۡمَ عُقۡبَى ٱلدَّارِ ﴿٢٤﴾

അവർക്ക് ആശംസകളർപ്പിച്ചുകൊണ്ട് പറയും നിങ്ങൾ സ്ഥിരത കൈകൊണ്ട കാരണത്താൽ നിങ്ങൾക്ക് സമാധാനം. അപ്പോൾ അന്തിമ അനുഗ്രഹം എത്രമാത്രം വിശിഷ്ടം (സൂറ: അർ-റഅ്ദ് 13: 21-25)

അവർ സൽക്കർമ്മങ്ങൾ രഹസ്യമായി ചെയ്യുന്നവരായിരിക്കും. കാരണം തങ്ങളുടെ പ്രവൃത്തികൾ മറ്റുള്ളവരുടെ ഇടയിൽ കാണിക്കാൻ അവർ ഇഷ്ടപ്പെടുന്നില്ല. മറ്റുള്ളവർക്ക് പ്രചോദനമേകാൻ അവർ സൽക്കർമ്മങ്ങൾ തുറന്ന നിലയിലും ചെയ്യുന്നതാണ്. അവർ തങ്ങളുടെ തിന്മകൾ വിപാടനം ചെയ്യുമ്പോൾ നന്മകൾ പകരം വെക്കുന്നതാണ്. അവരുടെ ലക്ഷ്യം തിന്മയെ ഉന്മൂലനം ചെയ്ത് അവിടെ ഒരു

ശൂന്യത സൃഷ്ടിക്കലല്ല. പകരം നന്മ ചെയ്ത് ആ ശൂന്യത നികത്തലാണ്. അത് അപകടനിലയിലുള്ള ഒരു കെട്ടിടം പൊളിച്ചു മാറ്റി ജനങ്ങൾക്ക് വേണ്ടി അതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ടതും പ്രയോജനമുള്ളതും പുതിയതുമായ ഒരു കെട്ടിടം നിർമ്മിക്കുന്നത് പോലെയാണ്. ഖുർആൻ വിശേഷിപ്പിച്ച എല്ലാ തിന്മകൾക്കും സമാന്തരമായി നന്മയുടെ ഒരു പ്രതിക്രിയാ രൂപമുണ്ട്. അവർ അസത്യത്തെ സത്യം കൊണ്ടും, ക്രൂരതയെ സ്നേഹം കൊണ്ടും നീക്കം ചെയ്യുന്നു. ഇതേതത്ത്വം പരാമർശിച്ചുകൊണ്ട് ദൈവം പ്രസ്താവിക്കുന്നു:

وَقُلْ جَآءَ الْحَقُّ وَزَهَقَ الْبَاطِلُ ۚ

സത്യം വന്നു. അസത്യം പോയ്മറഞ്ഞു......

(സൂറ: അൽ ഇസ്റാഅ് 17: 82)

അത് പ്രകാശം വന്നു അന്ധകാരം പോയ്മറഞ്ഞു എന്ന് പറയുന്നത് പോലെയാണ്.

## മനുഷ്യന് നൽകിയത് പോലെയുള്ള ധർമ്മ സംഹിത അല്ലാഹുവും സ്വയം പാലിക്കുന്നു

വിശുദ്ധ ഖുർആന്റെ മറ്റൊരു വചനത്തിൽ അവൻ റദ്ദ് ചെയ്യുന്ന ദൃഷ്ടാന്തങ്ങൾക്ക് പകരമായി നല്ല ദൃഷ്ടാന്തങ്ങൾ കൊണ്ട് വരാൻ വേണ്ടി, കുറഞ്ഞ പക്ഷം അത് പോലെയുള്ള ദൃഷ്ടാന്തമെങ്കിലും കൊണ്ട് വരാൻ അല്ലാഹു തനിക്ക് സ്വയം ബാധ്യതയാക്കിയിരിക്കുന്നു എന്ന് കാണാം. ഈ തത്ത്വം ഈ വചനത്തിലാണ് പറഞ്ഞിരിക്കുന്നത്.

مَا نَنْسَخْ مِنْ اٰيَةٍ اَوْ نُنْسِهَا نَاْتِ بِخَيْرٍ مِّنْهَآ اَوْ مِثْلِهَا ۗ اَلَمْ تَعْلَمْ اَنَّ اللّٰهَ عَلٰى كُلِّ شَىْءٍ قَدِيْرٌ ﴿١٠٧﴾

ഏതെങ്കിലും ഒരു സന്ദേശം നാം ദുർബലപ്പെടുത്തുകയോ അല്ലെങ്കിൽ വിസ്മൃതമാക്കുകയോ ചെയ്യുകയാണെങ്കിൽ, അതിനേക്കാൾ

ഉത്തമമോ തത്തുല്യമോ ആയത് നാം കൊണ്ട് വരുന്നതാണ്. (സൂറ: ബഖറ: 2:107)

ഈ വചനങ്ങൾ സാധാരണയായി ഖുർആനിലെ വചനങ്ങൾക്ക് ബാധകമായതാണെന്നാണ് നാം മനസ്സിലാക്കുന്നത്. അല്ലാഹു ഏതെങ്കിലും ഒന്ന് ദുർബലമാക്കുകയാണെങ്കിൽ അവൻ അതുപോലെയുള്ളത് അല്ലെങ്കിൽ അതിനേക്കാൾ നല്ലത് പകരം നൽകുന്നതാണ്. വാസ്തവത്തിൽ വിശുദ്ധ ഖുർആനിലെ ഒരു വചനവും ദുർബലപ്പെട്ടിട്ടില്ല. ഈ വചനം വ്യാഖ്യാനിച്ചു കൊണ്ട് മദ്ധ്യകാല ഉലമാക്കന്മാർ വിശുദ്ധ ഖുർആന്റെ അഞ്ഞൂറോളം വചനങ്ങൾ ദുർബലപ്പെട്ടിട്ടുണ്ടെന്ന് അഭിപ്രായപ്പെടുന്നു. ഏത് വചനങ്ങളാണ് അതിന്ന് പകരമായി പുനസ്ഥാപിക്കപ്പെട്ടത് എന്ന ചോദ്യത്തിന്ന് ഒരിക്കലും ഉത്തരം നൽകാനുള്ള ശ്രമം ഉണ്ടായിട്ടില്ല. അതുപോലെ ദുർബലപ്പെട്ട വചനങ്ങളേക്കാൾ മെച്ചപ്പെട്ടതായി കണക്കാക്കുന്ന വചനങ്ങൾ തെളിവോടുകൂടി എന്തെങ്കിലും വിധത്തിൽ മികച്ചതാണെന്ന് പ്രസ്താവിക്കപ്പെട്ടിട്ടില്ല.

വിശുദ്ധ ഖുർആന്റെ ഈ വചനങ്ങൾ ദുർബലമാക്കപ്പെട്ട വചനങ്ങളെ സംബന്ധിച്ചൊന്നുമല്ല പറയുന്നത്. മറിച്ച് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ കുറിച്ചാണ് ഈ വചനം പറയുന്നത്. അതായത് തുടച്ചു നീക്കാൻ അനുവദിക്കപ്പെട്ട പൂർവിക മതങ്ങൾ അത് ഒരിക്കൽ സ്വായത്തമാക്കിയിരുന്നത് അതേ സൗന്ദര്യത്തോടെ അല്ലെങ്കിൽ അതിനേക്കാൾ മികവുറ്റ മതങ്ങൾ പഴയ മതങ്ങൾക്ക് പകരം പുനസ്ഥാപിക്കപ്പെട്ടിരുന്നു. ഈ വചനത്തിന് കൂറെകൂടി വിശാലമായ അടിസ്ഥാന തത്ത്വങ്ങൾ ബാധകമാണ്. മതങ്ങളുടെ ചരിത്രം നാം വളരെ അടുത്തു നിന്ന് പഠിക്കുമ്പോൾ എപ്പോഴും കണ്ടെത്തുന്ന ഒരുകാര്യം ദൈവം അനുവദിച്ച പല മതങ്ങളും തുടച്ചു നീക്കപ്പെടുന്നതായിട്ടാണ്. ഇത് സംഭവിച്ചപ്പോഴെല്ലാം തന്നെ അത് പോലെയുള്ള മറ്റു വെളിപാടു മതങ്ങൾ അതിന്ന് പകരം പുന:സ്ഥാപിക്കപ്പെടുകയുണ്ടായി. എന്തായിരുന്നാലും പുരോഗമിക്കുന്ന കാലത്തിന് കൂടുതൽ മികച്ചതും നവീനവുമായ മതം ആവശ്യമാണ്. അങ്ങനെ പഴയതിന്റെ സ്ഥാനത്ത് പുതിയവ പ്രതിഷ്ഠിക്കപ്പെ

ടുന്നു. അതായത് അവ മാറുന്ന കാലത്തിന്റെ ആവശ്യങ്ങളുമായി കൂടുതൽ ഫലപ്രദമായ രീതിയിൽ ചേർന്ന് നിൽക്കുന്നു. ഈ അർത്ഥത്തിലാണ് അവ മികച്ചതാണെന്ന് പറയുന്നത്. അങ്ങനെയാണ് മതങ്ങൾ ഉടലെടുക്കുകയും പരിണമിച്ച് ആത്യന്തികമായി അവ ഇസ്‌ലാം മതത്തിൽ പര്യവസാനിക്കുകയും ചെയ്തത്.

## വ്യക്തിപരമായ ഉടമ്പടികളും കരാറുകളും

ഇതുവരെ നാം ചർച്ച ചെയ്തിരുന്നത് സമുദായങ്ങളും ദേശീയ സമൂഹങ്ങളും തമ്മിലുള്ള ഉടമ്പടിയെയും കരാറുകളെയും പറ്റിയാണ്. ഇപ്പോൾ വ്യക്തിയും വ്യക്തിയും തമ്മിലുള്ള വ്യക്തിപരമായ കാര്യങ്ങളിലേക്കാണ് നാം കടക്കുന്നത്. മനുഷ്യനും ദൈവവും രണ്ട് കക്ഷികളായുള്ള ഉടമ്പടികളെ പറ്റിയാണ് നാം സംസാരിച്ചത്. അത്പോലെ രണ്ട് വ്യക്തികൾ തമ്മിലുള്ള ഉടമ്പടികളും കരാറുകളും ഈ വിഭാഗത്തിന് കീഴിൽ നാം ചർച്ച ചെയ്യുകയാണ്. ദൈവവുമായി കരാറിലേർപ്പെടുകയും ആ ഉടമ്പടികൾ ലംഘിക്കാതിരിക്കുകയും ചെയ്ത സൗഭാഗ്യവാന്മാരായ ആളുകളെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു. അവരെ പറ്റിയുള്ള വിശദ വിവരം താഴെ കാണുന്ന വചനങ്ങളിൽ ഉള്ളടങ്ങിയിട്ടുണ്ട്:

مِنَ الْمُؤْمِنِينَ رِجَالٌ صَدَقُوا مَا عَاهَدُوا اللَّهَ عَلَيْهِ ۖ فَمِنْهُم مَّن قَضَىٰ
نَحْبَهُ وَمِنْهُم مَّن يَنتَظِرُ ۖ وَمَا بَدَّلُوا تَبْدِيلًا ﴿٢٣﴾

അല്ലാഹുവുമായി ചെയ്ത കരാർ പാലിച്ച ചിലയാളുകൾ സത്യ വിശ്വാസികൾക്കിടയിലുണ്ട്. അങ്ങനെ (ജീവനർപ്പിച്ച) അവരിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയിരിക്കുന്നു. അവരിൽ (മറ്റു) ചിലർ (ഇപ്പോഴും) കാത്തിരിക്കുന്നു. അവർ (തങ്ങളുടെ നിലപാടിൽ) ഒരു മാറ്റവും വരുത്തിയിട്ടില്ല (സൂറ: അൽ അഹ്സാബ് 33:24)

ഹദ്റത്ത് അനസ്[റ] നിന്നും നിവേദനം: അദ്ദേഹത്തിന്റെ അമ്മാവൻ ഹദ്റത്ത് അനസ് ബിൻ നദ്ർ[റ] ബദ്ർ യുദ്ധവേള

യിൽ പങ്കെടുത്തിരുന്നില്ല. അദ്ദേഹം പരിശുദ്ധ പ്രവാചക(സ)നെ വിളിച്ചു പറഞ്ഞു: 'അല്ലയോ അല്ലാഹുവിന്റെ ദൂതരേ എനിക്ക് ബിംബാരാധകർക്ക് (ബദ്റിലെ മക്കൻ അക്രമികൾ) എതിരെ താങ്കൾ നടത്തിയ യുദ്ധത്തിൽ പങ്കെടുക്കാൻ സാധിച്ചിട്ടില്ല. അടുത്ത യുദ്ധത്തിൽ പങ്കെടുക്കാൻ അല്ലാഹു ഇച്ഛിച്ചെങ്കിൽ അല്ലാഹുവിന്ന് ഞാൻ കണക്ക് തീർക്കുന്നത് കാണാം.' ദു:ഖാർത്തനായ അദ്ദേഹത്തിന്റെ നിസ്സഹായാവസ്ഥയിൽ നിന്നുള്ള മോചനത്തിന്ന് അദ്ദേഹം ദൈവവുമായി വ്യക്തിപരമായ ഒരു ഉടമ്പടിയിലേർപ്പെട്ടു. ഈ വചനം ഹദ്റത്ത് അനസ് ബ്നു നദറ്(റ) ദൈവവുമായി ഉടമ്പടി ചെയ്യുന്നതിന് മുമ്പായിരുന്നു ഇറങ്ങിയത്. അതുകൊണ്ട് അദ്ദേഹം അല്ലാഹുവിന്റെ ഈ വചനത്തിൽ പ്രതിപാദിച്ച സൗഭാഗ്യവാന്മാരിൽ പെട്ടിരിക്കുമോ എന്ന് വിസ്മയം കൂറിയിരിക്കാം. ഉഹ്ദ് യുദ്ധം അദ്ദേഹത്തിന്റെ പ്രതീക്ഷ പൂർത്തയായതിന്റെ എറ്റവും നല്ല തെളിവാണ്.

മുസ്ലിംകളുടെ പ്രഥമ വിജയത്തിന്ന് ശേഷം പിന്മാറ്റത്തിൽ വന്ന ഒരു പരാജയമായിരുന്നു അത് എന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. അമുസ്ലിംകൾ വീണ്ടും മുസ്ലിം സൈന്യത്തെ ആക്രമിച്ചു. പങ്കെടുത്ത മുസ്ലിംകളിൽ ഭൂരിപക്ഷവും തങ്ങൾ ചെയ്യാൻ ഏൽപ്പിക്കപ്പെട്ട കാര്യം ചെയ്യാതെ സംഭ്രമിച്ചു പിന്മാറുകയുണ്ടായി. അവരെല്ലാം തന്നെ പരിശുദ്ധ പ്രവാചകൻ(സ) ശഹീദാക്കപ്പെട്ടു എന്ന തെറ്റായ വിശ്വാസത്തിലായിരുന്നു. അതിനാൽ അവരെ അവിടുന്ന് തിരിച്ചുവിളിക്കുന്നത് അവർ കേട്ടില്ല. അത്യധികമായ നിരാശയുടെ ആ സന്ദർഭത്തിൽ ഹദ്റത്ത് അനസ് ഒരു പാറയിൽ ഒരു കാരക്ക തിന്നുകൊണ്ട് ഇരിക്കുകയായിരുന്നു എന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. എന്താണ് സംഭവിച്ചതെന്ന് അദ്ദേഹം അറിയുകയുണ്ടായി. അദ്ദേഹം കാരക്കാപഴം വലിച്ചെറിഞ്ഞുകൊണ്ട് പറഞ്ഞു. 'ആ കരാർ പാലിക്കാനുള്ള സമയം ആഗതമായിരിക്കുന്നു.' മിക്കവാറും ഏകനായി അദ്ദേഹം യുദ്ധം ചെയ്തു. പരിശുദ്ധ പ്രവാചകന്(സ) ഗുരുതരമായി പരിക്കേറ്റിരുന്നു. അവിടുത്തെ സുരക്ഷാവലയം തീർത്ത ഏതാനും അനുയായികളും മരിച്ചു. രക്തസാക്ഷികളായ അനുചരന്മാർക്കൊപ്പം അവിടുന്ന് വീണു കിടക്കുകയാണ്. അപ്പോൾ

അവിടുന്ന് മരിച്ചു വീണ തന്റെ സഹചരന്മാരുടെ ശരീരം കൊണ്ട് ഏതാണ്ട് മൂടപ്പെട്ട അവസ്ഥയിലായിരുന്നു.അപ്പോൾ സൈന്യത്തിന്റെ മദ്ധ്യഭാഗത്തെ നയിക്കാനുള്ള ഉത്തരവാദിത്തം ഹദ്റത്ത് അനസ് ബിൻ നദ്റി(റ)ന്നായിരുന്നു. അദ്ദേഹം ഇപ്രകാരം പറയുകയുണ്ടയി: 'ഓ അല്ലാഹ്, മറ്റുള്ള മുസ്ലിംകളുടെ പേരിൽ ഞാനിതാ മാപ്പിരക്കുന്നു. ബിംബപൂജകർ ചെയ്തതിനെ ഞാൻ അപലപിക്കുന്നു.' അദ്ദേഹം വഴിയിൽ സഅദ്ബ്നു മുആദി(റ)നെ കണ്ടുമുട്ടി പറഞ്ഞു: 'ഓ നദറ്ന്റെ നാഥാ, (അദ്ദേഹത്തിന്റെ തന്നെ നാഥനായ അല്ലാഹു) സ്വർഗ്ഗം ഞങ്ങളുടെ മുമ്പിലുണ്ട്. ഉഹ്ദിന്റെ യുദ്ധക്കളത്തിന്നപ്പുറം സ്വർഗ്ഗത്തിന്റെ സുഗന്ധം ഞാൻ അനുഭവിക്കുന്നു.'

പരിശുദ്ധ പ്രവാചക(സ)ന്റെ മുറിവിന് ശമനം വന്നു. സഅദ്ബ്നു മുആസ്(റ) അവിടുത്തെ സമീപിച്ചു. താൻ ഹദ്റത്ത് നദ്റിൽ(റ) നിന്നും കേട്ടകാര്യം നിവേദനം ചെയ്തു: 'അല്ലയോ, ദൈവദൂതരേ, ഉത്കണ്ഠ നിറഞ്ഞ ഈ പ്രതിസന്ധി ഘട്ടത്തിൽ അദ്ദേഹം ചെയ്ത കാര്യം എന്താണെന്ന് വിവരിക്കാൻ ഞാൻ അശക്തനാണ്. ഹദ്റത്ത് അനസ്(റ) പിന്നീട് നിവേദനം ചെയ്യുന്നു: 'യുദ്ധത്തിന്ന് ശേഷം ഞങ്ങൾ അദ്ദേഹത്തെ തിരഞ്ഞു. അദ്ദേഹത്തിന്റെ ശരീരത്തിൽ വാളുകൊണ്ടും അമ്പുകൊണ്ടുമേറ്റ എൺപതിലധികം മുറിവുകളുണ്ടായിരുന്നു. ബിംബാരാധകർ അദ്ദേഹത്തിന്റെ കർണ്ണ പുടങ്ങളും നാസികയും അറുത്തുമാറ്റി മുഖം വികൃതമാക്കി. അവർക്ക് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തു. അദ്ദേഹത്തിന്റെ സഹോദരി മാത്രമാണ് അദ്ദേഹത്തിന്റെ വിരലിൽ ഉണ്ടായിരുന്ന ഒരു അടയാളം നോക്കി അദ്ദേഹത്തെ തിരിച്ചറിഞ്ഞത്. ഹദ്റത്ത് അനസ്(റ) വീണ്ടും തുടരുന്നു (ഞങ്ങൾ പരിശുദ്ധ പ്രവാചകന്റെ(സ) അനുചരന്മാർ) വിശ്വസിച്ചത് ഈ വചനം ഇറക്കപ്പെട്ടത് അദ്ദേഹത്തിന്നു വേണ്ടിയും അദ്ദേഹത്തെ പോലെയുള്ള മറ്റുള്ളവർക്ക് വേണ്ടിയുമാണെന്നാണ്.'[46]

## വ്യക്തിപരമായ കരാറുകളുടെ ലംഘനവും ശിക്ഷയും

ഇതുമായി താരതമ്യം ചെയ്തുകൊണ്ട് അല്ലാഹുവുമായുള്ള ഉടമ്പടി ലംഘിച്ച നിർഭാഗ്യവാന്മാരായ ആളുകളെ കുറിച്ചും പറയുന്നു. താഴെ പറയുന്ന വചനങ്ങളിൽ അവരെ കുറിച്ചാണ് പറയുന്നത്:

وَمِنْهُم مَّنْ عَٰهَدَ ٱللَّهَ لَئِنْ ءَاتَىٰنَا مِن فَضْلِهِۦ لَنَصَّدَّقَنَّ وَلَنَكُونَنَّ مِنَ ٱلصَّٰلِحِينَ ﴿٧٥﴾ فَلَمَّآ ءَاتَىٰهُم مِّن فَضْلِهِۦ بَخِلُوا۟ بِهِۦ وَتَوَلَّوا۟ وَّهُم مُّعْرِضُونَ ﴿٧٦﴾ فَأَعْقَبَهُمْ نِفَاقًا فِى قُلُوبِهِمْ إِلَىٰ يَوْمِ يَلْقَوْنَهُۥ بِمَآ أَخْلَفُوا۟ ٱللَّهَ مَا وَعَدُوهُ وَبِمَا كَانُوا۟ يَكْذِبُونَ ﴿٧٧﴾

(അവർ പറഞ്ഞു) അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്ക് നൽകിയാൽ തീർച്ചയായും തങ്ങൾ ദാനം ചെയ്യുമെന്നും തങ്ങൾ സദ്വൃത്തരിൽ ഉൾപ്പെട്ടവരാകുമെന്നും അല്ലാഹുവിനോട് കരാർ ചെയ്ത ചിലരും അവരിലുണ്ട്. അങ്ങനെ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ധനം നൽകിയപ്പോൾ അവർ അത്കൊണ്ട് ലുബ്ധ് കാണിക്കുകയും അവഗണിച്ചു കൊണ്ട് പിന്തിരിയുകയും ചെയ്തു. അല്ലാഹുവിനോട് അവർ ചെയ്ത വാഗ്ദാനം ലംഘിക്കുകയും അവർ കളവ് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന കാരണത്താൽ അവർ അല്ലാഹുവിനെ കണ്ടുമുട്ടുന്ന നാൾവരെയും അവരുടെ ഹൃദയങ്ങളിൽ (നിലനിൽക്കുന്ന) കാപട്യം അവൻ അവർക്ക് പകരമായി കൊടുക്കും. (സൂറ: അത്തൗബ 9: 75 – 77)

ഈ വ്യക്തിപരമായ ഉടമ്പടിയോടനുബന്ധിച്ച് ഒരു നബി വചനത്തിൽ നാം വായിക്കുന്നു. ഒരിക്കൽ വളരെ ദരിദ്രനായ ഒരാൾ പരിശുദ്ധ പ്രവാചക(സ)നോട് പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിച്ചു. കാരണം അദ്ദേഹം തന്റെ ദാരിദ്ര്യം കൊണ്ട് വലഞ്ഞ് പോയിരുന്നു. അദ്ദേഹം വാഗ്ദാനം ചെയ്തു ദൈവം

തന്നോട് ഔദാര്യം കാണിക്കുകയാണെങ്കിൽ താൻ മറ്റുള്ള വർക്കും ഔദാര്യ കാണിക്കുന്നതാണ്. അല്ലാഹു പരിശുദ്ധ പ്രവാചകന്റെ(സ) പ്രാർത്ഥനക്ക് ഉത്തരം നൽകി. അങ്ങനെ ആ മനുഷ്യൻ അനിതരസാധാരണമാം വിധം ധനികനായി. ഒരിക്കൽ പരിശുദ്ധ പ്രവാചകന്റെ(സ) ഒരു ദൂതൻ അദ്ദേഹത്തെ സമീപിച്ചുകൊണ്ട് സക്കാത്തിന്റെ വിഹിതം ചോദിച്ചു. അദ്ദേഹം മുറുമുറുത്തു, ഞങ്ങൾ ഞങ്ങളുടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിൽ പാടുപെടുന്നത് താങ്കൾക്കറിയില്ലേ? പുറമേ നിന്നും ഞങ്ങളെ വീക്ഷിക്കുമ്പോൾ നിങ്ങൾ സക്കാത്ത് യാചിക്കാനായി ഞങ്ങളുടെ അടുത്തേക്ക് വരുന്നു. ഇനി മുതൽ നിങ്ങളിലാരും തന്നെ സക്കാത്ത് ചോദിക്കാൻ എന്റെ അടുത്തേക്ക് വരരുത്. ദൂതൻ ഇക്കര്യം നബി(സ)യെ അറിയിച്ചു. ഇനിമുതൽ ആരും തന്നെ അദ്ദേഹത്തോട് സക്കാത്തിന്റെ വിഹിതം ചോദിക്കരുതെന്ന് പ്രസ്താവിച്ചു. ഇതിനെക്കുറിച്ച് കേട്ടപ്പോൾ ആ മനുഷ്യൻ പശ്ചാത്തപിക്കുകയും പരിശുദ്ധ പ്രവാചകന്റെ(സ) അടുത്ത് വന്ന് മാപ്പിരക്കുകയുമുണ്ടായി എന്റെ സക്കാത്തിന്റെ മുഴുവൻ പങ്കും തരാമെന്ന് അദ്ദേഹം വാഗ്ദാനം നൽകി. പരിശുദ്ധ പ്രവാചകൻ അദ്ദേഹത്തിന്റെ പങ്ക് നിരസിച്ചു. അദ്ദേഹത്തിൽ നിന്നും ഭാവിയിൽ യാതൊന്നും തന്നെ സ്വീകരിക്കേണ്ടതില്ലെന്ന് പറയുകയും ചെയ്തു. പിന്നീട് പരിശുദ്ധ റസൂൽ തിരുമേനി(സ) ദിവംഗതനാകുന്നത് വരെ എല്ലാ വർഷവും നിർഭാഗ്യവാനായ അദ്ദേഹം തന്റെ സക്കാത്തിന്റെ പങ്കാളിത്തം കൊടുക്കാൻ ശ്രമിച്ചെങ്കിലും അവിടുന്ന് അത് നിരാകരിക്കുകയുണ്ടായി. അദ്ദേഹം ഹദ്റത്ത് അബൂബക്കറി(റ)ന്റെയും ഹദ്റത്ത് ഉമറി(റ)ന്റെയും ഖിലാഫത്ത് കാലത്തും ദീർഘകാലം ജീവിച്ചെങ്കിലും സക്കാത്ത് ആരും സ്വീകരിച്ചില്ല. പരിശുദ്ധ പ്രവാചകൻ(സ) നിരസിച്ചത് തങ്ങൾക്ക് സ്വീകരിക്കാൻ പറ്റില്ല എന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ അഭ്യർത്ഥന നിരസിക്കുകയാണുണ്ടായത്. റിപ്പോർട്ട് ചെയ്യപ്പെടുന്നത്, അദ്ദേഹത്തിന്റെ സക്കാത്തിന്റെ പങ്ക് ഒരു താഴ്‌വരയുടെ ഒരറ്റം മുതൽ മറ്റെ അറ്റം വരെ നിറയുമാറ് അദ്ദേഹത്തിന്റെ സക്കാത്തിന്റെ ഉരുക്കൾ നിറഞ്ഞെങ്കിലും അതിന്ന് ശേഷം ആരും അദ്ദേഹത്തിൽ നിന്നും സക്കാത്ത് സ്വീകരിച്ചില്ല എന്നാണ്.[47]

ദൈവത്തെ പോലും വഞ്ചിക്കാൻ ശ്രമിക്കുന്ന ആളുകളെ പറ്റി മറ്റുള്ളവർക്ക് എന്തറിയാനാണ്? അതെ മറ്റുള്ളവർ ചിലപ്പോൾ കപടന്മാരായ ആളുകളുടെ മറച്ചുവെക്കാനുള്ള ശ്രമം ചിലത് ആളുകൾക്ക് മനസ്സിലാക്കാൻ സാധിച്ചെന്നിരിക്കും. എന്തായിരുന്നാലും ദൈവത്തിന്റെ പേരിൽ സാമ്പത്തിക ത്യാഗം ചെയ്യാൻ വലിയ അവകാശവാദങ്ങൾ പുറപ്പെടുവിക്കുന്ന അത്തരം കപടന്മാർക്ക് ജനങ്ങളിൽ നിന്ന് മറച്ചുവെക്കാൻ സാധിച്ചുവെന്ന് വരാം. ഈ മറച്ചുവെക്കൽ അവരുടെ രഹസ്യം ദൈവം വെളിപ്പെടുത്തുന്നത് വരെയായിരിക്കും.

അഹ്മദിയ്യാ സമൂഹത്തിൽ സാമ്പത്തിക ത്യാഗത്തിന്റെ സുശക്തമായ ഒരു സംവിധാനം നിലനിൽക്കുന്നുണ്ട്. ചിലപ്പോൾ ചില ആളുകൾ അവരുടെ കയ്യിലുള്ളതെല്ലാം ദൈവത്തിന്ന് വേണ്ടി ത്യജിച്ചു എന്ന് വീമ്പു പറയാറുണ്ട്. അവർ താരതമ്യേന കുറച്ച് പേരാണ്. പക്ഷേ ഭൂരിപക്ഷം വരുന്നവർ തങ്ങളുടെ പ്രതിജ്ഞകളിൽ ഉറച്ചു നിൽക്കുന്നവരാണ്. അവസാനം ദൈവം അത്തരം കപടന്മാരെ തുറന്നു കാട്ടുമ്പോൾ അവരുടെ കബളിപ്പിക്കലിന്റെ കള്ളി വെളിച്ചത്ത് വരുന്നു. തങ്ങളുടെ വാഗ്ദാനങ്ങൾ പാലിക്കാൻ കഴിയാത്ത ആത്മാർത്ഥരായ ആളുകളുണ്ട്. അവർ വാഗ്ദാനം ചെയ്തതിന്ന് ശേഷം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം കൊണ്ടാണ് അവർക്കത് പാലിക്കാൻ കഴിയാതെ പോയത്. അവരെ കുറിച്ചല്ല പ്രതിപാദിക്കുന്നത്. അവർ തീർച്ചയായും അധിക്ഷേപങ്ങൾക്ക് അതീതരാണ്. ഇവിടെ ചർച്ച ചെയ്യുന്നത് തുടക്കം മുതൽ ബോധപൂർവ്വം മറച്ചു വെക്കുന്നവരെ സംബന്ധിച്ചാണ്. വിശുദ്ധ ഖുർആന്റെ നിരവധി വചനങ്ങൾ ഈ വിഷയം സംബന്ധിച്ച് വെളിച്ചം വീശുന്നുണ്ട്. വാഗ്ദാനങ്ങൾ ലംഘിക്കുന്നവരെ കുറിച്ച് താഴെ കാണുന്ന നബി വചനചനങ്ങളിൽ പരിശുദ്ധ പ്രവാചകൻ(സ) വിവരിക്കുന്നുണ്ട്:

إِذَا عَاهَدَ غَدَرَ

കപട വിശ്വാസികൾ ഒരു വാഗ്ദാനം ചെയ്താൽ അവർ അത് പാലിക്കുകയില്ല. അത് വഞ്ചനയുടെ കുറ്റമാണ്[48]

കാപട്യം എന്നത് ഉദ്ദേശ്യം മറച്ച് വെക്കലാണ്. അതിന്റെ അടയാളങ്ങൾ പുറത്തേക്ക് വന്നാൽ അത് കപട വിശ്വാസികളിലേക്ക് വിരൽ ചൂണ്ടും.

# 21

# അമുസ്‌ലിംകളുമായുള്ള ഉടമ്പടികൾ, സന്ധികൾ, കരാറുകൾ

വിശുദ്ധ ഖുർആന്റെ ഒരു പ്രത്യേകത എന്തെന്നാൽ അലംഘനീയമാണെന്ന് പറയപ്പെട്ട എല്ലാ ഉടമ്പടികളും, അത് ഏത് മതക്കാരും വംശക്കാരും തമ്മിലുള്ളതാകട്ടെ അവയെല്ലാം മനുഷ്യന്ന് പൊതുവായുള്ളതാണ്. ഈ അദ്ധ്യാപനം സർവ്വകാലത്തേക്കും സർവ്വ മനുഷ്യർക്കും ബാധകമായിട്ടുള്ള അദ്ധ്യാപനങ്ങളാണ്. താഴെക്കാണുന്ന വചനം മുസ്‌ലിംകളുടെ കരാറുകളെ കുറിച്ചാണ് പറയുന്നത്. ആ കരാറുകൾ ബിംബാരാധകരോട് ആയാൽ പോലും ഒരേ തരത്തിൽ പാവനമാണ്.

إِلَّا ٱلَّذِينَ عَٰهَدتُّم مِّنَ ٱلْمُشْرِكِينَ ثُمَّ لَمْ يَنقُصُوكُمْ شَيْـًٔا وَلَمْ يُظَٰهِرُوا۟
عَلَيْكُمْ أَحَدًا فَأَتِمُّوٓا۟ إِلَيْهِمْ عَهْدَهُمْ إِلَىٰ مُدَّتِهِمْ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُتَّقِينَ ﴿٤﴾

ബഹുദൈവ വിശ്വാസികളിൽ നിന്ന് നിങ്ങളോട് കരാർ ചെയ്യുകയും എന്നിട്ട് അതിൽ നിങ്ങൾക്ക് ഒരു കുറവും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരെ ഒരാളേയും സഹായിക്കാതിരിക്കുകയും ചെയ്തവരൊഴികെ. അപ്പോൾ അവരുടെ കരാർ അവരുടെ കരാറിന്റെ കാലപരിധിവരെ നിങ്ങൾ തികച്ചും പൂർത്തിയാക്കുക. നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ സ്നേഹിക്കുന്നു. (സൂറ:തൗബ 9:4)

ഇത് കേവല നീതിയുടെ അനുപമ സൗന്ദര്യമുള്ള ഉദാഹരണമാണ്. അല്ലാഹു ഇവിടെ നൽകുന്ന താക്കീത് എന്തെന്നാൽ, നാം അല്ലാഹുവിനോടും അവന്റെ പ്രവാചകന്മാരോടും ചെയ്ത ഉടമ്പടി മാത്രം പാലിച്ചാൽ പോരാ, ബിംബാരാധകരോട് ചെയ്ത ഉടമ്പടി പോലും പാലിക്കാൻ നാം ബാദ്ധ്യസ്ഥരാണ് എന്നാണ്. മാത്രമല്ല ഉടമ്പടി ചെയ്ത മറുകക്ഷി

ബലവാനോ ദുർബലനോ ആവട്ടെ അല്ലെങ്കിൽ സാത്വിക നോ പാപിയോ ആയിക്കൊള്ളട്ടെ അടിസ്ഥാന തത്വം എന്തെന്നാൽ നിങ്ങൾ നിങ്ങളുടെ കരാർ പാലിക്കാൻ ഏത് നിലക്കും ബാദ്ധ്യസ്ഥരാണ് എന്നതാണ്. ഏതൊരാളോടും ചെയ്ത കരാർ പോലെ തന്നെ സുപ്രധാനമാണ് ബിംബാ രാധകരോട് ചെയ്ത കരാറും. എത്രത്തോളമെന്നാൽ അവർ കരാർ ലംഘിക്കാൻ ഉദ്ദേശിക്കുന്നുവെന്ന തരത്തിലുള്ള അടയാളങ്ങൾ നിങ്ങൾക്ക് പ്രകടമായെങ്കിലും അവർ നിങ്ങൾ ക്കെതിരെ പെട്ടെന്ന് ആക്രമണം നടത്താൻ രഹസ്യമായി തയ്യാറെടുക്കുന്നുവെന്ന് വന്നാൽ പോലും നിങ്ങൾക്ക് അവ രെ ആക്രമിക്കാൻ അപ്പോഴും അനുവാദമില്ല. അവർ ആക്ര മിക്കുമ്പോൾ നിങ്ങൾക്ക് സ്വയം പ്രതിരോധിക്കാൻ വേണ്ടി എല്ലാ പ്രതിരോധ സന്നാഹങ്ങളുമൊരുക്കാം. താഴെ കാണുന്ന വചനം അത്തരം സഹചര്യങ്ങളിലേക്ക് വെളിച്ചം വീശുന്നു:

وَإِمَّا تَخَافَنَّ مِن قَوْمٍ خِيَانَةً فَانۢبِذْ إِلَيْهِمْ عَلَىٰ سَوَآءٍ ۚ إِنَّ ٱللَّهَ لَا يُحِبُّ ٱلْخَآئِنِينَ ﴿٥٩﴾

ഏതെങ്കിലും ഒരു ജനതയിൽ നിന്ന് നീ വഞ്ചന ഭയപ്പെടുന്നുവെങ്കിൽ സമനിലയിൽ ആയിത്തീരുമാറ് അവരുടെ കരാർ നീ അവരിലേക്ക് തിരി ച്ചെറിയുക. തീർച്ചയായും വഞ്ചകരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. (സൂറ: അൻഫാൽ 8:59)

പരിശുദ്ധ പ്രവാചകൻ(സ) കാണിച്ച മാതൃക ഇതിനെ ശക്തി പ്പെടുത്തുന്നു. ശത്രുക്കൾ കരാർ ലംഘിക്കുമെന്ന ഭീതിമൂലം അവി ടുത്തെ ഭാഗത്ത് നിന്ന് ഒരിക്കൽ പോലും കരാർ ലംഘന മുണ്ടായിട്ടില്ല. ശത്രു എത്രത്തോളം പ്രായോഗിക തലത്തിൽ കരാർ ലംഘിച്ചിട്ടില്ലയോ അതിനുള്ള പ്രതികരണമായി പരി ശുദ്ധ പ്രവാചക(സ)നും ഒരിക്കലും കരാർ ലംഘിച്ചിട്ടില്ല. എന്തായിരുന്നാലും ആത്യന്തികമായി അത്തരം സന്ദർഭത്തെ അഭിമുഖീകരിക്കാനുള്ള തയ്യാറെടുപ്പുകൾ അവിടുന്ന് നടത്തി യിരുന്നു. അതുകൊണ്ട് ശത്രുവിന് ഒരിക്കലും പെട്ടെന്ന് ഒരാക്രമണം നടത്താൻ കഴിഞ്ഞില്ല.

## അമുസ്‌ലിംകളുമായി രണ്ടു തരത്തിലുള്ള ഉടമ്പടി

അമുസ്‌ലിംകളുമായി രണ്ട് തരത്തിലുള്ള ഉടമ്പടികളെ കുറിച്ച് ഞാൻ ഇപ്പോൾ വിവരിക്കാം. ഒന്ന് നിർബന്ധിത സാഹചര്യത്തിലുള്ളത്. രണ്ടാമത്തെത് മുസ്‌ലിംകൾക്ക് പ്രാബല്യമുള്ളപ്പോൾ ഏർപ്പെടുന്ന കരാറുകൾ. ഒന്നാമത്തേ തരത്തിലുള്ള കരാറിന്ന് ഹുദൈബിയായിൽ വെച്ചുണ്ടാക്കിയ സമാധാന കരാറാണ് ഉദാഹരണം.

ഈ കരാർ നിലവിലുള്ള കാലത്ത്, മുസ്‌ലിംകൾക്ക് ഹജ്ജ് തീർത്ഥാടനം നിർവ്വഹിക്കാനുണ്ടായിരുന്ന അവകാശം ശത്രുക്കൾ നിഷേധിക്കുകയുണ്ടായി. ഈ കരാർ ലംഘനം പരിശുദ്ധ പ്രവാചകന്റെ(സ) ഭാഗത്ത് നിന്നുള്ള ബലഹീനതകൊണ്ടും ശത്രു ബലവാനായിരുന്നതുകൊണ്ടും അത്പോലെ അവിടുത്തെ അനുചരന്മാർക്ക് സുരക്ഷാ ഭീഷണിയുള്ളതുകൊണ്ടുമാണെന്നും പ്രത്യക്ഷ്യത്തിൽ തോന്നിയേക്കാം. എന്തായിരുന്നാലും റസൂൽ തിരുമേനി(സ) ഹജ്ജ് തീർത്ഥാടനത്തിൽ നിന്നും സ്വയം വിട്ടുനിന്നത് ഇതൊന്നുകൊണ്ടുമായിരുന്നില്ല. വിശുദ്ധ ഖുർആനിലെ വ്യക്തമായ ഒരു വചനമാണ് ഹജ്ജ് നിർവ്വഹിക്കുന്നതിൽ നിന്നും അവിടുത്തെ തടഞ്ഞത്. മക്കയിലേക്കുള്ള പാതക്ക് തടസ്സമുണ്ടായിരുന്നെങ്കിൽ അതിലേക്ക് പ്രവേശിക്കാൻ അവിടുന്ന് യുദ്ധം ചെയ്യുമായിരുന്നു. എന്ത് വിലകൊടുത്തും മക്കയിലേക്കുള്ള തീർത്ഥാടനം നടത്താൻ തന്റെ അനുചരന്മാർ തയ്യാറായിരുന്നിട്ടും ഖുർആനിലുള്ള ഒരു വചനമായിരുന്നു പരിശുദ്ധ പ്രവാചകൻ(സ) തന്റെ തീരുമാനത്തിൽ ഉറച്ചു നിൽക്കാനുണ്ടായ ഒരേയൊരു കാരണം.

അവസാനമായി ഹുദൈബിയായിലെ കരാർ എഴുതപ്പെടുകയും ഇരു കക്ഷികളും അതിൽ ഒപ്പുവെക്കുകയും ചെയ്തു. കരാറിന്റെ നിബന്ധനകൾ ചിട്ടപ്പെടുത്തുന്നതിനിടയിൽ നടന്ന ശ്രദ്ധേയമായ ഒരു സംഭവം പരിശുദ്ധ പ്രവാ

ചക(സ)ന്റെ നീതിയുടെ പക്ഷം ചേർന്ന് നിൽക്കുന്നതിനെ വെളിവാക്കുന്നു.

ഉടമ്പടിയുടെ വ്യവസ്ഥകൾ പൂർത്തിയാക്കുന്നത് സംബ ന്ധിച്ച്, അതിലെ ഏതെങ്കിലും ഒരു വ്യവസ്ഥ ലംഘിക്കു ന്നതിൽ പരിശുദ്ധ പ്രവാചകൻ(സ) അത്യധികം ഉത്കണ്ഠാ കുലനായിരുന്നു. ഹുദൈബിയായിൽ ഇരുകക്ഷികൾ തമ്മിൽ സന്ധി സംഭാഷണങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാ യിരുന്നു. മക്കക്കാരുടെ ഭാഗത്ത് നിന്ന് സുഹൈൽ ഇബ്നു അമറും മുസ്ലിം പക്ഷത്ത് നിന്ന് റസൂൽ തിരുമേനി(സ) യുമായിരുന്നു പ്രതിനിധികൾ. വാക്കാലുള്ള നിബന്ധനകൾ പറഞ്ഞുറപ്പിച്ചു. കരാർ മിക്കവാറും ഒപ്പിടാൻ തയ്യാറായിരുന്നു. പെട്ടെന്ന് സുഹൈലിന്റെ പുത്രൻ അബൂ ജൻദൽ എങ്ങ നെയോ ഹുദൈബിയാ മൈതാനത്ത് എത്തി. ചങ്ങലകളിൽ ബന്ധിതനായിരുന്ന അബൂ ജൻദൽ കാലിടറി ഇടക്കിടെ നിലത്ത് വീഴുന്നുണ്ടായിരുന്നു. അദ്ദേഹം ഇസ്ലാം മതം വിശ്വസിച്ചുവെന്ന് വ്യക്തമാണ്. അക്കാരണത്താൽ അദ്ദേഹം സ്വന്തം പിതാവിനാൽ പീഡിപ്പിക്കപ്പെടുകയും ജയിലിൽ അടക്കപ്പെടുകയുമുണ്ടായി. ജിൻദലിന്റെ പിതാവായ അതേ സുഹൈൽ തന്നെയാണ് ബിംബാരാധകരെ പ്രതിനിധീകരി ച്ചത്. തന്റെ പിതാവിന്റെ കരാളഹസ്തങ്ങളിൽ നിന്നും തന്നെ രക്ഷിക്കാൻ ഇസ്ലാം മതം ആശ്ലേഷിച്ച ജിൻദൽ മുസ്ലിം കളോട് ദയനീയമായി അഭ്യർത്ഥിച്ചു. ഇതിനോട് അയാളുടെ പിതാവ് രൂക്ഷമായാണ് പ്രതികരിച്ചത്. 'നിങ്ങൾ അവന് അഭയം നൽകുകയാണെങ്കിൽ സമാധാന കരാറിൽ ഒപ്പു വെക്കില്ല.' പരിശുദ്ധ പ്രവാചകൻ(സ) സുഹൈലിനോട് അദ്ദേഹ ത്തിന് അഭയം അനുവദിക്കണമെന്ന് ആവർത്തിച്ചു അഭ്യർ ത്ഥിച്ചു. പക്ഷേ അയാൾ നിർദാക്ഷിണ്യം അത് നിര സിച്ചു. ആ സന്ദർഭത്തിൽ അബൂ ജൻദലിനോട് മക്കത്തേക്ക് മടങ്ങുവാൻ അവിടുന്ന് കൽപ്പിച്ചു. കാരണം മക്കത്ത് നിന്ന് രക്ഷപ്പെട്ട് വരുന്ന അഭയാർത്ഥികൾക്ക് അഭയം നൽകരുത് എന്ന കരാർ, വാക്കാൽ പറഞ്ഞുവെച്ചു കഴിഞ്ഞിരുന്നു.

പ്രത്യക്ഷത്തിൽ ഈ കരാർ മുസ്‌ലിംകൾക്ക് എതിരായിരുന്നു. എന്നാൽ പരിശുദ്ധ പ്രവാചകൻ(സ) പറഞ്ഞ വഴിയനുസരിച്ച് മുസ്‌ലിംകൾക്ക് അത് ഗുണകരമായി കലാശിച്ചു. മക്കത്ത് നിന്ന് രക്ഷപ്പെട്ടു വരുന്ന എല്ലാ മുസ്‌ലിംകളേയും മക്കത്തേക്ക് തിരിച്ചയക്കാൻ റസൂൽ തിരുമേനി(സ)ക്ക് ബാദ്ധ്യതയില്ലായിരുന്നു. മദീനക്ക് പുറത്ത് എവിടെയെങ്കിലും ഇഷ്ടപ്പെടുന്ന സ്ഥലത്ത് അവർക്ക് താമസിക്കാമായിരുന്നു. ഉടമ്പടിയിലെ ഈ ഭാഗം മക്കക്കാരുടെ കച്ചവടസംഘങ്ങൾക്ക് ഗുരുതരമായ വലിയ ഭീഷണിയായി തീർന്നു. മക്കത്ത് നിന്നും ഇസ്‌ലാം മതം സ്വീകരിച്ചിരുന്നവരും മക്കക്കാരുടെ തടവിൽ നിന്നും രക്ഷപ്പെട്ടവരും ക്രമേണ വളർന്ന് ശക്തരായ ഒരു സംഘമായി തീർന്നു. അവരെല്ലാം മക്കക്കാരുടെ കച്ചവട വീഥിയിൽ എവിടെയെങ്കിലും തങ്ങി താമസം തുടങ്ങി. അവർ മക്കത്തെ കച്ചവട സംഘങ്ങളെ പെട്ടെന്ന് ആക്രമിക്കാനാരംഭിച്ചു. പിടിച്ചെടുത്ത മുതലുകളുമായി അവർ കടന്നു കളയുകയും ചെയ്തു. അവർക്ക് ജീവിക്കാൻ അതായിരുന്നു മാർഗ്ഗം.

ഒരു നിരീക്ഷകന്റെ ബാഹ്യമാത്രമായ നോട്ടത്തിൽ പരിശുദ്ധ പ്രവാചകന്റെ(സ) വാക്കുകളിൽ ഉള്ളടങ്ങിയ വിവേകജ്ഞാനത്തിന്റെ ആഴം അളക്കാൻ സാദ്ധ്യമല്ല. കുറച്ച് കാലം കഴിഞ്ഞപ്പോഴാണ് അവരെയെല്ലാം അതിശയിപ്പിക്കുന്ന പരിശുദ്ധ പ്രവാചക(സ)ന്റെ അതീവ ശ്രദ്ധയാർന്ന ഉടമ്പടി വ്യവസ്ഥയിലെ വാക്കുകളുടെ യാഥാർത്ഥ്യം ബോദ്ധ്യമായത്. മക്കത്തെ ബിംബാരാധകന്മാർ തങ്ങളിൽ നിന്നും രക്ഷപ്പെട്ടു വരുന്നവർക്ക് മദീനയിൽ അഭയം നൽകണമെന്ന് അംഗീകരിച്ചിരുന്നുവെങ്കിൽ അവർ പരിശുദ്ധ പ്രവാചക(സ)ന്റെ കർശനമായ നിയന്ത്രണത്തിലാകുമായിരുന്നു. അവർ ഒരിക്കലും തന്നെ മക്കക്കാരെ ആക്രമിക്കില്ലായിരുന്നു. കാരണം അത് ഉടമ്പടിയുടെ ലംഘനമാകും. എന്നാൽ മദീനക്ക് പുറത്ത് അവർ താമസിക്കുകയാണെങ്കിൽ അവരുടെ സ്വന്തം ഇഷ്ടമനുസരിച്ച് അവർക്ക് ഇച്ഛാനുസരണം പ്രവർത്തിക്കാൻ കഴിയുമായിരുന്നു.

## മദീനാ ഉടമ്പടി

ഉടമ്പടിയിൽ പങ്കെടുക്കുന്ന കക്ഷികൾ അവർ ഏത് മതക്കാരാകട്ടെ മറ്റു പങ്കാളികളെ പോലെ സമാവകാശമുള്ള വരായിരിക്കും എന്നാണ് ഒരു തരത്തിലുള്ള ഉടമ്പടി. മദീനാ ഉടമ്പടി ഈ തരത്തിലുള്ള ഒന്നായിരുന്നു.

ഈ ചർച്ചയിൽ പ്രസക്തമാവുന്ന ഏറ്റവും പ്രധാനപ്പെട്ട മദീനാ കരാറിലെ നിബന്ധനകൾ തുടർന്ന് വരുന്നതാണ്:

1. മക്കത്ത് നിന്നും കുടിയേറ്റക്കാരായി വരുന്ന ഖുറൈശി കളും അവർക്ക് മദീനയിൽ അഭയം നൽകിയ അൻസാറു കളും അവർ മുസ്‌ലിംകൾ അല്ലെങ്കിലും കരാറിൽ അവരോ ടൊപ്പം ഒപ്പുവെച്ചവരാണെങ്കിൽ അവരെയെല്ലാം ഒരു ഉമ്മത്ത് ആയിട്ടായിരിക്കും പരിഗണിക്കുക. ഉടമ്പടി പ്രകാരം മദീനയെ പുറമെ നിന്ന് ആരെങ്കിലും ആക്രമിക്കുകയാണെങ്കിൽ മദീന യിൽ താമസിക്കുന്നവർ എല്ലാവരും ചേർന്ന് മദീനയെ പ്ര തിരോധിക്കണം. ഉടമ്പടിയിലെ ഒന്നാമത്തെ ഭാഗത്തെ അവ ശേഷിക്കുന്ന ഭാഗം വിട്ടുകളഞ്ഞിരിക്കുകയാണ്. കാരണം അത് ചർച്ച ചെയ്തു കൊണ്ടിരിക്കുന്ന വിഷയവുമായി നേരിട്ട് ബന്ധമില്ലാത്തതാണ്.

2. മോചിപ്പിക്കപ്പെട്ട അടിമയുടെ മുസ്‌ലിമായ പൂർവ്വ യജ മാനന്റെ സമ്മതമില്ലാതെ ഒരു മുസ്‌ലിമിന് ആ അടിമയെ പിന്തുണക്കാനോ സുഹൃത്താവാനോ പാടില്ല.

3. ഒരു അക്രമിയായ വിശ്വാസി മറ്റൊരു വിശ്വാസിക്ക് നേരെ ക്രൂരത കാട്ടുകയോ അപമര്യാദയായി സംസാരിക്കുകയോ മറ്റൊരാളെ ആക്രമിക്കുകയോ വിശ്വാസികൾക്കിടയിൽ ഭിന്നത സൃഷ്ടിക്കാൻ ശ്രമിക്കുകയോ ചെയ്താൽ എല്ലാ വിശ്വാസി കളും ഒന്നിച്ച് ആ വിശ്വാസിക്കെതിരെ കൈകോർക്കണം. ഇതിനോട് എല്ലാ വിശ്വാസികളും യോജിക്കണം. അക്രമി ഒരാളുടെ പിതാവാണെങ്കിൽ പോലും അയാൾക്കെതിരെ വിശ്വാസി നിലകൊള്ളണം.

4. ഒരു അവിശ്വാസിക്ക് വേണ്ടി വിശ്വാസി മറ്റൊരു വിശ്വാസിയെ വധിക്കാൻ പാടില്ല. അത് പോലെ ഒരു വിശ്വാസി സഹവിശ്വാസിയായ ഒരാൾക്കെതിരെ ഒരു അവിശ്വാസിയെ സഹായിക്കാനും പാടില്ല.

5. ഈ ഉടമ്പടിയിൽ പങ്കെടുക്കുന്ന എല്ലാവർക്കും ദൈവത്തിന്റെ പാവനത ബാധകമായിരിക്കും. ഏറ്റവും താഴ്ന്ന നിലയിലുള്ളവർക്ക് വരെ ദൈവത്തിന്റെ പാവനതയുടെ പങ്ക് ലഭിക്കും.

6. ഈ ഉടമ്പടിയിൽ പങ്കെടുക്കുന്നവർ അവർ യഹൂദികളായാലും ശരി അവർക്ക് മുസ്‌ലിംകൾക്ക് ഉള്ളത് പോലെയുള്ള തുല്യ അവകാശങ്ങളായിരിക്കും ഉണ്ടാവുക. അവരൊരിക്കലും ആക്രമിക്കപ്പെട്ടുകൂടാ. അവർക്കെതിരെ അവരുടെ ശത്രുക്കളെ സഹായിക്കുകയും അരുത്.

7. എല്ലാ ഓരോ വിശ്വാസിയുടെയും സുരക്ഷ എല്ലാവരുടെയും സുരക്ഷപോലെ പ്രധാനപ്പെട്ടതാണ്.

8. അബദ്ധവശാൽ ഒരു അവിശ്വാസി ഒരു വിശ്വാസിയെ വധിച്ചുവെങ്കിൽ വധിക്കപ്പെട്ടയാളുടെ ബന്ധുക്കൾ മാപ്പുകൊടുക്കുന്നില്ലെങ്കിൽ അയാൾക്ക് ബ്ലഡ് മണി (നഷ്ടപരിഹാരത്തുക) നൽകേണ്ടതാണ്. അയാൾ ബ്ലഡ് മണി കൊടുക്കുകയോ കൊല്ലപ്പെട്ടയാളുടെ ബന്ധുക്കൾ മാപ്പാക്കുകയോ ചെയ്യുന്നില്ലെങ്കിൽ ഉടമ്പടിയിൽ പങ്കാളികളായ എല്ലാവരും അയാളെ അതിന്ന് നിർബന്ധിക്കേണ്ടതാണ്.

9. ഉടമ്പടിയിൽ പങ്കാളികളായവർ തമ്മിൽ എന്തെങ്കിലും വഴക്കുണ്ടായാൽ അവരുടെ വഴക്ക് അല്ലാഹുവിന്ന് മുമ്പിലും പ്രവാചകന്റെ മുമ്പിലും വിധി തീർപ്പിന്നായി സമർപ്പിക്കേണ്ടതാണ്.

10. മക്കത്തെ ബിംബാരാധകർക്കോ അവരുടെ കൂട്ടാളികൾക്കോ അഭയം നൽകാൻ പാടുള്ളതല്ല.

11. ആരെങ്കിലും മദീനയെ ആക്രമിക്കുകയാണെങ്കിൽ ഉടമ്പടിയിൽ പങ്കാളികളായവർ പരസ്പരം സഹായിക്കേണ്ടതാണ്. യുദ്ധ വിരാമം മുന്നോട്ടുവെക്കുകയാണെങ്കിൽ ഉടമ്പടിയിൽ

പെട്ട എല്ലാവരും ഒരൊറ്റ കക്ഷിയായി ആ തീരുമാനത്തിൽ പങ്കെടുക്കണം.

12. ഒരു വിശ്വാസി കരാറിൽ ഏർപ്പെട്ട മറ്റുള്ളവർക്കും അതേ അവകാശം നൽകേണ്ടതാണ്. മതപരമായ വ്യത്യാസത്തിന്റെ പേരിൽ എതിർക്കുന്നില്ലെങ്കിൽ അയാൾക്കും ഒരേരീതിയിലുള്ള അവകാശങ്ങളും അവരുടെ വിഹിതവും നൽകേണ്ടതാണ്.

13. ഈ ഉടമ്പടി അക്രമികളെയും പാപികളെയും പിന്തുണക്കുന്നില്ല.

14. എല്ലാ മദീനക്കാരനും അയാൾ യാത്രയിലാവട്ടെ മദീനയിൽ താമസിക്കുന്നവനാകട്ടെ സുരക്ഷക്ക് ഒരേ പരിഗണനയായിരിക്കണം ഉണ്ടാകേണ്ടത്.

15. ആരാണോ സാത്വികതയോടെ പ്രവർത്തിക്കുന്നത് അല്ലാഹുവും അവന്റെ ദൂതനും അയാളുടെ കൂടെയായിരിക്കും.[49]

ഈ ഉടമ്പടി ഒരു ഗവൺമെന്റിന്റെ നിയമമല്ല എന്നത് വ്യക്തമാണ്. ഈ ഉടമ്പടിയിലെ നിബന്ധനകൾ എല്ലാ സമൂഹങ്ങളുടെയും സാമൂഹികമായ ആവശ്യമാണ്. അതായത് ഈ ഉടമ്പടിയുടെ സ്പിരിട്ട് മുസ്‌ലിംകളെ പോലെ തന്നെ യഹൂദർക്കും ഒരേ അവകാശം പ്രദാനം ചെയ്യുന്നു. ഈ ഉടമ്പടി പ്രകാരം ഇതിൽ പങ്കാളികളായ എല്ലാവരും അവർ മദീനയിൽ താമസിക്കുന്നവരാകട്ടെ മദീന വിട്ട് എവിടെയെങ്കിലും താമസിക്കുന്നവരാകട്ടെ അവർക്ക് സമാധാന പൂർണ്ണമായി ജീവിക്കാനുള്ള അവകാശമുണ്ടായിരിക്കും. ഈ ഉടമ്പടിയിൽ പങ്കാളികളായവർക്ക് മറ്റു കരാർ പങ്കാളികളുടെ കാര്യങ്ങളിൽ ഇടപെടാനുള്ള അവകാശമുണ്ടായിരിക്കില്ല. ഭാവിയിൽ തർക്കത്തിലാവുന്ന എല്ലാ ജനവിഭാഗങ്ങൾക്കും നീതി പൂർവ്വവും അനുരഞ്ജനാത്മകവുമായി പരിഹരിക്കാൻ കഴിയുന്ന ഒരു ധാർമിക പ്രഖ്യാപനമാണ് ഈ ഉടമ്പടി.

ഈ ഉടമ്പടി പ്രകാരം ശക്തരായ ജനവിഭാഗത്തിന്ന് ബലഹീനരായ ജനതയുടെ മേൽ തങ്ങളുടെ ഇച്ഛ അടിച്ചേൽപ്പിക്കാനുള്ള യാതൊരു പ്രത്യേക അവകാശവും നൽ

കുന്നില്ല. അതായത് ഐക്യരാഷ്ട്ര സഭാ പ്രമാണത്തിൽ ഒപ്പുവെച്ച എല്ലാ അംഗരാജ്യങ്ങളും അവരുടെ സംഘടിത ശക്തി മറ്റൊരു രാഷ്ട്രത്തെ ആക്രമിക്കുന്ന അക്രമി രാഷ്ട്രത്തിന്നെതിരെ പ്രയോഗിക്കാവുന്നതാണ്. ഇത്തരം സംഭവങ്ങൾ അരങ്ങേറുമ്പോൾ തർക്കത്തിലിരിക്കുന്ന ഇരു രാജ്യങ്ങൾക്കുമെതിരെ അവരുടെ ശത്രുത അവസാനിപ്പിക്കാനുള്ള ഐക്യരാഷ്ട്രങ്ങളുടെ സംയുക്ത ശക്തി പ്രയോഗിക്കണം. അതിന്ന് ശേഷം അവരുടെ തർക്കം അവർ ഇരുവരും അംഗീകരിക്കുന്ന ഒരു ആധികാരിക നീതി പീഠത്തിനു മുമ്പിൽ കൊണ്ട് വന്ന് പരിഹരിക്കണം.

മാത്രമല്ല മദീനാ പ്രഖ്യാപനം പരിശുദ്ധ പ്രവാചകനാണ്(സ) മുസ്‌ലിംകളും അമുസ്‌ലിംകളും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ വിധികർത്താവായി നേതൃത്വപരമായ അധികാരം നടത്താനുള്ള അവകാശം നൽകിയിരിക്കുന്നത്. ഈ ഉപാധി തന്റെ വിശ്വാസം മറ്റു അവിശ്വാസികളുടെ മേൽ അടിച്ചേൽപ്പിക്കാൻ ഒരിക്കലും അവിടുന്ന് ഉപയോഗിച്ചിട്ടില്ല. അമുസ്‌ലിംകൾക്ക് തിരഞ്ഞെടുക്കാൻ മൂന്ന് ഉപാധികളായിരുന്നു അവിടുന്ന് മുന്നോട്ട് വെച്ചത്. അമുസ്‌ലിംകൾക്ക് ഒരു മത ഗ്രന്ഥം ഉണ്ടായിരുന്നെങ്കിൽ അവർക്ക് ആ ഗ്രന്ഥം അനുസരിച്ച് വിധി പറയാനുള്ള അവകാശം ഉണ്ടായിരിക്കും. അവർക്ക് തങ്ങളുടെ തർക്കം ഇസ്‌ലാമിക നിയമമനുസരിച്ച് വിധി തീർപ്പുണ്ടാകണം എന്നുണ്ടെങ്കിൽ അതും അവർക്ക് തിരഞ്ഞെടുക്കാനുള്ള അവകാശമുണ്ട്. മൂന്നാമത്തേത് അവരുടെ തർക്കങ്ങൾ നിലവിലുള്ള അറബ് കീഴ്‌വഴക്കങ്ങളനുസരിച്ചാണ് വിധി തീർപ്പുണ്ടാക്കണമെന്നുണ്ടെങ്കിൽ അവർക്ക് അതിന്നും അവകാശമുണ്ടായിരിക്കും.

## ഉടമ്പടി പാലനം: പരിശുദ്ധ പ്രവാചകന്റെ വ്യക്തിപരമായ മാതൃക

കരാർ പാലനത്തിന്റെ പ്രതിബദ്ധതക്ക് പരിശുദ്ധ പ്രവാചക(സ)ന്റെ ചില മാതൃകകൾ ഞാൻ നിങ്ങളുടെ മുമ്പാകെ വെക്കാം.

ഒരിക്കൽ ഒരു ജനവിഭാഗത്തിന്റെ ദൂതൻ പ്രവാചകന്റെ അടുത്ത് ഒരു സന്ദേശം എത്തിക്കാനായി വന്നു. പരിശുദ്ധ പ്രവാചക(സ)നെ കണ്ടമാത്രയിൽ അദ്ദേഹം പ്രവാചകനിൽ(സ) ആകൃഷ്ടനായി ഇസ്‌ലാം മതം വിശ്വസിച്ചു. അദ്ദേഹത്തിന്റെ കുടുംബവും കാലികളും സമ്പത്തും എല്ലാം തന്നെ ഉപേക്ഷിച്ച് അവിടുത്തെ പാദാരവിന്ദങ്ങൾ സേവിക്കാൻ തനിക്ക് അവസരം നൽകണമെന്ന് കേണപേക്ഷിച്ചു. അദ്ദേഹത്തിന് പ്രവാചകനെ(സ) പിരിഞ്ഞു പോകാൻ ആകുമായിരുന്നില്ല. കാര്യം അങ്ങനെയാണെങ്കിലും പരിശുദ്ധ പ്രവാചകൻ(സ) ഇപ്രകാരം പ്രതിവചിച്ചു: 'ഉടമ്പടി ലംഘനത്തിന്റെ പേരിൽ കുറ്റവാളിയാകാൻ എനിക്കാവില്ല. ഒരു വിഭാഗത്തിന്റെ പ്രതിനിധി എന്ന നിലക്ക് താങ്കൾ മടങ്ങിപ്പോവേണ്ടതാണ്.' സന്ദേശം കൊണ്ടുവന്ന ദൂതന് തന്റെ യജമാനന്ന് ഒരു ഉത്തരവും കൊണ്ട് മടങ്ങിപ്പോവാതെ അവിടെ താമസിക്കാൻ അനുവാദവുമില്ല. എന്തൊരു മഹിതമായ അദ്ധ്യാപനം!. പ്രവാചകന്റെ(സ) സ്ഥാനത്ത് മറ്റാരെങ്കിലുമാണെങ്കിൽ എങ്ങനെയായിരിക്കും പെരുമാറുക. അദ്ദേഹം ഹൃദയപൂർവ്വം മതം മാറിയവനെ സ്വീകരിക്കുമായിരുന്നു. ഇങ്ങനെ അദ്ദേഹത്തോട് പറയുകയും ചെയ്യുമായിരുന്നു: 'സന്തോഷമുണ്ട്, അത് താങ്കളുടെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമാണ്. താങ്കൾ ഒരു സ്വതന്ത്ര മനുഷ്യനാണ്. ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം താങ്കൾക്കുണ്ട്.' എന്തു തന്നെയായാലും പരിശുദ്ധ പ്രവാചകൻ(സ) അദ്ദേഹത്തോട് തന്റെ ഉത്തരം പറഞ്ഞ ശേഷം അദ്ദേഹത്തോട് തിരിച്ചു വരാനാണ് ആവശ്യപ്പെട്ടത്. അദ്ദേഹം വീട്ടിലേക്ക് തിരിച്ചു പോയി. അദ്ദേഹം ആത്മാർത്ഥതയുള്ള വ്യക്തിയായിരുന്നു. കുറച്ച് സമയം കഴിഞ്ഞ ശേഷം അദ്ദേഹം റസൂൽ തിരുമേനിയു(സ)ടെ അടുത്ത് തിരിച്ചു വന്നു. ഈ സമയത്ത് അദ്ദേഹം ഒരു പ്രതിനിധിയായിരുന്നില്ല. ഒരു കുടിയേറ്റക്കാരൻ മാത്രമായിരുന്നു.[50]

മറ്റൊരു സന്ദർഭത്തിൽ ഹുസൈഫ ബിൻ യമാൻ(റ) എന്ന് പേരുള്ള ഒരു മക്കക്കാരൻ ബദ്ർ യുദ്ധവേളയിൽ പരിശുദ്ധ

പ്രവാചകന(സ)ടുത്തേക്ക് വരികയുണ്ടായി. താൻ മക്കക്കാർക്കെതിരായി യുദ്ധത്തിൽ റസൂൽ തിരുമേനി(സ)യോടൊപ്പം ചേരാനാണ് വന്നിരിക്കുന്നത് എന്ന് പറഞ്ഞു. പക്ഷേ മക്കക്കാർ ഈ വിവരം എങ്ങനെയോ അറിഞ്ഞു. അത് കാരണം മക്കക്കാർക്കെതിരെ യുദ്ധം ചെയ്യില്ല എന്ന ഒരു വാഗ്ദാനം അയാളിൽ നിന്നും മക്കക്കാർ വാങ്ങി. പരിശുദ്ധ പ്രവാചകൻ(സ) അദ്ദേഹത്തെ താക്കീത് ചെയ്ത് കൊണ്ട് പറഞ്ഞു: താങ്കൾ വാഗ്ദാന പാലനത്തിന്റെ ഭാഗമായി യുദ്ധത്തിൽ പങ്കെടുക്കാതെ മടങ്ങുക. ഇതു കൂടി അവിടുന്ന് കൂട്ടിചേർത്തു. ദൈവം അവരെ സഹായിക്കാൻ കഴിവുള്ളവനാണ്.[51]

അല്ലാഹുവിന് സ്തുതി. ധാർമ്മികതയുടെ എന്തൊരു അതുല്യ മാതൃകയായിരുന്നു അവിടുന്ന്. നിർബ്ബന്ധിതാവസ്ഥയിലാണ് കരാർ എഴുതപ്പെട്ടത് എന്നതിനാൽ അത് അദ്ദേഹത്തിന് ബാധകമല്ല എന്ന് ഓർമ്മിപ്പിക്കാനുള്ള അവകാശം പരിശുദ്ധ പ്രവാചകനുണ്ടായിരുന്നു. പക്ഷേ അത്തരമൊരു നിലപാട് സ്വീകരിക്കുന്നത് പരിശുദ്ധ പ്രവാചകന്റെ(സ) അത്യുന്നത നിലവാരത്തിൽ നിന്നും വളരെ താഴെയുള്ളതായിരുന്നു. കഷ്ടം ഇക്കാലത്തെ മുല്ലമാർ എന്ന് വിളിക്കപ്പെടുന്ന കൂട്ടരുടെ സ്വഭാവം പരിശുദ്ധ പ്രവാചക(സ)നിൽ നിന്നും എത്ര വിദൂരമാണ്.

പ്രവാചകനായ മുഹമ്മദ്(സ) അവിടുത്തെ പ്രതിജ്ഞകകൾ മാത്രമല്ല ആദരിക്കാൻ പ്രതിബദ്ധത കാണിച്ചത്, അവിടുത്തെ അനുചരന്മാരുടെ കരാറുകളെയും പാലിക്കാൻ പ്രതിബദ്ധത കാണിച്ചിരുന്നു. തന്റെ പേരിൽ നടപ്പാക്കാൻ അനുചരന്മാരെ അധികാരപ്പെടുത്തിയിട്ടില്ലാത്ത കരാറുകളെ പോലും അവിടുന്ന് അതിനോട് ആദരം പ്രകടിപ്പിച്ച് പാലിക്കാൻ പ്രതിബദ്ധത കാട്ടുകയുണ്ടായി. ഇവിടെ അത് നീതിയുടെ കാര്യം മാത്രമായി നിൽക്കുന്നില്ല. അതിനേക്കാളുപരി ഇഹ്സാന്റെ അത്യുന്നത പദവികൂടി അതാവശ്യപ്പെടുന്നു.

അബൂതാലിബിന്റെ മകളായിരുന്ന ഉമ്മു ഹാനി നിവേദനം ചെയ്ത അതുപോലെയുള്ള ഒരു സംഭവം വിവരിക്കാം. അവർ വിവരിക്കുന്നു: മക്കാ വിജയത്തിന്ന് ശേഷം ഒരിക്കൽ അവർ

അവിടുത്തെ സവിധത്തിലേക്ക് വന്നു. അപ്പോൾ പരിശുദ്ധ പ്രവാചകൻ(സ) പ്രാർത്ഥനയിലായിരുന്നു. അത് അവസാനിക്കുന്നത് വരെ അവർ അവിടെ കാത്തുനിന്നു. അവർ റസൂൽ തിരുമേനി(സ)യോട് പറഞ്ഞു. മറ്റു സഹാബികളോട് ചോദിക്കാതെയും പരിശുദ്ധ പ്രവാചക(സ)നിൽ നിന്ന് മുൻകൂട്ടി അനുവാദം വാങ്ങാതെയും ഹാബിറയുടെ മകന് താൻ സംരക്ഷണം നൽകുകയുണ്ടായി. അവരുടെ മാതാവിൽ ജനിച്ച സ്വന്തം സഹോദരൻ അലി(റ) അയാളെ വധിക്കാൻ തയ്യാറായി വന്നിരിക്കുകയായിരുന്നു. കാരണം ഉമ്മുഹാനി മുൻകൂട്ടി അനുവാദം വാങ്ങാതെ നൽകിയ സംരക്ഷണ വാഗ്ദാനത്തിന്ന് യാതൊരു പ്രാബല്യവുമുണ്ടായിരുന്നില്ല. പരിശുദ്ധ പ്രവാചകൻ(സ) പ്രഖ്യാപിച്ചു: 'ഓ ഉമ്മുഹാനി, ആർക്കാണോ താങ്കൾ സംരക്ഷണം നൽകിയത് ഞാനും അവർക്ക് എന്റെ സംരക്ഷണം നൽകുന്നതാണ്.[52]

യാതൊരർത്ഥത്തിലും പരിശുദ്ധ പ്രവാചകന്(സ) ഉമ്മു ഹാനിയുടെ സംരക്ഷണ വാഗ്ദാനത്തിന്ന് വില കൽപ്പിക്കേണ്ടതില്ലായിരുന്നു. ഒരു നീതി തത്ത്വവും അവിടുത്തോട് ഇത് പാലിക്കാൻ ചുമതലപ്പെടുത്തുന്നില്ല. തീർച്ചയായും അവിടുത്തെ കുടുംബത്തിലെ എളിയ ഒരംഗത്തിന്റെ പ്രതിജ്ഞ പാലിക്കാൻ അവിടുന്ന് മുന്നോട്ട് വന്നത് പരിശുദ്ധ റസൂലി(സ)ന്റെ അനുപമമായ ഔദാര്യമായിരുന്നു.

## മുസ്‌ലിം രാഷ്ട്രീയ നേതാക്കന്മാരുടെ ധാർമിക അപചയം; ഒരു പ്രവചനം

ഒരിക്കൽ അമുസ്‌ലിം പ്രജകളുടെ ബഹുമതി സംരക്ഷിക്കേണ്ടതിനെപറ്റി അവിടുന്ന് മുസ്‌ലിംകളെ താക്കീത് ചെയ്യുകയുണ്ടായി. മുസ്‌ലിംകൾ അമുസ്‌ലിംകളുടെ ബഹുമതി സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടാൽ അല്ലാഹു അമുസ്‌ലിം പ്രജകളുടെ ഹൃദയം കടുപ്പിക്കുകയും അവർ *ജിസിയ* (നികുതി വിഹിതം) നൽകുന്നത് റദ്ദാക്കുകയും ചെയ്യും.[53] *ജിസിയ* എന്നത് അമുസ്‌ലിം പ്രജകൾക്ക് സംരക്ഷണം നൽകുന്നതിന്ന് വേണ്ടി അവരിൽ നിന്ന് ഈടാക്കുന്ന നികുതിയാണ്.

ഒരു മുസ്‌ലിം ഭരണകൂടം ഈ താക്കീതിന് വേണ്ട പ്രാധാന്യം നൽകിയിരുന്നെങ്കിൽ അവർ ഒരിക്കലും ക്ഷയിച്ചു പോകില്ല. ഇതനുസരിച്ച് ആദ്യകാല മുസ്‌ലിം സ്‌റ്റേറ്റുകൾ പിന്നീടുണ്ടായിരുന്നവരേക്കാൾ തികച്ചും വ്യത്യസ്തമായിരുന്നു. ആദ്യകാലങ്ങളിൽ മുസ്‌ലിം ഭരണാധികാരികൾ അവരുടെ പ്രതിജ്ഞകൾ പാലിക്കുകയും അവർ തങ്ങളുടെ പ്രജകളോട് വളരെ കാരുണ്യത്തോടെ പെരുമാറുകയും ചെയ്തിരുന്നു. അവരുടെ പ്രജകളും സ്നേഹ ബഹുമാനങ്ങളോടെയാണ് അവരെ അനുസരിച്ചുകൊണ്ട് പ്രതികരിച്ചിരുന്നത്. മതപരമായ അന്തരം ഒരിക്കലും അവരുടെ പരസ്പര സഹകരണത്തിന് തടസ്സമായി നിന്നിരുന്നില്ല. തങ്ങളുടെ പ്രജകളുടെ കരാറുകൾ പാലിച്ചിരുന്ന ഭരണാധികാരികളെ അവരും സംരക്ഷിച്ചിരുന്നു.

മുസ്‌ലിം ചരിത്രത്തിൽ ആവർത്തിച്ചാവർത്തിച്ച് പറയേണ്ട ഒരു മഹത്തായ സംഭവമുണ്ട്. ഒരിക്കൽ റോമൻ ആധിപത്യത്തിന് കീഴിലുണ്ടായിരുന്ന ഹിംസ് എന്ന പ്രദേശത്ത് നിന്നും മുസ്‌ലിം സൈന്യത്തിന്ന് നിർബന്ധിതാവസ്ഥയിൽ താൽക്കാലികമായി പിൻവാങ്ങേണ്ടിവന്നു. പിൻവാങ്ങിക്കൊണ്ടിരുന്ന മുസ്‌ലിംകൾ അവരുടെ പ്രജകളിൽ നിന്നും വാങ്ങിയ നികുതി(ജിസിയ) തിരിച്ചു കൊടുക്കുകയുണ്ടായി. അവർ തങ്ങളുടെ പ്രജകളോട് പറഞ്ഞത്, തങ്ങൾ ഏതൊരു സംരക്ഷണ കാര്യത്തിന്ന് വേണ്ടിയാണോ നിങ്ങളിൽ നിന്നും നികുതി വാങ്ങിക്കൊണ്ടിരുന്നത് ആ കാര്യത്തിൽ ഞങ്ങൾ പരാജിതരായിരിക്കുന്നു എന്നാണ്. അപ്പോൾ ആ മേഖലയിൽ നിന്നും അവർ പിൻവാങ്ങിക്കൊണ്ടിക്കുകയായിരുന്നു. അത്കൊണ്ട് അവർക്ക് ശത്രുക്കളിൽ നിന്നും ആ ജനങ്ങളെ സംരക്ഷിക്കാൻ സാദ്ധ്യമായിരുന്നില്ല. ഹിംസിലെ★ ജനങ്ങൾ

★ **ഹിംസ് (Hims):** സിറിയിലെ ഡമസ്കസിനും അലെപ്പോവിനും മദ്ധ്യേ സ്ഥിതി ചെയ്യുന്ന സ്ഥലം. എ.ഡി 636ൽ ഖാലിദ് ബിനു വലീദിന്റെ നേതൃത്വത്തിൽ റോമാക്കാരുമായി നടന്ന ഈ യുദ്ധത്തിലൂടെയാണ് റോമാൻ സൈന്യത്തെ പരാജയപ്പെടുത്തി ഇസ്‌ലാം സിറിയയിലെത്തുന്നത്.(വിവ:)

നൽകിയ താഴെക്കാണുന്ന ഈ മറുപടി സുവർണ്ണ ലിപികളിൽ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

'ഞങ്ങൾ ഞങ്ങളുടെ തന്നെ വിശ്വാസക്കാരായ ആളുകളുടെ കൈകളാൽ പീഡനങ്ങൾക്ക് വിധേയമായിരിക്കുന്നു. ആ അവസരത്തിലാണ് നിങ്ങൾ വന്നത്. നിങ്ങളുടെ നീതിയും കൃപയും ഞങ്ങളെ ആസകലം കീഴടക്കുകയായിരുന്നു. ഇപ്പോൾ നിയമിതനായ നിങ്ങളുടെ ഗവർണ്ണർക്ക് കീഴിൽ ശത്രുവിനെതിരെ ഞങ്ങൾ ഒന്നടങ്കം നിങ്ങൾക്ക് വേണ്ടി പോരാടുന്നതാണ്. ഞങ്ങളെ ഒന്നാകെ വധിക്കാതെ ശത്രുവിന്ന് നിങ്ങളെ കൊള്ളെ മുന്നേറാൻ സാദ്ധ്യമല്ല.'

അവർ വാഗ്ദാനം ചെയ്തത് പോലെ തന്നെ സംഭവിക്കുകയുണ്ടായി. റോമൻ ചക്രവർത്തിയായിരുന്ന ഹെരാക്ലിയോസ് പിന്മാറാൻ നിർബന്ധിതനായി. മുസ്‌ലിംകൾ ആ മേഖലയിൽ മഹത്തായ നിലയിൽ വിജയ സമേതം പുനഃപ്രവേശിക്കുകയുണ്ടായി. ഹിംസിലെ മുഴുവൻ ജനതയും ആഘോഷപൂർവ്വം മുസ്‌ലിംകളെ സ്വീകരിച്ചു. നികുതി അടക്കാനുള്ള അവരുടെ തന്നെ കരാർ പുതുക്കാൻ സന്തോഷത്തോടു കൂടി സമ്മതിക്കുകയും ചെയ്തു.[54]

അങ്ങനെ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ ഭരണാധികാരികൾ മറന്നുപോയ നിർഭാഗ്യകരമായ കാലഘട്ടം കടന്നു വന്നു. ഖുർആനിക അദ്ധ്യാപനങ്ങളനുസരിച്ച് കീഴടക്കപ്പെട്ട ജനതകളോട് പെരുമാറേണ്ട വിധം അവർ പ്രവർത്തിക്കാതിരിക്കുകയും ചെയ്തു. ഈ അവസരത്തിൽ അവരുടെ പ്രജകൾ അവരുമായുള്ള ബന്ധം വിച്ഛേദിക്കുകയും അവരെക്കുറിച്ച് വിസ്മൃതരാവുകയും ചെയ്തു. അങ്ങനെ അവരുടെ മുറിഞ്ഞുപോയ കരാറുകൾ അവരുടെ സാമ്രാജ്യങ്ങളെ തകർക്കുകയും അവരുടെ പതനത്തിന്ന് അത് കാരണമാവുകയും ചെയ്തു.

## കരാർ പാലനത്തിന്റെ ചില ഉദാഹരണങ്ങൾ

പരിശുദ്ധ പ്രവാചകൻ(സ) വ്യക്തിപരമായി മറ്റുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ അതീവ ശ്രദ്ധാലു

വായിരുന്നു. നികുതിപ്പണം വാങ്ങുന്ന അവിടുത്തെ പ്രജ കളോടുള്ള സമീപനം എല്ലാ വിമർശനങ്ങൾക്കും അതീത മായിരുന്നു.

ഒരിക്കൽ റസൂൽ തിരുമേനി(സ)യുടെ അടുത്ത അനുയാ യിയും രണ്ടാം ഖലീഫയുമായിരുന്ന ഹദ്റത്ത് ഉമർ(റ) ഒരു യഹൂദന്റെ വധത്തെ കുറിച്ചറിഞ്ഞു. കൊലപാതകത്തിന്റെ യാതൊരു അടയാളവും ബാക്കിയുണ്ടായിരുന്നില്ല. ഈ വിവരം അദ്ദേഹത്തെ ദു:ഖിതനാക്കി. അദ്ദേഹം എല്ലാ മുസ്ലിംക ളെയും മുഖ്യ മസ്ജിദിൽ വിളിച്ച് ചേർത്തു. പ്രസംഗപീഠ ത്തിൽ നിന്ന് ഹൃദയസ്പൃക്കായ ഒരു പ്രഭാഷണം നടത്തി. 'നോക്കൂ, ഞാനെന്ത് ചെയ്യാനാണ്? ദൈവം അവന്റെ ജന തയുടെ ഭരണ ചുമതല എന്നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഒരു ആദം സന്തതി കൊല്ലപ്പെട്ടിരിക്കുന്നതിനാൽ ഞാനെ ങ്ങനെ ദൈവത്തിന്ന് മുമ്പിൽ ഉത്തരം പറയും? ഞാൻ എന്താണ് ചെയ്തതെന്ന് ദൈവം എന്നോട് ചോദിക്കുന്നതാ യിരിക്കും.'

കൊലപാതകത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ വികാര നിർഭരമായ പ്രസംഗം, അവിടെ കൂടിയിരുന്നവരിൽ ഉണ്ടാ യിരുന്ന കൊലയാളി കേട്ട് എഴുന്നേറ്റു അദ്ദേഹത്തെ അഭി മുഖീകരിച്ച് പറഞ്ഞു: 'ഞാനാണ് ഘാതകൻ താങ്കൾ എന്തിനാണ് അത്തരത്തിൽ വേദനപ്പെടുകയും ദുഖിതനാവു കയും ചെയ്യുന്നത്.? അല്ലയോ വിശ്വാസികളുടെ നേതാവേ, എന്നെ ശിക്ഷിക്കുക. അങ്ങ് പോയി സമാധാനത്തോടെ കിടന്നുറങ്ങുക.'[55] തീർച്ചയായും ഘാതകൻ തുടർന്ന് വധി ക്കപ്പെട്ടു. ദൈവം അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നൽകട്ടെ.

*ജിസിയ* നൽകുന്ന തന്റെ പ്രജകളോട് പരിശുദ്ധ പ്രവാ ചക(സ)ന്റെ അദ്ധ്യാപനങ്ങൾ അത്തരത്തിലുള്ളതായിരുന്നു. മേൽ വിവരിച്ചത് പോലെയുള്ള ഉജ്ജ്വലമായ അദ്ധ്യായങ്ങൾ വിരചിതമായത് അവിടുത്തെ ഇത്തരത്തിലുള്ള അദ്ധ്യാപന ങ്ങളുടെ ഫലമായിരുന്നു.

ഒരിക്കൽ ഒരു *ദിമ്മി* (ജിസിയ കൊടുത്തിരുന്ന അമുസ്‌ലിം പ്രജ)യെ കൊലചെയ്ത ഒരു മുസ്‌ലിമിനെ ഹദ്‌റത്ത് അലി(റ) മുമ്പാകെ കൊണ്ടുവരപ്പെട്ടു. എല്ലാ തെളിവുകളും അയാൾക്കെതിരായിരിക്കെ ഹദ്‌റത്ത് അലി(റ) അയാളെ വധിക്കാൻ ഉത്തരവിട്ടു.

ഘാതകന് മാപ്പ് കൊടുക്കുകയാണെങ്കിൽ ഘാതകന്റെ സഹോദരൻ കൊല്ലപ്പെട്ട ആളുടെ സഹോദരന് ബ്ലഡ് മണി (നഷ്ടപരിഹാരത്തുക) നൽകാമെന്ന് വാഗ്ദാനം ചെയ്തു. ഈ വിഷയം അവസാന തീരുമാനത്തിന്നായി ഹദ്‌റത്ത് അലി(റ) യുടെ മുമ്പാകെ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഹദ്‌റത്ത് അലി(റ) കൊല്ലപ്പെട്ടയാളുടെ സഹോദരനെ നേരിട്ട് ചോദ്യം ചെയ്യാതെ ആ വാഗ്ദാനം അംഗീകരിക്കില്ല എന്ന് പറഞ്ഞു. ചോദ്യം ചെയ്യുന്നതിന്ന് മുമ്പായി അയാളോട് തന്റെ അവകാശങ്ങളെ പറ്റി അറിയിച്ചു. എന്നിട്ട് അയാളെ ചോദ്യം ചെയ്യാനായി ആനയിച്ചു. അയാൾക്ക് മേൽ മുസ്‌ലിംകളുടെ ഭാഗത്ത് നിന്ന് എന്തെങ്കിലും വിധത്തിലുള്ള സ്വാധീനമുണ്ടായിട്ടുണ്ടോ എന്ന് അദ്ദേഹം കണിശമായി പരിശോധിച്ചു. അതിന്നുള്ള പ്രതികരണമായിക്കൊണ്ട്, താൻ യാതൊരു വിധ സമ്മർദ്ദങ്ങൾക്കും വിധേയനായിട്ടില്ല എന്ന് അദ്ദേഹം അറിയിച്ചു. ആ തീരുമാനം പൂർണ്ണമായും അദ്ദേഹത്തിന്റേതായിരുന്നു. ഘാതകനായ കുറ്റവാളിയെ വധിച്ചാൽ കൊല്ലപ്പെട്ട അദ്ദേഹത്തിന്റെ സഹോദരൻ മടങ്ങിവരില്ല. എന്നാൽ അദ്ദേഹം ബ്ലഡ് മണി സ്വീകരിച്ചാൽ അത് നഷ്ടം സംഭവിച്ച ഇരയുടെ കുടുംബത്തിന്ന് ആശ്വാസകരമായിത്തീരുകയും ചെയ്യും. അതിന് ശേഷം ഹദ്‌റത്ത് അലി(റ) കൊലപാതകിക്ക് മാപ്പ് അനുവദിച്ചു. ഇതിലടങ്ങിയ മാർഗ്ഗദർശനം വിവരിച്ചുകൊണ്ട് ഹദ്‌റത്ത് അലി(റ) പറഞ്ഞു: 'ഈ അന്വേഷണത്തിലൂടെ കടന്ന് പോകാൻ കാരണം ഇസ്‌ലാമിക നീതി തത്ത്വമനുസരിച്ച് പൗരന്റെ രക്തം ഭരണാധികാരിയുടെ രക്തത്തിന്ന് സമമാണെന്നാണ്.'[56]

## പ്രസാധകക്കുറിപ്പ്

ഇതോടെ മുഖ്യ പ്രഭാഷണം കഴിഞ്ഞു. തുടർന്ന്, പങ്കെടുത്ത വർക്ക് ആചാരപരമായി സുരക്ഷിത യാത്ര ആശംസിക്കുകയും അവരുടെ ഉത്തരവാദിത്തം ഓർമ്മിപ്പിക്കുകയും ചെയ്തു. പ്രഭാഷകൻ നേതൃത്വം നൽകിയ മൗന പ്രാർത്ഥനയോടെ യോഗം അവസാനിച്ചതായി പ്രഖ്യാപിക്കപ്പെട്ടു. മറ്റു വിശദാംശങ്ങൾ ഗ്രന്ഥ കാരന്റെ അനുവാദത്തോടെ വിട്ടുകളയുന്നു.

## References Part III


43. al-Munjid & Mufridat-i-Raghib.
44. Sunan Ibni Majah, Kitabur Ruhuni, Babu Talqihin-Nakhli.
45. Sahih Bukhari, Kitabu Ahadithil Ambiya'i, Babun [Imam Bukhari gives no caption after 'Babun', But the Hadith follows Babun Hadithul Ghari, in some editions].
46. Sahih Bukhari, Kitabul Jihadi Was Siyar, Babu Qaulillahi 'Azza wa Jalla Minal Mu'minina Rijalun Sadaqu ma 'Ahadullaha 'Alaihi…
47. Tafsir Durri Manthur under verse 75 of Surah (Chapter) Taubah Vol.3, pp.467-468.
48. Sahih Bukhari, Kitabul Iman, Babu 'Alamatil Munafiqi.
49. Sirat Ibni Hisham, Hijratur-Rasul, under the header 'Kitabuhu Bainal Muhajirina Wal Ansari Wa Mawad'atu Yahudin'.
50. Sunan Abu Dawud, Kitabul Jihadi, Babu Fil Imami Yustajannu bihi Fil 'Uhudi.
51. Sahih Muslim, Kitabul Jihad, Babul Wafai' Bil 'Ahdi.
52. Sahih Bukhari, Kitabul Jizyati, Babu Amanin Nisa'i wa Jiwarihinna.
53. Sahih Bukhari, Kitabul Jizyati, Babu Ithmi man 'Ahada Thumma Ghadara.
54. Futuhul Buldan li Imam Ahmad Bin Yahya bin Jabir Albaghdadi, pp.143-144.
55. Usudul Ghabah li Imam Ibni Hajar, Under Dhikri Bakar Bin Shaddakh Vol. 1, p.204.
56. Nasbur Ra'yati li Ahadithil Hidayah, Vol.4, p.337.

# നാലാം ഭാഗം

**ബ്രിട്ടനിലെ സർറെയിലെ ടിൽഫോർഡിലുള്ള**
**ഇസ്ലാമാബാദിൽ 1988 ജൂലൈ 24 ന് ചേർന്ന**
**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ**
**വാർഷിക യോഗത്തിൽ നടത്തിയ പ്രഭാഷണം.**

# അദ്ധ്യായങ്ങൾ - ഭാഗം നാല്

22. സംസാരത്തിലെ നീതി.

23. ആദം സന്തതികളിലെ സമത്വ സ്ഥാപനം
അടിസ്ഥാന ആദർശതത്ത്വങ്ങൾ

24. ഒരു പുതിയ തരം സാക്ഷ്യം

إِنَّ اللَّهَ يَأْمُرُ بِالْعَدْلِ وَالْإِحْسَانِ وَإِيتَاءِ ذِي الْقُرْبَىٰ

തീർച്ചയായും നീതി പുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്ന പോലെ (അന്യർക്കും) സഹായം നല്കുന്നതിനും അല്ലാഹു കൽപ്പിക്കുന്നു. (സൂറ: അന്നഹ്ൽ 16: 91)

ഈ വിഷയത്തിൽ മുമ്പ് നടത്തിയ വിശദീകരണങ്ങൾ കൂടാതെ ചില കാര്യങ്ങൾ കൂടി വിവരിക്കേണ്ടതുണ്ട്. വിശുദ്ധ ഖുർആൻ നമുക്ക് നല്കിയ എല്ലാ അദ്ധ്യാപനങ്ങളും റസൂൽ തിരുമേനി(സ) യുടെ സ്വഭാവത്തിൽ രൂഢമൂലമാണ്. അല്ലാഹുവിന്റെ ശാന്തിയും സമാധാനവും അവിടത്തിൽ വർഷിക്കുമാറാകട്ടെ.

# 22

# സംസാരത്തിലെ നീതി

സംസാരത്തിലെ നീതിയുടെ വിവിധ വശങ്ങളെപറ്റി ഇതിന് മുമ്പ് ചർച്ചചെയ്തു കഴിഞ്ഞു. അവ ആവർത്തിക്കാതെ നാം മറ്റു ചിലതിലേക്ക് വെളിച്ചം വീശുകയാണ്. മനുഷ്യനെ വിവിധങ്ങളായി തരം തിരിച്ചതിന്ന് ശേഷം ഈ വീക്ഷണ കോണിൽ നിന്ന് കൊണ്ട് ഞാൻ ചില ഖുർആൻ വചനങ്ങളും തദനുസൃതമായ നബി വചനങ്ങളും തിരഞ്ഞെടുത്തിട്ടുണ്ട്. സംസാരത്തിലുള്ള നീതി എന്ന മൂലത്തിൽ നിന്നാണ് ഈ വിഷയം മുളപൊട്ടുകയും വളരുകയും ശാഖകളായി പടരുകയും ചെയ്യുന്നത്.

ദൈവം പ്രഖ്യാപിക്കുന്നു:

وَإِذَا قُلْتُمْ فَاعْدِلُوا وَلَوْ كَانَ ذَا قُرْبَىٰ ۖ وَبِعَهْدِ اللَّهِ أَوْفُوا ۚ ذَٰلِكُمْ وَصَّاكُم بِهِ لَعَلَّكُمْ تَذَكَّرُونَ ﴿١٥٢﴾

നിങ്ങൾ സംസാരിക്കുമ്പോൾ (അതുമായി ബന്ധപ്പെട്ടയാൾ) നിങ്ങളുടെ അടുത്ത ബന്ധുവായാൽ പോലും-നീതിപൂർവ്വം സംസാരിക്കുകയും അല്ലാഹുവിന്റെ കരാർ നിങ്ങൾ പൂർത്തിയാക്കുകയും ചെയ്യുക. അല്ലാഹു ഇതിനെ സംബന്ധിച്ച് നിങ്ങളോട് താക്കീതായി അനുശാസിക്കുന്നു. നിങ്ങൾ ഉപദേശം സ്മരിക്കുന്നതിന്ന് വേണ്ടി. *(അൻ ആം 6: 153)*

ഇത് സംബന്ധിച്ച് ശ്രദ്ധിക്കേണ്ട പ്രത്യേക കാര്യം 'സംസാരത്തിലുള്ള നീതി' എന്ന ഭാഷാശൈലി വിവിധ ജനങ്ങൾ വിവിധ രീതിയിലാണ് മനസ്സിലാക്കേണ്ടത്. എന്നാൽ വിശുദ്ധ ഖുർആൻ ഈ ശൈലിക്ക് സാദ്ധ്യമായ എല്ലാ അർത്ഥങ്ങളിലേക്കും വെളിച്ചം വീശുന്നു.

## സംസാരത്തിലെ നീതിയുടെ ഒരു പ്രത്യേക വശം

ജനങ്ങളിൽ ചിലർ നെടുനീളൻ ഘീർവാണങ്ങൾ അവതരിപ്പിച്ചുകൊണ്ട് തങ്ങളുടെ സംസാരം മനോഹരമാക്കുന്നത് നമുക്ക് കാണാം. അവരുടെ സംസാരം വിമർശനാത്മകമായി ശ്രദ്ധിക്കുകയാണെങ്കിൽ അവർ പറയുന്നത് വ്യാജമാണെന്ന് കാണാം. ഇക്കാലത്ത് മിക്ക മത, രാഷ്ട്രീയ, സാമൂഹിക നേതാക്കന്മാരും അവകാശപ്പെടുന്നത് അവരുടെ സംസാരം എപ്പോഴും നീതിയെ അടിസ്ഥാനമാക്കിയുള്ളതാണെന്നാണ്. അങ്ങനെ മുഴുലോകവും സംസാരത്തിലെ നീതികൊണ്ട് നിറഞ്ഞിരിക്കുകയാണ്. മുതലാളിത്തത്തിന്റെയും അതുപോലെ കമ്മ്യൂണിസത്തിന്റെയും വക്താക്കൾ അതിന്റെ പുരസ്ക്കർത്താക്കളാണെന്നാണ് അവകാശപ്പെടുന്നത്. ലോകത്തിലെ എല്ലാ നേതാക്കളും അവർ കിഴക്കുള്ളവരാകട്ടെ പടിഞ്ഞാറുള്ളവരാകട്ടെ, കമ്മ്യൂണിസ്റ്റുകളാവട്ടെ മുതലാളിത്തത്തിന്റെ വാക്താക്കളാകട്ടെ, നീതിയെ സംബന്ധിച്ച് മാത്രമാണ് ഉച്ചത്തിൽ സംസാരിച്ചുകൊണ്ടിരിക്കുന്നത്. അതായത് നീതി കൂടാതെ സമാധാനം സ്ഥാപിക്കാൻ സാധ്യമല്ല എന്നാണ്. മിക്കവാറും ഇതെല്ലാം അധരവ്യായാമങ്ങൾ മാത്രമാണ്. നീതി നിർവ്വഹിക്കപ്പെടുന്ന ഘട്ടമെത്തിയാൽ അവർ പരാജിതരായിരിക്കും. അത്തരം ആളുകളെ എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കും. അവർ ഈ ഐഹിക ജീവിതത്തെ കുറിച്ച് മാത്രമേ സംസാരിക്കൂ. വരാനിരിക്കുന്ന പരലോക ജീവിതത്തെ കുറിച്ച് അവർ മറക്കുകയും ചെയ്യുന്നു.

ഖുർആനിക അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ, ഒരാൾ തന്റെ മേലുള്ള ദൈവത്തിന്റെ അവകാശത്തെ കുറിച്ച് സ്വയം മറന്നുപോയാൽ അല്ലാഹുവിന്റെ സൃഷ്ടികൾക്ക് തന്റെ മേലുള്ള അവകാശവും മറക്കും.

ഈ ഒരു പശ്ചാത്തലത്തിൽ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ ഉദ്ധരിക്കാം:

'ധാർമികത എന്നത് രണ്ട് വിധത്തിലുണ്ട്. ഒന്നാമത്തേത് ആധുനിക കാലത്തെ അഭ്യസ്ഥവിദ്യരായ ആളുകൾ അനുധാവനം ചെയ്യുന്ന ധാർമികതയാണ്. അവർ മറ്റൊരാളെ കണ്ടുമുട്ടുകയാണെങ്കിൽ വളരെ മൃദുവായിട്ടാണ് സംസാരിക്കുക. അവരുടെ ഒരേയൊരു ലക്ഷ്യം അയാളെ സന്തോഷിപ്പിക്കുക എന്നത് മാത്രമാണ്. അവരുടെ ഹൃദയം ചിലപ്പോൾ കാപട്യവും വിദ്വേഷവും നിറഞ്ഞതായിരിക്കും. ഈ ധാർമിക സമീപനം ഖുർആൻ പറഞ്ഞ ധാർമിക സമീപനവുമായി തികച്ചും വൈരുദ്ധ്യമുള്ളതാണ്. രണ്ടാമത്തെ ധാർമിക സ്വഭാവം എന്നത് കാപട്യവും വ്യാജസ്തുതിയും കൂടാതെ ഒരാളുടെ ഹൃദയത്തിൽ ഉണ്ടാകുന്ന അനുതാപമാണ്. ഉന്നതനായ അല്ലാഹു ഇപ്രകാരം താക്കീത് ചെയ്യുന്നു:

اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَالْاِحْسَانِ وَاِيْتَآئِ ذِى الْقُرْبٰى [57]

വാഗ്ദത്ത മസീഹ്(അ)നെ ഉദ്ധരിച്ചു പറഞ്ഞ ഇക്കാര്യം തന്നെയാണ് എന്റെ അഭിസംബോധനയുടെ തലക്കെട്ടായി ക്കൊടുത്തിട്ടുള്ളത്. അത് ഒരാളുടെ സംസാരത്തെ മൂന്ന് തരത്തിൽ തരം തിരിക്കുന്നു. ആദ്യത്തേത് സംസാരത്തിൽ നീതി പാലിക്കുക എന്നതാണ്. രണ്ടാമത്തേത് സംസാരത്തിൽ നീതിയേക്കാൾ അധികമായതും യഥാർത്ഥമായ കാരുണ്യം ഉളവാക്കേണ്ടതുമാണ്. മൂന്നാമത്തെത് നീതിയേക്കാളും കാരുണ്യത്തേക്കാളും വർദ്ധിച്ച നിലയിൽ മറ്റുള്ളവരോട് സംസാരിക്കുന്നതാണ്. അതായത് തന്റെ പ്രിയപ്പെട്ട കുഞ്ഞിനോട് മാതാവ് സംസാരിക്കുന്നത് പോലെ.

ആദ്യത്തെ ഘട്ടം നീതിയുടേതാണ്. വിശുദ്ധ ഖുർആനെ സംബന്ധിച്ചിടത്തോളം നീതിമാനെന്ന് അവകാശപ്പെടുന്ന ഒരാളെ പരിശോധക്ക് വിധേയനാക്കുകയാണെങ്കിൽ അയാൾ മറ്റൊരു വ്യക്തിയുടെയോ തന്റെ ഏറ്റവും അടുത്ത ഒരാളുടെയോ നേരെ കാണിച്ച നീതിയുടെ തെളിവുകൾ ആവശ്യമായി വരും. ഇതാണ് തുടർന്നുള്ള വചനങ്ങളിൽ പറയുന്നത്:

وَاِذَا قُلْتُمْ فَاعْدِلُوْا وَلَوْ كَانَ ذَا قُرْبٰى ۚ

നിങ്ങൾ സംസാരിക്കുമ്പോൾ (അതുമായി ബന്ധപ്പെട്ട ആളോ ആളുകളോ) നിങ്ങളുടെ അടുത്ത ബന്ധുആയാൽ പോലും നീതി പൂർവ്വം സംസാരിക്കുക. (സൂറ: അൽ-അനാം 6: 153)

*ദാ ഖുർബാ* എന്ന ശൈലി സാധാരണയായി മനസ്സിലാക്കപ്പെടുന്നത് കേവലം ഒരു സ്നേഹിതനേക്കാൾ ഏറ്റവും അടുത്ത ബന്ധുക്കളെ സംബന്ധിച്ചുള്ളതായാണ്. എന്നാൽ ഈ ശൈലി അതിനേക്കാൾ വിശാലമായി പ്രയോഗിക്കാവുന്നതാണ്. അത് ഒരാളുടെ പ്രതിജ്ഞാബദ്ധമായ ഗോത്രത്തിലേക്കും പാർട്ടിയിലേക്കും പ്രയോഗിക്കുന്ന വിധം വിശാലമാക്കാവുന്നതാണ്. ഈ പ്രസ്താവനയുടെ വിശാലമായ അർത്ഥം ആധുനിക കാലത്തെ കക്ഷിരാഷ്ട്രീയത്തിലും പ്രയോഗിക്കാം. കക്ഷിരാഷ്ട്രീയത്തിൽ ഒരു പാർട്ടിയിലെ അംഗം ആ പാർട്ടിയോട് കൂറുള്ളവനായിരിക്കുമെന്ന് പ്രതിജ്ഞയെടുത്തവനായിരിക്കണം. അപ്രകാരം ആഗോള രാഷ്ട്രീയ രംഗത്ത് സംഭവിക്കുന്നതും ഇത് തന്നെയാണ്. സൗഹൃദ രാഷ്ട്രങ്ങൾ തമ്മിൽ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നു. അവർ തങ്ങളുടെ ഗ്രൂപ്പിന്റെ പൊതുതാൽപര്യത്തിന്ന് വേണ്ടി മാത്രമാണ് നിലകൊള്ളുന്നത്. ശരിയോ തെറ്റോ എന്ന കാര്യം അപ്രസക്തമാണ്. സ്വാഭാവികമായും ഈ കൂട്ടുകെട്ടിന്നിടയിൽ നീതി ആവിയായിപ്പോകുന്നു. അവശേഷിക്കുന്നത് തികഞ്ഞ പക്ഷപാതിത്വം മാത്രം. ഈ കൂട്ടുകെട്ടുകൾ രൂപീകരിക്കപ്പെടുമ്പോൾ അവരുടെ നീതിസങ്കൽപ്പങ്ങൾ ആപേക്ഷികം മാത്രമാണ്.

ഉദാഹരണത്തിന്ന് രാഷ്ട്രീയ മുന്നണിയുടെ ഒരു നേതാവ് നീതിയെപ്പറ്റി ഉറക്കെ സംസാരിക്കുമ്പോൾ അയാൾ അപ്പോഴും തന്റെ മുന്നണിയിലെ ഒന്നോ അതിലധികമോ അക്രമികളായ കക്ഷികളെ പിന്തുണക്കുന്നയാളായിരിക്കും. അക്രമത്തിന്റെ പേരിൽ തന്റെ സഖ്യകക്ഷികൾ മറ്റുള്ളവരുടെ പ്രതിഷേധം നേരിടുന്നവരുമായിരിക്കും. അപ്രകാരം ആഗോളതലത്തിൽ നോക്കുകയാണെങ്കിൽ ഒരു സംഘം ശത്രുരാജ്യങ്ങൾ മറ്റൊരു രാജ്യത്തെ ആക്രമിക്കുകയാണെന്ന് വെക്കുക. അക്രമിക്കപ്പെടുന്ന രാജ്യം എതിർ ഗ്രൂപ്പിൽപെട്ട രാജ്യമല്ലെങ്കിൽ കൂടി പ്ര

സ്തുത രാജ്യങ്ങൾ ശത്രുരാജ്യത്തിന്റെ ആക്രമണത്തെ ഒന്നിച്ചു നിന്നുകൊണ്ട് ശക്തമായ രീതിയിൽ ഉറക്കെ അപലപിക്കും. ഇത് കമ്മ്യൂണിസ്റ്റ് സഖ്യകക്ഷികൾക്കും മുതലാളിത്ത സഖ്യകക്ഷികൾക്കും ഒരു പോലെ ബാധകമാണ്. മേൽ കാണിച്ച വീക്ഷണമനുസരിച്ച് വിശുദ്ധ ഖുർആൻ ഒരിക്കലും കേവല നീതിയെ പിന്തുണക്കുക മാത്രമല്ല ചെയ്യുന്നത്, അത്തരം അവകാശവാദം പുറപ്പെടുവിക്കുന്നവരുടെ ആത്മാർത്ഥത പരിശോധിക്കാനുള്ള മാർഗ്ഗം കൂടി ശുപാർശ ചെയ്യുന്നു. നീതിയെ കുറിച്ച് സംസാരിക്കുന്ന അത്തരം ആളുകൾ താൽക്കാലിക ബന്ധത്തിന്റെ പേരിൽ നീതിയെ കുറിച്ച് സംസാരിക്കുന്നത് ഖുർആനിക പരിശോധനയുടെ അടിസ്ഥാനത്തിൽ ചിലപ്പോൾ തെറ്റാണെന്ന് കാണാം.

## കേവല നീതി:
## ഇസ്‌ലാമിലെ പരിശുദ്ധ പ്രവാചക(സ)ന്റെ മാതൃക

പരിശുദ്ധ പ്രവാചകൻ(സ) നീതി അതിന്റെ കേവലാർത്ഥത്തിൽ നിർവ്വഹിച്ച നിരവധി ഉദാഹരണങ്ങൾ ഈ പ്രഭാഷണ പരമ്പരയിൽ പറഞ്ഞിട്ടുണ്ട്. മുസ്‌ലിമിന്നെതിരെ ഒരു യഹൂദനും ഒരു ബിംബാരാധകന്ന് പോലും അനുകൂലമായി റസൂൽ തിരുമേനി(സ) വിധി പറയുകയുണ്ടായി. സാമ്പത്തികമായ തർക്കങ്ങളിൽ അവിടുത്തെ വ്യക്തിപരമായ സമീപനം, നീതി വിധിക്കുക മാത്രമായിരുന്നില്ല. ഒരു പടികൂടി മുന്നോട്ട് വന്ന് പരാതിക്കാരനോട് കാരുണ്യത്തോടെ പെരുമാറുകയും കിട്ടേണ്ടതിനേക്കാൾ കൂടുതൽ തുക നല്കുകയുമുണ്ടായി. ഇതേ പ്രകാരം അനുവർത്തിക്കാൻ അവിടുന്ന് തന്റെ അനുയായികളോട് ഉപദേശിക്കുകയും ചെയ്തു. റസൂൽ തിരുമേനി(സ)യുടെ ഇത്തരത്തിലുള്ള പെരുമാറ്റം സാമ്പത്തിക തർക്കങ്ങളിൽ മാത്രമല്ല പ്രാവർത്തികമാക്കിയിരുന്നത്. അവിടുത്തെ പൊതുവേയുള്ള സ്വഭാവരീതി തന്നെ അപ്രകാരമായിരുന്നു. കടം വാങ്ങിയാൽ അത് മടക്കിക്കൊടുക്കുമ്പോൾ അവിടുന്ന് കൂടുതൽ കൊടുക്കുകയും അങ്ങനെ ചെയ്യാൻ സമൂഹത്തിലുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. അവി

ടുത്തെ സാമ്പത്തിക ഇടപാടുകൾ അത്ഭുതകരമായിരുന്നു. ഒരാളുടെ ബന്ധുക്കളോടുള്ള പെരുമാറ്റത്തേക്കാൾ ഉപരിയായി കാരുണ്യത്തിന്റെ എല്ലാ സീമകളും കവിഞ്ഞൊഴുകുന്നതായിരുന്നു അവിടുത്തെ പെരുമാറ്റം.

ആയതിനാൽ നിസ്സംശയം പരിശുദ്ധ പ്രവാചകൻ(സ) കേവല നീതിയുടെ ആൾരൂപം മാത്രമായിരുന്നില്ല അവിടുത്തെ പെരുമാറ്റം കാരുണ്യത്തിന്റെ മഹിതമായ അനേകം ഗുണങ്ങൾ പ്രകടമാക്കുന്നതായിരുന്നു. തന്റെ സേവകന്മാരോട് പോലും ബന്ധുക്കളോടെന്ന പോലെ പെരുമാറിയിരുന്ന ആളുമായിരുന്നു.

## സംസാരത്തിലെ നീതി:
## ഒന്നാമത്തെ സവിശേഷത

സംസാരത്തിലെ നീതിയെപ്പറ്റി പരിഗണിക്കുമ്പോൾ വിശ്വാസികളോട് ഖുർആൻ ആവശ്യപ്പെടുന്നത് സത്യം വെളിപ്പെടുത്തിയാൽ മാത്രം പോര അത് ഏറ്റവും ഋജുവായ മാർഗ്ഗത്തിലായിരിക്കണം പ്രകടിപ്പിക്കേണ്ടത് എന്നാണ്. താഴെ കാണുന്ന വചനങ്ങളിൽ ഇപ്രകാരം ഇത് സംബന്ധിച്ച് താക്കീത് ചെയ്തിരിക്കുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَقُولُوا۟ قَوْلًا سَدِيدًا ﴿٧١﴾

വിശ്വസിച്ചവരേ അല്ലാഹുവിനെ ഭയപ്പെടുക. ചൊവ്വായ വാക്ക് പറയുക. (അൽ അഹ്സാബ് 33:71)

ഖൗലി സദീദ് എന്നതിനർത്ഥം സത്യത്തിന്റെ ദിശയിലേക്കല്ലാതെ മറ്റൊരു ദിശയിലേക്കും വ്യതിചലിക്കാത്ത സംസാരം എന്നാണ്. വാക്കുകൾ യാതൊരു വളച്ചുകെട്ടുമില്ലാതെ നേരെ ചൊവ്വേ ആയിരിക്കണം. ചിലപ്പോൾ ഒരു സംസാരം സത്യസന്ധമായിരിക്കും, പക്ഷേ അതിൽ കേൾവിക്കാരനെ വഴി തെറ്റിക്കുന്ന വളവുകളും തിരിവുകളും ഉണ്ടാവും. പരിശുദ്ധ പ്രവാചക(സ)ന് അല്ലാഹു നല്കിയ അദ്ധ്യാപനം വ്യക്മായി താക്കീത് ചെയ്യുന്നത് സത്യം പറഞ്ഞാൽ മാത്രം പോരെന്നാണ്. കേൾവിക്കാരന് ദുർവ്യാഖ്യാനം ചെയ്യാൻ യാതൊരു വിധ പഴുതുമില്ലാത്ത വിധം നിർവ്യാജമായി സത്യം പറയണം.

നേരെ ചൊവ്വേയുള്ള സത്യവുമായി ബന്ധപ്പെടുത്തി വിശുദ്ധ ഖുർആൻ മറ്റൊരു അപകടത്തെപ്പറ്റി താക്കീത് ചെയ്യുന്നുണ്ട്. ചിലപ്പോൾ ആളുകൾ അവർ തികച്ചും സത്യസന്ധരാണെന്ന് സ്വയം തന്നെ കരുതി സത്യം തീക്ഷ്ണമായ രീതിയിലും മറ്റുള്ളവരെ അപമാനിക്കുന്ന രീതിയിലും പ്രകടിപ്പിക്കാറുണ്ട്. എന്തായാലും നേരെ ചൊവ്വേ സത്യം പറയുക എന്നതിനർത്ഥം വന്യമായ രീതിയിൽ അരോചകമായി സത്യം പറയുക എന്നല്ല.

വിശുദ്ധ ഖുർആൻ നേരെ ചൊവ്വേ സത്യം പറയുക എന്ന് പരാമർശിക്കുമ്പോൾ ഒരാളുടെ മുഖത്തേക്ക് എന്തെങ്കിലും വലിച്ചെറിയുക എന്നല്ല അർത്ഥമാക്കുന്നത്. വിശുദ്ധ ഖുർആൻ നേരെ ചൊവ്വായ വാക്ക് പറയുന്നതും അപമാനിക്കുന്ന രീതിയിൽ സംസാരിക്കുന്നതും സംബന്ധിച്ചുമുള്ള വ്യത്യാസം വ്യക്തമായി വിവരിക്കുന്നു. **താഹാ** എന്ന ഖുർആൻ അദ്ധ്യായത്തിൽ അത് പറയുന്നുണ്ട്. അല്ലാഹു മൂസാ നബി(അ)യെയും ഹാറൂൻ നബി(അ)യെയും ഫിർഔന്റെ അടുത്തേക്ക് പോകാൻ ഉപദേശിക്കുന്ന സന്ദർഭത്തിൽ അവരെ ശക്തമായി താക്കീത് ചെയ്യുന്ന കാര്യം, സംസാരത്തിൽ മാന്യത പുലർത്തണമെന്നാണ്. അതായത് സന്ദേശം വളരെ പരുഷതയാർന്നതാണ്. അവരിരുവരും ഫിർഔനോട് പറയേണ്ട കാര്യം, ഫിർഔൻ അല്ലാഹുവിന്ന് എതിരെ അതിക്രമം കാണിക്കുകയും നിഷേധിക്കുകയും ചെയ്തിരിക്കുന്നു എന്നാണ്. എങ്കിലും ഈ സന്ദേശം കഴിയുന്നതും വളരെ സൗമ്യമായ രീതിയിൽ അവർക്ക് നൽകേണ്ടതുണ്ട്. ഈ ഉപദേശം താഴെ കാണുന്ന ഖുർആൻ വചനങ്ങളിൽ ഉള്ളടങ്ങിയിട്ടുണ്ട്.

اِذْهَبَآ اِلٰى فِرْعَوْنَ اِنَّهٗ طَغٰى ﴿٤٣﴾ فَقُوْلَا لَهٗ قَوْلًا لَّيِّنًا لَّعَلَّهٗ يَتَذَكَّرُ اَوْ يَخْشٰى ﴿٤٤﴾

നിങ്ങൾ രണ്ടുപേരും ഫിർഔന്റെ അടുക്കലേക്ക് പോകുക. എന്തെന്നാൽ അവൻ അതിക്രമിയായിരിക്കുകയാണ്. എന്നിട്ട് നിങ്ങൾ രണ്ടുപേരും അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ

ചിന്തിക്കുകയോ അല്ലെങ്കിൽ ഭയപ്പെടുകയോ ചെയ്തേക്കാം. (സൂറ: താഹാ 20: 44-45)

## സംസാരത്തിലെ നീതി: രണ്ടാമത്തെ സവിശേഷത

അതിന് ശേഷം സംസാരത്തിലെ നീതിക്ക് സൗന്ദര്യത്തിന്റെ ഒരു പുതിയ മാനം കൂടി കൂട്ടിച്ചേർക്കുന്നു. സംസാരത്തിലെ നീതി നല്ലത് തന്നെ, പക്ഷേ അത് നീതിയേക്കാൾ കൂടുതൽ നല്ലതായിരിക്കണം. കൂടുതൽ ചാരുതയുള്ളതുമായിരിക്കണം. ഇതാണ് ഹാമീം സജദ യിൽ പ്രതിപാദിക്കുന്നത്. ഖുർആൻ താക്കീത് ചെയ്യുന്നു:

وَمَنْ أَحْسَنُ قَوْلًا مِّمَّن دَعَا إِلَى اللَّهِ وَعَمِلَ صَالِحًا وَقَالَ إِنَّنِي مِنَ الْمُسْلِمِينَ ﴿٣٣﴾

അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ഞാൻ അനുസരണയുള്ളവരിൽ പെട്ടവൻ തന്നെയെന്ന് പറയുകയും ചെയ്തവനേക്കാൾ നല്ല വാക്ക് പറയുന്നവനാരുണ്ട്.? (ഹാ മീം സജ്ദ 41: 34)

ഈ വചനത്തിൽ രണ്ട് കാര്യങ്ങളാണ് പ്രത്യേകം ഉന്നയിക്കുന്നത്. ഒന്നാമതായി അല്ലാഹുവിലേക്ക് (ഏറ്റവും സുന്ദരമായി) ക്ഷണിക്കുക, രണ്ടാമതായി അല്ലാഹുവിലേക്ക് വിളിക്കുന്നതിനേക്കാൾ നല്ല വാക്ക് (ഏറ്റവും സുന്ദരമായി) പറയാൻ ആർക്കാണ് കഴിയുക. ആരിലേക്കാണോ വിളിക്കപ്പെടുന്നത് ആ അല്ലാഹുവിനേക്കാൾ നല്ലവനാകാൻ ആർക്കും സാദ്ധ്യമല്ല. അവനിലേക്ക് വിളിക്കുന്ന ആളുകൾ എപ്പോഴും സത്യസന്ധരായിരിക്കും. നന്നായി സംസാരിക്കുന്നവരും ആയിരിക്കും. പക്ഷേ ഒരു ഉപാധി, ക്ഷണിക്കുന്നയാൾ അതിനനുസൃതമായി പ്രവർത്തിക്കണം എന്നതാണ്. അല്ലാത്ത പക്ഷം സംസാരം മനോഹരമാണെന്ന ഗണത്തിൽപ്പെടുകയില്ല. ഇവിടെ അത്തരത്തിൽ അല്ലാഹുവിലേക്ക് വിളിക്കുന്ന നൂറായിരക്കണക്കിന് ആളുകളുണ്ടാകാം. അല്ലാ, ലോകത്ത് ലക്ഷക്കണക്കിന്ന് അത്തരം ആളുകളുണ്ടാകാം. എന്നാൽ ഈ നിർ

വ്വചന പ്രകാരം അവരുടെ ക്ഷണവും മനോഹരമാണെന്ന് വിവരിക്കപ്പെടേണ്ടതുണ്ട്. രണ്ടെണ്ണവും തമ്മിൽ വേർതിരിച്ചറിയാൻ ഇസ്‌ലാം പ്രത്യേകമായി നമ്മെ പഠിപ്പിക്കുന്നതെന്താണ്? അല്ലാഹുവിലേക്ക് ക്ഷണിക്കുന്നയാളുടെ സ്വഭാവത്തിന്ന് ഖുർആൻ ചില ഊന്നലുകൾ നല്കുന്നുണ്ട്. അതാണ് പ്രത്യേകമായുള്ള സവിശേഷതകൾ.

ഒരാളുടെ വ്യക്തിപരമായ പെരുമാറ്റം സാത്താനിക സ്വഭാവം പ്രകടമാക്കുമ്പോൾ അയാൾ മറ്റുള്ളവരെ അല്ലാഹുവിലേക്ക് വിളിക്കാൻ യോഗ്യനാകുന്നില്ല. അതുകൊണ്ട് തന്നെയാണ് പറയുന്ന കാര്യം സന്തുലനാത്മകമായിരിക്കണമെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നത്.

## സംസാരത്തിലെ നീതി: മൂന്നാമത്തെ സവിശേഷത

വിശുദ്ധ ഖുർആൻ 33:71-ാം സൂക്തത്തിൽ നേരെ ചൊവ്വേ സത്യസന്ധതയെ കുറിച്ച് പറഞ്ഞ ശേഷം അടുത്ത വചനത്തിൽ അതിൽ നിന്നും ലഭിക്കുന്ന അനിതര സാധാരണമായ അനുഗ്രഹങ്ങളെ സംബന്ധിച്ചാണ് പറയുന്നത്:

يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَمَن يُطِعِ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا ﴿٧٢﴾

അവൻ നിങ്ങളുടെ പ്രവർത്തനങ്ങൾ നിങ്ങൾക്ക് നന്നാക്കിത്തരികയും നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹുവിനേയും അവന്റെ ദൂതനെയും ആരാണോ അനുസരിക്കുന്നത് അവൻ തീർച്ചയായും മഹത്തായ വിജയം പ്രാപിക്കുന്നതാണ്. (അൽ അഹ്സാബ് 33:72)

നിങ്ങളുടെ സ്വഭാവം നന്നാക്കിത്തീർക്കണമെങ്കിൽ അപ്രകാരം നിങ്ങളുടെ സമൂഹത്തെ തിരുത്തണമെങ്കിൽ സത്യസന്ധത വളരെ അനിവാര്യമാണെന്ന കാര്യം ഈ വചനത്തിൽ ഉള്ളടങ്ങിയിരിക്കുന്നു. ഋജു മാർഗ്ഗത്തിലുള്ള സത്യസന്ധത പാലിച്ചാൽ അത് നിങ്ങളുടെ സ്വഭാവത്തെ നന്നാക്കുവാൻ തുടങ്ങുന്നു എന്ന് മാത്രമല്ല നിങ്ങളുടെ മുൻ തെറ്റുകൾ മാപ്പ്

നല്കപ്പെടുകയും ചെയ്യുന്നു. അത്തരം ആളുകളുടെ സമുന്നത നേട്ടങ്ങൾ ഈ വചനത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ആരാണോ ഇസ്‌ലാമിന്റെ പരിശുദ്ധ പ്രവാചകന്റെ വചനവും മാതൃകയും പിൻപറ്റുന്നത് അയാൾ തീർച്ചയായും ഉന്നതമായ നേട്ടങ്ങൾ കൈവരിക്കും.

## വീട്ടുകാര്യങ്ങളിൽ സംസാരിക്കുമ്പോഴുള്ള നീതി

ഞാൻ ഇപ്പോൾ വിവരിക്കുന്നത് ഇസ്‌ലാമിന്റെ പരിശുദ്ധ സ്ഥാപകൻ(സ) തന്റെ വീട്ടുകാരെ ഉപദേശിക്കുന്ന കാര്യത്തിൽ സംസാരത്തിൽ പാലിച്ച നീതിയെ കുറിച്ചാണ്.

റസൂൽ തിരുമേനി(സ)യുടെ ആദ്യ ഭാര്യയായിരുന്ന ഹദ്റത്ത് ഖദീജ(റ)ക്ക് ശേഷം അവിടുത്തെ ഭാര്യമാരിൽ വെച്ച് റസൂൽ തിരുമേനി(സ) ഏറ്റവും കൂടുതൽ സ്നേഹിച്ചത് ഹദ്റത്ത് ആയിശ(റ)യേയാണ്. ഒരിക്കൽ ആയിശ(റ)യുടെ സംസാരത്തിൽ അവിടുത്തെ അത്യുദാത്തമായ നീതി സങ്കൽപ്പത്തിന്ന് നിരക്കാത്ത ഒരു കാര്യം ശ്രദ്ധയിൽപ്പെടുകയുണ്ടായി. അപ്പോൾ തന്നെ അവിടുന്ന് അവരെ ശാസിക്കുകയും ചെയ്തു. അതിമനോഹരമായ രീതിയിലാണ് ആയിശാ(റ)യെ അവിടുന്ന് ശാസിച്ചത്. ഹദ്റത്ത് ആയിശ(റ) തന്നെ അത് വിവരിക്കുന്നുണ്ട്: 'ഒരിക്കൽ ഞാൻ പരിശുദ്ധ പ്രവാചകന്റെ(സ) ഭാര്യ സഫിയ(റ)യെ പറ്റി, ശരീരപ്രകൃതിയിൽ പൊക്കം കുറഞ്ഞവളായിട്ടും അവരെ വളരെ പ്രിയപ്പെട്ടവളായി അവിടുന്ന് കാണുന്നതിൽ പരിഭവം പറഞ്ഞു. അവർ ഇത് പറയുമ്പോൾ സഫിയയുടെ പൊക്കക്കുറവിനെ പരിഹസിക്കാൻ തന്റെ ചെറുവിരൽ ഉയർത്തുകയുണ്ടായി. അവർ ഇപ്രകാരം പറയുന്നത് കേട്ടപ്പോൾ പരിശുദ്ധ പ്രവാചകൻ(സ) അവരെ ശാസിച്ചുകൊണ്ട് പറഞ്ഞു: 'ആയിശാ താങ്കൾ ചെറിയ ഒരു വസ്തുവിനെ കുറിച്ച് പറയുന്നു. പക്ഷേ നിങ്ങൾ അത് ഒരു സമുദ്രം നിറയെയുള്ള ജലത്തിൽ ലയിപ്പിച്ചാൽ അതിന്റെ രുചിയും സ്വഭാവവും മാറും, അത് കൂടുതൽ അരോചകമായി തീരുകയാണ് ചെയ്യുക!' നോക്കൂ, സ്വാഭാവികമായ അസൂയയോടെ ഹദ്റത്ത് ആയിശ(റ) അവി

ടുത്തെ മറ്റൊരു ഭാര്യയെ പരിഹസിച്ചപ്പോൾ അവിടുന്ന് അത് അവഗണിച്ചില്ല. ഉചിതസമ്പൂർണ്ണമായ ഒരു നിഷേധ പ്രതികരണമാണ് അവിടുന്ന് നടത്തിയത്. നമുക്ക് ഊഹിക്കാൻ പോലും പറ്റാത്ത സമുന്നതമായ ഒരു നിഷേധം![58]

പരിശുദ്ധ പ്രവാചകൻ(സ) എങ്ങനെയാണ് സംസാരത്തിൽ നീതി പാലിക്കേണ്ടതെന്നും നമ്മുടെ ഭാഷണം എങ്ങനെ കൂടുതൽ അഴകുറ്റതാക്കാമെന്നും നമുക്ക് പഠിപ്പിച്ചു തന്നു. ഈ അടിസ്ഥാനപരമായ പ്രമാണങ്ങൾ അവലംബിക്കാതെ ലോകം ഈ ക്രമരാഹിത്യത്തിൽ നിന്നും ശുദ്ധീകരിക്കപ്പെടുകയില്ല. മനുഷ്യഹൃദയത്തിൽ ഗുപ്തമായി നിൽക്കുന്ന ഈ ആതുരാവസ്ഥക്ക് ശമനം വരാതെ മുഴുലോകത്തും തുടർന്നുണ്ടാകുന്ന ക്രമഭംഗങ്ങൾ തിരുത്താനും സാദ്ധ്യമല്ല.

ഇപ്പോൾ നമുക്ക് സംസാരത്തിലെ നീതി എന്നതിന്റെ വിവിധങ്ങളായ അർത്ഥധ്വനികൾ പൂർണ്ണമായും മനസ്സിലായിക്കാണും. നമുക്ക് പ്രകൃതിയിൽ സാർവ്വത്രികമായി കാണുന്ന നീതിയുടെ മറ്റൊരു വശത്തേക്ക് തിരിയാം.

## 23

# ആദം സന്തതികളിലെ സമത്വ സ്ഥാപനം അടിസ്ഥാന ആദർശതത്ത്വങ്ങൾ

ഈ തത്ത്വം താഴെക്കാണുന്ന വചനങ്ങളിൽ പ്രതിപാദി ച്ചിരിക്കുന്നു.

يَآأَيُّهَا النَّاسُ إِنَّا خَلَقْنَٰكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَٰكُمْ شُعُوبًا وَقَبَآئِلَ
لِتَعَارَفُوٓا۟ ۚ إِنَّ أَكْرَمَكُمْ عِندَ اللَّهِ أَتْقَىٰكُمْ ۚ إِنَّ اللَّهَ عَلِيمٌ خَبِيرٌ ﴿١٣﴾

ഓ മനുഷ്യ സമുദായമേ, തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ വർഗ്ഗങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം, തിരിച്ചറിയാൻ വേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ചേറ്റവും ഭയ ഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാണ്. (അൽ ഖാഫ്, 49:14)

ഇന്നത്തെ ലോകത്ത് നിലനിൽക്കുന്ന എല്ലാ ക്രമരാഹിത്യവും ലോക സമാധാനത്തിന്നെതിരെ സഹജമായ അപകടങ്ങളും പൊട്ടിപ്പുറപ്പെടുന്നത് ദേശീയവും വംശീയവുമായ അധീശ ബോധത്തിൽ നിന്നാണ്. എന്താണ് 'വംശീയ വാദം' അല്ലെങ്കിൽ 'വംശീയത' എന്ന് വ്യവഹരിക്കപ്പെടുന്ന പദത്തിനർത്ഥം. ഒരിക്കൽ നാസീ ജർമ്മനിയിൽ നിലനിന്നത് പോലെയുള്ള വംശീയത ഇന്നും നിലനിൽക്കുന്നു എന്ന് പറഞ്ഞു ലോകത്തിലെ എല്ലാ ജനവിഭാഗങ്ങളും വംശീയതയെ ഉച്ചത്തിൽ അപലപിക്കാറുണ്ട്. ഈ വംശീയത വെളുത്തതാണ് എന്നത് പോലെ കറുത്ത വംശീയതയുമുണ്ട്. സമയാസമയങ്ങളിൽ വെളുത്ത വർഗ്ഗക്കാർക്കെതിരെ വെറുപ്പിന്റെ ലാവ കറുത്ത വർഗ്ഗക്കാരിൽ നിന്നും അണപൊട്ടുന്നു. വംശീയതയുടെ മറ്റൊരു നാമമാണ് അതിനുള്ളത്. അതിന്റെ

നിറം കറുപ്പാണ്. അഹോ കഷ്ടം! ലോകം ഇത് വരെ ഈ പിശാചിന്റെ കരാള ഹസ്തങ്ങളിൽ നിന്നും മോചിതമായിട്ടില്ല. അത്യന്തം വിഷമയമായതും എളുപ്പത്തിൽ പിഴുതു മാറ്റാൻ കഴി യാത്തതുമായ ഒരു കളയാണ് വംശീയത. സത്യസന്ധരായ എല്ലാ ആളുകൾക്കും അത് കാണാനും തിരിച്ചറിയാനും സാധിക്കും. കിഴക്കും പടിഞ്ഞാറുമായി എവിടെയും കാണ പ്പെടുന്ന ഈ മാരകമായ കളയുടെ വേരുകളെ പറ്റി അവർക്ക് നന്നായി അറിയാം. വംശീയതക്കെതിരെ മഹത്തായ പ്രഭാഷ ണങ്ങളും ഉച്ചത്തിലുള്ള അപലപനങ്ങളും തുടരുന്നതിനിട യിലും വംശീയതയുടെ ശിരസ്സ് ഏത് മണ്ണിൽ നിന്നും ഉയിർ ത്തെഴുന്നേൽക്കാം. അത്യധികം വിഷമയവും കഠിനതരവു മായ ഈ വംശീയതയുടെ കള മതപരവും സാമൂഹികവും രാഷ്ട്രീയവും തത്ത്വശാസ്ത്രപരവുമായ സകല ഭൂമിയിലും നിഗൂഢമായി പടർന്നു കയറുകയും പുഷ്പ്പിക്കുകയും ചെയ്യും.

അമേരിക്കയും റഷ്യയും ചൈനയും തമ്മിലുള്ള ബന്ധം വളരെ ആഴത്തിൽ നിരീക്ഷിക്കുന്നവർക്ക് നന്നായറിയാം, പാശ്ചാത്യശക്തികളും റഷ്യൻ ബ്ലോക്കും ഒരു തെരഞ്ഞെ ടുപ്പിന്നുള്ള അവസരം വന്നാൽ അവർ കമ്മ്യൂണിസത്തിന് മുകളിൽ വെള്ള വംശീയതയുടെ മേധാവിത്വം ഇഷ്ടപ്പെ ടുന്നവരാണ് എന്ന്, പ്രത്യേകിച്ച് കമ്മ്യൂണിസം ചൈനീസ് മേധാവിത്വവുമായി ബന്ധമുള്ളതാകുമ്പോൾ പാശ്ചാത്യരും റഷ്യയും വെള്ള അധീശത്വത്തിന്ന് അനുകൂലമായി കൈ കോർക്കുന്നതാണ്. എന്ത് വിലകൊടുത്തും ലോകത്തിന്ന് മീതെ ചൈനയുടെ മഞ്ഞ മേധാവിത്വം അവർ വെച്ച് പൊറുപ്പിക്കില്ല.

വിശുദ്ധ ഖുർആൻ പ്രകാരം എല്ലാ തരത്തിലുള്ള വംശീയ തയും ലോകത്ത് നിന്ന് വിപാടനം ചെയ്യപ്പെടണം. ഇത് കൂടാ തെ ലോക സമാധാനം ഒരിക്കലും സാദ്ധ്യമാകില്ല. നാം ചർച്ച ചെയ്യുന്ന വിശുദ്ധ ഖുർആന്റെ (49:14) വചനമനുസരിച്ച് വർ ണ്ണവും വംശവും വ്യത്യസ്തമായിരിക്കുന്നത് എളുപ്പത്തിൽ തിരിച്ചറിവിന് വേണ്ടി മാത്രമാണ്. മറ്റൊരുവിധത്തിൽ എല്ലാ മനുഷ്യരും ഒരേ ആദമും ഹവ്വയുമായി ബന്ധപ്പെട്ടവരാണ്. മറ്റു യാതൊരുവിധ വ്യത്യാസവും അത് സൃഷ്ടിക്കുന്നില്ല. വിശുദ്ധ

ഖുർആൻ പ്രകാരം ശ്രേഷ്ഠത എന്നത് മുഴുവൻ തന്നെ മനുഷ്യന് ദൈവത്തോടുള്ള ഭയഭക്തിയുമായി ബന്ധപ്പെട്ടതാണ്. ദൈവത്തോടുള്ള ഭയം കാരണം ഒരു മനുഷ്യൻ സ്വയം തന്നെ താൻ മറ്റുള്ളവരേ പോലെ സമനാണെന്ന് കരുതുന്നു. അല്ലെങ്കിൽ മറ്റുള്ളവരേക്കാൾ താഴ്ന്നവനാണെന്ന് കരുതുന്നു. ഈയൊരു ഗുണമാണ് ഒരു മനുഷ്യന്ന് ഉയരാനുള്ള ഗുണമായി അല്ലാഹുവിന്റെ ദൃഷ്ടിയിൽ കാരണമായിത്തീരുന്നത്.

ഈ നിഗമനങ്ങൾ മേൽ പറഞ്ഞ ഖുർആൻ വചനങ്ങളിൽ നിന്നും നിരൂപിച്ചെടുക്കാവുന്നതാണ്.

## വംശീയമായ സമത്വം: പരിശുദ്ധ പ്രവാചക(സ)ന്റെ മഹത്തായ ഒരു പ്രഖ്യാപനം

പരിശുദ്ധ പ്രവാചകൻ(സ) അവിടുത്തെ അവസാനത്തെ ഹജ്ജ് വേളയിൽ നടന്ന വിടവാങ്ങൽ പ്രസംഗത്തിൽ മാനവസമതയെ കുറിച്ച് പറഞ്ഞ കാര്യം താഴെ പറയുന്ന മനോഹരമായ വചനങ്ങളിൽ വിവരിക്കുകയുണ്ടായി:

يَا اَيُّهَا النَّاسُ اَلَآ اِنَّ رَبَّكُمْ وَاحِدٌ وَّاِنَّ اَبَاكُمْ وَاحِدٌ اَلَآ لَا فَضْلَ لِعَرَبِيٍّ عَلٰى
عَجَمِيٍّ وَّلَا لِعَجَمِيٍّ عَلٰى عَرَبِيٍّ وَّلَا لِاَحْمَرَ عَلٰى اَسْوَدَ وَلَا لِاَسْوَدَ عَلٰى اَحْمَرَ اِلَّا
بِالتَّقْوٰى۔ اَبَلَّغْتُ قَالُوْا قَدْ بَلَّغَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ

അല്ലയോ മനുഷ്യ സമൂഹമേ, നിങ്ങളുടെ ദൈവം ഏകനാണ്. നിങ്ങളുടെ പിതാവ് എകനായിരിക്കുന്നത് പോലെ. ശ്രദ്ധാപൂർവ്വം ശ്രവിച്ചുകൊള്ളുക. അതായത് അറബികൾക്ക് അനറബികളെക്കാൾ യാതൊരു മേന്മയുമില്ല. അനറബിക്ക് അറബികളുടെ മേലും യാതൊരു മേന്മയുമില്ല. അപ്രകാരം വെളുത്തവനും ചുകന്നവനും വംശപരമായി കറുത്ത വംശത്തേക്കാൾ യാതൊരു മേന്മയുമില്ല. കറുത്തവന്ന് വെളുത്തവന്റെ മേലും ഇല്ല. അതെ, ഒരുവന്റെ വ്യക്തിപരമായ സൽക്കർമ്മങ്ങളിലാണ് അവന്റെ ഉയർച്ച. അല്ലയോ ജനങ്ങളേ, എന്നോട് പറയൂ. ഞാൻ എന്റെ നാഥന്റെ സന്ദേശം

നിങ്ങൾക്കെല്ലാം എത്തിച്ചു തന്നിട്ടില്ലയോ? ഈ സന്ദർഭത്തിൽ മുഴുവൻ ജനാവലിയും ഒരേ സ്വരത്തിൽ പറയുകയുണ്ടായി, അതെ അല്ലാഹുവിന്റെ ദൂതൻ ഞങ്ങൾക്കെല്ലാവർക്കും അല്ലാഹുവിന്റെ സന്ദേശം എത്തിച്ചു തന്നു.[59]

## വംശീയ രോഗത്തിന്റെ മൂല കാരണം

വിവിധ ജനവിഭാഗങ്ങളുടെ വ്യത്യസ്തതയുടെ മൂലകാരണം വംശീയതയാണ്. വാസ്തവത്തിൽ അത് ഓരോ ഗൃഹത്തിലും തഴച്ചു വളരുന്നു. അല്ലാഹുവിന്റെ വചനമായ ഖുർആൻ എല്ലാ തിന്മകളുടെയും ഈ മൂലകാരണത്തിലേക്ക് വിരൽ ചൂണ്ടുകയും ഈ വിഷയത്തിൽ മതിയായ വെളിച്ചം പകരുകയും ചെയ്യുന്നു. മനുഷ്യവംശത്തെ സഹായിക്കാൻ എല്ലാ രൂപത്തിലുമുള്ള വംശീയതയിൽ നിന്നും വിട്ടുനിൽക്കേണ്ടതുണ്ട്. താഴെ കാണുന്ന ഖുർആൻ വചനം പ്രഖ്യാപിക്കുന്നു:

يَآيُّهَا الَّذِيْنَ اٰمَنُوْا لَا يَسْخَرْ قَوْمٌ مِّنْ قَوْمٍ عَسٰى اَنْ يَّكُوْنُوْا خَيْرًا مِّنْهُمْ
وَلَا نِسَآءٌ مِّنْ نِّسَآءٍ عَسٰى اَنْ يَّكُنَّ خَيْرًا مِّنْهُنَّ ۚ وَلَا تَلْمِزُوْٓا اَنْفُسَكُمْ وَلَا
تَنَابَزُوْا بِالْاَلْقَابِ ۗ بِئْسَ الِاسْمُ الْفُسُوْقُ بَعْدَ الْاِيْمَانِ ۚ وَمَنْ لَّمْ يَتُبْ
فَاُولٰٓئِكَ هُمُ الظّٰلِمُوْنَ ﴿١٢﴾

വിശ്വസിച്ചവരേ, ഒരു ജനം (മറ്റൊരു) ജനത്തെ പരിഹസിക്കരുത്. ഒരുപക്ഷേ അവർ ഇവരേക്കാൾ ഉത്തമരായെന്നു വരാം. സ്ത്രീകൾ മറ്റു സ്ത്രീകളെയും പരിഹസിക്കരുത്. (ഒരു പക്ഷേ) അവർ ഇവരേക്കാൾ ഉത്തമകളായെന്നു വരാം. നിങ്ങൾ നിങ്ങളുടെ സ്വന്തം ആളുകളെ അപകീർത്തിപ്പെടുത്തരുത്. നിങ്ങൾ പരസ്പരം ഹാസ്യപ്പേര് വിളിക്കയുമരുത്. സത്യ വിശ്വാസം കൈകൊണ്ടതിന്ന് ശേഷം മോശം പേര് സമ്പാദിക്കുന്നത് (തീർച്ചയായും) നല്ലതല്ല. പശ്ചാത്തപിക്കുന്നവർ അതിക്രമകാരികളല്ല. (അൽ ഹുജുറാത്ത് 49:12)

ഇപ്പോൾ ഈ വിഷയം വിശദമായി വിവരിച്ചു കഴിഞ്ഞു. ഖുർആൻ വചനത്തിൽ ഒരു വിഹഗ വീക്ഷണം പോലും നടത്തിയ ഒരാൾക്കും തന്നെ പ്രസ്തുത വിഷയത്തിൽ താൻ

അശ്രദ്ധനായിരുന്നു എന്ന് പറഞ്ഞുകൊണ്ട് ഒരു ക്ഷമാപണം മുന്നോട്ടുവെക്കാൻ സാദ്ധ്യമല്ല.

നിർഭാഗ്യകരമെന്നു പറയട്ടെ അത്തരം ദുശ്ശീലങ്ങൾ ഈ വചനം ആവർത്തിച്ച് പാരായണം ചെയ്യുന്ന മുസ്ലിം രാജ്യങ്ങളിൽ പോലും നിലനിൽക്കുന്നു. അവരെല്ലാം പറയുന്നു: ഞങ്ങൾ വിശ്വസിച്ചു ഞങ്ങൾ സാക്ഷ്യം വഹിച്ചു. പക്ഷേ പ്രായോഗിക രംഗത്ത് അവർ ഇതെല്ലാം മറന്നു കളയുന്നു. അത്തരം ശീലങ്ങൾ ദോഷരഹിതങ്ങളാണെന്നാണ് അവർ കരുതുന്നത്. പക്ഷേ ഇതിൽ നിന്നും അത്തരം നിസ്സാരമായ ദുശ്ശീലങ്ങളിൽ നിന്നും പ്രകടമായിത്തന്നെ ഗുരുതരമായ ക്രമസമാധാന പ്രശ്നങ്ങൾ ഉടലെടുക്കും.

നോക്കുക, വംശീയവും തൊഴിൽപരവും മതപരവുമായ വ്യത്യാസങ്ങളെ അടിസ്ഥനമാക്കിയുള്ള പരിഹാസങ്ങൾ സാധാരണയായി ഇന്തോ പാകിസ്താൻ ഉപഭൂഖണ്ഡത്തിലുള്ളവർ പടച്ച് വിടാറുണ്ട്. അവിദഗ്ധ തൊഴിലാളികൾ ബാർബർമാർ പോലെയും നെയ്ത്തുകാർ മുതലായ വിദഗ്ദ തൊഴിലാളികളെയും പരിഹസിക്കും. അതിന്ന് മറുപടിയായി ബാർബർമാരും നെയ്ത്തുകാരും അവിദഗ്ദ തൊഴിലാളികളായ കർഷകരെ കുറിച്ചും പരിഹസിക്കും. കർഷകരും അവരുടെ മുറക്കനുസരിച്ച് വിദഗ്ധ തൊഴിലാളികളെയും പരിഹസിക്കും. അത്പോലെ പാകിസ്താനിൽ സിക്കുകാരെ കുറിച്ചുള്ള തമാശകൾ വളരെ പ്രചാരത്തിലുള്ളതാണ്. ഇന്ത്യയിൽ സിക്കുകാരും ഹിന്ദുക്കളും ഉപഭൂഖണ്ഡത്തിലെ മുസ്ലിംകളെ കുറിച്ച് പരിഹസിക്കും. അത്തരം പരിഹാസങ്ങൾ അവരുടെ സ്വകാര്യ സദസ്സുകളിലായിരിക്കും. ആരെപ്പറ്റിയാണോ ഇത്തരം പരിഹാസങ്ങൾ പൊട്ടിക്കുന്നത് അതിനെ പ്രതിരോധിക്കാൻ അവരുടെ സാന്നിദ്ധ്യമില്ല. ഒരു പരിധിവരെ ഈ ഒരു ശീലം പൊതുവിൽ നിരുപദ്രവകരം എന്നാണ് കരുതുന്നത്. ഇവിടെ അതല്ല കാര്യം. ഇത്തരം തമാശകളോടുള്ള പ്രതികരണമായിക്കൊണ്ട് ജാതികൾ തമ്മിലും ദേശീയ ജന വിഭാഗങ്ങൾ തമ്മിലും വംശീയത നിർബാധം തഴച്ചു വളരുന്നു.

ഖുർആൻ അത്തരം ശീലങ്ങളിൽ നിന്നു വിട്ടുനിൽക്കാൻ താക്കീത് ചെയ്യുന്നു. ഇന്ന് ശക്തരായ ആളുകൾ വിധിവശാൽ നാളെ അങ്ങനെയാകണമെന്നില്ല. ഈ താക്കീത് ലോകത്തിലെ ഏതെങ്കിലും ഒരു പ്രത്യേക മേഖലയുമായി ബന്ധപ്പെട്ടതല്ല. ഗ്രേറ്റ് ബ്രിട്ടന്റെ ചരിത്രത്തിൽ ഇത്തരമൊരു കാലഘട്ടം കാണാം. കച്ചവടക്കാരെയും പ്രൊഫഷനലുകളെയും ഭൂപ്രഭു വർഗ്ഗം അവജ്ഞയോടെ കണ്ടിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഭൂപ്രഭു വർഗ്ഗത്തിന്ന് ഇപ്പോൾ അവരുടെ പൂർവ്വിക പ്രതാപം നഷ്ടമായി. ഇന്ന് ധനികരായ കച്ചവടക്കാരും പ്രൊഫഷനുകളുമാണ് ബ്രിട്ടീഷ് സമൂഹത്തെ ഭരിക്കുന്നത്. അവരിൽ നിന്നുള്ളവരാണ് ഇന്ന് കൂടുതലായി പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്.

## നീതിയുടെ അഭാവത്തിൽ യുദ്ധം വന്നുകൂടുന്നു

ലോകം മുഴുവൻ ആയുധ വ്യാപനമുണ്ടായത് കാരണം മനുഷ്യൻ അപകടത്തിലാവുന്നില്ല. ദുഷ്ടചിന്തകൾ സ്വായത്തമാക്കിയ രാഷ്ട്രങ്ങൾ അത്തരം ആയുധങ്ങൾ സ്വായത്തമാക്കുന്നതാണ് അപകടം. രണ്ട് രാജ്യങ്ങൾ തമ്മിൽ ആത്യന്തികമായി യുദ്ധത്തിൽ ഏർപ്പെടുകയാണെങ്കിൽ വിശുദ്ധ ഖുർആൻ പ്രകാരം എങ്ങനെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും? അതിന്നുത്തരം താഴെ കാണുന്ന വചനങ്ങളിലുണ്ട്.

وَاِنْ طَآئِفَتٰنِ مِنَ الْمُؤْمِنِيْنَ اقْتَتَلُوْا فَاَصْلِحُوْا بَيْنَهُمَا ۚ فَاِنْۢ بَغَتْ
اِحْدٰىهُمَا عَلَى الْاُخْرٰى فَقَاتِلُوا الَّتِيْ تَبْغِيْ حَتّٰى تَفِيْٓءَ اِلٰٓى اَمْرِ اللّٰهِ ۚ فَاِنْ
فَآءَتْ فَاَصْلِحُوْا بَيْنَهُمَا بِالْعَدْلِ وَاَقْسِطُوْا ؕ اِنَّ اللّٰهَ يُحِبُّ الْمُقْسِطِيْنَ ﴿١٠﴾

വിശ്വാസികളിൽ പെട്ട രണ്ട് വിഭാഗങ്ങൾ തമ്മിൽ യുദ്ധത്തിലേർപ്പെട്ടാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക. എന്നിട്ട് അവരിൽ ഒരു വിഭാഗം മറുവിഭാഗത്തെ ആക്രമിക്കുന്നതായാൽ അക്രമിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കൽപനയിലേക്ക് മടങ്ങുന്നത് വരെ നിങ്ങൾ യുദ്ധം ചെയ്യുക. അങ്ങനെ

അവർ മടങ്ങിയാൽ, അവരുടെ ഇടയിൽ ന്യായപൂർവ്വം നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും നീതി പാലിക്കുകയും ചെയ്യുക. നീതി പാലിക്കുന്നവരെ അല്ലാഹു തീർച്ചയായും സ്നേഹിക്കുന്നു.
(അൽ ഹുജുറാത്ത് 49 : 10)

ഇവിടെ ഒരു ചോദ്യം ഉയരുന്നുണ്ട്. അതായത് എന്തു കൊണ്ട് ഈ വചനം മനുഷ്യ വംശത്തെ മുഴുവൻ അഭി സംബോധന ചെയ്യുന്നില്ല? വിശ്വാസികളിൽ നിന്നുള്ള ഈ പ്രതീക്ഷ മനുഷ്യ വംശത്തിൽ നിന്നും മുഴുവനായുള്ള ഉന്നതമായ ഒരു പ്രതീക്ഷക്ക് സമം തന്നെയാണ്. കാരണം മതപരമോ മറ്റു കാരണങ്ങൾ കൊണ്ടോ യുദ്ധത്തിൽ ഏർ പ്പെട്ടു കൊണ്ടിരിക്കുന്ന രണ്ട് രാജ്യങ്ങൾക്ക് ഇതിനേക്കാൾ നല്ല ഒരു പ്രശ്ന പരിഹാരം സങ്കൽപ്പിക്കാൻ സാദ്ധ്യമല്ല. മനുഷ്യ രാശിയെ മൊത്തത്തിൽ നേരിട്ട് അഭിസംബോധന ചെയ്യാത്തതിന് കാരണം അവർ ഖുർആന്റെ ഉപദേശത്തിന് മുന്നിൽ സ്വയം സമർപ്പിച്ചവരല്ല എന്നതാണ്. അവരെ സംബ ന്ധിച്ചിടത്തോളം ഖുർആൻ ആഗോള സമൂഹത്തിന് മേൽ ഒരു അധികാര സ്ഥാപനമല്ല. എന്നിരുന്നാലും വിശ്വാസികൾ ഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് സത്യസന്ധമായി സമർപ്പി ക്കപ്പെട്ടു കഴിഞ്ഞാൽ മുഴുലോകത്തിൽ അവർ ഒരു മാതൃ കയായി മാറും. അങ്ങനെ ഖുർആന്റെ അദ്ധ്യാപനങ്ങൾ വിശ്വാ സികളാകുന്ന കണ്ണാടിയിലൂടെ ലോകത്തിന് മുഴുവനുമായി പ്ര തിഫലിക്കുന്നു.

സംഘട്ടനം ആരംഭിക്കുന്നത് വരെ കാത്തിരിക്കരുതെന്ന് ഖുർആൻ ആ രാജ്യങ്ങളെ താക്കീത് ചെയ്യുന്നു. ഇത് സംഭ വിക്കുന്നതിന് മുമ്പായി പരിഹാര നടപടികൾ എടുക്കേണ്ട തുണ്ട്. അല്ലാത്തപക്ഷം അത് വളരെ താമസിച്ചു പോകും. യുദ്ധം തുടരുന്ന രണ്ട് രാജ്യങ്ങൾ തമ്മിലുള്ള അനുരഞ്ജ ത്തിനും സമാധാനത്തിനുമുള്ള ശ്രമങ്ങൾ തുടരുകയും ചെയ്യു മ്പോഴും പ്രമേയങ്ങൾ പാസ്സാക്കി സമയം കളയരുത്. പകരം അക്രമിയാണെന്ന് കരുതുന്ന ആ രാജ്യത്തിനെതിരെ സംയു ക്തമായി ശക്തി പ്രയോഗിക്കണമെന്നാണ് ഖുർആന്റെ കൽപ്പന.

യുദ്ധം ചെയ്ത രണ്ട് രാഷ്ട്രങ്ങൾ തമ്മിൽ സമാധാനം സ്ഥാപിച്ചു കഴിഞ്ഞാൽ അവർ തമ്മിൽ മാദ്ധ്യസ്ഥ ശ്രമം കൊണ്ടു വരണമെന്നാണ് ഖുർആന്റെ ഉപദേശം. അത് കേവല നീതിയുടെ അടിസ്ഥാനത്തിലായിരിക്കണം. അല്ലാത്ത പക്ഷം അത് ഭാവിയിൽ യുദ്ധത്തിനുള്ള വിത്തുപാകലാകും.

## ഖുർആനിക കൽപ്പനകൾ അവഗണിക്കുമ്പോഴുള്ള യുദ്ധസാദ്ധ്യത

രണ്ടാം ലോക മഹായുദ്ധത്തിന്ന് ശേഷം മാദ്ധ്യസ്ഥ ശ്രമത്തിന് രാഷ്ട്ര നേതാക്കന്മാർ ഒരുമിച്ചുകൂടി. കുറ്റവാളികളായി കാണുന്ന രാഷ്ട്രങ്ങളെ തകർക്കുവാനാണ് അവർ ശ്രമിച്ചത്. അവരുടെ ഇത്തരം ശ്രമങ്ങൾ തന്നെ സ്വയം അനീതിയും കുറ്റകരവുമായ സമീപനമാണ്. അവർ കുറ്റവാളികളായിക്കണ്ട രാജ്യങ്ങളെ എന്നെന്നേക്കുമായി തകർക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. കാരണം അവർ ഒരിക്കലും ലോക സമാധാനത്തെ അപകടപ്പെടുത്താൻ തലപൊക്കാൻ പാടില്ല എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. അപ്രകാരമാണ് ഒന്നാം ലോക മഹായുദ്ധം രണ്ടാം ലോക മഹായുദ്ധത്തിന്ന് അടിത്തറ പാകിയത്.

ഗൗരവമായി ചരിത്രം പഠിക്കുന്ന ഏതൊരു വിദ്യാർത്ഥിയും ഈ ഖുർആനിക പ്രസ്താവന പരിശോധിക്കേണ്ടതുണ്ട്. പരാജയപ്പെട്ട രാജ്യങ്ങൾക്ക് മീതെ എടുക്കുന്ന എല്ലാ ക്രൂരമായ തീരുമാനങ്ങളും പരാജിത രാജ്യത്ത് ശക്തമായ ഒരു പ്രതികരണമുണ്ടാക്കും. അവർ സാവകാശം പ്രതികാരം ചെയ്യാൻ ദൃഢനിശ്ചയമെടുക്കും. ഇത് ഒരു ചരിത്ര പഠിതാവിന്ന് എളുപ്പത്തിൽ ഗ്രഹിക്കാൻ സാധിക്കും. സമ്പൂർണ്ണ നാശം വിതക്കുന്നതാണ് മൂന്നാം ലോക മഹായുദ്ധം. ആ യുദ്ധത്തിന്റെ അപകടത്തിലേക്ക് വഴിവെക്കുന്ന തരത്തിൽ രണ്ടാം ലോക മഹായുദ്ധ ശേഷം എടുത്ത തീരുമാനങ്ങൾക്കും ഇത് ബാധകമാണ്. മറ്റുള്ളവരെയെല്ലാം മാറ്റി നിർത്തി റൂസ് വെൽറ്റും ചർച്ചിലും സ്റ്റാലിനും തുർക്കിയിൽ ഒരു ഉച്ചകോടി ചേർന്നു. അവരെല്ലാവരും വിശ്വസിച്ചത് ജർമ്മനി ലോക സമാധാനത്തിന്

എല്ലാ കാലത്തും ഭീഷണിയായിരിക്കുമെന്നാണ്. അതു കൊണ്ട് അവർ സമർത്ഥമായി ചിന്തിച്ചത് ജർമ്മനിയെ വിഭജിച്ച് രണ്ട് വ്യത്യസ്ത ആശയങ്ങൾക്ക് കൈമാറുകയാണെങ്കിൽ ക്രമേണ രണ്ട് ജർമ്മനികളും വിരുദ്ധ ചേരികളിൽ ധ്രുവീ കരിക്കപ്പെടുമല്ലോ. എന്നാൽ പടിഞ്ഞാറൻ ജർമ്മനി കിഴ ക്കൻ ജർമ്മനിക്കും തിരിച്ചങ്ങോട്ടും എപ്പോഴും ഭീഷണിയാ യിരിക്കുമെന്ന് അവർ കരുതി. ഈ വിധത്തിൽ ജർമ്മൻ ജന തയുടെ ശ്രദ്ധ മറ്റു രാജ്യങ്ങളിൽ നിന്നു വ്യതിചലിക്കുകയും ചെയ്യും. എന്നിട്ട് പോലും അവരുടെ അടിച്ചമർത്തപ്പെട്ട പക യുടെ വികാരം അണപൊട്ടുകയാണെങ്കിൽ അത് ഇരു കൂട്ടരും തമ്മിൽ പരസ്പരം എതിരായിട്ടായിരിക്കും പൊട്ടിപ്പു റപ്പെടുക. ആശയങ്ങളിൽ മാറ്റങ്ങൾ സംഭവിക്കുന്നു. ഈ മാറ്റങ്ങൾ എപ്പോഴും തുടർന്നുകൊണ്ടിരിക്കുകയും ചെയ്യും. ഭാവിയിൽ പടിഞ്ഞാറൻ ജർമ്മനിയും കിഴക്കൻ ജർമ്മനിയും വീണ്ടും ഏകീകരിക്കപ്പെടുമെന്ന★ കാര്യവും തള്ളിക്കളഞ്ഞു കൂടാ. ഈ ഏകീകരണം എപ്പോഴാണോ സംഭവിക്കുന്നത് അപ്പോൾ ജർമ്മനി മുമ്പ് സങ്കൽപ്പിക്കാൻ കഴിയാത്ത വിധം ഒരു മഹത്തായ ശക്തിയായി ഉയിർത്തെഴുന്നേൽക്കും.

ഇത് ഒന്ന് മാത്രമായിരുന്നില്ല അപകടസാദ്ധ്യതയുള്ള തെറ്റായ തിരുമാനം. അത്പോലെയുള്ള നിരവധി കാര്യങ്ങ ളുടെ അനന്തര ഫലങ്ങൾ ഭാവിയിലെ യുദ്ധം എന്ന അപകട ത്തെ ഇല്ലാതാക്കുന്നില്ല. ചുരുക്കിപ്പറയുകയാണെങ്കിൽ വീണ്ടും സമാധാനം സ്ഥാപിച്ചതിന് ശേഷം, ഖുർആൻ വിജയിയായ രാജ്യത്തെ താക്കീത് ചെയ്യുന്നത് ശ്രദ്ധേയമാണ്. അക്രമി

★ **ജർമ്മനിയുടെ ഏകീകരണം:–** രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം വിഭജി ക്കപ്പെട്ട ജർമ്മനി മുതലാളിത്ത സമ്പദ്ഘടന സ്വീകരിച്ച് പശ്ചിമ ജർമ്മനി എന്നും കമ്മ്യൂണിസ്റ്റ് സമ്പദ്ഘടന സ്വീകരിച്ച് കിഴക്കൻ ജർമ്മനി എന്നും രണ്ടായി പിരി ഞ്ഞു. 1961-ൽ ബെർലിൻ മതിൽ നിർമ്മാണത്തോടെ ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം പൂർണ്ണമായും അറ്റു. ഖലീഫത്തുൽ മസീഹ്[റഹ്] ഈ പ്രഭാഷണം നടത്തുന്ന ത് 1988 ജൂലായ് 24 ആണ്. 1990 ഒക്ടോബർ 3 ന് ഇരു ജർമ്മനികളും ഏകീകരി ക്കപ്പെടുകയും ഫെഡറൽ റിപ്പബ്ളിക് ഓഫ് ജർമ്മനി എന്ന പേര് സ്വീകരിക്കുക യുണ്ടായി.(വിവ:)

രാജ്യത്തിനെതിരെ അവർ ശിക്ഷാ നടപടികൾ കൈകൊണ്ടാൽ ആ സന്ദർഭം വിജയിയെ സംബന്ധിച്ചിടത്തോളം കേവല നീതിയിൽ ഉറച്ച് നിൽക്കേണ്ട സമയമാണ്. അതിന് ശേഷം മാത്രമേ അവർക്ക് സുസ്ഥിരമായ സമാധാനം സ്ഥാപിക്കാൻ സാധിക്കൂ.

അതേ ഖുർആൻ വചനത്തിലെ (49:10) അവസാന ഭാഗം പ്രഖ്യാപിക്കുന്നത് നീതി പാലിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു എന്നാണ്. അവരെയാണ് അല്ലാഹു സ്നേഹിക്കുക എന്ന കാര്യവും അതിൽ ഉള്ളടങ്ങിയിരിക്കുന്നു. ഇരുകൂട്ടരും സംഘട്ടനത്തിലേർപ്പെടാൻ അവൻ അവർക്ക് അനുമതി നല്കുന്നില്ല.

## മനുഷ്യ വംശത്തിന്റെ സാത്വികത: ഖുർആന്റെ അദ്ധ്യാപനങ്ങൾ

മുസ്ലിംകളുടെ ആദ്യകാലഘട്ടം പരിഗണിക്കുമ്പോൾ ചുറ്റുമുള്ള അവിശ്വാസികളാൽ എതിർക്കപ്പെടുമ്പോഴും പീഡിപ്പിക്കപ്പെടുമ്പോഴും ആദ്യമായി അവർ അക്രമിക്കപ്പെടുമ്പോഴും വിശ്വാസികൾക്ക് ശക്തമായി നല്കപ്പെട്ട താക്കീത് നീതിയോടൊപ്പം ചേർന്ന് നിൽക്കാനാണ്. മക്കത്തെ ബിംബാരാധകരുടെ ശക്തി പരിശുദ്ധ പ്രവാചക(സ)നെയും അവിടുത്തെ അനുയായികളെയും കരിവാരിത്തേക്കാനും അവരെ ഭൂമുഖത്ത് നിന്നും തുടച്ചുനീക്കാനും ദൃഢനിശ്ചയം ചെയ്ത കാലമായിരുന്നു അത്. അക്കാലത്തെ ഖുർആനികാദ്ധ്യാപനങ്ങൾ വൈകാരികമായി പ്രക്ഷുബ്ധമായ ഒരു ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും വരുന്ന കാര്യങ്ങൾ പോലെ ഉള്ളതായിരുന്നില്ല. തീർച്ചയായും ഈ അദ്ധ്യാപനങ്ങൾ വർത്തമാനവും ഭാവിയും അറിയുന്നവനും അവന്റെ സൃഷ്ടികളോടെല്ലാവരോടും നിഷ്പക്ഷമായി പ്രവർത്തിക്കുന്നവനുമായ ഒരു അസ്തിത്വത്തിന്റേതാണ്. ഇതേ വസ്തുത തന്നെയാണ് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരും ഊന്നി പറയുന്നത്. അദ്ദേഹം എഴുതുന്നു: നിങ്ങൾ ഓർക്കേണ്ടത് ദൈവം അവന്റെ സൃഷ്ടികളിലാരുടെയും ബന്ധുവല്ല എന്നതാണ്. അവൻ ആരുടെ

യെങ്കിലും ബന്ധുവാണെങ്കിൽ അവൻ എല്ലാവരുടെയും ബന്ധുവാണ്. അല്ലെങ്കിൽ അവൻ ആരുടെയും ബന്ധുവല്ല.

ഈ ഒരു വസ്തുത പരിശുദ്ധ റസൂൽ തിരുമേനി(സ)യും സഹചരരും അതിജീവനസമരത്തിൽ പങ്കെടുത്തു കൊണ്ടിരിക്കെ അവരുടെ പെരുമാറ്റത്തിൽ നിന്നും പരിശോധിക്കാനാവും. ആ വിപൽ ഘട്ടത്തിൽ റസൂൽ തിരുമേനി(സ)ക്ക് ദിവ്യവെളിപാടുകളിലൂടെ ഇറങ്ങിയ അദ്ധ്യാപനങ്ങൾ ഇപ്രകാരമായിരുന്നു:

لَا يَنْهٰىكُمُ اللّٰهُ عَنِ الَّذِيْنَ لَمْ يُقَاتِلُوْكُمْ فِى الدِّيْنِ وَلَمْ يُخْرِجُوْكُمْ مِّنْ دِيَارِكُمْ
اَنْ تَبَرُّوْهُمْ وَتُقْسِطُوْٓا اِلَيْهِمْ ۗ اِنَّ اللّٰهَ يُحِبُّ الْمُقْسِطِيْنَ ﴿٩﴾

മതം കാരണത്താൽ നിങ്ങളുമായി യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളുടെ ഭവനങ്ങളിൽ നിന്ന് നിങ്ങളെ ബഹിഷ്ക്കരിച്ചിട്ടില്ലാത്തവരുമായവരെ പറ്റി, നിങ്ങളവരോട് ദയാപൂർവം പെരുമാറുന്നതും അവരുമായി നീതി പൂർവം വർത്തിക്കുന്നതും അല്ലാഹു നിങ്ങളോട് വിരോധിക്കുന്നില്ല. തീർച്ചയായും നീതി പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു. (അൽമുംതഹിന 60: 9)

ഈ വചന പ്രകാരം മതപരമായ കാരണത്താൽ മാത്രം നിങ്ങളോട് യുദ്ധം ചെയ്യുന്നവരോടും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ ആട്ടിയോടിച്ചവർക്കെതിരെയും യുദ്ധം ചെയ്യാൻ അല്ലാഹു നിങ്ങളെ വിലക്കുന്നില്ല എന്നാണ് മനസ്സിലാകുന്നത്. പക്ഷേ നിങ്ങളോട് നീതിയോടെ പെരുമാറുന്നവരോട് യുദ്ധം ചെയ്യാൻ പാടില്ല. ശേഷം ഖുർആൻ പ്രഖ്യാപിക്കുന്നു:

وَلَا تَجْعَلُوا اللّٰهَ عُرْضَةً لِّاَيْمَانِكُمْ اَنْ تَبَرُّوْا وَتَتَّقُوْا وَتُصْلِحُوْا بَيْنَ النَّاسِ ۗ
وَاللّٰهُ سَمِيْعٌ عَلِيْمٌ ﴿٢٢٥﴾

നന്മ ചെയ്യുകയും സൂക്ഷ്മത പാലിക്കുകയും ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും ചെയ്യുന്നതിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നതിനായി അല്ലാഹുവിനെ നിങ്ങൾ നിങ്ങളുടെ ശപഥങ്ങൾക്ക് ഒരു ലക്ഷ്യമാക്കരുത്. അല്ലാഹു എല്ലാം കേൾക്കുന്നവനും നന്നായി അറിയുന്നവനുമാണ്. (അൽ ബഖറ 2:225)

## 24

# ബന്ധുക്കളോടുള്ള നീതിയുടെയും കാരുണ്യത്തിന്റെയും അദ്ധ്യാപനങ്ങൾ

നാം ഇത്വരെ വിവിധ ദേശീയ ജനവിഭാഗങ്ങളും ഗ്രൂപ്പുകളും തമ്മിലുള്ള പരസ്പര ബന്ധങ്ങളെ കുറിച്ചാണ് ചർച്ച ചെയ്തത്. എന്നാൽ ഇപ്പോൾ സമൂഹത്തിലെ വിവിധ അടരുകളിലുള്ളവർ തമ്മിലുള്ള പരസ്പര ബന്ധങ്ങളെ സംബന്ധിച്ചാണ് ചർച്ച ചെയ്യുന്നത്. അത്തരത്തിലുള്ള അടരുകളിൽ മാതാപിതാക്കളും സന്താനങ്ങളും, ഒരു കുടുംബത്തിലെ സഹോദരന്മാരും സഹോദരിമാരും, അടുത്ത ബന്ധുക്കൾ അകന്ന ബന്ധുക്കൾ മുതലായവർ തമ്മിലുള്ള ബന്ധങ്ങളും ഉൾക്കൊള്ളുന്നു. വിശുദ്ധ ഖുർആൻ ഈ ആഭ്യന്തരമായ സാമൂഹിക വിഭാഗങ്ങളെ ഒന്നും തന്നെ അവഗണിച്ചിട്ടില്ല. മാതാപിതാക്കൾക്ക് അവരുടെ സന്താനങ്ങൾക്ക് മേലുള്ള അവകാശങ്ങളെപ്പറ്റി പറഞ്ഞുകൊണ്ട് ഞാൻ ആരംഭിക്കട്ടെ.

## മാതാപിതാക്കൾക്ക് സന്താനങ്ങളുടെ മേലുള്ള അവകാശങ്ങൾ

വിശുദ്ധ ഖുർആൻ മാതാപിതാക്കളോട് കുട്ടികൾ നീതിപൂർവ്വം മാത്രം പെരുമാറിയാൽ പോര, അത് കാരുണ്യത്തോടെയുമായിരിക്കണമെന്ന് വളരെ ശക്തമായി താക്കീത് ചെയ്യുന്നു:

وَوَصَّيْنَا الْاِنْسَانَ بِوَالِدَيْهِ ۚ حَمَلَتْهُ اُمُّهٗ وَهْنًا عَلٰى وَهْنٍ وَّفِصٰلُهٗ فِىْ عَامَيْنِ
اَنِ اشْكُرْ لِىْ وَلِوَالِدَيْكَ ؕ اِلَىَّ الْمَصِيْرُ ﴿١٥﴾

മനുഷ്യനെ തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് മേൽക്കുമേൽ ക്ഷീണം സഹിച്ച് കൊണ്ടാണ് അവനെ ഗർഭം ധരിച്ചത്. അവന്റെ മുലകുടി നിർത്താൻ രണ്ടു വർഷമെടുക്കുന്നു- എന്നോടും നിന്റെ മാതാപിതാക്കളോടും

നീ നന്ദി കാണിക്കുക. എന്റെയടുക്കലേക്ക് തന്നെയാണ് (അവസാന) മടക്കം. (സൂറ: ലുഖ്മാൻ: 31:15)

ഖുർആന്റെ താക്കീതുമായി ബന്ധപ്പെട്ട് അബൂഹുറയ്റ(റ) യിൽ നിന്നും ഉദ്ധരിച്ച താഴെ കാണുന്ന ഹദീസ് ഇപ്രകാരമാണ്:

'മൂന്ന് തവണ പരിശുദ്ധ പ്രവാചകൻ(സ) ഇപ്രകാരം പ്രഖ്യാപിച്ചു. അവന്റെ നാസിക പൊടി കടിക്കട്ടെ, അവന്റെ നാസിക പൊടി കടിക്കട്ടെ, അവന്റെ നാസിക പൊടി കടിക്കട്ടെ (ജീവിതത്തിൽ അപമാനിതനും പരാജിതനുമായ ഒരാളെ പറ്റി വിശേഷിപ്പിക്കാൻ അറബിയിൽ ഉപയോഗിക്കുന്ന ഒരു ശൈലിയാണിത്) അനുചരന്മാർ അന്വേഷിച്ചു, ഓ, അല്ലാഹുവിന്റെ ദൂതരേ, അയാൾ ആരാണ്? പരിശുദ്ധ പ്രവാചകൻ(സ) സൂചനയിലൂടെ പ്രതികരിച്ചു. തന്റെ വൃദ്ധരായ മാതാപിതാക്കന്മാരെ കാണുകയും അവരെ ശുശ്രൂഷിച്ചുകൊണ്ട് സ്വർഗ്ഗം നേടുന്നതിൽ പരാജിതനുമായ ഒരുവനുമാണ് അയാൾ'[60]

ഇത് ഒരു ചെറിയ അപ്രസക്തമായ കാര്യമാണെന്ന് തോന്നാം. എന്നാൽ നിങ്ങൾ ഇന്ന് പാശ്ചാത്യ സമൂഹങ്ങളിലും പൗരസ്ത്യ സമൂഹങ്ങളിലും നോക്കുകയാണെങ്കിൽ ഈ രണ്ട് സമൂഹങ്ങളിലും കുട്ടികൾക്ക് അവരുടെ മാതാപിതാക്കന്മാരെ പറ്റിയുള്ള അശ്രദ്ധ വർദ്ധിച്ചു വരുന്നതായി കണ്ടെത്താം. ഈ പ്രശ്നം പാശ്ചാത്യ സമൂഹങ്ങളിൽ കൂടുതൽ പ്രബലമാണ്. പൗരസ്ത്യ സമൂഹങ്ങളിൽ കുറവുമാണ്. പക്ഷേ അവിടങ്ങളിൽ കൂടി ക്രമേണ ഇത് വ്യാപകമാവുകയാണ്. ഇതിന്റെ ഫലമായി സമൂഹം പൊതുവേ കൂടിക്കൊണ്ടിരിക്കുന്ന ദു:ഖങ്ങൾ സഹിക്കുകയാണ്. പരിശുദ്ധ പ്രവാചകൻ(സ) ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് തന്റെ അനുയായികളെ ആവർത്തിച്ച് താക്കീത് ചെയ്തു കൊണ്ടിരുന്നത് അവരുടെ മാതാപിതാക്കന്മാരോട് കാരുണ്യത്തോടെ പെരുമാറണമെന്നാണ്. അവിടുന്ന് വിശദമായി തന്നെ മാതാപിതാക്കന്മാരുടെ അവകാശങ്ങളെപ്പറ്റി വ്യക്തമായി വിവരിക്കുകയുണ്ടായി. അതിന്റെ ഫലമായി ഏറ്റവും മനോഹരമായ ഒരു സമൂഹം ലോകത്ത് നിലവിൽ വരുകയും ചെയ്തു.

ഒരിക്കൽ ഒരു ബദവിബാലൻ തീരെ ഔചിത്യമില്ലാതെ പരിശുദ്ധ പ്രവാചക(സ)നോട് അവന്റെ പിതാവ് അദ്ദേഹത്തിന്റെ ധനം ദുരുപയോഗം ചെയ്യുന്നതായി പരാതി പറഞ്ഞു. പരിശുദ്ധ പ്രവാചകൻ(സ) അവന് മനസ്സിലാകാൻ അതേ ശൈലിയിൽ അൽപ്പം പരുഷമായി തന്നെ മറുപടി പറഞ്ഞു. പക്ഷേ ആ ബദവി ബാലന്റെ അതേ കാർക്കശ്യത്തിലും രീതിയിലും വന്യസ്വരത്തിലുമായിരുന്നില്ല എന്ന് മാത്രം.അവിടുന്ന് നേരെ ചൊവ്വേ മറുപടിയായി അവനെഓർമ്മിപ്പിച്ചത്: 'നീയും നിന്റെ എല്ലാ സ്വത്തുക്കളും നിന്റെ പിതാവിന്റേതാണ്. നിന്റെ സന്താനങ്ങൾ സമ്പാദിക്കുന്നത് നിനക്കുമുള്ളതാണ്. അത് സന്തോഷത്തോടെ ഭക്ഷിക്കുക.'[61]

ഒരു മകനും അയാളുടെ പിതാവ് യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ സമ്പത്ത് ദുരുപയോഗം ചെയ്യുന്നുവെന്ന് ആരോപിക്കാൻ സാദ്ധ്യമല്ല. പിതാവിന്ന് അദ്ദേഹത്തിന്റെ മകന്റെ സമ്പത്ത് അദ്ദേഹത്തിന്റേത് പോലെ ഉപയോഗിക്കാനുള്ള അവകാശമുണ്ട്. അതേസമയം മകന് പിതാവിന്റെ സമ്പാദ്യം അവനാഗ്രഹിക്കുന്ന വിധം ഉപയോഗിക്കാൻ അനുവാദമില്ല. ഇത് പ്രത്യക്ഷമായിത്തന്നെ നീതിക്ക് വിരുദ്ധമാണ്. അതിനെ പറ്റി ആഴത്തിൽ ചിന്തിക്കുകയാണെങ്കിൽ അത് അങ്ങനെ തന്നെയായിരിക്കണമെന്ന് കാണാം. ഒരു പിതാവ് മകനെ സ്നേഹിക്കുന്ന അതേ രീതിയിൽ അതേ തോതിൽ ഒരു മകന് പിതാവിനെ സ്നേഹിക്കാൻ സാദ്ധ്യമല്ല. അതങ്ങനെയാവുന്നത് മകൻ പിതാവിന്റെ ഭാവിയാണെന്നുള്ളത് കൊണ്ടാണ്. എന്നാൽ പിതാവ് മകന്റെ ഭൂതമാണ്. അടുത്ത് തന്നെ അവന്റെ ഭാവി കുടുംബരൂപത്തിൽ അവന് മുന്നിൽ പ്രത്യക്ഷമാകും. അപ്പോൾ അവന്റെ പിതാവിനുണ്ടായിരുന്ന താൽപര്യമായിരിക്കും അവൻ ഇഷ്ടപ്പെടുക. സത്യസന്ധനായ ഏതൊരു നിരീക്ഷകനും ലോകത്ത് എവിടെയും എല്ലാ കാലത്തും ഏതൊരു സമൂഹത്തിലും വിമർശനാത്മകമായി പരിശോധിച്ചാൽ കണ്ടെത്തുന്നത് ഇത് തന്നെയായിരിക്കും. തീർച്ചയായും ഈ പൊതു നിയമത്തിന് അപവാദങ്ങളുണ്ടാവാം. എന്നാൽ അപവാദങ്ങൾ പൊതുനിയമത്തെ ന്യായീ

കരിക്കുന്നതയിരിക്കും. വീണ്ടും പറയട്ടെ പിതാവ് ഒന്ന് മാത്രമേ ഉണ്ടാവൂ. പുത്രനും അനേകർ ഉണ്ടാകാം. എല്ലാ പുത്രന്മാർക്കും അവരുടെ ഇഷ്ടത്തിനനുസരിച്ച് പിതാവിന്റെ സമ്പത്ത് ചില വഴിക്കാൻ സ്വാതന്ത്ര്യം അനുവദിച്ചാൽ കുടുംബം മുഴുവൻ തകരും. ഇപ്പോൾ കാണുക ഇസ്‌ലാമികാദ്ധ്യാപനങ്ങൾ മനുഷ്യ പ്രകൃതിയുമായി ഒത്തുപോകുന്നതാണ്. പരിശുദ്ധ പ്രവാചകൻ(സ) അത് അപ്രകാരമാണ് വിശദീകരിച്ചത്. മാതാപിതാക്കൾക്ക് അവരുടെ മക്കളുടെ സമ്പാദ്യത്തിൽ നിന്ന് ഒരവകാശമുണ്ട്. അവർ വയസ്സായി കഴിഞ്ഞാൽ അവരുടെ മക്കൾ അവർക്ക് വേണ്ടി ചെലവഴിക്കുന്നത് അവരുടെ ദാനമായി കണക്കാക്കുകയില്ല. അത് അവരുടെ കടമയാണ്. മക്കൾ അത് എന്തെങ്കിലും ഔദാര്യം ചെയ്യുന്നതാണെന്ന് ഒരിക്കലും ചിന്തിക്കരുത്.

മറ്റൊരു ഹദീസിൽ നിവേദനം ചെയ്യപ്പെട്ടത്, ഒരിക്കൽ ഒരു മനുഷ്യൻ പരിശുദ്ധ പ്രവാചക(സ)ന്റെ അടുക്കൽ വന്നുകൊണ്ട് ഇപ്രകാരം തന്റെ പിതാവിനെ കുറിച്ച് പരാതി പറയുകയുണ്ടായി. തന്റെ സമ്പാദ്യങ്ങൾ പിതാവ് അദ്ദേഹത്തിന്റെ ഇഷ്ടത്തിനനുസരിച്ച് ചെലവഴിക്കുന്നു എന്നായിരുന്നു പരാതി. ആ സമയത്ത് അദ്ദേഹത്തിന്റെ പിതാവ് അവിടെ സന്നിഹിതനായിരുന്നു. മകൻ പരിശുദ്ധ പ്രവാചക(സ)നോട് അഭ്യർത്ഥിച്ചത്, പിതാവിനോട് തന്റെ കാര്യങ്ങളിൽ ഇടപെടുന്നത് നിർത്താൻ പറയണമെന്നായിരുന്നു. പിതാവ് മൗനം അവലംബിച്ച് നിന്നു. ഒരക്ഷരം ഉരിയാടിയില്ല. പരിശുദ്ധ പ്രവാചകൻ(സ) അദ്ദേഹത്തിന്റെ കണ്ണുകളിൽ ദു:ഖത്തിന്റെ അടയാളങ്ങൾ ദർശിക്കുകയുണ്ടായി. ആ പിതാവിന്റെ ഹൃദയത്തിലുള്ളത് തുറന്നു പറയാൻ അവിടുന്ന് പ്രോത്സാഹിപ്പിച്ചു. അതിന് പ്രതികരണമായി ആ പിതാവ് അറബിക്കവിതയിലെ ഏതാനും വരികൾ ചൊല്ലുകയാണുണ്ടായത്. അത് ഇപ്രകാരം വിവർത്തനം ചെയ്യാം

'ഓ അല്ലാഹുവിന്റെ ദൂതരേ, അവൻ ശിശുവായിരുന്നപ്പോൾ അവന് നടക്കാൻ സാധിച്ചിരുന്നില്ല, ഞാൻ അവനെ കൈയിൽ വാരിയെടുത്തു. ഒരു സ്ഥലത്ത് നിന്നും മറ്റൊരു സഥലത്തേക്ക് മാറി മാറി സഞ്ച

രിച്ചു. അങ്ങനെ ഞാൻ അവന്റെ കാലായിത്തീർന്നു. അവൻ ഒരു കൈക്കുഞ്ഞായിരുന്നപ്പോൾ അവന് വിശന്നു. അവനരികിലുണ്ടായിരുന്ന പാൽ കൈകൊണ്ടെടുക്കാൻ അവന് ശക്തിയില്ലായിരുന്നു. അവന് കുടിക്കാൻ വേണ്ടി ഞാനത് എടുത്തുകൊണ്ടു വന്നു. അല്ലയോ അല്ലാഹുവിന്റെ ദൂതരേ, അവൻ ബാല്യമെത്തിയപ്പോൾ സ്വയം പ്രതിരോധിക്കാൻ കൈകൾക്ക് ശക്തിയില്ലായിരുന്നു. ഞാൻ അവന് വേണ്ടി പ്രതിരോധിച്ചു. അവന് അമ്പെയ്ത്ത് പഠിപ്പിക്കുകയും ചെയ്തു. ഓ, എന്റെ യജമാനരേ, ആ അമ്പാണ് അവൻ എന്റെ നേരെ എയ്യുന്നത്.!'

പരിശുദ്ധ പ്രവാചകൻ(സ) ഇത് കേട്ടപ്പോൾ വികാര ഭരിതനായി. അവിടുന്ന് അവന്റെ കോളറിന് പിടിച്ചു പറഞ്ഞു: 'പോവുക നിന്റെ കൈകളിലുള്ളതെല്ലാം നിന്റെ പിതാവിന്റേതാണ്.'

ഇത്തരം അദ്ധ്യാപനങ്ങളിൽ അശ്രദ്ധരായ ആധുനിക വികസിത സമൂഹങ്ങൾ അത്തരത്തിലുള്ള ദു:ഖങ്ങൾക്കൊണ്ട് നിറഞ്ഞിരിക്കുന്നു. അതിന്റെ യഥാർത്ഥ വ്യാപ്തി നിങ്ങൾക്ക് സങ്കൽപ്പിക്കാൻ സാദ്ധ്യമല്ല. പ്രായമായ മാതാപിതാക്കന്മാരെ സന്താനങ്ങൾ അവഗണിക്കുന്നതിന്റെ അനന്തര ഫലങ്ങൾ വിവരിക്കുന്ന സാഹിത്യങ്ങൾ വായിച്ചാൽ നിങ്ങൾ വേദനിക്കും. ചില മാതാപിതാക്കന്മാർ വാർദ്ധക്യം പ്രാപിക്കുമ്പോൾ വൃദ്ധസദനങ്ങളിലേക്ക് അയക്കപ്പെടുന്നു. വല്ലപ്പോഴുമൊരു ദിവസമൊഴികെ അവരെ മക്കൾ സന്ദർശിക്കാറില്ല. അവരിൽ ചിലർ ഏകാന്ത വിവശതയാൽ പരിക്ഷീണിതരാണ്. ചിലർ ആത്മഹത്യ ചെയ്യാൻ ഇഷ്ടപ്പെടുന്നവരാണ്. ചിലർക്ക് ഭ്രാന്തായിപ്പോയിരിക്കുന്നു. അവരെ കുറിച്ച് ആരും അന്വേഷിക്കാൻ വരാറില്ല. ചിലപ്പോൾ ഈ വൃദ്ധമാതാപിതാക്കന്മാരെ മക്കൾ സന്ദർശിക്കാനെത്തുന്നു. അവർ കരുതുന്നത് തങ്ങളുടെ കാരുണ്യത്തിന്റെയും ഇഷ്ടത്തിന്റെയും അങ്ങേയറ്റത്തെ ഒരു പ്രവർത്തനമാണ് അതെന്നാണ്. എന്നിട്ട് അവർ തങ്ങളുടെ സ്തുതി ഗീതങ്ങൾ പാടാനാരംഭിക്കുന്നു.

പടിഞ്ഞാറുള്ളവരെല്ലാവരും ഒരു പോലെയല്ല. പലരും തങ്ങളുടെ മാതാപിതാക്കന്മാർക്ക് പൂർണ്ണ ബഹുമാനം നല്കുന്നവരായുണ്ട്. അവർക്ക് വേണ്ടതെല്ലാം നല്കുകയും ചെയ്യു

ന്നു. അതൊന്നും ചെയ്യാത്തവർ എത്രയോ അധികമാണ്. ഇതിന്റെ പേരിൽ പാശ്ചാത്യ ലോകം സമ്പാദിച്ച ദുഷ്പേരിന് അവരാണ് ഉത്തരവാദികൾ. ഇപ്പോൾ ഈ സാമൂഹിക രോഗം പടർന്ന് പന്തലിച്ചിരിക്കുകയാണ്. ബ്രിട്ടനിലെ വിദഗ്ധർ പ്രവചിക്കുന്നത് അടുത്ത് നൂറ്റാണ്ടിന്റെ ആദ്യത്തിൽ വീടില്ലാത്ത വൃദ്ധന്മാർ പതിനൊന്ന് ദശലക്ഷം വർദ്ധിക്കുമെന്നാണ്. എന്തായാലും അവർ തങ്ങളുടെ വ്യസനങ്ങളോടും കഠിന യാതനകളോടുമൊപ്പം മരണത്തിലേക്ക് വലിച്ചിഴക്കപ്പെടുന്നു.

വിശുദ്ധ ഖുർആൻ മുൻകൂട്ടി കണ്ടുകൊണ്ട് ഈ സാമൂഹിക ദുരന്തത്തെ കുറിച്ച് താക്കീത് ചെയ്യുന്നുണ്ട്:

وَقَضٰى رَبُّكَ اَلَّا تَعْبُدُوْٓا اِلَّآ اِيَّاهُ وَبِالْوَالِدَيْنِ اِحْسَانًا ؕ اِمَّا يَبْلُغَنَّ عِنْدَكَ الْكِبَرَ اَحَدُهُمَآ اَوْ كِلٰهُمَا فَلَا تَقُلْ لَّهُمَآ اُفٍّ وَّلَا تَنْهَرْهُمَا وَقُلْ لَّهُمَا قَوْلًا كَرِيْمًا ﴿۲۴﴾

തന്നെയല്ലാതെ മറ്റാരെയും ആരാധിക്കരുതെന്ന് നിന്റെ നാഥൻ ശക്തമായ ആജ്ഞ നല്കിയിരിക്കുന്നു. മാതാപിതാക്കന്മാരോട് നന്മയോടെ വർത്തിക്കണമെന്നും, അവർ രണ്ടു പേരിൽ ഒരാളോ അല്ലെങ്കിൽ രണ്ടുപേരുമോ നിന്റെയടുക്കൽ (ജീവിതകാലത്ത്) വാർദ്ധക്യം പ്രാപിക്കുകയാണങ്കിൽ, നീ അവരോട് 'ഛേ' എന്ന് പോലും പറഞ്ഞുപോകരുത്. നീ അവർ രണ്ടുപേരോടും കയർത്ത് സംസാരിക്കുകയും അരുത്. അവർ രണ്ടു പേരോടും മാന്യമായ വാക്ക് പറയുക. (സൂറ: ബനീഇസ്റായീൽ 17:24)

ഈ വചനത്തിന്റെ ആദ്യഭാഗം നീതിയുമായി ബന്ധപ്പെട്ടതാണ്. അത് മനുഷ്യന്റെ അടിസ്ഥാനപരമായ കടമ വിവരിക്കുകയും ചെയ്യുന്നു. മാതാപിതാക്കളോട് ബഹുമാനം കാണിക്കാത്ത മനുഷ്യൻ മനുഷ്യനാണെന്ന് വിളിക്കപ്പെടാൻ യോഗ്യനല്ല. അത് പറഞ്ഞതിന് ശേഷം ഈ വചനത്തിന്റെ രണ്ടാം ഭാഗത്ത് വിശുദ്ധ ഖുർആൻ ഉപദേശിക്കുന്നത് 'മാതാപിതാക്കളെ ഉന്നതമായ ബഹുമാനത്തിന്റെ വാക്കുകളിലാണ് അഭിസംബോധന ചെയ്യേണ്ടത്' എന്നാണ്. ഇത് നീതിയിൽ നിന്ന് കാരുണ്യത്തിന്റെ മേഖലയിലേക്ക് ഒരു ചുവട് മുന്നോട്ട് വെക്കലാണ്. തീർച്ചയായും ഇതിൽ അവരോട് പരുഷമായി

സംസാരിക്കുക എന്ന ചോദ്യമേ ഉദിക്കുന്നില്ല. അത്യഗാധ മായ ബഹുമാനത്തോടെയായിരിക്കണം മാതാപിതാക്കളെ അഭിസംബോധന ചെയ്യേണ്ടത്. അതിന്ന് ശേഷം മുന്നോട്ട് പോയിക്കൊണ്ട്, താഴെ കാണുന്ന വചനങ്ങളിൽ എങ്ങനെ യാണ് തങ്ങളുടെ അടുത്ത ബന്ധുക്കളോട് യഥാർത്ഥത്തിൽ പെരുമാറേണ്ടത് എന്നതിനെ സംബന്ധിച്ച് പഠിപ്പിക്കുന്നു:

وَاخْفِضْ لَهُمَا جَنَاحَ الذُّلِّ مِنَ الرَّحْمَةِ وَقُل رَّبِّ ارْحَمْهُمَا كَمَا رَبَّيَانِي صَغِيرًا ﴿٢٥﴾

കരുണാർദ്രമായി നീ അവർക്ക് വിനയത്തിന്റെ ചിറകുകൾ താഴ്ത്തി ക്കൊടുക്കുക. 'എന്റെ നാഥാ, അവർ രണ്ടുപേരും ചെറുപ്രായത്തിൽ പോറ്റി വളർത്തിയത്പോലെ നീ അവർക്കും കരുണ ചെയ്യേണമേ' എന്ന് പ്രാർത്ഥിക്കുകയും ചെയ്യുക. (സുറഃ ബനീ ഇസ്റായീൽ 17: 25)

ഈ വചനത്തിന്റെ ആദ്യത്തെ ഭാഗത്ത് കാരുണ്യത്തിന്റെ ചിറക് താഴ്ത്തി കൊടുക്കാനാണ് പറയുന്നത്. അത് ഒരു പക്ഷി തന്റെ കുഞ്ഞുങ്ങൾക്ക് ചിറകിന്റെ കീഴിൽ അഭയം നല്കു ന്നത് പോലെയാണ്. ആ വചനത്തിന്റെ രണ്ടാമത്തെ ഭാഗ ത്ത് വിശുദ്ധ ഖുർആൻ മുതിർന്ന കുട്ടികൾക്ക് അവരുടെ പ്രായമേറിയ മാതാപിതാക്കൾക്ക് വേണ്ടി ചൊല്ലാനായി ഒരു പ്രാർത്ഥന പഠിപ്പിക്കുന്നു. സന്താനങ്ങൾ തങ്ങൾ ചെറിയ ശിശു ക്കളായിരുന്നപ്പോൾ അവരുടെ മാതാപിതാക്കൾ അവർക്ക് വേണ്ടി ചെയ്തത് പോലെ മക്കൾക്ക് ഒന്നും ചെയ്യാനാ വുകയില്ലെന്ന കാര്യം ഈ പ്രാർത്ഥനയിൽ ഉള്ളടങ്ങിയിരി ക്കുന്നു. മാതാപിതക്കന്മാർ തങ്ങളുടെ സന്താനങ്ങളെ ചെറു പ്രായത്തിൽ അത്യധികം കാരുണ്യത്തോടെയാണ് സംരക്ഷി ച്ചിരുന്നത്, ഈ പ്രാർത്ഥന മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ പറയുന്നു. നീതി പഠിപ്പിക്കുന്നതെന്തെന്നാൽ സന്താനങ്ങൾ യാതൊരു വിധത്തിലും മാതാപിതാക്കന്മാരോട് പരുഷമായി സംസാരിക്കാൻ പാടില്ല എന്നാണ്. എന്തെങ്കിലും അസഹി ഷ്ണുത അവർ കാണിക്കുകയാണെങ്കിൽ മക്കൾ ഓർക്കേ ണ്ടത് അവർ പ്രായമേറെ എത്തിയിരിക്കുന്നു എന്നാണ്. ഇത് അവർ കരുതിക്കൂട്ടി ചെയ്യുന്നതല്ല. ഇത് സ്വാഭാവികം മാത്ര

മാണ്. അവരുടെ കുട്ടിക്കാലം ഓർമ്മിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നത്, അവരുടെ ശൈശവത്തിലും തുടർന്നുള്ള കാലത്തും മാതാപിതാക്കൾക്ക് അവർ ഒരുപാട് പ്രയാസങ്ങൾ നല്കിയിട്ടുണ്ട്. അതെല്ലാം അവർ അത്യധികം ക്ഷമയോടെ സഹിച്ചിട്ടുണ്ട്. മക്കളെ പരോക്ഷമായി ഓർമ്മിപ്പിക്കുന്നത് നിങ്ങൾ നിങ്ങളുടെ മാതാപിതാക്കന്മാരുടെ വസ്ത്രങ്ങളിൽ അഴുക്കുകൾ വിസർജിച്ചിട്ടുണ്ട്. അവരുടെ രാത്രി കാലത്തെ ഉറക്കത്തെ നിങ്ങൾ ഇല്ലാതാക്കിയിട്ടുണ്ട്. നിങ്ങൾക്ക് വേണ്ടി അവർ രാത്രി മുഴുവനും ഉറക്കമൊഴിച്ചു കാത്തുനിന്നിട്ടുണ്ട്. പകൽ സമയത്ത് അവരുടെ വിലപ്പെട്ട പല വസ്തുക്കളും നിങ്ങൾ ഉടച്ചു കളഞ്ഞിട്ടുണ്ട്. ചിലപ്പോൾ പകൽ സമയത്ത് അവരെ വിശ്രമിക്കാൻ അനുവദിക്കാതിരുന്നിട്ടുണ്ട്. ചിലപ്പോൾ അവർ പകൽ തളർന്നുറങ്ങുമ്പോൾ നിങ്ങളുടെ അലമുറയിട്ട നിലവിളി അവരുടെ നിദ്രക്ക് ഭംഗമുണ്ടാക്കിയിട്ടുണ്ട്. നിങ്ങളിതെല്ലാം മറന്ന് പോയോ? അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ അവരോട് ക്ഷമ കൈകൊള്ളാനും ഒരിക്കലും അവരോട് കയർക്കാതിരിക്കാനും പറയുന്നത്.

പരിശുദ്ധ പ്രവാചക(സ)ന്റെ ഒരു രീതി ഖുർആനികാദ്ധ്യാപനങ്ങൾ പറയുമ്പോൾ ചിലപ്പോൾ അവിടുന്ന് ഉപമകളും കഥകളും പറഞ്ഞു കൊണ്ടാണ് വിവരിക്കുക. അത്തരം കഥകളും ഉപമകളും അവിടുത്തെ അനുയായികളിൽ വളരെ കാലത്തെ സ്വാധീനമാണ് ഉണ്ടാക്കുക. അവരെ അത് വൈകാരികമായി പ്രഭാവിതരാക്കും. ഒരിക്കൽ റസൂൽ തിരുമേനി(സ) മൂന്ന് യാത്രക്കാരുടെ ഒരു കഥ പറഞ്ഞു. അവർ മൂന്നു പേരും ഒരു ഗുഹയിൽ അഭയം തേടി. പെട്ടെന്ന് ഗുഹാ മുഖത്ത് ഒരു വലിയ പാറക്കല്ല് വന്നു വീണ് ഗുഹാമുഖം തീർത്തും അടഞ്ഞു പോയി. ഈ സമയത്ത് എന്താണ് ചെയ്യാൻ കഴിയുക എന്ന് അവർ മൂന്ന് പേരും പരസ്പരം ചർച്ച ചെയ്തു. പ്രാർത്ഥനക്ക് മാത്രമേ നമ്മെ ഈ വിപത്തിൽ നിന്നും രക്ഷിക്കാൻ കഴിയൂ എന്ന നിഗമനത്തിൽ അവരെത്തി. പക്ഷേ ദൈവത്തിന്റെ കാരുണ്യം അവരിൽ ഉണ്ടാവാൻ അവർ എങ്ങനെ പ്രാർത്ഥിക്കും? തങ്ങൾ തികച്ചും അല്ലാഹുവിന് വേണ്ടി മാത്രം ചെയ്ത

ഏറ്റവും നല്ല പ്രവൃത്തികളെ മുൻനിർത്തി പ്രാർത്ഥിക്കാം എന്നവർ തീരുമാനിച്ചു. അതിൽ ഒരാൾ താൻ ചെയ്ത സൽപ്രവൃത്തി ഇപ്രകാരമാണ് വിവരിച്ചത്. ഞാൻ യുവാവായിരുന്നപ്പോൾ എന്റെ മാതാപിതാക്കൾ വളരെ പ്രായമുള്ളവരായിരുന്നു. അവർക്ക് പാലും ഭക്ഷണവും നല്കാൻ ഞാൻ എന്റെ കാലികളുമായി എന്നും നേരത്തെ വീട്ടിൽ എത്താറുണ്ടായിരുന്നു. ഒരുദിവസം ഞാൻ വീട്ടിലെത്താൻ വളരെ വൈകി. അപ്പോഴേക്കും എന്റെ വൃദ്ധരായ മാതാപിതാക്കൾ ഉറങ്ങിപ്പോയിരുന്നു. എന്റെ മാതാപിതാക്കന്മാർക്ക് ആദ്യം പാലും ഭക്ഷണവും നല്കാതെ ഞാൻ കുടുംബത്തിനും കാലികൾക്കും ഭക്ഷണം നല്കാറില്ലായിരുന്നു. ഇതായിരുന്നു എന്റെ ശീലം. അങ്ങനെ ഞാൻ ആ രാത്രി മുഴുവൻ കട്ടിലിനരികെ ഒരു പാത്രത്തിൽ പാലുമായി നിന്നു. അവർ ഉറക്കത്തിൽ നിന്നും ഉണരുമെന്ന് കരുതി ഞാൻ അനങ്ങുകപോലുമുണ്ടായില്ല. അടുത്ത പ്രഭാതത്തിൽ അവർ എഴുന്നേറ്റപ്പോൾ ഞാൻ അവർക്ക് പാനം ചെയ്യാൻ പാൽ നല്കി. അതിന് ശേഷമാണ് വിശന്നിരിക്കുന്ന എന്റെ കുടുംബത്തിനും കാലികൾക്കും ഞാൻ ഭക്ഷണം നല്കിയത്.

'ഓ, എന്റെ അല്ലാഹുവേ, ഞാനത് മുഴുവനും ചെയ്തത് നിന്റെ പ്രീതി മാത്രം കാംക്ഷിച്ച് കൊണ്ടാണ്. പാറക്കല്ല് അൽപ്പം നീങ്ങാൻ വേണ്ടി നീ കനിയണം' ഗുഹാമുഖം മൂടിനിന്ന ആ പാറക്കല്ല് മൂന്നിൽ ഒരു ഭാഗം നീങ്ങി. ഇരുൾ മുറ്റിയ ഗുഹയിലേക്ക് പ്രകാശം കടന്നു വന്നു. അതിന്ന് ശേഷം പരിശുദ്ധ പ്രവാചകൻ(സ) മറ്റു രണ്ട് പേർ ചെയ്ത അസാധാരണമായ സൽകൃത്യങ്ങൾ വിവരിക്കുകയുണ്ടായി. ഒരോ ആളുടേയും പ്രാർത്ഥനക്ക് ശേഷം പാറ അൽപ്പാൽപ്പം നീങ്ങാൻ തുടങ്ങി. മൂന്നാമത്തെ ആളുടെ വിവരണം കഴിയുമ്പോഴേക്കും ഗുഹയിൽ കുടുങ്ങിയ മൂന്ന് പേർക്കും കടന്നു വരാൻ തക്കവിധം പാറ നീങ്ങി. ഗുഹയിൽ കുടുങ്ങിയ അവർ രക്ഷപ്പെടുകയും ചെയ്തു.[62] ബാക്കിയുള്ളവരുടെ കഥ ഇവിടെ പ്രസക്തമല്ലാത്തതിനാൽ ഞാൻ മുഴുവൻ പേരുടെയും കഥ ഇവിടെ വിവരിക്കുന്നില്ല. അല്ലാഹു ഏറെ ഇഷ്ടപ്പെടുന്നതും മാതാപി

താക്കന്മാരോട് അസാധാരണമാം വിധം കാരുണ്യം കാട്ടിയതുമായ ഒരാളുടെ കഥ മാത്രമാണ് വിവരിച്ചത്.

വിശുദ്ധ ഖുർആൻ നീതിയുടെ പ്രാധാന്യം എവിടെയും ഒരവസരത്തിലും അവഗണിച്ചിട്ടില്ല. ചിലപ്പോൾ ഈ വിഷയം ആളുകൾ മനസ്സിലാക്കുന്നതിൽ പരാജിതരാവുന്നു. നീതിയുടെ താൽപര്യങ്ങളുമായി കാരുണ്യം ചിലപ്പോൾ ഏറ്റുമുട്ടുന്നുവെന്ന് അവർ ധരിക്കുന്നു. എന്തായിരുന്നാലും നീതിയുടെ താൽപര്യങ്ങളുമായി പ്രതിബദ്ധതാപൂർവ്വം നിൽക്കുമ്പോഴും കാരുണ്യം നിർവ്വഹിക്കാൻ കഴിയുന്നു. വിശുദ്ധ ഖുർആൻ പ്രകാരം തീർച്ചയായും ഒരോ വ്യക്തിയോടുമുള്ള കടമകൾ ചെയ്ത് തീർക്കേണ്ടത് അനിവാര്യമാണ്. പക്ഷേ ഉന്നത വിതാനത്തിലെ കാരുണ്യവും അടുത്ത ബന്ധുക്കളോടെന്ന പോലെയുള്ള പെരുമാറ്റവും വൈരുദ്ധ്യങ്ങളില്ലാതെ നിർവ്വഹിക്കുകയും വേണം.

അല്ലാഹു പ്രഖ്യാപിക്കുന്നു, തീർച്ചയായും അവൻ ശക്തമായി ജനങ്ങളോട് താക്കീത് ചെയ്യുന്നത് മാതാപിതാക്കളോട് ഏറ്റവും കാരുണ്യപൂർവ്വം വർത്തിക്കണമെന്നാണ്. എന്തായിരുന്നാലും ഈ കാരുണ്യം കാട്ടേണ്ട ആവശ്യകതയും അല്ലാഹുവിനോടുള്ള അനുസരണവുമായി സംഘട്ടനത്തിൽ വരുമ്പോൾ നിങ്ങൾ അല്ലാഹുവിന് വേണ്ടി നിങ്ങളുടെ മാതാപിതാക്കളെ വിനയപൂർവ്വം നിരാകരിക്കുകയാണ് വേണ്ടത്. ഇത് കൂടാതെ മറ്റെല്ലാ ഭൗതിക കാര്യങ്ങളിലും നിങ്ങൾ അവരെ അനുസരിക്കുകയും അവരോട് കാരുണ്യം കാണിക്കുകയും ചെയ്യണം. മാതാപിതാക്കന്മാർ യാതൊരു അറിവുമില്ലാതെ അല്ലാഹുവിൽ പങ്കുകാരെ നിശ്ചയിച്ചു വിളിക്കുകയും അവരെ അനുസരിക്കാൻ ശഠ്കൂടുകയും ചെയ്താൽ പോലും അല്ലാഹുവിനോടുള്ള അനുസരണമാണ് ഒരാൾക്ക് എത്തിച്ചേരാൻ കഴിയുന്ന നീതിയുടെ എറ്റവും ഉന്നതമായ തലം.

وَوَصَّيْنَا الْاِنْسَانَ بِوَالِدَيْهِ حُسْنًا ؕ وَاِنْ جَاهَدٰكَ لِتُشْرِكَ بِىْ مَا لَيْسَ لَكَ
بِهٖ عِلْمٌ فَلَا تُطِعْهُمَا ؕ اِلَىَّ مَرْجِعُكُمْ فَاُنَبِّئُكُمْ بِمَا كُنْتُمْ تَعْمَلُوْنَ ﴿٩﴾

തന്റെ മാതാപിതാക്കന്മാർക്ക് നന്മ ചെയ്യണമെന്ന് മനുഷ്യനോട് അല്ലാഹു അനുശാസിച്ചിരിക്കുന്നു. ഇനി നിനക്ക് അറിവില്ലാത്ത വസ്തുക്കളെ എന്റെ കൂടെ പങ്കുകാരാക്കി വെക്കണമെന്ന് അവരിരുവരും നിന്നെ നിർബന്ധിക്കുന്നതായാൽ നീ അവരെ അനുസരിക്കരുത്. നിങ്ങളുടെ മടക്കം എന്റെ അടുത്തേക്ക് തന്നെയാണ്. നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് അപ്പോൾ ഞാൻ നിങ്ങൾക്ക് വിവരം തരും. (സൂറ:അൽ അൻകബൂത്ത് 29:9)

മേൽ വചനത്തിൽ മാതാപിതാക്കളെ അനുസരിക്കാതിരിക്കണമെന്ന് അല്ലാഹു പഠിപ്പിക്കുന്നില്ല. ദൈവത്തെ ബഹുമാനിക്കാൻ പഠിപ്പിക്കാൻ നിങ്ങൾ ആരാണ്? എന്ന് പരുഷമായി ചോദിക്കാനോ, അല്ലെങ്കിൽ ഞാൻ അല്ലാഹുവിനെ അനുസരിക്കും നിങ്ങളെ അനുസരിക്കില്ല! എന്ന് അവരോട് മറുപടി പറയാനോ സന്താനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നില്ല. ഇവിടെ പറയുന്നത് മനുഷ്യൻ അവൻ ശരിയാണെന്ന് ബോദ്ധ്യമുള്ളത് മാത്രം വിശ്വസിച്ചാൽ മതി എന്നാണ്. ഇത് അവരുടെ മൗലികാവകാശമാണ്. അവർക്ക് വ്യക്തിപരമായി അറിയാത്ത കാര്യങ്ങളിൽ വിശ്വസിക്കാൻ അവരെ നിർബന്ധിക്കാൻ പാടില്ല.

സഅ്ദബ്നു അബി വഖാസ്(റ)യിൽ നിന്നും നിവേദനം: എന്റെ ബിംബാരാധകയായ മാതാവിന്ന് ഞാൻ ചെലവിന്ന് കൊടുക്കാറുണ്ട്. ഞാൻ ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്തപ്പോൾ അവർ എന്നോട് പറഞ്ഞു: 'ഓ സഅ്ദ് നീ എന്ത് തരത്തിലുള്ള മതമാണ് വിശ്വസിച്ചിരിക്കുന്നത്.? നീ ഈ വിശ്വാസത്തിൽ നിന്ന് വിട്ട് പോരുക. അല്ലെങ്കിൽ ഞാൻ മരണംവരെ പട്ടിണി സമരം നടത്തും. അപ്പോൾ ജനങ്ങൾ എന്റെ മരണം കാരണം നിന്നെ കുറ്റപ്പെടുത്തും.' സഅ്ദിന്റെ(റ) മറുപടി ഇപ്രകാരമായിരുന്നു: 'അല്ലയോ എന്റെ മാതാവേ, നിങ്ങൾ അപ്രകാരം ചെയ്യുകയാണെങ്കിലും ഞാൻ എന്റെ വിശ്വാസത്തിൽ നിന്നും പിൻമാറില്ല' പക്ഷേ അദ്ദേഹത്തിന്റെ മാതാവ് സഅ്ദിന്റെ ഈ താക്കീത് അവഗണിച്ചു. ഒരു പകലും രാത്രിയും പട്ടിണി സമരം കിടന്നു. വളരെ അധികം അവർ

കഷ്ടപ്പെട്ടു. അപ്പോൾ സഅദ് അവരെ അഭിസംബോധന ചെയ്ത് പറഞ്ഞു: അല്ലയോ 'എന്റെ പ്രിയപ്പെട്ട മാതാവേ, ഞാനിതാ പ്രതിജ്ഞ ചെയ്യുന്നു. നിങ്ങൾ ഒരു നൂറു ജന്മമെടുത്താലും, ഒരോ ജീവനും ഒന്നിന്ന് പിറകെ ഒന്നായി എന്റെ മുമ്പിൽ വെച്ച് ഉപേക്ഷിച്ചാലും ഞാൻ എന്റെ വിശ്വാസം ഉപേക്ഷിക്കില്ല.' അവരുടെ മകന്റെ ഭാഗത്ത് നിന്നുള്ള ഈ ഉറച്ച നിലപാട് കണ്ടപ്പോൾ അവരുടെ നിരാഹാര സമരം ഉപേക്ഷിച്ചു. എന്നിട്ട് സാധാരണ പോലെ ഭക്ഷണം കഴിക്കാൻ ആരംഭിച്ചു.[63]

ഈ സംഭവം സഅദ് തന്നെ ആധികാരികമായി നിവേദനം ചെയ്തതാണ്. നാം ഇപ്പോൾ ചർച്ച ചെയ്യുന്ന വചനം ഈ സംഭ വത്തിന്ന് ശേഷം ഇറങ്ങിയതാണ്.

## മാതാപിതാക്കന്മാരുടെ മരണശേഷവും അവർക്ക് വേണ്ടി നന്മ ചെയ്യുന്ന മനോഹരമായ അദ്ധ്യാപനങ്ങൾ

അബൂ സഅദ്[റ] നിവേദനം ചെയ്യുന്നു. അദ്ദേഹം ഒരിക്കൽ പരി ശുദ്ധ പ്രവാചക[സ]ന്റെ സവിധത്തിൽ ഇരിക്കുമ്പോൾ, ബനൂ സലാമ ഗോത്രത്തിൽ പെട്ട ഒരാൾ അവിടുത്തെ സമീപിച്ചു. എന്നിട്ട് ഇപ്രകാരം യാചിച്ചു. 'അല്ലയോ അല്ലാഹുവിന്റേ ദൂതരേ, മാതാപിതാക്കന്മാരുടെ മരണത്തിന് ശേഷവും അവർക്ക് നന്മ ചെയ്യാൻ കഴിയുന്ന എന്തെങ്കിലും എനിക്ക് പിന്തുടരാനുള്ള വഴിയുണ്ടോ?' പരിശുദ്ധ പ്രവാചകൻ[സ] പ്രതിവചിച്ചു. 'അതെ, അവരുടെ മരണത്തിന്ന് ശേഷം അവർക്ക് വേണ്ടി മാപ്പ് ലഭിക്കുന്ന തിന് പ്രാർത്ഥിച്ചു കൊണ്ടിരിക്കുക. അവർ ചെയ്ത വാഗ്ദാനങ്ങളും പ്രതിജ്ഞകളും നിറവേറ്റുക. അവരുടെ സ്നേഹിതന്മാരെ ആദ രിക്കുക അവരുടെ ബന്ധുക്കളേയും മിത്രങ്ങളേയും സൽക്ക രിക്കുക. അവർ മുഖേന നിങ്ങൾ ബന്ധപ്പെടുന്നവർക്കെല്ലാം കരു ണചെയ്യുക.'[64]

ഔദാര്യത്തിന്റേയും ബന്ധുത്വത്തിന്റേയും വിഷയം തലചു റ്റിക്കുന്ന ഉയരത്തിലാണ് ഇവിടെ വിവരിച്ചിട്ടുള്ളത്. ഇതിന് മുമ്പ്, ജീവിച്ചിരിക്കുന്ന മാതാപിതാക്കന്മാരെ പറ്റിയുള്ള അദ്ധ്യാ പനങ്ങളാണ് പ്രതിപാദിച്ചത്. അവരുടെ മരണശേഷം ഔദാ

ര്യത്തിന്റെ വിഷയം ഇവിടെ ചർച്ച ചെയ്തു. ഒരാൾ ഇഷ്ടപ്പെടുന്ന വിധം അയാൾ തന്റെ മാതാപിതാക്കന്മാരെ സേവിച്ചാലും അവർ ചെയ്ത നന്മകൾക്ക് പകരം നല്കാൻ സാദ്ധ്യമല്ല. മാതാപിതാക്കൾ നിങ്ങൾക്ക് വേണ്ടി ചെയ്യുന്ന നന്മകളായിരിക്കും കവിഞ്ഞ് നിൽക്കുക. മാതാപിതാക്കളെ സേവിക്കുന്നതിൽ പരാജയപ്പെട്ടതിന്റെ പാശ്ചാത്താപത്തിന് അവർ ജീവിച്ചിരിക്കുന്ന കാലത്ത് ഉള്ളത്പോലെ സാന്ത്വനം നൽകേണ്ടിയിരിക്കുന്നു. മേൽ പതിപാദിച്ച പരിശുദ്ധ പ്രവാചക(സ)ന്റെ ഉപദേശത്തിൽ ഈ വിഷയത്തെക്കുറിച്ച് സമഗ്രമായ മാർഗ്ഗ നിർദ്ദേശമുണ്ട്. പരിശുദ്ധ പ്രവാചകൻ(സ) അത് വളരെയധികം വിശദീകരിച്ച് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഒരാളുടെ മാതാപിതാക്കന്മാർ അവരുടെ ജീവിത കാലത്ത് മരിച്ചുവെങ്കിൽ അവർ തിരിച്ചടക്കാത്ത കടങ്ങൾ കഴിയുന്നത്ര കൊടുത്ത് വീട്ടാൻ മക്കൾ ബാദ്ധ്യസ്ഥരാണ്. ഇക്കാലത്ത് പല സന്താനങ്ങളും ഇത് വേണ്ടവിധം ഗൗനിക്കുന്നില്ല എന്നത് ദൗർഭാഗ്യകരമാണ്. ചില സന്താനങ്ങൾക്കരികെ അവരുടെ മാതാപിതാക്കൾ കൊടുത്ത് വീട്ടാത്ത കടങ്ങൾ ആവശ്യപ്പെട്ട് സമീപിക്കുമ്പോൾ അവർ ധിക്കാരപൂർവ്വം വിഢിത്ത പൂർണ്ണമായ ഒരു പരിഹാസത്തോടെ നല്കുന്ന മറുപടി, 'കടം വീട്ടാതെ മരിച്ച ആളുടെ അടുത്ത് പോയി നിങ്ങൾക്ക് തരാനുള്ളത് ചോദിക്കുക. ഞങ്ങൾക്ക് അത് കൊടുത്തു വീട്ടാനുള്ള യാതൊരു ബാദ്ധ്യതയുമില്ല' എന്നാണ്. ഇതാണ് പരിശുദ്ധ പ്രവാചക(സ)ന്റെ ഉപദേശത്തോടുള്ള ധിക്കാരപരമായ അവഹേളനം.

ഇബ്നു അബ്ബാസിൽ (റ) നിന്നും നിവേദനം: സഅദ്ബ്നും ഉബാദ(റ)യുടെ മാതാവ് അദ്ദേഹത്തിന്റെ അഭാവത്തിലാണ് മരിച്ചത്. അദ്ദേഹം തിരിച്ച് വീട്ടിലെത്തിയപ്പോൾ പരിശുദ്ധ പ്രവാചക(സ)നെ സമീപിച്ചു. അവിടുത്തോട് ചോദിച്ചു.' ഞാൻ എന്തെങ്കിലും അവരുടെ പേരിൽ ദാനം നല്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവർക്ക് അതിൽ നിന്നും പ്രതിഫലം ലഭിക്കുമോ?' പരിശുദ്ധ പ്രവാചകൻ(സ) പറഞ്ഞു: 'അതെ, അവർക്ക് ലഭിക്കും. ഈ അവസരത്തിൽ സഅദ്ബ്നു ഉബാദ(റ) ബഹുമാനപൂർവ്വം പറഞ്ഞു: 'പാവങ്ങളുടെ സേവ

നത്തിന്നായി ഇന്നയിന്ന തോട്ടങ്ങൾ ഞാൻ എന്റെ മാതാവിന് വേണ്ടി സമർപ്പിക്കുന്നു. അങ്ങേക്ക് എന്റെ സാക്ഷിയാകാം'[65]

## മരിച്ചു പോയ മാതാപിതാക്കൾക്ക് പൊറുതി തേടുക

സുനൻ ഇബ്നു മാജയിൽ അബൂ ഹുറയ്റയിൽ[റ] നിന്നും നിവേദനം ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം പറയുന്നു: സ്വർഗ്ഗത്തിൽ ചില മാതാപിതാക്കളുടെ ആത്മീയ പദവികൾ ഉയർത്തപ്പെടുന്നതാണ്. അപ്പോൾ അവർ അത്ഭുതത്തോടെ ചോദിക്കും: 'ഇത് എന്തിനാണ്?' അവർക്ക് ഇങ്ങനെ ഉത്തരം നല്കപ്പെടും 'ഇത് നിങ്ങൾക്ക് വേണ്ടി നിങ്ങളുടെ സന്താനങ്ങൾ പാപപ്പൊറുതി തേടിയത് കൊണ്ടാണ്.'[66]

ഇങ്ങനെ പരിശുദ്ധ പ്രവാചകൻ[സ] മാതാപിതാക്കളുടെ മരണത്തിന്ന് ശേഷം പോലും സന്താനങ്ങൾ അവർക്ക് വേണ്ടി ചെയ്യുന്ന പാപപൊറുതിയും സൽകൃത്യങ്ങളും വ്യഥാവിലാവില്ല എന്ന് ഉറപ്പ് തരുന്നു. അത് വെറും ഒരു വൈകാരിക പ്രകടനമല്ല. ഇത് മൂലം തീർച്ചയായും മരണപെട്ട മാതാപിതാക്കന്മാർക്ക് പ്രതിഫലം നല്കപ്പെടുന്നതാണ്.

## സന്താനങ്ങൾക്ക് മാതാപിതാക്കന്മാരുടെ മേലുള്ള അവകാശം

മാതാപിതാക്കന്മാർക്ക് അവരുടെ സന്താനങ്ങളുടെ മേൽ അവകാശങ്ങളുണ്ട്. വിശുദ്ധ ഖുർആൻ മാതാപിതാക്കന്മാരുടെമേൽ സന്താനങ്ങൾക്കുള്ള അവകാശത്തെ കുറിച്ച് തീർച്ചയായും പറയുന്നുണ്ട്:

قَدْ خَسِرَ الَّذِيْنَ قَتَلُوْٓا اَوْلَادَهُمْ سَفَهًۢا بِغَيْرِ عِلْمٍ وَّحَرَّمُوْا مَا رَزَقَهُمُ اللّٰهُ افْتِرَآءً عَلَى اللّٰهِ ؕ

തങ്ങളുടെ സന്തതികളെ അതിന്റെ യാഥാർത്ഥ്യമറിയാതെ വധിച്ചവർ വൻ നഷ്ടത്തിലാണ്. അത്പോലെ അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ചു കൊണ്ട് അല്ലാഹു നല്കിയത് നിഷിദ്ധമാക്കുകയും (നിയമ വിരുദ്ധമാക്കുകയും) ചെയ്തവർ തീർച്ചയായും നഷ്ടത്തിലാണ്.(അല്ലാഹു അവർക്കത് നിരോധിച്ചിട്ടില്ല) (സൂറ: അൻആം 6: 141)

അതേ വിഷയം മറ്റൊരു വചനത്തിൽ വിശുദ്ധ ഖുർആൻ പറയുന്നു:

وَلَا تَقْتُلُوٓا۟ أَوْلَٰدَكُم مِّنْ إِمْلَٰقٍ ۖ نَّحْنُ نَرْزُقُكُمْ وَإِيَّاهُمْ ۖ

ദാരിദ്ര്യം ഭയന്ന് നിങ്ങളുടെ സന്തതികളെ നിങ്ങൾ വധിക്കരുത്. (സൂറ: അൻആം 6: 152)

ഈ രണ്ടു വചനങ്ങളിലും 'വധം' എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. അത് ശാരീരികമായ വധം എന്ന രീതിയിലുള്ള പ്രയോഗമല്ല. അത് ആലങ്കാരികമായ ഒരു പ്രയോഗമാണ്. അർത്ഥം ഇങ്ങനെയാണ്. അവരെ ആത്മീയമായി കൊല്ലുന്ന വിധത്തിലേക്ക് നിങ്ങൾ അവരെ കൊണ്ടുവരരുത്. മറ്റൊരർത്ഥം കുട്ടികളുണ്ടായാൽ അമിതഭാരം ഉണ്ടാവുമെന്ന് കരുതി യാതൊരു വിധത്തിലുമുള്ള കുടുംബാസൂത്രണവും മേൽ പറഞ്ഞ അതേ കാരണം കൊണ്ട് നിങ്ങൾ അവലംബിക്കരുത്. നിങ്ങൾക്ക് നല്കുന്നത് പോലെ തന്നെ അവർക്കും അല്ലാഹുവാണ് നല്കുന്നത്. ഈ വചനത്തിൽ ഭക്ഷ്യക്ഷാമം ഭയന്ന് പിൽക്കാലത്തുണ്ടാകുന്ന കുടുംബാസൂത്രണത്തിനെതിരെ ഒരു ആഗോള യുദ്ധം തന്നെയാണ് അല്ലാഹു പ്രഖ്യാപിച്ചിട്ടുള്ളത്.

ചിലപ്പോൾ ദാരിദ്ര്യം ഭയന്ന് ആളുകൾ അവരുടെ കുഞ്ഞുങ്ങളെ ഗർഭഛിദ്രം ചെയ്യാറുണ്ട്. അത്തരം ഗർഭഛിദ്രങ്ങളാണ് ഇവിടെ കുട്ടികളെ കൊല്ലുന്നതായി വിവരിച്ചിട്ടുള്ളത്. ഇതിന്ന് ആന്തരികമായ പല അർത്ഥങ്ങളുമുണ്ട്. ഒന്നാമത്തെ അർത്ഥം ദാരിദ്ര്യം ഭയന്ന് ഇതുവരെ ജനിച്ചിട്ടില്ലാത്ത ശിശുവിനെ ഗർഭ ഛിദ്രം ചെയ്യരുത്. നിർഭാഗ്യകരം എന്ന് പറയട്ടെ ലോകം ഇന്ന് ശിശുവിന്റെ ഈ അവകാശത്തെ അവഗണിക്കുക മാത്രമല്ല ചെയ്യുന്നത്, ഗർഭസ്ഥ ശിശുവിന്റെ ഈ അവകാശത്തെ എതിർക്കുന്ന എല്ലാ നടപടികളും എടുക്കുകയും ചെയ്യുന്നു. ഇന്ന് ആഗോളതലത്തിൽ പ്രചരിച്ചുകൊണ്ടിരിക്കുന്ന കുടുംബാസൂത്രണ പദ്ധതികൾ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നതും ഇത് തന്നെയാണ്.

ചില ആളുകൾ തെറ്റായി ധരിച്ചിരിക്കുന്നത് ചില അറബികൾ അവരുടെ കുഞ്ഞുങ്ങളെ വധിച്ചിരുന്ന പഴയ കാലത്തേക്ക് മാത്രമേ ഈ വചനം ബാധകമാകുന്നുള്ളൂവെന്നാണ്. ഇത് തീർച്ചയായും തെറ്റാണ്. ഈ വചനം ദാരിദ്ര്യം ഭയന്ന് കുഞ്ഞുങ്ങളെ വധിക്കുന്ന അറബ് ആചാരത്തെ കുറിച്ച് ഒരിക്കലും പരാമർശിക്കുന്നില്ല. ദുരഭിമാനത്താൽ പെൺകുട്ടികൾ ജനിച്ചു പോയാൽ അത് ലജ്ജാകരമാണെന്ന് അവർ കരുതിയിരുന്നു. ഈ ഒരു ആചാരം വളരെ കുറച്ച് അറബികളിൽ അപൂർവ്വം മാത്രമേ നടന്നിരുന്നുള്ളൂ. അത് ഒരിക്കലും ഒരു പൊതു ആചാരമായിരുന്നില്ല. അങ്ങനെ അതൊരു പൊതു ആചാരമായിരുന്നുവെങ്കിൽ അറബ് ലോകം സ്ത്രീകളില്ലാതെ ഇതിനകം പൂർണ്ണമായും ഉന്മൂലനം ചെയ്യപ്പെട്ടിരുന്നേനെ. അവർ ആൺ സന്താനങ്ങളെ വധിച്ചിരുന്നില്ല. പ്രത്യേകം ശ്രദ്ധിക്കേണ്ടത് 'ഔലാദ്' എന്ന പദം അറബിയിൽ ആൺകുട്ടികൾക്കും പെൺകുട്ടിക്കൾക്കും പൊതുവേ ഉപയോഗിക്കുന്ന പേരാണ്.

ഇന്ന് വ്യാപകമായി പ്രചരിച്ചുകൊണ്ടിരിക്കുന്ന കുടുംബാസൂത്രണ പദ്ധതിയുടെ അദ്ധ്യാപനങ്ങൾ പ്രത്യേകം താക്കീതായി പറയുന്നത്, ദരിദ്രരാജ്യങ്ങൾ ആധുനിക ഉപാധികൾ ഉപയോഗിച്ച് ഗർഭധാരണം തടഞ്ഞില്ലെങ്കിൽ അവർ അന്തിമമായി പട്ടിണി കിടന്ന് മരിക്കുമെന്നാണ്. വിശുദ്ധ ഖുർആൻ ഇതിന്നെതിരെ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഒരു വിശുദ്ധ യുദ്ധം പ്രഖ്യാപിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആൻ അവതരിച്ച ആ കാലത്ത് ജനസംഖ്യാ സ്ഫോടനത്തിന്റെ ആസന്നമായ ഒരു ഭീഷണി ഇല്ലായിരുന്നു. വിശുദ്ധ ഖുർആൻ പ്രകാരം ഇത് ദൈവത്തിനെതിരെയുള്ള ഒരു നിഷേധം മാത്രമല്ല, അവന്റെ ആസൂത്രണത്തിനെതിരെയുള്ള നിരാകരണം കൂടിയാണ്. അതിനർത്ഥം അല്ലാഹുവിന്റെ പദ്ധതി വികലവും അവന്റെ സൃഷ്ടികൾക്കിടയിൽ സന്തുലനം എങ്ങനെ പാലിക്കണം എന്ന് അവന് അറിയില്ല എന്നുമാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു എവിടെയാണോ കുടുംബാസൂത്രണം നിരോധിച്ചത് കുടുംബാസൂത്രകരുടെ

ഭക്ഷണക്ഷാമത്തെ പറ്റിയുള്ള ഭീതിക്ക് വേണ്ടത് ചെയ്തിട്ടുമുണ്ട്. അല്ലാഹുവിന്റെ പ്രവാചകന്റെ(സ) ഒരു അനുചരൻ വിവരിക്കുന്നു, ദാരിദ്ര്യം ഭയന്ന് അവർ ഗർഭഛിദ്രം ചെയ്യാറില്ലായിരുന്നു. മറ്റു കാരണങ്ങളാൽ അവർ കൈക്കൊണ്ടിരുന്ന ഒരേയൊരു ആചാരം, ഗർഭം തടയുന്നതിന് ചില ഉപാധികൾ അവർ സ്വീകരിച്ചിരുന്നു എന്നതാണ്.

## ഖുർആനികാദ്ധ്യാപനങ്ങളിലെ വിവേകജ്ഞാനം

ദരിദ്ര രാജ്യങ്ങളിലെ ജനങ്ങൾ വിചാരിക്കുന്നത് കൂടുതൽ കുട്ടികൾ  അവർക്കുണ്ടായാൽ വിശപ്പിനെപ്പറ്റിയുള്ള ഭീതി അവർക്ക് അത്രയും കുറയുമെന്നാണ്. കൂടുതൽ കുട്ടികൾ ഉണ്ടായാൽ അവർക്ക് ദൂരവ്യാപകമായ നിരവധി മറ്റു ഗുണങ്ങൾ ഉണ്ടാകുമെന്നും അവർ കരുതുന്നു. വാസ്തവത്തിൽ പാവപ്പെട്ട മാതാപിതാക്കന്മാരുടെ സന്താനങ്ങൾ അവർക്ക് ഒരു ഭാരമാകുന്നതിന് പകരം ആഹാരം ഉൽപ്പാദിപ്പിക്കുന്നതിൽ സഹായിക്കുകയാണ് ചെയ്യുന്നത്. നന്നെ ചെറുപ്പത്തിൽ തന്നെ അവരെ കാർപ്പറ്റ് നിർമ്മിക്കുന്നത് പോലെയുള്ള ഫാക്റ്ററികളിലേക്ക് അയക്കുന്നു. അത് അവരുടെ കുടുംബ സമ്പത്തിനെ പുഷ്ടിപ്പെടുത്തുന്നു. അത്വഴി രാജ്യത്തിന്റെ സമ്പദ് ഘടനയും ശക്തിപ്പെടുന്നു. സമ്പന്ന രാജ്യങ്ങളിൽ ഇത് കുട്ടികളോട് ചെയ്യുന്ന ക്രൂരതയായി മുറവിളികൂട്ടാറുണ്ട്. എന്നാൽ ഇത് ദരിദ്രരാജ്യങ്ങളിലെ സാമ്പത്തിക അതിജീവനത്തിന്റെ പ്രശ്നമാണ്. മറ്റൊന്ന് ദരിദ്ര രാജ്യങ്ങളിലെ ജനസംഖ്യാവർദ്ധനവ് സമ്പന്ന രാജ്യങ്ങളിലേക്ക് കുടിയേറാൻ നിർബന്ധിതരാക്കുന്നു. അവിടെ അവർക്ക് കൂടുതൽ സമ്പാദിക്കാനുള്ള അവസരങ്ങളുണ്ടാകുന്നു. ഈ അധിക വരുമാനം തങ്ങളുടെ വീടുകളിലേക്ക് അയച്ചുകൊടുക്കുന്നു. അത് അവരുടെ പാവപ്പെട്ട കുടുബത്തിന്റെ ജീവിത നിലവാരവും വിദ്യാഭ്യാസവും മെച്ചപ്പെടുത്തുന്നു. മാത്രമല്ല ധനിക രാജ്യങ്ങളിൽ നിന്നും ദരിദ്ര രാജ്യങ്ങളിലേക്കുള്ള പണത്തിന്റെ കൈമാറ്റത്തിലൂടെ രാജ്യം മുഴുവൻ അതിന്റെ മെച്ചം അനുഭവിക്കുകയും ചെയ്യുന്നു.

ദരിദ്ര രാജ്യങ്ങളിലെ ജനപ്പെരുപ്പത്തിന്റെ മറ്റൊരു മെച്ചം മൂന്നാംലോക രാജ്യങ്ങളിൽ നിന്നും സമ്പന്ന ലോക രാജ്യ ങ്ങളിലേക്കുള്ള ജനങ്ങളുമായുള്ള നിരന്തര മിശ്രണമാണ്. അത് ഒരു രാജ്യത്ത് നിന്നും മറ്റൊരു രാജ്യത്തേക്ക് കാറ്റ് പരാഗരേണുക്കൾ വഹിച്ചു കൊണ്ടു പോകുന്നത്പോലെയാണ്. അവിടെ നിരന്തമായ സങ്കലനം നടക്കുന്നു. ദരിദ്രരാജ്യങ്ങ ളിലെ ജനസംഖ്യാ വർദ്ധനവ് കൊണ്ട് അല്ലാഹു ഇപ്രകാരം പല ഗുണങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ടായിരിക്കണം. പക്ഷേ ജനങ്ങൾ കുറച്ച് കാര്യങ്ങളെ മനസ്സിലാക്കുന്നുള്ളൂ.

ഈ തൊഴിലാളി ശക്തി ധനിക രാജ്യങ്ങളിൽ മുഴുനീളെ പരക്കുന്നു. അവർക്ക് നിയമപരവും നിയമ വിരുദ്ധവുമായ ഈ തൊഴിലാളി കുടിയേറ്റത്തെ തടയാൻ സാധിക്കുന്നില്ല. വാസ്തവത്തിൽ കുടിയേറ്റ തൊഴിലാളികൾക്ക് കുറഞ്ഞ വേതനം നല്കുന്നത് സമ്പന്ന രാജ്യങ്ങളുടെ മാത്രം ഗുണത്തിന്ന് വേണ്ടിയാണെന്നാണ് അവരുടെ സാമ്പത്തിക വിദഗ്ധന്മാർ മനസ്സിലാക്കിയിരിക്കുന്നത്. ദരിദ്ര രാജ്യങ്ങളിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ ജനപ്പെരുപ്പം ലോകത്തിന്റെ ഭാഗധേയം തന്നെ മാറ്റിമറിച്ചുക്കൊണ്ടിരിക്കുകയാണ്. ദരിദ്ര രാജ്യങ്ങളിലെ ഈ കുടിയേറ്റക്കാർ വിദേശ രാജ്യങ്ങളിലെ പുതിയ കണ്ടുപിടുത്തങ്ങൾ കാണുന്നു. അതിൽ ചിലത് അവർ ജനിച്ച രാജ്യങ്ങളിലെ ദരിദ്ര കുടുംബങ്ങളിലേക്കയക്കുന്നു. അവരിൽ പ ലരും അത് നിർമ്മിക്കുന്ന സാങ്കേതിക വിദ്യ പഠിക്കുന്നു. പിന്നീട് ഈ സാങ്കേതിക ജ്ഞാനം തങ്ങളുടെ സ്വന്തം രാജ്യത്തേക്ക് കയറ്റി അയക്കുന്നു. അങ്ങനെ പുതിയ ഉപകരണങ്ങൾ ഉണ്ടാക്കുന്ന സാങ്കേതിക വിദ്യകൾ നിരന്തരം പരിഷ്ക്കരിക്കപ്പെടുന്നു. അതേ ജനങ്ങളിൽ നിന്നും ഒരു വിഭാഗം മതിയായ സമ്പത്ത് ആർജിച്ച് കഴി ഞ്ഞാൽ, അവർ തങ്ങളുടെ സ്വന്തം രാജ്യത്ത് വലിയ വ്യവ സായങ്ങൾ സ്ഥാപിക്കുന്നു. അങ്ങനെ ലോകത്ത് വൻ മാറ്റങ്ങൾ സംഭവിക്കുന്നു. ചില അധിനിവിഷ്ടിത രാജ്യങ്ങളിലും പുതിയ സാമൂഹിക സാംസ്ക്കാരിക സാമ്പത്തിക രാഷ്ട്രീയ മാറ്റങ്ങൾ ഉണ്ടായിക്കഴിഞ്ഞു. ഇതിൽ ദരിദ്ര രാജ്യങ്ങളിലെ ജനസംഖ്യാ സമ്മർദ്ദങ്ങൾ വലിയ പങ്കാണ് വഹിക്കുന്നത്.

പാശ്ചാത്യ രാജ്യങ്ങളുടെ കുടുംബാസൂത്രണ പ്രചാരണങ്ങളുടെ വലയിൽ കുടുങ്ങിപ്പോവുന്ന ചില ദരിദ്ര രാജ്യങ്ങളിലെ ഭരണകൂടങ്ങൾ, യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെ അവർക്ക് തന്നെ വിനയായി മാറുന്ന മണ്ടത്തരങ്ങൾ പ്രവർത്തിക്കുന്നു. അക്കൂട്ടരെ സംബന്ധിച്ചാണ് ഖുർആൻ പറയുന്നത് 'നഷ്ടപ്പെട്ട ജനത' യെന്ന്.

ഇതിന്ന് വിരുദ്ധമായി പല സമ്പന്ന രാജ്യങ്ങളും അവരുടെ ജനസംഖ്യ വർദ്ധിപ്പിക്കാൻ പല ഉപാധികളും സ്വീകരിക്കുന്നു. ഉദാഹരണത്തിന്ന് ജർമ്മനി ജനസംഖ്യ വർദ്ധിപ്പിക്കാൻ കുടുംബങ്ങൾക്ക് പലവിധ പ്രോത്സാഹനങ്ങളും നല്കുന്നു. അവിടെ കൂടുതൽ കുട്ടികളുള്ള കുടുംബങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ സമ്പാദിക്കാം. അത്പോലെയുള്ള നടപടികളാണ് ഇംഗ്ലണ്ടും പ്രത്യേകിച്ച് നോർവേയും സ്വീകരിക്കുന്നത്. വിദഗ്ധന്മാരുടെ അഭിപ്രായ പ്രകാരം നോർവീജിയൻ ജനത നിരന്തരമായി ഇത്തരത്തിൽ കുറച്ച് കുട്ടികളെ അല്ലെങ്കിൽ തീരെ കുട്ടികളില്ലാത്ത ജനസംഖ്യാശോഷണം നിരന്തരമായി അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. അടുത്ത 15-20 വർഷങ്ങൾക്കുള്ളിൽ നോർവീജിയൻ ജനങ്ങൾ അവരുടെ സ്വന്തം രാജ്യത്ത് ഒരു ന്യൂനപക്ഷമായി മാറും. ഒരു പക്ഷേ നോർവേയുടെ രാഷ്ട്രീയാധികാരം പിടിച്ചെടുക്കാൻ തക്ക വണ്ണം കുടിയേറ്റക്കാരുടെ ജനസംഖ്യ വർദ്ധിച്ചേക്കാം.

## സ്വന്തം സന്താനങ്ങൾക്കിടയിൽ നീതിയോടു ചേർന്നു നിൽക്കാനുള്ള അദ്ധ്യാപനങ്ങൾ

മാതാപിതാക്കന്മാർക്ക് മീതെ തങ്ങളുടെ സന്താനങ്ങളുടെ അവകാശങ്ങളെ പറ്റി പറയുമ്പോൾ ഖുർആൻ നിർബന്ധമായി രക്ഷിതാക്കന്മാരോട് പറയുന്നത് ചില മക്കളിൽ ചിലർക്ക് മാത്രം പ്രത്യേകം പരിഗണന നല്കാൻ പാടില്ല എന്നാണ്. അല്ലാഹു ജനങ്ങൾക്ക് അവരുടെ സ്വത്തിന്റെയും മക്കളുടെയും ഉടമസ്ഥാവകാശം ഏൽപ്പിക്കുമ്പോൾ അതിനർത്ഥം അവർക്ക് അതിന്മേൽ പരിധിയില്ലാത്ത അവകാശം ഉണ്ടെന്നല്ല. അതിന്റെയെല്ലാം പരമാധികാരം അല്ലാഹുവിന്

മാത്രമാണ്. മനുഷ്യനുള്ള എല്ലാ ഉടമസ്ഥാവകാശങ്ങളും അവൻ നല്കിയതാണ് എന്നാണ്.

ഉടമസ്ഥാവകാശത്തിന്റെ തത്ത്വശാസ്ത്രം വിശുദ്ധ ഖുർആൻ ഒരേ രീതിയിൽ ആവർത്തിച്ച് വിവരിക്കുന്നുണ്ട്. ഈ തത്ത്വശാസ്ത്ര പ്രകാരം മനുഷ്യന് നല്കപ്പെട്ട ഉടമസ്ഥാവാകശം താൽക്കാലികമാണ്. അല്ലാഹുവാണ് എല്ലാറ്റിന്റേയും ഉടമസ്ഥൻ. അതുകൊണ്ട് മനുഷ്യന് ഏൽപ്പിക്കപ്പെട്ട എല്ലാ ഉടമസ്ഥാവകാശത്തിനും അവൻ അല്ലാഹുവിനോട് ഉത്തരം പറയേണ്ടതുണ്ട്. ഒരാളുടെ സ്വന്തം കുഞ്ഞ് പോലും അയാൾക്ക് ഏൽപ്പിക്കപ്പെട്ട ഒരു വിശ്വസ്ത വസ്തുവാണ്, അതിനോട് അനീതിയോടെ പെരുമാറാൻ പാടില്ല.

നുഅ്മാനുബ്നു ബശീറിൽ(റ) നിന്നും നിവേദനം: ഒരിക്കൽ അദ്ദേഹത്തിന്റെ പിതാവ് തിരുദൂതരുടെ(സ) അടുത്തേക്ക് അദ്ദേഹത്തെ കൂട്ടിക്കൊണ്ടു പോയി. എന്നിട്ട് പറഞ്ഞു: ഞാൻ നുഅ്മാന് ഒരു അടിമയെ സമ്മാനമായി നല്കിയിരിക്കുന്നു എന്ന്. ആ സന്ദർഭത്തിൽ പരിശുദ്ധ പ്രവാചകൻ(സ) നിങ്ങളുടെ മക്കൾക്ക് ഓരോരുത്തർക്കും അടിമയെ സമ്മാനിച്ചിട്ടുണ്ടോ? എന്ന് ചോദിച്ചു. അദ്ദേഹത്തിന്റെ പിതാവ് മറുപടി പറഞ്ഞു: 'ഇല്ല. ഈ ഒരു മകന് മാത്രമേ ഞാൻ ഒരു അടിമയെ സമ്മാനിച്ചിട്ടുള്ളൂ'. പ്രവാചകൻ(സ) പറഞ്ഞു: 'താങ്കൾ സമ്മാനം തിരികെ വാങ്ങുക'. അപ്രകാരം അദ്ദേഹം ചെയ്തു. മറ്റൊരു നിവേദനത്തിൽ പരിശുദ്ധ പ്രവാചകൻ(സ) അദ്ദേഹത്തെ താക്കീത് ചെയ്യുകയുണ്ടായി. 'നിങ്ങൾക്ക് അല്ലാഹുവിനെ ഭയമില്ലേ? നിങ്ങൾ നിങ്ങളുടെ കുട്ടികളോട് എല്ലാവരോടും ഒരുപോലെ നീതിയോടും തുല്യതയോടും പെരുമാറുക.' അവിടുന്ന് ഇത് വിശദീകരിച്ചപ്പോൾ നുഅ്മാന്റെ പിതാവിനോട് പറയുകയുണ്ടായി. 'എന്റെ മുമ്പിൽ വെച്ച് ഈ സമ്മാനത്തെ പറ്റി താങ്കൾ മകനോട് പറഞ്ഞപ്പോൾ ഈ തെറ്റായ ഇടപാടിന് നിങ്ങൾ എന്നെ സാക്ഷിയാക്കിയത് പോലെയായി. ഞാൻ ഒരിക്കലും തെറ്റായ ഇടപാടുകൾക്ക് സാക്ഷിയാകാൻ ഇഷ്ടപ്പെടുന്നില്ല. അതിക്രമങ്ങൾക്ക് ഞാൻ ഒരിക്കലും മൂകസാക്ഷിയാകില്ല.'[67]

## മക്കളോട് നീതിയോടുള്ള പെരുമാറ്റത്തിന് പ്രതിഫലം

കുട്ടികളുടെ അവകാശങ്ങൾ ശക്തമായി സ്ഥാപിച്ചതിന്ന് ശേഷം അല്ലാഹു ഈ പ്രവൃത്തിക്ക് ഒരു പ്രതിഫലം പരാമർശിക്കുകയുണ്ടായി. ഇത് അല്ലാഹുവിന്റെ മഹത്വത്തിന്റെ ഒരു വൈചിത്ര്യമാണ്. മാതാപിതാക്കളിൽ സ്വാഭാവികമായി കാണുന്ന ഒരു പ്രവണതക്ക് അല്ലാഹു പ്രതിഫലം നിശ്ചയിച്ചിരിക്കുന്നു. അവരിൽ ബഹുഭൂരിപക്ഷവും മക്കളെ ഒരു പോലെ പരിഗണിക്കുന്നവരാണ്.

ഹദ്റത്ത് ആയിശ(റ)ൽ നിന്നും നിവേദനം 'ഒരിക്കൽ ഒരു പാവപ്പെട്ട സ്ത്രീ എന്റെ അരികിൽ വരുകയുണ്ടായി. അവരുടെ ഇരു കൈകളിലും രണ്ട് പെൺ കൈക്കുഞ്ഞുങ്ങളുണ്ടായിരുന്നു. ഞാൻ എന്റെ കയ്യിലുള്ള മൂന്ന് കാരക്ക അവർക്ക് കൊടുത്തു. അതിൽ ഒരോന്നും കുഞ്ഞുങ്ങൾക്കും ബാക്കി ഒന്ന് അവർ തന്റെ വായിലും ഇട്ടു. അവർ ആ കാരക്ക വിഴുങ്ങുന്നതിന് മുമ്പേ ഒരു പെൺ കുഞ്ഞ് അത് ആവശ്യപ്പെട്ടു. അപ്പോൾ അവർ വായിൽ നിന്നും ആ കാരക്ക എടുത്ത് രണ്ട് കഷണമാക്കി രണ്ട് പെൺകുട്ടികൾക്കായി വീതിച്ചു നല്കി. 'ഒരു മാതാവിന് മാത്രമേ ഇങ്ങനെ പെരുമാറാൻ കഴിയൂ. അവരത് അവരുടെ പ്രകൃതിക്കനുസരിച്ച് പ്രവർത്തിച്ചതാണ്. ഒരു സൽക്കർമ്മം ചെയ്യുന്നു എന്ന ബോധത്തോടെയുള്ള പ്രവൃത്തിയല്ല. അവർ തന്റെ ഹൃദയത്തിന്റെ സമ്മർദ്ദം കൊണ്ട് പ്രവർത്തിച്ചതാണ്. എന്നിട്ട് അവൾ വിശന്നിരിക്കുകയും ചെയ്യുന്നു. ഈ സംഭവം ഹദ്റത്ത് ആയിശാ സിദ്ധീക്കാ(റ) പരിശുദ്ധ പ്രവാചക(സ)നോട് വിവരിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: 'അതിന്നുള്ള പ്രതിഫലം അവർക്കുണ്ട്. അല്ലാഹു അവർക്ക് സ്വർഗ്ഗം നല്കൽ അനിവാര്യമാണ്'[68]

എത്ര മഹത്തരമാണ് ഈ അദ്ധ്യാപനം! നീതിയുടെ അദ്ധ്യാപനം ഔദാര്യത്തിന്റെ അദ്ധ്യാപനവുമായി ഒന്നിനൊന്ന് വേർപെടുത്താൻ കഴിയാത്ത വിധം പരസ്പരം കൂട്ടി യോജിപ്പിച്ചിരിക്കുന്നു. അല്ലാഹു ഒരിക്കലും ഒരു സന്താനത്തോടും അനീ

തിപരമായി പെരുമാറാൻ അനുവദിക്കുന്നില്ല. അല്ലാഹുവിനെ പ്രീതിപ്പെടുത്താനുള്ള പ്രകടമായ ഉദ്ദേശ്യത്തോടെയാണെങ്കിലും അതിന്നനുവാദമില്ല. ഹദ്റത്ത് സഅദ് ബിനു അബീ വഖാസ്(റ) നിവേദനം ചെയ്യുന്നു: അവസാനത്തെ ഹജ്ജിന്റെ വേളയിൽ മക്കയിൽ ഞാൻ ഗുരുതരമായ വിധം രോഗബാധിതനായി. പരിശുദ്ധ പ്രവാചകൻ(സ) എന്റെ ആരോഗ്യസ്ഥിതി അന്വേഷിക്കാൻ വന്നു. എന്റെ രോഗത്തിന്റെ ഗുരുതരാവസ്ഥ അവിടത്തോട് പറഞ്ഞു. എനിക്ക് വളരെ വലിയ ഒരു സ്വത്തുണ്ട്. ഒരു മകളല്ലാതെ അനന്തരാവകാശികളായി മറ്റു അടുത്ത ബന്ധുക്കളാരും ഇല്ല. എനിക്ക് എന്റെ സ്വത്തിന്റെ മൂന്നിൽ രണ്ട് ദാനം ചെയ്യാൻ അനുവാദമുണ്ടോ?

ഹദ്റത്ത് സഅദ്ബ്നു വഖാസ്(റ) വളരെ ജ്ഞാനിയും ദൈവഭക്തനുമായ മനുഷ്യനായിരുന്നു. അദ്ദേഹം കണക്ക് കൂട്ടിയത് മൂന്നിൽ രണ്ട് ആൺ സന്താനത്തിന്റെ അവകാശമായിരുന്നു. മൂന്നിലൊന്ന് പെണ്ണിനും അവകാശപെട്ടതാണല്ലോ. അദ്ദേഹം ചിന്തിച്ചത് തനിക്ക് ആൺമക്കളില്ലാത്തത് കൊണ്ട് അദ്ദേഹത്തിന്റെ സ്വത്തിന്റെ മൂന്നിൽ രണ്ട് ഭാഗം (അതായത് ആൺ സന്താനത്തിന്റെ ഓഹരി) പെൺ സന്താനത്തിന്റെ അവകാശത്തെ ബാധിക്കാത്ത വിധത്തിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കാമെന്നാണ്. പരിശുദ്ധ പ്രവാചകന്റെ(സ) പ്രതികരണം 'അരുത്' എന്നായിരുന്നു. വീണ്ടും അദ്ദേഹം റസൂൽ തിരുമേനി(സ)യോട് യാചിച്ചു 'എന്റെ സ്വത്തിന്റെ മൂന്നിൽ ഒരു ഭാഗം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിക്കാൻ എന്നെ അനുവദിക്കൂ 'പരിശുദ്ധ പ്രവാചക(സ)ന്റെ മറുപടി 'അതെ, നിങ്ങൾക്ക് സ്വത്തിന്റെ മൂന്നിൽ ഒരു ഭാഗം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിക്കാവുന്നതാണ്. വാസ്തവത്തിൽ മൂന്നിൽ ഒന്ന് തന്നെ വേണ്ടതിൽ അധികമാണ്.' ആ പെൺസന്താനത്തിന് മൂന്നിൽ രണ്ടിനേക്കാൾ നല്കണമെന്നാണ് അതിലുള്ളടങ്ങിയിരിക്കുന്ന കാര്യം. നിങ്ങളുടെ മക്കളെ ദരിദ്രരാക്കി വിടുന്നതിനേക്കാൾ അവരെ സമ്പന്നരാക്കി, ലോകത്ത് നിന്നും വിടപറയുക. അതായത് അവർ മറ്റുള്ളവരിൽ നിന്ന് യാചിക്കാൻ നിർബന്ധിതരാകരുത്. അവി

ടുന്ന് വീണ്ടും താക്കീത് ചെയ്തത്, നിങ്ങളുടെ മക്കൾക്ക് വേണ്ടി അല്ലെങ്കിൽ നിങ്ങളുടെ അടുത്ത ദരിദ്രനായ ബന്ധുവിന് നിങ്ങൾ ചെലവ് ചെയ്യുക. തീർച്ചയായും അല്ലാഹു നിങ്ങൾക്ക് അതിനുള്ള പ്രതിഫലം നല്കുക തന്നെ ചെയ്യും.[69]

പരിശുദ്ധ പ്രവാചകൻ(സ)ന്റെ വചനങ്ങളിൽ അത്രമേൽ വിവേകജ്ഞാനം ഉള്ളടങ്ങിയിട്ടുണ്ട്. അവിടുത്തെ വചനങ്ങൾ വെറുതെ ബാഹ്യമാത്രമായി വായിച്ചാൽ മാത്രം പോര. അവിടുത്തെ വാക്കുകളുടെ പരാവാരത്തിലെ ആഴങ്ങളിൽ ഊളിയിട്ട് അതിന്നടിലെ ജ്ഞാനത്തിന്റെ നിധി അന്വേഷിച്ച് കണ്ടെത്താവുന്നതാണ്.

ഒരിക്കൽ പരിശുദ്ധ പ്രവാചകൻ(സ) തന്റെ അനുചരന്മാരോട് പറഞ്ഞു: 'എന്റെ അല്ലാഹു എന്നോട് വാഗ്ദാനം ചെയ്തിരിക്കുന്നതെന്തെന്നാൽ, പാവങ്ങൾക്ക് വേണ്ടി ചെലവഴിക്കുന്ന ആളുകൾക്ക് നല്കുന്ന പ്രതിഫലം പോലെ തന്നെ താങ്കളുടെ സമുദായത്തിലെ സ്വന്തം മക്കൾക്ക് വേണ്ടി ചെലവഴിക്കുന്നവർക്കും അല്ലാഹു പ്രതിഫലം നൽകുന്നതാണ്' എന്നാണ്. പരിശുദ്ധ പ്രവാചകൻ(സ) ഏറ്റവും നല്ല മനശ്ശാസ്ത്ര കാരണങ്ങളെ സംബന്ധിച്ച് അഗാധമായ ജാഗ്രത പുലർത്തിയിരുന്നു. ചിലപ്പോൾ അവിടുന്ന് പറയുന്ന ഉത്തരം നേരിട്ട് ചോദ്യവുമായി ബന്ധപ്പെട്ടതല്ലായിരിക്കാം. പക്ഷേ സത്യത്തിൽ അവിടുത്തെ ഒരു വാക്കും ചോദ്യവുമായി ബന്ധമില്ലാത്തതല്ലാതെയില്ല. അതിലടങ്ങിയ ഓരോ വാക്കിലും ആവശ്യമായ കാര്യങ്ങൾ മാത്രമാണ് ഉള്ളടങ്ങിയിരിക്കുന്നത്. ചില നിവേദകന്മാർ പറയുന്നു: ഒരിക്കൽ പരിശുദ്ധ പ്രവാചകൻ(സ) വാഗ്ദാനം ചെയ്തതെന്തന്നാൽ, നമ്മുടെ ഭാര്യമാരെ നമ്മുടെ കൈകൊണ്ട് തീറ്റിക്കുക. അത് അവരോടുള്ള സ്നേഹം കൊണ്ടായിരിക്കണമെന്നില്ല. പക്ഷേ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് നാം അവർക്ക് കൈകൊണ്ട് ഭക്ഷണം നല്കിയാൽ അല്ലാഹു നമുക്ക് അതിന്റെ പ്രതിഫലം നല്കുന്നതാണ്.

നമുക്ക് ഇപ്പോൾ മുമ്പ് ചർച്ച ചെയ്ത സഅദ് ബ്നു വഖാസിന്റെ(റ) നിവേദനത്തിലേക്ക് തന്നെ വരാം. അദ്ദേഹം റിപ്പോർട്ട്

ചെയ്യുന്നു. 'റസൂൽ തിരുമേനി(സ)യുടെ താക്കീതിന് ശേഷം ഞാൻ എന്റെ ഭീതി അറിയിക്കുകയുണ്ടായി. എന്റെ അസുഖം ഗുരുതരമായാൽ ഞാൻ സഹചരരുമൊത്ത് മദീനയിലേക്ക് മടങ്ങുകയില്ല. അങ്ങനെ മദീനയിലേക്കുള്ള എന്റെ പലായനം അപൂർണ്ണമാകുകയും എനിക്ക് അതിന്റെ പൂർണ്ണ പ്രതിഫലം ലഭിക്കാതിരിക്കുകയും ചെയ്യും' അപ്പോൾ അവിടുന്ന് എനിക്ക് ഉറപ്പ് നല്കി. 'നിങ്ങൾക്ക് തീർച്ചയായും മുഴുവൻ പ്രതിഫലവും ലഭിക്കാതെ പോവില്ല. അല്ലാഹുവിന്റെ പ്രീതി സമ്പാദിക്കാൻ നിങ്ങൾ എന്താണോ ചെയ്യുന്നത് നിങ്ങൾക്ക് തീർച്ചയായും അതിന്റെ പ്രതിഫലമാണ് ലഭിക്കുക. നിങ്ങൾ ഒരിക്കലും തന്നെ ഒഴിവാക്കപ്പെടുകയില്ല.' വാസ്തവത്തിൽ അതൊരു പ്രാർത്ഥനയായിരുന്നു. അദ്ദേഹം വീണ്ടും നിവേദനം ചെയ്യുന്നു: 'ആ പ്രാർത്ഥനയുടെ ഫലമായി അല്ലാഹു എന്നോട് കാരുണ്യം കാണിച്ചു. ഞാൻ പൂർണ്ണമായും സുഖപ്പെട്ടു. മദീനയിലേക്ക് മടങ്ങാൻ സാധിച്ചു. റസൂൽ തിരുമേനി(സ)യുടെ വഫാത്തിന്ന് ശേഷവും ഞാൻ വളരെ കാലം ജീവിക്കുകയുണ്ടായി. ഇത് നിവേദനം ചെയ്യാനുള്ള അവസരം ലഭിക്കുകയും ചെയ്തു.' ആനുഷംഗികകമായി പറയട്ടെ ഖാദിസിയാ ഇറാൻ എന്നീ ദേശ വിജയങ്ങളുടെ ബഹുമതി ഹദ്റത്ത് സഅദ് ബ്നു വഖാസി(റ)ന്നായിരുന്നു.[70]

## മക്കളെ സംബന്ധിച്ച് നീതിയിൽ കവിഞ്ഞ് ഔദാര്യത്തെ കുറിച്ചുള്ള അദ്ധ്യാപനം

പരിശുദ്ധ പ്രവാചകൻ(സ) മക്കളോടു കാണിക്കേണ്ട ഔദാര്യപൂർണ്ണമായ വശത്തെ കുറിച്ച് ഒന്നും സ്പർശിക്കാതെ വിട്ടുകളഞ്ഞിട്ടില്ല. മക്കളോട് എങ്ങനെയാണ് കാരുണ്യത്തോടെയും ഔദാര്യപൂർവ്വവും പെരുമാറേണ്ടത് എന്ന് പഠിപ്പിക്കുകയുണ്ടായി. ഇക്കാലത്ത് ഇതെല്ലാം സാധാരണ സ്വാഭാവികമായ കാര്യങ്ങളാണെന്ന് വാദിച്ചേക്കാം. എല്ലാവർക്കും തന്റെ മക്കളോട് എങ്ങനെയാണ് പെരുമാറേണ്ടത് എന്നറിയാം. വാസ്തവമെന്തെന്നാൽ വളരെ പുരോഗമിച്ച സമൂഹത്തിൽ പോലും പല കുട്ടികൾക്കും അവരുടെ മാതാപിതാക്കളിൽ നിന്നും യാതൊരു വിധ കാരുണ്യവും ലഭിക്കുന്നില്ല. കാരുണ്യം ലഭിക്കാത്ത

ഇത്തരം കുട്ടികളിൽ ഒരു വലിയ ഭാഗം മാനസിക രോഗം ബാധിച്ചവരാണ്. മാതാപിതാക്കന്മാർ അവരുടെ സന്തോഷം മാത്രമാണ് നോക്കുന്നത്. കുട്ടികളുടെ അവകാശത്തെപ്പറ്റി അവർ അശ്രദ്ധരാണ്.

ഹദ്റത്ത് ആയിശ(റ)യിൽ നിന്നും നിവേദനം: ഒരിക്കൽ ഒരു ബദവി റസൂൽ തിരുമേനി(സ)യോട് ചോദിച്ചു. 'നിങ്ങൾ എന്തിനാണ് കുട്ടികളെ ചുംബിക്കുന്നത്? ഞങ്ങൾ കുട്ടികളെ ചുംബിക്കാറില്ല.' പരിശുദ്ധ പ്രവാചകന്റെ മറുപടി . 'അല്ലാഹു നിങ്ങളുടെ ഹൃദയത്തിൽ നിന്നും കാരുണ്യം പിഴുതു മാറ്റിയിരിക്കുന്നുവെങ്കിൽ ഞാനെന്ത് ചെയ്യാനാണ്?'[71]

ഒരിക്കൽ റസൂൽ തിരുമേനി(സ)യുടെ പേരപെൺകുഞ്ഞ് മരണാസന്നയായി. റസൂൽ തിരുമേനി(സ)യുടെ മകൾ അവിടത്തോട് വരാൻ അഭ്യർത്ഥിച്ചു. വന്നപ്പോൾ അവിടുത്തെ മടിയിൽ കുഞ്ഞിനെ വെച്ചു. കുഞ്ഞ് ഞരക്കത്തോടെ ഊർദ്ധശ്വാസമെടുത്തുകൊണ്ടിരിക്കുകയായിരുന്നു. അവിടുത്തെ കവിളിലൂടെ കണ്ണുനീർ ധാരധാരയായി ഒഴുകി. ഹദ്റത്ത് സഅദ്ബ്നു ഉബാദാ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹവും അവിടത്തെ അനുഗമിച്ചിരുന്നു. 'അല്ലയോ അല്ലാഹുവിന്റെ ദൂതരേ,(സ) ഞങ്ങൾ എന്താണ് കാണുന്നത്. അങ്ങ് എന്തിനാണ് കണ്ണുനീർ പൊഴിക്കുന്നത്?' പരിശുദ്ധ പ്രവാചകൻ(സ) പ്രതിവചിച്ചു.

هَذِهِ الرَّحْمَةُ يَضَعُهَا اللهُ فِيْ قُلُوْبِ مَنْ يَّشَاءُ مِنْ عِبَادِهٖ وَإِنَّمَا يَرْحَمُ اللهُ
مِنْ عِبَادِهِ الرُّحَمَاءُ

'നോക്കൂ! (നിങ്ങൾ പ്രത്യക്ഷമായി വിശ്വസിക്കുന്ന ബലഹീനതയുടെ കണ്ണുനീർ എന്തൊന്നാണോ) അത് അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അടയാളമാണ്. ഏതൊരു ഹൃദയത്തെയാണോ അവൻ തിരഞ്ഞെടുക്കുന്നത്, അവൻ അതിൽ അനുഗ്രഹം കൊണ്ട് നിറക്കുന്നു. മറ്റുള്ളവരോട് കാരുണ്യം കാണിക്കുന്ന അവന്റെ സേവകന്മാർക്ക് അല്ലാഹുവും കാരുണ്യം നല്കുന്നു.'[72]

ഒരിക്കൽ പരിശുദ്ധ പ്രവാചകൻ(സ) ഉമാമ എന്ന ഒരു പിഞ്ചു കുഞ്ഞിനെ അവിടുത്തെ കൈകളിൽ എടുത്ത് നമസ്ക്കാരം തുടങ്ങി. ആ കുഞ്ഞ് അപ്പോഴും അവിടുത്തെതൃക്കരങ്ങളിലുണ്ടായിരുന്നു. അവിടുന്ന് റുകൂഅ് (മുട്ടിൽ ഊന്നി കുനിഞ്ഞു നിൽക്കൽ)ലെത്തിയപ്പോൾ അവളെ അവിടുന്ന് നിലത്ത് വെച്ചു. അവിടുന്ന് പ്രാർത്ഥനയിൽ തന്നെ എഴുന്നേറ്റ് നിന്നപ്പോൾ അവളെ വീണ്ടും കൈകളിലേറ്റി.[73]

ഇക്കാലത്തെ വിദ്യാർത്ഥികൾക്ക് കർമ്മ ശാസ്ത്രം പഠിപ്പിക്കുന്നവർ പ്രാർത്ഥനയിൽ ആരെങ്കിലും എന്തെങ്കിലും വഹിച്ചാലോ അയാളുടെ നമസ്ക്കാരത്തിലെ ശ്രദ്ധ മാറിപ്പോയാലോ നമസ്ക്കാരം മുറിഞ്ഞു പോകുമെന്ന് പറയുന്നവരാണ്. ഒരിക്കൽ ലളിത ഹൃദയനായ വിദ്യാർത്ഥിയെ ഒരു മുല്ല ഹദീസ് പഠിപ്പിക്കുകയായിരുന്നു. ഈ വിവരണം മുല്ല നടത്തിയപ്പോൾ അയാൾ പറഞ്ഞുപോലും. 'അഹോ കഷ്ടം, റസൂൽ തിരുമേനി(സ)യുടെ നമസ്ക്കാരം അസാധുവായല്ലോ! റസൂൽ തിരുമേനി(സ)യുടെ അസാധാരണമായ ഈ പെരുമാറ്റം ഒരു പൊതു നിയമമല്ല. എല്ലാ ആളുകളും അവരുടെ കുട്ടികളെ തങ്ങളുടെ തോളിലോ കൈകളിലോ എടുത്ത് നമസ്ക്കരിച്ചാൽ, തീർച്ചയായും അവരുടെ നമസ്ക്കാരത്തിൽ റസൂൽ തിരുമേനി(സ)യുടേത് പോലെ ശ്രദ്ധ കിട്ടില്ല.

## കുഞ്ഞിന്റെ സമ്മതം കൂടാതെ നേർച്ച സമർപ്പണം പാടില്ല

ഒരാളുടെ കുഞ്ഞിന്റെ സമർപ്പണത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ കൂടുതലായി പറയുന്നുണ്ട്. എന്നിട്ട് താക്കീതായി പറയുന്നു: ഒരാളുടെ സ്വന്തം കുഞ്ഞായാൽ പോലും ആ കുട്ടി മാതാപിതാക്കളുടെ സ്വകാര്യ സ്വത്തല്ല. അവർക്ക് കുട്ടിയുടെ സമ്മതം കൂടാതെ അല്ലാഹുവിന്റെ അൾത്താരയിൽ ബലിയർപ്പിക്കാൻ അനുവാദമില്ല. ഹദ്റത്ത് ഇബ്രാഹിം നബി(അ) അല്ലാഹുവിന് വേണ്ടി മകനെ ബലി നൽകാൻ സന്നദ്ധമായ സംഭവം വിവരിച്ച് കൊണ്ട് വിശുദ്ധ ഖുർആൻ വിവരിക്കുന്നു:

فَلَمَّا بَلَغَ مَعَهُ السَّعْيَ قَالَ يَٰبُنَيَّ إِنِّيٓ أَرَىٰ فِي الْمَنَامِ أَنِّيٓ أَذْبَحُكَ فَانظُرْ مَاذَا تَرَىٰ ۚ قَالَ يَٰٓأَبَتِ افْعَلْ مَا تُؤْمَرُ ۖ سَتَجِدُنِيٓ إِن شَآءَ اللَّهُ مِنَ الصَّٰبِرِينَ ﴿١٠٢﴾

അങ്ങനെ അവൻ ആ (പുത്രൻ) അദ്ദേഹത്തിന്റെ കൂടെ പ്രവർത്തിക്കുന്ന പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ പ്രിയപ്പെട്ട മകനേ, ഞാൻ നിന്നെ ബലിദാനം നൽകുന്നതായി സ്വപ്നം കണ്ടിരിക്കുന്നു. അതുകൊണ്ട് നീ ചിന്തിച്ചു നോക്കുക. എന്താണ് നിന്റെ അഭിപ്രായം? അവൻ പറഞ്ഞു, എന്റെ പിതാവേ താങ്കളോട് ആജ്ഞാപിക്കപ്പെട്ടത് ചെയ്തു കൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്നതായാൽ സഹനം കൈകൊള്ളുന്നവരിൽ ഒരുവനായി താങ്കൾക്കെന്നെ കാണാം (സൂറ: അസ്സാഫാത്ത് 37: 103)

ഓർക്കുക, ഹദ്റത്ത് ഇബ്രാഹിം(അ) ഇസ്മായീലിനെ അറുക്കുന്നതായി സ്വപ്നം കാണുന്നത് ഹദ്റത്ത് ഇസ്മായീൽ നബി(അ)യുടെ ശൈശവ കാലത്താണ്. ആ സ്വപ്ന സാക്ഷാത്ക്കാരമനുസരിച്ച് അദ്ദേഹം ഹദ്റത്ത് ഹാജറയെയെയും ഹദ്റത്ത് ഇസ്മായിലിനെ(അ)യും എടുത്ത് കഅബ മൂടപ്പെട്ട് കിടന്ന സ്ഥലത്ത് കൊണ്ട് വന്നു. എന്നിട്ട് ഹരിതാഭമല്ലാത്തതും ജലരഹിതവുമായ സ്ഥലത്ത് ആ വിജന മരുഭൂമിയിൽ അവരെ ഒറ്റക്ക് ഉപേക്ഷിച്ചു. വാസ്തവത്തിൽ ഇതായിരുന്നു ആ സ്പനത്തിന്റെ വ്യാഖ്യാനം. അതാകട്ടെ അദ്ദേഹം പൂർത്തീകരിക്കുകയും ചെയ്തതാണ്. എങ്കിലും അദ്ദേഹത്തിന്റെ ഹൃദയത്തിൽ അസ്വസ്ഥജനകമായ ഒരു വികാരമുണ്ടായിരുന്നു. ആ സ്വപ്നം അക്ഷരാർത്ഥത്തിൽ പുലരേണ്ടതല്ലേ എന്ന സന്ദേഹം ഹദ്റത്ത് ഇബ്രാഹിം നബി(അ)യുടെ ഹൃദയത്തിലുണ്ടായിരുന്നു. ഇത് കൂടാതെ ബലിയറുക്കാൻ സ്വന്തം മകന്റെ മുൻകൂട്ടിയുള്ള സമ്മതം കൂടാതെ അറുക്കുന്ന കാര്യം അദ്ദേഹം പരിഗണിച്ചില്ല. അതുകൊണ്ട് ഹദ്റത്ത് ഇസ്മായീൽ(അ) ആവശ്യത്തിന് വളർന്ന് മനസ്സ് പക്വമായപ്പോൾ മാത്രമാണ് അദ്ദേഹം മകനിൽ നിന്നും സമ്മതം ചോദിച്ചത്.

ഇത് അർത്ഥമാക്കുന്ന തത്ത്വം മാതാപിതാക്കൾ മക്കളെ സമർപ്പിക്കുമ്പോൾ അവരുടെ സമ്മതം ആവശ്യമാണ് എന്നാണ്. അവ

രുടെ തീരുമാനം കുട്ടികൾ പക്വതയാകാതെ അവരുടെ മേൽ നടപ്പാക്കാൻ പാടുള്ളതല്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സ്വയം സമർപ്പിതരാവാനുള്ള സന്നദ്ധത അവർ ക്രടിപ്പിക്കണം. ഇതേ കാരണം കൊണ്ടാണ് വഖ്ഫെ നൗ പദ്ധതിയിൽ ഈ തത്ത്വം പ്രയുക്തമാക്കുന്നത്. കുട്ടികൾ പ്രായപൂർത്തിയെത്തിയതിന്ന് ശേഷം മാതാപിതാക്കന്മാരുടെ സമർപ്പണ തീരുമാനത്തോട് കുട്ടികൾ യോജിക്കുന്നില്ലെങ്കിൽ മാതാപിതാക്കന്മാരുടെ ആ തീരുമാനം നടപ്പാകുന്നതല്ല.

## സന്താനങ്ങളെ ബഹുമാനത്തോടെ വളർത്താനുള്ള അദ്ധ്യാപാനങ്ങൾ

സന്താനങ്ങളെ ബഹുമാനത്തോടെ വളർത്തണമെന്നാണ് എപ്പോഴും പരിശുദ്ധ പ്രവാചകൻ(സ) ഉപദേശിച്ചു കൊണ്ടിരുന്നത്. ഈ അദ്ധ്യാപനമാണ് ഇന്ന് ലോകം മുഴുവനായി പ്രാവർത്തിക മാക്കേണ്ടത്. പരിശുദ്ധ പ്രവാചക(സ)ന്റെ ഈ താക്കീത് അവഗണിച്ചത് കൊണ്ടാണ് ലോകം തിന്മ നിറഞ്ഞതായി കാണുന്നത്. സന്താനങ്ങൾ അവരുടെ പ്രായമായ മാതാപിതാക്കളെ വേണ്ട വിധം ബഹുമാനിക്കുന്നില്ല. അവരുടെ അസ്തിത്വം തന്നെ ഇല്ലാത്ത വിധം അവരെ അവരുടെ വിധിക്ക് വിടുകയാണ് ചെയ്യുന്നത്. മിക്കവാറും മാതാപിതാക്കൾ തന്നെയാണ് ഇതിന്നുത്തരവാദി. ആധുനിക സമൂഹത്തിൽ മിക്ക മാതാപിതാക്കളും അവരുടെ സുഖത്തിന്ന് വേണ്ടി സുഖാനന്ദങ്ങളിൽ മുഴുകുകയും കുട്ടികളെ അവഗണിക്കുകയുമാണ് ചെയ്യുന്നത്. ഇത് യുവ തലമുറയിൽ ഒരു പ്രതികരണം സൃഷ്ടിക്കുന്നു. മാതാപിതാക്കൾ പ്രായമാവുമ്പോൾ അവരോട് ബഹുമാനമില്ലായ്മക്ക് അത് കാരണമാകുന്നു. ശിശു പരിപാലകരെ വെക്കുന്ന പ്രവണത കൂടി വരികയാണ്. പലപ്പോഴും അതൊരു യഥാർത്ഥ ആവശ്യമായി വരാം. മാതാപിതാക്കന്മാർ ഇരുവരും ജോലിക്ക് പോകുമ്പോൾ തങ്ങളുടെ അഭാവത്തിൽ കുട്ടികളെ നോക്കാൻ മറ്റൊരാളെ നിയമിക്കേണ്ടി വരുന്നു. അവർ തങ്ങളുടെ ഔദ്യോഗിക ജോലി നിർവ്വഹിച്ചു കഴിഞ്ഞാൽ വൈകുന്നേരങ്ങളിൽ

വിനോദ പരിപാടികൾക്കായി പോകുന്നു. അവർക്ക് ശിശു പാരിപാലകരെ ഒരിക്കൽ കൂടി ആവശ്യമായി വരുന്നു. വാസ്തവത്തിൽ ഇത് പൂർണ്ണമായും ന്യായീകരിക്കപ്പെടാവുന്നതല്ല. അവർ തങ്ങളുടെ കുഞ്ഞുങ്ങൾക്കൊപ്പം സമയം ചെലവഴിക്കണം. അവരുടെ സന്തോഷം കുഞ്ഞുങ്ങളുമായി പങ്കുവെക്കണം. മനശ്ശാസ്ത്രജ്ഞന്മാർ നിരീക്ഷിക്കുന്നത് കുട്ടികളെ ചെറുപ്പത്തിൽ അവഗണിച്ചാൽ അവർ ഗുരുതരമായ മന:ശാസ്ത്ര പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരും എന്നാണ്. അതൊരുപക്ഷേ ചികിത്സിച്ചു മാറ്റാൻ കഴിയാത്ത വിധം അപരിഹാര്യമായിരിക്കും. ചില കുട്ടികൾ ക്രിമിനലുകളായിട്ടായിരിക്കും വളരുക. അലഞ്ഞു തിരിഞ്ഞു നടക്കുന്നവനായും മാറും. ചിലപ്പോൾ മാതാപിതാക്കൾ അവഗണിക്കുന്ന അത്തരം കുട്ടികൾ മനശ്ശാസ്ത്രപരമായി കൂടുതൽ അസ്വസ്ഥത അനുഭവിക്കുന്നവരായിരിക്കും. അവർ ആത്മഹത്യ ചെയ്തെന്നും വരും. ചില അമേരിക്കൻ മനശ്ശാസ്ത്ര വിദഗ്ദർ പ്രസിദ്ധീകരിച്ച വസ്തുതകൾ സൂചിപ്പിക്കുന്നത് അമേരിക്കയിൽ മാത്രം 400,000 വഴിപിഴപ്പിക്കപ്പെട്ട കുട്ടികൾ വർഷം തോറും ആത്മഹത്യ ചെയ്യുന്നുണ്ട് എന്നാണ്. അസാന്മാർഗ്ഗിക ജീവിതം നയിച്ച് പരിക്ഷീണിതരായ അവർ ആത്മഹത്യയിൽ അഭയം തേടുന്നു. ഈ തിന്മകൾ നിരന്തരം വളർന്നു വരികയാണ് ചെയ്യുന്നത്.

## അനാഥരുടെ അവകാശങ്ങൾ

അനാഥരുടെ അവകാശങ്ങളെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പല ആവർത്തി പറഞ്ഞതാണ്. മാതാപിതാക്കൾ ജീവിച്ചിരിക്കുമ്പോൾ മക്കളെ ഒരു പരിധിയോളം സംരക്ഷിക്കാൻ സാധിക്കുന്നു. പക്ഷേ അനാഥരായവരെ ആര് നോക്കും? ആര് സംരക്ഷിക്കും? വിശുദ്ധ ഖുർആൻ ഈ ഉത്തരവദിത്തം മുഴുവൻ സമൂഹത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അനാഥരുടെ അവകാശങ്ങളെ സംബന്ധിച്ച് പ്രത്യേക ശ്രദ്ധ പുലർത്തുകയും ചെയ്യുന്നു. അനാഥ സംരക്ഷണത്തിന് വിശുദ്ധ ഖുർആൻ നല്കുന്നതു പോലെ പ്രാധാന്യം

ലോകത്ത് മറ്റൊരു മതഗ്രന്ഥവും നല്കുന്നതായി കാണുന്നില്ല. വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു:

وَأَنْ تَقُومُوا لِلْيَتَامَىٰ بِالْقِسْطِ ۚ وَمَا تَفْعَلُوا مِنْ خَيْرٍ فَإِنَّ اللَّهَ كَانَ بِهِ عَلِيمًا ﴿١٢٨﴾

അനാഥരോട് നിങ്ങൾ തുല്യതയോടെ വർത്തിക്കണമെന്നും (നിങ്ങളോട് ഉപദേശിക്കുന്നു). നിങ്ങൾ ഏതൊരു നല്ല പ്രവൃത്തി ചെയ്യുന്നുവോ തീർച്ചയായും അല്ലാഹു തൽസംബന്ധമായി നല്ലത് പോലെ അറിയുന്നവനാണ്. (സൂറ: അന്നിസാഅ് 4:128)

അല്ലാഹു അങ്ങനെ പ്രഖ്യാപിക്കാൻ കാരണം, ഈ കൽപ്പന മുഴുവൻ സമൂഹത്തിനുമാണ് നല്കപ്പെട്ടത് എന്നത് കൊണ്ടാണ്. ഒരു അനാഥക്കും മതിയായ പരിചരണമില്ലാതിരിക്കാൻ പാടില്ല. അതിന്നുള്ള ഉത്തരവാദിത്തം സമൂഹത്തിന്റെതാണ്. അല്ലാഹു പ്രഖ്യാപിക്കുന്നു:

وَيَسْأَلُونَكَ عَنِ الْيَتَامَىٰ ۖ قُلْ إِصْلَاحٌ لَهُمْ خَيْرٌ ۖ وَإِنْ تُخَالِطُوهُمْ فَإِخْوَانُكُمْ ۚ وَاللَّهُ
يَعْلَمُ الْمُفْسِدَ مِنَ الْمُصْلِحِ ۚ وَلَوْ شَاءَ اللَّهُ لَأَعْنَتَكُمْ ۚ إِنَّ اللَّهَ عَزِيزٌ حَكِيمٌ ﴿٢٢١﴾

അനാഥരെ സംബന്ധിച്ച് അവർ നിന്നോട് ചോദിക്കുന്നു. പറയുക: അവരുടെ ക്ഷേമത്തിന്നു വേണ്ടി പ്രവർത്തിക്കുന്നത് വളരെ നല്ലതാണ്. അവരുമായി നിങ്ങൾ കൂടിക്കലർന്നു ജീവിക്കുകയാണെങ്കിൽ അവർ നിങ്ങളുടെ സഹോദരന്മാരാണ്. കുഴപ്പമുണ്ടാക്കുന്നവരെ നന്മവരുത്തുന്നവരിൽ നിന്നും അല്ലാഹു വേർതിരിച്ചറിയുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങൾക്കവൻ ഞെരുക്കമുണ്ടാക്കുമായിരുന്നു. നിശ്ചയമായും അവൻ പ്രതാപവാനും യുക്തിജ്ഞനുമത്രെ. (സൂറ: അൽ ബക്കറ: 2: 221) .

മിക്ക സമൂഹങ്ങളിലും അനാഥർ അവർ സ്വയം തന്നെയാണ് താമസം മാറുന്നത്. അതിന്റെ ഫലമായി അവർ നിരവധി പ്രശ്നങ്ങളിൽ നിന്നുമുള്ള യാതനകൾ സഹിക്കുന്നു. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ ഊന്നി പറയുന്നത്, അനാഥരായവർ അവഗണിക്കപ്പെടാൻ പാടില്ല എന്ന്. മാതാപിതാക്കൾ പുതുതലമുറയെ പരിപാലിക്കുന്നത് പോലെ അനാഥരും പരിപാലിക്കപ്പെടണം. വിശുദ്ധ ഖുർആൻ ഇക്കാര്യം

പ്രാധാന്യത്തോടെ പ്രഖ്യാപിക്കുന്നത്: നിങ്ങൾക്ക് അവരെ കുടുംബങ്ങളിൽ പൊരുത്തത്തോടെ പോറ്റിവളർത്താൻ കഴിയുമെങ്കിൽ അതാണ് ഏറ്റവും നല്ല നടപടി എന്നാണ്. അവർ നിങ്ങളുടെ സഹോദരന്മാരാണ്. അവരോട് ഒരിക്കലും അപരിചിതരെ പോലെ പെരുമാറരുത്. അനാഥ മന്ദിരങ്ങൾ (യത്തീം ഖാനകൾ) പണിതുയർത്തി അവരുടെ ദൈനം ദിനാവശ്യങ്ങൾ നിർവ്വഹിച്ചാൽ മാത്രം പോര.

ആരാണ് സമൂഹത്തിൽ ക്രമരാഹിത്യം ഉണ്ടാക്കുന്നതെന്നും സമൂഹത്തിൽ പരിഷ്ക്കരണം ഉണ്ടാക്കുന്നതെന്നും അല്ലാഹുവിന് നന്നായറിയാം. ചില ആളുകൾ വീട്ടുപണികൾ ചെയ്യിക്കണമെന്ന ഉദ്ദേശ്യത്തോടെ അനാഥകളെ അവരുടെ വീടുകളിൽ തടവിലാക്കാറുണ്ട്. അവരെ അവർ തങ്ങളുടെ മക്കളെ പോലെയാണ് അഭിസംബോധന ചെയ്യാറ്. പക്ഷേ വേലക്കാരെ പോലെയാണ് അവരോട് പെരുമാറുക. അല്ലാഹു മനുഷ്യന്റെ പ്രകൃതം ആഴത്തിൽ നിരീക്ഷിച്ചു കൊണ്ടാണ് തുടർന്നുണ്ടാകുന്ന അപകടത്തെ കുറിച്ച് ചൂണ്ടിക്കാട്ടുന്നത്.

## അനാഥരെ സംബന്ധിച്ച ഔദാര്യത്തിന്റെ പാഠങ്ങൾ

സമൂഹത്തെ മുഴുവൻ താക്കീത് ചെയ്തു കൊണ്ട് അല്ലാഹു പറയുന്നു:

كَلَّا ۖ بَل لَّا تُكْرِمُونَ الْيَتِيمَ ﴿١٧﴾

അല്ലാ, നിങ്ങൾ അനാഥരെ ബഹുമാനിക്കുന്നില്ല (സൂറ ഫജർ 89:180)

ഇതിനർത്ഥം അനാഥരോട് വെറും സഹതാപം കാണിച്ചത് കൊണ്ട് മാത്രമായില്ല, അവരോട് ബഹുമാനത്തോടെയും അഗാധമായ ആദരവോടെയും പെരുമാറണം എന്നാണ്. ആനുഷംഗികമായി പരിശുദ്ധ പ്രവാചകന്റെ(സ) ഒരു ഉപദേശം അനുസ്മരിപ്പിക്കുന്നു. മാതാപിതാക്കന്മാർ സ്വന്തം കുട്ടികളോട് ആദരവോടെ പെരുമാറണമെന്നായിരുന്നു ഉപദേശം. വാസ്തവത്തിൽ അനാഥരോട് അവരുടെ സ്വന്തം മക്കളോടെന്നപോലെ പെരുമാറേണ്ടതുണ്ട്.

ഇവിടെ നീതിയുടെ മേഖലയിൽ നിന്നും ഔദാര്യത്തിന്റെ മേഖലയിലേക്ക് പ്രവേശിക്കുകയാണ്. അതിന്ന് ശേഷം മാരകമായ ചില ധാർമിക ദോഷങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. വിശുദ്ധ ഖുർആൻ സമഗ്രമായ ഒരു ശമന ഗ്രന്ഥമാണ്. അത് എല്ലാ ധാർമിക ദോഷങ്ങളെയും വിശദമായി വിശകലനം ചെയ്യുന്നു. പിന്നീട് സ്വീകരിക്കേണ്ട പരിഹാര നടപടികളെപ്പറ്റി പറയുകയും ചെയ്യുന്നു. അൽ മാഊൻ എന്ന അദ്ധ്യായം ഒരു ചോദ്യമുയർത്തുകയാണ്.

أَرَءَيْتَ الَّذِي يُكَذِّبُ بِالدِّينِ ۝٢ فَذَٰلِكَ الَّذِي يَدُعُّ الْيَتِيمَ ۝٣

മതത്തെ നിഷേധിക്കുന്നവനെ നീ കണ്ടുവോ? അനാഥകളെ വിരട്ടുന്നവനത്രെ അവൻ (സൂറ: അൽ മാഊൻ 107 2-3)

ഇതിനർത്ഥം അനാഥരെ ആട്ടിയോടിക്കുന്നവർ തുടർന്ന് അവരുടെ വിശ്വാസവും നിരാകരിക്കുന്നവരാണ് എന്നാണ്.

## അനാഥരോട് പരിശുദ്ധ പ്രവാചക(സ)ന്റെ ഉന്നതമായ പെരുമാറ്റം

ഇത് സംബന്ധിച്ച് പരിശുദ്ധ പ്രവാചക(സ)ന്റെ ഒരു വചനം ഞാൻ ഉദ്ധരിക്കാം. ഈ ഹദീസിൽ അനാഥരോട് മാന്യമായി പെരുമാറുന്നവർക്ക് ലഭിക്കുന്ന മഹത്തായ പ്രതിഫലത്തെ കുറിച്ച് പറയുന്നു:

ഹദ്റത്ത് സുഹൈൽ ബ്നു സഅദ്(റ) നിവേദനം ചെയ്യുന്നു.

ഹദ്റത്ത് റസൂൽ തിരുമേനി(സ) പറഞ്ഞു: 'അനാഥരെ പോറ്റി വളർത്തുകയും സംരക്ഷിക്കുകയും ചെയ്തവർ ആരാണോ, അവരും ഞാനും ചൂണ്ടാണി വിരലും അടുത്ത വിരലും ഒന്നിച്ചുള്ളത് പോലെയായിരിക്കും' എന്നിട്ട് തന്റെ രണ്ട് വിരലുകൾ ഒപ്പം ചേർത്ത് കാണിക്കുകയുണ്ടായി. അതിനിടയിൽ സ്ഥലമുണ്ടായിരുന്നില്ല.[74]

നാം ലോകത്തെ ഇസ്ലാമിലേക്ക് ക്ഷണിക്കുമ്പോൾ നമ്മുടെ ഉദ്ദേശ്യം കേവലം എണ്ണം കൂട്ടുക എന്നതായിരിക്കരുത്. മനസ്സിൽ സൂക്ഷിക്കേണ്ട ഒരു വസ്തുത, ഇസ്ലാം എന്നത് വസ്തവത്തിൽ ലോകത്തിന്ന് നഷ്ടപ്പെട്ട ഒരു സത്യമാണ്.

ഇസ്‌ലാം ഒരു അനുഗ്രഹമാണ്. ഇസ്‌ലാമിന്റെ അഭാവത്തിൽ ലോകം പലവിധ തിന്മകളും അനുഭവിക്കേണ്ടിവരും. നിർ ഭാഗ്യകരമെന്നു പറയട്ടെ, ആളുകൾ തങ്ങളുടെ ക്ഷേമത്തിന്ന് വേണ്ടിയാണ് ഇസ്‌ലാമിലേക്ക് വിളിക്കപ്പെടുന്നത് എന്നറി യാതെ ഈ സത്യത്തെ എതിർക്കാനായി എഴുന്നേറ്റു നിൽക്കു കയാണ്.

## അടുത്ത ബന്ധുക്കളുടെ അവകാശങ്ങൾ

ഒരാളുടെ കുടുംബാംഗങ്ങളുടെ അവകാശങ്ങൾക്കും അനാഥ കളുടെ അവകാശങ്ങൾക്കും പുറമെ ബന്ധുക്കളുടെ അവകാ ശങ്ങളെ സംബന്ധിച്ചും സാഹോദര്യ സംഘത്തിൽ പെട്ടവ രുടെ അവകാശങ്ങളെ സംബന്ധിച്ചും ഖുർആൻ ഊന്നി പറയുന്നുണ്ട്. പലപ്പോഴും അവരുടെ അവകാശങ്ങൾക്ക് നേരെ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതിന് പകരം ആളു കൾ അവരെ അവഗണിക്കാനും അവർക്കെതിരെ കൂടുതൽ അതിക്രമം കാട്ടാനുമുള്ള പ്രവണതയാണ് കാണിക്കാറ്. പഞ്ചാബി ഭാഷയിൽ സാഹോദര്യത്തിന്ന് 'ശാരിക' എന്നാണ് പറയുക. സഹോദര വൃത്തങ്ങളിലെ ക്ഷേമം ഉറപ്പ് വരു ത്തുന്നതിന് പകരം ജനങ്ങൾ ദുരഭിമാനം നടിക്കുകയും അവരെ കൊച്ചാക്കുകയുമാണ് ചെയ്യുക. പടിഞ്ഞാറിന് ഈ പ്രശ്നം കൂടുതലൊന്നും ഗ്രഹിച്ചിട്ടില്ല. ഇത് എന്തുകൊ ണ്ടെന്നാൽ പാശ്ചാത്യർ അകന്ന ബന്ധങ്ങൾ അധികം സൂക്ഷിക്കാറില്ല. ചിലപ്പോൾ അവർ തങ്ങളുടെ സ്വന്തം അയൽപക്കക്കാരെ കുറിച്ചും യാതൊന്നും ശ്രദ്ധിക്കാറില്ല. ചുരുക്കം ചിലരൊഴികെ മറ്റു ബന്ധുക്കളെ അധികം ഗൗനിക്കാറില്ല. വിശുദ്ധ ഖുർആൻ ഇത്തരം ധാർമിക രോഗ ങ്ങളെ അവഗണിച്ചിട്ടില്ല. അകന്ന ബന്ധുക്കളുടെ അവകാ ശങ്ങളുമായി ബന്ധപ്പെട്ട പരിഹാരങ്ങളെ കുറിച്ച് പറയുകയും ചെയ്യുന്നു. ഞാൻ അടുത്ത ബന്ധുക്കളുടെ അവകാശത്തെ പറ്റി ഒരു പ്രത്യേക ഉപശീർഷകം തന്നെ നല്കി വിഷയം പ്രതിപാദിച്ചിട്ടുണ്ട്.

വിശുദ്ധ ഖുർആൻ പറയുന്നു:

فَاٰتِ ذَا الْقُرْبٰى حَقَّهٗ وَالْمِسْكِيْنَ وَابْنَ السَّبِيْلِ ۗ ذٰلِكَ خَيْرٌ لِّلَّذِيْنَ يُرِيْدُوْنَ وَجْهَ اللّٰهِ ۖ وَاُولٰٓئِكَ هُمُ الْمُفْلِحُوْنَ ﴿٣٩﴾

അതുകൊണ്ട് അടുത്ത ബന്ധുക്കൾക്കും അഗതികൾക്കും യാത്ര ക്കാർക്കും അവരുടെ അവകാശങ്ങൾ നല്കുക. അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുന്നവർക്ക് ഉത്തമം അതാണ്. അവർ തന്നെയാണ് വിജയികൾ. (സൂറ അർറൂം 30: 39)

ഇവിടെ അല്ലാഹു മനുഷ്യവംശത്തിന്റെ വിപുലമായ അവ കാശ ശൃംഖലകൾ ശ്രദ്ധിക്കാനാണ് ആജ്ഞാപിച്ചിരിക്കുന്നത്. ഒരാളുടെ വിഭവങ്ങളിൽ വിപുലീകരണം അല്ലാഹു സമൃദ്ധി ആവശ്യപ്പെടുമ്പോൾ അല്ലയോ ഖുർആന്റെ വായനക്കാരാ ബന്ധുക്കൾക്ക് നല്കാനുള്ളത് നല്കുക. യാചിക്കാത്ത പാവ ങ്ങൾക്കും നല്കാനുള്ളത് നല്കുക. അത്പോലെ വഴിയാത്ര ക്കാരനും നല്കുക. അല്ലാഹുവിന്റെ ഇഷ്ടം ആഗ്രഹിക്കുന്ന വരും അവന്റെ നിത്യ കടാക്ഷം ആഗ്രഹിക്കുന്നവരും പാലി ക്കേണ്ട മനോഹരമായ അദ്ധ്യാപനങ്ങളാണിത്. എങ്ങനെ യാണ് അത്തരം ആളുകളോട് അല്ലാഹു പെരുമാറുന്നത് എന്ന് കണ്ട് അത്ഭുതപ്പെടും. അവരോടൊപ്പം അല്ലാഹു സന്തോ ഷവാനാണോ അതല്ല അവരോട് ക്രോധമുള്ളവനാണോ എന്നു അറിയാം. യഥാർത്ഥ മോക്ഷം ആഗ്രഹിക്കുന്നവർ ഈ അദ്ധ്യാപന പ്രകാരം പ്രവർത്തിക്കേണ്ടതാണ്.

വീണ്ടും വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു:

وَاعْبُدُوا اللّٰهَ وَلَا تُشْرِكُوْا بِهٖ شَيْئًا وَّبِالْوَالِدَيْنِ اِحْسَانًا وَّبِذِى الْقُرْبٰى وَالْيَتٰمٰى وَالْمَسٰكِيْنِ وَالْجَارِ ذِى الْقُرْبٰى وَالْجَارِ الْجُنُبِ وَالصَّاحِبِ بِالْجَنْۢبِ وَابْنِ السَّبِيْلِ ۙ وَمَا مَلَكَتْ اَيْمَانُكُمْ ۗ اِنَّ اللّٰهَ لَا يُحِبُّ مَنْ كَانَ مُخْتَالًا فَخُوْرَا ۙ ﴿٣٦﴾

നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. മറ്റൊന്നിനേയും അവന്റെ കൂടെ പങ്ക് ചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക. അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ

അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും (നന്മ ചെയ്യുക) അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല. (സൂറ: അന്നിസാഅ് 4:37)

ഈ മഹത്തായ വചനത്തിൽ നീതിയുടെയും ഔദാര്യത്തിന്റെയും പാഠങ്ങൾ മുമ്പത്തെ വചനത്തെക്കാൾ വിപുലമായ വൃത്തത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അല്ലാഹുവിൽ പങ്കാളികളെ ചേർക്കുന്നത് നിരോധിച്ചത് കൂടാതെ മാതാപിതാക്കളുടെ അവകാശങ്ങൾക്ക് മതിയായ ശ്രദ്ധ കൊടുക്കുകയും വേണം. അടുത്ത ബന്ധുക്കളോടും അനാഥകളോടും യാചിക്കാത്ത പാവങ്ങളോടും ബന്ധുക്കളായ അയൽക്കാരോടും അപരിചിതരായ അയൽക്കാരോടും ഔദാര്യം കാണിക്കണം. അതുപോലെ നിങ്ങളുടെ കീഴിൽ നിങ്ങളുടെ ആജ്ഞക്കനുസരിച്ച് പ്രവർത്തിക്കുന്നവരോടും ഔദാര്യം കാട്ടണം.

## അടുത്ത രക്തബന്ധുക്കളോടുള്ള ഔദാര്യത്തിന്റെ മഹിത പാഠങ്ങൾ

ഹദ്റത്ത് അനസ് ബ്നു മാലിക്ക്(റ) നിന്നും നിവേദനം: തന്റെ ഓഹരി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുന്ന അടുത്ത ബന്ധുക്കളോട് ഔദാര്യത്തോടെ വർത്തിക്കണമെന്ന് പരിശുദ്ധ പ്രവാചകൻ(സ) ഉപദേശിക്കുക്കുകയുണ്ടായി. ഒരാൾ തന്റെ ബന്ധുക്കളുമായുള്ള ബന്ധം നല്ല രീതിയിൽ നിലനിർത്താൻ വേണ്ടിയാണിത് പറഞ്ഞത്.[75]

അബൂഹുറയ്റയിൽ(റ) നിന്നും നിവേദനം: 'ഒരിക്കൽ ഒരു മനുഷ്യൻ പരിശുദ്ധ പ്രവാചക(സ)ന്റെ മുമ്പാകെ പ്രത്യക്ഷപ്പെട്ടു. 'ഓ അല്ലാഹുവിന്റെ ദൂതരേ, ഞാൻ എന്റെ ബന്ധുക്കൾക്ക് അവരുടെ അവകാശങ്ങൾ കൃത്യമായി നല്കിയിട്ടും അവർ ഞാനുമായുള്ള ബന്ധം വിച്ഛേദിച്ചു കളഞ്ഞു. അവരോട് ഞാൻ കാരുണ്യപൂർവ്വം പെരുമാറുമ്പോൾ അവർ എന്നോട് മോശമായി പെരുമാറുന്നു. അവരോട് ഞാൻ സംയമനം പാലിക്കുമ്പോൾ അവർ എന്നോട് അഹങ്കാരം കാണിക്കുന്നു. എന്നെ അവർ കൂടുതൽ ക്ഷോഭിപ്പിക്കുന്നു'.

ഇതിനോട് പരിശുദ്ധ പ്രവാചക(സ)ന്റെ പ്രതികരണം 'അവർ നിന്നോട് നന്മ പ്രകടിപ്പിച്ചില്ലെങ്കിൽ കൂടി നീ അവരോട് ചെയ്യേണ്ട ചുമതലകൾ ചെയ്യാതിരിക്കരുത്. അവർക്ക് നീ എപ്പോഴും അവരുടെ അവകാശം നല്കണം. ഔദാര്യത്തോടെ അവരോട് പെരുമാറണം.' പിന്നീട് അവിടുന്ന് പറഞ്ഞു: 'അവർ എത്രത്തോളം മോശമായി നിങ്ങളോട് പെരുമാറുന്നുവോ നിങ്ങൾ അത്രത്തോളം അവർക്ക് നന്മ ചെയ്യുക. അവർ അക്രമം കാണിക്കുമ്പോൾ നിങ്ങൾ ഔദാര്യം കാണിക്കുക. നിങ്ങൾ അവരുടെ വായ പൊടികൊണ്ട് മൂടുക. അതിനർത്ഥം നിങ്ങൾ അവരെ ലജ്ജിതരാക്കും എന്നാണ്. അത് നിങ്ങൾക്ക് നല്ലതാണ്. നിങ്ങൾ ഈ നിലയിൽ തന്നെ തുടരുക.'

എന്നിട്ട് അവിടുന്ന് പറഞ്ഞു: 'നിങ്ങൾ ഇപ്രകാരം പെരുമാറുകയാണെങ്കിൽ നിങ്ങൾക്ക് ഒരിക്കലും ഒരു അപകടവും അഭിമുഖീകരിക്കേണ്ടി വരില്ല. അവരുടെ അത്യാചാരങ്ങൾക്കും അക്രമങ്ങൾക്കുമെതിരെ അല്ലാഹു നിങ്ങൾക്കുള്ള സഹായം തുടർന്നു കൊണ്ടിരിക്കും.'

## മാതാവിന്റെ ഗർഭ പാത്രം വഴിയുള്ള ബന്ധവും അല്ലാഹുവിന്റെ റഹ്മാൻ എന്ന ഗുണവും

അറബിയിൽ ഗർഭ പാത്രത്തിന് *റിഹം* (رِحَم) എന്നാണ് പറയുക എന്നകാര്യം ശ്രദ്ധേയമാണ്. *റിഹം* എന്ന പദവും അല്ലാഹുവിന്റെ ഗുണനാമമായ *റഹ്മാൻ* (رَحْمَان) എന്ന പദവും ഒരേ ധാതുവിൽ നിന്നും നിഷ്പന്നമായതാണ്. ഒരു ഹദീസ് പ്രകാരം പരിശുദ്ധ പ്രവാചകൻ(സ) പറഞ്ഞു: അല്ലാഹു ആലങ്കാരികമായി ഗർഭപാത്രത്തെ അഭിസംബോധന ചെയ്തു കൊണ്ട് പറയും, 'അല്ലയോ ഗർഭപാത്രമേ (അതായത് റിഹാം) ആരാണോ നീ മുഖേന ബന്ധമുള്ളത് അവനുമായി ഞാനും ബന്ധമുള്ളവനാണ്. നീയുമായുള്ള ബന്ധം ആരാണോ വിച്ഛേദിക്കുന്നത് ഞാനും അവനുമായുള്ള ബന്ധം വിച്ഛേദിക്കുന്നതാണ്.[76]

അങ്ങനെയാണ് നാം പ്രഖ്യാപിക്കുന്നത് പരിശുദ്ധ പ്രവാചകൻ(സ) മറ്റെല്ലാ പ്രവാചകന്മാരേക്കാളും ശ്രേഷ്ഠനാണ്

എന്ന്. ഞങ്ങൾ അങ്ങനെ പ്രഖ്യാപിക്കാൻ കാരണം അവിടുത്തെ അദ്ധ്യാപനം മറ്റു പ്രവാചകന്മാർ(അ) കൊണ്ടുവന്ന അദ്ധ്യാപനങ്ങളേക്കാൾ മികച്ചതായത് കൊണ്ടാണ്. റസൂൽ തിരുമേനി(സ)യുടെ അദ്ധ്യാപനങ്ങൾ മറ്റെല്ലാ അദ്ധ്യാപനങ്ങളേക്കാളും ഏറ്റവും വിശിഷ്ടമായതാണെന്ന് ശക്തിമത്തായ വാദമുഖങ്ങളാൽ തെളിയിക്കപ്പെട്ടതുമാണ്.

References Part IV


57. Al-Badr, December 8, 1903, Vol.2, No.46.
58. Sunan Abu Dawud, Kitab-ul-Adab, Babu fil Ghibah.
59. Musnad Ahmad bin Hambal, Hadith No.22978, Vol.6, p. 570, published by Dar Ihya'it
Turathil 'Arabi, Third Edition 1994.
60. Sahih Muslim, Kitabul Birri was Silah, Babu Raghima Anfu man Adraka Abawaihi…
61. Musnad Ahmad Bin Hambal, Musnad 'Abdullah bin 'Amr, Hadith No.6640, published by
Dar Ihya'it Turathil 'Arabi, Third Edition 1994.
62. Sahih Bukhari, Kitabul 'Ijarati, Babu Man Ista'jara Ajiran.
63. Ad-Durrul Manthur, Fit Tafsiri Bil M'athuri, Vol.5 p.165, published by Darul M'arifati,
Bairut Lebanon.
64. Sunan Ibni Majah, Abwabul Adab, Babu Sal Man Kana Abuka Yasilu.
65. Sahih Bukhari, Kitabul Wasaya, Babun Idha Qala Ardi Au Bustani.
66. Sunan Ibni Majah, Abwabul Adabi, Babu Birril Walidaini.
67. Sahih Bukhari, Kitabul Hibati wa Fadliha Wattahridi 'Alaiha, Babul Ishhadi fil Hibati.
68. Sahih Muslim, Kitabul Birri Was Silati, Babu Fadlil Ihsani Ilal Binati.
69. Sahih Bukhari, Kitabul Jana'iz, Babu Ratha'in Nabiyyi Sallallahu 'Alaihi Wasallam.
70. Sahih Bukhari, Kitabul Fara'idi, Babu Mirathil Binati.
71. Sahih Bukhari, Kitabul Adab, Babu Rahmatil Waladi wa Taqbilihi wa Mu'anaqatihi.
72. Sharhus Sunna Lil Imam al-Baghawi, Kitabul Jana'iz, Babul Buka'i 'Alal Mayyiti Wa
Ma Rakhkhasa Fihi min Irsalid Dam'i.
73. Sahih Bukhari, Kitabul Adab, Babu Rahmatil Waladi wa

Taqbilihi wa Muʻanaqatihi.

74. Sahih Bukhari, Kitabul Adab, Babu Fadli Manyaʻulu Yatiman.

75. Sahih Muslim, Kitabul Birri Was Silati, Babu Silatir Rahimi wa Tahrimi Qatiʻatiha.

76. Sahih Bukhari, Kitabul Adab, Babu Man Wasalahu Wasalahullah.

# ഉപസംഹാരം

ഈ പ്രഭാഷണത്തിൽ നിന്നും നിങ്ങൾ എന്താണോ മന സ്സിലാക്കിയിട്ടുള്ളത് അതെല്ലാം വിശുദ്ധ ഖുർആനിലെ ഒരു കൊച്ചു വാക്യത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.

إِنَّ اللَّهَ يَأْمُرُ بِالْعَدْلِ وَالْإِحْسَانِ وَإِيتَاءِ ذِي الْقُرْبَىٰ

തീർച്ചയായും നീതി പുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യു ന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ (അന്യർക്കും) സഹായം നല്കുന്നതിനും അല്ലാഹു കൽപ്പിക്കുന്നു. (സൂറ: അന്നഹ്ൽ 16: 91)

ഈ പ്രഭാഷണ പരമ്പരക്ക് തലവാചകം നല്കിയത് ഈ വചനമാണ്. ഞാൻ എന്റെ പരമാവധി ഈ കൊച്ചു വാക്യ ത്തിലെ വിപുലമായ അർത്ഥത്തോട് നീതി പുലർത്താൻ ശ്രമിച്ചിട്ടുണ്ട്. എന്നാലും ഞാൻ അതിന്റെ കൂടുതൽ അഗാ ധതകളിലേക്ക് ആഴ്ന്നിറങ്ങാൻ ശ്രമിക്കുന്തോറും എന്റെ പരി മിതികൾ ഞാൻ തിരിച്ചറിയുന്നു. ഈ ഒരു ഉദ്യമത്തിൽ ആവ ശ്യമുള്ള എല്ലാ രേഖകളും ശേഖരിക്കാൻ എന്നെ സഹായിച്ച എല്ലാവരെയും ഇംഗ്ലീഷ് പരിഭാഷക്ക് എന്നെ തുണച്ചവരേയും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഇഹത്തിലും പരത്തിലും അല്ലാഹു അവരോടൊപ്പമുണ്ടാകട്ടെ
-ആമീൻ

# പദസൂചിക

പദസൂചിക

അജീവി 16, 29, 58, 70
അദലക്ക 78, 102
അദ്ൽ 16, 25, 44, 66, 68, 71, 78, 86, 92, 103
അധമർണ്ണൻ 261
അനസ്ബ്നു നദ്റ് 332
അനസ്ബ്നു മാലിക് 415
അനാഥർ 409, 411, 412, 413, 415
അന്തരീക്ഷം 40, 43, 45, 56
അനസ്(റ) 279, 332, 415
അപകേന്ദ്ര ബലം 34
അപചയം 102
അപസ്മാരം 106, 107
അപൂർവ്വ വാതകം 56.
അബൂജൻദൽ 340
അബ്ദുല്ലാ ഇബ്നു മസ്ഊദ് 14
അബ്ബാസ്(റ) 234
അബൂത്താലിബ് 347
അബൂബക്കർ(റ) 215, 223
അബൂഹുറൈറ 415
അബോറിജിനുകൾ 271

അബ്രഹം 132
അഭികേന്ദ്രബലം 34
അഭിലേഖന വ്യവസ്ഥ 295,  299.
അമീബ 21, 81
അമുസ്‌ലിംകൾ 242, 237
അമേരിക്ക 224, 272, 322, 371, 409
അസന്തുലനം 91, 106
അയോണീകരണം 45
അലി[(റ)] 348,352
അറബികൾ 52, 260
അറേബ്യ 48
അഹ്മദ്[(അ)] 202, 203, 204, 207, 208, 212, 360
അഹ്മദിയ്യാ സമൂഹം 202, 207, 237, 241, 267, 292, 379
അസ്ഫല സാഫിലീൻ 20,27,66
അഹ്സനി തഖ്‌വീം 18
അൾട്രാ വയലറ്റ് 43
അർബുദം 84
അൻസെം 154

ആകാശം 31, 38,44, 49, 50, 55
ആദം 126, 129, 305, 370
ആദമിന്റെ സ്വർഗ്ഗം 126
ആയിശ[(റ)] 143, 368, 401, 405
ആവാസ വ്യവസ്ഥ 56
ആർ എൻ എ 77

ഇബ്രാഹിം നബി[(അ)] 132, 136, 147, 309, 407
ഇമ്മാനുവൽ കാന്റ് 154
ഇസ്മായിൽ നബി[(അ)] 148, 407
ഇസ്ഹാഖ് നബി[(അ)] 132, 148
ഇസ്‌ലാമാബാദ് 119,
ഇഹ്സാൻ 11, 66, 68, 71, 79, 93, 96, 206, 212, 221

ഇലക്ട്രോലൈറ്റ് 89
ഇങ്കിസിഷൻ 67
ഇൻസുലിൻ 87, 88, 94, 97
ഇബ്നു അബ്ബാസ് 393
ഈജിപ്ത് 138
ഈതാ ഇദിൽ ഖുർബാ 11, 15, 66, 70,71, 79, 93, 96, 197, 223

ഉച്ചഭാഷിണി 216
ഉടമ്പടി 303, 304, 308, 310, 312, 313, 317, 320, 323, 326, 330, 339, 342, 345
ഉത്തമർണ്ണൻ 261
ഉപാപചയം 77, 95
ഉമർ[റ] 215, 351
ഉമർ ഇബ്നു അബ്ദിൽ അസീസ് 15
ഉമ്മത്തൻ വസ്ത 144
ഉമ്മു ഹാനി[റ] 347, 348
ഉസാമ 191, 192
ഉഹ്ദ് യുദ്ധം 194, 331

ഓക്സിജൻ 45, 46, 56
ഓസോ 44, 56,57
ഔദാര്യം 12, 96, 198

കഅബ 190, 221, 407
കക്ഷി രാഷ്ട്രീയം 362
കടം 26, 259, 363
കണരോഗം 99
കണ്ണ് 91, 101, 103, 129, 138, 161
കമ്മ്യൂണിസം 114, 272, 371
കരാർ 235, 261, 309, 312, 317, 321, 327, 332, 336, 344, 347, 359
കലാസൃഷ്ടി 29
കലിമത്തുത്തൗഹീദ് 191

കാന്തിക മണ്ഡലം 45
കാതറിൽ ചർച്ച് 187
കാപിലറി 91
കായിക വളർച്ച 85
കാർബണേറ്റ് 33
കാർബഡയോക്സൈഡ് 56
കാൽസ്യം 98, 99, 100
കാൽസിട്ടോൺ 101
കിഡ്നി 95
കിതാൽ 185
കുരങ്ങ് 22
കുറ്റം 322, 323, 314
കേവല നീതി 12, 14, 16, 17, 20, 23, 26, 29, 36, 41, 50, 60, 68, 70, 78, 86, 90, 96, 103, 229, 363
കോശം 23, 76, 84, 87, 90, 98, 102, 270
കോശവിഭജനം 102
കോസ്മിക് രശ്മി 45, 46, 47,
ക്രിസ്തു മതം 67, 112, 114, 127, 139, 160
ക്രിസ്തു സഭ 114
ക്വറ 283
ക്ഷോഭ മണ്ഡലം 42

ഖതമുന്നുബ്ബൂവ്വത് 283, 315
ഖവ്വാം 25
ഖദീജ 368
ഖാദിയാൻ 204, 237, 240, 293
ഖൈബർ 247
ഖാദിസിയാ 404

ഗഫ്ഫാർ 38
ഗർഭ ഛിദ്രം 395, 397
ഗർഭ പാത്രം 416

ഗാലക്സി 35
ഗാലിബ് മിർസാ 295
ഗുരുത്വ ബലം 35, 53
ഗുഹ്യരോഗം
ഗൊമേര 136
ഗോളങ്ങൾ 34
ഗ്ലൂക്കോസ് 97
ചൈന 371
ചർച്ചിൽ വിൻസ്റ്റൻ 377

ജനാധിപത്യം 231, 232
ജർമ്മനി 370
ജാബിർ 195
ജിഹാദ് 186, 189
ജിസിയ 348, 349, 351
ജീവൻ 18, 33, 44, 46, 70, 104, 193, 274, 374
ജീവികൾ 18, 30, 60, 93, 94, 110, 118, 151, 298
ജീവി വർഗ്ഗം 27, 31, 77, 82, 152
ജീവി ലോകം 23, 30, 57, 61, 64, 72, 76, 81, 104
ജീനുകൾ 61, 76, 84, 269
ജീർണ്ണനം 85
ജൂലിയസ് സീസർ 106, 107
ജ്ഞാനികൾ 265, 266, 268, 270, 282

ട്രോപ്പോസ്പിയർ 42
ഡി എൻ എ 33, 77

തഅദിൽ 19
തഖ്‌വ 75, 83, 99, 101
തഖ്‌വീം 18, 19, 23, 25, 60, 69
തയമ്മം 221

തഹജ്ജുദ് 214, 216, 228
താൽമൂദ്
താഴ്ന്ന ജീവി 23
തെളിവ് 259, 260, 265, 268, 271, 273, 280, 283, 287, 290, 292, 295, 309, 331
തൗറാത്ത് 282, 283, 287
ത്രിത്വ സിദ്ധാന്തം 111

ദഹനവ്യവസ്ഥ 87, 97
ദാർശനികന്മാർ 59
ദിക്ർ 163
ദ്രവ്യമാനം 34

നഫ്സ് 124
നബാത് 50
നരഭോജിത്വം 64
നാരായണൻ ചക്ബാസ്ത് 32
നാസ്തികത 268
നിയമ ദാതാവ് 59
നിയമ നിർമാണം 59
നാസികൾ 370
നീതി 11, 15, 18, 20, 26, 28, 41, 67, 70, 73, 79, 90, 104, 110, 258, 359, 360, 363, 366, 381, 420
നുഅ്മാനുബ്നു ബശീർ 400
നൂറുദ്ദീൻ(റ) 203
നൂഹ് നബി(അ) 133, 135, 138, 179, 233
നേർച്ച 406
നെയ്ത്തുകാർ 374
നൈട്രജൻ 56
ന്യൂക്ലി 45
ന്യൂക്ലിയസ്സ് 76, 77, 88

പഞ്ചസാര 87, 89, 90, 91, 94, 97
പരഭക്ഷി 57
പരിണാമം 18, 19, 20, 79
പരിസ്ഥിതി 40
പല്ല് 82, 85, 86, 104, 105
പള്ളികൾ 224
പരാഗണം 279
പശു 98
പർവ്വതങ്ങൾ 49, 51, 52, 53, 111, 131, 275
പൗരാവകാശങ്ങൾ 232
പാകിസ്താൻ 119, 283, 316, 374
പാപം 83, 132, 136, 157, 160, 295, 300, 302
പാരാതോർമോ 100
പാരാതോയ്ഡ് ഗ്രന്ഥി 100
പാൻക്രിയാസ് 94
പാൽപ്പല്ല് 85
പുരോഹിതന്മാർ 190
പൊട്ടാസിയം 101
പേർഷ്യ 48
പോംമ്പി 131
പോസിട്രോൺ 45
പ്രതിസന്തുലനം 26
പ്രത്യുൽപാദനം 77
പ്രപഞ്ചം 29, 32, 33, 70, 295
പ്രമേഹം 87, 91, 97
പ്രവാചകത്വം 291
പ്രവാചകന്മാർ 122, 124, 127, 130, 132, 136, 142, 149, 163, 179, 281, 286, 291, 305, 308, 311, 337, 417
പ്രാണിലോകം 103
പ്രാപിടിയൻ 69
പ്രാർത്ഥനകൾ 125, 137, 146, 197, 205, 208, 213, 219, 222, 225, 227, 388

പ്ലാനിട്ടോറിയം 297
പ്രോട്ടോപ്ലാസം 98

ഫിർഔൻ 365
ഫുജ്ജൂർ 83
ഫോസിൽ 298

ബലപ്രയോഗം 179, 181
ബലൂചിസ്ഥാൻ 283
ബന്ധുക്കൾ 11, 66, 67, 359, 362, 381
ബഹായി 304
ബൈബിൾ 133, 127, 286, 306, 308
ബാങ്ക് വിളി 216, 217, 220
ബാർബർ 374
ബിഗ്ബാംങ്ങ് 297
ബ്രിട്ടൻ 374, 375, 386
ബിംബാരാധകർ 113, 331, 337, 340, 341, 343,
ബ്ലഡ്മണി 343, 352

ഭൂകമ്പം 52
ഭൂമി 31, 32, 38, 40, 45, 49, 51, 53, 56, 104, 271
ഭ്രൂണം 74, 75

മതപരിവർത്തനം 175
മതസ്വാതന്ത്ര്യം 171, 176, 177
മദീന 235, 236, 342, 343, 344
മദീനാ കരാർ 342, 345
മധ്യമ മാർഗ്ഗം 143, 144
മനസ്സാക്ഷി സ്വാതന്ത്ര്യം 171, 176, 178
മനുഷ്യ വംശം 34, 163, 164
മത്സ്യം 57
മാതാവ് 11, 361

മാതാപിതാക്കൾ 153, 201, 382, 385, 387
മാംസഭുക്ക് 298
മാലാഖമാർ 107, 123, 266, 267, 273, 278, 295, 306, 327
മാർക്സിസം 273
മുതലാളിത്വം 361
മുൻഷി സഫർ അഹ്മദ് 203
മുഹമ്മദ് നബി(സ) 7, 38, 40, 48, 77, 121, 133, 141, 143, 147, 149, 187, 190, 195, 212, 225, 234, 246, 252, 308, 312, 347, 362, 404
മുഹമ്മദ് ഹയാത്ത് 203
മൂസാ നബി(അ) 132, 133, 138, 148, 180, 281, 285, 287, 309, 365
മൗലവിമാർ 190
മൗലികാവകാശം 232
മെസോൺ 45
മെസെപ്പെട്ടോമിയ 131
മീസാൻ 28, 35, 47, 49, 78
മൗസുൻ 47
മൃഗങ്ങൾ 24, 25, 27, 30, 59, 60, 64, 65, 71, 93, 104, 298
മൃദുകലകൾ 100

യഅ്ഖൂബ് നബി(അ) 132
യതീംഖാന 411
യഹൂദർ 67, 171, 235, 236, 247, 249, 282, 286, 314, 319, 324
യുദ്ധം 111, 184, 191, 235, 322, 331, 375, 377, 396
യൂനുസ് നബി(അ) 136
യൂസുഫ് നബി(അ) 138
യേശു(അ) 114, 134, 138, 158, 160, 224, 286, 308, 321, 323

രാസപ്രക്രിയ 33
രോഗം 105
രുചി മുകുളങ്ങൾ 82

റഷ്യ 371

റിഹം 416
റൂസ്‌വെൽട്ട് 377
റൂഹ് 123, 124
റോം 349
റോമാ സാമ്രജ്യം 48

ലുഖ്മാൻ 297
ലൂത്ത് നബി(അ) 135
ലെനിനിസം 130
ലോകമഹായുദ്ധം 115, 322, 377

വസൻ 47
വസ്ത് 144
വർണ്ണ വിവേചനം 224
വില്യം വാൻ ദേർബിജിൽ 42
വെറ്റിനറി സർജൻ 98
വൈദ്യുതി 276
വംശീയത 370, 371, 372, 373
വൃദ്ധസദനം 385

ശാസ്ത്രം 115, 222, 270, 276, 280, 298
ശിക്ഷ 93, 109, 134, 157, 177, 179, 181, 193, 205 233, 239, 301, 303, 309, 317, 321, 323, 326, 333, 379
ശുഐബ് നബി(അ) 178

ഷേക്സ്പിയർ വില്ല്യം 107

സഅദി ഹാഫിസ് ശിറാസി 218
സഅദ് ബ്നു വഖാസ്(റ) 391, 402
സഅദ് ബ്നു ഉബാദാ(റ) 393, 405
സഅദുബ്നു മുആസ്(റ) 332
സന്തുലനം 25, 28, 30, 35, 40, 44, 47, 53, 56, 57, 82, 90, 92, 104

സന്താനങ്ങൾ 394, 395, 399, 408
സമ്പത്ത് 260, 262
സഫിയ(റ) 368
സ്ട്രാറ്റൊസ്ഫിയർ 43
സ്പാനിഷ് ഇൻക്വിസിഷൻ 67
സമമിതി 28, 36
സമീകരണം 36
സസ്യഭുക്ക് 298.
സസ്യലോകം 49
സഹജാവബോധം 60, 65
സംസാരത്തിലെ നീതി 364, 366, 367
സാക്ഷി 248- 288
സാക്ഷ്യം 287, 289, 293, 295, 312
സാബി മതം 171
സാലിഹ് നബി(അ) 179
സിഗ്മണ്ട് ഫ്രോയ്ഡ് 153
സിഫിലീസ് 299
സിംഹം 64
സുഹൈൽ(റ) 412
സുൽത്താൻ അഹ്മദ് മിർസാ 238
സൊഡോം 136
സെന്റ് പോൾ 112
സോഡിയം 101
സോഷ്യലിസം 130
സ്ഥാനികോർജ്ജം 53
സ്വർഗ്ഗ ഭോഗം 135
സ്വാതന്ത്ര്യം 17, 23, 63

ഹജ്ജ് 372
ഹരിതഗൃഹ പ്രഭാവം 56
ഹാറൂൻ നബി(അ) 365
ഹിന്ദുക്കൾ 293, 324, 374,

ഹിമാനി 54
ഹിംസ് 349
ഹുസൈഫ ബിൻ യമാൻ(റ) 346
ഹുദൈബിയാ 339, 340
ഹൂദ് നബി(അ) 179
ഹെറാക്ലിയോസ് 350